# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 21, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 15

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 മാർച്ച് 21, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

684/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 79

**II അടിയന്തരപ്രമേയം**

അൺ-എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം–
(അവതരണാനുമതി നിഷേധിച്ചു) .. 390

**III ശ്രദ്ധ ക്ഷണിക്കൽ**

1. ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസിന് സൗജന്യ ചികിത്സ—

ശ്രീ. മുരളി പെരുനെല്ലി ... 403

2. കാർഡമം ഹിൽ റിസർവ് ഭൂമി—

ശ്രീ. റോഷി അഗസ്റ്റിൻ ... 407

**IV സബ്മിഷൻ**

1. സത്യന്റെ കുടുംബത്തിന് ധനസഹായം–

ശ്രീമതി പി. അയിഷാ പോറ്റി .. 411

2. റോഡപകടത്തിൽ മരണപ്പെട്ടവർക്ക് ധനസഹായം–

ശ്രീ. ജി. എസ്. ജയലാൽ .. 412

3. കയർ സഹകരണ സംഘം–

ശ്രീ. സി. കെ. നാണു .. 413

4. തലാസ്സിമിയ രോഗബാധിതരുടെ ചികിൽസ–

ശ്രീ. എ. എൻ. ഷംസീർ .. 414

പേജ്

5. മലമ്പുഴ റിംഗ് റോഡ്–

ശ്രീ. വി. എസ്. അച്ചുതാനന്ദൻ .. 415

6. റോഡ് നിർമ്മാണത്തിലെ അപാകത–

ശ്രീ. മഞ്ഞളാംകുഴി അലി .. 417

7. ദേശീയപാത വീതി കൂട്ടൽ–

ശ്രീ. ബി. സത്യൻ .. 418

8. ടെക്സ്റ്റൈൽസ് നവീകരണം–

ശ്രീ. മോൻസ് ജോസഫ് .. 420

9. വന്യമൃഗ ശല്യം–

ശ്രീ. ഐ. സി. ബാലകൃഷ്ണൻ .. 422

10. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തൽ–

ശ്രീ. ഹൈബി ഈഡൻ .. 424

**V അനുശോചനം**

39 ഇന്ത്യക്കാരെ ഐ.എസ്. ഭീകരർ കൊലപ്പെടുത്തിയത് സംബന്ധിച്ച്–

മി. സ്പീക്കർ .. 425

**VI റിപ്പോർട്ട് സമർപ്പണം**

(1) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട് .. 428

(2) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് .. 428

**VII ക്രമപ്രശ്നം**

കിഫ്ബി വഴി സ്വരൂപിക്കുന്ന പണം വകമാറ്റൽ

ശ്രീ. മഞ്ഞളാംകുഴി അലി .. 428

പേജ്

**റൂളിംഗ്**

**VIII ധനകാര്യം**

2018 -19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും 432

ധനാഭ്യർത്ഥന നമ്പർ XX – ശുദ്ധജലവിതരണവും ശുചീകരണവും 434

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി 436

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം 439

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 21, ബുധൻ*

| വാല്യം 171] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 15 |
|---|---|---|

നിയമസഭ 2018 മാർച്ച് മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.......ഓർഡർ........ ചോദ്യം നമ്പർ *421

### ആശുപത്രികളുടെ നിലവാരം

1 (*421) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ 60 ശതമാനത്തിലധികവും കയ്യാളുന്ന സ്വകാര്യമേഖലയിലെ ആശുപത്രികളിൽനിന്ന് തികച്ചും വ്യത്യസ്തവും നിലവാരമില്ലാത്തതുമായ ചികിത്സകളാണ് സാധാരണക്കാർക്ക് ലഭ്യമാകുന്നതെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രികളുടെ നിലവാരമനുസരിച്ച് പൊതുമാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി സർക്കാർതലത്തിൽ പഠനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ആശുപത്രികളിലെ സേവനങ്ങൾക്കനുസരിച്ച് അവയെ തരംതിരിക്കുന്നതിനും കിടത്തിചികിത്സ ലഭ്യമാക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) ഇത് സംബന്ധിച്ച് ചില മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സർക്കാർ/സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ എന്നിവയെ നിയന്ത്രിക്കുകയും അവയെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി തുടങ്ങിയ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആശുപത്രികളെയും ലബോറട്ടറികളെയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന് നിയമസഭ അംഗീകാരം നൽകിയിട്ടുണ്ട്. ബിൽ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് വിഭാവന ചെയ്തിട്ടുള്ളതുപോലെ ആശുപത്രികളെ കാറ്റഗറൈസ് ചെയ്യാനും ഓരോ കാറ്റഗറികളെയും മിനിമം സ്റ്റാന്റേർഡ് ശിപാർശ ചെയ്യാനുമായി പ്രൊഫ. കൃഷ്ണദാസിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ആശുപത്രികളും കൈവരിക്കേണ്ട മിനിമം ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്. (കോപ്പി അനുബന്ധമായി* വച്ചിരിക്കുന്നു) കിടത്തി ചികിത്സ അടക്കമുള്ള ആശുപത്രികളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ സ്റ്റേറ്റ് കൗൺസിൽ, നടപ്പിലാക്കാൻ ഡിസ്ട്രിക്ട് റെഗുലേറ്ററി അതോറിറ്റി, മാനദണ്ഡങ്ങൾ പരിശോധിക്കാൻ എംപാനൽ ചെയ്തിട്ടുള്ള അസസ്സർമാർ എന്നിവർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി നിലവിൽവരുന്നതാണ്. ആശുപത്രികളുടെ ചികിത്സയെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനായി ഒരു ഗ്രീവൻസ് റിഡ്രസൽ മെക്കാനിസം സ്ഥാപിക്കുന്നതാണ്. തെറ്റായി ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നതുമൂലം വർദ്ധിച്ചുവരുന്ന എ.എം.ആർ. (Antimicrobial Resistance) കുറയ്ക്കുന്നതിനായി സ്വകാര്യ ആശുപത്രികൾക്ക് ആന്റിബയോട്ടിക് സ്റ്റേവാർഡ്ഷിപ് പ്രോഗ്രാം ആവിഷ്കരിച്ചു വരുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്കുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സാ സംവിധാനം ഉറപ്പുവരുത്താൻ നമുക്ക് സാധ്യമാകാത്തതുകൊണ്ട് സാധാരണക്കാർ ഉൾപ്പെടെ സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. എന്നാൽ പല സ്വകാര്യ ആശുപത്രികളിലും സാധാരണക്കാർ ചികിത്സയ്ക്ക് പോയാൽ അവിടത്തെ ബിൽ അടയ്ക്കാൻ കഴിയാതെ വലിയ പ്രയാസം അനുഭവിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ ഓരോ ആശുപത്രിക്കും ഡയമണ്ട്, പ്ലാറ്റിനം, സിൽവർ തുടങ്ങി വ്യത്യസ്തമായ ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഒരു ഗ്രേഡിംഗ് സംവിധാനം സംസ്ഥാനത്തും ഏർപ്പെടുത്തിയാൽ ആ ഗ്രേഡ് അനുസരിച്ച് ഓരോ ചികിത്സയ്ക്കും നിശ്ചിത ഫീസ് തീരുമാനിക്കുകയും ആ ഫീസിൽ കൂടുതൽ ആശുപത്രികൾ ഈടാക്കുന്നുവെങ്കിൽ അവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്ന രീതി ഇവിടെയും വേണം. ഇപ്പോൾ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ വന്നെങ്കിൽപ്പോലും ഇതിനെക്കുറിച്ചൊരു വ്യക്തത ഇതുവരെയും കൈവരിക്കാൻ നമുക്ക് സാധ്യമായിട്ടില്ല. ഇത്തരം അമിതഫീസ് ഈടാക്കുന്ന ആശുപത്രികളെ നിയന്ത്രിക്കാനും ഫീസ് ഏകീകരിക്കാനും സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സായിക്കഴിഞ്ഞതേയുള്ളൂ. അതിന്റെ ആക്ട് രണ്ടോ മൂന്നോ മാസത്തിനുള്ളിൽ നിലവിൽ വരും. അത് വന്നാലുടൻ ബിൽ പ്രാബല്യത്തിൽ വരും. പ്രസ്തുത ആക്ടിൽ ആശുപത്രികൾ അതിന്റെ ചികിത്സാ നിരക്ക് പ്രസിദ്ധപ്പെടുത്തണമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അങ്ങനെ പ്രസിദ്ധപ്പെടുത്താൻ തുടങ്ങുമ്പോൾത്തന്നെ അവർക്ക് അമിതമായ ഫീസ് ഈടാക്കാൻ കഴിയാത്ത അവസ്ഥ വരും. ഗവൺമെന്റ് ആശുപത്രികളായാലും സ്വകാര്യ ആശുപത്രികളായാലും സൗകര്യങ്ങളും അക്കാദമിക് നിലവാരവും ടെക്നിക്കലായി അവർക്കുള്ള സൗകര്യങ്ങളുമെല്ലാം അടിസ്ഥാനമാക്കിയായിരിക്കും കാര്യങ്ങൾ പരിഗണിക്കുക. ഈ ആക്ട് പ്രാബല്യത്തിൽ വരുമ്പോൾ സ്വകാര്യ ആശുപത്രികൾ അവിടത്തെ ചികിത്സാ സൗകര്യങ്ങൾ, പാക്കേജ് ഇതൊക്കെ അടിസ്ഥാനമാക്കിയുള്ള ഫീസ് നിശ്ചയിക്കേണ്ടതായി വരും എന്നതാണ് വസ്തുത.

ശ്രീ. പി. ഉബൈദുള്ള: സർ, രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാകണമെങ്കിൽ ആശുപത്രികളിലെ ജീവനക്കാർ സംതൃപ്തരാകണം. ഡോക്ടർമാർക്ക് മോശമില്ലാത്ത ശമ്പളം എല്ലാ സ്വകാര്യ ആശുപത്രികളും നൽകുന്നുണ്ട്. എന്നാൽ ഡോക്ടർമാരെ പോലെതന്നെ രോഗികൾക്ക് വലിയ സേവനം ചെയ്യുന്നത് നഴ്സുമാരാണ്. നഴ്സുമാരുടെ പരിചരണമാണ് കൂടുതൽ സമയവും രോഗികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. നഴ്സുമാർ അസംതൃപ്തരായാൽ അത് ചികിത്സയെത്തന്നെ ബാധിക്കുന്ന സ്ഥിതി ഉണ്ടാകും. പലപ്പോഴും സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ അവരുടെ വേതനത്തിന്റെ കുറവു കൊണ്ടാണ് സമരരംഗത്ത് ഇറങ്ങേണ്ടി വരുന്നത്. നഴ്സുമാരുടേത് ഉൾപ്പെടെ സ്വകാര്യ ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും ഒരു ഏകീകൃത സേവന-വേതന വ്യവസ്ഥ നടപ്പാക്കുകയും അവർ ചെയ്യുന്ന ജോലിക്ക് മാന്യമായ ശമ്പളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമേ അവരുടെ നല്ല പരിചരണം രോഗികൾക്ക് ലഭ്യമാകുകയുള്ളൂ. അക്കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഗവൺമെന്റ് ഇക്കാര്യത്തിൽ ഇപ്പോൾ ശ്രദ്ധിച്ചിട്ടുണ്ട്. ഈ പ്രശ്നമുണ്ടായപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് തൊഴിൽ വകുപ്പുമന്ത്രി ഉൾപ്പെടെ എല്ലാവരും ഇടപെട്ടുകൊണ്ട് സ്വകാര്യമേഖലയിലെ നഴ്സുമാരുടെയും ജീവനക്കാരുടേയും സേവന-വേതന വ്യവസ്ഥയെക്കുറിച്ച് പരിശോധിച്ച് തൊഴിൽ വകുപ്പുമായി ആലോചിച്ച് അനുകൂല തീരുമാനമെടുത്തിട്ടുണ്ട്. അത് ഇപ്പോൾ അന്തിമഘട്ടത്തിലാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കേരളത്തിലെ പൊതുജനാരോഗ്യരംഗത്ത് വിസ്മയകരമായ മാറ്റങ്ങളാണ് ഈ ഗവൺമെന്റ് വരുത്തിയിട്ടുള്ളത്. അതിന് ഗവൺമെന്റിനെയും മന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. നെടുമങ്ങാട് പ്രവർത്തിക്കുന്ന താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ട് നാലഞ്ച് വർഷങ്ങളായി. ബഹുമാനപ്പെട്ട മന്ത്രിയെ ഉദ്ഘാടനം ചെയ്യാൻ ക്ഷണിച്ചിരുന്നെങ്കിലും വന്നില്ല. മലയോര പ്രദേശങ്ങളിലെ പതിനായിരക്കണക്കിന് പാവപ്പെട്ട രോഗികളാണ് ചികിത്സയ്ക്ക് വരുന്നത്. ഒരു ദിവസം ഒ.പി.-യിൽ രണ്ടായിരത്തിൽപ്പരം ആളുകൾ വരും. ഇപ്പോൾ ഒ.പി.-യിൽ ഒരു ഡോക്ടറാണുള്ളത്. ആധുനിക കെട്ടിടങ്ങളും സൗകര്യങ്ങളുമെല്ലാം ഒരുക്കിയിട്ടുണ്ടെങ്കിലും ലാബ് സൗകര്യങ്ങൾ അവിടെ പരിമിതമാണ്, ബ്ലഡ് ബാങ്കില്ല, ആവശ്യത്തിന് ഡോക്ടർമാരും പാരാ മെഡിക്കൽ സ്റ്റാഫുമില്ല. അതുകൊണ്ട് പാവപ്പെട്ടവരുടെ ആശ്രയകേന്ദ്രമായ നെടുമങ്ങാട് ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ പ്രത്യേക പരിഗണന നൽകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കൂടുതൽ ഔട്ട് പേഷ്യന്റ്സ് ഉള്ള, തിരക്കുള്ള ആശുപത്രിയാണ് നെടുമങ്ങാട് ആശുപത്രി. കേരളത്തിലെ മിക്കവാറും ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫ് പാറ്റേണില്ല എന്നുള്ളത് നിരവധി തവണ ഈ സഭാതലത്തിൽ പറഞ്ഞതാണ്. അത് പരിഹരിക്കുന്നതിന് 4217 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. അത് നമ്മുടെ ആവശ്യകതയുടെ അടുത്തെങ്ങും എത്തിയിട്ടില്ലെന്നറിയാം. അപ്ഗ്രേഡ് ചെയ്ത എല്ലാ ആശുപത്രികളും ജില്ലാ നിലവാരത്തിലേക്ക് മാറുക എന്നുള്ളത് വളരെ പെട്ടെന്ന് സാധ്യമാകുന്ന കാര്യമല്ല. പക്ഷെ പേഷ്യന്റ്സിന്റെ ആവശ്യകതയും തിരക്കും അനുസരിച്ച് അവിടെ ലാബ് സൗകര്യം ശക്തമാക്കുന്നതിനും ബ്ലഡ് ബാങ്കിന്റെ സാധ്യത വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതെല്ലാം വരുന്ന ഘട്ടത്തിൽ സ്വാഭാവികമായും നെടുമങ്ങാട് ആശുപത്രിയെക്കൂടി ജില്ലാ നിലവാരത്തിലേക്ക് ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. മാത്രമല്ല, പോസ്റ്റ് ക്രിയേഷന് ഫയൽ അയയ്ക്കാവുന്നതാണ്. ധനകാര്യ വകുപ്പിന്റെ സാധ്യതവച്ച് പരമാവധി പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് തരുന്നുണ്ട്. അതിൽ ഒതുങ്ങി നിന്നുകൊണ്ട് നമുക്ക് അവിടെയും മെച്ചപ്പെടുത്താവുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ നമ്മൾ കുറെയേറെ മെച്ചപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. ഇതിൽ പലപ്പോഴുമുള്ള പ്രശ്നം, പല വിഭാഗങ്ങൾ തമ്മിലുള്ള അശാസ്ത്രീയമായ ദൂരമാണ്. ഉദാഹരണമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരാൾ കാഷ്വാലിറ്റിയിൽ വരികയാണെങ്കിൽ അവിടെനിന്ന് സി.റ്റി. സ്കാനിന് വടക്കേയറ്റത്തേയ്ക്ക് പോകണം, എം.സി.ആർ. ലാബും എ.സി.ആർ. ലാബും തേടുമ്പോൾത്തന്നെ പലപ്പോഴും പേഷ്യന്റ്സ് മരിക്കുന്ന അവസ്ഥയിലാണ് എത്തുന്നത്. സർക്കാർ ആശുപത്രികളിൽ കൂടുതൽ ശാസ്ത്രീയമായി അവിടത്തെ ടൈം ഫ്ലോയും വർക്ക് ഫ്ലോയും പഠിച്ച് ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള ദൂരം കുറച്ച് മാനേജ്മെന്റ് തലത്തിൽ മുന്നോട്ടുകൊണ്ടുപോയി കൂടുതൽ രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകാൻ കഴിയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നമ്മുടെ ആശുപത്രികൾക്ക് പലപ്പോഴും കുറച്ച് കാശ് കിട്ടുമ്പോൾ ഒരു കെട്ടിടം നിർമ്മിക്കുന്നു, പിന്നെ അതിന്റെ അപ്പുറത്ത് മറ്റൊരു കെട്ടിടമെടുക്കുന്നു എന്ന രീതിയിലാണ് ചെയ്യുന്നത്. ഒരു മാസ്റ്റർപ്ലാൻ അനുസരിച്ചോ ആശുപത്രിയുടെ സാധ്യതയും ആവശ്യകതയും മനസ്സിൽ കണ്ടുകൊണ്ടുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടോ ഉള്ള നിർമ്മാണപ്രവർത്തനങ്ങളല്ല പലയിടത്തുമുള്ളത്. മെഡിക്കൽ കോളേജ് മുതൽ താഴെയുള്ള ആശുപത്രികൾ വരെ അങ്ങനെയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എല്ലാ ആശുപത്രികൾക്കും അതിന്റേതായിട്ടുള്ള ഒരു മാസ്റ്റർപ്ലാൻ ഉണ്ടാകണമെന്ന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പഴയ കെട്ടിടങ്ങളെല്ലാം പൂർണ്ണമായും മാറ്റി പുതിയവ കൺസ്ട്രക്ട് ചെയ്യാൻ നമുക്ക് സാധിക്കുകയില്ല. കാരണം, അത്രയും പണം നമുക്കില്ല എന്നുള്ളതാണ്. നിലവിലുള്ള സാധ്യതകൾ നിലനിർത്തിക്കൊണ്ടും അത്യാവശ്യം മാറ്റേണ്ടത് മാറ്റി മേൽപ്പറഞ്ഞ എല്ലാ സൗകര്യങ്ങളും ഒരുമിച്ച് ലഭ്യമാക്കാൻ സാധിക്കുന്ന മാസ്റ്റർപ്ലാൻ പ്രിപ്പയർ ചെയ്യാൻ പറഞ്ഞിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിന് 400 കോടി രൂപയുടെ ഒരു മാസ്റ്റർപ്ലാൻ ഇപ്പോൾ തയ്യാറായിട്ടുണ്ട്. കിഫ്ബി ലോണടക്കം കിട്ടുമെന്നുള്ള പ്രതീക്ഷയിലാണ് നിൽക്കുന്നത്. അപ്പോൾ ഈ പറയുന്ന കാര്യങ്ങളെല്ലാം മാറ്റിയശേഷം രോഗികൾക്ക് സൗകര്യപ്രദമായ രീതിയിൽ നന്നായി കൺസ്ട്രക്ട് ചെയ്യാൻ സാധിക്കും. എല്ലാ മെഡിക്കൽ കോളേജുകളും ഇപ്പോൾ മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മിക്കവാറും അത് പൂർത്തിയായിട്ടുണ്ട്. വർഷങ്ങളായി വന്നുചേർന്നിട്ടുള്ള ഈ അസൗകര്യങ്ങൾ ഒന്നോ രണ്ടോ വർഷംകൊണ്ട് പൂർണ്ണമായും പരിഹരിക്കാൻ കഴിയുകയില്ല. എങ്കിലും പരമാവധി അതെല്ലാം പരിഹരിച്ച് ഇമേജിംഗ് സെന്ററെല്ലാം ഒരു മേഖലയിൽ വരാനും കാഷ്വാലിറ്റിയുടെ അടുത്തായി ഓപ്പറേഷൻ തിയേറ്ററും ട്രോമാകെയർ സൗകര്യങ്ങളും ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. അതൊക്കെ ഇപ്പോൾ മാറ്റിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> സർ, എൻ.എച്ച്.-എം.സി. റോഡുകൾ സന്ധിക്കുന്ന സ്ഥലത്താണ് കൊട്ടാരക്കര താലൂക്ക് ആശുപത്രി സ്ഥിതിചെയ്യുന്നത്. അവിടെ ട്രോമാകെയർ യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. അതിന്റെ മൾട്ടിസ്റ്റോറീഡ് കെട്ടിടത്തിന്റെ പണി ഭംഗിയായി പൂർത്തീകരിക്കുകയും അതിനാവശ്യമുള്ള എക്വിപ്മെന്റ്സ് അനുവദിച്ച് രണ്ട് ഘട്ടത്തിലായി എത്തിച്ചേരുകയും ചെയ്തു. ഇത് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാർ, ഡോക്ടർമാർ ഉൾപ്പെടുന്ന സ്റ്റാഫ് പാറ്റേൺ അനുവദിച്ചുതരാനുള്ള നടപടി സ്വീകരിക്കുമോ?

<u>മി. സ്പീക്കർ:</u> ഉപചോദ്യം ചോദിക്കുമ്പോൾ പൊതുവായ കാര്യങ്ങൾ ചോദിക്കുന്നതായിരിക്കും നല്ലത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, എല്ലാവരും സ്റ്റാഫ് പാറ്റേണിന്റെ കാര്യം തന്നെയാണ് പറയുന്നത്. ടോട്ടൽ ട്രോമാകെയർ സിസ്റ്റം കൊണ്ടുവരുന്നതിനുള്ള പ്രോജക്ട് ആയിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് കൊട്ടാരക്കര ആശുപത്രിയെയും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ട്രോമാകെയർ വരുമ്പോൾ അധികമായിവരുന്ന സ്റ്റാഫ് പാറ്റേൺ ധനകാര്യ വകുപ്പിലേയ്ക്ക് മൂവ് ചെയ്തിട്ടുണ്ട്. അത് അംഗീകരിച്ച് കിട്ടുന്നപക്ഷം ഉറപ്പായും കൊട്ടാരക്കര ആശുപത്രിക്കും കൂടുതലായി സ്റ്റാഫിനെ അനുവദിക്കുന്നതാണ്.

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, കോന്നി നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഒരു താലൂക്കാശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാർക്ക് അപ്പോയിന്റ്മെന്റ് കൊടുത്തതിനുശേഷം ഡി.എം.ഒ. വർക്കിംഗ് അറേഞ്ച്മെന്റിൽ അവരെ മാറ്റുകയാണ്. അവിടെയുള്ള സ്ത്രീകൾ ആരും പ്രസവിക്കേണ്ടെന്നാണ് പറയുന്നത്. ഞാൻ പലപ്രാവശ്യം ഡി.ഡി.സി. യോഗത്തിലും മറ്റും ഇക്കാര്യം ആവശ്യപ്പെട്ടെങ്കിലും ഒരു നടപടിയും ഉണ്ടായില്ല. നിയോഗിച്ച ഡോക്ടർമാരെ അവിടെത്തന്നെ നിലനിർത്തി-യില്ലെങ്കിൽ ഈ ആശുപത്രി എന്തിനാണ് പ്രവർത്തിക്കുന്നത്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിൽ ഡബ്ല്യു. ആന്റ് സി. ഹോസ്പിറ്റൽ ആരംഭിക്കുന്നതിനുവേണ്ടി 3 കോടി 11 ലക്ഷംരൂപ ചെലവഴിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തതാണ്. എന്നാൽ പഞ്ചായത്തിൽനിന്ന് എതിർപ്പുള്ളതുകൊണ്ട് ഇതുവരെയും പണി തുടങ്ങാൻ കഴിഞ്ഞില്ല. ഡി.എം.ഒ. മറ്റൊരു സ്ഥലം സജസ്റ്റ് ചെയ്തതനുസരിച്ച് ഡി.എച്ച്.എസ്.-ന് ഫയൽ അയച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ ഡി.എച്ച്.എസ്. ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് കൊടുത്തിട്ടുണ്ട്. അങ്ങയുടെ മുമ്പിൽ വരുമ്പോൾ ആ ഫയൽ ക്ലിയർ ചെയ്തു നൽകുമോ; കൂടാതെ അങ്ങയുടെ കാലഘട്ടത്തിൽത്തന്നെ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വർക്കിംഗ് അറേഞ്ച്മെന്റ് വളരെ വ്യാപകമായി ശരിയല്ലാത്ത രീതിയിൽ പലപ്പോഴും നടന്നിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അപൂർവ്വമായി, ഡിസേർവിംഗ് കേസ്സിൽ മാത്രമേ വർക്കിംഗ് അറേഞ്ച്മെന്റ് കൊടുത്തിട്ടുള്ളൂ. വർക്കിംഗ് അറേഞ്ച്മെന്റിനെ അധികം പ്രോത്സാഹിപ്പിക്കരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നിർദ്ദേശിച്ചിട്ടുണ്ട്. ആരുടെയെങ്കിലും താല്പര്യമനുസരിച്ച് നേരത്തെ വർക്കിംഗ് അറേഞ്ച്മെന്റ് കൊടുക്കുമായിരുന്നു. ഇപ്പോൾ ആ സിസ്റ്റം ഇല്ലാതാക്കിയിട്ടുണ്ട്. പർട്ടിക്കുലർ കേസ് ഏതാണെന്നുവച്ചാൽ അത് പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ഉന്നയിച്ച ഡബ്ല്യു. ആൻഡ് സി.-യുടെ കാര്യത്തിൽ ചില തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രാദേശികമായി തടസ്സങ്ങൾ പരിഹരിച്ചാൽ മാത്രമേ പ്രൊസീഡ് ചെയ്യാൻ കഴിയുകയുള്ളൂ. ഞാൻ ഇക്കാര്യത്തിൽ ഇടപെടാം.

ശ്രീ. എം. സ്വരാജ്: സർ, പ്രത്യേക പ്രാധാന്യമുള്ള, മണ്ഡലത്തിലെ സ്പെസിഫിക്കായ ഒരു വിഷയത്തെക്കുറിച്ചാണ് ചോദിക്കുന്നത്. ഇവിടെ രണ്ട് അംഗങ്ങൾ, അവരുടെ നാട്ടിലെ താലൂക്കാശുപത്രികളിലെ ട്രോമാകെയറിലെയും ഗൈനക്കോളജി വിഭാഗത്തിലെയും കുറവുകളെക്കുറിച്ച് പറഞ്ഞു. തൃപ്പൂണിത്തുറ മണ്ഡലത്തിലെ ദരിദ്രരായ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലയാണ് പള്ളുരുത്തി. അവിടെയുള്ള താലൂക്ക് ആശുപത്രി എല്ലാ ദിവസവും രാത്രി 8 മണിയാകുമ്പോൾ പൂട്ടിപ്പോകുകയാണ് ചെയ്യുന്നത്. കേരളത്തിൽ എവിടെയെങ്കിലും രാത്രി 8 മണിക്ക് പൂട്ടുന്ന താലൂക്ക് ആശുപത്രിയുണ്ടോ എന്നറിയില്ല. ഡോക്ടർമാരില്ല എന്നതാണ് അവിടത്തെ പ്രശ്നം. ദരിദ്രരായ മത്സ്യത്തൊഴിലാളികളുടെ മേഖല ആയതുകൊണ്ട് ഇതൊരു പൊതുപ്രശ്നമായിട്ടല്ല, പ്രത്യേക പ്രശ്നമായി കണ്ട് ഈ താലൂക്ക് ആശുപത്രി പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് കുറെയധികം ആശുപത്രികളുടെ ബോർഡ് മാറ്റി താലൂക്ക് ആശുപത്രിയെന്നും സി.എച്ച്.സി. എന്നുമൊക്കെ പറഞ്ഞ് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. മുൻകാലങ്ങളിൽ താലൂക്ക് ആശുപത്രി എന്നുപറഞ്ഞ് ഉദ്ഘാടനം ചെയ്ത ഇടങ്ങളിൽ സി.എച്ച്.സി.-യുടെ പോലും സ്റ്റാഫ് പാറ്റേണില്ല എന്നതാണ് ഉദ്ദേശിച്ചത്. ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാർ ഇക്കാര്യത്തിൽ നിവേദനം തന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത താലൂക്ക് ആശുപത്രിയിൽ 6 ഡോക്ടർമാരാണുള്ളത്. മാത്രമല്ല, താലൂക്ക് ആശുപത്രി ആക്കണമെങ്കിൽ അതിന്റെ മൂന്നിരട്ടി പോസ്റ്റ് ക്രിയേഷൻ നടത്തണം. അപ്പോൾ എത്രയോ വർഷത്തെ പോസ്റ്റ് ക്രിയേഷന്റെ ബാധ്യത മുഴുവനും ഒരുമിച്ച് വളരെ പെട്ടെന്ന് ചെയ്തുതീർക്കണമെന്ന് പറയുന്നത് അസാധ്യമാണ്. എങ്കിലും അതിന് പരിശ്രമിക്കുന്നതാണ്. രണ്ടാമതായി, ഗവൺമെന്റ് ഒരു സ്റ്റാൻഡേർഡൈസേഷൻ ഉണ്ടാക്കിയിട്ടുണ്ട്. അതായത്, ഒരു പഞ്ചായത്തിൽ ഒരു പി.എച്ച്.സി., ഒരു

വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി., റവന്യൂ താലൂക്കിൽ ഒരു താലൂക്ക് ഹോസ്പിറ്റൽ എന്ന രീതിയിൽ അതിന്റെ എല്ലാ അർത്ഥത്തിലും ഫലപ്രദമായി കൊണ്ടുവരുന്നതിന് ശ്രമിക്കുകയാണ്. ജനറൽ ഹോസ്പിറ്റലിൽ ഈ രീതിയിലാണ് പോസ്റ്റ് ക്രിയേഷൻ വരുന്നത്. അതിനപ്പുറത്തുള്ള പോസ്റ്റ് ക്രിയേഷൻ സങ്കൽപ്പിക്കാൻ പോലും കഴിയാത്തവിധത്തിൽ വളരെ വലുതാണ്. കാരണം, നിരന്തരമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരുന്നതുകൊണ്ട് ഉണ്ടായ പ്രയാസമാണിത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പള്ളുരുത്തിയിൽ ആ പ്രദേശത്തിന്റെ പ്രത്യേകതയെല്ലാം കണക്കിലെടുത്തുകൊണ്ട് മാറ്റംവരുത്താൻ ഗവൺമെന്റ് ശ്രമിക്കുകതന്നെ ചെയ്യും.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഇന്നത്തെ മലയാള മനോരമ പത്രത്തിൽ തൃശ്ശൂർ ജില്ലാ ആശുപത്രിയിൽനിന്ന് അമല മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയ ഒരു രോഗി വഴിയിൽവച്ച് ഓക്സിജൻ തീർന്നതിനെത്തുടർന്ന് മരണപ്പെട്ടു എന്നൊരു വാർത്ത വന്നിട്ടുണ്ട്. ഓട്ടോറിക്ഷാ ഡ്രൈവറാണ് മരണപ്പെട്ടത്. അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിനെക്കുറിച്ച് വിശദമാക്കാമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, ഇന്ന് രാവിലെ പത്രവാർത്തയായിട്ടാണ് വന്നിട്ടുള്ളത്. അതിനെക്കുറിച്ച് വിശദമായി അന്വേഷിച്ചതിനുശേഷം പറയാം.

<u>ശ്രീ. ജി. എസ്. ജയലാൽ:</u> സർ, ഭരണ-പ്രതിപക്ഷത്തുള്ള എം.എൽ.എ.-മാർ താലൂക്ക് ആശുപത്രികളുടെ സ്റ്റാഫ് സ്ട്രെങ്ത്തിനെ സംബന്ധിച്ച് പറഞ്ഞു. ഞാനും നിരവധി വർഷങ്ങളായി നിവേദനം കൊടുക്കുന്ന ഒരു വിഷയമാണിത്. അപ്ഗ്രേഡ് ചെയ്ത താലൂക്ക് ആശുപത്രികളുടെ സ്റ്റാഫ് സ്ട്രെങ്ത് ഉറപ്പാക്കുന്നകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഗൗരവമായി പരിഗണിച്ചുകൊണ്ട് നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, സ്റ്റാൻഡേർഡൈസേഷൻ നടപ്പാക്കുക എന്നുപറഞ്ഞാൽ രോഗികൾക്കാവശ്യമായിട്ടുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനനുസരിച്ച് നമ്മുടെ ആശുപത്രികളുടെ സൗകര്യം മെച്ചപ്പെടുത്തലാണ്. പഞ്ചായത്തിൽ ഒരു പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമായി മാറുമ്പോൾ ആ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഇൻഡിവിഡ്വലായിട്ടുള്ള അറ്റൻഷൻ കിട്ടുകയാണ്. അതുപോലെ വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി. ഉണ്ടായാൽ, അത്യാവശ്യം ചെറിയ അസുഖമുണ്ടായാൽ കിടത്തി ചികിത്സയുൾപ്പെടെ നൽകാനും ഫാമിലി വെൽഫെയർ കാര്യങ്ങളൊക്കെ ശ്രദ്ധിക്കാനും കഴിയും. റവന്യൂ താലൂക്കിൽ ഒരു താലൂക്ക് ഹോസ്പിറ്റൽ അതിന്റെ മുഴുവൻ രീതിയിലും വികസിപ്പിക്കപ്പെട്ടു കഴിഞ്ഞാൽ വരേണ്ട പേഷ്യന്റ്സ് മാത്രമേ അവിടെ വരികയുള്ളൂ. ഇന്നലെ ഞാൻ ഒരു പി.എച്ച്.സി.-യുടെ കെട്ടിട ഉദ്ഘാടനത്തിന് പോയപ്പോൾ അതിനെ സി.എച്ച്.സി. ആയി പ്രഖ്യാപിച്ച ശേഷം മാത്രമേ പോകാവൂയെന്ന് പറഞ്ഞു. ജനം വിചാരിച്ചിരിക്കുന്നത് ആശുപത്രി

മെച്ചപ്പെടുത്താൻ പറഞ്ഞാൽ അതിനെ സി.എച്ച്.സി. ആക്കുക അല്ലെങ്കിൽ താലൂക്ക് ആശുപത്രിയായി പ്രഖ്യാപിക്കുക എന്നുള്ളതാണ്. അതല്ലായെന്ന് ബഹുമാനപ്പെട്ട അംഗങ്ങളും മനസ്സിലാക്കണം. ഒരു താലൂക്ക് ഹോസ്പിറ്റൽ അതിന്റെ മുഴുവൻ അർത്ഥത്തിൽ എല്ലാ സ്പെഷ്യാലിറ്റിയോടുംകൂടി വികസിച്ചാൽ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. പിന്നെ അപ്ഗ്രേഡ് ചെയ്തതിനെ തരംതാഴ്ത്താൻ എന്തായാലും ഉദ്ദേശിക്കുന്നില്ല. ഒരു താലൂക്ക് ആശുപത്രി മെച്ചപ്പെട്ട രീതിയിൽ വന്നു കഴിഞ്ഞാൽ അതിനെ തരംതാഴ്ത്താതെതന്നെ അത്യാവശ്യമുള്ള സ്പെഷ്യാലിറ്റി ഡോക്ടർമാരെ കൊടുത്ത് നിലനിർത്താൻ കഴിയും. അതുകൊണ്ട് ജനങ്ങൾ തൃപ്തരാകും എന്നുള്ളതാണ് വസ്തുത.

<u>ശ്രീ. എം. ഉമ്മർ:</u> സർ, സ്വകാര്യ ആശുപത്രികളെ ഗ്രേഡ് തിരിക്കുന്നതിനോടൊപ്പംതന്നെ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള 5 വർഷവും 50 വർഷവുമൊക്കെ പഴക്കമുള്ള വിവിധ മെഡിക്കൽ കോളേജുകളെ ഗവൺമെന്റുതലത്തിൽ ഗ്രേഡ് തിരിക്കുമ്പോൾ ഏതുതലം വരെയാണ് തിരിക്കുന്നത്? അതുപോലെ താലൂക്ക് തലംവരെയും ഗ്രേഡ് തിരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് സ്വകാര്യ ആശുപത്രികൾക്കൊപ്പം സർക്കാർ ആശുപത്രികളെയും ഗ്രേഡ് തിരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിലവിൽ വരുമ്പോൾ ഗ്രേഡ് തിരിക്കുന്നത് സ്വകാര്യ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യാനാണ്. സർക്കാർ ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നുണ്ട്. അവിടത്തെ ഫീസ് നിശ്ചയിക്കുന്ന സമയത്ത് അതിന്റെ സൗകര്യങ്ങൾ എന്താണ്, എന്തൊക്കെ സ്പെഷ്യാലിറ്റിയാണ് അവിടെയുള്ളത്, എത്രമാത്രം പശ്ചാത്തല സൗകര്യങ്ങളാണ് അവിടെയുള്ളത് എന്നുള്ളതാണ് കണക്കാക്കുന്നത്. അല്ലാതെ ഏതെങ്കിലും ഗ്രേഡ് വച്ച് ഒരു ആശുപത്രി വലുതും മറ്റൊന്ന് ചെറുതുമെന്ന് വേർതിരിക്കാൻ വേണ്ടിയല്ല. ഓരോ പ്രദേശത്തേയും ആശുപത്രികളിൽ ഇന്നയിന്ന പശ്ചാത്തലസൗകര്യങ്ങൾ ലഭ്യമാണെന്നും അവിടത്തെ ഉപകരണങ്ങളുടെ സാധ്യത എത്രയാണ്, കിട്ടുന്ന ചികിത്സാ പാക്കേജ് ഏതാണ് അതനുസരിച്ച് ഫീസ് നിശ്ചയിക്കേണ്ടതായി വരും എന്നീ വിവരങ്ങൾ ഇന്റർനെറ്റിൽ പബ്ലിഷ് ചെയ്യും. അല്ലാതെ മെഡിക്കൽ കോളേജുകളെ ഗ്രേഡ് തിരിച്ചശേഷം ഉയർന്നത്, താഴ്ന്നത് എന്നുപറയാനല്ല ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, പി.എച്ച്.സി.-കളുടെ നിലവാരമുയർത്തി ഫാമിലി ഹെൽത്ത് സെന്ററാക്കി മാറ്റുന്ന കാര്യവും അതുപോലെ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി എന്നിവയുടെ അപ്ഗ്രഡേഷനെക്കുറിച്ചും ബഹുമാനപ്പെട്ട

മന്ത്രിയുടെ മറുപടിയിൽ പറയുന്നുണ്ട്. ഇപ്പോൾ പറഞ്ഞ മറുപടിയിൽ മാത്രമാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ സ്ട്രെംഗ്തൻ ചെയ്യുന്ന കാര്യം പറഞ്ഞത്. ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി.-യെങ്കിലും ദേശീയനിലവാരമനുസരിച്ച് ഉയർത്തിയാൽ താലൂക്ക് ആശുപത്രിയിലേക്കും ജില്ലാ ആശുപത്രികളിലേക്കുമുള്ള വലിയ തോതിലുള്ള ഒഴുക്കിനെ തടയാൻ പറ്റും. അതുകൊണ്ട് ഒരു ബ്ലോക്കിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററെങ്കിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയാക്കി ഉയർത്തുന്ന പദ്ധതി അടുത്ത വർഷമെങ്കിലും ആവിഷ്കരിക്കുമോ; അപ്പോൾ ഏറ്റവും പ്രധാനപ്പെട്ട അത്രൂർകുറ്റിയിലെ ആശുപത്രിയെക്കൂടി പരിഗണിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇക്കാര്യം നേരത്തെ പറഞ്ഞതാണ്. കഴിഞ്ഞ തവണ പി.എച്ച്.സി.-കൾ ഫാമിലി ഹെൽത്ത് സെന്ററാക്കുന്നതിനും താലൂക്ക് ഹോസ്പിറ്റൽ, ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള മാറ്റത്തിനുമാണ് തുടക്കംകുറിച്ചത്. സി.എച്ച്.സി.-കളെ ഉപേക്ഷിച്ചിരുന്നില്ല. പക്ഷെ, ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി. എന്നാണ് പറഞ്ഞിട്ടുള്ളത്. ആ സി.എച്ച്.സി.-യ്ക്ക് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സൗകര്യങ്ങളുണ്ട്. അതനുസരിച്ച് അതിനെ മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതാണ്. അക്കൂട്ടത്തിൽ അത്രൂർകുറ്റിയേയും പരിഗണിക്കുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, ആശുപത്രികളിൽ ചികിത്സാസൗകര്യം വർദ്ധിച്ചുവെന്ന് നമുക്ക് തോന്നുന്നത് എല്ലാ വിഭാഗത്തിലുമുള്ള ആളുകൾക്കും ചികിത്സ കിട്ടുന്നുവെന്ന് ഉറപ്പുവരുമ്പോഴാണ്. ഇപ്പോൾ മെഡിക്കൽ കോളേജുകളിൽ ഏറ്റവും സാധാരണക്കാരായ ആളുകളാണ് പോകുന്നത്. സമൂഹത്തിന്റെ ഉന്നതശ്രേണിയിലുള്ള ഉദ്യോഗസ്ഥരും കച്ചവടക്കാരും മന്ത്രിമാർ ഉൾപ്പെടെയുള്ളവരും അവിടെവന്ന് ചികിത്സിക്കുമ്പോഴാണ് അതിനൊരു വിശ്വാസ്യത കൂടിവരുന്നത്. നമ്മുടെ സംസ്ഥാനത്ത്/രാജ്യത്ത് ഇൻഷ്വറൻസ് കമ്പനികൾ മെഡിക്ലെയിം സ്കീമുകൾ നടപ്പിലാക്കുന്നുണ്ട്. എന്റെ മണ്ഡലത്തിൽത്തന്നെ 50000-ത്തോളം ആളുകളെ ഉൾപ്പെടുത്തി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധപ്പെട്ട് വലിയൊരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. അതിനൊക്കെ cashless ഫെസിലിറ്റിയാണ് കിട്ടുന്നത്. ഇത് സ്വകാര്യ ആശുപത്രികളിൽ മാത്രമാണ് ഉപയോഗിക്കാൻ കഴിയുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജ് ഉൾപ്പെടെ കേരളത്തിലെ മികച്ച മെഡിക്കൽ കോളേജുകളിൽ ഇൻഷ്വറൻസിന്റെ കാർഡ് കൊണ്ടുപോയാൽ cashless ഫെസിലിറ്റി കിട്ടുന്നില്ല. സംസ്ഥാനത്തെ ഒട്ടുമിക്ക പ്രധാനപ്പെട്ട ആളുകളും ഇൻഷ്വറൻസ് സ്കീം ഉപേയാഗിക്കുന്നവരാണ്. അവർക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽക്കൂടി ഈ സ്കീം ലഭ്യമാകുന്ന നടപടികളിലേയ്ക്ക് പോയിക്കഴിഞ്ഞാൽ ഇതിന് വിശ്വാസ്യത വർദ്ധിക്കും. അതിനുള്ള നടപടിയെടുക്കാൻ സർക്കാർ തയ്യാറാണോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മെഡിക്കൽ കോളേജുകളിൽ പാവപ്പെട്ടവർക്ക് സാധാരണയായി സൗജന്യ ചികിത്സയാണ് ലഭിക്കുന്നത്. അതോടൊപ്പം ഇന്ന് ആർ.എസ്.ബി.വൈ. അടക്കമുള്ള വിവിധ സ്കീമുകളിലൂടെ എല്ലാ മെഡിക്കൽ കോളേജുകളിലും ചികിത്സാ സഹായം ലഭ്യമാകുന്നുണ്ട്. സുകൃതം പദ്ധതിയും അതിലുൾപ്പെടും. ഒരു സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് ചർച്ച ചെയ്ത് നിയമസഭയിൽ പ്രഖ്യാപിക്കണമെന്ന് ആഗ്രഹിച്ചതാണെങ്കിലും സെൻട്രൽ ഗവൺമെന്റ് മറ്റൊരു സ്കീം പ്രഖ്യാപിച്ചതുകൊണ്ട് അതിനനുസരിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ആർദ്രം മിഷൻ ലോഞ്ച് ചെയ്തതിനുശേഷം ഗവൺമെന്റ് ആശുപത്രികളിലേയ്ക്കുള്ള രോഗികളുടെ വരവിൽ 30 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**അനധികൃതമായി നടത്തിവരുന്ന കായികപരിശീലനം**

2 (*422) ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) വർഗ്ഗീയ സംഘടനകൾ അനധികൃതമായി നടത്തിവരുന്ന കായിക പരിശീലനം, മാസ്ഡ്രിൽ എന്നിവ സംസ്ഥാനത്ത് അവസാനിപ്പിക്കാൻ നടപടിയെടുക്കുമോ;

(ബി) കായിക പരിശീലനം നൽകുന്നതിന് വ്യക്തികളും കായിക സംഘടനകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും പാലിച്ചിരിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ചില ആരാധനാലയങ്ങളുടെ പരിസരം, ചില സ്കൂൾ വളപ്പുകൾ, സ്വകാര്യ വ്യക്തികളുടെ സ്ഥലം, ആളൊഴിഞ്ഞ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശാഖകളെന്ന പേരിൽ നടത്തുന്ന ആക്രമണ പരിശീലനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിയമവിരുദ്ധമായ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സംസ്ഥാനത്ത് പോപ്പുലർ ഫ്രണ്ട്, ആർ.എസ്.എസ്. പോലുള്ള സംഘടനകൾ മാസ്ഡ്രിൽ നടത്തുന്നതായും ആർ.എസ്.എസ്. ശാഖകളിൽ ദണ്ഡ് ഉപയോഗിച്ച് പരിശീലനം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃതമായി ഇത്തരം പരിശീലനം നടത്തുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേരള പോലീസ് ആക്ട് 2011-ലെ 73-ാം വകുപ്പുപ്രകാരം കായിക പരിശീലനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് നിർണ്ണയിച്ചിട്ടുള്ള അധികാരപ്പെട്ടയാളുടെ അനുമതിയില്ലാതെ ആക്രമണമോ സ്വയംരക്ഷയോ സംബന്ധിച്ച അഭ്യാസ രീതികൾ ഉൾക്കൊള്ളുന്ന കായിക പരിശീലനം സംഘടിപ്പിക്കുവാനോ പങ്കെടുക്കുവാനോ പാടുള്ളതല്ല. ഇതിനായി തന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള കെട്ടിടമോ പരിസരമോ പെർമിറ്റില്ലാതെ ആർക്കും അനുവദിച്ചുനൽകാനും പാടുള്ളതല്ല. ഇത് പരിശോധിക്കുന്നതിന് ഒരു സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന് അധികാരമുണ്ട്. ജില്ലാ മജിസ്ട്രേറ്റിന് പൊതുസമാധാനമോ പൊതുസുരക്ഷയോ ക്രമസമാധാന പാലനത്തിനോ വേണ്ടി കേരള പോലീസ് ആക്ടിലെ 75-ാം വകുപ്പ് പ്രകാരം മാസ്ഡ്രിൽ നിരോധിക്കുന്നതിന് അധികാരമുണ്ട്. ഈ നിരോധനം ആവശ്യമാണെന്ന് കരുതുന്നപക്ഷം വിജ്ഞാപനം മുഖേന ദീർഘിപ്പിക്കാൻ സർക്കാരിനും അധികാരമുണ്ട്.

(സി & ഡി) സംസ്ഥാനത്ത് ചില ആരാധനാലയങ്ങളുടെ പരിസരം, ചില സ്കൂൾ വളപ്പുകൾ, സ്വകാര്യ വ്യക്തികളുടെ സ്ഥലം, ആളൊഴിഞ്ഞ സ്ഥലങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ആർ.എസ്.എസ്. സംഘടന നടത്തുന്ന ശാഖകളിൽ ദണ്ഡ് ഉപയോഗിച്ച് പരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമവിരുദ്ധമായ ചെയ്തികൾക്കെതിരെ കർശന നടപടികളാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി പോലീസ് ആക്ട് 2011-ലെ ബന്ധപ്പെട്ട വകുപ്പുകൾക്കനുസൃതമായി ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ആരാധനാലയങ്ങളെ മാസ് ഡ്രില്ലിന്റെ മറവിൽ ആയുധപ്പുരകളാക്കുകയും കുട്ടികളെ ഉൾപ്പെടെ ഇവിടേയ്ക്ക് ആകർഷിച്ച് കൊണ്ടുവന്ന് പരിശീലനം കൊടുക്കുന്നുമുണ്ട്. ഇത് ഭക്തരുടെ സ്വതന്ത്രമായ ആരാധനയ്ക്കും സമാധാനാന്തരീക്ഷത്തിനും ഭംഗംവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാനാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആരാധനാലയങ്ങൾ ഭക്തജനങ്ങൾക്ക് സ്വൈരമായി ആരാധന നടത്താനുള്ള സാഹചര്യം നിലനിൽക്കേണ്ട സ്ഥലമാണ്. അതിന് വിഘാതമായ ചില പ്രശ്നങ്ങൾ ചിലയിടങ്ങളിൽ ഉണ്ടാകുന്നുവെന്ന പരാതി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഉയരുന്നുണ്ട്. അത്തരം കാര്യങ്ങളിൽ കർക്കശമായ നടപടി സ്വീകരിച്ച്, ആരാധനാലയങ്ങളുടെ പവിത്രത സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, മാസ്ഡ്രില്ലുകൾക്കും മറ്റും സഹായകമാകുന്ന നിലയിൽ പാർലമെന്റ് അംഗങ്ങൾ ഉൾപ്പെടെയുള്ള ചില ജനപ്രതിനിധികൾ ഹൈമാസ്റ്റ് ലൈറ്റുകൾ പൊതുഫണ്ടിൽനിന്നും അനുവദിച്ച കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ നിയന്ത്രിക്കാനാവശ്യമായ എന്തെങ്കിലും മാനദണ്ഡങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ജനപ്രതിനിധികൾ ചെയ്യുന്ന കാര്യം പ്രത്യേകം പരിശോധിക്കണം. എന്റെ കയ്യിൽ ഇപ്പോൾ അതുസംബന്ധിച്ച വിവരങ്ങളില്ല.

ശ്രീ. ഇ. പി. ജയരാജനുവേണ്ടി ശ്രീ. എ. എൻ. ഷംസീർ : സർ, അമ്പലങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിലും പൊതുഇടങ്ങൾ, സ്വകാര്യഇടങ്ങൾ എന്നിവ കയ്യേറിയും തീവ്രമായ രീതിയിൽ ആർ.എസ്.എസ്. ആയുധപരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാർ നടപടി സ്വീകരിക്കുമോ; ടെമ്പിൾ ഫെസ്റ്റിവൽ നടക്കുമ്പോൾ ഫെസ്റ്റിവലിന് തൊട്ടുമുൻപ് റെയിൽവേ പ്രോപ്പർട്ടിയടക്കമുള്ള ചില സ്ഥലങ്ങളിൽ അനുമതിയില്ലാതെ അവരുടെ സിമ്പലുകൾ ഉണ്ടാക്കി വയ്ക്കുന്നുണ്ട്. ഇത് പലപ്പോഴും പ്രൊവോക്കേഷനുണ്ടാക്കുന്നുണ്ട്. ഇക്കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അനുമതിയില്ലാതെ ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലംകയ്യേറി അവിടെ പരിശീലനങ്ങൾ നടത്തുന്ന സ്ഥിതിയുണ്ടെങ്കിൽ അത് സ്വകാര്യ വസ്തുവിലുള്ള കയ്യേറ്റമാണ്. അതിന്റെ ഭാഗമായി പരാതികൾ വന്നാൽ കർക്കശമായ നടപടികൾ സ്വീകരിക്കും. ചില പൊതുസ്ഥലങ്ങൾ കയ്യേറി ചെയ്യുന്നുണ്ടെങ്കിൽ, അത് ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുന്നതാണ്. പൊതുസ്ഥലങ്ങളിലും മറ്റും വയ്ക്കുന്ന സിമ്പൽസ് പൊതുവേ സംഘടനകളും രാഷ്ട്രീയ പാർട്ടികളുമെല്ലാം ചെയ്യുന്ന ഒരു നടപടിയാണ്. ഏതെങ്കിലും ഒന്നിന്റെ ഭാഗമായി മാത്രമെങ്കിൽ നടപടി സ്വീകരിക്കാൻ കഴിയുന്നതല്ല, പൊതുവിൽ അത്തരം കാര്യങ്ങളിൽ നമുക്കൊരു ഏകീകൃത നിലപാട് ഉണ്ടാകേണ്ടതായിട്ടുണ്ട്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കായിക പരിശീലനം നടത്തുന്നതിന് പ്രത്യേകമായി അനുമതി വാങ്ങണം എന്നുണ്ടെങ്കിലും പല സ്ഥലത്തും അനുമതി വാങ്ങാതെയാണ് പ്രവർത്തിക്കുന്നത്. ഇത് ആരെങ്കിലും പോലീസ് സ്റ്റേഷനിൽ വിളിച്ചുപറഞ്ഞാൽ അവർക്ക് നേരത്തേ തന്നെ ഇന്നയാൾ വിളിച്ചുപറഞ്ഞുവെന്ന് വിവരം കൊടുക്കുകയും എന്താണ് അവിടെ നടക്കുന്നതെന്ന് അവരോടുതന്നെ ചോദിക്കുന്ന സ്ഥിതിയുമുണ്ട്. ഇങ്ങനെ അനധികൃതമായി നടത്തുന്ന കായിക പരിശീലന കേന്ദ്രങ്ങളെ സംബന്ധിച്ച് വിവരങ്ങൾ കൊടുത്താൽ അവർക്ക് സംരക്ഷണം കിട്ടുന്ന തരത്തിലുള്ള ഒരു നിലപാട് സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച ഇത്തരം ചില സംഭവങ്ങളുണ്ടായി എന്ന പരാതികൾ വന്നിട്ടുണ്ട്. അത്തരം കാര്യങ്ങൾ ഇല്ലാതിരിക്കുന്നതിനാവശ്യമായ കർക്കശ നിലപാട് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണി: സർ, വർഗ്ഗീയ സംഘടനകൾക്ക് മതവിദ്വേഷം വളർത്തുന്ന രീതിയിലുള്ള ക്ലാസ്സുകളും മറ്റും നടത്താനായി എയ്ഡഡ് സ്കൂൾ അധികാരികളാരെങ്കിലും അനുവാദം കൊടുത്തിട്ടുണ്ടോ; അത്തരം സ്കൂൾ അധികാരികൾക്കെതിരായി ഏതെങ്കിലും നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, എയ്ഡഡ് സ്കൂളുകൾ ഇങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നുണ്ടെങ്കിൽ അത് നമ്മുടെ വിദ്യാഭ്യാസ ചട്ടങ്ങൾക്കും നാം സ്വീകരിക്കുന്ന പൊതുവായ നിലപാടുകൾക്കും എതിരായിട്ടുള്ളതാണ്. മതനിരപേക്ഷത സംരക്ഷിക്കുന്ന നിലപാട് മാത്രമാണ് നമ്മുടെ വിദ്യാഭ്യാസ ചട്ടങ്ങൾ അനുവദിക്കുന്നത്. അതിനെതിരായിട്ടുള്ള നിലപാട് സ്വീകരിക്കുന്നുണ്ടെങ്കിൽ അത് കുറ്റകരമാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, അതീവ ഗുരുതരമായ കാര്യമാണിത്. ജനാധിപത്യ സംവിധാനത്തെപ്പോലും അട്ടിമറിക്കാൻ നോക്കുകയാണ്. വർഗ്ഗീയ സംഘടനകളുടെ ഭീഷണിക്കുമുമ്പിൽ പാർലമെന്റുപോലും ചേരാൻ സാധിക്കുന്നില്ല. ഈ ഗുരുതരമായ ഭീഷണി നമുക്ക് അവഗണിക്കാൻ സാധിക്കില്ല. ശ്രീ. വി. കെ. സി. മമ്മത് കോയ ചോദിച്ചതുപോലെ തടയുമെന്ന് പറയുന്നുണ്ടെങ്കിലും പ്രോപ്പറായ ആക്ഷൻ ഉണ്ടാകുന്നില്ല. പാലക്കാട് ഒരു സ്കൂളിൽ നിയമം ലംഘിച്ച് ആർ.എസ്.എസ്.-ന്റെ സർസംഘ ചാലക് ശ്രീ. മോഹൻ ഭഗവത് പതാകയുയർത്തി. ഇതിൽ നടപടിയെടുക്കുമെന്ന് പറഞ്ഞു, പക്ഷേ ഒന്നും ഉണ്ടായില്ല. നമ്മുടെ മുന്നറിയിപ്പുകളും നടപടികളും വെറും കടലാസുപുലിയായി മാറുന്ന കാര്യം അങ്ങ് ഗൗരവമായി കണക്കിലെടുക്കണം. ഇത്തരത്തിലുള്ള വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകാനുള്ള ശ്രമങ്ങൾ തടയാൻ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെങ്കിൽ അത് നമുക്ക് ആകെ വിനയാകും, ഇതു കണക്കിലെടുക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരത്തിലുള്ള വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകുമെന്നത് രാജ്യമാകെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. പാർലമെന്ററി ജനാധിപത്യത്തിന് നിരക്കാത്ത ചില കാര്യങ്ങൾ സംഭവിക്കുന്നുവെന്നുള്ളത് പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ച് അറിയാവുന്ന എല്ലാവരുടെയും ശ്രദ്ധയിലുള്ള കാര്യമാണ്. രണ്ടാമത്, സ്കൂളിൽ നിയമം ലംഘിച്ചു എന്ന വിഷയത്തിൽ നേരത്തെ വേണ്ടത്ര നടപടികൾ ഉണ്ടായില്ല എന്ന പരാതികൾ ഉണ്ടായിരുന്നു. എങ്കിലും ആവശ്യമായ നടപടികൾ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള തെറ്റായ നടപടികൾ സ്വീകരിക്കുന്നവർക്കെതിരെ കർക്കശമായ നിലപാട് സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, കഴിഞ്ഞ അഞ്ചുവർഷക്കാലം ശാഖയിലും മറ്റും നടക്കുന്ന ഇത്തരത്തിലുള്ള വർഗ്ഗീയ ശക്തികളുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാലും ശക്തമായ നടപടി ഉണ്ടായിരുന്നില്ല. ഈ സർക്കാർ അക്കാര്യത്തിൽ വളരെ ശക്തവും മാതൃകാപരവുമായ നിലപാടാണ് സ്വീകരിക്കുന്നത്. ശാഖയിൽ മാത്രമല്ല, 'ശിബിരം' എന്നുപറഞ്ഞ് ഡിസംബർ മാസത്തിൽ പത്ത് ദിവസം നീണ്ടു നിൽക്കുന്ന ക്യാമ്പ് ആർ.എസ്.എസ്. നടത്തുകയാണ്. സ്കൂൾ കോമ്പൗണ്ടുകളിലാണ് ഇത് നടക്കുന്നത്. കഴിഞ്ഞ ഡിസംബറിൽ കൈരളി ടി.വി. വളരെ സാഹസികമായി കോടിയേരി നങ്ങാരത്ത് സ്കൂൾ പരിസരത്ത് നടന്നിട്ടുള്ള ശിബിരത്തിന്റെ ഭാഗമായി പുലർച്ചെ നടക്കുന്ന ആയുധ പരിശീലനത്തെക്കുറിച്ചുള്ള വാർത്ത പുറത്തുകൊണ്ടു വരികയുണ്ടായി. എസ്.ഡി.പി.ഐ. ആയാലും ആർ.എസ്.എസ്. ആയാലും ഇത്തരം വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കാനും ആരാധനാലയത്തിന്റെ മറവിലും സ്കൂൾ പരിസരങ്ങളിലും നടക്കുന്ന വർഗ്ഗീയതയും അതോടൊപ്പംതന്നെ ആയുധ പരിശീലനവും കർശനമായി നിയന്ത്രിക്കാനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിലവിലുള്ള നിയമവ്യവസ്ഥയെ അട്ടിമറിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അത്തരം കാര്യങ്ങളിൽ ആവശ്യമായ ജാഗ്രത സർക്കാർ പുലർത്തിപോരുന്നുണ്ട്. ഇതു സംബന്ധിച്ച് മുൻകൂട്ടി കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള സംവിധാനങ്ങളുമുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിച്ച് നാടിന്റെ പൊതുവായ സ്വൈര്യവും സമാധാനവും നിലനിർത്തുക, നിയമ സമാധാനം നിലനിർത്തുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വർഗ്ഗീയ സംഘടനകൾ നടത്തുന്ന കായിക പരിശീലനത്തിൽ സർക്കാർ ശമ്പളംപറ്റുന്ന ചില ജീവനക്കാരും പങ്കെടുക്കുന്നുവെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരെ നടപടിയെടുക്കാൻ സർക്കാർ ശ്രമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത്തരം കാര്യങ്ങളിൽ ഇന്ന നടപടികൾ, ഇന്ന വ്യക്തി എന്നുപറഞ്ഞ് പരാതികൾ വന്നാൽ നിയമപ്രകാരം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, കർണ്ണാടകയിലെ മംഗലാപുരത്ത് ആർ.എസ്.എസ്. റൂട്ട് മാർച്ച് നടത്തി ഒരു കലാപ അന്തരീക്ഷം സൃഷ്ടിക്കാൻ പോയപ്പോൾ കർണ്ണാടക മുഖ്യമന്ത്രി ധീരമായ നിലപാടെടുത്ത് റൂട്ട് മാർച്ച് നിരോധിച്ചു. ഒരിലപോലും ആ സംസ്ഥാനത്ത് അനങ്ങിയില്ല, ഒരു കലാപവും

ഉണ്ടായില്ല. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ക്ഷേത്രങ്ങളുടെയും ദേവാലയങ്ങളുടെയും സ്വയം സംരക്ഷകരും കാവലാളുകളുമായി ചമഞ്ഞ് ആയുധ പരിശീലനവും ഭക്തിയുടെ മറവിൽ ആശയ പ്രചരണവും ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ പോലും നടക്കുന്നുണ്ട്. ഒന്നുകിൽ കർശനമായി ഇത് നിയന്ത്രിക്കണമെന്ന് ദേവസ്വം ബോർഡുകളോട് സർക്കാർ ആവശ്യപ്പെടണം, അല്ലെങ്കിൽ ഇത് പൂർണ്ണമായി നിയന്ത്രിക്കാനും അവസാനിപ്പിക്കാനും നിയമത്തിൽ എന്തെങ്കിലും അപര്യാപ്തതകൾ ഉണ്ടെങ്കിൽ, അത് പരിഹരിച്ച് സമഗ്രമായ ഒരു നിയമ നിർമ്മാണം നടത്താനും സർക്കാർ മുൻകൈ എടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കർണ്ണാടകയിലെ മംഗലാപുരത്തെ നമ്മുടെ സംസ്ഥാനവുമായി താരതമ്യപ്പെടുത്താൻ സാധിക്കില്ല. കർണ്ണാടകയിലെ മംഗലാപുരം അടക്കമുള്ള ഒരു ചെറിയ ഭാഗമെടുത്താൽ ദക്ഷിണേന്ത്യയുടെ ഭാഗമായ രീതിയിലല്ല കാര്യങ്ങൾ അവിടെ നടക്കുന്നത്. സർക്കാർ ചില നടപടികൾ സ്വീകരിക്കുന്നുണ്ട്. ആ ഭാഗത്തേയ്ക്ക് ഞാൻ പോകുന്നില്ല. പക്ഷേ, അവിടെയുള്ള രീതി, അവിടെയുള്ള സംഘ്പരിവാർ സ്വീകരിക്കുന്ന രീതി അത് പൊതുവെ ദക്ഷിണേന്ത്യയിൽ എവിടെയും കാണാത്ത രീതിയിലുള്ള ഒരു കാര്യമാണ്. അവിടെ നടന്നിട്ടുള്ള ആക്രമണങ്ങൾ, ശ്രീരാമസേന, അങ്ങനെയെല്ലാമുള്ള ധാരാളം റിപ്പോർട്ടുകൾ നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാണ് അവിടെയുള്ള അവസ്ഥ. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിലുള്ള കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കും. ആവശ്യമാണെങ്കിൽ നിയമനിർമ്മാണ കാര്യങ്ങളടക്കം തീരുമാനിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറഞ്ഞത്, ഗൗരവതരമായി കാണുന്നുണ്ട്; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ശക്തമായ നടപടിയെടുക്കും എന്നൊക്കെയാണ്. കേരളത്തിൽ പ്രധാനമായും പോപ്പുലർ ഫ്രണ്ട്, ആർ.എസ്.എസ്. എന്നീ രണ്ട് സംഘടനകൾ രണ്ട് ചേരികളായിത്തിരിഞ്ഞ് ഏതുസമയത്തും കലാപമുണ്ടാക്കാവുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു എന്നുപറഞ്ഞു. ഇത്തരം സംഘടനകൾ നമ്മുടെ നിയന്ത്രണം വിട്ടുപോയാലും ശ്രദ്ധയില്ലാതെ വന്നാലും എപ്പോൾ വേണമെങ്കിലും ചാടിവീഴാവുന്ന തരത്തിൽ ഗുരുതരമായ സാഹചര്യങ്ങളിലേയ്ക്ക് നീങ്ങുകയാണ്. അങ്ങ് സംസ്ഥാന തലത്തിലെ വിഷയങ്ങളും ക്ഷേത്രങ്ങളുടെ പരിസരത്തുള്ള പരിശീലനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മറുപടി പറഞ്ഞു. എങ്കിൽ ജില്ലതിരിച്ച് എത്ര പേരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എന്റെ സ്നേഹിതൻ ശ്രീ. റ്റി. വി. രാജേഷ് ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളിന്മേൽ എത്രയിടത്ത് കേസ്സെടുത്തിട്ടുണ്ട്; അതിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യേണ്ടി വന്നിട്ടുണ്ടോ; അല്ലെങ്കിൽ അത്തരം നടപടികളിലേയ്ക്ക് നീങ്ങാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, എത്രയാളുകളുടെ പേരിൽ കേസ്സെടുത്തു എന്നുള്ള വിഷയത്തിന്റെ വിശദാംശങ്ങൾ എന്റെ കൈവശമില്ല. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ കർക്കശമായ നടപടി സ്വീകരിക്കുമോയെന്ന് ചോദിച്ചാൽ സ്വീകരിക്കുമെന്ന് ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ ഇതുവരെയുണ്ടായിട്ടില്ല. ആ ചട്ടങ്ങൾ രൂപീകരിക്കുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങുകയും അതിന്റെ ഭാഗമായി കാര്യങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്യും.

## രക്തബാങ്കുകളുടെ പ്രവർത്തനം നവീകരിക്കൽ

3 (*423) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ രക്തബാങ്കുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ;

(ബി) താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് രക്തബാങ്ക് ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) സ്വകാര്യ രക്തബാങ്കുകൾക്ക് സർക്കാർ അനുമതി നൽകുന്നുണ്ടോ; എങ്കിൽ ഇവയ്ക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) സംസ്ഥാനത്തുള്ള 37 സർക്കാർ രക്തബാങ്കുകളിൽ 26 എണ്ണം രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാണ്. ബാക്കിയുള്ള 11 രക്ത ബാങ്കുകളിൽ 2 എണ്ണത്തെ (തൃശ്ശൂർ ജില്ലാ ആശുപത്രി, തിരൂർ ജില്ലാ ആശുപത്രി) രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു അസോസിയേറ്റ് പ്രൊഫസറുടേതടക്കം 6 തസ്തികകൾ സൃഷ്ടിച്ച് ആധുനികമായ രക്തബാങ്ക് സൗകര്യം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ആധുനിക രക്തഘടക വേർതിരിക്കൽ യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി, കോട്ടയം ജില്ലാ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ രക്തബാങ്കുകളെ രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാക്കുന്നതിനും ആലപ്പുഴ ജില്ലാ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങ

ളോടുകൂടിയ രക്തഘടക വേർതിരിക്കൽ യൂണിറ്റ് തുടങ്ങുന്നതിനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതത്തിൽ (സ്റ്റേറ്റ് പ്ലാൻ ഫണ്ട്) തുക അനുവദിച്ചിട്ടുണ്ട്.

(ബി) പുതിയതായി 5 സർക്കാർ ആശുപത്രികളിൽ രക്ത സംഭരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. (W&C ആശുപത്രി, മട്ടാഞ്ചേരി, ശാസ്താംകോട്ട താലൂക്ക് ആശുപത്രി, ചെങ്ങന്നൂർ താലൂക്ക് ആശുപത്രി, ചിറ്റൂർ താലൂക്ക് ആശുപത്രി, മലപ്പുറം താലൂക്ക് ആശുപത്രി) എന്നിവിടങ്ങളിലാണ് രക്ത സംഭരണ യൂണിറ്റുകൾ ആരംഭിക്കുന്നത്. പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന എല്ലാ താലൂക്ക് ആശുപത്രികളിലും രക്തബാങ്കുകൾ ഘട്ടംഘട്ടമായി ആരംഭിക്കുന്നതാണ്. നിലവിൽ പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന ആശുപത്രികളിലാണ് ബ്ലഡ് ബാങ്ക് ലൈസൻസ് യൂണിറ്റുകൾ അനുവദിക്കുന്നത്. ഇതനുസരിച്ച് 5 താലൂക്ക് ആശുപത്രികളിലാണ് ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നത്. ഇതിൽ രണ്ടെണ്ണം രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാണ് (താലൂക്ക് ആശുപത്രി പുനലൂർ, സുൽത്താൻ ബത്തേരി). പ്രതിവർഷം 2000 യൂണിറ്റിൽ കുറവ് രക്തം ആവശ്യം വരുന്ന ആശുപത്രികളിൽ രക്ത സംഭരണ യൂണിറ്റുകളാണ് സ്ഥാപിക്കുന്നത്. അത് 36 താലൂക്ക് ആശുപത്രികളിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള താലൂക്ക് ആശുപത്രികളിൽ രക്തം ആവശ്യം വരുന്നമുറയ്ക്ക് ഘട്ടംഘട്ടമായി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്. സ്വകാര്യ ആശുപത്രികളോടനുബന്ധിച്ചുള്ള ബ്ലഡ് ബാങ്കുകൾക്ക് മാത്രമാണ് നിലവിൽ ലൈസൻസ് അനുവദിക്കുന്നത്. എന്നാൽ ബ്ലഡ് ബാങ്ക് മാത്രമായി പ്രവർത്തിക്കുന്നതിന് വ്യക്തികൾക്ക് അനുമതി നൽകുന്നത് 2005 മുതൽ നിയമപരമായി നേരത്തെ നിർത്തലാക്കിയിട്ടുണ്ട്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് അനുശാസിക്കുന്ന രീതിയിലുള്ള സ്ഥലസൗകര്യങ്ങൾ രക്ത പരിശോധനയ്ക്കായുള്ള ഉപകരണങ്ങൾ, രക്തം സംഭരിച്ച് സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനങ്ങൾ എന്നിവ സജ്ജമാക്കുകയും യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള മെഡിക്കൽ ഓഫീസർ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ് എന്നിവരെ നിയമിക്കുകയും ചെയ്തതിനുശേഷം അപേക്ഷ സമർപ്പിച്ചാൽ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനിലെയും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെയും ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംയുക്തമായി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ), സംസ്ഥാന ഡ്രഗ്സ് കൺട്രോളർ എന്നിവർ ചേർന്ന് ലൈസൻസ് അനുവദിക്കുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. ലൈസൻസ് കാലാവധി അഞ്ച് വർഷത്തേയ്ക്കായിരിക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സമീപകാലത്ത് ആർ.സി.സി.-യിൽ നിന്ന് രക്തം സ്വീകരിച്ച ഒരു കുട്ടിക്ക് എച്ച്.ഐ.വി. ബാധയുണ്ടായത് വിവാദമായ ഒരു സംഭവമായിരുന്നു. പിന്നീട് വിദഗ്ദ്ധമായ പരിശോധനയിൽ അതില്ലെന്ന് കണ്ടെത്തിയത് ആശ്വാസകരമാണ്. പക്ഷേ, കുറച്ചുകാലം ആ കുട്ടിയും കുടുംബവും നമ്മുടെ വാർത്തകളിലൊക്കെ നിറഞ്ഞു നിന്നതാണ്. ദാനം ചെയ്യുന്ന രക്തത്തിലെ അണുബാധ കണ്ടെത്തുന്നതിന് ജനിതക ഘടകങ്ങളെ ബാധിക്കുന്ന എച്ച്.ഐ.വി., ഹെപ്പറ്റൈറ്റിസ്-ബി, ഹെപ്പറ്റൈറ്റിസ്-സി തുടങ്ങിയ വൈറസുകളെ നേരിട്ട് കണ്ടെത്തുന്നതിന് സാധിക്കുന്ന ന്യൂക്ലിക് ആസിഡ് ആപ്ലിക്കേഷൻ ടെക്നോളജി (NAAT) നടപ്പാക്കിയാൽ ഇപ്രകാരമുള്ള രോഗങ്ങൾ തടയാമെന്ന് ഈ രംഗത്തുള്ള വിദഗ്ദ്ധർ ഉറപ്പുനൽകിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് നൂറ്റിഅറുപതോളം രക്തബാങ്കുകളും രക്തശേഖരണ കേന്ദ്രങ്ങളുമുണ്ട്. ഇതിൽ ഏതാണ്ട് 5 ശതമാനത്തിൽ താഴെ മാത്രമേ NAAT സൗകര്യമുള്ളൂ. ഇതെല്ലാം വേർതിരിച്ച്, ഇങ്ങനെയുള്ള അബദ്ധങ്ങൾ സംഭവിക്കാതിരിക്കാമെന്ന് ഉറപ്പുവരുത്തുന്ന ഈ ടെക്നോളജി വൻ സാമ്പത്തിക ചെലവ് വരുമെന്നുള്ളതുകൊണ്ടാണ് നടപ്പാക്കാതെ പോകുന്നത്. അതുകൊണ്ട് സർക്കാർ മെഡിക്കൽ കോളേജുകളിലെങ്കിലും NAAT സൗകര്യമുള്ള രക്തബാങ്കുകൾ ഉണ്ടാക്കുന്നതിനുവേണ്ടി സർക്കാർ ശ്രമിക്കുമോ; ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പ്രധാനപ്പെട്ട അഞ്ച് ടെസ്റ്റുകൾ നടത്തി എച്ച്.ഐ.വി., ഹെപ്പറ്റൈറ്റിസ്, സിഫിലിസ്, മലേറിയ തുടങ്ങിയ രോഗങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ചതിനുശേഷമാണ് രക്തം ശേഖരിച്ച് സൂക്ഷിക്കുന്നത്. ഒരാളുടെ ശരീരത്തിൽ എച്ച്.ഐ.വി. അണുക്കൾ പ്രവേശിച്ചതിനുശേഷം ആദ്യത്തെ മാസത്തിനുള്ളിൽ (വിൻഡോ പിരീഡ്) ടെസ്റ്റ് നടത്തിയാലും എച്ച്.ഐ.വി. അണുക്കൾ ഉണ്ടോയെന്ന് മനസ്സിലാക്കാൻ സാധിക്കില്ല. NAAT പരിശോധനയ്ക്ക് ചെലവ് വളരെ കൂടുതലാണ്. ഒരു യൂണിറ്റ് പരിശോധിക്കാൻതന്നെ 5,000 രൂപയിലേറെ ആവശ്യമായി വരും. രക്തം പരിശോധിച്ച് കൂടുതലായി ശേഖരിക്കേണ്ട ആശുപത്രികളിൽ കോടിക്കണക്കിന് രൂപ ഇതിനായി വേണ്ടിവരും. NAAT-ഉം പൂർണ്ണമായി ഫലപ്രദമല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. എലിസ ടെസ്റ്റ് നടത്തുമ്പോഴുള്ള ഫോർത്ത് ജനറേഷൻ സിസ്റ്റമെന്നുപറഞ്ഞ് ഇപ്പോൾ പുതിയൊരു സംവിധാനമുണ്ട്. അതിലൂടെ പരിശോധിക്കുമ്പോൾ NAAT പരിശോധന പോലെതന്നെ എഫക്ടീവായി ചെയ്യാൻ കഴിയും. എച്ച്.ഐ.വി. അണുബാധയുണ്ടായ ആദ്യ പത്ത് ദിവസത്തിനുള്ളിൽ പരിശോധിച്ചാൽ NAAT പരിശോധനയിലും കണ്ടുപിടിക്കാൻ കഴിയില്ല. എന്നാൽ ഒരു മാസം കാത്തുനിൽക്കാതെ 10 ദിവസത്തിനുശേഷമുള്ളത് NAAT പരിശോധനയിലൂടെ മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് കൂടുതലായി രക്തം ശേഖരിക്കുന്ന പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിൽ, പ്രത്യേകിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ NAAT സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോയെന്നത് പരിശോധിക്കുന്നുണ്ട്.

എന്നാൽ ഫോർത്ത് ജനറേഷൻ ടെസ്റ്റ് കൂടുതലായി ഇംപ്ലിമെന്റ് ചെയ്ത് റിസ്ക് കുറയ്ക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. 10 ദിവസത്തെ റിസ്ക് ഏത് പരിശോധനയിലായാലും ഉണ്ടെന്നത് വസ്തുതയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചില അപൂർവ്വ രക്തഗ്രൂപ്പുകളുണ്ട്. കേരളത്തിലാകെ 5 പേർക്കുള്ള രക്തഗ്രൂപ്പിനെക്കുറിച്ചുള്ള വാർത്ത ഈയടുത്ത് വന്നിരുന്നു. പൊതുവെ നെഗറ്റീവ് ഗ്രൂപ്പുകൾ അപൂർവ്വമാണ്. അത്തരം ആളുകൾക്ക് പെട്ടെന്ന് രക്തം ആവശ്യമായി വന്നാൽ ബന്ധുക്കൾ പരക്കംപായുന്ന സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് മെഡിക്കൽ കോളേജുകളിലെങ്കിലും അപൂർവ്വ രക്തഗ്രൂപ്പുകളുടെ പ്രത്യേക ശേഖരണം ഏർപ്പെടുത്തുന്നതിന് സർക്കാർ ശ്രമിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മെഡിക്കൽ കോളേജുകളിൽ അപൂർവ്വ രക്തഗ്രൂപ്പുകൾ ശേഖരിക്കുന്നുണ്ട്. മാത്രമല്ല, സന്നദ്ധ സംഘടനകളുമായി ബന്ധപ്പെട്ട് വളരെ വേഗംതന്നെ അപൂർവ്വ രക്ത സാമ്പിളുകൾ ലഭിക്കാനുള്ള പരിശ്രമം നടത്തുന്നുമുണ്ട്. അത് കൂടുതൽ ഊർജ്ജിതമാക്കാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബ്ലഡ് ബാങ്കുകളുടെയും ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട സൗകര്യങ്ങളുടെയും കാര്യം പരിശോധിച്ചാൽ മലബാർ പ്രദേശങ്ങളിൽ, പ്രത്യേകിച്ച് വടക്കൻ മലബാറിൽ വളരെ കുറവാണ്. ഇക്കാര്യത്തിൽ തെക്കും വടക്കും വലിയ ഇംബാലൻസ് നിലനിൽക്കുകയാണ്. 37 ബ്ലഡ് ബാങ്കുകളുണ്ടെന്നു പറയുന്ന കാര്യത്തിൽ അത് വളരെ പ്രകടമാണ്. ഈ ഇംബാലൻസ് ഒഴിവാക്കുന്നതിനുവേണ്ടി അടിയന്തരമായ ആലോചനകളും തീരുമാനങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. അതോടൊപ്പം ബ്ലഡ് ബാങ്കുകൾക്ക് 1100 സ്ക്വയർഫീറ്റ് സ്ഥലസൗകര്യം, ആവശ്യമായ എക്വിപ്മെന്റ്സ്, അഡീഷണൽ സ്റ്റാഫ് തുടങ്ങി ധാരാളം സൗകര്യങ്ങൾ വേണം. എന്നാൽ ഒരു രോഗിക്ക് അടിയന്തര സാഹചര്യത്തിൽ രക്തം ലഭിക്കുന്നതിനായി ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ എല്ലാ ആശുപത്രികളിലും സ്ഥാപിക്കുന്നതിന് 110 സ്ക്വയർ ഫീറ്റ് സ്ഥല സൗകര്യവും ഒരു സ്റ്റാഫിന് അഡീഷണൽ ചുമതലയും നൽകിയാൽ മാത്രം മതി. അങ്ങനെയുള്ള ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ അധികമായി സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ആരോഗ്യ മേഖലയിലെ അപര്യാപ്തതകളെക്കുറിച്ചുതന്നെയാണ് എല്ലാവരും പറയുന്നത്. അത് പരിഹരിക്കണമെന്നാണ് ഒന്നാമത്തെ ഉത്തരത്തിന്റെ ഭാഗമായി ഞാൻ പറഞ്ഞത്. ബ്ലഡ് സെപ്പറേഷൻ യൂണിറ്റുകളും ബ്ലഡ് സ്റ്റോറേജ് യൂണിറ്റുകളും ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കാനുള്ള പരിശ്രമം നടത്തുമെന്നുതന്നെയാണ് പറഞ്ഞത്. ഇക്കാര്യങ്ങൾ വളരെ അപര്യാപ്തമാണെന്നുള്ളത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. അത് പരിഹരിക്കുന്നതിനാണ് ഗവൺമെന്റ് ഇടപെടുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, രക്തം ആവശ്യമായി വരുമ്പോൾ അത് സുതാര്യമായ പരിശോധന നടത്തി നൽകിയില്ലെങ്കിൽ രോഗം ഇല്ലാത്തവർ രോഗികളാകുന്ന അവസ്ഥയുണ്ടാകും. NAAT പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിന് വലിയ ചെലവുവരുമെങ്കിലും ജില്ലയിൽ ഒരു കേന്ദ്രമെങ്കിലും ഇത്തരം സംവിധാനത്തോടുകൂടി ചെയ്തില്ലെങ്കിൽ രോഗികളല്ലാത്ത പലരും രോഗികളായി മാറും. എം.എൽ.എ. ഹോസ്റ്റലിൽ എന്റെ രക്തം പരിശോധിച്ചപ്പോൾ 'ഹെപ്പറ്റൈറ്റിസ് സി' എന്നാണ് പറഞ്ഞത്. എന്നാൽ ഞാൻ കൂടുതൽ പരിശോധന നടത്തിയപ്പോൾ രക്തം നോർമലാണെന്ന് മനസ്സിലായി. എം.എൽ.എ. ഹോസ്റ്റലിലുള്ള മെഷീനുകളൊന്നും ഇപ്പോഴും മാറ്റിയിട്ടില്ല. നമ്മുടെയൊക്കെ സ്ഥിതി ഇതാണെങ്കിൽ മറ്റുള്ളവരുടെ സ്ഥിതി എന്തായിരിക്കും? അതുകൊണ്ട് NAAT സംവിധാനം ഒരു ജില്ലയിൽ ഒരു കേന്ദ്രത്തിലെങ്കിലും നിർബന്ധമായും ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആരോഗ്യ മേഖലയെ സമ്പൂർണ്ണമായി കുറ്റമറ്റതാക്കി മാറ്റാൻ എത്ര സമയമെടുക്കുമെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർമാർക്കെല്ലാം അറിയാം. കുറെ വർഷങ്ങളായി ഈ മേഖലയിൽ നിലനിൽക്കുന്ന അപര്യാപ്തതകളാണ് ചൂണ്ടിക്കാണിക്കുന്നത്. ഒരു ഗവൺമെന്റിന്റെ കാലയളവിനുള്ളിൽ സാധ്യമായതെല്ലാം ചെയ്യുകയാണ്. NAAT സംവിധാനം ഏർപ്പെടുത്തിയാലും വിൻഡോ പിരീഡായ 10 ദിവസത്തിനുള്ളിൽ പരിശോധിച്ചാൽ അണുബാധ കണ്ടുപിടിക്കാൻ കഴിയില്ല. NAAT പരിശോധനയും 100 ശതമാനവും ഉറപ്പുപറയാൻ കഴിയില്ല. അതുകൊണ്ട് എല്ലാ ജില്ലാകേന്ദ്രങ്ങളിലും NAAT സംവിധാനം ഏർപ്പെടുത്തിയിട്ടും കാര്യമില്ല. പക്ഷേ, പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിൽ ഏറ്റവും ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുകതന്നെ വേണം. ചിലപ്പോൾ നമ്മളെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഇതിനേക്കാൾ ഫലപ്രദമായ സംവിധാനം മറ്റൊന്ന് വന്നേക്കാം. അതാണ് ഫോർത്ത് ജനറേഷൻ എലിസ ടെസ്റ്റിന്റെ ഭാഗമായി പറയുന്നത്. അത് NAAT-ന് സമാനമായ സംവിധാനമാണ്. അത് സ്ഥാപിക്കാൻ ശ്രമിക്കുമെന്നാണ് ആദ്യം പറഞ്ഞത്. പരിശോധനയിൽ വ്യത്യസ്തമായ റിപ്പോർട്ടുകൾ ലഭിക്കുന്നത് നമുക്ക് ഭയമുണ്ടാക്കുന്ന കാര്യംതന്നെയാണ്. അത് പരിഹരിക്കുന്നതിനോടൊപ്പം ഭീമമായ അപര്യാപ്തത പരിഹരിക്കാൻ ഇപ്പോൾത്തന്നെ ഇടപെട്ടുകഴിഞ്ഞു എന്നതാണ് ചോദ്യം 'എ' യുടെ ഉത്തരത്തിൽ പറഞ്ഞത്. ബ്ലഡ് സെപ്പറേഷൻ യൂണിറ്റുകൾ 5 സ്ഥലത്ത് സ്ഥാപിച്ച് കഴിഞ്ഞിട്ടാണ് മറ്റ് സ്ഥലങ്ങളിൽ സ്ഥാപിക്കുമെന്ന് ഉത്തരത്തിന്റെ ഭാഗമായി പറഞ്ഞത്. ഘട്ടംഘട്ടമായി ഈ മാറ്റങ്ങളൊക്കെ വരുത്തുന്നതിന് സാമ്പത്തികമായി നല്ല ചെലവുണ്ടാകും എന്നത് ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ഓർക്കണം. എന്നാലും ഇക്കാര്യങ്ങളൊക്കെ നടപ്പാക്കുന്നതിന് നമ്മൾ ശ്രമിക്കുക തന്നെ വേണം.

ശ്രീ. സി. മമ്മൂട്ടി: സർ, എം.എൽ.എ. ഹോസ്റ്റൽ ലാബിലുള്ള മെഷീനുകളുടെ കാര്യം പരിശോധിക്കണം.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, രക്തത്തിന്റെ സംഭരണം, മൂല്യനിർണ്ണയം, സൂക്ഷിപ്പ്, ദാനം ചെയ്യുന്ന നടപടികൾ തുടങ്ങി ഇതുമായി ബന്ധപ്പെട്ട് പല ഘട്ടങ്ങളായി വലിയൊരു ശൃംഖല തന്നെയുണ്ട്. ആ ഘട്ടങ്ങളെല്ലാംകൂടി ഏകോപിപ്പിച്ച് കാര്യങ്ങൾ എപ്പോഴും മോണിറ്റർ ചെയ്യാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും ആരോഗ്യവകുപ്പ് പ്രത്യേകമായ ഒരു വിഭാഗം രൂപീകരിക്കുകയോ അല്ലെങ്കിൽ കുറച്ചുപേരെ അതിനായി ചുമതലപ്പെടുത്തുകയോ ചെയ്താൽ നന്നായിരുന്നു. അങ്ങനെയൊരു സംവിധാനം ഇപ്പോഴുണ്ടോയെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു പോലെ ഒരു കാര്യം ശരിയാണ്, വൈദ്യശാസ്ത്രത്തിൽ പൂർണ്ണത ഒന്നിനുമുണ്ടാകില്ല. ആരോഗ്യമേഖലയിൽ പൂർണ്ണമായി എല്ലാ പ്രശ്നങ്ങളും അവസാനിക്കുന്ന ഒരു ദിവസത്തെക്കുറിച്ച് വെറുതെ സ്വപ്നം കണ്ടിട്ട് കാര്യമില്ല. കാരണം, ഇതൊരു ഡെവലപ്പിംഗ് സയൻസാണ്, അതിന് കുറെ പരിമിതികളുണ്ട്, പക്ഷേ മാറ്റങ്ങൾ വരും. അതുകൊണ്ട് ശുദ്ധരക്തം ശേഖരിക്കാനും ശരിയായ രീതിയിൽ സൂക്ഷിക്കാനും വിതരണം ചെയ്യാനും ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ; ഇപ്പോൾ അങ്ങനെയൊരു സംവിധാനമുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഇവിടെ ചാർജ്ജുള്ള ഡബ്ല്യു.എച്ച്.ഒ.-യിലെ ഉദ്യോഗസ്ഥരുമായി ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും 2017 ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള 4 മാസക്കാലം നമ്മുടെ ഡോക്ടർമാരുൾപ്പെടെ ലോകാരോഗ്യ സംഘടനയുടെ ഒരു സംഘം 170 രക്തബാങ്കുകളും വിശദമായി പരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ സുരക്ഷിതമായിട്ടുള്ള രക്തദാനം ഉറപ്പുവരുത്തുകയെന്നതാണ് ഒന്നാമതായി ചെയ്യേണ്ടത്. അതിനായി സന്നദ്ധരക്തദാതാക്കളെ പ്രോത്സാഹിപ്പിക്കണം. രക്തം വിൽക്കാൻ വരുന്നവരുടെ രക്തം ശേഖരിക്കുമ്പോഴാണ് പലപ്പോഴും അപാകതകൾ കൂടുന്നത്. സന്നദ്ധ രക്തദാതാക്കളെ പ്രോത്സാഹിപ്പിച്ച് അതിന്റെ ഭാഗമായിട്ടുള്ള രക്തലഭ്യത ഉറപ്പുവരുത്തിയാൽ അപകടങ്ങൾ കുറയ്ക്കാൻ സാധിക്കും. അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ ഗുണനിലവാരമുള്ള രക്തബാഗുകൾ,

പരിശോധനാ ഉപകരണങ്ങൾ, കിറ്റുകൾ, റീ-ഏജന്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. അതിനുള്ള നിർദ്ദേശമാണ് ലോകാരോഗ്യ സംഘടന നൽകിയിരുന്നത്. അതിനും ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റൊരു നിർദ്ദേശം, ഏകീകൃത രക്തസന്നിവേശ നയം (uniform blood transfusion policy) ആണ്. അതിപ്പോൾ നടപ്പിലാക്കി വരികയാണ്. അതുപോലെ 10000 യൂണിറ്റിനുമേൽ കൈകാര്യം ചെയ്യുന്ന രക്തബാങ്കുകളിൽ സ്വയം പ്രവർത്തന സംവിധാനം (automation lab) നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനുപുറമെ ഗുണനിലവാരം ഉറപ്പുവരുത്താൻ എക്സ്റ്റേണൽ ക്വാളിറ്റി അഷ്വറൻസ് സ്കീം നടപ്പിലാക്കുന്നുണ്ട്. ഇതുപോലുള്ള മാർഗ്ഗങ്ങളിലൂടെ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കാനുള്ള എല്ലാ നടപടിക്രമങ്ങളും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സംസ്ഥാനത്ത് രക്തം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ പലപ്പോഴും ദൗർലഭ്യം നേരിട്ടുകൊണ്ടിരിക്കുകയാണ്. ജനറൽ ഹോസ്പിറ്റലുകളിൽ രക്തം ശേഖരിക്കുന്ന സംവിധാനമുണ്ടെങ്കിലും ആവശ്യമായ നിലയിൽ ലഭിക്കുന്നില്ലെന്നുള്ള സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് സംസ്ഥാനത്തെ രക്തബാങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അതോടൊപ്പം സഞ്ചരിക്കുന്ന രക്തബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച് ആലോചിക്കാനും അത് കൂടുതലായി നടപ്പിലാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സംസ്ഥാനത്ത് ഇപ്പോൾ രണ്ട് സഞ്ചരിക്കുന്ന ബ്ലഡ് ബാങ്കുകൾ ആരംഭിച്ച് പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ ആവശ്യമായി വരുന്ന ഘട്ടത്തിൽ അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, എന്റെ നിയോജകമണ്ഡലമായ ആലുവയിൽ 20 വർഷമായി എൻ.എ.ബി.എച്ച്.-ന്റെ അംഗീകാരമുള്ള ഒരു ബ്ലഡ് ബാങ്ക് ജില്ലാ ആശുപത്രിയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് 36 ലക്ഷം രൂപ ചെലവഴിച്ച് അവിടെ ഒരു മോഡേൺ ഡയഗ്നോസ്റ്റിക്സ് സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ടി സെന്ററിന്റെ ഭരണച്ചുമതല ബ്ലഡ് ബാങ്കിനെ ഏൽപ്പിച്ചാൽ മറ്റ് ചെലവുകൾ ഇല്ലാതെ ആധുനിക ഉപകരണങ്ങൾ സമാഹരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഡയഗ്നോസ്റ്റിക്സ് സെന്റർ തുടങ്ങാൻ കഴിയും. ഭരണച്ചുമതല ബ്ലഡ് ബാങ്കിനെ ഏൽപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, പല സന്ദർഭങ്ങളിലും രക്തം കിട്ടാതെ രോഗികൾ വലയുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. സന്നദ്ധ രക്തദാതാക്കളെ പ്രോത്സാഹിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. രക്തദാനം സാമൂഹ്യസേവനമായും തന്റെ ദൗത്യമായും കരുതി പ്രവർത്തിക്കുന്ന പല ആളുകളുണ്ട്. കോവളം നിയോജക മണ്ഡലത്തിൽ ഒരു വ്യക്തി നൂറ്റിപതിനൊന്നോളം തവണ ബ്ലഡ് കൊടുത്തിട്ടുണ്ട്. ഇങ്ങനെ രക്തം കൊടുക്കുന്ന വ്യക്തികൾക്ക് പ്രത്യേകമായ പദവി നൽകാനോ, സർക്കാർ സേവനങ്ങളിൽ പ്രത്യേക ആനുകൂല്യങ്ങൾ നൽകാനോ, വിദ്യാഭ്യാസ രംഗത്ത് പ്രത്യേക റിസർവേഷൻ നൽകാനോ, ജോലി ലഭിക്കുന്നതിന് പ്രത്യേക പരിഗണന ലഭിക്കാനോ ഉള്ള നടപടി സർക്കാർ സ്വീകരിക്കുമോ; അതോടൊപ്പം ലൈസൻസോടും രജിസ്ട്രേഷനോടും കൂടി പ്രവർത്തിക്കുന്ന സ്വകാര്യ രക്തബാങ്കുകളിൽ ഓരോ കാലയളവിലും അവിടെ ഉപയോഗിക്കുന്ന മെഷീനുകൾ കാര്യക്ഷമമായാണോ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ചുള്ള പരിശോധനകൾ നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അവസാനം പറഞ്ഞ കാര്യത്തിന് ഞാൻ തൊട്ടുമുമ്പ് മറുപടി പറഞ്ഞതാണ്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷനുമായി ചേർന്ന് 170 കേന്ദ്രങ്ങളിലും പരിശോധന നടത്തി, നിർദ്ദേശങ്ങൾ നൽകി ആവശ്യമായ നടപടി സ്വീകരിച്ച് വരികയാണ്. രണ്ടാമത്തെ കാര്യം, ഇപ്പോൾത്തന്നെ ഗവൺമെന്റ് ചെയ്യുന്നതാണ്. എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെയും ബ്ലഡ് ട്രാൻസ്മിഷൻ കൗൺസിലിന്റെയും നേതൃത്വത്തിൽ പ്രചരണപരമായ കാര്യങ്ങൾ വളരെ നല്ല രീതിയിലാണ് ഏറ്റെടുക്കുന്നത്. എല്ലാ വർഷവും എയ്ഡ്സ് കൺട്രോൾ ദിനാചരണത്തിന്റെ ഭാഗമായി ഏറ്റവും കൂടുതൽ ബ്ലഡ് നൽകുന്ന ആളുകളെ അംഗീകരിക്കുകയും യോഗങ്ങൾ നടത്തി അവർക്ക് ആദരവ് പ്രകടിപ്പിച്ചുകൊണ്ട് എല്ലാവരെയും പ്രോത്സാഹിപ്പിക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഏറ്റവും കൂടുതൽ രക്തദാനം നടത്തുന്ന സന്നദ്ധ സംഘടനകളെ വിളിച്ച് ക്യാമ്പുകൾ നടത്തി അവർക്ക് അവാർഡ് നൽകുകയും വ്യക്തികളെ ആദരിക്കുകയും പൊതുജനസമക്ഷം അവരുടെ സേവനത്തെക്കുറിച്ച് മതിപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട്. വളരെ വിപുലമായ പ്രചരണ പരിപാടികളാണ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും ബ്ലഡ് ട്രാൻസ്മിഷൻ കൗൺസിലും ചേർന്ന് നടത്തുന്നത്.

## ക്യാൻസർ ചികിത്സ കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

4 (*424) ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. ആർ. രാജേഷ്:

ശ്രീ. പി. കെ. ശശി:

ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്യാൻസർ ബാധിതരിൽ പകുതിയോളംപേർ രോഗത്തിന് കീഴടങ്ങുന്നതായുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് ബൃഹത്തായ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) രോഗ കാരണങ്ങൾ വിശകലന വിധേയമാക്കുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കുമോ;

(സി) ക്യാൻസർ ചികിത്സയ്ക്കായി വിവിധ തലങ്ങളിലുള്ള ആശുപത്രികളിൽ സൗകര്യം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ക്യാൻസർ ചികിത്സയുടെ വർദ്ധിച്ച ചെലവ് കണക്കിലെടുത്ത് സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) സംസ്ഥാനത്തെ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഏതുതരം കാൻസർ, ഏത് സ്റ്റേജിൽ കണ്ടെത്തുന്നു, ഏത് അവയവത്തെ ബാധിച്ചിരിക്കുന്നു, എന്ത് ചികിത്സ ലഭിച്ചിരിക്കുന്നു എന്നീ ഘടകങ്ങളെ ആശ്രയിച്ചാണ് ക്യാൻസർ രോഗം കൊണ്ടുള്ള മരണം നിർണ്ണയിക്കപ്പെടുന്നത്. പ്രാരംഭ ഘട്ടത്തിൽത്തന്നെ രോഗം നിർണ്ണയിക്കപ്പെട്ടാൽ മെച്ചപ്പെട്ട ചികിത്സ നൽകാൻ സാധിക്കുന്നതും തന്മൂലം മരണ നിരക്ക് കുറയ്ക്കാൻ കഴിയുന്നതുമാണ്.

ക്യാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് ആർ.സി.സി.-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവും ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ എറണാകുളം, പാലക്കാട് ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകൾ, പാലക്കാട് നാച്വറൽ ബാക്ക്ഗ്രൗണ്ട് റേഡിയേഷൻ രജിസ്ട്രി (NBRR), നീണ്ടകര, കൊല്ലം എന്നീ കേന്ദ്രങ്ങൾ വഴിയും ക്യാൻസർ ബോധവൽക്കരണവും മുൻകൂർ രോഗനിർണ്ണയവും ചെയ്തുവരുന്നു. കൂടാതെ

സംസ്ഥാന സർക്കാരിന്റെ 'ആയുർ ദീപ്തം' പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ, കണ്ണപുരം എന്നിവിടങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രാരംഭ ഘട്ടത്തിലെ ചില ക്യാൻസറുകൾ കണ്ടുപിടിക്കുന്നതിനുള്ള ഏർളി കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ, കാസർഗോഡ് ജില്ലാ പഞ്ചായത്ത്, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം എന്നിവിടങ്ങളിൽ മലബാർ ക്യാൻസർ സെന്ററിന്റെ സഹകരണത്തോടെ ക്യാൻസർ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൽ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് ഓറൽ കാവിറ്റി സ്ക്രീനിംഗ്, സർവ്വിക്കൽ സ്ക്രീനിംഗ് എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. വദനാർബുദം (ഓറൽ ക്യാൻസർ), സ്തനാർബുദം (ബ്രസ്റ്റ് ക്യാൻസർ), ഗർഭാശയ ക്യാൻസർ (സർവ്വിക്കൽ ക്യാൻസർ) എന്നിവ നിയന്ത്രണവിധേയമാക്കുന്നതിന് ആരോഗ്യ വകുപ്പ് മുൻതൂക്കം നൽകുന്നുണ്ട്. ഇതിനായി എല്ലാ സാമ്പത്തിക വർഷവും ഡോക്ടർമാർക്കും നഴ്സുമാർക്കും റീജിയണൽ ക്യാൻസർ സെന്ററുകളിൽ വച്ച് പരിശീലനം നൽകി ആരോഗ്യവകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ സെന്ററുകളിൽ വിന്യസിച്ച് കാൻസർ ചികിത്സയും നിർണ്ണയവും നടത്തിവരുന്നു. ഇതിനുപുറമെ ജില്ല/ഉപജില്ല അടിസ്ഥാനത്തിൽ പഞ്ചായത്തുതലത്തിലും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യവകുപ്പ് സംഘടിപ്പിക്കുകയും നിരവധി ക്യാൻസർ രോഗികളെ പ്രാരംഭദിശയിൽത്തന്നെ കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്. വദനാർബുദം കണ്ടെത്തുന്നതിനായി ജില്ലാ ആശുപത്രികളിൽ ഓറൽ ക്യാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ ദന്തരോഗ വിഭാഗവുമായി അനുബന്ധിച്ച് നടത്തി വരുന്നു. സ്തനാർബുദം നിർണ്ണയിക്കുന്നതിന്റെ ഭാഗമായി മാമോഗ്രാഫി മെഷീനുകൾ ഘട്ടംഘട്ടമായി പ്രധാന ആശുപത്രികളിൽ ആരോഗ്യവകുപ്പ് സ്ഥാപിച്ചുവരുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് മുനിസിപ്പൽ പ്രദേശങ്ങളിൽ ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുകയും നിരവധി രോഗികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ക്യാൻസർ രോഗചികിത്സയിൽ എല്ലാ വിഭാഗം ആശുപത്രികളെയും കോർത്തിണക്കിക്കൊണ്ട് ഒരു ക്യാൻസർ ഗ്രിഡ് രൂപവൽക്കരിക്കുന്നതിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ നിലവിലുള്ള 5 മെഡിക്കൽ കോളേജുകളിൽ സമഗ്ര ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 105 തസ്തിക അനുവദിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കൊബാൾട്ട് മെഷീനും തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ലീനിയൽ ആക്സിലറേറ്ററും വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) രോഗകാരണം വിശകലനം ചെയ്യുന്നതിന് കേരളത്തിലുള്ള ആകെ ക്യാൻസർ രോഗികളുടെ കണക്കുകൾ ലഭിക്കേണ്ടതുണ്ട്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ സഹകരണത്തോടെ ആശുപത്രിയെ അടിസ്ഥാനമാക്കിയുള്ള ക്യാൻസർ രജിസ്ട്രി തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാൻസർ വിഭാഗത്തിൽ 2014 മുതൽ പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി മൂന്ന് ഗവേഷണങ്ങൾ നടത്തുന്നുണ്ട്. Patterns of Cancer and Survival in Cancer of Cervix, Breast, Head and Neck. രോഗകാരണങ്ങൾ വിശകലനം ചെയ്യുന്നതിന് കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ ഒരു ക്യാൻസർ സർവ്വേ നടത്തുവാൻ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ തീരുമാനിച്ചിട്ടുണ്ട്.

(സി) അതത് വർഷത്തെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആരോഗ്യ വകുപ്പ്/ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്/ ആർ.സി.സി./ എം.സി.സി./ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ എന്നിവിടങ്ങളിൽ ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ അത്യാധുനിക ഉപകരണങ്ങൾ, മരുന്ന്, മറ്റ് അവശ്യവസ്തുക്കൾ എന്നിവ നൽകി ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലയിലും ഒരു ക്യാൻസർ ചികിത്സാകേന്ദ്രം എന്ന ആശയത്തോടുകൂടി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ പദ്ധതി ഇപ്പോൾ 18 ആശുപത്രികളിൽ ലഭ്യമാണ്. മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളെ പരിചരിക്കുന്നതിനും സാന്ത്വനചികിത്സ നൽകുന്നതിനും അഭയം എന്ന പേരിൽ പാലിയേറ്റീവ് കീമോതെറാപ്പി സെന്ററുകൾ എല്ലാ ജില്ലയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 379.73 കോടി രൂപ ചെലവിൽ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജ് കാമ്പസിനോട് ചേർന്നുള്ള 12.12 ഏക്കർ സ്ഥലത്ത് 400 കിടക്കകളുള്ള ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതിരേഖ ഇൻകെൽ തയ്യാറാക്കുകയും ഇതിന്റെ പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ക്യാൻസർ ചികിത്സ ചെലവേറിയതും ദൈർഘ്യമേറിയതുമാണ്. അർബുദരോഗ ചികിത്സ രോഗികളുടെമേൽ അടിച്ചേൽപ്പിക്കുന്ന സാമ്പത്തികബാധ്യതയും ശാരീരിക വൈഷമ്യങ്ങളും ലഘൂകരിക്കുന്നതിനായി നിരവധി പദ്ധതികൾ ആരോഗ്യ വകുപ്പും മറ്റ് വകുപ്പുകളും നടപ്പിലാക്കി വരുന്നു. ക്യാൻസർ രോഗ ചികിത്സ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിലൂടെ രോഗികൾക്ക് യാത്രാക്ലേശവും മറ്റ് ശാരീരിക ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

'സുകൃതം' പദ്ധതി മുഖേന ക്യാൻസർ രോഗികൾക്ക് മരുന്ന്, ലാബ് ഇൻവെസ്റ്റിഗേഷൻ, ഇമേജിംഗ് ഇൻവെസ്റ്റിഗേഷൻ എന്നിവയ്ക്കായി ചികിത്സാ സഹായം നൽകുന്നുണ്ട്. 2014-ൽ ആരംഭിച്ച 'സുകൃതം' പദ്ധതിക്കുവേണ്ടി വിവിധ മെഡിക്കൽ

കോളേജുകൾക്കായി 11 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ സൗജന്യമായി മരുന്നുകൾ നൽകുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 5,22,40,443 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

ക്യാൻസർ ചികിത്സകൾക്കായി നൽകി വരുന്ന സഹായ പദ്ധതികൾ ചുവടെ വിവരിക്കുന്നു :

i. സമഗ്ര ആരോഗ്യ ഇൻഷ്വറൻസിന്റെ ചിസ് പ്ലസ് പദ്ധതി

ii. കാരുണ്യ ബെനവലന്റ് ഫണ്ട്

iii. സുകൃതം

iv. ക്യാൻസർ സുരക്ഷ

v. പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

vi. സൊസൈറ്റി ഫോർ പൂവർ പ്രകാരമുള്ള ചികിത്സാ സഹായം

vii. ക്യാൻസർ രോഗികൾക്ക് പെൻഷൻ

viii. താലോലം

ix. എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സ്നേഹ സാന്ത്വനം പദ്ധതി

x. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ക്യാൻസർ രോഗികൾക്ക് ധനസഹായം

xi. പട്ടികജാതി വികസന വകുപ്പിൽനിന്നും പട്ടികജാതിയിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് ധനസഹായം

xii. ആശ്വാസ് പ്രോജക്ട്

xiii. ഇ.എസ്.ഐ.

xiv. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി

xv. ബാലസാന്ത്വനം

xvi. രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം.

ശ്രീ. കെ. കുഞ്ഞിരാമനുവേണ്ടി ശ്രീ. ബി. ഡി. ദേവസ്സി: സർ, ക്യാൻസർ കേരളത്തിൽ വർദ്ധിക്കുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കണക്കനുസരിച്ച് 2016-ൽ രാജ്യത്ത് ലക്ഷത്തിൽ

119 പേർക്ക് ക്യാൻസർബാധ ഉണ്ടായപ്പോൾ കേരളത്തിൽ ലക്ഷത്തിൽ 132 പേർക്കാണ് ക്യാൻസർ രോഗം കണ്ടെത്തിയത്. മനസ്സുകൊണ്ടും മരുന്നുകൊണ്ടും ക്യാൻസറിനെ അതിജീവിക്കുന്നവരുണ്ട്. ഇന്നലെ വിടവാങ്ങിയ ടി. ആർ. ചന്ദ്രദത്ത് മാഷ് 1996-ൽ ക്യാൻസർ ബാധിച്ച് അദ്ദേഹത്തിന്റെ നാക്കും താടിയെല്ലും കഴുത്തിലെ എല്ലും നീക്കം ചെയ്തിരുന്നു. എന്നാൽ 22 വർഷം മരുന്നുകൊണ്ടും മനസ്സുകൊണ്ടും ഇച്ഛാശക്തി കൊണ്ടും ക്യാൻസറിനെ അതിജീവിച്ച് കോസ്റ്റ്ഫോർഡ്-ന്റെ ഡയറക്ടറായ അദ്ദേഹം രാഷ്ട്രീയ-സാമൂഹിക രംഗത്ത് നിറസാന്നിദ്ധ്യമായിരുന്നു. അതുപോലെ ശ്രീ. ഇന്നസെന്റ് എം.പി.-യും ക്യാൻസറിനെ രണ്ട് തവണ അതിജീവിച്ചിട്ടുള്ള വ്യക്തിയാണ്. അദ്ദേഹം "ക്യാൻസർ വാർഡിലെ ചിരി" എന്ന പുസ്തകം എഴുതിയിട്ടുണ്ട്. അദ്ദേഹം ക്യാൻസറിനെ സംബന്ധിച്ച് പാർലമെന്റിൽ നടത്തിയിട്ടുള്ള പ്രസംഗം വളരെ ശ്രദ്ധേയമായിരുന്നു. അത്തരത്തിൽ ക്യാൻസറിനെ അതിജീവിച്ച നിരവധി അനുഭവങ്ങൾ ഈ സമൂഹത്തിൽ കാണാൻ കഴിയും. ക്യാൻസർ സംബന്ധിച്ച് ബോധവൽക്കരണവും നിർണ്ണയവും ആശുപത്രികളിൽ വരുന്നവർക്ക് മാത്രം പോരാ. അത് ഗ്രാസ്റൂട്ട് ലെവലിൽ, സഞ്ചരിക്കുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തി മാമോഗ്രാഫി യന്ത്രം ആശുപത്രികളിലേതുപോലെ താഴെത്തട്ടിലേക്കും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ക്യാൻസറിനെക്കുറിച്ച് ചർച്ച നടത്തുന്ന ഇന്ന് ചന്ദ്രദത്ത് മാഷിന്റെ ഓർമ്മയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. കോസ്റ്റ്ഫോർഡ്-ന്റെ ഭാഗമായി അദ്ദേഹം ഈ മേഖലയിൽ നടത്തിയിട്ടുള്ള സേവനം എടുത്തുപറയേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, ക്യാൻസറിനെതിരെ പോരാടാനാണ് ഈ ഗവൺമെന്റും ആരോഗ്യ വകുപ്പും തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി മലബാറിലും തിരുവനന്തപുരത്തും ഉള്ളതുപോലെ കൊച്ചിയിലും ക്യാൻസർ സെന്റർ സ്വപ്നമായിരുന്നു. അത് സാധ്യമാക്കുന്നതിന് 379.73 കോടി രൂപ അനുവദിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുകയാണ്. കൂടാതെ 5 മെഡിക്കൽ കോളേജുകളിൽ മിനി ക്യാൻസർ സെന്ററുകൾ എന്നുള്ള നിലയിൽ വാർഡുകൾ പ്രവർത്തിക്കണമെന്ന് തീരുമാനിച്ചതിന്റെ ഭാഗമായി ഓങ്കോളജി വിഭാഗത്തിൽ 105 തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ക്യാൻസർ ചികിത്സ വ്യാപകമാക്കുക മാത്രമല്ല, എല്ലാ ജില്ലാ ആശുപത്രികളിലും പാലിയേറ്റീവ് സംവിധാനവും മെച്ചപ്പെടുത്തുന്നുണ്ട്. സമയക്കുറവുമൂലം ഞാൻ ചുരുക്കുകയാണ്. ക്യാൻസറിന്റെ ഏർളി ഡിറ്റക്ഷൻ സാധ്യമാക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. ഒരു വർഷം കേരളത്തിൽ 50000-ത്തിലേറെ പുതിയതായി ക്യാൻസർ റിപ്പോർട്ട് ചെയ്യുന്നുവെന്നുള്ള ഞെട്ടിക്കുന്ന കണക്ക് പരിഹരിക്കുന്നതിനും ക്യാൻസറിനെതിരെ പോരാട്ടം നടത്തുന്നതിനുമാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏർളി ഡിറ്റക്ഷനാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ക്യാൻസർ രോഗികൾക്കുവേണ്ടി ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള സമാശ്വാസ നടപടികൾ ഏറെ അഭിനന്ദനാർഹമാണ്. ക്യാൻസറിന്റെ ചികിത്സാ സൗകര്യങ്ങൾ താലൂക്ക് ആശുപത്രികളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. തൃശ്ശൂരിനും എറണാകുളത്തിനും ഇടയ്ക്ക് ക്യാൻസർ രോഗവുമായി ബന്ധപ്പെട്ട് ചികിത്സാ സൗകര്യങ്ങളില്ല. അതുകൊണ്ട് ആദിവാസികളടക്കം ചികിത്സയ്ക്ക് എത്തുന്ന ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ക്യാൻസർ റീ ഹാബിലിറ്റേഷൻ വാർഡ്, കാൻസർ ഡേ കെയർ, കീമോ തെറാപ്പി യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതൊക്കെ നമുക്ക് ആഗ്രഹമുള്ള കാര്യങ്ങളാണെങ്കിലും ജില്ലാ ആശുപത്രി വരെയുള്ള കാര്യങ്ങളാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. അത്യാവശ്യ ഘട്ടങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന താലൂക്ക് ആശുപത്രികളിലും ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ ശ്രമിക്കാം. ആദ്യം നിശ്ചയിച്ച കാര്യങ്ങൾ നടക്കുന്നമുറയ്ക്ക് ബാക്കി കാര്യങ്ങൾ ആലോചിക്കാം.

ശ്രീ. ആർ. രാജേഷ്: സർ, സഞ്ചരിക്കുന്ന ക്യാൻസർ ഡിറ്റക്ഷൻ ടീം ഉണ്ടോ; ഉണ്ടെങ്കിൽ ഒരു കലണ്ടർ അനുസരിച്ച് എല്ലാ ജില്ലാ ആശുപത്രികളിലും കൃത്യമായി വരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ സൂചിപ്പിച്ചത്, 'ആയുർദീപ്തം' പോലുള്ള പരിപാടികൾ പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുമ്പോൾ ക്യാൻസറിന്റെ ഏർളി ഡിറ്റക്ഷന് പ്രാധാന്യം കൊടുക്കുകയാണ്. എന്നാൽ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറാൻ സമയമെടുക്കും. അതിനുമുമ്പ് എല്ലാ പി.എച്ച്.സി.-കളിലും നഴ്സുമാർക്കും ഡോക്ടർമാർക്കും പരിശീലനം കൊടുത്ത് അവിടെ രോഗികളെ എത്തിച്ച് ഏർളി ഡിറ്റക്ഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കണം. അത് മൊബൈൽ ഡിസ്പെൻസറിയുടെ ഗുണം തന്നെയാണ് ചെയ്യുന്നത്. കണ്ണൂർ ജില്ലയിൽ പൈലറ്റ് പ്രോജക്ടായി തുടങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിലുംകൂടി തുടങ്ങിയശേഷം പൂർണ്ണമായും ഏർളി ഡിറ്റക്ഷനിലേയ്ക്ക് എത്തുകയെന്നുള്ളതാണ് ആഗ്രഹിക്കുന്നത്.

ശ്രീ. പി. കെ. ശശി: സർ, മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കുമോ; അതോടൊപ്പം താലൂക്ക് ആശുപത്രികളിൽ നേരത്തെ കൂട്ടി ക്യാൻസർ തിരിച്ചറിയാനുള്ള സൗകര്യം (ഏർളി ഡിറ്റക്ഷൻ സെന്റർ) ഉണ്ടാക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മലബാർ ക്യാൻസർ സെന്ററിന്റെ കാര്യത്തിൽ സ്തുത്യർഹമായ മാറ്റമാണ് ഇപ്പോൾ ഉണ്ടാകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഗവേണിംഗ് ബോഡി അതിനാവശ്യമായ എല്ലാ

പരിശ്രമവും നടത്തുന്നുണ്ട്. മുഖ്യമന്ത്രിതന്നെ നിർദ്ദേശം നൽകി അതിനെ ഒരു പി.ജി. ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുകഴിഞ്ഞു. മാസ്റ്റർപ്ലാൻ തയ്യാറാക്കി പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും അത്യന്താധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമാവശ്യമായ എല്ലാ നടപടിക്രമങ്ങളും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. താലൂക്ക് ആശുപത്രിയുടെ കാര്യം ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാലക്കാട്, തൃശ്ശൂർ, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽനിന്ന് നൂറുകണക്കിന് ക്യാൻസർ രോഗികൾ വരാറുണ്ട്. അവിടെ കീമോ, റേഡിയേഷൻ ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് സൗകര്യക്കുറവുള്ളതുകൊണ്ട് പുറത്തേയ്ക്ക് പറഞ്ഞയയ്ക്കുകയാണ്. അതുകൊണ്ട് തിരുവനന്തപുരം ആർ.സി.സി.-ക്ക് സമാന്തരമായി കുറച്ചുകൂടി സൗകര്യങ്ങൾ അവിടെ ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എല്ലാ മെഡിക്കൽ കോളേജുകളിലെയും ഓങ്കോളജി വിഭാഗത്തെ ശക്തമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലുള്ള ഒരു കൊബാൾട്ട് മെഷീൻ കേടായപ്പോൾ റേഡിയേഷൻ മുടങ്ങിയതു കൊണ്ട് വലിയ പ്രശ്നങ്ങളുണ്ടായിരുന്നു. ഉടൻതന്നെ കൊബാൾട്ട് മെഷീൻ നന്നാക്കുകയും അവിടെ ഒരു ലീനിയർ ആക്സിലറേറ്റർ അനുവദിക്കുകയും ചെയ്തു. അത് ഇൻസ്റ്റാൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു കൊബാൾട്ട് മെഷീൻകൂടി അവിടെ സ്ഥാപിക്കാൻ, ബഹുമാനപ്പെട്ട എം.എൽ.എ. അദ്ദേഹത്തിന്റെ ഫണ്ടിൽനിന്ന് സഹായം ചെയ്യാമെന്ന് പറഞ്ഞിരുന്നു. എങ്കിൽ ഈ പ്രശ്നം അതിവേഗം പരിഹരിക്കപ്പെടും.

മി. സ്പീക്കർ: ഓർഡർ...........ഓർഡർ....... ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആയുർവേദത്തിന് അന്തർദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും

5 (*425) ശ്രീ. എം. ഉമ്മർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തെ തെളിവധിഷ്ഠിതമായി ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും മരുന്നുകൾ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനും ആധുനിക ബയോടെക്നോളജിയുമായി ആയൂർവേദത്തെ ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുംവേണ്ടി അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാൻ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; ആയത് തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (IRIA) എന്ന പേരിൽ സ്ഥാപിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് കണ്ണൂർ ജില്ലയിൽ കല്ല്യാട് വില്ലേജിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാഷണൽ ആയുഷ് മിഷനെയാണ് IRIA സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഇംപ്ലിമെന്റിങ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്ക് 2016-17-ൽ 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2017-18-ൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് വേണ്ടി സർക്കാർ ഏജൻസികളെ കണ്ടെത്താൻ Expression of Interest വിളിച്ചു കഴിഞ്ഞു. അവരിൽനിന്നും അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയ നടന്നുവരുന്നു.

(സി) ഇല്ല.

**എ.എ.വൈ. പട്ടികയുടെ മാനദണ്ഡങ്ങൾ**

6 (*426) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിനുള്ള എ.എ.വൈ. പട്ടികയുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ബി) എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടാനുള്ള മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹരായ മുഴുവൻ പേരെയും എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് എ.എ.വൈ. പട്ടികയിൽ ക്യാൻസർ രോഗികളെയും എയ്ഡ്സ് രോഗികളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ&ബി) അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുന്ന വിഭാഗങ്ങളെ കണ്ടെത്തുന്നതിനായി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലെ വകുപ്പ് 10(a) പ്രകാരമുള്ള കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടില്ല. എ.എ.വൈ. വിഭാഗക്കാരെ കണ്ടെത്തുന്നതിന് സംസ്ഥാനം പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. നിലവിൽ ദേശീയ തലത്തിൽ 2.5 കോടി കുടുംബങ്ങൾ ഉൾപ്പെടുന്ന എ.എ.വൈ. പദ്ധതിയിൽ താഴെ പറയുന്ന മുൻഗണനാ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

(സി&ഡി)

1. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യകാല രോഗബാധിതരോ, അംഗ വൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ള വരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ.
2. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗ വൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ, ഏകയായ സ്ത്രീയോ പുരുഷനോ
3. എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും.

കൂടാതെ, കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടിവരുന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായവും ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാനിയമം 2013 പ്രകാരം സംസ്ഥാനത്തിന് അനുവദനീയമായിട്ടുള്ള 595800 ഗുണഭോക്താക്കളെ കണ്ടെത്തി എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പറമ്പിക്കുളം-ആളിയാർ നദീതട ജലവിതരണ കരാർ

7(*427) ശ്രീ. സി. ദിവാകരൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ നദീതട ജലവിതരണ കരാർ എന്നാണ് നിലവിൽ വന്നതെന്നും ആയത് പുതുക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) കേരളത്തിന് കൃഷിക്കും കുടിവെള്ളത്തിനുമായി കരാർ പ്രകാരമുള്ള ജലം ലഭിക്കാത്തത് സംസ്ഥാനത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയിലെ ജലശേഖരത്തിന്റെ കണക്ക് സംയുക്ത ജലപരിശോധന നടത്തി കരാറിൽ ഉൾപ്പെടുത്തണമെന്ന യഥാർത്ഥ കരാറിലെ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 1970 മേയ് 29-ന് നിലവിൽ വന്ന പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാറിന് 1958 നവംബർ 9 മുതൽ മുൻകാലപ്രാബല്യം നൽകിയിട്ടുണ്ട്. പി.എ.പി.-കരാർ പുതുക്കാൻ വ്യവസ്ഥയില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യുമെന്ന് വ്യവസ്ഥയുണ്ട്. എങ്കിലും കരാർ പുനരവലോകനം നടത്താൻ ഇതുവരെ സാധിച്ചിട്ടില്ല.

(ബി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാതെ വന്നാൽ മീങ്കര ഡാം, ചിറ്റൂർപ്പുഴ, കുന്നാങ്കാട്ടുപതി റെഗുലേറ്റർ, ഗായത്രിപ്പുഴ, തിരുനെല്ലായ് പുഴ, ഭാരതപ്പുഴ എന്നിവ സ്രോതസ്സായ വിവിധ കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ ജലം ലഭിക്കാതെ വരും. ഇതുകാരണം തത്തമംഗലം മുനിസിപ്പാലിറ്റി, കൊല്ലങ്കോട്, മുതലമട, വടവന്നൂർ, കൊടുവായൂർ, പുതുനഗരം, എരുത്തേമ്പതി, വടകരപ്പതി, കൊഴിഞ്ഞാമ്പാറ, കൊടുമ്പ്, പൊൽപ്പള്ളി, കുത്തന്നൂർ, പെരിങ്ങോട്ടുകുറിശ്ശി, കുഴൽമന്ദം, തരൂർ, ആനക്കര, ഒറ്റപ്പാലം, മുതുതല, ഓങ്ങല്ലൂർ, ഷൊർണ്ണൂർ, മുണ്ടായ, അമ്പലപ്പാറ, വെള്ളിയാട് എന്നീ പഞ്ചായത്തുകളിലെ ജലവിതരണത്തെ ദോഷകരമായി ബാധിക്കും.

കൂടാതെ ഭാരതപ്പുഴ, ഗായത്രിപ്പുഴ, ചിറ്റൂർപുഴ എന്നിവയിലെ ജലനിരപ്പ് കുറയുന്നത് പ്രാദേശികമായി കുടിവെള്ള സ്രോതസ്സുകളെയും പരോക്ഷമായി ബാധിക്കും. ഇതിനു പുറമേ മുകുന്ദപുരം, ആലുവ, കുന്നത്തുനാട് താലൂക്കുകളിലെ 19690 ഹെക്ടർ കൃഷി ഭൂമിയും കൃഷിയോഗ്യമല്ലാതാവുകയും ചെയ്യും. ചിറ്റൂർ, കൊല്ലങ്കോട്, മലമ്പുഴ, കുഴൽമന്ദം പ്രദേശത്തെ കൃഷികളെയും സാരമായി ബാധിക്കും.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ ഷെഡ്യൂൾ II ഖണ്ഡിക 3(b) (I)-ൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ കേരളത്തിലെയും തമിഴ്നാടിലേയും ഉദ്യോഗസ്ഥർ സംയുക്തമായി ജലക്രമീകരണ (ജെ.ഡബ്ല്യൂ.ആർ.) ബോർഡിന്റെ മേൽനോട്ടത്തിൽ പറമ്പിക്കുളം സിസ്റ്റവുമായി ബന്ധപ്പെടുത്തി ഡാമുകളിലെ 1970 മുതൽ 10 വർഷത്തെ ജലലഭ്യതയുടെ ശരാശരി തിട്ടപ്പെടുത്തി, കരാറിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ജലം കേരളത്തിന് ലഭ്യമാക്കണമെന്ന് സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ തമിഴ്നാടിനോടാവശ്യപ്പെട്ടിരുന്നു. എന്നാൽ തമിഴ്നാട് ഇതിനോട് അനുകൂലമായ സമീപനം പാലിച്ചിട്ടില്ല. കരാർ പുനരവലോകനം ചെയ്യുന്നതിനായി കേരള സർക്കാർ 1988-ൽ തമിഴ്നാടിന് കൈമാറിയ മെമ്മോറാണ്ടത്തിലും കേരളം ഈ ആവശ്യം ഉന്നയിച്ചിരുന്നു. കൂടാതെ, കരാർ സംബന്ധിച്ച ഉഭയകക്ഷി ചർച്ചകളിൽ കേരളം ഈ ആവശ്യം നിരന്തരം ഉന്നയിച്ചുവരുന്നു.

(ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.)-യിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിന് കേരളം ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അന്തർ സംസ്ഥാന നദീ ജലകരാറുകളിൽ കേരളത്തിന്റെ താൽപ്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനുവേണ്ടി ഭരണപരവും നിയമപരവുമായ എല്ലാ സാദ്ധ്യതകളും സംസ്ഥാനം ഉപയോഗപ്പെടുത്തുന്നുണ്ട്. പി.എ.പി. കരാറിന്റെ കാര്യത്തിൽ കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർതലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്. ഇതിനുപുറമേ കേരള ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും സർക്കാരും, പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജല വർഷത്തിൽ നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. 19-1-2018-ന് തിരുവനന്തപുരത്ത് ചേർന്ന ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ചർച്ചയ്ക്ക് സമാന്തരമായി ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഒരു എക്സ്ട്രാ ഓർഡിനറി മീറ്റിംഗ് ചേരുകയും, ഈ ചർച്ചയിൽ 2018 ഫെബ്രുവരി 15 വരെ 400 ക്യൂസക്സ് എന്ന തോതിൽ മണക്കടവ് വിയറിൽ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയുമുണ്ടായി. കൂടാതെ

20-2-2018-ൽ ഹൈദ്രാബാദിൽ ചേർന്ന ദക്ഷിണ സംസ്ഥാനങ്ങളുടെ ആദ്യ പ്രാദേശിക സമ്മേളനത്തിൽ പി.എ.പി. സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾ അംഗീകരിച്ച ബഹു.കേന്ദ്ര ജലവിഭവ സഹമന്ത്രി, കരാർ വ്യവസ്ഥകൾ പാലിക്കുന്നതിനും കരാർ പ്രകാരം കേരളത്തിനർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനും തമിഴ്നാടിനോട് നിർദ്ദേശിക്കുകയുണ്ടായി.

26-2-2018-ന് തമിഴ്നാടിലെ കോയമ്പത്തൂരിൽ കേരളത്തിന്റെ ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ പാലക്കാടിന്റെ ജോയിന്റ് ഡയറക്ടറും തമിഴ്നാടിന്റെ ജലവിഭവ വകുപ്പ് കോയമ്പത്തൂർ റീജിയണൽ ചീഫ് എഞ്ചിനീയറും തമ്മിൽ നടന്ന ചർച്ചയിൽ കേരളത്തിന് 2018 മാർച്ച് 1 വരെ മണക്കടവ് വിയറിൽ 400 ക്യൂസക്സ് എന്ന തോതിലും 2018 മാർച്ച് 1 മുതൽ മാർച്ച് 15 വരെ 300 ക്യൂസക്സ് എന്ന തോതിലും ജലം ലഭ്യമാക്കാമെന്ന് തമിഴ്നാട് സമ്മതിക്കുകയുണ്ടായി. തുടർന്നുള്ള ജല വിതരണം മാർച്ച് 15-ന് മുമ്പായി ചേരാവുന്ന ഉന്നതതല യോഗത്തിൽ പി.എ.പി. ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കാമെന്നും ധാരണയായി. യോഗ തീരുമാനമനുസരിച്ചുള്ള ജലം ഏറെക്കുറെ ലഭിച്ചിട്ടുണ്ട്. തുടർന്നുള്ള ദിവസങ്ങളിലെ ജലത്തിന്റെ വിതരണം കരാർ പ്രകാരം നടത്തണമെന്നാവശ്യപ്പെട്ട് തമിഴ്നാട് സെക്രട്ടറിയ്ക്ക്, കേരള ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കത്തയച്ചിട്ടുണ്ട്.

**ഗൾഫ് രാജ്യങ്ങളിൽനിന്ന് തിരിച്ചുവരുന്നവർക്ക് സ്വയം തൊഴിൽ**

8(*428) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ സാമ്പത്തിക പ്രതിസന്ധിമൂലം ഏർപ്പെടുത്തിയ നിതാഖത്ത് സംവിധാനത്തെ തുടർന്ന് തിരിച്ചുവരുന്നവരെ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സജ്ജരാക്കുന്ന വിധത്തിൽ പ്രത്യേക മേഖലകളിൽ തൊഴിൽ വൈദഗ്ധ്യം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രവാസി നിക്ഷേപ ബോർഡ് സംബന്ധിച്ച് സർക്കാർതലത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) ലോക കേരളസഭ സംഘടിപ്പിക്കുകവഴി പ്രവാസികളുടെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധിമൂലവും സൗദി അറേബ്യയിൽ സ്വദേശീവൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കു ന്നതിന്റെ ഫലമായും പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരേണ്ട സാഹചര്യം സംജാതമായിട്ടുണ്ട്. ഇത്തരത്തിൽ തിരികെയെത്തുന്നവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം തിരികെവന്ന പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. ഒരു വ്യക്തിയ്ക്ക് പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതിയിൻകീഴിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾ അനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സഹായിച്ചുവരുന്നു. ആവശ്യമായ വൈദഗ്ദ്ധ്യം ഇല്ലാത്തതുകാരണം ഒരു സംരംഭം തുടങ്ങാൻ സാധിക്കാത്ത ആളിന് പ്രസ്തുത ട്രെയിനിംഗിലൂടെ ലഭിക്കുന്ന അറിവ് പ്രയോജനപ്പെടുത്തി സ്വയംതൊഴിൽ ചെയ്ത് വരുമാനം ഉണ്ടാക്കാൻ സാധിക്കും.

(ബി) ഇല്ല. നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

(സി) ഉണ്ട്. ലോക കേരള സഭയിൽ പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ അവസരമുണ്ട്. കൂടാതെ വിവിധ മേഖലകളിൽ വിദഗ്ദ്ധരുടെ സാന്നിദ്ധ്യം വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പഠനത്തിന് സഹായിക്കും. അതോടൊപ്പം കേരളത്തിന്റെ തനത് സാഹചര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുന്നതാണ്.

## വിപണന ശൃംഖല ആധുനികവൽക്കരിക്കാൻ സപ്ലൈകോയുടെ നടപടികൾ

9 (*429) ഡോ. എം. കെ. മുനീർ :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണന ശൃംഖല ആധുനികവൽക്കരിക്കുന്നതിനും കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഇത് സംബന്ധിച്ച് കോർപ്പറേഷൻ സർക്കാരിന് കരട് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഗുണമേന്മ ഉറപ്പുവരുത്തുന്നതിനോടൊപ്പം വിപണന മേഖല ആദായകരവും സൗകര്യപ്രദവുമാക്കാൻ ഷോപ്പിംഗ് മാളുകളും ഹോം ഡെലിവറി സംവിധാനവും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സപ്ലൈകോയുടെ വില്പനശാലകളിൽ എത്തുന്ന ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ 100 സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ പുതിയ റാക്കുകൾ, നവീകരിച്ച ടോയ്ലെറ്റുകൾ, സി.സി.ടി.വി. സൗകര്യങ്ങൾ എന്നിവ സ്ഥാപിച്ച് നവീകരണം നടത്തുന്നതിനും വിപണന സാധ്യതയും സ്റ്റോറേജ് സൗകര്യവും പരിഗണിച്ച് സാധാരണ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലേക്ക് ഉയർത്തുന്നതിനും ഉപഭോക്താക്കൾക്ക് ആവശ്യമുള്ള നോൺമാവേലി (FMCG) സാധനങ്ങൾ സ്വയം തെരഞ്ഞെടുക്കുന്നതിനുമുള്ള പരമാവധി സംവിധാനം ഏർപ്പെടുത്തുന്നതിനും സ്വകാര്യ കമ്പനികളുമായി ചേർന്ന് ഡിസ്കൗണ്ട് കൂപ്പണുകൾ, ഗിഫ്റ്റ് വൗച്ചറുകൾ, സമ്മാനകൂപ്പണുകൾ എന്നിവ നൽകുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) 2018-19-ലെ ബജറ്റിൽ സപ്ലൈകോ വില്പനശാലകളുടെ നവീകരണത്തിന് 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സപ്ലൈകോ ഡിപ്പോ തലത്തിൽ സ്വീകരിക്കുന്ന സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുവാൻ ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി നിലവിലുണ്ട്. ഷോപ്പിംഗ് മാളുകൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലസൗകര്യം വാടകയ്ക്കോ പാട്ടത്തിനോ ലഭ്യമാകുകയാണെങ്കിൽ പരിഗണിക്കുന്നതാണ്. ഹോം ഡെലിവറി സംവിധാനം ആവശ്യമായ പഠനങ്ങൾ നടത്തിയശേഷം മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

**ആരോഗ്യ സേവന കേന്ദ്രം**

10 (*430) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവുമധികം യാത്രക്കാർ വന്നുപോകുന്ന തമ്പാനൂർ ബസ് സ്റ്റാൻഡിൽ ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ സേവന കേന്ദ്രം ലക്ഷ്യമാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഈ പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കുട്ടികളുടെ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്താനായി ആവിഷ്കരിച്ചിട്ടുള്ള മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ പ്രവർത്തനം വിശദമാക്കാമോ; നിലവിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ദേശീയ ആരോഗ്യ മിഷന്റെ കീഴിലുള്ള വിവിധ തരത്തിലുള്ള പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിനും ചികിത്സയ്ക്കോ പരിശീലനത്തിനോ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ):

(എ) പ്രഥമശുശ്രൂഷയ്ക്കുള്ള സംവിധാനവും ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട പരിശോധനകളും അതോടൊപ്പംതന്നെ മുലയൂട്ടൽ കേന്ദ്രവും സജ്ജമാക്കിയിട്ടുണ്ട്. ബസ്സ്റ്റാൻഡ് ഉൾപ്പെടുന്ന വാർഡിന്റെ പ്രതിരോധ കുത്തിവയ്പ് കേന്ദ്രമായിട്ടും ഇതിനെ ഉപയോഗിക്കും. എല്ലാവിധ ബോധവൽക്കരണ പരിപാടികൾ, ലഘുലേഖ വിതരണം, ആരോഗ്യകേരളം/ വകുപ്പിന്റെ സേവനം സംബന്ധിച്ച വിശദാംശങ്ങൾ, Pulse Polio-യ്ക്ക് ഒരു സെന്റർ ആയിട്ടും ഇത് ഉപയോഗിക്കുന്നതാണ്.

(ബി) ആറ് ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് എന്ന നിലയിൽ 23 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒരു ദിവസം ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ കുട്ടികൾക്ക് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റിന്റെ വിവിധ ചികിത്സ സഹായം ലഭ്യമാക്കുന്നു. ഓരോ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലും ഡെവലപ്മെന്റ് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ് എന്നിവരെ നിയമിച്ചിട്ടുണ്ട്. ഇവർ ഡി.ഇ.ഐ.സിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്ത് സേവനങ്ങൾ, തെറാപ്പികൾ എന്നിവ കിട്ടിക്കൊണ്ടിരുന്ന കുട്ടികളെ അവരുടെ അടുത്ത സ്ഥലത്തെത്തി മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുവഴി സ്പെഷ്യലിസ്റ്റുകൾ പരിശോധനകൾ, തെറാപ്പികൾ എന്നിവ നല്കിവരുന്നു. ഓരോ യൂണിറ്റിലും ആവശ്യമായ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ആർ.ബി.എസ്.കെ. പ്രോഗ്രാമിന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം വഴി എല്ലാ ജില്ലകളിലും ഒരു ജില്ലാതല പ്രാരംഭ ഇടപെടൽ കേന്ദ്രം പ്രവർത്തിച്ചു വരുന്നു. വളർച്ചയിലെയും വികാസത്തിലെയും വിവിധ പ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടെത്തുന്നതിനും, ശരിയാംവണ്ണം വിവിധ തെറാപ്പികൾ നൽകി ചികിത്സിക്കുന്നതിനും തുടർ ചികിത്സ വേണ്ട കുട്ടികളെ ഘട്ടംഘട്ടമായി ചികിത്സിക്കുന്നതിനും പ്രത്യേക ചികിത്സ വേണ്ടവർക്ക് സ്പെഷ്യാലിറ്റി സെന്ററിലേക്ക് റഫർ ചെയ്യുന്നതിനും ഇത്തരം ഡി.ഇ.ഐ.സി. വഴി സാധ്യമാക്കുന്നു. എല്ലാ ഡി.ഇ.ഐ.സി.-കളിലും പീഡിയാട്രീഷ്യൻ, മെഡിക്കൽ ഓഫീസർ, ഡെന്റൽ സർജൻ, ഡെന്റൽ ഹൈജീനിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ് -കം-സ്പീച്ച് തെറാപ്പിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ തുടങ്ങിയ സ്പെഷ്യലിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. സ്കൂൾ-അങ്കണവാടി, ഫീൽഡ് തലത്തിൽ സ്ക്രീൻ ചെയ്യപ്പെട്ട വളർച്ചയിലും വികാസത്തിലും വ്യതിയാനം കണ്ടെത്തുന്ന കുട്ടികളെ ഡി.ഇ.ഐ.സി.-യിലേക്ക് റഫർ ചെയ്ത് വിവിധങ്ങളായ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ തീർത്തും സൗജന്യമായി നൽകുന്നു. നിലവിലുള്ള ഡി.ഇ.ഐ.സി.-കൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ ജീവനക്കാർക്കെല്ലാം പരിശീലനത്തിന് ഉതകുന്ന രീതിയിൽ ഒരു മോഡൽ സെന്റർ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മിക്കുന്നതിന് 212 ലക്ഷം തുകയ്ക്കുള്ള പ്രൊപ്പോസൽ 2018-19 വർഷത്തേക്ക് കേന്ദ്രസർക്കാരിന് എൻ.എച്ച്.എം, പി.ഐ.പി. വഴി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഡി.ഇ.ഐ.സി.-യിലെ സ്പെഷ്യലിസ്റ്റുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 10 ലക്ഷം തുകയ്ക്കുള്ള പ്രൊപ്പോസൽ 2018-19 പി.ഐ.പി.യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓഫ് ഡിസെബിലിറ്റിയുടെ സഹകരണത്താൽ വിവിധങ്ങളായ പരിശീലന പരിപാടികൾ ആവിഷ്കരിച്ചു വരുന്നു. കൂടാതെ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ധനസഹായത്തോടെ ഡി.ഇ.ഐ.സി.-കൾ ശാക്തീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു.

## കൺസ്യൂമർ നയവും വിപണി ഇടപെടലുകളും

11 (*431) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അളവുതൂക്കത്തിലും വിലയിലും ഗുണനിലവാരത്തിലും ഉപഭോക്താക്കൾ വ്യാപകമായി കബളിപ്പിക്കപ്പെടുന്നത് കണക്കിലെടുത്ത് സംസ്ഥാനത്തിന് പ്രത്യേകമായി കൺസ്യൂമർ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) പൊതു മാർക്കറ്റിൽ ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾക്ക് അന്യായമായ വിലവർദ്ധനവ് ഉണ്ടാകാതിരിക്കാനായി നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(സി) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യവസ്തുക്കളുടെ വില വർദ്ധനവ് ഒഴിവാക്കാനായി സബ്സിഡിയായി ഈ സാമ്പത്തിക വർഷം എത്ര തുക നൽകി;

(ഡി) മാവേലി സ്റ്റോറുകൾക്കും സൂപ്പർ മാർക്കറ്റുകൾക്കും പീപ്പിൾ ബസാറുകൾക്കും കാര്യക്ഷമമായ വിപണിയിടപെടലിന് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) നമ്മുടെ സംസ്ഥാനം പൂർണ്ണമായും ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ നമ്മൾ അഭിമുഖീകരിക്കുന്നുണ്ട്. കൂടാതെ ലോകം മാറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഓൺലൈൻ വ്യാപാരം, മൾട്ടി ലെവൽ വ്യാപാരം എന്നിവയുമായി ബന്ധപ്പെട്ട് സങ്കീർണ്ണമായ നിയമ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. സംസ്ഥാനത്ത് ഒരു ഉപഭോക്തൃ നയം നിലവിലില്ലാത്ത സാഹചര്യത്തിൽ ഇവയ്ക്കെല്ലാം പരിഹാരം കാണുന്നതിനായി ഒരു ഉപഭോക്തൃ നയം രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വിലവർദ്ധനവിന്റെ അടിസ്ഥാന കാരണം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യംചെയ്ത് പഠന വിധേയമാക്കുവാനും ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകുന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിക്കുന്നതിനും ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രൈസ് മോണിറ്ററിംഗ് സെൽ മെച്ചപ്പെടുത്തുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പുസെക്രട്ടറി ചെയർമാനായും, പൊതുവിതരണ വകുപ്പ് ഡയറക്ടർ കൺവീനറായും ജോയിന്റ് കമ്മീഷണർ ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, ജോയിന്റ് കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, കൺട്രോളർ ഓഫ് റേഷനിംഗ്, സിവിൽ സപ്ലൈസ് കമ്മിഷണറേറ്റ്, സ്റ്റേറ്റ് സെക്രട്ടറി, അഗ്രികൾച്ചർ സ്പൈസസ് ബോർഡ്, ഡയറക്ടർ (വി.എഫ്.പി.സി.കെ.), ടെക്നിക്കൽ ഡയറക്ടർ,(NIC) സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്, അഡീഷണൽ ഡയറക്ടറേറ്റ് (പ്രൈസസ്), എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, റിസർച്ച് ഓഫീസർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) കൃഷി വകുപ്പ് ജനറൽ മാനേജർ, ഹോർട്ടികോർപ്പ്, മാനേജർ (പർച്ചേസ്), സപ്ലൈകോ, മാനേജർ, ഇ-ഗവേണൻസ്, ഐ.റ്റി.മിഷൻ, അസിസ്റ്റന്റ് ഡയറക്ടർ, WTO സെൽ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി സംസ്ഥാനതല പ്രൈസ് മോണിറ്ററിംഗ് സെൽ വിപുലപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ 22 അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽനിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നൽകുകയും അവിടെനിന്ന് വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര ഉപഭോക്തൃകാര്യ പൊതുവിതരണ മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ ചേർക്കുകയും ചെയ്യും. വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുമുണ്ട്.

2017-18 സാമ്പത്തിക വർഷം വിപണി ഇടപെടൽ നടത്തുന്നതിനായി ബജറ്റിൽ 200 കോടി രൂപ സപ്ലൈകോയ്ക്ക് വകയിരുത്തിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനങ്ങൾ ഉൾപ്പെടെ ആകെ ഇരുപത്തെട്ടോളം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതിനുപരിയായി വിവിധ കാലയളവുകളിൽ 'അരിക്കട' എന്ന സംവിധാനം ഏർപ്പെടുത്തിയും ഉത്സവ കാലങ്ങളിൽ മെട്രോ ഫെയറും മാർക്കറ്റുകളും സംഘടിപ്പിച്ച് സാധാരണക്കാരന്റെ ആവശ്യകത നിറവേറ്റാൻ യത്നിക്കുന്നു. ഇദംപ്രഥമമായി സർക്കാർ നേരിട്ട് ഇടപെട്ട് ആന്ധ്രയിൽനിന്നും 6000 ടൺ അരി കേരളത്തിലെത്തിച്ച് വിതരണം നടത്തിയിരുന്നു. പൊതുവിതരണ ശൃംഖലയിലെ റേഷൻ സാധനങ്ങളുടെ മറിച്ചുവില്പന, തിരിമറി, പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തി വയ്പ് എന്നിവ തടയുന്നതിനായി നിരന്തര പരിശോധനകൾ നടത്തി നിത്യോപയോഗ സാധനങ്ങളുടെയും മറ്റ് അവശ്യ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. അതോടൊപ്പം കൺസ്യൂമർ ഫെഡ് നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ

മുഖേനയും അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കി വിതരണരംഗത്ത് ശക്തമായി ഇടപെടുന്നുണ്ട്. അരിവില നിയന്ത്രണാതീതമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമ ബംഗാളിൽനിന്നും അരികൊണ്ടുവന്ന് സംസ്ഥാനത്ത് വിതരണം ചെയ്ത് വിലകുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, ഇ-ത്രിവേണി സ്റ്റോറുകൾ മൊബൈൽ ത്രിവേണികൾ എന്നീ ഔട്ട്ലെറ്റുകൾവഴിയും പ്രാഥമിക സഹകരണ സംഘങ്ങളുടെ നീതി സ്റ്റോറുകൾ വഴിയും ഉത്സവ ചന്തകൾ വഴിയും വില്പന നടത്തി വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) 150 കോടി രൂപ

(ഡി) വിപണിയിടപെടലിന്റെ ഭാഗമായി മാവേലി സ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ മുതലായ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി 2017-18 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് ബജറ്റിൽ വകയിരുത്തിയ 200 കോടി രൂപയിൽ 150 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

## ഗ്യാസ് സിലിണ്ടറുകളുടെ സുരക്ഷാ പരിശോധന

12 (*432) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യത്തിനായി ലഭിക്കുന്ന ഗ്യാസ് സിലിണ്ടറുകളുടെ സുരക്ഷാ പരിശോധനയ്ക്ക് എന്ത് മാനദണ്ഡമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വളരെ പഴക്കമുള്ള സിലിണ്ടറുകൾ ഉപയോഗിക്കുന്നത് കാരണം റെഗുലേറ്റർ ഫിറ്റ് ചെയ്യുമ്പോൾതന്നെ ഗ്യാസ് ലീക്ക് ചെയ്ത് അപകടങ്ങൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വളരെ പഴക്കമുള്ള ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഗോഡൗണുകളിൽ ഗ്യാസ് സിലിണ്ടറുകളുടെ സുരക്ഷാ പരിശോധന ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഗാർഹിക ആവശ്യത്തിനായി ലഭിക്കുന്ന ഗ്യാസ് സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ചുതന്നെ ഗ്യാസ് നിറയ്ക്കുന്നതിനുമുമ്പും ഗ്യാസ് നിറച്ചതിനുശേഷവും വിശദമായ സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കുന്നു എന്നും ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം നടത്തുന്ന പരിശോധനയിൽ യോഗ്യമെന്നു കണ്ടെത്തുന്ന സിലിണ്ടർ മാത്രമേ ഉപയോഗിക്കുന്നുള്ളൂയെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) പാചക വാതക സിലിണ്ടറുകൾ പൊട്ടിത്തെറിച്ചും ലീക്ക് ചെയ്തും ഒറ്റപ്പെട്ട അപകടങ്ങൾ സംസ്ഥാനത്ത് സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന് കാരണം സിലിണ്ടറുകളുടെ പഴക്കംമൂലമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം പരിശോധനയ്ക്ക് വിധേയമാക്കേണ്ട സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽവച്ച് വേർതിരിക്കപ്പെടുകയും പിന്നീട് നടത്തുന്ന പരിശോധനയിൽ ഉപയോഗ യോഗ്യമെന്നു കണ്ടെത്തുന്ന സിലിണ്ടറുകളിൽ മാത്രമേ ഗ്യാസ് നിറയ്ക്കുന്നുള്ളൂയെന്നും നിയമപരമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത സിലിണ്ടറുകൾ ബോട്ടിലിംഗിന് ഉപയോഗിക്കുന്നില്ലായെന്നും ആയതുവഴി വളരെ പഴക്കമുള്ള സിലിണ്ടറുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഡി) ഗോഡൗണുകളിൽ ഗ്യാസ് സിലിണ്ടറുകളുടെ സുരക്ഷാ പരിശോധന ഉറപ്പാക്കുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രാക്ടീസും മാർഗ്ഗനിർദ്ദേശങ്ങളും നിലവിലുണ്ട്.

## ലൈറ്റ് മെട്രോ പദ്ധതികളുടെ പുരോഗതി

13 (*433) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികൾ യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു;

(ബി) കേരളം പദ്ധതി സമർപ്പിച്ചശേഷം മറ്റ് സംസ്ഥാനങ്ങൾ മെട്രോ പദ്ധതികളുമായി ഏറെ മുന്നോട്ട് പോയെങ്കിലും, സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും പദ്ധതിക്ക് അനുകൂലമായ നീക്കങ്ങൾ ഉണ്ടാകുന്നില്ല എന്ന ആക്ഷേപം പരിഹരിക്കുമോ;

(സി) 2017-ലെ കേന്ദ്ര സർക്കാരിന്റെ മെട്രോ നയം കേരളത്തിലെ പദ്ധതികളെ എങ്ങനെ ബാധിക്കും എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ 8-9-2016-ലെ ജി.ഒ. (എംഎസ്.)നമ്പർ 67/2016/പി.ഡബ്ല്യൂ.ഡി.പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഇതിനാവശ്യമായ 2.77 ഹെക്ടർ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി ചെലവ് തുക KIIFB സമാഹരിച്ച് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) വഴി പദ്ധതി നടപ്പിലാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. 2017 ആഗസ്റ്റ് മാസത്തിൽ കേന്ദ്ര സർക്കാർ പുറത്തിറക്കിയ പുതിയ മെട്രോ നയ പ്രകാരം നേരത്തെ സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതിരേഖകളിൽ ചില മാറ്റങ്ങൾ ആവശ്യമായി വന്നു. അതനുസരിച്ച് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി അനുബന്ധരേഖ ഡി.എം.ആർ.സി. തയ്യാറാക്കി 2017 ഡിസംബറിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അനുബന്ധരേഖകൾ പരിശോധിക്കാൻ ധനകാര്യ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ പരിശോധനയ്ക്കുശേഷം കേരള സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര അനുമതിക്കായി സമർപ്പിക്കുന്നതാണ്.

കൂടാതെ പ്രസ്തുത ഉത്തരവുപ്രകാരം കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 30-12-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 607/2016/റവന്യൂ ഉത്തരവ് പ്രകാരം 19.54.716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് 24-4-2017- ലെ സ.ഉ.(എംഎസ്.) നമ്പർ 132/2017/റവന്യൂ ഉത്തരവ് പ്രകാരം 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് സൗജന്യമായി അനുവദിച്ച് നൽകിയിട്ടുണ്ട്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം - കേശവദാസപുരം പാത വികസനത്തിനായി 16-1-2017-ലെ ജി.ഒ.(എംഎസ്.)നമ്പർ 79/2017/ പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രധാന പ്രാരംഭ പ്രവർത്തനമായ മാനാഞ്ചിറ-മീഞ്ചന്ത പാത വികസനത്തിനും 28-7-2017-ലെ

ജി.ഒ.(ആർ.ടി.)നമ്പർ 1108/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ശ്രീകാര്യത്ത് ഇതിന്റെ ഭാഗമായി സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കുകയും പൊതുതെളിവെടുപ്പ് (Public hearing) 10-3-2018-ൽ നടത്തുകയും ചെയ്തു.

(ബി) ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായശേഷം, പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മെട്രോ നയപ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ രൂപരേഖയിൽ വരുത്തിയ പ്രധാന മാറ്റങ്ങൾ താഴെ പറയുന്നു :

1. പദ്ധതിയിൽ ചെറിയ അളവിലെങ്കിലും സ്വകാര്യ പങ്കാളിത്തം കൊണ്ടുവരിക. പുതുക്കിയ പദ്ധതി രൂപരേഖ പ്രകാരം ഇത് lift, escalator, automatic fare collection എന്നീ ഇനങ്ങളിലേക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ആകെ 213 കോടി രൂപ മാത്രമാണ് ഇപ്രകാരം സ്വകാര്യ പങ്കാളിത്തത്തോടെ സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്.

2. ലൈറ്റ് മെട്രോ പദ്ധതികൾ ലാഭകരമായി നടപ്പിലാക്കുന്നതിനായി ടിക്കറ്റേതര വരുമാന മാർഗ്ഗങ്ങളായ Transit Oriented Development (TOD), Value Capture Finance (VCF) എന്നിവ നടപ്പിലാക്കുക. പുതുക്കിയ മെട്രോ റെയിൽ നയപ്രകാരമുള്ള മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കേരളത്തിലെ ലൈറ്റ് മെട്രോ പദ്ധതികളെ ദോഷകരമായി ബാധിക്കില്ലെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കുന്നതിന് നടപടി**

14(*434) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന ഭക്ഷ്യകമ്മീഷൻ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ഭക്ഷ്യകമ്മീഷൻ രൂപീകരിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ ഘടനയും ചുമതലകളും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ&ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 വകുപ്പ് 16 പ്രകാരം ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും അവലോകനം ചെയ്യുവാനും സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 21-8-2015-ലെ 23/15/ഭ.സി.സ.വ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 ലെ 18-ാം അനുഛേദ പ്രകാരം സംസ്ഥാന സർക്കാരിൽ നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി കമ്മീഷനെ ഫുഡ് കമ്മീഷനായി ചുമതലപ്പെടുത്താൻ കഴിയുമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 13-10-2016-ലെ 16/16/ഭ.സി.സ.വ.നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നിലവിൽവരുന്നത് വരെയുള്ള ചുമതല സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിന് നൽകിയിട്ടുണ്ട്. 2017-18-ലെ ബജറ്റിൽ ജില്ലാതല പരാതി പരിഹാര ഓഫീസുകൾ/സ്റ്റേറ്റ് ഫുഡ് കമ്മീഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി വകയിരുത്തിയിട്ടുള്ള 2.50 കോടി രൂപയിൽനിന്നും 73.5 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭക്ഷ്യഭദ്രതാ ചട്ടങ്ങൾക്ക് മന്ത്രിസഭയുടെ അംഗീകാരം കിട്ടിയ സാഹചര്യത്തിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കമ്മീഷന്റെ ഘടനയും ചുമതലകളും ഉദ്ദേശ്യലക്ഷ്യങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## തടവുകാരിൽ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ

15(*435) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുകാരിൽ കുറ്റവാസന ഇല്ലാതാക്കി മാനുഷികമൂല്യങ്ങൾ വളർത്തിയെടുത്ത് പൊതുസമൂഹത്തിൽ ജീവിക്കാൻ പ്രാപ്തമാക്കുന്ന രീതിയിൽ ജയിലുകളിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്വഭാവ പരിവർത്തനത്തിനും പുറത്തിറങ്ങുമ്പോൾ പുനരധിവാസം സാധ്യമാക്കുന്നതിനുമായി നൽകിവരുന്ന തൊഴിൽ പരിശീലനങ്ങൾ എന്തെല്ലാമെന്നും അതെങ്ങനെയെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ജയിലുകളിൽ ആകെ എത്ര പേരെ പാർപ്പിക്കുന്നതിന് സൗകര്യമുണ്ടെന്നും നിലവിൽ എത്ര പേരുണ്ടെന്നും അറിയിക്കാമോ;

(ഡി) ഈ സാഹചര്യത്തിൽ ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും ജയിലുകളുടെ നവീകരണത്തിനുമായി നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വെച്ച് ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും തദ്വാര സമൂഹത്തിലെ ഉത്തമ പൗരൻമാരായി ജീവിക്കുന്നതിനും സാധിക്കുന്നതിനുള്ള വിവിധ തൊഴിൽ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. അപ്രകാരം ജയിലുകളിൽനിന്നും വിവിധ തൊഴിലുകളിൽ പരിശീലനം ലഭിച്ച തടവുകാർക്ക് ജയിൽ മോചനത്തിനുശേഷം ടി തൊഴിലുകളെ ആശ്രയിച്ച് വരുമാനം കണ്ടെത്താവുന്നതാണ്. അതുവഴി അവരുടെ സമൂഹത്തിലെ പുനരധിവാസം എളുപ്പത്തിലാക്കുന്നതിന് സഹായകരമാകുന്നു. തൊഴിൽ പരിശീലന പരിപാടികൾ കൂടാതെ തടവുകാരുടെ മനഃപരിവർത്തനത്തിനായി ബോധവത്ക്കരണം നടത്തിവരുന്നു. സമൂഹത്തോടൊപ്പം ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ശിക്ഷാ തടവുകാർക്ക് അവരുടെ കുടുംബവും സമൂഹവുമായി നല്ല ബന്ധം നിലനിർത്തുന്നതിന് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് വിവിധ തരത്തിലുള്ള പരോളുകൾ നൽകിവരുന്നുണ്ട്.

(ബി) സ്വഭാവ പരിവർത്തനത്തിനും പുറത്തിറങ്ങുമ്പോൾ പുനരധിവാസം സാധ്യമാക്കുന്നതിനുമായി തടവുകാർക്ക് നൽകി വരുന്ന തൊഴിൽ പരിശീലനങ്ങൾ അനുബന്ധമായി ചേർക്കുന്നു.* വാർഷിക പദ്ധതി പ്രകാരം പ്രസ്തുത പരിശീലന പരിപാടികൾ ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖാന്തരം നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തെ ജയിലുകളിൽ ആകെ 6217 പേരെ പാർപ്പിക്കുന്നതിന് സൗകര്യമുണ്ട്. നിലവിൽ ആകെ 8028 തടവുകാർ ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ആകെയുള്ള 53 ജയിലുകളിൽ ഇരിങ്ങാലക്കുട സ്പെഷ്യൽ സബ്ജയിൽ, തിരുവനന്തപുരം വനിതാ തുറന്ന ജയിൽ എന്നിവ ഒഴികെയുള്ള എല്ലാ ജയിലുകളിലും സി.സി.റ്റി.വി. നിരീക്ഷണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്ടർ ഉണ്ട്. ജയിൽ ചാട്ടം തടയുന്നതിന് തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ വൈദ്യുതി വേലി സ്ഥാപിച്ചിട്ടുണ്ട്. ജയിലുകളെയും കോടതികളെയും ബന്ധപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും 3 സെൻട്രൽ ജയിലുകളിൽ TETRA Communication System എന്ന പേരിലുള്ള അത്യാധുനിക വയർലസ് കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കുന്ന പദ്ധതിയും പുരോഗമിച്ചു വരുന്നു.

വിവിധ ജയിലുകളിൽ 2016-17 സാമ്പത്തിക വർഷത്തിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. ആലപ്പുഴ, പത്തനംതിട്ട ജില്ലാ ജയിലുകളിൽ പുതിയ കെട്ടിട നിർമ്മാണം
2. എറണാകുളം ജില്ലാ ജയിൽ, വിയ്യൂർ ജില്ലാ ജയിൽ, ചാവക്കാട് സബ് ജയിൽ, കണ്ണൂർ സ്പെഷ്യൽ സബ് ജയിൽ, മൂവാറ്റുപുഴ സ്പെഷ്യൽ സബ് ജയിൽ എന്നിവിടങ്ങളിൽ അടുക്കള നവീകരണം.
3. ദേവികുളം സ്പെഷ്യൽ സബ് ജയിലിന്റെ സംരക്ഷണ ഭിത്തിയുടെ നവീകരണം
4. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ പ്രാർത്ഥനാ ഹാളുകൾ നിർമ്മാണം
5. 3 സെൻട്രൽ ജയിലുകളിലും കുടിവെള്ള ശുദ്ധീകരണത്തിനായി RO പ്ലാന്റ് സ്ഥാപിക്കൽ
6. സെൻട്രൽ ജയിലുകളിൽ പവർ ലോൺട്രി സ്ഥാപിക്കൽ.

വിവിധ ജയിലുകളിൽ 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. ചീമേനി തുറന്ന ജയിലിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം, ബാരക്ക് നിർമ്മാണം
2. മാനന്തവാടി, കോഴിക്കോട് ജില്ലാ ജയിലുകളിൽ ക്വാർട്ടേഴ്സ് നിർമ്മാണം
3. വിയ്യൂർ സെൻട്രൽ ജയിലിൽ മൾട്ടി പർപ്പസ് ആഡിറ്റോറിയം നിർമ്മാണം.

4. വിവിധ ജയിലുകളുടെ അറ്റകുറ്റപ്പണികൾ
5. വിവിധ ജയിലുകളിൽ അടുക്കള നവീകരണം
6. സി.സി.ടി.വി. സംവിധാനം, പബ്ലിക് അഡ്രസ് സിസ്റ്റം, പവർ ലോൺട്രി, ഇന്റർവ്യൂ ഹാൾ നിർമ്മാണം.

**കേസന്വേഷണവും ക്രമസമാധാനപാലനവും കാര്യക്ഷമമാക്കുന്നതിന് നടപടി**

16(*436) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ട ശ്രീജീവിന്റെ മരണത്തെക്കുറിച്ച് സംസ്ഥാന സർക്കാർ അന്വേഷണം ആവശ്യപ്പെട്ടപ്പോൾ സി.ബി.ഐ. സ്വീകരിച്ച നിലപാട് എന്തായിരുന്നു;

(ബി) സംസ്ഥാനത്തെ ചില രാഷ്ട്രീയ കേസ്സുകൾ ഏറ്റെടുക്കുന്നതിന് സി.ബി.ഐ. കാണിക്കുന്ന അമിതമെന്നു തോന്നിപ്പിക്കുന്ന താല്പര്യം, പ്രസ്തുത ഏജൻസിയെ കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഏജൻസിയായി ജനങ്ങൾക്ക് തോന്നിപ്പിക്കാനിടയുള്ള സാഹചര്യത്തിൽ സംസ്ഥാന പോലീസിന്റെ ആത്മവീര്യം തകർക്കുന്ന ഇത്തരം പക്ഷപാതപരമായ നടപടികൾ ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) സംസ്ഥാനത്ത് കേസന്വേഷണവും ക്രമസമാധാനപാലനവും കൂടുതൽ മികവുറ്റതാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) ശ്രീജീവിന്റെ മരണത്തെക്കുറിച്ച് മുൻസർക്കാർ സി.ബി.ഐ.-യോട് അന്വേഷണം ആവശ്യപ്പെട്ടിട്ടില്ല. ഈ സർക്കാരാണ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് കൊണ്ട് കേന്ദ്ര സർക്കാരിന് കത്തയച്ചത്.

(ബി) ആർ.എസ്.എസ്.- ബി.ജെ.പി പ്രവർത്തകർ പ്രതികളായ ഏഴ് കേസുകൾ സി.ബി.ഐ.-ക്ക് വിടണമെന്ന് ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഹർജി വന്നപ്പോൾ കോടതി ആവശ്യപ്പെടാതെ തന്നെ കേസ് ഏറ്റെടുക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചതും അതിനേക്കാൾ പ്രമാദമായതും സർക്കാർ കൈമാറിയതുമായ പല കേസ്സുകളിലും കോടതികൾ അഭിപ്രായം തേടുമ്പോൾ കേസുകളുടെ ബാഹുല്യം സി.ബി.ഐ. ഏറ്റെടുക്കേണ്ടുന്ന പ്രാധാന്യമില്ലെന്ന കാരണത്താൽ പുതിയ കേസ്

ഏറ്റെടുക്കാൻ നിർവ്വാഹമില്ലെന്ന നിലപാടെടുക്കുകയും ചെയ്യുന്നത് പക്ഷപാതം എന്ന നിലയിലാണ് പൊതുവെ വിലയിരുത്തപ്പെട്ടത്.

(സി) സംസ്ഥാനത്തെ പോലീസ് സേനയെ കാര്യക്ഷമമാക്കി ക്രമസമാധാനം നിലനിർത്തുന്നതിനും, കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 21-10-2017 ലെ സ.ഉ.(എംഎസ്.) 211/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സംവിധാനം ആരംഭിക്കുകയും അവരുടെകീഴിൽ ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി ഓരോ സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. സൈബർ സെൽ, ഫോറൻസിക് വിഭാഗം തുടങ്ങിയവയുടെയും മറ്റ് സാങ്കേതികവിദ്യകളുടെയും സഹായത്തോടെ സംസ്ഥാന പോലീസ് കേസന്വേഷണം ശാസ്ത്രീയമായും ഫലപ്രദമായും നടപ്പാക്കിവരുന്നു. പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് തെളിയിക്കപ്പെടാനാകാത്ത നിരവധി കേസുകൾ തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. മയക്കുമരുന്ന്, ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗവും വിപണനവും തടയുന്നതിന് സംസ്ഥാനത്ത് ആന്റി നാർക്കോട്ടിക്സ് സെൽ ശക്തവും കാര്യക്ഷമവുമായി പ്രവർത്തിച്ചുവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ, ചൈൽഡ് ഹെൽപ്പ് ലൈൻ, ക്രൈം സ്റ്റോപ്പർ, സൈബർ സെൽ, വനിതാ സെൽ, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, റിസപ്ഷൻ സംവിധാനം, ജനമൈത്രി പോലീസ്, സീനിയർ സിറ്റിസൺ, വനിതാ ഹെൽപ്പ് ഡെസ്ക്, പോലീസ് സ്റ്റേഷനുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള സി.സി.റ്റി.എൻ.എസ്. സംവിധാനം, പോലീസ് സ്റ്റേഷൻ ജീപ്പുകളിൽ സ്ഥാപിച്ചിട്ടുള്ള ജി.പി.എസ്. സംവിധാനം, ക്രൈം മാപ്പിംഗ് തുടങ്ങിയ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക വഴി ക്രമസമാധാനം മികവുറ്റതാക്കാൻ സംസ്ഥാന പോലീസിന് കഴിഞ്ഞിട്ടുണ്ട്.

## ജൈവ ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നതിന് നിയന്ത്രണം

17(* T 437) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കൾ ജൈവം എന്ന പേരിൽ വിൽക്കുന്നതിന് ദേശീയ ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പൂർണ്ണമായും ജൈവ രീതിയിൽ വിളയിച്ചതോ ഉത്പാദിപ്പിച്ചതോ ആയ ഭക്ഷ്യ വസ്തുക്കൾക്ക് മാത്രമാണോ ജൈവം എന്ന പേരിൽ വിൽക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ചുമതലപ്പെട്ട ഒരു സ്ഥാപനത്തിന്റെ സാക്ഷ്യപത്രമില്ലാതെ ജൈവം എന്ന പേരിൽ ഉത്പന്നങ്ങൾ വിൽക്കുവാൻ കഴിയുകയില്ലെന്ന വസ്തുത ചെറുകിട ജൈവ കർഷകരെയും ഉത്പാദകരെയും ബുദ്ധിമുട്ടിലാക്കിയിട്ടുള്ള സാഹചര്യം നിലനിൽക്കെ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ):

(എ) ഭക്ഷ്യ വസ്തുക്കൾ ജൈവം എന്ന പേരിൽ വിൽക്കുന്നതിന് ദേശീയ ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ടി നിബന്ധനകൾ അടങ്ങിയ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ഓർഗാനിക് ഫുഡ്സ്) റെഗുലേഷൻസ് 2017, 1-7-2018-ൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ.

(ബി) പി.ജി.എസ്. സർട്ടിഫിക്കേഷനിലൂടെയും തേഡ് പാർട്ടി സർട്ടിഫിക്കേഷനിലൂടെയും വിളയിച്ചെടുക്കുന്ന ഉല്പന്നങ്ങൾ മാത്രമേ ജൈവം എന്ന പേരിൽ വിൽക്കുവാൻ പാടുള്ളൂ. FSSAI-യുടെ 29-12-2017-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ CPB/03/Standards/FSSAI/2016 പ്രകാരമുള്ള ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ഓർഗാനിക് ഫുഡ്സ്) റെഗുലേഷൻസ് 2017 പാലിക്കുന്ന ഭക്ഷ്യ വസ്തുക്കൾ മാത്രമേ 1-7-2018 മുതൽ ജൈവം എന്ന നിർവ്വചനത്തിൽ വരികയുള്ളൂ.

(സി) പി.ജി.എസ്. സർട്ടിഫിക്കേഷൻ, തേഡ് പാർട്ടി സർട്ടിഫിക്കേഷൻ കൂടാതെ ജി.എ.പി. സർട്ടിഫിക്കേഷൻ എന്നിവയാണ് പ്രധാനമായും ജൈവ ഉല്പന്നങ്ങൾക്ക് നൽകിവരുന്ന സർട്ടിഫിക്കറ്റുകൾ. പ്രസ്തുത സർട്ടിഫിക്കേഷനില്ലാതെ ജൈവ ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ അനുവദിച്ചാൽ അത് ഉല്പന്നങ്ങളുടെ ഗുണനിലവാരത്തെ ബാധിക്കുമെന്നതിനാലാണ് സർട്ടിഫിക്കേഷൻ നിർബന്ധിതമാക്കിയിട്ടുള്ളത്.

## പോലീസ് സേനയെ മികവുറ്റതാക്കാനുള്ള നടപടികൾ

18(*438) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി പോലീസിൽ വെവ്വേറെ വിഭാഗങ്ങൾ രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രമാദമായ കേസ്സുകളുടെ അന്വേഷണം കേന്ദ്ര അന്വേഷണ ഏജൻസിയെ ഏൽപ്പിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ;

(സി) കേസ് അന്വേഷണത്തിൽ സംസ്ഥാന പോലീസ് മികവുറ്റതാണെന്നത് വസ്തുതയാണെങ്കിലും ചില പ്രത്യേക സാഹചര്യങ്ങളിൽ കേസന്വേഷണം ശരിയായി നടത്തുന്നതിലും നിയമ പരിപാലനം ഉറപ്പാക്കുന്നതിലും കേരള പോലീസ് പരാജയപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ക്രമസമാധാനപാലനവും കേസന്വേഷണവും മികവുറ്റതാക്കുന്നതിന് 21-10-2017-ലെ സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 211/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാരുടെ ചാർജ്ജ് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുള്ളതും സ്റ്റേഷനുകളിലെ സേനാംഗങ്ങളെ ക്രമസമാധാന പാലനത്തിനും കേസന്വേഷണത്തിനുമായി വേർതിരിച്ച് നൽകിയിട്ടുള്ളതും ആകുന്നു. ഇപ്രകാരം 203 പോലീസ് ഇൻസ്പെക്ടർമാർ എസ്.എച്ച്.ഒ.-മാരായി ചുമതല വഹിച്ചു വരുന്നു. ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരാകുമ്പോൾ കേസന്വേഷണവും ഗൗരവമുള്ള പരാതികളും തീർപ്പാക്കുന്നതിന് അവരുടെ അനുഭവസമ്പത്തും പരിജ്ഞാനവും ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർമാർ ചുമതല വഹിക്കുന്നതിലൂടെ പോലീസ് സ്റ്റേഷനുകളുടെ ഭരണ നിർവ്വഹണവും, കാര്യക്ഷമതയും മെച്ചപ്പെട്ടതിനുപുറമേ സബ് ഇൻസ്പെക്ടർമാരുടെ ജോലിഭാരം കുറയുകയും കാര്യക്ഷമത വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ക്രമസമാധാനപാലനവും കേസന്വേഷണവും വേർതിരിക്കുക വഴി പോലീസ് സേവനത്തിൽ പ്രൊഫഷണലിസം കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. പോലീസ് സേനയുടെ അംഗബലത്തിലെ അപര്യാപ്തത പ്രസ്തുത പദ്ധതി പൂർണ്ണമായ രീതിയിൽ നടപ്പിലാക്കാൻ തടസ്സമാകുന്നുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കേസ് അന്വേഷണത്തിൽ സംസ്ഥാന പോലീസ് മികവുറ്റതാണെന്ന വസ്തുത അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായ കുറ്റാന്വേഷണ രീതി അവലംബിച്ചു കൊണ്ട് ക്ലേശകരമായ കേസ് അന്വേഷണം പൂർത്തിയാക്കുന്നതിനും നിയമപരിപാലനം ഉറപ്പാക്കുന്നതിനും പോലീസ് പരമാവധി ക്രിയാത്മകമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രമാദമായ കേസ്സുകളുടെ അന്വേഷണം ബഹു.കോടതിയുടെ നിർദ്ദേശ പ്രകാരമോ, പൊതുജന താല്പര്യാർത്ഥമോ സർക്കാർ തീരുമാനപ്രകാരമോ സംസ്ഥാന പോലീസിന്റെ അധികാരപരിധിക്ക് പുറത്തുള്ള കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടതോ ആയ കേസുകളിലാണ് കേന്ദ്ര അന്വേഷണ ഏജൻസിയെ ഏൽപ്പിക്കുന്ന സാഹചര്യം ഉണ്ടാകുന്നത്. അത്തരം സാഹചര്യങ്ങൾ ഇല്ലാത്ത കേസുകളിൽ കേന്ദ്ര ഏജൻസികളുടെ ഇടപെടൽ ആവശ്യമില്ല.

(സി) കേസന്വേഷണം ശരിയായി നടത്തുന്നതിലും നിയമപരിപാലനം ഉറപ്പാക്കുന്നതിലും കേരള പോലീസ് പരാജയപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇന്ത്യയിലെ ഏതൊരു അന്വേഷണ ഏജൻസിക്കൊപ്പവും മികവുറ്റ പ്രവർത്തനം കേസന്വേഷണത്തിൽ കാഴ്ചവയ്ക്കുന്ന മാതൃകാപരമായ സേനാവിഭാഗമാണ് കേരള പോലീസ്. ഈ അടുത്ത കാലത്ത് നടന്ന പ്രമാദമായ ഒട്ടേറെ കേസുകൾ ചുരുങ്ങിയ കാലംകൊണ്ട് ഫലപ്രദമായി അന്വേഷിച്ച് കുറ്റവാളികളെ നിയമത്തിനുമുന്നിൽ എത്തിക്കാൻ കേരള പോലീസിന് കഴിഞ്ഞിട്ടുണ്ട്. കേരള പോലീസിലേയ്ക്ക് പോലീസ് കോൺസ്റ്റബിൾ, എസ്.ഐ. തുടങ്ങിയ തസ്തികകളിലേയ്ക്കായി നടക്കുന്ന 9 മാസം മുതൽ 1 വർഷം വരെയുള്ള പരിശീലന കാലയളവിൽ കുറ്റാന്വേഷണം സംബന്ധിച്ചും ബന്ധപ്പെട്ട വിവിധ നിയമങ്ങളെ സംബന്ധിച്ചും പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ കാലാകാലങ്ങളിൽ മേൽവിഷയങ്ങളിൽ റിഫ്രഷർ കോഴ്സുകളും നടത്തിവരുന്നുണ്ട്. ഈ വർഷം ട്രെയിനിംഗ് വർഷമായി പ്രഖ്യാപിച്ച് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും വിവിധ വിഷയങ്ങളിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കുറ്റാന്വേഷണം ഉൾപ്പെടെയുള്ള പ്രധാന വിഷയങ്ങളിൽ സി.ഐ. മുതലുള്ള മേലുദ്യോഗസ്ഥർക്ക് പ്രാഗൽഭ്യം വർദ്ധിപ്പിക്കുന്നതിന് കേരള പോലീസ് അക്കാഡമി, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിലായി പുതിയ പരിശീലന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ കാലോചിതമായി ട്രെയിനിംഗ് സിലബസ്സ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ വികസനം

19(*439) ശ്രീ. കെ. ദാസൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. ജോയി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; എയർപോർട്ടിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) വിമാനത്താവള പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായും റോഡ് കണക്ടിവിറ്റിക്കായും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കോഴിക്കോട്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുപ്പ് പ്രവർത്തനങ്ങൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട്; പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയും, ഏപ്രണം (വിമാന പാർക്കിംഗ് ഏരിയ) 100% പൂർത്തിയായി. 07 RE Wall-ഉം അനുബന്ധ പ്രവർത്തികളായ ചുറ്റമതിൽ, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്ക് മുതലായ പ്രവൃത്തികളും 2018 ഫെബ്രുവരി മാസത്തോടുകൂടി പൂർത്തിയായി. പാരലൽ ടാക്സിവേ ട്രാക്ക് 98% പൂർത്തിയായിട്ടുണ്ട്. പാസഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധപ്രവർത്തികളും 95% പൂർത്തിയായി. പാസഞ്ചർ ടെർമിനൽ ബിൽഡിംഗ് പ്രവർത്തി (ടെസ്റ്റിംഗും കമ്മീഷനിംഗും ഉൾപ്പെടെ) 2018 ജനവരി മാസത്തിൽ പൂർത്തിയായി. പാസഞ്ചർ ടെർമിനലിന്റെ അനുബന്ധപ്രവൃത്തികളായ എയർ ട്രാഫിക് കൺട്രോൾ ടവർ, അകത്തും പുറത്തുമുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്ഥാപിക്കൽ, എയർ കണ്ടീഷൻ പ്രവർത്തി, പ്ലംബിംഗ്, ഫയൽ അലാറം, അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി.ടി.വി സ്ഥാപിക്കൽ, പബ്ലിക് അവെയർനെസ് സിസ്റ്റം മുതലായവയുടെ പ്രവൃത്തി പൂർത്തിയായി. കാർഗോ കോംപ്ലക്സ്, സി.ഐ.എസ്.എഫ്. ബാരക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നീ നിർമ്മാണ പ്രവർത്തികൾ ടെണ്ടർ നടപടിയിലാണ്. വാണിജ്യ സ്ഥാപനങ്ങൾ അനുവദിക്കൽ, ഹോട്ടൽ, കാറ്ററിംഗ് സർവ്വീസ് ബസ്/കാർ/ടാക്സി

പാർക്കിംഗ് സംവിധാനം വൈഫൈ സംവിധാനം, ബാഗേജ് ട്രോളി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018 സെപ്റ്റംബറിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനുള്ളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ റൺവേ നിർമ്മാണത്തിനും ടെർമിനൽ ബിൽഡിംഗ് നിർമ്മാണത്തിനുമുള്ള ടെണ്ടർ ചെയ്ത പ്രവർത്തികളിലുൾപ്പെടുന്നുണ്ട്. ഇതുകൂടാതെയുള്ള മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ താഴെപ്പറയും പ്രകാരം പുരോഗമിക്കുകയാണ്. ടെണ്ടർ നടപടിയിലൂടെ ഏജൻസിയെ കണ്ടെത്തിയ പ്രവർത്തിയുടെ പേരും ഏജൻസിയുടെ പേരും താഴെ പറയും പ്രകാരമാണ് :

| | | |
|---|---|---|
| 1 | ഫർണീച്ചർ വിതരണം | M/s. Godrej and Boyce Mfg. Com.Ltd. Mumbai |
| 2 | പാസഞ്ചർ ബാഗേജ് ട്രോളി വിതരണം | M/s. Anand Industries, Velappanchavady, Chennai |
| 3 | ഫോറിൻ എക്സ്ചേഞ്ച് കൗണ്ടർ | M/s. Centrum Direct Limited |
| 4 | സോഷ്യൽ മീഡിയ പ്രൊമോഷൻ | M/s. Maitri Advertising |

ഇവ കൂടാതെ, വെബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനും വികസനം, ഫുഡ് ആന്റ് ബീവറേജ് ഔട്ട് ലെറ്റ്, ടെർമിനൽ ബിൽഡിംഗിന് പുറത്തുള്ള ഹൗസ് കീപ്പിംഗ്, ടെർമിനൽ ബിൽഡിംഗിന് അകത്തുള്ള ഹൗസ് കീപ്പിംഗ്, ടെർമിനൽ ബിൽഡിംഗിലെ ടോയ്ലെറ്റ് ബ്ലോക്ക്, വിശ്രമ മുറി, കുട്ടികളെ പരിപാലിക്കുന്ന സ്ഥലം, കാവൽക്കാരുടെ മുറി എന്നിവയുടെ ഹൗസ് കീപ്പിംഗ്, എ.ടി.എം. കൗണ്ടർ, ലൈൻ മെയിന്റനൻസ്, അഡ്വർടൈസിംഗ് കൺസഷൻ, ഓപ്പറേഷണൽ റെഡിനസ് ആക്റ്റിവേഷൻ ആന്റ് ട്രാൻസിഷൻ ഐ.എസ്.ഒ. ഡ്യൂട്ടി ഫ്രീ, റീട്ടെയിൽ ഔട്ട്ലെറ്റ്സ്, ഇൻഫ്ലൈറ്റ് കാറ്ററിംഗ്, മെഡിക്കൽ എമർജൻസി സർവ്വീസസ്, ബാഗേജ് റാപ്പിംഗ്, പെയ്ഡ് പോർട്ടർ മീറ്റ് ആന്റ് ഗ്രീറ്റ് സർവ്വീസസ്, ബാഗേജ് ട്രോളി റിട്രീവൽ, വയർലെസ് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സർവ്വീസസ് (വൈഫൈ) എന്നീ പ്രവർത്തികളുടെ ടെണ്ടർ നടപടി പുരോഗതിയിലാണ്. താഴെപറയുന്ന റോഡുകൾ 6 വരിപ്പാതയായും 4 വരിപ്പാതയായും 2 വരിപ്പാതയായും വികസിപ്പിക്കു ന്നതിന് ഉത്തരവായിട്ടുണ്ട്.

| | | |
|---|---|---|
| 1 | കണ്ണൂർ | മട്ടന്നൂർ (6 വരി) |
| 2 | തലശ്ശേരി | മട്ടന്നൂർ (4 വരി) |
| 3 | പയ്യന്നൂർ | മട്ടന്നൂർ (4 വരി) |
| 4 | കർണാടക ബോർഡർ | മട്ടന്നൂർ (4 വരി) |
| 5 | തലശ്ശേരി-അഞ്ചരക്കണ്ടി | മട്ടന്നൂർ (4 വരി) |
| 6 | വയനാട് | മട്ടന്നൂർ (4 വരി) |
| 7 | നാദാപുരം | തലശ്ശേരി (2 വരി) |
| 8 | മാഹി | മുഴപ്പിലങ്ങാട് (4 വരി) |

തുടർന്ന് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. തലശ്ശേരി-കൊടുവള്ളി-മമ്പറം-അഞ്ചരക്കണ്ടി-മട്ടന്നൂർ എയർപോർട്ട് റോഡ് (24.50 കി.മി)
2. കുറ്റ്യാടി-നാദാപുരം-പെരിങ്ങത്തൂർ-മേക്കുന്ന്-പാനൂർ-പൂക്കോട്ട്-കൂത്തുപറമ്പ്-മട്ടന്നൂർ റോഡ് (53.15 കി.മി)
3. മാനന്തവാടി-ബോയ്സ് ടൗൺ-പേരാവൂർ-ശിവപുരം-മട്ടന്നൂർ റോഡ് (63.50 കി.മി)
4. കൂട്ടുപ്പുഴപാലം-ഇരിട്ടി-മട്ടന്നൂർ-വായാന്തോട് റോഡ് (32.00 കി.മി)
5. മേലെ ചൊവ്വ- ചാലോട്- വായാന്തോട്- മട്ടന്നൂർ എയർപോർട്ട് റോഡ് (26.30 കി.മി)
6. തളിപ്പറമ്പ- ചെറക്കള- നാണിശ്ശേരിക്കടവ് പാലം- മയ്യിൽ - ചാലോട് റോഡ് (27.20 കി.മി)

(സി) നിലവിൽ കോഴിക്കോട് വിമാനത്താവള വികസനത്തിനായി ഫണ്ടുകൾ ഒന്നും വകയിരുത്തിയിട്ടില്ല. കൂടാതെ പുനരധിവാസ പാക്കേജും പ്രഖ്യാപിച്ചിട്ടില്ല. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ ചാർജ്ഡ്, വോട്ടഡ് ഇനങ്ങളിലായി 1,000 രൂപ വീതം ടോക്കൺ ആയി വകയിരുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല.

## ലൈറ്റ് മെട്രോ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി

20(*440) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈറ്റ് മെട്രോ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽനിന്നും ഡി.എം.ആർ.സി. പിൻവാങ്ങിയിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാരിന്റെ അലംഭാവത്തെ തുടർന്നാണ് പദ്ധതിയിൽ നിന്ന് പിൻമാറുന്നതെന്ന് ഡി.എം.ആർ.സി.-യുടെ മുഖ്യ ഉപദേഷ്ടാവ് പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാരിന്റെ ഭാഗത്തുണ്ടായ അലംഭാവം എന്തൊക്കെയാണ്;

(ഡി) പ്രസ്തുത പദ്ധതിയിൽ നിന്നും പിൻമാറുന്നതായി അറിയിച്ചുകൊണ്ട് 16-2-2018-ൽ ഡി.എം.ആർ.സി. കത്ത് നൽകിയിട്ടുണ്ടോ; പ്രസ്തുത കത്തിൽ പിൻമാറാനുള്ള കാരണം കാണിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഡി.എം.ആർ.സി.-യുമായി ഉണ്ടാക്കിയ കരാർ കാലാവധി അവസാനിക്കുകയാണ് ഉണ്ടായതെന്നും അവർ പിൻമാറുകയല്ല ചെയ്തതെന്ന നിലപാട് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഡി.എം.ആർ.സി.-യുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ജി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ ഡി.എം.ആർ.സി.-യുടെ പിൻമാറ്റത്തെ തുടർന്ന് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്യെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ്

മെട്രോ പദ്ധതികൾക്ക് 11-9-2015 ലെ ജി.ഒ. (എംഎസ്) 74-2015 പി.ഡബ്ല്യൂ.ഡി. പ്രകാരം 6728 കോടി (തിരുവനന്തപുരം 4219 കോടി +കോഴിക്കോട് 2509 കോടി) രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദരൂപരേഖകളും മറ്റ് വിശദവിവരങ്ങളും 2015 സെപ്റ്റംബറിൽ സമർപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ പദ്ധതി രൂപരേഖയുടെ പരിശോധനയുടെ ഭാഗമായി വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും അഭിപ്രായങ്ങളും സംശയങ്ങളും കേരള സർക്കാരിനെ അറിയിക്കുകയും അവയ്ക്ക ല്ലാം മറുപടി/വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. 2017 ആഗസ്റ്റ് മാസത്തിൽ കേന്ദ്ര സർക്കാർ പുറത്തിറക്കിയ പുതിയ മെട്രോ നയം പ്രകാരം നേരത്തെ സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതി രേഖകളിൽ ചില മാറ്റങ്ങൾ ആവശ്യമായി വന്നു. അതനുസരിച്ച് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി അനുബന്ധരേഖ ഡി.എം.ആർ.സി. തയ്യാറാക്കി 2017 ഡിസംബറിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അനുബന്ധ രേഖകൾ പരിശോധിക്കാൻ ധനകാര്യ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ പരിശോധനയ്ക്കുശേഷം കേന്ദ്ര അനുമതിക്കായി സമർപ്പിക്കുന്നതാണ്. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ 8-9-2016 -ലെ ജി.ഒ.(എംഎസ്.) നമ്പർ 67-2016-പി.ഡബ്ല്യൂ.ഡി. പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഇതിനാവശ്യമായ 2.77 ഹെക്ടർ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി ചെലവ് തുക KIIFB സമാഹരിച്ച് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച SPV ആയ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) വഴി പദ്ധതി നടപ്പിലാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവു പ്രകാരം കോഴിക്കോട് ലൈറ്റ് മോട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ ഡിപ്പോ/ യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 30-12-2016-ലെ സ.ഉ. (എംഎസ്.)നമ്പർ 607-2016-റവ പ്രകാരം 19.54.716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് 24-4-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 132-2017-റവ. പ്രകാരം 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് സൗജന്യമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം- കേശവദാസപുരം പാത വികസനത്തിനായി 16-1-2017-ലെ ജി.ഒ.(എംഎസ്.) നമ്പർ 79-2017-പി.ഡബ്ല്യൂ.ഡി പ്രകാരം ഭരണാനുമതി നൽകി

യിട്ടുണ്ട്. കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രധാന പ്രാരംഭ പ്രവർത്തനമായ മാനാഞ്ചിറ-മീഞ്ചന്ത പാത വികസനത്തിനും 28-7-2017-ലെ ജി.ഒ.(ആർ.ടി.)നമ്പർ 1108-2017- പി.ഡബ്ല്യൂ.ഡി, പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ശ്രീകാര്യത്ത് ഇതിന്റെ ഭാഗമായി സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കുകയും പൊതു തെളിവെടുപ്പ് (Public hearing) 10-3-2018-ൽ നടത്തുകയും ചെയ്തു.

(ബി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽനിന്ന് പിൻവാങ്ങുന്നതായി ഡി.എം.ആർ.സി. 16-2-2018-ൽ അറിയിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽനിന്ന് പിൻവാങ്ങാനുള്ള ഒരു കാരണമായി ഡി.എം.ആർ.സി. അറിയിച്ചത് സർക്കാരിന് പദ്ധതിയിൽ താല്പര്യക്കുറവ് ആരോപിച്ചാണ്. എന്നാൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ കാര്യത്തിൽ സർക്കാർ യാതൊരു അലംഭാവവും കാണിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയായതിനാൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായശേഷം മറ്റ് തുടർ നടപടികൾ സ്വീകരിക്കാം എന്നാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ പ്രാരംഭ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

(ഡി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽനിന്ന് പിൻവാങ്ങുന്നതായി അറിയിച്ചുകൊണ്ടുള്ള 16-2-2018-ലെ കത്ത് ഡി.എം.ആർ.സി.-യുടെ മുഖ്യ ഉപദേഷ്ടാവ് ശ്രീ. ഇ. ശ്രീധരൻ നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ ജോലികൾ സംബന്ധിച്ച കരാർ ഒപ്പു വയ്ക്കാത്തതാണ് ഡി.എം.ആർ.സി. ഓഫീസ് പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള കാരണങ്ങളിലൊന്നായി അവർ അറിയിച്ചത്. മറ്റൊരു കാരണമായി ഡി.എം.ആർ.സി. ചൂണ്ടിക്കാണിച്ചിട്ടുള്ളത് ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്ര അനുമതി ലഭ്യമാക്കുന്നതിൽ, സംസ്ഥാന സർക്കാർ പ്രകടിപ്പിക്കുന്ന താല്പര്യക്കുറവാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയപ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്തി ഡി.എം.ആർ.സി. പുതുക്കി സമർപ്പിച്ച ലൈറ്റ് മെട്രോ പദ്ധതി രേഖ നിലവിൽ ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി പരിശോധിച്ചു വരികയാണ്. സമിതിയുടെ പരിശോധനയ്ക്കുശേഷം കേരള സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ഇ) ലൈറ്റ് മെട്രോ പദ്ധതികൾക്ക് മുന്നോടിയായുള്ള പ്രാരംഭ ജോലികൾക്കായുള്ള ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ടുള്ള കരാർ 20-1-2016-ന് ഒപ്പുവച്ചു. ഈ കരാറിന്റെ കാലാവധി 2016 ഡിസംബറിൽ അവസാനിച്ചു. അതിൻ പ്രകാരമുള്ള പ്രധാന ജോലികൾ (സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ, ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും, പൈപ്പുകളും കേബിളുകളും മാറ്റിസ്ഥാപിക്കാനുള്ള രൂപരേഖ, ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും എന്നിവ) അവർ പൂർത്തിയാക്കുകയും രേഖകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രധാന പ്രാരംഭ ജോലികളായ മേൽപ്പാലങ്ങളുടെ നിർമ്മാണം, പാതാ വികസനം എന്നിവയുടെ കരാർ ഡി.എം.ആർ.സി.-യുമായി ഒപ്പുവച്ചിട്ടില്ല. ഇക്കാരണത്താലാണ് അവർ പദ്ധതിയിൽനിന്ന് പിൻമാറുന്നതായി അറിയിച്ചത്.

(എഫ്) നിലവിൽ ഡി.എം.ആർ.സി.-യുമായി കരാറൊന്നും ഇല്ല.

(ജി) കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയപ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്തി ഡി.എം.ആർ.സി. പുതുക്കി സമർപ്പിച്ച ലൈറ്റ് മെട്രോ പദ്ധതി രേഖ നിലവിൽ ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി പരിശോധിച്ചുവരികയാണ്. സമിതിയുടെ പരിശോധനയ്ക്കുശേഷം കേരള സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര അനുമതിക്കായി സമർപ്പിക്കുന്നതാണ്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

## കോസ്റ്റൽ പോലീസിനെ ശക്തിപ്പെടുത്താൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതി

21(*441) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കോസ്റ്റൽ പോലീസിനെ ശക്തിപ്പെടുത്താൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) കോസ്റ്റൽ പോലീസിലേക്ക് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ നിന്നും പ്രത്യേക നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് ഇത്തരത്തിൽ നിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പുതുതായി ആരംഭിച്ച കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടവും യാനങ്ങളും സുരക്ഷാ ഉപകരണങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കോസ്റ്റൽ പോലീസിനെ ശക്തിപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. തീരദേശ പോലീസ് സ്റ്റേഷനിലെ സേനാംഗങ്ങളെയും, യാനങ്ങളെയും ബോട്ട് പട്രോളിംഗിനും ബീറ്റ് പട്രോളിംഗിനും നിയോഗിക്കുവാൻ തീരദേശ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനിലെ പോലീസുകാരെ അടുത്ത പോലീസ് സ്റ്റേഷനുകളിലെ ക്രമസമാധാന ചുമതലയ്ക്കായി നിയോഗിക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, ജോയിന്റ് ഓപ്പറേഷൻ സെന്റർ, ഫിഷറീസ് വകുപ്പ് മുതലായ തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുള്ളതും ടി ഏജൻസികളുമായി നിരന്തരം ബന്ധപ്പെടുന്നത് ഊർജ്ജിതമാക്കിയിട്ടുള്ളതുമാണ്. ഡിസാസ്റ്റർ മാനേജ്മെന്റ്, കാലാവസ്ഥ പഠനവുമായി ബന്ധപ്പെട്ടുള്ള വകുപ്പുകൾ എന്നിവ നൽകുന്ന സന്ദേശങ്ങളിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ തീരദേശ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോസ്റ്റൽ പോലീസ് ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഒരു ശിപാർശ പോലീസ് ആസ്ഥാനത്ത് തയ്യാറാക്കി വരുന്നു. കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്ക് 200 കോസ്റ്റൽ വാർഡൻമാരെയും തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജല കമാൻഡോകൾക്കുൾപ്പെടെ ട്രെയിനിംഗ് നൽകുന്നതിലേയ്ക്കായി 'ട്രെയിനിംഗ് സെന്റർ ഫോർ ഓപ്പറേഷൻസ് ഇൻ വാട്ടർ ബോഡീസ്" ആരംഭിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. രണ്ടാം ഘട്ടത്തിൽ അനുവദിച്ച 10 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ 4 പോലിസ് സ്റ്റേഷനുകളുടെ (വടകര, ഇലത്തൂർ, അഞ്ചുതെങ്ങ്, പൂവാർ) ഉദ്ഘാടനം ഉടൻതന്നെ നടത്തുന്നതാണ്. അതുകഴിഞ്ഞ് മൂന്നാം ഘട്ടത്തിലെ 6 സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. കോസ്റ്റൽ പോലീസ് ഐ.ജി.പി.-യുടെ കീഴിൽ ഭരണ ചുമതലയുള്ള കോസ്റ്റൽ ഡയറക്ടറേറ്റ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആസ്ഥാന മന്ദിരം പണിയുന്നതിനായി 3 കോടിയിൽപ്പരം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ നിർമ്മാണ

പ്രവർത്തനം ആരംഭിക്കുന്നതാണ്. കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച 24 ബോട്ടുകളിൽ കേടായ 13 ബോട്ടുകൾ ശരിയാക്കുന്നതിന് കൊച്ചിൻ ഷിപ്പിയാർഡ്, ഗോവ ഷിപ്പിയാർഡ് അടക്കമുള്ള ചില ഏജൻസികളോട് എസ്റ്റിമേറ്റ് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) തീരപ്രദേശങ്ങളിൽ താമസിക്കുന്നവരെ ഉൾപ്പെടുത്തി ഒരു റിക്രൂട്ട്മെന്റ് നടത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് തീരദേശ പോലീസ് സ്റ്റേഷനിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) തീരദേശ സുരക്ഷാ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 8 തീരദേശ പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ച് പ്രവർത്തിക്കുന്നത്. രണ്ടാംഘട്ടത്തിൽ അനുവദിച്ച് കിട്ടിയ 10 തീരദേശ പോലീസ് സ്റ്റേഷനുകളിൽ 6 എണ്ണത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന 4 സ്റ്റേഷനുകളുടെ ഉദ്ഘാടനം ഉടൻ നടത്തുന്നതാണ്. മൂന്നാംഘട്ടത്തിൽ അനുവദിച്ച 6 സ്റ്റേഷനുകൾക്കുവേണ്ടിയുള്ള ഭൂമി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള സ്റ്റേഷനുകളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും കൂടാതെ 23 ബോട്ടുകളും വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ അനുവദിക്കേണ്ടതായ 20 ബോട്ടുകൾ MHA-യിൽനിന്നും ലഭിക്കുന്നമുറയ്ക്ക് നിലവിലുള്ള തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ച് നൽകുന്നതാണ്.

**ഔഷധങ്ങളുടെ വിലനിയന്ത്രണം**

22(* 442) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ നിർമ്മാണ കമ്പനികൾ യാതൊരു മാനദണ്ഡവുമില്ലാതെ പരമാവധി വിൽപ്പനവില നിശ്ചയിച്ച് നിസ്സഹായരായ രോഗികളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി വിൽക്കുന്ന ചില മരുന്നുകളുടെ വില എം.ആർ.പി.യുടെ കേവലം എട്ടുശതമാനം വരെ മാത്രം ആണെന്നതിനാൽ ഈ രംഗത്തെ ചൂഷണത്തിന്റെ തോത് മനസ്സിലാക്കി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എല്ലാ സർക്കാർ ആശുപത്രികളിലും തുടങ്ങുന്നതിനെക്കുറിച്ച് പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) തീരെ ചെറിയ വിലയ്ക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി നൽകുന്ന ചേരുവ നാമത്തിലുള്ള മരുന്നുകൾ (ജനറിക് മരുന്നുകൾ)സ്റ്റോക്കില്ലാതെ വരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ):

(എ) ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ, 2013 പ്രകാരമുള്ള നോൺ ഷെഡ്യൂൾഡ് ഫോർമുലേഷനുകളിൽ (വില നിശ്ചയിച്ച് ഉറപ്പിക്കാത്തവ) ചിലതിന് അമിതമായി എം.ആർ.പി (പരമാവധി വിൽപ്പന വില) രേഖപ്പെടുത്തിയിട്ടുള്ളതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കേന്ദ്ര സർക്കാരിനുകീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ ഇക്കാര്യം രേഖാമൂലം അറിയിച്ച് പരിഹാരം തേടാറുണ്ട്.

(ബി) മരുന്ന് വിതരണ രംഗത്ത് സുപ്രധാന പങ്കുവഹിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും, ചൂഷണവും മരുന്നിന്റെ പൊതുവിപണിയിലെ വിലക്കയറ്റവും പരമാവധി തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനേക്കാളും വിപണിവിലയിൽ നിന്ന് 10 ശതമാനം മുതൽ 93 ശതമാനം വരെ വിലക്കുറവിൽ കാരുണ്യ ഫാർമസിയിൽനിന്ന് മരുന്നുകൾ വിതരണം ചെയ്തുവരുന്നു. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എല്ലാംതന്നെ സർക്കാർ ആശുപത്രി കോമ്പൗണ്ടിനു ള്ളിലാണ് പ്രവർത്തിച്ചുവരുന്നത്. നിലവിൽ കേരളത്തിലെ 14 ജില്ലകളിലുമായി 60 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിച്ചുവരുന്നു. ജനപ്രതിനിധി കളിൽനിന്നോ ആശുപത്രി അധികാരികളിൽനിന്നോ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ പരിശോധിച്ച്, കുറഞ്ഞത് 300 സ്ക്വയർ ഫീറ്റോടുകൂടി കെട്ടിടം ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷം പ്രസ്തുത ആശുപത്രികളിലെ ഒ.പി./ഐ.പി. അനുപാതം കണക്കിലെടുത്തുകൊണ്ട് സർക്കാർ അനുവാദത്തോടുകൂടിയാണ് പുതിയ കാരുണ്യ ഫാർമസികൾ ആരംഭി ക്കുന്നത്.

(സി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിവഴി പൊതുജനങ്ങൾക്ക് വളരെ കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ച കേരള ജനറിക്സ് നിലവിൽ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിച്ചുവരുന്നു. കേരള ജനറിക്സ് പദ്ധതിയിലൂടെ

ആദ്യഘട്ടത്തിൽ 94 ഇനം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിരുന്നു. രണ്ടാം ഘട്ടത്തിൽ 60 ഇനം മരുന്നുകൾ കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുകയും ടി പട്ടികയിൽനിന്നും 30-ഓളം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി വിതരണം ചെയ്തുവരികയും ചെയ്യുന്നു. മേൽപ്പറഞ്ഞ ആറ് ഫാർമസികളിൽ പ്രസ്തുത മരുന്നുകൾക്ക് ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനറിക് മരുന്നുകളുടെ വിപണന സാധ്യത അനുസരിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ മറ്റ് ശാഖകളിലും ജനറിക് മരുന്നുകളുടെ വിപണനം ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ഇ-മെഡിക്കൽ റിക്കോർഡ് സംവിധാനം**

23(* 443) ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും ആരോഗ്യ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഇ-മെഡിക്കൽ റിക്കോർഡ് (ഇ.എം.ആർ.) സൗകര്യം പ്രാവർത്തികമായോ; ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്; അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തയ്യാറായിട്ടുണ്ടോ;

(ബി) ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന റിയിക്കാമോ;

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതിക്ക് ഇ.എം.ആർ. സംവിധാനം ഏത് തരത്തിൽ സഹായകമാകുമെന്ന് അറിയിക്കാമോ; ഈ സംവിധാനംകൊണ്ട് സർക്കാർ ആശുപത്രികളിലെ ക്യൂ ഒഴിവാക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ):

(എ) ഇ-മെഡിക്കൽ റിക്കോർഡ് (ഇ.എം.ആർ.) സൗകര്യം തിരുവനന്തപുരം ജില്ലയിലെ 9 ആശുപത്രികളിൽ pilot അടിസ്ഥാനത്തിൽ പ്രാവർത്തികമാക്കി വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പൈലറ്റായി രണ്ട് ഡിപ്പാർട്ട്മെന്റുകളിൽ പ്രവർത്തിച്ചു തുടങ്ങി. ഇതിന് പുറമെ എല്ലാ ജില്ലകളിലും ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് എല്ലാ ജനങ്ങളുടെയും ആരോഗ്യ സംബന്ധിയായ വിവരങ്ങൾ

ശേഖരിക്കുന്നതിന്റെ പ്രാരംഭമായി തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ ആശുപത്രികളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്ന FHC-കൾക്ക് ആവശ്യമായ ഹാർഡ്‌വെയർ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനുകൾ അന്തിമമായി തീരുമാനിച്ച് ടെൻഡർ നടപടികൾ ആരംഭിച്ചു.

(ബി) 1. വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

2. സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. എല്ലാ അലോപ്പതി ആശുപത്രികളെയും ഒരു വൈഡ് ഏരിയ നെറ്റ്‌വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പക്കുക.

4. ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

ഓരോ വ്യക്തിക്കും ഒരു വ്യതിരിക്ത നമ്പർ ലഭിക്കുന്നു. (Unique Health ID-UHID) ഇത് ഉപയോഗിച്ച് രോഗികളുടെ നേരത്തെ ഉണ്ടായിരുന്നതടക്കമുള്ള രോഗ വിവരങ്ങൾ, ലാബ് റിപ്പോർട്ടുകൾ, മെഡിക്കൽ റിപ്പോർട്ടുകൾ എന്നിവ ഏത് ആശുപത്രിയിലും വേണ്ടത്ര സെക്യൂരിറ്റി സംവിധാനത്തിലൂടെ ലഭ്യമാകും. വ്യക്തിക്ക് അവരുടെ ഇ.എം.ആർ. വിരൽത്തുമ്പിൽ ലഭ്യമാണ്. മെഡിക്കൽകോളേജ് ആശുപത്രികളിൽനിന്നും online appointment എടുക്കാൻ സാധിക്കുന്നു. ഡോക്ടർക്ക് രോഗിയുടെ ഇ.എം.ആർ കമ്പ്യൂട്ടറിൽ ലഭ്യമാകുന്നു. ഫാർമസി, ലാബുകൾ, വാർഡുകൾ എന്നിവയെല്ലാം ഇ-ഹെൽത്ത് വഴി ബന്ധിപ്പിക്കുന്നതിനാൽ ആശുപത്രി പ്രവർത്തനമാകെ വളരെയേറെ മെച്ചപ്പെടുന്നു.

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലും മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഫീൽഡ് സ്റ്റാഫ് അവരുടെ ടാബ് വഴി പൊതുജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും ആ വിവരങ്ങൾ ഒരു രോഗി ആശുപത്രിയിൽ എത്തിയാൽ ഡോക്ടർക്ക് കമ്പ്യൂട്ടർ സ്ക്രീനിൽ ദൃശ്യമാകുകയും ചെയ്യുന്നവിധം integrate ചെയ്തിട്ടുണ്ട്. ഏതൊരു

സർക്കാർ ആശുപത്രിയിലും ഡോക്ടർ ഒരു രോഗിക്ക് പകർച്ചവ്യാധികളോ പകർച്ചേതര വ്യാധികളോ diagnose ചെയ്താൽ അത് ആ രോഗി താമസിക്കുന്ന സ്ഥലത്തെ JPHN/JHI എന്നിവരുടെ ടാബിൽ തത്സമയം alert ലഭിക്കുകയും ആ സ്റ്റാഫിന് അവിടെ പ്രതിരോധ പ്രവർത്തനങ്ങൾ/തുടർനടപടികൾ സ്വീകരിക്കാനും കഴിയുന്നു. ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള സേവനങ്ങൾ alert മുഖേന തിട്ടപ്പെടുത്തിയിരിക്കുന്നതിനാൽ കൃത്യസമയത്ത് തന്നെ മുടക്കം കൂടാതെ അവ ലഭിക്കും എന്ന് ഉറപ്പാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജിൽ token system ഉപയോഗിച്ച് ക്യൂ നിയന്ത്രിക്കുന്നതുകൊണ്ട് ഒ.പി.-യിൽ തിരക്ക് കുറയുന്നു. ഫാമിലി ഹെൽത്ത് സെന്ററുകൾ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുജനങ്ങളെ ആധാർ കാർഡ് ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുകയും രോഗികൾക്ക് UHID നൽകുകയും ചെയ്യുന്നു. UHID-യിലുള്ള ബാർകോഡ് വഴി പുനഃസന്ദർശനങ്ങളിലെ നടപടിക്രമം വളരെ എളുപ്പമാകുന്നു. Hospital Kiosk, Display Monitor എന്നിവയുള്ളതിനാൽ ക്യൂവിൽനിന്ന് ബുദ്ധിമുട്ടേണ്ടി വരുന്നില്ല. കൂടാതെ കമ്പ്യൂട്ടർ സംവിധാനം ഉപയോഗിച്ച് Online Appointment മുൻകൂട്ടി വീട്ടിൽ ഇരുന്നുതന്നെ ബുക്ക് ചെയ്യുവാനും കഴിയുന്നതുകൊണ്ട് രോഗികൾക്ക് ആശുപത്രിയിൽ എത്തിയാൽ ക്യൂ ഒഴിവാക്കാൻ സാധിക്കും. ചികിത്സ തേടുന്നവരും സർവ്വേയ്ക്ക് വിധേയരാകുന്നവരുമായവരുടെ Health Records കമ്പ്യൂട്ടർ ശൃംഖല മുഖേന എവിടെയും ലഭ്യമാകുന്നതാണ്.

**ഭരണപരിഷ്കാര കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ**

24(*444) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭരണസംവിധാനത്തിന്റെ ഘടനയും പ്രവർത്തനവും വിലയിരുത്തി ആയതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് നിലവിലുള്ള ഭരണപരിഷ്കാര കമ്മീഷൻ സർക്കാരിന് നൽകിയിട്ടുള്ളത്; ഇതിൽ ഏതൊക്കെ ശിപാർശകൾ സർക്കാർ അംഗീകരിച്ച് നടപ്പിലാക്കി.;

(ബി) ഭരണത്തിലെ കാലതാമസം, അഴിമതി, സ്വജനപക്ഷപാതം എന്നിവ ഒഴിവാക്കി ഫലപ്രദമായ ഭരണം കാഴ്ചവയ്ക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഇതുമൂലം ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും കഴിഞ്ഞുവെന്ന് വിലയിരുത്തുന്നുണ്ടോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) വിജിലൻസ് സംവിധാന പരിഷ്കരണം എന്ന കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാനത്ത് സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിന് നിയമനിർമ്മാണം നടത്തണം എന്നതാണ് പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ. ഇതുകൂടാതെ കമ്മീഷന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്റ്റേറ്റ് വിജിലൻസ് പോലീസ് സംവിധാനവും വിഭാവനം ചെയ്യുന്നു. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി&സി) ഭരണ സംവിധാനത്തിന്റെ ഘടനയും പ്രവർത്തനവും വിലയിരുത്തി ആയതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള മറ്റ് പഠനങ്ങൾ കമ്മീഷൻ നടത്തിവരുന്നു.

## പ്ലാസ്റ്റിക് കണ്ടെയ്നറുകളിൽ പാനീയങ്ങൾ കൊണ്ടുപോകുന്നത് തടയാൻ നടപടി

25(*445) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് കുപ്പികളിലും കണ്ടെയ്നറുകളിലും വെള്ളം, ശീതള പാനീയങ്ങൾ മുതലായവ കടുത്ത സൂര്യതാപവും പൊടിപടലങ്ങളും ഏൽക്കുന്ന തരത്തിൽ വാഹനങ്ങളിൽ കൊണ്ടുപോകുന്നത് തടയാനും ശരിയായി ശീതീകരിച്ചതും അടച്ചുറപ്പുള്ളതുമായ വാഹനങ്ങളിൽ കൊണ്ടുപോകുന്നത് ഉറപ്പാക്കുന്നതിനും ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ;

(ബി) ഇപ്രകാരം വാഹനങ്ങളിൽ പാനീയങ്ങൾ കൊണ്ടുപോകുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുംവിധം മുന്നറിയിപ്പ് കൂടാതെ പ്രോസിക്യൂഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നടപടിയെടുക്കുമോ;

(സി) ഇപ്രകാരം ക്രമവിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കേണ്ട മാർഗ്ഗം വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ):

(എ) പ്ലാസ്റ്റിക് കുപ്പികളിലും കണ്ടെയ്നറുകളിലും വെള്ളം, ശീതള പാനീയങ്ങൾ മുതലായവ കടുത്ത സൂര്യതാപവും പൊടിപടലങ്ങളും ഏൽക്കുന്ന തരത്തിൽ വാഹനങ്ങളിൽ കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടി തടയുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ മുന്നറിയിപ്പ് ഭക്ഷ്യ സുരക്ഷാ വകുപ്പ് പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളുടെയും വ്യാപാരികളുടെയും വിതരണ ഏജൻസികളുടെയും അറിവിലേക്കായി നൽകിയിട്ടുണ്ട്.

(ബി) ഇപ്രകാരം മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങളിൽ പാനീയങ്ങൾ കൊണ്ടുപോകുന്നവർക്കെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ലൈസൻസ് ആന്റ് രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്സ്) റെഗുലേഷൻസ് 2011-5.5.1, 5.5.2 ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (പാക്കേജിംഗ് & ലേബലിംഗ്) റെഗുലേഷൻസ് 2011- 2.1.2(5), 2.4.5 (36), (37), (38), 2.4.6 (5) ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ഫുഡ് പ്രോഡക്ട് ആന്റ് ഫുഡ് അഡിറ്റീവ്സ്) റെഗുലേഷൻസ് 2011- 2.10.7, 2.10.8 എന്നിവ ലംഘിച്ചതിന് നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ക്രമവിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നേരിട്ടോ, തപാൽ മുഖാന്തരമോ, ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ടോൾ ഫ്രീ നമ്പരായ 1800 425 1125 എന്ന നമ്പരിലോ foodsafetykerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്. കൂടാതെ അതാത് ജില്ലാ ഓഫീസുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡിലും ഫോൺ മുഖാന്തരമോ നേരിട്ടോ തപാൽ വഴിയോ അറിയിക്കാവുന്നതാണ്. പ്രസ്തുത ഫോൺ നമ്പർ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 0471 2570499 |
| കൊല്ലം | - | 0474 2766950 |
| പത്തനംതിട്ട | - | 0473 4221236 |
| ആലപ്പുഴ | - | 0477 2253123 |
| കോട്ടയം | - | 0481 2564677 |
| ഇടുക്കി | - | 0486 2220066 |
| എറണാകുളം | - | 0484 2784807 |
| തൃശ്ശൂർ | - | 0487 2424158 |
| പാലക്കാട് | - | 0491 2505081 |
| മലപ്പുറം | - | 0483 2732121 |
| കോഴിക്കോട് | - | 0495 2720744 |
| വയനാട് | - | 0493 5246970 |
| കണ്ണൂർ | - | 0497 2760930 |

| | | |
|---|---|---|
| കാസർഗോഡ് | - | 0499 4256257 |
| മൊബൈൽ വിജിലൻസ് സ്ക്വാഡ് | | |
| തിരുവനന്തപുരം | - | 0471 2325622 |
| എറണാകുളം | - | 0484 2421089 |
| കോഴിക്കോട് | - | 0495 2724300 |

**വിജിലൻസ് അന്വേഷണ കേസുകൾ**

26(*446) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിക്കെതിരെയുള്ള വിജിലൻസ് അന്വേഷണ കേസുകൾ അട്ടിമറിക്കപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഴിമതിക്കാരും അധികാര ദുർവിനിയോഗം നടത്തിയവരും നിയമത്തിന്റെ മുന്നിൽനിന്നും രക്ഷപ്പെടുന്ന അവസ്ഥ ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ആരോപണമുന്നയിക്കപ്പെട്ടതും വിജിലൻസ് അന്വേഷണം നടത്തി നടപടി അവസാനിപ്പിച്ചതുമായ കേസുകൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) അഴിമതിക്കെതിരെയുള്ള വിജിലൻസ് അന്വേഷണ കേസുകൾ അട്ടിമറിക്കപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ അന്വേഷണങ്ങൾ മുന്നോട്ടുകൊണ്ടുപോകുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന അഴിമതി സംബന്ധിക്കുന്ന പരാതികളിന്മേൽ വളരെ ജാഗ്രതയോടെ വിജിലൻസ് അന്വേഷണം/പ്രാഥമിക അന്വേഷണം/സത്വരാന്വേഷണം/രഹസ്യാന്വേഷണം എന്നിവ നടത്തി അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും, വകുപ്പുതല നടപടികൾ ആവശ്യമായവരിൽ അതിനായി ശിപാർശ ചെയ്യുകയും ചെയ്തുവരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ വിജിലൻസ് കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിയും തുടർനടപടികൾ അവസാനിപ്പിക്കുന്നതിനായി ശിപാർശ ചെയ്തുകൊണ്ട് വിജിലൻസ് കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചതുമായ രണ്ടു വിജിലൻസ് കേസുകൾ ഉണ്ട്. ഇതിന്മേൽ കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## പ്രവാസി ക്ഷേമനിധി അംഗത്വം

27(*447) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വി. അൻവർ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗമാകാൻ കഴിയാതെപോയ പ്രവാസികൾ നാട്ടിൽ തിരിച്ചെത്തി പെൻഷൻ ലഭിക്കാതെ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള നിയമ പ്രകാരം പ്രവാസി ക്ഷേമനിധിയിൽ അംഗമാകാനുള്ള പ്രായപരിധി എത്രയാണ്;

(സി) അറുപത് വയസ് കഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധിയിൽ അംഗമാകാൻ കഴിയുന്ന തരത്തിൽ നിയമഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ; അറുപത് വയസ് കഴിഞ്ഞവർക്ക് അംശദായം ഒന്നിച്ചടച്ച് പെൻഷൻ സ്കീമിൽ ചേരാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഈ സർക്കാർ പ്രവാസി പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ കഴിയാത്തതും അംഗത്വ പ്രായപരിധിയായ 60 വയസ് പൂർത്തിയായതുമായ നിരവധി പ്രവാസികൾ പെൻഷൻ ലഭിക്കുന്നതിനായി ബോർഡിനെ സമീപിക്കുന്നുണ്ട്.

(ബി) നിലവിൽ പ്രവാസി ക്ഷേമനിധി അംഗത്വത്തിനുള്ള പ്രായം 18 വയസിനും 60 വയസിനും മധ്യേയാണ്.

(സി) അറുപത് വയസ് കഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നല്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(ഡി) വർദ്ധിപ്പിച്ചിട്ടുണ്ട്. 500 രൂപ, 1,000 രൂപ നിരക്കിൽ അനുവദിച്ച് വന്നിരുന്ന പ്രവാസി ക്ഷേമ പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2,000 രൂപ നിരക്കിൽ ഏകീകരിച്ച് വർദ്ധിപ്പിച്ച് നല്കിവരുന്നു.

**ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിന്**
**ഹെൽപ്പ് ലൈൻ**

28(*448) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കളുടെ അവകാശം സംരക്ഷിക്കുന്നതിനായി ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉപഭോക്താക്കൾക്ക് കൃത്യമായ വിവരങ്ങൾ നല്കുന്നതിനും നിയമസഹായം ലഭ്യമാക്കുന്നതിനുമായി ഉപഭോക്തൃ തർക്കപരിഹാര ഫോറവുമായും ലീഗൽ സർവ്വീസസ് അതോറിറ്റിയുമായും ആശയവിനിമയം നടത്തുന്നതിന് എല്ലാ ജില്ലകളിലും ജില്ലാ ഉപഭോക്തൃ ഇൻഫർമേഷൻ ഡെസ്കുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉപഭോക്താക്കളുടെ പരാതികൾ രേഖപ്പെടുത്തുന്നതിനും അവ പരിഹരിക്കുന്നതിനും വേണ്ടി ഉപഭോക്തൃ ഹെൽപ്പ് ലൈൻ പ്രവർത്തിച്ച് വരുന്നുണ്ടോ; വിശദാംശം നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. കാലാവധി കഴിഞ്ഞ സംസ്ഥാന ഉപഭോക്തൃ സംരക്ഷണ കൗൺസിലും ജില്ലാ ഉപഭോക്തൃ സംരക്ഷണ കൗൺസിലുകളും പുനഃസംഘടിപ്പിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) എല്ലാ ജില്ലകളിലും ജില്ലാ ഉപഭോക്തൃ ഇൻഫർമേഷൻ ഡെസ്കുകൾ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. 1800-425-1550 എന്ന ടോൾഫ്രീ നമ്പർ ഉപഭോക്താക്കളുടെ പരാതികൾ രേഖപ്പെടുത്തുന്നതിനും അവ പരിഹരിക്കുന്നതിനും ഉപഭോക്തൃ സംബന്ധമായ വിവരങ്ങൾ അറിയിക്കുന്നതിനുമായി പ്രവർത്തിച്ചുവരുന്നു.

## എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ

29(*449) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി./എയ്ഡ്സ് ബാധിതരുടെ എണ്ണം കുറഞ്ഞു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രംഗത്ത് സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) എച്ച്.ഐ.വി. ബാധിതർക്ക് ആന്റിറിട്രോ വൈറൽ സൗജന്യമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ബോധവത്ക്കരണ പരിപാടികളുടെ ഭാഗമായി എന്തെല്ലാം ക്ലാസുകളും ദിനാചരണ പരിപാടികളുമാണ് പ്രസ്തുത സൊസൈറ്റി സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) (i) ബോധവത്ക്കരണ/പ്രതിരോധപ്രവർത്തനങ്ങൾ:
എച്ച്.ഐ.വി., എയ്ഡ്സ് മേഖലയിൽ കേരളത്തിൽ ബോധവൽക്കരണ, പ്രതിരോധ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയാണ്. പൊതുസമൂഹത്തെ ഉദ്ദേശിച്ചുള്ള പ്രവർത്തനങ്ങൾ കൂടാതെ എച്ച്.ഐ.വി. അണുബാധ പിടിപെടാൻ കൂടുതൽ സാധ്യതയുള്ള വിഭാഗങ്ങൾക്കിടയിൽ പ്രത്യേക പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ എച്ച്.ഐ.വി. അണുബാധിതരോടുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തുന്നുണ്ട്. എച്ച്.ഐ.വി. അണുബാധിതർക്ക് ഔഷധം, ചികിത്സ, കൗൺസിലിംഗ് തുടങ്ങിയവ നൽകുന്നതിനൊപ്പം അവർക്ക് പുനരധിവാസവും. പരിശീലനവും, നിയമസഹായവും, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള മറ്റുപ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്തുവരുന്നുണ്ട്.

(ii) ഇന്റഗ്രേറ്റഡ് കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്റർ (ICTC) " ജ്യോതിസ്"

സംസ്ഥാനത്ത് 502 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങളിൽ എച്ച്.ഐ.വി. പരിശോധന സൗജന്യമായി നൽകുന്നതിനുള്ള സംവിധാനമുണ്ട്. പരിശോധന സംബന്ധിച്ച വിവരങ്ങൾ തികച്ചും രഹസ്യമായിരിക്കും. എച്ച്.ഐ.വി. പരിശോധന കൂടാതെ കൗൺസിലിംഗും ഇവിടെനിന്നു ലഭിക്കും. എച്ച്.ഐ.വി. അണുബാധയുണ്ടെന്ന് കണ്ടെത്തിയാൽ അവരെ കൂടുതൽ ചികിത്സയ്ക്കും മറ്റ് സേവനങ്ങൾക്കുംവേണ്ടി എ.ആർ.ടി. കേന്ദ്രങ്ങളിലേക്ക് അയയ്ക്കും. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, ചില ഇ.എസ്.ഐ ആശുപത്രികൾ, ചില സ്വകാര്യ ആശുപത്രികൾ, പ്രധാന ജയിലുകൾ, തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിലാണ് ജ്യോതിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

(iii) ആന്റി റിട്രോവൈറൽ തെറാപ്പി സെന്റർ (ART) -'ഉഷസ്'

എച്ച്.ഐ.വി. അണുബാധിതർക്ക് ആവശ്യമായ ആന്റി റിട്രോവൈറൽ ചികിത്സ ഉഷസ് കേന്ദ്രങ്ങളിലൂടെ സൗജന്യമായി നൽകിവരുന്നു. ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷനാണ് മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നത്. ആന്റി റിട്രോവൈറൽ ചികിത്സയ്ക്കുമുന്നോടിയായുള്ള കൗൺസിലിംഗും മറ്റ് അവസര ജന്യരോഗങ്ങൾക്കുള്ള ചികിത്സയും എ.ആർ.ടി. കേന്ദ്രങ്ങളിലൂടെ സൗജന്യമായി ലഭ്യമാക്കുന്നു. എച്ച്.ഐ.വി. അണുബാധിതർക്ക് ശരിയായ ജീവിതചര്യയിലൂടെയും ആവശ്യമായ ചികിത്സയിലൂടെയും എയ്ഡ്സ് ബാധിതരാകാതെ ദീർഘകാലം സാധാരണ ജീവിതം സാധ്യമാണ്. ഈ സാഹചര്യത്തിലാണ് ഉഷസ് കേന്ദ്രങ്ങളുടെ പ്രാധാന്യമേറുന്നത്. ആന്റി റിട്രോവൈറൽ ചികിത്സയ്ക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്നത് കൂടാതെ ഇവർക്കാവശ്യമായ പരിശോധനകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി നടത്തിക്കൊടുക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

(iv) കെയർ ആന്റ് സപ്പോർട്ട് കേന്ദ്രങ്ങൾ/ഹെൽപ്പ് ഡെസ്ക്

എച്ച്.ഐ.വി. അണുബാധിതർക്ക് അനുകൂലമായ പരിതസ്ഥിതി സൃഷ്ടിക്കുന്നതിനും ചികിത്സാ സേവനങ്ങൾക്കും പോസിറ്റീവ് ലിവിംഗിനും വേണ്ടിയുള്ള സമഗ്രസേവന കേന്ദ്രങ്ങളായാണ്

തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ കെയർ ആന്റ് സപ്പോർട്ട് കേന്ദ്രങ്ങളും കൊല്ലം, പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിൽ ഹെൽപ്പ് ഡെസ്കുകളായും പ്രവർത്തിച്ചുവരുന്നു.

(v) പുലരി

പുലരി കേന്ദ്രങ്ങളിലൂടെ ജനനേന്ദ്രിയ രോഗങ്ങൾക്കുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നു. സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലും പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളിലും പുലരി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആകെ 23 പുലരി കേന്ദ്രങ്ങളാണ് സംസ്ഥാനത്തുള്ളത്.

(vi) സുരക്ഷ

എച്ച്.ഐ.വി. അണുബാധസാധ്യത കൂടുതലുള്ള പ്രത്യേക ലക്ഷ്യ ഗ്രൂപ്പുകൾക്കിടയിൽ പ്രവർത്തിക്കുന്ന 60 സുരക്ഷ പദ്ധതികൾ കേരളത്തിൽ ഉണ്ട്. അണുബാധാ വ്യാപനം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ലക്ഷ്യ ഗ്രൂപ്പുകളിൽപ്പെടുന്നവരുടെ എച്ച്.ഐ.വി. അണുബാധഭീഷണി ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പെരുമാറ്റ വ്യതിയാനം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് സുരക്ഷാ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. സ്ത്രീ ലൈംഗികത്തൊഴിലാളികൾ, പുരുഷ സ്വവർഗാനുരാഗികൾ, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർ, കുടിയേറ്റ തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ, ഭിന്നലിംഗക്കാർ തുടങ്ങിയവർക്കിടയിലൊക്കെ സുരക്ഷ പദ്ധതിയുടെ പ്രവർത്തനം എത്തുന്നു. ലക്ഷ്യ ഗ്രൂപ്പുകളിൽപ്പെടുന്നവർ അംഗങ്ങളായുള്ള സാമൂഹ്യാധിഷ്ഠിത സംഘടനകൾ തന്നെയാണ് പല സുരക്ഷ പദ്ധതികളും നടപ്പിലാക്കുന്നത്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പരിശീലനവും ഇത്തരം പദ്ധതികളിലൂടെ നൽകിവരുന്നുണ്ട്.

(vii) <u>സന്നദ്ധ രക്തദാനം</u>

സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തിവരുന്നുണ്ട്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രത്യേക കർമ്മപദ്ധതിയുടെ ഫലമായി സന്നദ്ധ രക്തദാനത്തിൽ വൻ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും കേരള സ്റ്റേറ്റ് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.

(viii) <u>റെഡ് റിബൺ ക്ലബ്ബുകൾ</u>

കോളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകൾ വിദ്യാർത്ഥികൾക്കിടയിൽ സന്നദ്ധ രക്തദാനത്തോട് ആഭിമുഖ്യം വളർത്താൻ സഹായിക്കുന്നുണ്ട്. കൂടാതെ ജീവിതനൈപുണ്യം കൈവരിക്കുന്നതിനും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും കോളേജ് വിദ്യാർത്ഥികളെ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് റെഡ് റിബൺ ക്ലബ്ബുകൾ നടത്തിവരുന്നത്.

(സി) എ.ആർ.ടി. മരുന്നുകൾ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ സൗജന്യമായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിവഴി നിലവിലുള്ള 10 എ.ആർ.ടി. കേന്ദ്രങ്ങൾ മുഖേന സൗജന്യമായി ആവശ്യാനുസരണം വിതരണം ചെയ്യുന്നു.

(ഡി) രക്തദാതാക്കളെ ആദരിക്കുന്നതിനും സ്വമേധയായുള്ള രകതദാനം പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാ വർഷവും ജൂൺ 14 ലോക രക്തദാനദിനമായി ആചരിക്കുന്നു. സ്വമേധയായുള്ള രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന് ഒക്ടോബർ 1 ദേശീയ രക്തദാനദിനമായി ആചരിക്കുന്നു. എല്ലാ വർഷവും ഡിസംബർ 1 ലോക എയ്ഡ്സ് ദിനമായി ആചരിക്കുന്നു. സംസ്ഥാനതല പരിപാടികൾ കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസ്, ആരോഗ്യകേരളം, മറ്റ് സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ ടി ദിനം വിപുലമായി ആചരിക്കുന്നു. ടി ദിനത്തിൽ എല്ലാ ഹൈസ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും എയ്ഡ്സ് ദിന പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു. കൂടാതെ ദീപം തെളിയിക്കൽ, റെഡ് റിബൺ അണിയിക്കൽ, സെമിനാറുകൾ, റാലികൾ, മത്സരങ്ങൾ, ബോധവൽക്കരണ കലാപരിപാടികൾ, നാടൻ കലാജാഥ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിച്ച്

എച്ച്.ഐ.വി. അണുബാധിതരോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ലോക എയ്ഡ്സ് ദിനം ആചരിക്കുന്നു. ജനുവരി 12 ദേശീയ യുവജനദിനത്തോടനുബന്ധിച്ച് യുവജനങ്ങൾക്കിടയിൽ എച്ച്.ഐ.വി. ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ രക്തദാന ക്യാമ്പുകൾ ക്രമീകരിക്കുകയും ചെയ്യുന്നു. കോളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകൾവഴി ടി ദിനാചരണങ്ങളെല്ലാം വിവിധ പരിപാടികളോടെ വിപുലമായി ആചരിക്കുന്നു. മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനത്തിൽ വനിതകളിൽ സന്നദ്ധ രക്തദാനത്തെക്കുറിച്ചും എച്ച്.ഐ.വി.-യെക്കുറിച്ചും ബോധവത്ക്കരണം നടത്തുന്നതിനായി സമ്മേളനങ്ങൾ, ഫ്ളാഷ് മോബ്, ബോധവത്ക്കരണ സാമഗ്രികളുടെ വിതരണം തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.

സർക്കാർ ആരോഗ്യമേഖലയിലുള്ള ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻസ് എന്നിവർക്കും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലെ സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻമാർ എന്നിവർക്ക് പരിശീലന പരിപാടികൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. കൂടാതെ സർക്കാർ സ്വകാര്യമേഖലയിലുള്ള നഴ്സിംഗ് വിദ്യാർത്ഥികൾക്ക് എച്ച്.ഐ.വി നിയന്ത്രണ പരിപാടികളെ സംബന്ധിച്ച വിശദമായ ക്ലാസ്സുകൾ നടത്തിവരുന്നു. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിലുള്ള സേവന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഓഫീസർമാർ, കൗൺസിലർമാർ, ലാബ് ടെക്നീഷ്യൻമാർ തുടങ്ങിയവർക്ക് പ്രത്യേക പരിശീലനപരിപാടികളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നു. മുഖ്യധാരാവത്ക്കരണ പരിപാടികളുടെ ഭാഗമായി മറ്റ് വകുപ്പുകളായ ടൂറിസം, ഇൻഡസ്ട്രീസ്, സ്പോർട്സ്, വിദ്യാഭ്യാസം, പോലീസ്, തദ്ദേശ സ്വയംഭരണം, കുടുംബശ്രീ, അങ്കണവാടി, എൻ.സി.സി, ഡിഫൻസ് തുടങ്ങിയ വകുപ്പുകളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

### ലൈറ്റ് മെട്രോ പദ്ധതിയിൽനിന്ന് ഡി.എം.ആർ.സി. പിൻവാങ്ങാനുള്ള സാഹചര്യം

30(*450) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രധാന നഗരങ്ങളിൽ ആധുനിക പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പിലാക്കുവാൻ നിശ്ചയിച്ചിരുന്ന ലൈറ്റ് മെട്രോ പദ്ധതിയിൽനിന്ന് ഡി.എം.ആർ.സി. പിൻവാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു;

(ബി) പദ്ധതിയിൽ സർക്കാരിനുള്ള താല്പര്യക്കുറവാണ് ഡി.എം.ആർ.സി-യുടെ പിൻമാറ്റത്തിന് കാരണമെന്നത് വസ്തുതയാണോ; ഇക്കാര്യം സംബന്ധിച്ച് ശ്രീ. ഇ. ശ്രീധരൻ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ;

(സി) ലൈറ്റ് മെട്രോ പദ്ധതിക്കുവേണ്ടിയുള്ള മേൽപ്പാല നിർമ്മാണ ചുമതലയിൽ നിന്ന് ഡി.എം.ആർ.സി.-യെ ഒഴിവാക്കി ദർഘാസ് വിളിക്കുവാൻ കെ.ആർ.ഡി.സി.എൽ. ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ നിർമ്മാണചുമതല ഡി.എം.ആർ.സി.-ക്ക് നൽകി 2016 സെപ്റ്റംബറിൽ സർക്കാർ ഉത്തരവിറക്കിയിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായ തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ നിന്ന് പിൻവാങ്ങുന്നതായി അറിയിച്ചുകൊണ്ട് ഡി.എം.ആർ.സി 16-2-2018-ൽ കത്ത് നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭജോലികൾ സംബന്ധിച്ച കരാർ ഒപ്പുവയ്ക്കാത്തതാണ് ഡി.എം.ആർ.സി. പദ്ധതികളിൽനിന്ന് പിൻവാങ്ങുന്നതിനുള്ള കാരണങ്ങളിലൊന്നായി അവർ അറിയിച്ചിട്ടുള്ളത്. മറ്റൊരു കാരണമായി ഡി.എം.ആർ.സി. ചൂണ്ടിക്കാണിച്ചിട്ടുള്ളത് ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്ര അനുമതി ലഭ്യമാക്കുന്നതിൽ സംസ്ഥാന സർക്കാർ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല എന്നാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയപ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്തി ഡി.എം.ആർ.സി. പുതുക്കി സമർപ്പിച്ച ലൈറ്റ് മെട്രോ പദ്ധതിരേഖ നിലവിൽ ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി പരിശോധിച്ചുവരികയാണ്. പ്രസ്തുത സമിതിയുടെ പരിശോധനയ്ക്കുശേഷം കേരള സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(സി&ഡി) തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതല ഡി.എം.ആർ.സി.-ക്ക് നൽകി 8-9-2016-ലെ ജി.ഒ.(എംഎസ്.)നമ്പർ 67/2016/പി.ഡബ്ല്യു.ഡി. പ്രകാരം ഉത്തരവിറക്കിയിരുന്നു. 18-12-2017-ന് കൂടിയ കെ.ആർ.ടി.എൽ. ബോർഡ് യോഗത്തിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏതെങ്കിലും ഏജൻസിയെ ടേൺകീ അടിസ്ഥാനത്തിൽ ഏൽപ്പിക്കുന്നതിന് പകരം ഇതിനായുള്ള ഏജൻസിയെ ദർഘാസിലൂടെ കണ്ടെത്താനുമാണ് തീരുമാനിച്ചത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭരണ സംവിധാനങ്ങളുടെ പ്രവർത്തനരീതി

1(4289) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തലങ്ങളിലുള്ള ഭരണ സംവിധാനങ്ങളുടെ പ്രവർത്തനരീതി വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിലവിലെ രീതിയിൽ മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ബി) സിവിൽ സർവ്വീസ് ശക്തമാക്കുന്ന കാര്യത്തിൽ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായ ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് രൂപീകൃതമായ ഭരണ പരിഷ്കാര കമ്മീഷൻ സേവന മേഖലയിൽ നടപ്പിലാക്കേണ്ടുന്ന സമഗ്രമായ പരിഷ്കാരങ്ങളെ സംബന്ധിച്ച് സർക്കാരിന് ശിപാർശകൾ നൽകുന്നതിന് വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. വിജിലൻസ് സംവിധാന പരിഷ്കരണം എന്ന കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കൂടാതെ, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരൻമാർ, കുടിയേറ്റ തൊഴിലാളികൾ, ഭിന്നശേഷിക്കാർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ ക്ഷേമം മുൻനിർത്തി കൊണ്ടുവന്നിട്ടുള്ള വിവിധ ക്ഷേമനിയമങ്ങളുടെ ഫലപ്രദമായ നടത്തിപ്പ് സംബന്ധിച്ച പഠനം, ഉദ്യോഗസ്ഥ ശേഷി വികസനം എന്നീ വിഷയങ്ങളിൽ കമ്മീഷൻ പഠനം നടത്തിവരികയാണ്. കൂടാതെ പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ സംസ്ഥാനത്ത് കെ.എ.എസ്. രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

## സാമൂഹ്യ മാധ്യമ പ്രചരണത്തിനായി പ്രൊഫഷണൽ സംഘം

2(4290) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്രതിച്ഛായ സംരക്ഷണാർത്ഥം സാമൂഹ്യ മാധ്യമ പ്രചരണത്തിനായി പ്രൊഫഷണൽ സംഘത്തെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അതിനായി പബ്ലിക് റിലേഷൻസ് വകുപ്പിൽ സോഷ്യൽ മീഡിയ സെൽ രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സെല്ലിന് പ്രതിമാസം എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ചെയ്യുന്ന കാര്യങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പബ്ലിസിറ്റി വിഭാഗത്തിനുപുറമേ മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും പ്രത്യേക വിഭാഗവുമുള്ളപ്പോൾ പുതിയതായി സോഷ്യൽ മീഡിയ സെൽ ആരംഭിക്കേണ്ടതുണ്ടോയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചരണത്തിനായി സോഷ്യൽ മീഡിയ സെൽ രൂപവൽക്കരിക്കുമ്പോൾ പ്രൊഫഷണലുകളെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ സോഷ്യൽ മീഡിയ സെൽ ഈ സാമ്പത്തിക വർഷം രൂപവൽക്കരിക്കാത്തതിനാൽ ഇതിനായി ആരെയും പ്രത്യേകം നിയമിച്ചിട്ടില്ല.

(ബി) സോഷ്യൽ മീഡിയ സെൽ രൂപീകരിച്ചിട്ടില്ല.

(സി) കണക്കാക്കിയിട്ടില്ല

(ഡി) സർക്കാരിന്റെ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും സമയബന്ധിതമായി ജനങ്ങളിലെത്തിക്കുക, ജനങ്ങളുടെ പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ നയരൂപീകരണം, പദ്ധതി രൂപീകരണം, ഇവയുടെ പരിശോധന മുതലായവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടിയാണ് സോഷ്യൽ മീഡിയ സെൽ രൂപീകരിക്കുന്നതിന് നിർദ്ദേശമുള്ളത്. പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നിലവിലുള്ള പ്രചരണ രീതികൾക്ക്

പുറമെ മതിയായ തോതിൽ നവമാധ്യമങ്ങളിൽ സർക്കാർ സാന്നിദ്ധ്യം കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സോഷ്യൽ മീഡിയ സെൽ രൂപവൽക്കരിക്കുന്നതിനുദ്ദേശിക്കുന്നത്.

**സർക്കാർ ഓഫീസുകളിലെ ഫയൽനീക്കം**

3(4291) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സെക്രട്ടേറിയറ്റ്, ഇതര സർക്കാർ സ്ഥാപനങ്ങളിലെ ഫയൽനീക്കം ത്വരിതപ്പെടുത്താനും എം.ഒ.പി. പ്രകാരമുള്ള ഫയൽ തീർപ്പാക്കൽ ഉറപ്പുവരുത്താനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സെക്രട്ടേറിയറ്റ്, ഇതര സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഓഫീസിലെ സമയനിഷ്ഠ ഉറപ്പുവരുത്താനും, ജോലിക്ക് ഹാജരാകുന്നവർ യഥാസമയം സീറ്റുകളിൽ ഉണ്ട് എന്നത് ഉറപ്പുവരുത്താനും അവരുടെ അവധികൾ നിരീക്ഷിക്കാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വകുപ്പിന്റെകീഴിലുള്ള സെക്രട്ടേറിയറ്റ് ഇതര സർക്കാർ ഓഫീസുകളിൽ തീർപ്പാക്കാനായുള്ള ഫയലുകളുടെ എണ്ണം എത്ര എന്നും ഈ സർക്കാർ കാലയളവിൽ ഇത്തരം കാര്യങ്ങളിൽ വിജിലൻസ് ഉൾപ്പെടെ വകുപ്പുതല നിരീക്ഷണങ്ങളിൽ കുറ്റക്കാരായി കണ്ടെത്തിയവർ എത്രയെന്നും ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) എം.ഒ.പി. പ്രകാരമുള്ള ഫയൽ തീർപ്പാക്കൽ ഉറപ്പുവരുത്തുന്നതിനായി ഫയൽ അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഫയൽ നീക്കം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പരിശോധനയ്ക്കുമായി ഇ-ഓഫീസ് നടപ്പിലാക്കിവരുന്നു. കൂടാതെ സേവനാവകാശനിയമം പാലിക്കുന്നുണ്ട്. പേഴ്സണൽ രജിസ്റ്ററുകളുടെ പരിശോധന, ഇന്റേണൽ ഓഡിറ്റ് വിംഗിന്റെ പരിശോധന, പ്രതിമാസ പ്രവർത്തന പട്ടിക സമർപ്പിക്കൽ എന്നിവ കർശനമാക്കിയിട്ടുണ്ട്. എം.ഒ.പി.-യിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള പരിശോധനകൾ നടത്തി ഫയൽനീക്കം യഥാവിധി ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എം.ഒ.പി. അനുശാസിക്കുന്നവിധം ഹാജർ പുസ്തകവും അവധി രജിസ്റ്ററും മൂവ്മെന്റ് രജിസ്റ്ററും സൂക്ഷിച്ചുകൊണ്ട് ജീവനക്കാരുടെ സമയനിഷ്ഠ ഉറപ്പുവരുത്തുന്നു. പഞ്ചിംഗ് ഉള്ള ഓഫീസുകളിൽ പഞ്ചിംഗ് സ്റ്റേറ്റ്മെന്റും അറ്റൻഡൻസ് രജിസ്റ്ററും ഒത്തുനോക്കി പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ജീവനക്കാർ യഥാസമയം സീറ്റുകളിൽ ഉണ്ട് എന്ന് ഉറപ്പുവരുത്താൻ വകുപ്പുതലത്തിലുള്ള ഉദ്യോഗസ്ഥർ മിന്നൽ പരിശോധന നടത്താറുണ്ട്.

(സി) ഓരോ വകുപ്പിന്റെ കീഴിലുള്ള സെക്രട്ടേറിയറ്റ്, ഇതര സർക്കാർ ഓഫീസുകളിൽ നിന്നും (ലഭ്യമായ 65 വകുപ്പുകളിൽ നിന്നുള്ള) തീർപ്പാക്കാനായുള്ള ഫയലുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (DPI) വകുപ്പിൽ 2 ജീവനക്കാരെ സമയബന്ധിതമായി ഫയലുകളിൽ നടപടി സ്വീകരിക്കാത്തതിന്റെ പേരിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## സർക്കാർ ജീവനക്കാരുടെ രാഷ്ട്രീയകക്ഷി അംഗത്വം

4 (4292) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് രാഷ്ട്രീയകക്ഷിയിലോ, രാഷ്ട്രീയ സംഘടനകളിലോ അംഗമാകുന്നതിനും മറ്റ് രീതിയിൽ അവരുമായി സഹകരിക്കുന്നതിനും എന്തെങ്കിലും തടസ്സമുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം ബാധകമാണോ;

(സി) എങ്കിൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി രാഷ്ട്രീയ കക്ഷിയിൽ അംഗമായി തുടരുന്നതും രാഷ്ട്രീയ പരിപാടികളിൽ പങ്കെടുക്കുന്നതും എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫ് ആയി സർക്കാർ ജീവനക്കാരെ അന്യത്രസേവന വ്യവസ്ഥയിലും, രാഷ്ട്രീയകക്ഷിയിൽ അംഗമായവരെ പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റ് എന്ന നിലയിലും നിയമിക്കാറുണ്ട്. അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതരായ സർക്കാർ ജീവനക്കാരായ പേഴ്സണൽ സ്റ്റാഫിന് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം ബാധകമാണ്.

## ഔദ്യോഗിക വാഹനങ്ങൾ

5 (4293) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വേണ്ടി എത്ര വാഹനങ്ങൾ വാങ്ങി എന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത വാഹനങ്ങൾക്ക് ഓരോന്നിനും എന്ത് തുക ചെലവഴിച്ചു ;

(സി) പ്രസ്തുത ഔദ്യോഗിക വാഹനങ്ങൾ മോടിപിടിപ്പിക്കുന്നതിന് ഓരോന്നിനും എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമായി വാഹനങ്ങൾ വാങ്ങിയിട്ടില്ല.

(ബി&സി) ബാധകമല്ല.

**മണ്ഡലത്തിലെ ചടങ്ങുകളിൽ എം.എൽ.എ.-മാരെ ഒഴിവാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി**

6 (4294) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തം മണ്ഡലങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന വികസന പ്രവൃത്തികളുടെ ഉദ്ഘാടനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽനിന്നും എം.എൽ.എ.-മാരെ ഒഴിവാക്കുന്നതും അറിയിപ്പുപോലും നല്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ പ്രവർത്തനം**

7 (4295) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ പ്രവർത്തനം വിലയിരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അപ്രകാരമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മന്ത്രിമാരുടെ പ്രവർത്തനം തൃപ്തികരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ. വിശദാംശം നൽകുമോ;

(സി) മന്ത്രിമാർ ആഴ്ചയിൽ അഞ്ച് ദിവസം തിരുവനന്തപുരത്ത് ഉണ്ടാകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും മന്ത്രിയുടെ വകുപ്പുകളിൽ മറ്റ് വകുപ്പുകളിൽ നിന്നുള്ള ഇടപെടലുകൾ ഉണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സർക്കാർതലത്തിൽ വ്യവസ്ഥാപിത സംവിധാനം നിലവിലില്ല.

(ബി) ബാധകമല്ല.

(സി) പരമാവധി ദിവസം ഉണ്ടാകണമെന്ന് പൊതുവെ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

**സമാശ്വാസ തൊഴിൽദാന പദ്ധതി**

8 (4296) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓരോ വകുപ്പിലും നിയമനം ലഭിക്കുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; ഇതിന്റെ വിശദവിവരം നൽകുമോ;

(ബി) അപേക്ഷകർക്ക് നിയമനം നൽകാതെ പല വകുപ്പുകളും കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം നിയമനം നൽകുവാനുള്ള കാലതാമസം പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പാലക്കാട് ജില്ലയിൽ ഡ്രൈവർ തസ്തിക ഒഴിവുകൾ**

9 (4297) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകളിൽ ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

പാലക്കാട് ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകളിൽനിന്നും ഡ്രൈവർ (LDV) തസ്തികയുടെ 11 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ ഒവിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് /ലാസ്റ്റ്ഗ്രേഡ് നിയമനങ്ങൾ**

10 (4298) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഓഫീസ് അറ്റൻഡന്റ്/ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര നിയമനങ്ങൾ പി.എസ്.സി. വഴി നടത്തി എന്ന് അറിയിക്കാമോ ;

(ബി) നിലവിലുള്ള പി.എസ്.സി. ലാസ്റ്റ് ഗ്രേഡ് ലിസ്റ്റുകളിൽ നിന്ന് ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസികളിൽ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ നടത്തുന്നത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള നിയമന യോഗ്യത പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ചുള്ള പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പി.എസ്.സി. യിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 116 നിയമനങ്ങൾ നടത്തി.

(ബി) നിർത്തിവച്ചിട്ടില്ല.

(സി) സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് ചട്ടങ്ങളിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ യോഗ്യത പരിഷ്കരിച്ചിട്ടുണ്ട്. പുതുക്കിയ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പി.എസ്.സി.-ക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സമാശ്വാസ തൊഴിൽദാന പദ്ധതി**

11 (4299) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽവന്നതിനുശേഷം ജോലിയിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നല്കുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഇതുവരെ എത്രപേർക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജോലിക്ക് അർഹത ലഭിച്ചിട്ടും ഈ പദ്ധതി പ്രകാരം നിയമനത്തിനായി കാത്തു നിൽക്കുന്നവർ എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജോലിയിലിരിക്കെ മരണമടഞ്ഞ പി. ജെ. സൂസമ്മയുടെ മകൻ അഖിൽ ജോണി, തൈവേലിക്കകത്ത്, കൊമ്മാടി വാർഡ്, തുമ്പോളി പി.ഒ., ആലപ്പുഴ എന്നയാൾക്ക് ആശ്രിത നിയമനപ്രകാരം ജോലി ലഭിക്കുന്നതിന് നല്കിയ അപേക്ഷയിന്മേൽ എന്നാണ് തീരുമാനമുണ്ടായത്;

(ഡി) അഖിൽ ജോണിക്ക് എന്ന് ജോലിയിൽ പ്രവേശിക്കാൻ സാധിക്കും എന്ന് വിശദമാക്കുമോ; ഇദ്ദേഹത്തിന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രീ.അഖിൽ ജോണി അസിസ്റ്റന്റ് സീനിയോറിറ്റി ലിസ്റ്റിൽ 19-ാമതായി ഉൾപ്പെട്ടിട്ടുണ്ട്. ഇപ്പോൾ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ശ്രീ.അഖിൽ ജോണിക്ക് ഊഴം എത്തുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

**പഞ്ച് ചെയ്യാത്ത ജീവനക്കാർക്ക് ശമ്പളം നൽകുകയില്ലെന്ന സർക്കുലർ**

12 (4300) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ 1-1-2018 മുതൽ നടപ്പിലാക്കിയ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വഴി പഞ്ചിംഗ് രേഖപ്പെടുത്താത്ത ജീവനക്കാർക്ക് ശമ്പളം നൽകുകയില്ലെന്ന് 28-12-2017-ലെ സർക്കുലർ നമ്പർ സി.ഡി.എൻ/4/30/2017 ജി.എ.ഡി വഴി ഉത്തരവായിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത വ്യവസ്ഥ കെ.എസ്.ആർ, കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ എന്നിവയിലെ നിബന്ധനകൾക്ക് വിരുദ്ധമല്ലേ എന്ന് വ്യക്തമാക്കുമോ ;

(സി) ഒരു സ്റ്റാറ്റ്യൂട്ടറി റൂൾ എക്സിക്യൂട്ടീവ് ഉത്തരവ് വഴി മറികടക്കുവാൻ സാധിക്കുകയില്ലെന്ന സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സർക്കുലർ തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉത്തരവായിരുന്നു. കൃത്യസമയത്ത് ഓഫീസിൽ ഹാജരാകണമെന്ന് നിഷ്കർഷിക്കുന്നത് കെ.എസ്.ആറിലെയോ, കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളുടെയോ ലംഘനമാകുന്നില്ല.

**ഭരണഭാഷ മലയാളം ആക്കിയിട്ടില്ലാത്ത വകുപ്പുകൾ**

13 (4301) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വകുപ്പുകളിലാണ് ഭരണഭാഷ മലയാളത്തിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) നാളിതുവരെ ഭരണഭാഷ മലയാളം ആയിട്ടില്ലാത്ത വകുപ്പുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ ആഫീസുകളും ഭരണഭാഷ സമ്പൂർണ്ണമായി മാതൃഭാഷയിൽ ആക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/ അർദ്ധസർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഒദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പൂർണ്ണമായും നടപ്പിൽവരുത്തുന്നതിനുവേണ്ടി നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും 2017 മേയ്-1 മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. യൂണിക്കോഡ് അധിഷ്ഠിത ഫോണ്ടിൽ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ഭരണഭാഷാപരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണഭാഷാ പ്രചരണം, ബോർഡുകൾ മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരം മലയാളത്തിൽക്കൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽനൽകിക്കൊണ്ട് കർമ്മപരിപാടി രൂപപ്പെടുത്തി നടപ്പിലാക്കാൻ

എല്ലാവകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണ രംഗത്ത് മലയാളത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥർക്കും മികച്ച ഭാഷാമാറ്റപുരോഗതി കൈവരിക്കുന്ന ജില്ലയ്ക്കും വകുപ്പിനും ഭരണഭാഷാ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. ഭരണഭാഷ സംബന്ധിച്ച് ജില്ലാ ഓഫീസർമാർക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും ഭരണഭാഷാ വ്യാപനത്തിന്റെ പ്രാധാന്യം ഉദ്ബോധിപ്പിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാതല ഭരണഭാഷാവബോധ പരിപാടി സംഘടിപ്പിച്ചു വരുന്നു.

ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിനു സഹായകമായ രീതിയിൽ 'ഭരണമലയാളം' എന്ന പേരിൽ ഔദ്യോഗിക ഭാഷാ വകുപ്പ് ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ നിഘണ്ടുവിൽ ഭരണ രംഗത്ത് ഉപയോഗിക്കുന്ന ഇരുപതിനായിരത്തോളം പദങ്ങളും പ്രയോഗങ്ങളും അവയുടെ നിരവധി മലയാളരൂപങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭരണഭാഷ സംബന്ധിച്ച 'ഭരണമലയാളം' മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ട്. ഭരണഭാഷാ മലയാളമായി ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ ' ഭരണഭാഷാ പഠനപദ്ധതി' എന്ന പുസ്തകം പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടിക്രമങ്ങൾ, ജീവനക്കാർക്കു നൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം, സ്ഥാനക്കയറ്റം, നിയമന ഉത്തരവുകൾ എന്നിവ ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ദ്വിഭാഷാരീതിയിലായിരിക്കണമെന്ന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഇ-ഓഫീസ് സംവിധാനം

14 (4302) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഓഫീസ് സംവിധാനം വ്യാപകമാകുന്നതോടുകൂടി ഏതൊക്കെ തസ്തികകൾ ആവശ്യമില്ലാതെ വരുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലെ ജീവനക്കാരെ ഫലപ്രദമായി ഉപയോഗിക്കത്തക്ക തരത്തിൽ പുനർവിന്യസിക്കുന്നതിന് സർക്കാർ തയ്യാറാകുമോ;വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിലേക്ക് നിലവിലുള്ള അതേ നിരക്കിൽത്തന്നെ നിയമനം നടത്തുന്നത് തുടരുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തസ്തികകൾ സംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടില്ല.

(ബി & സി) (എ) പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻപ്രായം**

15 (4303) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി ഉയർത്തുന്നതിന് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പെൻഷൻ പ്രായം ഉയർത്തൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ പദ്ധതിയുണ്ടോ ; വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ മാത്രം പെൻഷൻ പ്രായം ഉയർത്തുന്നതിന്റെ മാനദണ്ഡം എന്താണ് എന്ന് വിവരിക്കുമോ; ഇതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെന്ന് വിവരിക്കുമോ;

(ഡി) സംസ്ഥാനത്തെ എത്ര കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർക്ക് ഇതുകൊണ്ട് നേട്ടം കിട്ടുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി-ഡി) (എ) പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**സംസ്ഥാന സർക്കാർ ജീവനക്കാർ**

16 (4304) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ എത്ര ജീവനക്കാർ സംസ്ഥാന സർക്കാർ സർവ്വീസിൽ സേവനത്തിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

2016-17 ബജറ്റ് രേഖകൾ പ്രകാരം സംസ്ഥാന സർക്കാർ സർവ്വീസിലെ ആകെ ജീവനക്കാരുടെ എണ്ണം 508808 ആയിരുന്നു.

## സർക്കാർ സേവനം യഥാസമയം ലഭിക്കാത്തതിനാൽ ആത്മഹത്യ ചെയ്ത സംഭവം

17 (4305) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സേവനം ലഭിക്കാത്തതിന്റെ പേരിലോ പരാതി പരിഹരിക്കപ്പെടാത്തതിന്റെ പേരിലോ ആരെങ്കിലും സർക്കാർ ഓഫീസിൽ ആത്മഹത്യ ചെയ്ത സംഭവമുണ്ടായിട്ടുണ്ടോ; എങ്കിൽ ഏത് ഓഫീസിലാണ് ഈ സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്; ഈ സാഹചര്യത്തിനിടയാക്കിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ബി) സർക്കാർ സേവനവും പരാതിപരിഹാരവും യഥാസമയം ലഭിക്കാത്തതുമൂലം സർക്കാർ ഓഫീസിൽ പരാതിക്കാർ ആത്മഹത്യ ചെയ്യേണ്ടിവന്ന സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ ചെമ്പനോട് വില്ലേജ് ഓഫീസിൽ ശ്രീ. ജോയ് തോമസ് എന്നയാൾ ആത്മഹത്യ ചെയ്യുകയുണ്ടായി. ടിയാന്റെ ഭാര്യയായ ശ്രീമതി മോളി തോമസിന്റെ അപേക്ഷയിന്മേൽ നികുതി അടവാക്കുന്നത് സംബന്ധിച്ച് സേവനം ലഭ്യമാകാത്തതിനാലാണ് മരണം സംഭവിച്ചതെന്നതിനെ തുടർന്ന് ആരോപണം ഉണ്ടാവുകയും ആരോപണവിധേയരായ പ്രസ്തുത വില്ലേജ് ഓഫീസിലെ വില്ലേജ് ഓഫീസർ, ശ്രീ. പി. എ. സണ്ണിയേയും മുൻ വില്ലേജ് അസിസ്റ്റന്റ് ശ്രീ. സിലീഷ് തോമസിനെയും അന്വേഷണ വിധേയമായി കോഴിക്കോട് ജില്ലാ കളക്ടർ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം നൽകിവരുന്നുണ്ട്. മേൽപ്പറഞ്ഞ സംഭവം ഉണ്ടായ കോഴിക്കോട് ജില്ലയിലെ ചെമ്പനോട് വില്ലേജ് ഓഫീസിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നേരിട്ട് പരിശോധന നടത്തുകയും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസ് സേവനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് വിവിധ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

**ബയോമെട്രിക് പഞ്ചിംഗ് മെഷീൻ**

18 (4306) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള ബയോമെട്രിക് പഞ്ചിംഗ് മെഷീൻ, അനുബന്ധ സാമഗ്രികൾ എന്നിവ ഏത് കമ്പനിയാണ് നിർമ്മിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സിസ്റ്റം ഏത് സ്ഥാപനമാണ് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചത്;

(സി) ആയതിലേക്ക് സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ടെൻഡർ നടപടികൾ അനുവർത്തിച്ചിട്ടുണ്ടോ; എങ്കിൽ ഇ-ടെൻഡർ പ്രകാരമാണോ ടെൻഡർ വിളിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ;

(ഡി) ബയോമെട്രിക് പഞ്ചിംഗ് മെഷീൻ, അത് നിർമ്മിച്ച കമ്പനിയല്ലാതെ മറ്റേതെങ്കിലും സ്ഥാപനം മോഡിഫിക്കേഷൻ നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആയത് മെഷീൻ നിർമ്മിച്ച കമ്പനിയുടെ അനുവാദത്തോടു കൂടിയാണോ; അല്ലെങ്കിൽ ആയത് നിയമവിരുദ്ധ നടപടിയാകില്ലേ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) സെക്രട്ടേറിയറ്റിൽ 2010-ലാണ് ആദ്യമായി ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നത്. കെൽട്രോണാണ് ടി സംവിധാനം സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചതും പരിപാലിച്ച് വരുന്നതും. ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 1-1-2018 മുതൽ കർശനമാക്കുകയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ടി സംവിധാനം ശമ്പള വിതരണ സോഫ്റ്റ്‌വെയറായ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിന്റെയും ഭാഗമായി നിലവാരമുള്ള പഞ്ചിംഗ് സംവിധാനം പരിഷ്കരിക്കുന്നതിന് കെൽട്രോണിനെ തന്നെ ചുമതലപ്പെടുത്തി. ബയോമെട്രിക് പഞ്ചിംഗ് മെഷീനുകളുടെ പൂർണ്ണ നിയന്ത്രണവും, സംരക്ഷണവും ഇപ്പോഴും കെൽട്രോണാണ് നിർവ്വഹിച്ചു വരുന്നത്.

**സർക്കാർ വാഹനങ്ങളുടെ എണ്ണം കുറയ്ക്കുവാൻ നടപടി**

19 (4307) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളിൽ വാഹനങ്ങൾ യാതൊരു നിയന്ത്രണവും ഇല്ലാതെ വാങ്ങുന്നതായും അതിന്റെ അറ്റകുറ്റപ്പണിക്കും മറ്റുമായി വളരെയധികം പണം ചെലവഴിക്കുന്നതായും കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് പകരം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതാണ് ലാഭകരമെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ പോകുന്ന നടപടികൾ എന്തൊക്കെയാണ്;

(സി) ഓരോ വകുപ്പും ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണം ക്രമമായി കുറച്ചുകൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഇത് സംബന്ധിച്ച നിർദ്ദേശം 2018-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ പുതുതായി വാഹനങ്ങൾ വാങ്ങാൻ പാടില്ലെന്നും പകരം വാടകയ്ക്ക്/കരാർ അടിസ്ഥാനത്തിൽ വാഹനം എടുക്കേണ്ടതാണെന്നുള്ള വ്യയ നിയന്ത്രണ ഉത്തരവ് G.O.(P) 515/2013/Fin dated 11-10-2013 നിലവിലുണ്ട്. കൂടാതെ മേൽ പറഞ്ഞ സ്ഥാപനങ്ങളിലും വകുപ്പുകളിലും നിലവിലുള്ള വാഹനങ്ങൾ സംബന്ധിച്ച് രജിസ്റ്ററുണ്ടാക്കി ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. വാഹനം വാങ്ങാനുള്ള അനുമതി ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലായി പരിമിതപ്പെടുത്തുകയും 14 ലക്ഷത്തിൽ കൂടുതൽ വിലയുള്ള കാറുകൾ നിരുത്സാഹപ്പെടുത്തുകയും ചെയ്യും.

## സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങൾ

20 (4308) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിലും വർഷങ്ങളായി പെൻഡിംഗ് ആയി കിടക്കുന്ന ഫയലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സമയബന്ധിതമായി ചികിത്സാനുകൂല്യം ലഭിക്കേണ്ട രോഗികൾ മരണപ്പെട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ന്യായമായ ചികിത്സ തുക ആശ്രിതർക്ക് കിട്ടാത്ത കാര്യം സംബന്ധിച്ച് നടപടികൾ ഉണ്ടാകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ 1455 ഫയലുകളും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ 993 ഫയലുകളും വിവിധ ഘട്ടങ്ങളിലായി തീർപ്പുകൽപ്പിക്കുവാനുണ്ട്.

(ബി) സർക്കാരിന്റെ 18-12-2014-ലെ സർക്കുലർ നമ്പർ 107/2014/ഫിൻ പ്രകാരം, സംസ്ഥാനത്തെ എല്ലാ വകുപ്പുകളുടെയും കീഴിലുള്ള ഒരു ലക്ഷം രൂപ മുതലുള്ള എല്ലാ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ബില്ലുകളിലെയും അനുവദനീയ തുക ആരോഗ്യ വകുപ്പ് ഡയറക്ടർ തന്നെ കണക്കാക്കി നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ മാറി ലഭിക്കാതിരുന്ന എല്ലാ എം.ആർ. ബില്ലുകളും ആരോഗ്യ വകുപ്പിലേയ്ക്ക് മടങ്ങി വരുന്ന സാഹചര്യമുണ്ട്. നിലവിൽ ഓരോ മാസവും ഇത്തരത്തിൽ 400-ൽ അധികം മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഓരോ ബില്ലിലെയും അനുവദനീയമായ തുകയും ഇനങ്ങളും കണക്കാക്കേണ്ടി വരുന്നത് ബില്ലുകൾ തീർപ്പാക്കുന്നതിന് കാലതാമസ ത്തിനിടയാക്കുന്നുണ്ട്. ആരോഗ്യ വകുപ്പിൽ അദാലത്ത് നടത്തി കെട്ടിക്കിടക്കുന്ന ഫയൽ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിക്കുന്ന ഭൂരിപക്ഷം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് കേസുകളും സ്വകാര്യ ആശുപത്രിയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇതിൽ തന്നെ സർക്കാർ അംഗീകരിച്ചിട്ടില്ലാത്ത സ്വകാര്യ ആശുപത്രികളിലെ ചികിത്സ ആണെങ്കിൽ സർക്കാർ അനുമതിയോടുകൂടി മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. അപേക്ഷകൻ ശരിയായ രൂപത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കാത്തതും, അപേക്ഷ പരിശോധിക്കുമ്പോൾ ആരോഗ്യവകുപ്പ് ഡയറക്ടറോ സർക്കാരോ കൂടുതൽ രേഖകൾ ആവശ്യപ്പെടുന്നതും കാലതാമസത്തിന് ഇടവരുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും മെഡിക്കൽ ക്ലെയിം പരിശോധിച്ച് അനുവദനീയത അറിയിച്ച ശേഷം സ്വകാര്യ ആശുപത്രിയിലെ ചികിത്സ ആണെങ്കിൽ 80% തുകയ്ക്കുള്ള സർക്കാർ അനുമതി കൂടി ലഭിച്ചാൽ മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അന്തിമമായി തുക പ്രതിപൂരണം ചെയ്ത് ഉത്തരവ് നൽകാനാവുകയുള്ളൂ. ഇതിനാലാണ് ബില്ലുകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നത്. എന്നിരുന്നാലും എല്ലാ ഫയലുകളും കാലവിളംബം കൂടാതെ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

## സ്റ്റാർക്കുമായി ബന്ധിപ്പിച്ച പഞ്ചിംഗ് സമ്പ്രദായം

21 (4309) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം വകുപ്പുകളിലും ഓഫീസുകളിലുമാണ് സ്പാർക്കുമായി ബന്ധിപ്പിച്ച പഞ്ചിംഗ് സമ്പ്രദായം നിലവിലുള്ളത്;

(ബി) പഞ്ചിംഗ് ഏർപ്പെടുത്തിയ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർനിലയും ജോലിയിലുള്ള കാര്യക്ഷമതയും വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്പാർക്കുമായി ബന്ധിപ്പിച്ച പഞ്ചിംഗ് സമ്പ്രദായം ഇനിയും ഏതെല്ലാം വകുപ്പുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ പഞ്ചിംഗിൽ ഇപ്പോൾ അനുവദിച്ച ഫ്ലെക്സിബിൾ ടൈമിംഗ് കുറവായതിനാൽ വാഹനസൗകര്യങ്ങളുടെ കുറവ്, ട്രെയിനുകൾ തുടർച്ചയായി ലേറ്റ് ആകുന്നത് ഇവമൂലം ദൂരെ സ്ഥലങ്ങളിൽ നിന്നും വന്നു പോകുന്ന ജീവനക്കാർക്ക് അറ്റൻഡൻസ് നഷ്ടമാകുന്നതിന് കാരണമാകുന്നു എന്നതിനാൽ ഒരു മാസത്തിൽ അനുവദിക്കപ്പെട്ട ഫ്ലെക്സിബിൾ സമയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ പഞ്ചിംഗ് സംവിധാനം സ്പാർക്കുമായി ബന്ധപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മറ്റു ഓഫീസുകളിലെ പഞ്ചിംഗ് സംവിധാനം നിലവിൽ സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടില്ല.

(ബി) ഉണ്ട്. കൃത്യസമയത്ത് ഓഫീസിൽ ഹാജരാകുന്ന ജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ടി സംവിധാനം എല്ലാ സർക്കാർ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പരിശോധിച്ചുവരുന്നു.

## സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പുതിയ മാനദണ്ഡം

22 (4310) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പുതിയ മാനദണ്ഡം കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ തീരുമാനത്തെ ജീവനക്കാരുടെ സംഘടനകൾ എതിർത്തിട്ടുണ്ടോ;

(സി) സെക്രട്ടേറിയേറ്റിൽ കെ.എ.എസ്. നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണോ സ്ഥലംമാറ്റ മാനദണ്ഡം പുതുക്കുവാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പുതിയ മാനദണ്ഡം കൊണ്ടുവരുന്നത് സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. തീരുമാനമായിട്ടില്ല. ഇതിന് കെ.എ.എസ്. നടപ്പിലാക്കുന്നതുമായി ബന്ധമില്ല.

**സെക്രട്ടേറിയറ്റിലെ ഫയൽനീക്കം**

23 (4311) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന (സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരമുള്ള സമയ പരിധി കഴിഞ്ഞതായവ) ഫയലുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ അവധി നിരീക്ഷിക്കുവാനും ജോലിക്ക് ഹാജരാകുന്നവർ സീറ്റുകളിൽ കൃത്യതയോടെ ഉണ്ടായിരിക്കുന്നത് ഉറപ്പു വരുത്താനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരം ഫയലുകൾ തീർപ്പാക്കുവാൻ സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ അവധി നിരീക്ഷിക്കുവാനും ജോലിക്ക് കൃത്യതയോടെ ഹാജരാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാനും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ആയത് ശമ്പള വിതരണ സോഫ്റ്റ്‌വെയറായ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭരണപരിഷ്കാര കമ്മീഷൻ നൽകിയ ശിപാർശകൾ**

24 (4312) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭരണ പരിഷ്കാര കമ്മീഷൻ നൽകിയ ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഭരണ പരിഷ്കാര കമ്മീഷൻ നൽകുന്ന ശിപാർശകൾ നടപ്പിലാക്കുവാൻ സർക്കാരിന് ബാധ്യതയുണ്ടോ; വിശദാംശം നല്കുമോ;

(സി) കമ്മീഷൻ ഇതുവരെ സർക്കാരിന് നൽകിയ ശിപാർശകൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുക, വിജിലൻസ് ഡയറക്ടറേറ്റിന് CBI-യെ പോലെ സ്വതന്ത്രവും നിഷ്പക്ഷവുമായി പ്രവർത്തിക്കുന്നതിനാവശ്യമായ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളും സ്വതന്ത്രാധികാരവും നൽകുക, വിജിലൻസ് കമ്മീഷനും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്കും സ്വതന്ത്രവും നിഷ്പക്ഷവുമായി പ്രവർത്തിക്കുന്നതിനുള്ള നിയമാധിഷ്ഠിത അധികാരങ്ങൾ ഉണ്ടാക്കുക, അഴിമതി കേസുകൾ അന്വേഷിക്കുന്നതിനുള്ള നിലവിലുള്ള നടപടിക്രമങ്ങൾക്ക് സമഗ്രമായ പരിഷ്കാരങ്ങൾ വരുത്തുക എന്നിവയാണ് ഭരണപരിഷ്കാര കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ.

(ബി) കമ്മീഷൻ ശിപാർശകൾ പരിശോധിച്ച് യുക്തമായ തീരുമാനങ്ങൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

(സി) സർക്കാരിന്റെ പരിശോധനയിലാണ്.

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഫയർസ്റ്റേഷൻ നിർമ്മാണത്തിനും ടൂറിസം പദ്ധതിക്കും അനുമതി

25 (4313) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല ഗ്രാമപഞ്ചായത്തിൽ കോഴിച്ചനയിൽ ദേശീയപാതയുടെ കൈവശമുള്ള ഭൂമിയിൽ ഫയർസ്റ്റേഷൻ നിർമ്മാണത്തിനും ടൂറിസം പദ്ധതിക്കും അനുമതി നൽകണമെന്ന് സ്ഥലം എം.എൽ.എ. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

തിരൂരങ്ങാടിയിൽ ഫയർസ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് തിരൂരങ്ങാടി താലൂക്ക് തെന്നല വില്ലേജിൽ കോഴിച്ചന പ്രദേശത്തുള്ള 7.47 ഏക്കർ ഭൂമിയിൽ നിന്നും ഒരേക്കർ ഭൂമി ഫയർ & റെസ്ക്യൂ സ്റ്റേഷനുവേണ്ടി ലഭ്യമാക്കുന്നതിന് പ്രസ്തുത സ്ഥലം പരിശോധിച്ചതിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി CPWD-യിൽ നിന്നും സ്ഥലം വിട്ടുകിട്ടുകയാണെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**അർദ്ധസൈനികന്റെ കുടുംബത്തിന് ജപ്തി ഭീഷണി**

26 (4314) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർദ്ധസൈനിക സേവനത്തിനിടെ 2013 ഡിസംബർ 11 ന് മരണപ്പെട്ട കാർത്തികപ്പള്ളി പുതുക്കണ്ടം ശ്രീരാഗത്തിൽ രാജൻ 2009 ൽ വീട് വയ്ക്കുവാനായി എടുത്ത 490000 രൂപയുടെ വായ്പമേൽ 5,25,625 രൂപ അടച്ചിട്ടും പിഴപ്പലിശയുടെ പേരിൽ കുടുംബത്തിന് ജപ്തി ഭീഷണി നേരിടുന്നു എന്ന് സൂചിപ്പിച്ച് രാജന്റെ വിധവ രാഖി നൽകിയിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുടുംബത്തെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ജില്ലാകളക്ടർ മുഖേന അന്വേഷണം നടത്തിയിട്ടുണ്ട്. അപേക്ഷകയ്ക്ക് വരുമാനം ഉണ്ട് എന്നതുകൊണ്ടും മതിയായ ജാമ്യ വസ്തുവിന്മേലാണ് വായ്പ നൽകിയിട്ടുള്ളത് എന്നതുകൊണ്ടും വായ്പ ഈടാക്കാതിരിക്കാൻ നിർവ്വാഹമില്ലെന്നാണ് ബാങ്ക് അറിയിച്ചിട്ടുള്ളത്. ജപ്തിനടപടി ഒഴിവാക്കി വായ്പായിളവ് നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സർക്കാർ ബാങ്കിനോട് അഭ്യർത്ഥിച്ചിരുന്നു.

**ഐ.പി.എസ്. പട്ടിക**

27 (4315) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-ലെ ഐ.പി.എസ് കൺഫെർ ചെയ്യുന്നതിനുള്ള പട്ടിക ഇതിനകം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര തസ്തികകളിലേക്കായി മൊത്തം എത്ര പേരുകളാണ് ലിസ്റ്റിലുള്ളത്;അറിയിക്കുമോ;

(സി) മറ്റു സംസ്ഥാനങ്ങൾ 2017-ലേക്കുള്ള പട്ടിക ഇതിനകം കേന്ദ്രത്തിന് സമർപ്പിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്തിന്റെ 2017-ലേക്കുള്ള പട്ടിക ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് സമർപ്പിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2016-ലെ 13 ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകുന്നതിനായി സംസ്ഥാന പോലീസ് സർവ്വീസിൽ നിന്നും നിശ്ചിത യോഗ്യതയുള്ള 32 പോലീസ് ഓഫീസർമാരുടെ പട്ടിക യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) 2017-ലെ ഒഴിവുകൾ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

## നീതി ആയോഗും കേരളത്തിലെ പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനവും

28 (4316) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രത്തിലെ 'നീതി ആയോഗ്' കേരളത്തിലെ പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ ഇല്ലാതായതുകൊണ്ട് കേരളത്തിന് വന്നു ചേർന്നിട്ടുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമാണ്; ഇത് കേരളത്തിന്റെ ആസൂത്രണ പ്രക്രിയയെ ഏതെല്ലാം തരത്തിലാണ് ബാധിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) നിലവിലുള്ള കേന്ദ്ര സർക്കാർ പ്ലാനിംഗ് കമ്മീഷൻ നിർത്തലാക്കുകയും അതിനുപകരമായി നീതി ആയോഗ് എന്ന സംവിധാനം നിലവിൽ വരുത്തുകയും ചെയ്തു. കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതികൾ നിർത്തലാക്കുകയും പദ്ധതി, പദ്ധതിയേതര എന്ന തരം തിരിവ് നിർത്തലാക്കാൻ തീരുമാനിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിക്ക് കേന്ദ്രത്തിൽ നിന്ന് ലഭിച്ചുകൊണ്ടിരുന്ന അധികകേന്ദ്ര സഹായം (Additional Central Assistance), സാധാരണ കേന്ദ്ര സഹായം (Normal Central Assistance), ഒറ്റത്തവണ കേന്ദ്ര സഹായം (One Time Additional Central Assistance) എന്നിവ നിർത്തലാക്കുകയും ചെയ്തു. കേന്ദ്രാവിഷ്കൃത പദ്ധതികൾ മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നീതി ആയോഗിന് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ട ആവശ്യകതയില്ല. കൂടാതെ പല കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും മുമ്പ് ലഭിച്ചുകൊണ്ടിരുന്ന കേന്ദ്ര വിഹിതത്തിന്റെ അനുപാതം കുറയ്ക്കുകയും ചെയ്തു. ഇതു സംസ്ഥാനത്തിന്റെ ബാധ്യതയായി

മാറി. എന്നിരുന്നാലും കേരള സർക്കാർ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി (2017-2022) മുന്നോട്ടു പോകുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി വിവിധ വിഷയ മേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം നൽകുകയും ഈ സമിതികളുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. കൂടാതെ പതിമൂന്നാം പദ്ധതിയുടെ സമീപന രേഖ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇവയുടെ എല്ലാം ശിപാർശയുടെ അടിസ്ഥാനത്തിൽ ആണ് 2017-18, 2018-19 വാർഷിക പദ്ധതികൾക്ക് അന്തിമരൂപം നൽകിയത്.

### ആസൂത്രണ ബോർഡിലെ ഡിവിഷൻ ഹെഡ് തസ്തിക

29 (4317) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ ബോർഡിൽ ഡിവിഷൻ ഹെഡ്ഡിന്റെ എത്ര തസ്തികകൾ നിലവിലുണ്ട്;പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് സംവരണതത്വം പാലിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ ഡിവിഷൻ ഹെഡ്ഡിന്റെ 7 തസ്തികകൾ നിലവിലുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

### പരിസ്ഥിതി ലോലമേഖല

30 (4318) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട സംരക്ഷണത്തിന് തയ്യാറാക്കിയ കസ്തൂരിരംഗൻ, ഗാഡ്ഗിൽ റിപ്പോർട്ടുകളിൽ ഏത് നടപ്പാക്കാനാണ് കേരള സർക്കാർ ശിപാർശ ചെയ്തിട്ടുള്ളത്; പരിസ്ഥിതി ലോലം എന്ന് കണ്ടെത്തിയിട്ടുള്ള കേരളത്തിലെ വില്ലേജുകൾ ഏതൊക്കെയാണ്; ഓരോ വില്ലേജുകളിലേയും എത്ര ച.മീറ്റർ ഏരിയയാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഏതെങ്കിലും വില്ലേജുകൾ പൂർണ്ണമായി പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെട്ടിട്ടുണ്ടോ; അവ ഏതൊക്കെ;

(ബി) പരിസ്ഥിതി ലോല മേഖല സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പരിസ്ഥിതി ദുർബ്ബലം എന്ന് കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ താമസിച്ചുവരുന്ന ജനങ്ങൾക്ക് ഈ പ്രദേശത്തുനിന്നും ഒഴിഞ്ഞുപോകേണ്ടി വരുമോ; അങ്ങനെ വന്നാൽ ഇവർക്ക് ഭൂമി ഒഴിയുന്നതിനുള്ള നഷ്ടപരിഹാരം ആരാണ് നൽകുക; അതിനുള്ള നടപടികൾ ആയിട്ടുണ്ടോ;

(ഡി) പരിസ്ഥിതി ദുർബ്ബല മേഖലയിലുള്ള ഡാമുകൾ ഡീ കമ്മീഷൻ ചെയ്യേണ്ടി വരുമോ; റിപ്പോർട്ട് നടപ്പാക്കുന്നതു വഴി ഏതൊക്കെ തരത്തിലാണ് കേരളത്തെ ഇത് ദോഷകരമായി ബാധിക്കുന്നത് എന്ന് സർക്കാർ പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശം പരിസ്ഥിതി ലോല മേഖലയിൽ നിന്നും ഒഴിവാക്കാനായി സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; അവ ഏതെല്ലാമാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) പശ്ചിമഘട്ട സംരക്ഷണത്തിന് തയ്യാറാക്കിയ കസ്തൂരിരംഗൻ, ഗാഡ്ഗിൽ റിപ്പോർട്ടുകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച ഭേദതികളോടെ കസ്തൂരിരംഗൻ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പാക്കാനാണ് കേരള സർക്കാർ ശിപാർശ ചെയ്തിട്ടുള്ളത്. ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. കേരളത്തിലെ പരിസ്ഥിതി ലോല മേഖലകളെ നിർവ്വചിച്ചുകൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 27-2-2017-ൽ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ വില്ലേജുകളുടെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത പട്ടികയുടെ പകർപ്പ് (Hindi Version) അനുബന്ധമായി ചേർക്കുന്നു.* ഇതു സംബന്ധിച്ച അന്തിമ വിജ്ഞാപനം ആയിട്ടില്ല.

(ബി) ഇല്ല

(സി) പരിസ്ഥിതി ദുർബ്ബലം എന്ന് കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ താമസിച്ചുവരുന്ന ജനങ്ങൾക്ക് ഈ പ്രദേശത്തുനിന്നും ഒഴിഞ്ഞു പോകണമെന്ന വ്യവസ്ഥ കേന്ദ്ര സർക്കാരിന്റെ കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) പരിസ്ഥിതി ദുർബ്ബല മേഖലയിലുള്ള ഡാമുകൾ ഡീ കമ്മീഷൻ ചെയ്യേണ്ടി വരുമെന്ന വ്യവസ്ഥ കേന്ദ്ര സർക്കാരിന്റെ കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തി യിട്ടില്ല. ഇത് സംബന്ധിച്ച് സർക്കാർ പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ഇ) ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

## പരിസ്ഥിതി സംബന്ധിച്ച കരട് ധവളപത്രം

31 (4319) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പരിസ്ഥിതി സംബന്ധിച്ച കരട് ധവളപത്രം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിന്റെ മണ്ണും ജലവും ജൈവവൈവിദ്ധ്യവും സംരക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കരട് ധവളപത്രം തയ്യാറായിട്ടുണ്ട്. ആയത് കാലതാമസം കൂടാതെ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) "ശുദ്ധവായു, ശുദ്ധജലം, ആരോഗ്യമുള്ള മണ്ണ് സുരക്ഷിതമായ ഭക്ഷണം എന്നിവ മനുഷ്യന് ഉറപ്പുവരുത്തുക" എന്ന കാഴ്ചപ്പാടിലധിഷ്ഠിതമായിട്ടുള്ള പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കുമാണ് സർക്കാർ മുൻഗണന നൽകുന്നത്. തണ്ണീർത്തട ജൈവവൈവിധ്യം, സമുദ്രവൈവിധ്യം, തനതുജൈവജാതിയിനങ്ങളുടെ സംരക്ഷണം, സംസ്ഥാനത്തെ വിഭിന്നങ്ങളായ ആവാസവ്യവസ്ഥകളുടെ സംരക്ഷണം തുടങ്ങിയ മേഖലകളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയിലൂടെ ജല സംരക്ഷണവും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യവിള ഉത്പാദനത്തിനായി ജൈവകൃഷിയും മാലിന്യ സംസ്കരണവും മരം നടീലും പ്രോത്സാഹിപ്പിക്കുന്നു. ജൈവവൈവിധ്യ സംരക്ഷണം പ്രാദേശിക തലത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (Biodiversity Management Committees-BMCs) രൂപീകരിച്ചിട്ടുണ്ട്. ആവാസ വ്യവസ്ഥകളുടെ സംരക്ഷണാർത്ഥം ബന്ധപ്പെട്ട ബി.എം.സി.-കളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ ജൈവവൈവിധ്യത്തെയും ബന്ധപ്പെട്ട പരമ്പരാഗത അറിവുകളെയും രേഖപ്പെടുത്തുന്ന ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തയ്യാറാക്കി വരുന്നു. നദികളുടെ സംരക്ഷണത്തിനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ കേരളത്തിലെ 44 നദികളുടെ പഠനം നടത്തിയിരുന്നു (Riverine Fish Monitoring Study). കേരളത്തിലെ അഞ്ച് തടാകങ്ങൾ-പൂക്കോട്, വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട, വെള്ളായണി എന്നിവയുടെ ജൈവവൈവിധ്യം തിട്ടപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് " കേരളത്തിലെ അഞ്ചു നീർത്തടങ്ങളിലെ ജൈവവൈവിധ്യ പഠനം" പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ നഗരത്തിലെ

കുളങ്ങളുടെ പുനരുദ്ധാരണം, ക്വാറികളുടെ പാരിസ്ഥിതിക പുനരുദ്ധാരണം, നദികളിലെ തനതു മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, വെള്ളായണി ശുദ്ധജല തടാകത്തിലെ ഗ്രീൻ ബെൽറ്റ് പദ്ധതി എന്നിവ നടപ്പിലാക്കി. ഇടുക്കി ജില്ലയിൽ ഐക്യരാഷ്ട്ര സഭയുടെ യു.എൻ.ഡി.പി. ഫണ്ട് ഉപയോഗിച്ച് 'മൂന്നാർ ലാന്റ് സ്കേപ്പ് പ്രോജക്ട് പാരമ്പര്യ അറിവ് ശേഖരണം ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 'ജൈവവൈവിധ്യ പരിപാലന സമിതികളിലൂടെ ഔഷധ സസ്യങ്ങളുടെ സ്വാഭാവിക ഉറവിടങ്ങളുടെ പരിപോഷണവും സുസ്ഥിര ശേഖരണവും വിളവെടുപ്പും മൂല്യവർദ്ധിത ഉൽപ്പന്നവൽക്കരണവും 'എന്ന പദ്ധതി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കുന്നു.

## മൺറോതുരുത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച സെമിനാർ

32 (4320) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തണ്ണീർത്തട അതോറിറ്റി നിലവിൽ ഉണ്ടോ; എങ്കിൽ അതോറിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ് ;

(ബി) സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയും ചേർന്ന് മൺറോതുരുത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വിപുലമായ സെമിനാർ 2018-ൽ നടത്തിയിരുന്നോ;

(സി) പ്രസ്തുത സെമിനാറിനും ശില്പശാലയ്ക്കും എത്ര രൂപ ചെലവഴിച്ചു; ഇതിൽ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിലെ അംഗങ്ങൾ പങ്കെടുത്തിരുന്നോ; ഇവർക്ക്എത്ര രൂപ യാത്രാപ്പടി ഇനത്തിൽ നൽകി എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സെമിനാറിന്റെയും ശില്പശാലയുടെയും അടിസ്ഥാനത്തിൽ മൺറോതുരുത്തിനെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അതോറിറ്റിയിലെ അംഗങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. *

(ബി) മൺറോതുരുത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച ദ്വിദിന ശില്പശാല 2018 ഫെബ്രുവരി 18, 19 തീയതികളിൽ മൺറോതുരുത്തിലും കൊല്ലത്തും വച്ച് നടത്തിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ദ്വിദിന ശില്പശാലയുടെ നടത്തിപ്പിനായി ഏകദേശം 3.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ അംഗങ്ങൾ പങ്കെടുത്തിരുന്നു. സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിലെ അംഗങ്ങൾക്ക് യാത്രാപ്പടിയൊന്നും നൽകിയിട്ടില്ല.

(ഡി) മൺറോതുരുത്തിനെ സംരക്ഷിക്കാൻ 75 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഈ തുക മൺറോതുരുത്തിന്റെ സുസ്ഥിര വികസനത്തിനായി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾക്ക് നൽകുവാനായി തീരുമാനം ആയിട്ടുണ്ട്. വിവിധ വകുപ്പുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു.*

**പാലക്കാട് ജില്ലയിലെ അന്തരീക്ഷ താപനില വർദ്ധന**

33 (4321) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ അന്തരീക്ഷ താപനില ക്രമാതീതമായും അനിയന്ത്രിതമായും വർദ്ധിച്ചു വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) അന്തരീക്ഷ താപനില വല്ലാതെ ഉയരുന്നതിനാൽ ഉണ്ടാവാൻ സാധ്യതയുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) അത്തരം ദുരന്ത സാധ്യതകൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും ഒഴിവാക്കുന്നതിനുമായി എന്തെല്ലാം നിർദ്ദേശങ്ങൾ ജില്ലാ ഭരണകൂടത്തിന് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അതിനായി പാലക്കാട് ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സൂര്യാഘാതത്തിനുള്ള സാധ്യത മുൻനിർത്തി വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽസമയം 2018 ഫെബ്രുവരി 22 മുതൽ ഏപ്രിൽ 30 വരെ പുനഃക്രമീകരിച്ചുകൊണ്ട് 21-2-2018 തീയതിയിലെ ഇ.എൻ.എഫ്.(2)/2216/2018 നമ്പർ പ്രകാരം ലേബർ കമ്മീഷണർ ഉത്തരവായിട്ടുണ്ട്. അപ്രകാരം പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12.00 മണി മുതൽ 3.00 മണി വരെ വിശ്രമ വേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വരെയുള്ള സമയത്തിനുള്ളിൽ 8 മണിക്കൂർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവുമായി ബന്ധപ്പെട്ട് എല്ലാ പത്രമാധ്യമങ്ങളിലും അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വഴിയും തൊഴിലുടമകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ടി ഉത്തരവ് പാലിക്കുന്നത് സംബന്ധിച്ച് ലേബർ വകുപ്പ് സ്ക്വാഡ് പരിശോധന നടത്തുന്നുണ്ട്. കൂടാതെ ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തുകളുടെയും റവന്യൂ വകുപ്പിന്റെയും സഹകരണത്തോടുകൂടി വാട്ടർ കിയോസ്കുകളിൽ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നുണ്ട്.

(സി) തൊഴിൽ സമയം പുനഃക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടി ഉത്തരവിലൂടെ ലേബർ കമ്മീഷണർ നിർദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയ്ക്ക് 2017-18 വർഷത്തിൽ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും വരൾച്ചയിലെ കൃഷിനാശത്തിന്റെ നഷ്ടപരിഹാരത്തിനായി 19,34,54,892 രൂപയും കുടിവെള്ള വിതരണത്തിനായി 4 കോടി രൂപയും മൃഗസംരക്ഷണത്തിന് ഒരു കോടി രൂപയും നൽകിയിട്ടുണ്ട്.

**മലിനീകരണ നിയന്ത്രണ ബോർഡ് നിയമനങ്ങൾ**

34 (4322) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ അസിസ്റ്ററന്റ് എഞ്ചിനീയർ (സിവിൽ) തസ്തിക ഉൾപ്പെടെയുള്ള നിയമനങ്ങൾ പി.എസ്.സി. വഴിയാണോ നടത്തുന്നത്; ഇത്തരത്തിലുള്ള നിയമനാധികാരം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് സർക്കാർ തീരുമാനം എടുക്കുമോ; വിശദമാക്കാമോ ?

ഉത്തരം

(എ) 26-12-2015-ലെ 23308/ലെഗ്.എഫ്2/2012/നിയമം നമ്പർ വിജ്ഞാപന പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഉൾപ്പെടെയുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾക്കായുള്ള നിയമന ചട്ടങ്ങൾ രൂപീകരിക്കുന്നതിനായുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. ടി ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷം മാത്രമേ പി.എസ്.സി വഴിയുള്ള നിയമനം ആരംഭിക്കുകയുള്ളൂ.

## മലിനീകരണ നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ

35 (4323) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലിനീകരണ നിയന്ത്രണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ;

(ബി) ഓരോ നടപടികളും എത്രമാത്രം ഫലം കാണുന്നുണ്ട് ; വിശദവിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ സമഗ്രപഠനം നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) മലിനീകരണം നിയന്ത്രിക്കുന്നതിനായി സംസ്ഥാന മലിനീകരണ ബോർഡ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജലനിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയിലെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. സ്വീവേജും സെപ്റ്റേജും മറ്റു നഗരമാലിന്യങ്ങൾ ഉൾപ്പെടെയുള്ള ദ്രവമാലിന്യം സംസ്കരിക്കുന്നതിനായുള്ള ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചു വരുന്നു. വായു (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം, 1981 പ്രകാരവും ചിമ്മിനി വഴിയും അല്ലാതെയുമുള്ള ബഹിർഗമനങ്ങൾ നടത്തുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി തേടേണ്ടതും അതിനുള്ള പരിശോധനകളിലും തുടർന്നു നൽകുന്ന അനുമതി പത്രങ്ങളിലെ നിബന്ധനകളിലും മലിനീകരണ നിയന്ത്രണത്തിനുതകുന്ന നിർദ്ദേശങ്ങൾ നൽകി വരുന്നു. ഇവ നടപ്പിലാക്കുന്നതു വഴി അന്തരീക്ഷ വായുവിലെ മാലിന്യ ഘടകങ്ങളുടെ അളവുകളിലെ നിയന്ത്രണവും പ്രാവർത്തികമാകുന്നു. ഇതുകൂടാതെ പരിസ്ഥിതി സംരക്ഷണ നിയമം/അനുബന്ധ ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ സ്ഥാപനങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനമായ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ എല്ലാ ആതുരാലയങ്ങളും പാലിക്കുന്നുവെന്നും ഖര മാലിന്യ മാനേജ്മെന്റ് ചട്ടങ്ങൾ സ്ഥാപനങ്ങൾ

പാലിക്കുന്നുവെന്നും ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾക്കും പ്ലാസ്റ്റിക് ക്യാരി ബാഗ്/പ്ലാസ്റ്റിക് ഷീറ്റുകൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്കും അനുമതി നൽകുകയും നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. ഇ-വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികളും എടുത്തുവരുന്നു. സംസ്ഥാനത്തെ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത എയർ സ്റ്റേഷനുകളിൽ നിന്ന് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം പരിശോധിച്ചുവരുന്നു.

താരതമ്യേന മലിനീകരണ സാധ്യത കൂടുതലുള്ള വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള ശുദ്ധീകരിച്ച പാഴ് വായു/പാഴ് ജലം എന്നിവയുടെ ഗുണനിലവാരം തത്സമയം നിരീക്ഷിക്കുന്നതിനായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാര്യാലയത്തിൽ നിന്നും നേരിട്ട് അറിയുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 25 വ്യവസായ സ്ഥാപനങ്ങൾ ഇപ്രകാരം തത്സമയ ഗുണനിലവാരം നൽകുന്നതിലേയ്ക്കായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർവ്വറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 24 മണിക്കൂറും തുടർച്ചയായി തത്സമയ അന്തരീക്ഷ വായു ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ (കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ) തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. ഈ ഉപകരണങ്ങളിൽ നിന്നും ലഭിക്കുന്ന വായു ഗുണനിലവാര നിരീക്ഷണ ഫലങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്ക് പ്രദർശിപ്പിക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആസ്ഥാന ഓഫീസിന്റെ മുമ്പിൽ ഒരു ഡിസ്പ്ലേ ബോർഡും സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ വൈറ്റില മൊബിലിറ്റി ഹബ്ബിൽ നവംബർ 2016-ലും എം.ജി റോഡിൽ ശീമാട്ടി ജംഗ്ഷനിൽ ജൂൺ 2017-ലും, കോഴിക്കോട് ജില്ലയിലെ പാളയത്ത് ഒക്ടോബർ 2017-ലും ബോർഡിന്റെ തത്സമയ അന്തരീക്ഷ വായു ഗുണനിലവാര നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതു കൂടാതെ, എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷന് പുറത്തായി ഏലൂർ വ്യവസായ മേഖലയിൽ അന്തരീക്ഷ വായു ഗുണനിലവാരം തത്സമയം പരിശോധിക്കുന്നതിനുള്ള ഉപകരണം പാതാളം ഇ.എസ്.ഐ. ആശുപത്രിയുടെ മുകളിൽ സെപ്റ്റംബർ 28, 2017 മുതൽ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ ഡിസ്പ്ലേ ബോർഡ് ഉദ്യോഗമണ്ഡൽ കമ്പനി പടിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

(ബി&സി) വ്യവസായ സ്ഥാപനങ്ങളുടെ ശുദ്ധീകരിച്ച പാഴ്ജല/പാഴ് വായു ഗുണനിലവാരം മോണിറ്റർ ചെയ്യുന്നത് ജല/വായു മലിനീകരണം തടയുന്നതിന് ഫലപ്രദമാകുന്നുണ്ട്. അന്തരീക്ഷ വായുവിലെ ഘടകങ്ങളുടെ പരിശോധന, വായു ഗുണനിലവാരം എപ്രകാരമാണെന്ന് അറിയുന്നതിനും ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഫലപ്രദമാണ്. ഓൺലൈനായി ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ആവശ്യമായ അപഗ്രഥനം നടത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നു.

**മലിനീകരണ പ്രവർത്തനങ്ങൾ തടയുന്നതിനായി നടപടി**

36 (4324) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലം, വായു, മണ്ണ് എന്നിവ മലിനപ്പെട്ടതുകൊണ്ടാണ് പകർച്ച വ്യാധികളുടെ ആധിക്യം കേരളത്തിൽ ഉണ്ടായത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തികളും സ്ഥാപനങ്ങളും നടത്തുന്ന മണ്ണ്, ജലം, വായു മലിനീകരണ പ്രവർത്തനങ്ങൾ തടയുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) മലിനീകരണ നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും മറികടന്ന് മലിനീകരണ പ്രവർത്തനങ്ങൾ നടത്തിയതിന് എത്ര കേസുകൾ എടുത്തിട്ടുണ്ട് ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വ്യവസായ സ്ഥാപനങ്ങൾക്കെതിരെ സമീപകാലത്തൊന്നും ഇത്തരത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യേണ്ടതായി വന്നിട്ടില്ല. വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലെ പോരായ്മകൾ കാണുന്ന പക്ഷം മലിനീകരണ നിയന്ത്രണ ബോർഡ് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകി തുടർന്ന് അവ പാലിക്കുന്നുവെന്നും ഉറപ്പാക്കുന്നു. കേസുകളിൽ അന്തിമ തീരുമാനം ഉണ്ടാകുന്നതിന് കാലതാമസം നേരിടുന്നതിനാലും ഇതിനേക്കാൾ ഫലപ്രദമായി ജലനിയമം, വായുനിയമം എന്നിവയിൽ വ്യവസായങ്ങൾ നിയമം ലംഘിച്ചാൽ അടച്ചുപൂട്ടുന്നതിന് വരെ (വായു നിയമത്തിന്റെ സെക്ഷൻ 31 (A), ജലനിയമത്തിന്റെ സെക്ഷൻ 33(A) പ്രകാരം) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അധികാരമുള്ളതിനാൽ ഈ നിയമവ്യവസ്ഥയാണ് കൂടുതലായും അവലംബിക്കുന്നത്.

**വായു മലിനീകരണം**

37 (4325) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വായുമലിനീകരണം സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പൊടിപടലങ്ങളുടെ അടിസ്ഥാനത്തിൽ പഠനം നടത്തി പരിശോധന ഫലം അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനായി ഏർപ്പെടുത്തിയ നടപടിക്രമം എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) എല്ലാ ജില്ലകളിലും തൽസമയ അന്തരീക്ഷ ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 ൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വാഹന ബഹിർഗമനവുമായി ബന്ധപ്പെട്ട് 'Estimation of Vehicular Emission in Thiruvananthapuram Urban Centre' എന്ന ഒരു പ്രോജക്ട് National Transportation Planning and Research Centre (NATPAC) മുഖേന നടത്തിയിരുന്നു. നിരന്തര വികസനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന തിരുവനന്തപുരം അർബൻ സെന്ററിൽ വാഹനങ്ങളുടെ പെരുപ്പം കൂടുന്ന സാഹചര്യത്തിൽ വാഹനങ്ങളിൽ നിന്നുള്ള ബഹിർഗമനത്തിന്റെ തോത് കുറയ്ക്കുന്നതിന് സ്വീകരിക്കാവുന്ന സംവിധാനങ്ങളുടെ / രീതികളുടെ പരാമർശവും റിപ്പോർട്ടിലുണ്ട്. Fuel alteration, better public transport system, road network improvement തുടങ്ങിയവ അതിൽ ഉൾപ്പെടും. വായു ഗുണനിലവാരം പരിശോധിക്കുന്നതിന്റെ ഭാഗമായി ഡേറ്റാ ശേഖരണത്തിന് വേണ്ടി 24 സ്റ്റേഷനുകൾ നാഷണൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനു കീഴിലും 6 എണ്ണം സ്റ്റേറ്റ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനു കീഴിലും നടത്തി വരുന്നുണ്ട്. വായുവിലെ സൾഫർ ഡൈ ഓക്സൈഡ്, നൈട്രജൻ ഓക്സൈഡുകൾ, പൊടിപടലങ്ങൾ എന്നിവയാണ് അളന്നു വരുന്നത്. ഇതുകൂടാതെ 24 മണിക്കൂറും തുടർച്ചയായി തത്സമയ അന്തരീക്ഷ വായു ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ (കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ) തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ പ്ലാമൂട്ടിൽ ബോർഡിന്റെ ആസ്ഥാന ഓഫീസിലാണ് ടി സംവിധാനം 2015 ജനുവരി മുതൽക്ക് പ്രാവർത്തി കമാക്കിയിട്ടുള്ളത്. ഈ ഉപകരണങ്ങളിൽ നിന്നും ലഭിക്കുന്ന വായു ഗുണനിലവാര നിരീക്ഷണഫലങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്ക് പ്രദർശിപ്പിക്കുന്നതിനായി ആസ്ഥാന ഓഫീസിന്റെ മുമ്പിൽ ഒരു ഡിസ്പ്ലേ ബോർഡും സ്ഥാപിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ വൈറ്റില മൊബിലിറ്റി ഹബ്ബിൽ 2016 നവംബറിലും എം.ജി റോഡിൽ ശീമാട്ടി ജംഗ്ഷനിൽ 2017 ജൂണിലും, കോഴിക്കോട് ജില്ലയിലെ പാളയത്ത് 2017 ഒക്ടോബറിലും ബോർഡിന്റെ തത്സമയ അന്തരീക്ഷ വായു ഗുണനിലവാര നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനു പുറത്തായി ഏലൂർ വ്യവസായ മേഖലയിൽ അന്തരീക്ഷ വായു ഗുണനിലവാരം തത്സമയം പരിശോധിക്കുന്നതിനുള്ള ഉപകരണം പാതാളം ഇ.എസ്.ഐ ആശുപത്രിയുടെ മുകളിൽ ഒരു സ്റ്റേഷൻ സ്ഥാപിച്ചിരുന്നതിൽ നവീകരണത്തിനുള്ള പ്രവർത്തനങ്ങൾ നടത്തി 2017 സെപ്റ്റംബർ 28 മുതൽ പ്രവർത്തിച്ചു വരുന്നു. ആയതിന്റെ ഡിസ്പ്ലേ ബോർഡ് ഉദ്യോഗമണ്ഡൽ കമ്പനിപടിയിൽ പ്രദർശിപ്പിച്ചിട്ടുള്ളതാണ്.

(ബി) 10 മൈക്രോണിൽ താഴയുള്ളതും (PM10) 2.5 മൈക്രോണിൽ താഴെയുള്ളതുമായ (PM2.5) പൊടിപടലങ്ങളുടെ അളവുകൾ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ വഴിയാണ് അളന്നു വരുന്നത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ വെബ്സൈറ്റിൽ ഓരോ സ്റ്റേഷനുകളിലേയും ഓരോ മാസത്തെയും വായു ഗുണനിലവാര ഫലങ്ങൾ ക്രോഡീകരിച്ച് പ്രദർശിപ്പിക്കാറുണ്ട്. ഈ പഠന ഫലങ്ങൾ ക്രോഡീകരിച്ച് ബോർഡിന്റെ ഡയറക്ടറി രൂപത്തിൽ എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) വായു ഗുണനിലവാരം തുടർച്ചയായി അളന്നു പ്രദർശിപ്പിക്കാൻ കഴിയുന്ന തത്സമയ അന്തരീക്ഷ ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ (ആകെ 5 എണ്ണം) തിരുവനന്തപുരത്ത് പ്ലാമൂട്ടും കോഴിക്കോട് പാളയത്തും എറണാകുളത്ത് എം.ജി റോഡ്, വൈറ്റില ഏലൂർ എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ ഇത്തരത്തിലുള്ള സ്റ്റേഷൻ തുടങ്ങാനുള്ള നടപടികൾ 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പി.എസ്.സി. വഴിയുള്ള നിയമനം**

38 (4326) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി നിയമിതരായ ആളുകളുടെ എണ്ണം വകുപ്പ്, തസ്തിക എന്നിവ തിരിച്ച് അറിയിക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റശേഷം 31-1-2018 വരെ 64,982 പേർക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പ്, തസ്തിക എന്നിവ തിരിച്ചുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

## കൊല്ലം ജില്ലയിലെ ഡ്രൈവർ തസ്തിക

39 (4327) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ഏതെല്ലാം വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് II ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ഡ്രൈവർ LDV തസ്തികയിൽ ഒരു പ്രതീക്ഷിത ഒഴിവ് ഉൾപ്പെടെ 46 ഒഴിവുകൾ വിവിധ വകുപ്പുകളിൽ നിന്നും കേരള പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) 2018-ലെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഇതിനകംതന്നെ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

40 (4328) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പി.എസ്.സി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ ഉണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 4-ാമത്തെ ഓൺലൈൻ പരീക്ഷാകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പി.എസ്.സി-യിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി വിവിധ വിഭാഗങ്ങളിലായി 120 അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പി.എസ്.സി.-യുടെ ജില്ലാ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി വിവിധ ജില്ലകളിൽ സ്ഥലമെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. പാലക്കാട് ജില്ലാ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പി.എസ്.സി ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം അനുവദിക്കാനും ഔദ്യോഗിക ഫേസ് ബുക്ക് പേജ് ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിവിധ മേഖലകളിൽ നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കൈക്കൊണ്ട് വരുന്നുണ്ട്.

(ബി) ഉണ്ട്. പി.എസ്.സി.-യുടെ സാമ്പത്തിക പ്രതിസന്ധി അടിയന്തിരമായി തരണം ചെയ്യുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ രണ്ട് ഉപശീർഷകങ്ങളിലായി പതിനാറ് കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സി) പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷകൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും ഇംഗ്ലീഷിനു പുറമേ മറ്റ് ഭാഷകളിൽ കൂടി ഓൺലൈൻ പരീക്ഷ നടത്തുന്നതിനും വേണ്ട നടപടികൾ കൊക്കൊണ്ടിട്ടുണ്ട്. ചോദ്യപേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം എന്നീ വകുപ്പ് മേധാവികൾ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ ഉൾപ്പെടുത്തി ബഹു. ചെയർമാന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിലേയ്ക്കാവശ്യമായ വിദഗ്ദ്ധരുടെ പാനൽ തയ്യാറാക്കുവാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികളോട് നിർദ്ദേശിക്കുകയും അതുകൂടി ഉൾപ്പെടുത്തി പാനൽ പരിഷ്കരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകൾ**

41 (4329) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസ യോഗ്യത ആവശ്യമായ പല തസ്തികകളിലും വളരെക്കാലം മുൻപ് നിശ്ചയിച്ച അടിസ്ഥാന യോഗ്യതയാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇപ്പോഴും പിൻതുടരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾക്കു തുല്യമായതോ അതിനേക്കാൾ ഉയർന്നതോ ആയ പുതുതലമുറ കോഴ്സുകളിലൂടെ യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്ക് പല തസ്തികകളിലേക്ക് അപേക്ഷ അയയ്ക്കുവാൻ കഴിയാത്ത സാഹചര്യങ്ങൾ വിലയിരുത്തുവാനും ഇതു സംബന്ധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുവാനും ആവശ്യമായ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തുകയോ റിപ്പോർട്ടുകൾ സർക്കാരിന് ലഭ്യമാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും നടപടി

42 (4330) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ സ്ഥാപന മേധാവികളുടെ ആശ്രിതർക്ക് ഡ്രൈവർ തസ്തികയിൽ വിശേഷിച്ചും മറ്റു കാറ്റഗറികളിൽ പൊതുവിലും താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ജോലി കൊടുക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റുകൾ നിലനിൽക്കെ ഉദ്യോഗാർത്ഥികളോട് ചെയ്യുന്ന ഈ ക്രൂരത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) നിയമനം നടത്താതെ ലിസ്റ്റുകളുടെ കാലാവധി തീരുന്ന സാഹചര്യം സമഗ്ര പരിശോധനയ്ക്ക് വിധേയമാക്കുമോ;

(ഡി) ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉടൻ നിയമനം നടത്തുവാനും നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലെ ഒഴിവുകൾ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് മാത്രമേ നികത്താവൂ എന്നും, ഇത്തരം തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ദിവസവേതന/കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ നടത്തരുതെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഒരു റാങ്ക് ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി, ആയത് നിലവിൽ വന്ന തീയതി മുതൽ ഒരു വർഷം വരെയാണ്. ഒരു വർഷത്തിന് ശേഷം പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതിയോ അല്ലെങ്കിൽ മൂന്ന് വർഷമോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയും കാലാവധി ദീർഘിപ്പിക്കാറുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ ഒരാളെപ്പോലും നിയമിച്ചിട്ടില്ലെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഒരാളെയെങ്കിലും നിയമിക്കുന്നതുവരെയോ അല്ലെങ്കിൽ ഒരു വർഷം കൂടിയോ ഏതാണോ ആദ്യം അതുവരെയും റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാറുണ്ട്.

(ഡി) പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള ലഭ്യമായ ഒഴിവുകൾ സമയ ബന്ധിതമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം ഇതിനകം തന്നെ നൽകിയിട്ടുണ്ട്.

**കാസർഗോഡ് പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം**

43 (4331) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പി.എസ്.സി. ജില്ലാ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലാ പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി 3-9-2016 തീയതിയലെ സ.ഉ.(എംഎസ്) നമ്പർ 496/2016/ റവ, 13-2-2017 തീയതിയിലെ സ.ഉ (എംഎസ്) നമ്പർ 57/2017/റവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കാസർഗോഡ് താലൂക്കിൽ കാസർഗോഡ് വില്ലേജിൽ റീ.സ.നമ്പർ 210/pt-ൽപ്പെട്ട 08.09 ആർ (20 സെന്റ്) സ്ഥലം അനുവദിച്ചു. പ്രസ്തുത സ്ഥലത്ത് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പി.എസ്.സി. നിയമനങ്ങൾ**

44 (4332) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകാത്തത് അപ്രഖ്യാപിത നിയമനനിരോധനം നിലവിലുള്ളതു കൊണ്ടാണോ എന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ജില്ലകളിലെ എൽ.ഡി. ക്ലാർക്ക് ലിസ്റ്റിൽനിന്നും നിയമനം നൽകിയവരുടെ എണ്ണം മുൻ ലിസ്റ്റിൽനിന്നും നിയമനം നൽകിയവരേക്കാൾ കുറവാകാൻ ഉണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഒരു തരത്തിലുള്ള നിയമനനിരോധനവും നിലവിലില്ല.

(ബി) 30-3-2015 വരെ കാലാവധിയുണ്ടായിരുന്ന എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുശേഷം 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം റിപ്പോർട്ട് ചെയ്ത തസ്തികകളിലേക്ക് 30-3-2015-ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനവും നടത്തിയിരുന്നു. കൂടാതെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉണ്ടായിരുന്ന അപേക്ഷകളിൽ നിയമന ഊഴം കണക്കാക്കാതെ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചും നിയമനം നടത്തിയിരുന്നു. ഇപ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരെ ഇപ്പോൾ നിലവിലുള്ള (31-3-2015-ൽ നിലവിൽ വന്നത്) എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഉണ്ടായ ഒഴിവുകൾ ഉപയോഗിച്ച് റഗുലറൈസ് ചെയ്യുകയുണ്ടായി. അതിനാൽ നിലവിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം താരതമ്യേന കുറഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് പരിഗണിച്ച് 30-3-2018-ൽ അവസാനിക്കുന്ന എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റ് തരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27-3-2018-നകം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ 17-3-2018-ലെ ഉപസി3/428/17/ഉഭപവ. പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റുകളുടെ കാലാവധി

45 (4333) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിലെ എൽ.ഡി.ക്ലർക്ക് തസ്തികയിൽ മുൻ പി.എസ്.സി. ലിസ്റ്റിൽ നിന്നും 2661 പേരെ സൂപ്പർ ന്യൂമററി തസ്തികകളിലേക്ക് നിയമിച്ചതുമൂലം നിലവിലെ ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങളുടെ എണ്ണം കുറഞ്ഞതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധിയിൽത്തന്നെ പോലീസ് വകുപ്പിലെ 549-ഉം ആരോഗ്യവകുപ്പിലെ 421-ഉം സൂപ്പർ ന്യൂമററി തസ്തികകൾ ആശ്രിത നിയമനത്തിനായി മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എൽ.ഡി.സി നിയമന ചരിത്രത്തിലെ ഏറ്റവും കുറവ് നിയമനങ്ങൾ മാത്രം നടന്നിട്ടും ഒഴിവുകൾ ഉടൻ റിപ്പോർട്ട് ചെയ്യണമെന്ന ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറിയുടെ ഉത്തരവ് വകവയ്ക്കാതെ വിവിധ വകുപ്പുകൾ ഒഴിവുകൾ പൂഴ്ത്തി വച്ചിരിക്കുകയാണെന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ;

(ഡി) എങ്കിൽ വിവിധ വകുപ്പുകളിലെ എൽ.ഡി ക്ലർക്ക് ഒഴിവുകൾ ഉടൻ റിപ്പോർട്ട് ചെയ്യുന്നതിനും റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി&ഡി) 30-3-2015-ൽ നിലവിലുണ്ടായിരുന്ന എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുശേഷം 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം റിപ്പോർട്ട് ചെയ്ത തസ്തികകളിലേക്ക് 30-3-2015-ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനവും നടത്തിയിരുന്നു. കൂടാതെ, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉണ്ടായിരുന്ന അപേക്ഷകളിൽ നിയമന ഊഴം കണക്കാക്കാതെ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചും നിയമനം നടത്തിയിരുന്നു. ഇപ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരെ ഇപ്പോൾ നിലവിലുള്ള (31-3-2015-ൽ നിലവിൽ വന്നത്) എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഉണ്ടായ ഒഴിവുകൾ ഉപയോഗിച്ച് റഗുലറൈസ് ചെയ്യുകയുണ്ടായി. അതിനാൽ നിലവിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം താരതമ്യേന കുറഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനം നടത്തുന്ന തിലേയ്ക്കായി ഓരോ ജില്ലയിലും ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളും യാതൊരു കാലതാമസവും കൂടാതെ തന്നെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉപസി 3/428/17/ ഉഭപവ സർക്കുലർ മുഖേനയും കൂടാതെ ടി റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ,

തസ്തിക മാറ്റത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റുതരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27-3-2018-നകം തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും 17-3-2018-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

46 (4334) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റുകൾ എന്നാണ് നിലവിൽ വന്നിട്ടുള്ളത്; ഈ റാങ്ക് ലിസ്റ്റുകളുടെ ഓരോന്നിന്റെയും കാലാവധി എന്നാണ് അവസാനിക്കുന്നത്; ഈ കാലയളവിൽ എത്ര പേർക്ക് സംസ്ഥാനത്ത് നിയമനം നൽകി; ഇത് മൊത്തം റാങ്ക് ലിസ്റ്റിന്റെ എത്ര ശതമാനം വരും; നിലവിൽ എൽ.ഡി.സി. നിയമനം നൽകിയിട്ടുള്ളത് കഴിഞ്ഞ തവണത്തേക്കാൾ കുറവാണെന്നുള്ള കാര്യം ഗൗരവമായി കാണുമോ; വിശദാംശങ്ങൾ നൽകാമോ;

(ബി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ലോവർ ഡിവിഷൻ ക്ലാർക്ക് ഒഴിവുകളിൽ മറ്റ് രീതിയിൽ ഉള്ള നിയമനങ്ങൾക്കായി എത്ര ശതമാനം ഒഴിവുകളാണ് നീക്കിവയ്ക്കാറുള്ളത്; ഇതിന്റെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ആശ്രിത നിയമനം, അന്തർ ജില്ലാ ട്രാൻസ്ഫർ, താഴ്ന്ന തസ്തികകളിൽ നിന്നുള്ള പ്രൊമോഷൻ, സ്പോർട്സ് ക്വാട്ട തുടങ്ങിയ നിയമന രീതികളിൽ എത്രപേരെ ഈ കാലത്ത് വിവിധ വകുപ്പുകളിൽ എൽ.ഡി.സി. ആയി നിയമിച്ചിട്ടുണ്ട്; ഇങ്ങനെ നിയമിക്കപ്പെട്ടവർ നിശ്ചിത ശതമാനത്തേക്കാൾ കൂടുതൽ ആണെന്ന ഗൗരവമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അനധികൃതമായി ഈ നിയമനങ്ങൾ നടത്തുന്ന വകുപ്പ് മേധാവികൾക്ക് എതിരെ നടപടി സ്വീകരിക്കുമോ;

(ഡി) പോലീസ്, മൃഗസംരക്ഷണ വകുപ്പുകളിൽ നിന്നും ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ഒരു ഒഴിവുപോലും റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ; ഈ വകുപ്പുകളിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ ഈ കാലത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും അല്ലാതെ നിയമിച്ചിട്ടുണ്ടെങ്കിൽ അത് നിയമപ്രകാരമായിരുന്നോ; വിശദാംശം നൽകാമോ;

(ഇ) നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റ് കാലയളവിൽ ഉണ്ടായ ഒഴിവുകൾ മുൻകൂർ ഒഴിവുകളായി പരിഗണിച്ച് സൂപ്പർ ന്യൂമററി തസ്തികയായി നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് മതിയായ കോമ്പൻസേഷൻ ഈ റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് നൽകുമോ; വ്യക്തമാക്കാമോ;

(എഫ്) സൂപ്പർ ന്യൂമറി തസ്തികകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരെ സർവ്വീസ് റഗുലറൈസ് ചെയ്യുമ്പോൾ നിശ്ചിത ശതമാനത്തിൽ കൂടുതൽ ആൾക്കാരെ പരിഗണിക്കുന്നത് വഴി ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ജി) ഉന്നത വിദ്യാഭ്യാസവും പി.എസ്.സി. നിശ്ചയിച്ച യോഗ്യതയും മത്സര പരീക്ഷയും എഴുതി ഉയർന്ന റാങ്ക് നേടി വരുന്ന ഉദ്യോഗാർത്ഥികൾക്ക് അർഹമായ ഒഴിവുകൾ ഈ കാരണങ്ങളാൽ കിട്ടാതെ വരുന്നതിലൂടെ സർക്കാർ സർവ്വീസിൽ ഗുണമേന്മയുള്ള ഉദ്യോഗസ്ഥരുടെ സേവനമാണ് ലഭ്യമാകാതെ വരുന്നത് എന്നുള്ള കാര്യം ശ്രദ്ധിക്കുമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി.ക്ലാർക്ക് തസ്തികയുടെ റാങ്ക് പട്ടിക എല്ലാ ജില്ലകളിലും 31-3-2015-ന് നിലവിൽ വന്നു. ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി 31-3-2018 ന് അവസാനിക്കും. അതിനു മുമ്പായി ടി തസ്തികയിലേക്ക് പുതിയ ഒരു റാങ്ക് പട്ടിക നിലവിൽ വരുന്ന പക്ഷം പ്രസ്തുത തീയതി മുതൽ പഴയ ലിസ്റ്റിന് പ്രാബല്യം ഇല്ലാതായി തീരും. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശിപാർശ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | ആകെ നിയമന ശിപാർശ | നേരിട്ടുള്ള നിയമനത്തിനായുള്ള ലിസ്റ്റ് (ശതമാനത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 1180 | 21.00% |
| 2 | കൊല്ലം | 686 | 23.00% |
| 3 | പത്തനംതിട്ട | 482 | 20.00% |
| 4 | ആലപ്പുഴ | 615 | 27.00% |
| 5 | കോട്ടയം | 610 | 25.00% |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | ഇടുക്കി | 570 | 29.00% |
| 7 | എറണാകുളം | 883 | 21.00% |
| 8 | തൃശ്ശൂർ | 892 | 22.00% |
| 9 | പാലക്കാട് | 780 | 25.00% |
| 10 | മലപ്പുറം | 894 | 25.00% |
| 11 | കോഴിക്കോട് | 871 | 22.00% |
| 12 | വയനാട് | 308 | 20.00% |
| 13 | കണ്ണൂർ | 678 | 23.00% |
| 14 | കാസർഗോഡ് | 442 | 28.00% |

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ-ജി) 30-3-2015-ന് കാലാവധി പൂർത്തിയായ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കു ശേഷം 2015 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം റിപ്പോർട്ട് ചെയ്ത തസ്തികകളിലേക്ക് 30-3-2015 ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനവും നടത്തിയിരുന്നു. കൂടാതെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉണ്ടായിരുന്ന അപേക്ഷകളിൽ നിയമന ഊഴം കണക്കാക്കാതെ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചും നിയമനം നടത്തിയിരുന്നു. ഇപ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിച്ചവരെ ഇപ്പോൾ നിലവിലുള്ള (31-3-2015-ൽ നിലവിൽ വന്നത്) എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഉണ്ടായ ഒഴിവുകൾ ഉപയോഗിച്ച് റഗുലറൈസ് ചെയ്യുകയുണ്ടായി. അതിനാൽ നിലവിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം താരതമ്യേന കുറഞ്ഞതായി

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി ഓരോ ജില്ലയിലും ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളും യാതൊരു കാലതാമസവും കൂടാതെ തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും കൂടാതെ ടി റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തിക മാറ്റത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റുതരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27-3-2018-നകം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും 17-3-2018-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

47 (4335) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-8-2016-ൽ നിലവിൽ വന്ന (കാറ്റഗറി നമ്പർ 388/14) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) 31-8-2016-ൽ നിലവിൽ വന്ന (കാറ്റഗറി നമ്പർ 45/15) തിരുവനന്തപുരം ജില്ലയിലെ ക്ലാർക്ക്/ ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) ഫെയർകോപ്പി സൂപ്രണ്ട്, സീനിയർ ടൈപ്പിസ്റ്റ് തസ്തികകളിൽ ഒഴിവുകൾ നികത്തപ്പെടാത്ത എത്ര ഓഫീസുകൾ തിരുവനന്തപുരം ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ ഓരോന്നിലും എത്ര ഒഴിവുകൾ വീതമുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 99 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്

(ബി) 36 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## കൊല്ലം ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് ഒഴിവുകൾ

48 (4336) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും മൂന്നുമാസം മാത്രം കാലാവധി ബാക്കിയുള്ള കൊല്ലം ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് ലിസ്റ്റിൽ നിന്നും അഡ്വൈസ് മെമ്മോ നടപടികൾ ജില്ലാ പി.എസ്.സി. ഓഫീസ് സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ഉദ്യോഗാർത്ഥികൾക്ക് അടിയന്തരമായി അഡ്വൈസ് മെമ്മോ അയയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൊല്ലം പി.എസ്.സി. ഓഫീസിലെ ജീവനക്കാർ ഉദ്യോഗാർത്ഥികളുടെ അന്വേഷണങ്ങൾക്ക് നല്ല രീതിയിലല്ല മറുപടി നൽകുന്നതെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെക്കുറിച്ച് അന്വേഷണം നടത്തി നീതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും 9-3-2018 വരെ ലഭ്യമായ എല്ലാ ഒഴിവുകളിലേയ്ക്കും പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത ശേഷിക്കുന്ന ഒഴിവുകളിലേക്കും ഉടനടി പി.എസ്.സി നിയമന ശിപാർശ നൽകുന്നതാണ്.

(സി&ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന /മേഖലാ/ജില്ലാ ആഫീസുകളിൽ അന്വേഷണ സംവിധാനം പ്രവർത്തിച്ചുവരുന്നു. ഉദ്യോഗാർത്ഥികൾ ഉന്നയിക്കുന്ന സംശയങ്ങൾക്ക് നിയമപരമായി നൽകാൻ കഴിയുന്ന വ്യക്തമായ വിവരങ്ങൾ ടി വിഭാഗത്തിൽ നിന്നും നൽകി വരുന്നുണ്ട്. കൊല്ലം ജില്ലാ പി.എസ്.സി ഓഫീസിലെ ജീവനക്കാർ ഉദ്യോഗാർത്ഥികളോട് നല്ല രീതിയിൽ പെരുമാറുന്നില്ല എന്നത് സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലെന്ന് പി.എസ്.സി അറിയിച്ചിട്ടുണ്ട്.

## ഇടുക്കി ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ നിയമനം

49 (4337) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ നിലവിലുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സിവിൽ പോലീസ് ഓഫീസർ റാങ്ക് പട്ടികയ്ക്ക് ഏത് തീയതി വരെ പ്രാബല്യമുണ്ടെന്ന് അറിയിക്കാമോ;

(സി) സിവിൽ പോലീസ് ഓഫീസർ (ഇടുക്കി ജില്ല )തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ ആയത് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നിലവിലുണ്ടായിരുന്ന സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും 668 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 15.01.2018 ന് അവസാനിച്ചു.

(സി) സിവിൽ പോലീസ് ഓഫീസർമാരുടെ 63 ഒഴിവുകൾ നിലവിലുണ്ട്. അവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരുന്നു.

## ബിവറേജസ് കോർപ്പറേഷൻ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. അഡ്വൈസ്

50 (4338) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 426/2014 പ്രകാരം അപേക്ഷ ക്ഷണിച്ച ബിവറേജസ് കോർപ്പറേഷൻ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കുള്ള നിയമന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കുള്ള അഡ്വൈസ് എന്ന് മുതൽ അയച്ചു തുടങ്ങുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 161 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും, പി.എസ്.സി നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ 161 പേർക്ക് കെ.എസ്.ബി.സി-യിൽ നിന്ന് നിയമന ഉത്തരവ് നൽകുകയും 26 ഉദ്യോഗാർത്ഥികൾ ടി തസ്തികയിൽ ജോയിൻ ചെയ്യുകയുമുണ്ടായി. നിശ്ചിത സമയത്തിനകം ജോയിൻ ചെയ്യാത്ത 135 ഒഴിവുകൾ എൻ.ജെ.ഡി ആയി 8-2-2018-ൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇതു കൂടാതെ 29-12-2017-ൽ 70 പുതിയ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി&സി) നിയമന ശിപാർശ നടപടികൾ പുരോഗമിക്കുന്നു. കാലതാമസം കൂടാതെ നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോമേഴ്സ് അദ്ധ്യാപകരുടെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ**

51 (4339) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ /സീനിയർ) എത്ര വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) റിപ്പോർട്ട് ചെയ്ത വേക്കൻസിയിൽ എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് എന്നറിയിക്കാമോ;

ഉത്തരം

(എ&ബി) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (കൊമേഴ്സ്) തസ്തികയുടെ ജൂനിയർ, സീനിയർ വിഭാഗങ്ങളിലേക്ക് നിലവിലുണ്ടായിരുന്ന റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കപ്പെട്ട ജൂനിയർ വിഭാഗത്തിലെ 478 ഒഴിവുകളിൽ 474 എണ്ണത്തിന് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥികളുടെ അഭാവം മൂലം നിയമന ശിപാർശ ചെയ്യാൻ കഴിയാതിരുന്ന 4 ഒഴിവുകൾ അടുത്ത ലിസ്റ്റിൽ നിന്നും നികത്താനായി നീക്കി വച്ചിരിക്കുകയാണ്. സീനിയർ വിഭാഗത്തിൽ ലിസ്റ്റ് കാലാവധിക്കുള്ളിൽ എഴുതി അറിയിക്കപ്പെട്ട എല്ലാ ഒഴിവുകളിലേക്കും 38 (എണ്ണം) പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ എൽ.ഡി.സി.റാങ്ക് ലിസ്റ്റ്**

52 (4340) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കുമോ;

(ബി) റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് അർഹതപ്പെട്ട മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 31-3-2015 -ന് നിലവിൽ വന്നു.

(ബി) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി ഓരോ ജില്ലയിലും ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളും യാതൊരു കാലതാമസവും കൂടാതെ തന്നെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷ ൻമാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉപസി3/428/17/ ഉഭപവ

സർക്കുലർ മുഖേനയും കൂടാതെ ടി റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തിക മാറ്റത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റുതരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27-3-2018-നകം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും 17-3-2018-ലെ ഉപസി13/428/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ എൽ.ഡി.ക്ലാർക്ക് തസ്തിക

53 (4341) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ.ഉ.(അ)/13/2015/ ഉ.ഭ.പ.വ. തിരുവനന്തപുരം തീയതി 21-3-2015 പ്രകാരം എൽ.ഡി.ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് തൃശ്ശൂർ ജില്ലയിൽ എത്രപേരെ നിയമിച്ചു;

(ബി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് തൃശ്ശൂർ ജില്ലയിൽ ജോലിയിൽ തുടരുന്നവരിൽ, 6-7-2012 തീയതിയിലെ സ.ഉ (എംഎസ്) നമ്പർ 174/12 /പൊ.ഭ.വ, 2-9-2013 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 249/13/പൊ.ഭ.വ എന്നീ ഉത്തരവുകളനുസരിച്ച് എത്ര പേരുടെ സേവനം ക്രമവത്ക്കരിച്ച് ഉത്തരവായിട്ടുണ്ട്;

(സി) 21-3-2015-ലെ ഉത്തരവിൻപ്രകാരം സൃഷ്ടിക്കപ്പെട്ട സൂപ്പർ ന്യൂമററി തസ്തികകളും 6-7-2012, 2-9-2013 തീയതികളിലെ ഉത്തരവുകൾ പ്രകാരം സേവനം ക്രമവത്ക്കരിക്കുന്നതിനായി ഉപയോഗിച്ച ഒഴിവുകളും 2015 മാർച്ചിൽ നിലവിൽ വരുകയും 2018 മാർച്ച് മാസം കാലാവധി അവസാനിക്കുകയും ചെയ്യുന്ന കാറ്റഗറി നമ്പർ 218/2013 ആയ എൽ.ഡി.ക്ലാർക്ക് റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ ഉടലെടുത്തിട്ടുള്ളതാണെന്നും ഇവ നിലവിലെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്ക് ലഭിക്കേണ്ടതായിരുന്നു എന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 2018 മാർച്ച് 30-ന് കാലാവധി അവസാനിക്കുന്ന നിലവിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് പി.എസ്.സി.- യോട് ശിപാർശ ചെയ്യാൻ ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ എന്നറിയിക്കാമോ ?

ഉത്തരം

(എ) 113 സൂപ്പർ ന്യൂമററി ഒഴിവുകളിലേക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി&ഡി) ഉണ്ട്. 30-3-2015-ൽ നിലവിലുണ്ടായിരുന്ന എൽ.ഡി.ക്ലാർക്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനായി ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കു ശേഷം 2015 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം റിപ്പോർട്ട് ചെയ്ത തസ്തികകളിലേക്ക് 30-3-2015-ൽ അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനവും നടത്തിയിരുന്നു. കൂടാതെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉണ്ടായിരുന്ന അപേക്ഷകളിൽ നിയമന ഊഴം കണക്കാക്കാതെ മുൻകൂറായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചും നിയമനം നടത്തിയിരുന്നു. ഇപ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരെ ഇപ്പോൾ നിലവിലുള്ള (31-3-2015 -ൽ നിലവിൽ വന്നത്) എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഉണ്ടായ ഒഴിവുകൾ ഉപയോഗിച്ച് റഗുലറൈസ് ചെയ്യുകയുണ്ടായി. അതിനാൽ, നിലവിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം താരതമ്യേന കുറഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി ഓരോ ജില്ലയിലും ഉണ്ടാവുന്ന മുഴുവൻ ഒഴിവുകളും യാതൊരു കാലതാമസവും കൂടാതെ തന്നെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉപസി3/428/17/ ഉഭപവ സർക്കുലർ മുഖേനയും കൂടാതെ ടി റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തിക മാറ്റത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റുതരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27-3-2018-നകം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും 17-3-2018-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേനയും സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

**തൃശ്ശൂർ ജില്ലയിലെ എൽ.ഡി.ക്ലാർക്ക് തസ്തിക**

54 (4342) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് പ്രസ്തുത ജില്ലയിൽ ജോലിയിൽ തുടരുന്നവരുടെ സേവനം ക്രമീകരിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) 2018 മാർച്ച് മാസം 30-ന് കാലാവധി തീരുന്ന നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് പട്ടികയിലുള്ളവർക്ക് പരമാവധി അവസരം നൽകുന്നതിനായി റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് പി.എസ്.സി. യോട് ശിപാർശ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## സർവ്വകലാശാലകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ പി.എസ്.സി. നിയമനം

55 (4343) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ ഓഫീസ് അറ്റൻഡന്റ്/ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമന ചുമതല പി.എസ്.സി.-യ്ക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ നിയമന നടപടികൾ പി.എസ്.സി. ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) കേരളത്തിലെ സർവ്വകലാശാലകളിൽ നിന്ന് ഓഫീസ് അറ്റൻഡന്റ്/ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതിനാൽ പി.എസ്.സി നിയമനനടപടികൾ ആരംഭിച്ചിട്ടില്ല.

(സി) നിലവിൽ എം.ജി സർവ്വകലാശാലയിൽ നിന്നും 36 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സിവിൽ സർവ്വീസിന്റെ പ്രവർത്തനം

56 (4344) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സിവിൽ സർവ്വീസിനെക്കൊണ്ട് ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുന്നുണ്ടോ;

(ബി) ഫയലുകൾ സമയബന്ധിതമായി തീരുമാനം എടുത്ത് തീർപ്പാക്കുന്നതിന് സാധിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സർക്കാർ തലത്തിൽ ജീവനക്കാരുടെ എണ്ണം കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വർക്ക് സ്റ്റഡി നടത്തിയ ശേഷം മാത്രമെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ എന്ന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സിവിൽ സർവ്വീസ് കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകളിൽ വേഗത്തിൽ തീരുമാനമുണ്ടാക്കുവാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലെയും MOP യിലെയും വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും പരിശോധന കർശനമാക്കുവാനും മൂന്ന് മാസത്തിലൊരുദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ (E-Office സംവിധാനം) ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു.

(സി) ഇല്ല.

## പട്ടികജാതി-പട്ടികവർഗ്ഗ സംവരണം

57 (4345) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമാനുസൃത സംവരണത്തിനനുസരിച്ച് ഏതെല്ലാം തസ്തികകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി നിയമനം നടക്കുന്നു എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ സംവരണം പാലിക്കുവാൻ പി.എസ്.സി. നിയമനങ്ങളിലൂടെയും സ്പെഷ്യൽ റിക്രൂട്ട്മെന്റുകളിലൂടെയും കഴിയാറുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്യപ്പെട്ട എത്ര തസ്തികകൾ നിയമനം നടക്കാതെയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ തസ്തികകളിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് നിയമാനുസൃതമായി നിയമനം നൽകുന്നതിനും സംവരണം പാലിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമാനുസൃത സംവരണത്തിനനുസരിച്ച് ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിയമനം നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) ഡിസംബർ 2017 വരെയുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് പ്രകാരം പട്ടികജാതി വിഭാഗത്തിൽ ആകെ 1120 ഒഴിവുകളിലും പട്ടികവർഗ്ഗ വിഭാഗത്തിൽ 1148 ഒഴിവുകളിലും ഇനി നിയമനം നടത്താൻ ബാക്കിയുണ്ട്.

(ഡി) സർക്കാർ വകുപ്പുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി അവലോകനം ചെയ്യുകയും നിയമാനുസൃത പ്രാതിനിധ്യം ഇല്ലാത്ത വകുപ്പുകളിൽ കുറവുള്ള ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തസ്തികകൾ കണ്ടെത്തി പ്രത്യേക നിയമനത്തിനായി റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും, ഇത്തരത്തിൽ ഓരോ വകുപ്പിലും റിസർവ് ചെയ്ത് നൽകിയ തസ്തികകളിലെ നിയമനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്യാറുണ്ട്. കേരള സർക്കാരിന് കീഴിലുള്ള 81 വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി ഒരു ഉന്നതതല സമിതി നിലവിലുണ്ട്. വകുപ്പദ്ധ്യക്ഷൻമാരെക്കൂടി പങ്കെടുപ്പിച്ച് പ്രസ്തുത ഉന്നതതല സമിതി സമയബന്ധിതമായി യോഗങ്ങൾ ചേരുകയും വിവിധ വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യാതെ കിടക്കുന്ന ഒഴിവുകൾ ഉണ്ടെങ്കിൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പൊതുഭരണ വകുപ്പിലേയും, പി.എസ്.സി-യിലേയും ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിരുന്നു. കൂടാതെ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സെക്രട്ടറിമാരെയും വകുപ്പ് അദ്ധ്യക്ഷൻമാരെയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗം ചേരുകയും നിയമാനുസൃതമായ പ്രാതിനിധ്യം ഉറപ്പാക്കാനായി നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ തസ്തികകളിലേക്ക് പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി അവരുടെ വിദ്യാഭ്യാസ യോഗ്യത തിരിച്ച് ഒരു ഡാറ്റാ ബാങ്ക് പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കി വകുപ്പദ്ധ്യക്ഷൻമാർക്ക് നൽകിയിട്ടുണ്ട്. നേരിട്ടുള്ള നിയമനങ്ങളിൽ അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുമ്പോൾ എൻ.സി.എ. സെലക്ഷൻ മുഖേനയും, സ്പെഷ്യൽ റിക്രൂട്ട്മെന്റ് ചട്ടപ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുമ്പോൾ വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിച്ചുകൊണ്ടും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിക്കാറുണ്ട്.

## പ്രത്യേകിച്ച് ജോലികൾ നിർവ്വഹിക്കാനില്ലാത്ത തസ്തികകൾ

58 (4346) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർക്കാർ വകുപ്പുകളിൽ പ്രത്യേകിച്ച് ജോലികൾ നിർവ്വഹിക്കാനില്ലാത്ത തസ്തികകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികകൾ പുനർവിഭാവനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവിധ സർക്കാർ വകുപ്പുകളിൽ 'പ്രത്യേകിച്ച് ജോലികൾ നിർവ്വഹിക്കാനില്ലാത്ത തസ്തികകൾ' സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

## സബോർഡിനേറ്റ് സർവ്വീസ് റൂൾസ്

59 (4347) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.ആർ.ഒ. നമ്പർ 107/2016, തീയതി 4-2-2016 പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രാബല്യത്തിൽ വരുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 14 ജില്ലകളിലും നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവെന്റ്സ് റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ബാധിക്കാതിരിക്കുന്നതിനുവേണ്ടി സേവിംഗ്സ് ക്ലോസ് ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ കൊഴിഞ്ഞുപോക്ക് സെക്രട്ടേറിയറ്റ് സർവ്വീസിനെ ദോഷകരമായി ബാധിക്കുന്ന സാഹചര്യത്തിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്കായി പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.ആർ.ഒ. നമ്പർ 107/16 തീയതി 4-2-2016 പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പ്രസ്തുത റൂൾ പ്രകാരം ഓഫീസ് അറ്റൻഡന്റുമാരെ നിയമിക്കുന്നതിനായുള്ള പി.എസ്.സി. നോട്ടിഫിക്കേഷന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 8-8-2017-ലെ എസ്.ആർ.ഒ. നമ്പർ 500/17 പ്രകാരം സേവിംഗ്സ് ക്ലോസ് ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഓഫീസ് അറ്റൻഡന്റുമാരെ നിയമിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ സംബന്ധിച്ച് പി.എസ്.സി-ക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ബൈട്രാൻസ്ഫർ നിയമനങ്ങളിൽ സംവരണം**

60 (4348) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉയർന്ന തസ്തികകളിലേക്ക് താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ നിയമന രീതിയിലൂടെ പി.എസ്.സി. വഴി നിയമിക്കുമ്പോൾ സാമുദായിക സംവരണം പാലിക്കേണ്ടതില്ലെന്ന് നിയമം അനുശാസിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ബൈട്രാൻസ്ഫർ നിമനങ്ങളിലും സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II ചട്ടം 14 പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്കാണ് സാമുദായിക സംവരണം ബാധകമായിട്ടുള്ളത്. പ്രസ്തുത ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) പരിഗണനയിലില്ല

**സൗജന്യമായി ഇന്റർനെറ്റ് സേവനം**

61 (4349) <u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും 20 ലക്ഷം കുടുംബങ്ങൾക്കും സൗജന്യമായി ഇന്റർനെറ്റ് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത കെ. ഫോൺ (കേരള ഫൈബർ ഒപ്റ്റിംഗ് നെറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വർക്ക്) സംവിധാനത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളെയും സേവനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ ഭ്രുവിവര വിനിമയ സമ്പ്രദായമനുസരിച്ചുള്ള ജിയോ മാപ്പിംഗ് ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ന് മാപ്പിംഗ് പൂർത്തീകരിക്കാൻ കഴിയും; അതുവഴി പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ആരംഭിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മാസം അവസാനത്തോടെ മാപ്പിംഗ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഭാവിയിൽ സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ സേവനങ്ങൾ, പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട് സർക്കാർ സ്ഥാപനങ്ങളുടെ സ്ഥാന നിർണ്ണയം ആവശ്യമായി വരുന്ന പക്ഷം മാപ്പിംഗിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജന പ്പെടുത്താവുന്നതാണ്.

**ഇൻഫോ പാർക്കിലെ കമ്പനികൾ**

62 (4350) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫോ പാർക്കിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കമ്പനികളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇവയിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ഇൻഫോപാർക്കിൽ 328 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2016-17 സാമ്പത്തിക വർഷത്തിൽ ഇൻഫോപാർക്കിൽ 32800 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വ്യാജ അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ട്

63 (T* 4351) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അക്ഷയകേന്ദ്രങ്ങൾ വഴി വിവിധ അപേക്ഷകൾ സർക്കാരിന് നൽകുന്നതിന് ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഫീസ് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) അക്ഷയകേന്ദ്രങ്ങൾ വഴി സാധാരണക്കാരിൽ നിന്നും അമിത ചാർജ് ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതിനെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) വ്യാജ അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇപ്രകാരം കണ്ടെത്തിയ സ്ഥാപനങ്ങളുടെയും അവർക്കെതിരെ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന എല്ലാ സേവനങ്ങൾക്കും ഫീസ് നിശ്ചയിച്ചിട്ടില്ല. നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ കാലോചിതമായി പരിഷ്കരിക്കുന്നതു സംബന്ധിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് നിശ്ചിയക്കുന്നത് സംബന്ധിച്ചുമുള്ള അക്ഷയ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. നിലവിൽ നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അക്ഷയ കേന്ദ്രങ്ങൾ സേവനങ്ങൾക്ക് അമിത ചാർജ്ജ് ഈടാക്കുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ട്. സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നതുൾപ്പെടെ അക്ഷയ കേന്ദ്രങ്ങൾക്കെതിരെ ലഭിക്കുന്ന ഗുരുതരമായ പരാതികൾ അന്വേഷിക്കുന്നതിന് സർക്കാർ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പരാതികളിന്മേൽ പ്രസ്തുത സമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ ഫീസ് നിരക്ക് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കണമെന്ന് അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് നിരക്ക് പ്രദർശിപ്പിക്കുന്നതിന് ഏകീകൃത സ്വഭാവത്തിലുള്ള ബോർഡ് എല്ലാ കേന്ദ്രങ്ങളിലും സർക്കാരിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണിച്ചുവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അക്ഷയ കേന്ദ്രങ്ങളുടെ ലോഗോയും സേവനങ്ങളും പ്രദർശിപ്പിച്ച് വ്യാജ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സർക്കാർ അംഗീകൃത ഏജൻസി അക്ഷയ കേന്ദ്രങ്ങൾ മാത്രമാണെന്നത് സംബന്ധിച്ചും അനധികൃത ഓൺലൈൻ സ്ഥാപനങ്ങളെ സംബന്ധിച്ചും പത്ര മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നുണ്ട്. വ്യാപകമായി ജനസേവന കേന്ദ്രങ്ങൾ എന്ന പേരിലുള്ള സ്ഥാപനങ്ങൾ അക്ഷയ കേന്ദ്രങ്ങളുടെ തൊട്ടടുത്ത് ആരംഭിക്കുന്ന സാഹചര്യത്തിൽ പുതിയ ഇത്തരം കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വ്യാജ അക്ഷയ കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പൊതു ലോഗിനിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സർട്ടിഫിക്കറ്റുകളുടെ എണ്ണം കുറയ്ക്കുന്നതിനും സംസ്ഥാന സർവ്വീസ് പോർട്ടലിൽ അക്ഷയയ്ക്ക് ലോഗിൻ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

### അക്ഷയ കേന്ദ്രങ്ങളുടെ ഫീസ് നിരക്കുകൾ

64 (4352) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണ്;

(ബി) അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന ഓരോ സേവനത്തിനും നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്കുകൾ എഴുതി പ്രദർശിപ്പിക്കണമെന്നും കൈപ്പറ്റുന്ന തുകയ്ക്ക് രസീത് നൽകണമെന്നുമുള്ള നിർദ്ദേശം പല അക്ഷയകേന്ദ്രങ്ങളും പാലിക്കുന്നില്ലെന്നതും അതുകാരണം വ്യാപക ചൂഷണത്തിന് ഇടയാക്കുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവിധ സർക്കാർ/സർക്കാരിതര സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്നുണ്ട്. പ്രധാന സേവനങ്ങളെ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ ഫീസ് നിരക്ക് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കണമെന്ന കാലാകാലങ്ങളായുള്ള നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് നിരക്ക് പ്രദർശിപ്പി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ക്കുന്നതിന് ഏകീകൃത സ്വഭാവത്തിലുള്ള ബോർഡ് എല്ലാ കേന്ദ്രങ്ങളിലും സർക്കാരിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചുവരുന്നു. അതോടൊപ്പം അക്ഷയ കേന്ദ്രങ്ങൾ സർവ്വീസ് ചാർജ്ജായി ഈടാക്കുന്ന തുകയ്ക്ക് കൃത്യമായ രസീത് നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കേന്ദ്രങ്ങളിൽ ഫീസ് ഇളവ്**

65 (4353) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അക്ഷയ കേന്ദ്രങ്ങളിൽ ഇളവനുവദിച്ചിട്ടുണ്ടെങ്കിലും പലയിടത്തും ഇവരിൽ നിന്നും അമിത ഫീസ് ഈടാക്കുന്നുവെന്ന് പരാതി ലഭിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) അക്ഷയ ചീഫ് കോ-ഓർഡിനേറ്ററായ ജില്ലാ കളക്ടർ അക്ഷയ കേന്ദ്രങ്ങളിൽ മിന്നൽ പരിശോധന നടത്താറുണ്ടോ; ഇല്ലെങ്കിൽ പരിശോധന നടത്തി ഇതിന്റെ സേവനം കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇ-ഡിസ്ട്രിക്ട് വഴിയുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന സമർപ്പിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം വിഭാഗക്കാരിൽനിന്നും അക്ഷയ കേന്ദ്രങ്ങൾ ക്രമവിരുദ്ധമായി ഫീസ് വാങ്ങുന്നുവെന്ന് കാണിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ക്രമപ്രകാരമല്ലാതെ ഫീസ് ഈടാക്കുന്ന അക്ഷയ കേന്ദ്രങ്ങൾ ഉണ്ടോ എന്ന് നടത്തിയ അന്വേഷണത്തിൽ ക്രമപ്രകാരമല്ലാതെ ഫീസ് വാങ്ങുന്ന അക്ഷയ കേന്ദ്രങ്ങളൊന്നും ഉള്ളതായി കണ്ടെത്തിയിരുന്നില്ല. എങ്കിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇ-ഡിസ്ട്രിക്ട് വഴി അപേക്ഷ സമർപ്പിക്കുമ്പോൾ ഫീസ് ഇളവുണ്ടെന്ന വിവരം സേവനനിരക്കുകൾ സൂചിപ്പിക്കുന്ന ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ക്രമപ്രകാരമല്ലാതെ ഇത്തരക്കാരിൽ നിന്നും ഫീസ് ഈടാക്കരുതെന്നും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജില്ലാ കളക്ടർമാർ അക്ഷയ കേന്ദ്രങ്ങളിൽ മിന്നൽ പരിശോധന നടത്തിയതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അക്ഷയയുടെ ജില്ലാതല ഓഫീസുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ക്രമക്കേടുകൾ കണ്ടെത്തിയാൽ സർക്കാരിന്റെയും അക്ഷയ സംസ്ഥാന ഓഫീസിന്റെയും അക്ഷയ ചീഫ് കോ-ഓർഡിനേറ്ററായ ജില്ലാ കളക്ടറുടെയും ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളെ കുറിച്ചുള്ള

ഗുരുതരമായ പരാതികൾ പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ അന്വേഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. ഗുരുതരമായ പരാതികൾ ലഭിക്കുന്ന പക്ഷം പ്രസ്തുത സമിതി അക്ഷയ കേന്ദ്രങ്ങളിൽ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങളുടെ സേവനം കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഇ-ഗവേണൻസ് പോസ്റ്റ് ഗ്രാജ്യൂവേഷൻ ലഭിച്ച ഉദ്യോഗസ്ഥർ

66 (4354) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഗവേണൻസ് പോസ്റ്റ് ഗ്രാജ്യൂവേഷൻ ട്രെയിനിംഗ് ലഭിച്ച എത്ര ഉദ്യോഗസ്ഥരെ വിവിധ സർക്കാർ ഓഫീസുകളിൽ ഐ.ടി. വിഭാഗത്തിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) PGDe-G ട്രെയിനിംഗ് നൽകുന്നതിന് എത്ര തുക ചെലവായി എന്ന് അറിയിക്കാമോ;

(സി) ഈ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ ഐ.ടി. സെക്ഷനുകളിൽ നിയമിക്കണമെന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇ-ഗവേണൻസ് പോസ്റ്റ് ഗ്രാജ്യൂവേഷൻ ലഭിച്ച ഉദ്യോഗസ്ഥരെ ഏത് തരത്തിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2009 മുതൽ വിവിധ വകുപ്പുകളിൽ നിന്നുള്ള 125 ഉദ്യോഗസ്ഥർക്കാണ് ഇതുവരെ PGDeG ട്രെയിനിംഗ് നൽകിയിട്ടുള്ളത്. ഇതിൽ 39% ഉദ്യോഗസ്ഥരും അതാതുവകുപ്പുകളിൽ ഐ.ടി വിഭാഗത്തിൽ നിലവിൽ സേവനം അനുഷ്ഠിച്ച വരുന്നു.

(ബി) ഇതുവരെ PGDeG പദ്ധതിക്കായി കോഴ്സ് ഫീ ഇനത്തിൽ 74.03 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമേ കോഴ്സ് കാലയളവിലെ ഉദ്യോഗസ്ഥരുടെ ശമ്പളം അതാതു വകുപ്പുകൾ വഹിക്കുന്നു.

(സി&ഡി) ഇ-ഗവേണൻസ് പോസ്റ്റ് ഗ്രാജ്യൂവേഷൻ ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം അതാതു വകുപ്പുകളിൽ തന്നെയുള്ള ഇ-ഗവേണൻസ് പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിക്കണമെന്ന് 29-10-2010-ലെ സ.ഉ.(സാധാ)നമ്പർ 253/2010/ വി.സാ.വ. ഉത്തരവ് പ്രകാരം ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.)* ഇതുകൂടാതെ, വകുപ്പുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസർ/അസിസ്റ്റന്റ് നോഡൽ ഓഫീസർമാരായും ഇവരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സാമാജികരെ സാമൂഹ്യ മാധ്യമങ്ങൾ വഴി അപകീർത്തിപ്പെടുത്തുന്നതായ പരാതി

67 (4355) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ മാധ്യമങ്ങൾ വഴി നിയമസഭാംഗങ്ങളെ അപകീർത്തിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ഈ പരാതികളിന്മേൽ എത്ര കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ശ്രീ. അനിൽ അക്കര., എം.എൽ.എ. നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ മാധ്യമങ്ങൾ വഴി നിയമസഭാംഗങ്ങളെ അപകീർത്തിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് 55 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികളിന്മേൽ നാളിതുവരെ അന്വേഷണത്തെ തുടർന്ന് 40 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

## സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളുടെ പ്രവർത്തനങ്ങൾ

68 (4356) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാർ, സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളുടെ നവീകരണത്തിനും വികസനത്തിനുമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിവരിക്കുമോ;

(സി) ഐ.ടി. പാർക്കുകളിൽ പശ്ചാത്തല വികസനത്തിനും തൊഴിലാളികളുടെ സുരക്ഷയ്ക്കും താമസ സൗകര്യത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഉടമസ്ഥതയിൽ പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള ഗവേണിംഗ് കൗൺസിൽ വർഷത്തിലൊരിക്കലും ബഹു. ഐ.ടി. വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കൗൺസിൽ 3 മാസത്തിലൊരിക്കലും സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി പാർക്കുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും അവലോകനം നടത്തുകയും അവ വിലയിരുത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളുടെ നവീകരണത്തിനും വികസനത്തിനുമായി തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നീ പാർക്കുകൾ കേരള ഐ.ടി. പാർക്ക്സ് എന്ന ഒരു കുടക്കീഴിൽ കൊണ്ടുവരികയും അതുവഴി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

<u>ടെക്നോപാർക്ക്</u> :

- വളർന്നു വരുന്ന നൂതന സാങ്കേതിക വിദ്യകളെ വികസിപ്പിച്ചു കൊണ്ട് ഈ മേഖലയിൽ ഒരു മുന്നേറ്റത്തിനു വഴിയൊരുക്കുന്ന നോളഡ്ജ് സിറ്റി പദ്ധതിക്കായി ടെക്നോസിറ്റിയിൽ 300 ഏക്കർ ഭൂമി മാറ്റിവെച്ചിട്ടുണ്ട്.
- ടെക്നോസിറ്റി Non SEZ-ൽ 2 ലക്ഷം ച.അടിയിൽ നിർമ്മിക്കുന്ന ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ
- ടെക്നോപാർക്കിന്റെ ഒന്നാം ഘട്ടത്തിൽ നിലവിലുള്ള പാർക്ക് സെന്റർ, ഗായത്രി എന്നീ ഐ.ടി. കെട്ടിടങ്ങളിൽ സജ്ജീകരിക്കുന്ന പൂർണ്ണമായും ഫർണിഷ് ചെയ്ത 27 ഐ.ടി. ബിസിനസ്സ് ഓഫീസുകൾ
- ടെക്നോപാർക്കിന്റെ ഒന്നാം ഘട്ടത്തിൽ തേജസ്വിനി ബിൽഡിംഗിലെ HVAC/ഇലക്ട്രിക്കൽ സംവിധാനം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, വൈദ്യുത വിതരണ സംവിധാനം നിളാ കെട്ടിടത്തിന്റെ (ഫ്രണ്ട് & റിസപ്ഷൻ ഏരിയ) എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ.

- മൂന്നാം ഘട്ടത്തിൽ 200 kwp സോളാർ പവർ പ്ലാന്റ് സംവിധാനം, പാർക്ക് സെന്റർ ഓഫീസ് മറ്റു വിനോദോപാധികളും ഉൾപ്പെട്ട സൗകര്യങ്ങളുടെ സജ്ജീകരണവും 110 KV ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ വികസനം ഐ.ടി. ബിൽഡിംഗിലെ ക്ലീനിംഗ് സംവിധാനം, സൗണ്ട് പ്രൂഫിംഗ് സംവിധാനങ്ങൾ തുടങ്ങിയവ.

ഇൻഫോപാർക്ക് :

- ഇൻഫോപാർക്കിന്റെ പുതിയ ഐ.ടി. കെട്ടിട സമുച്ചയമായ രണ്ടാം ഘട്ടത്തിലെ 4 ലക്ഷം ച.അടി ഐ.ടി. കെട്ടിടമായ ജ്യോതിർമയി ആരംഭിച്ചിട്ടുണ്ട്
- ഇൻഫോപാർക്കിന്റെ നിലവിലുള്ള പദ്ധതികളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്ന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.

സൈബർ പാർക്ക് :

- കോഴിക്കോട്ടും സൈബർ പാർക്കിന്റെ ആദ്യ ഐ.ടി. ബിൽഡിംഗ് ആയ സഹ്യയുടെ ഗ്രൗണ്ട് ഫ്ലോറിൽ 6 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. സഹ്യ കെട്ടിടത്തിന്റെ ഒന്നാം നിലയിലെ സ്ഥലം 2018 മാർച്ച് അവസാനത്തോടുകൂടി കമ്പനികൾക്ക് കൈമാറാൻ കഴിയുന്നതാണ്. കൂടാതെ സൈബർ പാർക്കിന്റെ പൂർണ്ണമായും പ്രവർത്തനക്ഷമമായ (Fully furnished) 13,000 ച.അടി ബിസിനസ്സ് ഓഫീസുകൾ IAMAI (Internet and Mobile Association of India) യ്ക്ക് അനുവദിച്ചിട്ടുണ്ട്.
- സൈബർ പാർക്കിന്റെ 2018-19 വർഷത്തെ പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL) ലുമായി ചേർന്ന് 50000 ച.അടി ഐ.ടി. ബിൽഡിംഗും, 2019-2020 വർഷത്തെ പദ്ധതിയുടെ ഭാഗമായി 3.5 ലക്ഷം ച.അടി ഐ.ടി. ബിൽഡിംഗും തുടങ്ങാൻ പദ്ധതിയുണ്ട്.

ടെക്നോപാർക്ക് :

താമസ സൗകര്യങ്ങൾ

- ടെക്നോപാർക്കിലെ പുരുഷ -വനിതാ ജീവനക്കാർക്കുവേണ്ടി സമീപ പ്രദേശങ്ങളിൽ ഹോസ്റ്റലുകൾ, പേയിംഗ് ഗസ്റ്റ് സൗകര്യങ്ങൾ, വാടക വീടുകൾ, ഫ്ലാറ്റുകൾ ഉൾപ്പെട്ട നിരവധി താമസ സൗകര്യങ്ങൾ ലഭ്യമാണ്.

യാത്രാ സൗകര്യങ്ങൾ :

- ടെക്നോപാർക്ക് കാമ്പസിനുള്ളിലൂടെ KSRTC/Private ബസുകളുടെ ദീർഘദൂരമുൾപ്പെടെയുള്ള പൊതു സർവ്വീസുകൾ, കമ്പനികൾ ഏർപ്പെടുത്തിയിട്ടുള്ള വാഹന സൗകര്യങ്ങൾ, പ്രീപെയ്ഡ് ഓട്ടോറിക്ഷ സംവിധാനം എന്നിവയും ജീവനക്കാർക്ക് ലഭ്യമാണ്.

മികച്ച സുരക്ഷാ സംവിധാനം :

- പോലീസ് എയ്ഡ് പോസ്റ്റ്, വുമൺ ഹെൽപ് ഡെസ്ക്, സൈബർ സബ്-വെ സിസ്റ്റം, പിങ്ക് പട്രോളിംഗ്, മൈക്രോ 181 ഹെൽപ് ലൈൻ, 24 മണിക്കൂറും പ്രവർത്തിക്കുന്ന സെക്യൂരിറ്റി കൺട്രോൾ, എസ്.ഐ.എസ്.എഫ്.-ഉം പ്രൈവറ്റ് സെക്യൂരിറ്റിയും ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനം

ഇൻഫോ പാർക്ക് :

- കമ്പനികൾ ഏർപ്പെടുത്തിയിട്ടുള്ള യാത്രാ സൗകര്യങ്ങൾ കൂടാതെ ഇൻഫോ പാർക്കിന്റെ ചുമതലയിൽ ജീവനക്കാർക്കായി ഒരു ബസ് സർവ്വീസ് (പാലാരിവട്ടം വരെ) നടത്തുന്നുണ്ട്.

സൈബർ പാർക്ക് :

- സൈബർ പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. മറ്റു പാർക്കുകളിലെ പോലെ വിപുലമായ സുരക്ഷാ സംവിധാനങ്ങളും, യാത്രാ സൗകര്യങ്ങളും ഇവിടെയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇപ്പോൾ പദ്ധതിയില്ല.

**മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ**

69 (4357) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മുഖ്യമന്ത്രിക്ക് ഔദ്യോഗിക ഫെയ്സ് ബുക്ക് അക്കൗണ്ട് ഉണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ നിലവിലുള്ള ഫെയ്സ് ബുക്ക് അക്കൗണ്ട് ഏത് തരത്തിലുള്ളതാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കുന്നതിന്റെ ചെലവ് ആരാണ് വഹിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) മുഖ്യമന്ത്രി സോഷ്യൽ മീഡിയയിൽ കൂടി ജനങ്ങൾക്ക് നൽകുന്ന ഉറപ്പുകൾ പാലിക്കാറുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) മുഖ്യമന്ത്രിയുടെ ഔദ്യോഗിക സോഷ്യൽ മീഡിയ അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ചെലവുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പാണ് വഹിക്കുന്നത്.

(സി) മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ സംവിധാനം വഴി പൊതു അറിയിപ്പുകളും വിവരങ്ങളും ആശംസകളുമാണ് നൽകാറുള്ളത്. ഉറപ്പുകൾ ഇതുവഴി നൽകുന്നില്ല.

**സൈനിക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ**

70 (4358) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈനികക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര സർക്കാർ കഴിഞ്ഞ അഞ്ച് വർഷമായി എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഈ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതം എത്ര ശതമാനമാണ്; വ്യക്തമാക്കുമോ;

(ഡി) ഈ വകുപ്പിന് സ്വന്തമായി ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) തനത് ഫണ്ടിൽനിന്നും നൽകി വരുന്ന പദ്ധതികൾ

- നിർദ്ധനരായ വിമുക്തഭടൻമാർക്ക് സാമ്പത്തിക സഹായം- എസ്.എം.ബി.എഫ്.
- നിർദ്ധനരായ വിമുക്തഭടൻമാർക്ക് സാമ്പത്തിക സഹായം- ഡി.എം.ബി.എഫ്.
- വിവാഹ ഗ്രാന്റ്- വിമുക്തഭടന്റെ 2 പെൺമക്കൾക്ക്
- അടിയന്തര സാമ്പത്തിക സഹായം

- മരണാനന്തരം നൽകുന്ന എക്സ്ഗ്രേഷ്യാ ഗ്രാന്റ്
- അന്ധരായ വിമുക്തഭടൻമാർക്ക്/ വിധവകൾക്ക്/ ഭാര്യയ്ക്ക്/ മക്കൾക്ക് പ്രതിമാസ ധനസഹായം
- മാനസികമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ധനസഹായം
- ശാരീരികമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രതിമാസ ധനസഹായം
- പോക്കറ്റ് മണി-ക്ഷയരോഗ/കുഷ്ഠരോഗ വിമുക്തഭടൻമാർക്ക് ധനസഹായംം
- ഓണാഘോഷത്തിന് ഗ്രാന്റ് -ക്ഷയ/കുഷ്ഠ/ക്യാൻസർ രോഗികൾക്ക്
- മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ് -ക്ഷയ/കുഷ്ഠ രോഗികൾക്ക്
- തയ്യൽ മെഷീൻ വിതരണം-വിമുക്തഭടന്റെ വിധവകൾക്ക്
- ക്യാൻസർ രോഗികൾക്ക് മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്
- എസ്.എസ്.എൽ.സി.-ക്ക് ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ്
- വീട് നന്നാക്കുവാൻ ഗ്രാന്റ്-വിമുക്തഭടന്റെ വിധവകൾക്ക്
- സ്വയംതൊഴിൽ കണ്ടെത്തുവാൻ വിമുക്തഭടൻമാർക്ക് പരിശീലനം
- മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനും പരിശീലന ധനസഹായം
- വിമുക്തഭടൻമാർക്കും ആശ്രിതർക്കും കമ്പ്യൂട്ടർ പരിശീലന ധനസഹായം
- പാരാപ്ലജിക് റീഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികൾക്ക് സാമ്പത്തിക സഹായം
- വിമുക്തഭടൻമാരുടെ മക്കൾക്ക് മത്സര പരീക്ഷകളിൽ SET/ NET/JRF etc. പരിശീലനത്തിന് സാമ്പത്തിക സഹായം
- വിമുക്തഭടൻമാർക്കും വിധവകൾക്കും എംബ്രോയഡറി മെഷീൻ വാങ്ങി വിതരണം
- വൃക്ക രോഗികൾക്ക് ഡയാലിസിസിന് സാമ്പത്തിക സഹായം

- അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം (Kidney, Liver, Hip, Knee ) ധനസഹായം
- മെഡിക്കൽ റിലീഫ് ഗ്രാന്റ്- വിമുക്തഭടൻമാർക്കും ആശ്രിതർക്കും.
- സ്വയംതൊഴിലിനായി വിമുക്തഭടന്റെ ഭാര്യക്കും വിധവകൾക്കും ധനസഹായം
- ഗ്രൂപ്പായ/തൊഴിൽരഹിതരായ വിമുക്തഭടൻമാർക്കും വിധവകൾക്കും തയ്യൽ /എംബ്രോയഡറി മെഷീൻ വാങ്ങി വിതരണം
- ഒറ്റത്തവണ ക്യാഷ് അവാർഡ്-+2/12th ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്ക്
- സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ വിവിധ കോഴ്സുകൾക്ക് നൽകുന്ന സ്കോളർഷിപ്പ്
- ഓർഫൻ ഗ്രാന്റ്
- സൈനിക സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്
- ഐ.ടി.ഐ. ട്രെയിനിംഗിന് ധനസഹായം
- എൻട്രൻസ് കോച്ചിംഗ് സാമ്പത്തിക സഹായം
- രോഗികളായ രണ്ടാം ലോക മഹായുദ്ധ സേനാനികൾക്ക് ചികിത്സാ സഹായം
- വൃദ്ധസദനങ്ങളിൽ കഴിയുന്ന വിമുക്തഭടൻമാർക്കും/വിധവകൾക്കും ധനസഹായം
- സ്വയംതൊഴിൽ വായ്പകൾക്ക് പലിശ സബ്സിഡി
- സ്വയംതൊഴിൽ സഹായസംഘങ്ങൾക്ക് ധനസഹായം

<u>സംസ്ഥാന ബഡ്ജറ്റിൽ നിന്നും നൽകി വരുന്ന പദ്ധതികൾ</u>

- രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം (M.F.A)
- ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പ് ധനസഹായം
- ഗ്യാലന്ററി/നോൺ ഗ്യാലന്ററി അവാർഡുകൾ നൽകി വരുന്നു.

- യുദ്ധത്തിലോ/യുദ്ധസമാനസാഹചര്യത്തിലോ മരണപ്പെട്ടവർക്കോ, അംഗവൈകല്യം സംഭവിച്ചവർക്കോ ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകി വരുന്നു.

(ബി) ഇല്ല.

(സി) 100 ശതമാനം

(ഡി) നിലവിൽ പരിഗണനയിലില്ല.

**സൈനിക/അർദ്ധസൈനികർക്ക് അനുവദിച്ച സാമ്പത്തിക സഹായം**

71 (4359) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം മരണപ്പെടുകയോ/പരിക്കുപറ്റുകയോ ചെയ്ത എത്ര സൈനിക/അർദ്ധസൈനിക വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്; ജില്ലതിരിച്ച് എണ്ണം വ്യക്തമാക്കാമോ; ഈയിനത്തിൽ ഇതുവരെയായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചതും എന്നാൽ നൽകാൻ കഴിയാത്തതുമായ സാമ്പത്തിക സഹായം ഏതെങ്കിലും ഈ സർക്കാർ വന്നതിന് ശേഷം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ച് പേര്, തുക സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു

(ബി) വിവരം ശേഖരിച്ചു വരുന്നു.

**വാമനപുരത്ത് ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ച തുക**

72 (4360) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ നെല്ലനാട്, വാമനപുരം, കല്ലറ, പാങ്ങോട്, ആനാട്, പെരിങ്ങമ്മല, കുറുപുഴ, പാലോട്, പനവൂർ, പുല്ലമ്പാറ, തെന്നൂർ വില്ലേജുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്നും എത്ര അപേക്ഷകൾ തിരസ്കരിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) മണ്ഡലം/വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**ട്രെയിനിൽ നിന്ന് വീണ് പരിക്കുപറ്റിയ സ്മൃതിക്ക് ധനസഹായം**

73 (4361) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-7-2016-ൽ തൃശ്ശൂരിൽ വച്ച് ട്രെയിനിൽ നിന്ന് വീണ് പരിക്ക് പറ്റിയ കൊച്ചി, പള്ളുരുത്തി മേപ്പാറത്ത് വീട്ടിൽ സ്മൃതി, ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുവാൻ 18-1-2017-ൽ കൊച്ചി താലൂക്ക് ഓഫീസ് വഴി ( File no.853/17/m5) സമർപ്പിച്ച നിവേദനത്തിൽ നാളിതുവരെ തുക അനുവദിച്ച് കിട്ടാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ട്രെയിനിൽ നിന്ന് വീണ് പരിക്ക് പറ്റിയ സ്മൃതിയുടെ ചികിത്സയ്ക്കായി 17-1-2018-ലെ സ.ഉ.(സാധാ)നമ്പർ 195/2018/റവ.പ്രകാരം 15000 (പതിനയ്യായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

74 (4362) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പാലക്കാട് ജില്ലയിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയുടെ നിയോജക മണ്ഡലങ്ങൾ തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് കൊണ്ടോട്ടി മണ്ഡലത്തിൽ അനുവദിച്ച തുക

75 (4363) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അപകടമരണ/ചികിൽസാ ആവശ്യാർത്ഥം കൊണ്ടോട്ടി മണ്ഡലത്തിൽ ആകെ അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(ബി) ഇങ്ങനെ അനുവദിച്ച തുകയിൽ എത്ര രൂപ ആർക്കെല്ലാം നാളിതുവരെ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളിൽ തീരുമാനമാകാത്തവയുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ- സി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പാലക്കാട് ജില്ലയിൽ അനുവദിച്ച തുക

76 (4364) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2016-17, 2017-18 വർഷങ്ങളിൽ പാലക്കാട് ജില്ലയിൽ എത്ര പേർക്ക് തുക അനുവദിച്ചുവെന്നും ആകെ എന്ത് തുക നൽകിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2016-17, 2017-18 വർഷങ്ങളിൽ 10,534 പേർക്ക് 14,40,79,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 10,226 പേർക്ക് 13,68,70,000 രൂപ വിതരണം നടത്തി. ബാക്കി തുക വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തീരദേശ സേനയ്ക്ക് തിരുവനന്തപുരത്ത് എയർസ്ട്രിപ്പ്

77 (4365) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ സേനയ്ക്ക് തിരുവനന്തപുരത്ത് എയർസ്ട്രിപ്പ് തുടങ്ങാൻ കേന്ദ്രം അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എപ്പോഴാണ് അനുമതി നൽകിയതെന്നും പദ്ധതി ഇതുവരെ പ്രാവർത്തികമാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

(സി) എയർസ്ട്രിപ്പ് ഏത് സ്ഥലത്ത് തുടങ്ങാനാണ് കേന്ദ്രാനുമതി കിട്ടിയതെന്ന് അറിയിക്കുമോ; ഏതെല്ലാം കാര്യങ്ങൾ ലക്ഷ്യമാക്കിയാണ് എയർസ്ട്രിപ്പിനു കേന്ദ്രം അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) അടിയന്തര രക്ഷാപ്രവർത്തന സംവിധാനങ്ങൾ തീരദേശ സേനയ്ക്ക് ഇല്ലാത്തത് ഓഖി ദുരന്തത്തിന്റെ രക്ഷാ പ്രവർത്തനങ്ങൾക്കുവിഘാതമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) തലസ്ഥാനത്ത് എയർസ്ട്രിപ്പ് പ്രവർത്തനം ആരംഭിച്ചാൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(എഫ്) എയർസ്ട്രിപ്പ് തുടങ്ങാൻ ആവശ്യമായി വരുന്ന തുക എത്രയാണെന്നും ഇക്കാര്യത്തിൽ കേന്ദ്രസഹായം ലഭിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ -എഫ്) വിവരം ശേഖരിച്ചുവരുന്നു.

## വൈപ്പിനിൽ നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ട്

78 (4366) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ട്-2-ൽ ഉൾപ്പെടുത്തുന്നതിനായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച് പ്രദേശത്തെ ജനപ്രതിനിധികളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ഭാവിയിൽ ഇതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ ;

(സി) ദുരന്തബാധിത പ്രദേശങ്ങളിൽ നിന്നും പ്രധാന റോഡിലേക്ക് എത്തിച്ചേരുന്നതിനുള്ള റോഡ്, പാലം എന്നിവ നിർമ്മിക്കുന്നതോ പുനരുദ്ധരിക്കുന്നതോ ആയ പ്രവൃത്തികൾ, വെള്ളക്കയറ്റം തടയുന്നതിനുള്ള കൽച്ചിറ കെട്ടുന്ന പ്രവൃത്തികൾ എന്നിവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; തടസ്സങ്ങളില്ലെങ്കിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ പള്ളിപ്പുറം, നായരമ്പലം എന്നീ സ്ഥലങ്ങളിലാണ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കാനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നത്. പള്ളിപ്പുറം സൈറ്റിൽ മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. നായരമ്പലം സൈറ്റ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട ജനപ്രതി നിധികളുടെ അഭിപ്രായം കൂടെ പരിഗണിച്ചാണ് നിർമ്മാണം ആരംഭിക്കുന്നത്.

(സി) നിലവിൽ ഒൻപത് തീരദേശജില്ലകളിൽ 27 സൈക്ലോൺ ഷെൽട്ടറുകളുടെ നിർമ്മാണത്തിന് ലോക ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ലോക ബാങ്കിന്റെ പ്രത്യേക അനുമതി ആവശ്യമാണ്.

**നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള വരുമാന പരിധി**

79 (4367) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഗൃഹങ്ങൾക്കും കച്ചവട സ്ഥാപനങ്ങൾക്കും തീപിടുത്തംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വരുമാന പരിധി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള പരമാവധി വാർഷിക വരുമാന പരിധി 1,00,000 (ഒരു ലക്ഷം) രൂപ ആണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ലൈറ്റ് മെട്രോ പദ്ധതി

80 (4369) ഡോ. എം. കെ. മുനീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ്മെട്രോ പദ്ധതിയിൽ നിന്ന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ പിൻവാങ്ങിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട മേൽപ്പാല നിർമ്മാണത്തിൽ നിന്ന് ഡി.എം.ആർ.സി.യെ ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മെട്രോ പദ്ധതിയുടെ നിർമ്മാണ കാര്യത്തിൽ ഡി.എം.ആർ.സി.-യുമായി കരാർ ഉണ്ടാക്കിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ ആരെ ഏൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ നിന്ന് പിൻവാങ്ങുന്നതിനായി ഡി.എം.ആർ.സി 16-2-2018 -ൽ അറിയിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 18-12-2017-ന് കൂടിയ കെ.ആർ.ടി.എൽ. ബോർഡ് യോഗത്തിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏതെങ്കിലും ഏജൻസിയെ ടേൺകീ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം, ഇതിനായുള്ള ഏജൻസിയെ ദർഘാസിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചത്.

(സി) ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ കാര്യത്തിൽ നിലവിൽ ഡി.എം.ആർ.സി.-യുമായി കരാറൊന്നും ഉണ്ടാക്കിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം നിർമ്മാണ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാം എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ ഏൽപ്പിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

## ലൈറ്റ് മെട്രോ പദ്ധതിയുടെ തടസ്സങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ നടപടി

81 (4370) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈറ്റ് മെട്രോ പദ്ധതികൾ ഉപേക്ഷിക്കുകയാണെന്ന വാർത്ത ശരിയാണോ; എന്ത് കൊണ്ടാണ് പദ്ധതി വൈകുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ആവശ്യമാണോ; എങ്കിൽ ഇതിലേയ്ക്കായി സംസ്ഥാനം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; ഇതിലേയ്ക്കായി കേന്ദ്രവുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ നിന്നും ഡി.എം.ആർ.സി. പിന്മാറുന്നതായി അറിയിച്ച് കോർപ്പറേഷൻ മുഖ്യ ഉപദേഷ്ടാവ് ശ്രീ. ഇ. ശ്രീധരൻ എന്തെങ്കിലും കത്ത് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; കോപ്പി ലഭ്യമാക്കുമോ;

(ഡി) കേരളത്തിലെ ഡി.എം.ആർ.സി.-യുടെ ഓഫീസുകൾ പൂട്ടുവാൻ പോകുന്ന എന്ന വാർത്ത മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കാൻ ബഹു. മുഖ്യമന്ത്രി പ്രത്യേകമായി ഇടപെട്ട് ഇപ്പോഴത്തെ ഈ തടസ്സങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) തിരുവന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ ഉപേക്ഷിക്കുകയാണെന്ന വാർത്ത ശരിയല്ല. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിനാൽ ഇതിന് കേന്ദ്രാനുമതി ആവശ്യമാണ്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11-9-2015-ലെ ജി.ഒ.(എംഎസ്.) 74/2015/പി.ഡബ്ല്യൂ.ഡി. പ്രകാരം 6728 കോടി (തിരുവനന്തപുരം 4219 കോടി + കോഴിക്കോട് 2509 കോടി) രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദരൂപരേഖകളും

മറ്റ് വിശദവിവരങ്ങളും 2015 സെപ്റ്റംബറിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പരിശോധനയുടെ ഭാഗമായി വിവിധ കേന്ദ്രമന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും അഭിപ്രായങ്ങളും സംശയങ്ങളും കേരള സർക്കാരിനെ അറിയിക്കുകയും അവയ്ക്കെല്ലാം മറുപടി /വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരികെ 2017 ആഗസ്റ്റിൽ കേന്ദ്രസർക്കാരിന്റെ പുതിയ മെട്രോ നയം പ്രഖ്യാപിച്ചു. ഇതിൻ പ്രകാരം പുതുക്കിയ പദ്ധതി രേഖ ഡി.എം.ആർ.സി. തയ്യാറാക്കി 2017 നവംബറിൽ കേരള സർക്കാരിന് സമർപ്പിച്ചു. ഈ രേഖകളുടെ വിശദ പരിശോധനയ്ക്കായി ധനകാര്യ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പരിശോധന പൂർത്തിയായശേഷം സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ നിന്ന് പിൻവാങ്ങുന്നതായി ഡി.എം.ആർ.സി. 16-2-2018-ൽ അറിയിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

(ഡി) ഡി.എം.ആർ.സി.-യുടെ തിരുവനന്തപുരം, കോഴിക്കോട് ഓഫീസുകളുടെ പ്രവർത്തനം നിർത്തുന്ന വിവരം അവർ 16-2-2018-ൽ അറിയിച്ചിട്ടുണ്ട്.

## ലൈറ്റ് മെട്രോ പദ്ധതികളുടെ കരാർ

82 (4371) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോകളുടെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചിരുന്നോ;

(ബി) ഇതു പ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ടും, ഡി.എം.ആർ.സി.-യും കെ.ആർ.ടി.സി.-യും തമ്മിൽ ഒപ്പുവയ്ക്കേണ്ടതായ മുന്നൊരുക്ക ജോലികളുടെ കരാറും ഡി.എം.ആർ.സി. തയ്യാറാക്കി 2016 ഡിസംബറിലും 2017 ആഗസ്റ്റിലും സമർപ്പിച്ചിരുന്നോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത കരാർ ഒപ്പുവച്ചിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയിൽ നിന്നും പിൻമാറാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഡി.എം.ആർ.സി. സർക്കാരിന് കത്ത് നൽകിയിരുന്നോ; പ്രസ്തുത കത്തിന് മറുപടി നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചിരുന്നു.

(ബി) തിരുവനന്തപുരത്ത് മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള കരാറിന്റെ കരട് ഡി.എം.ആർ.സി. സമർപ്പിച്ചിരുന്നു.

(സി) മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതലയുടെ കരാർ ഒപ്പു വെച്ചിട്ടില്ല. 18-12-2017-ന് കൂടിയ കെ.ആർ.ടി.എൽ. ബോർഡ് യോഗത്തിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏതെങ്കിലും ഏജൻസിയെ ടേൺകീ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം ഇതിനായുള്ള ഏജൻസിയെ ദർഘാസിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചത്.

(ഡി) പദ്ധതിയിൽനിന്ന് പിൻമാറാൻ അനുവദിക്കണമെന്ന് ഡി.എം.ആർ.സി. ആവശ്യപ്പെട്ടിട്ടില്ല. 24-1-2018 -ലെയും, 16-2-2018 -ലെയും അവരുടെ കത്തുകൾ മുഖേന പദ്ധതിയിൽനിന്ന് പിൻമാറാനുള്ള അവരുടെ തീരുമാനം അറിയിക്കുകയാണ് ഉണ്ടായത്. പ്രസ്തുത കത്തുകൾക്ക് മറുപടി നൽകിയിട്ടില്ല.

**അന്തർ സംസ്ഥാന നദീജല കരാറുകൾ**

83 (4372) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീജലം പങ്കിടുന്നത് സംബന്ധിച്ച് ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കേരളം കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; ഓരോ കരാറിന്റെയും പേരും കരാറൊപ്പിട്ട വർഷവും കാലാവധിയും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ നദീജല കരാർ അനുസരിച്ചും ഓരോ സംസ്ഥാനങ്ങൾക്കും ലഭ്യമാകേണ്ട വെള്ളത്തിന്റെ അളവ് എത്രയെന്ന് കരാറിന്റെ പേരു സഹിതം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ വേനൽ അതിരൂക്ഷമാകുന്ന സാഹചര്യത്തിൽ അന്തർ സംസ്ഥാന നദീജല കരാറുകൾ പ്രകാരം ലഭിക്കേണ്ട ജലം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായി അർഹമായ ജലം എന്നുമുതൽ ലഭിച്ചു തുടങ്ങുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഉത്തരം

(എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ 29-5-1970-ൽ ഒപ്പുവെച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവെച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ട കരാർ, 1970-ലെ മുല്ലപ്പെരിയാർ അനുബന്ധകരാറുകൾ എന്നിവയാണ് അവ. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. ശിരുവാണി കുടിവെള്ള പദ്ധതിക്ക് 99 വർഷത്തെ കാലാവധിയാണുള്ളത്. പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്.

(ബി) പി.എ.പി. കരാർ പ്രകാരം ഒരു ജലവർഷം (ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവ്) കേരളാതിർത്തിക്കടുത്തുള്ള മണക്കടവ് വിയറിൽ (ഉപയോഗിക്കാനാകാത്ത പ്രളയജലം ഒഴികെ) 7250 എം.സി.എഫ്.ടി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി. ജലവും കേരളത്തിന് അവകാശപ്പെട്ടതാണ്. ഒക്ടോബർ 1 മുതൽ 31 വരെയുള്ള അപ്പർനീരാറിലെ തനതു നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല. ഇതിനു പുറമെ പറമ്പിക്കുളം സിസ്റ്റം (പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകൾ) ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്കിൽ 16350 എം.സി.എഫ്.ടി. വരെ തമിഴ്നാടിനും, തനതു നീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടിപുഴയിലേക്കും വിടേണ്ടതാണ്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ അനുസരിച്ച് കേരളം ഓരോ വർഷവും 1300 ദശലക്ഷം ഘനയടി വരെ ജലം തമിഴ്നാട്ടിലെ കോയമ്പത്തൂർ മുനിസിപ്പൽ ടൗണിലേയും തൊട്ടടുത്തുള്ള സ്ഥലങ്ങളിലെയും കുടിവെള്ള ആവശ്യങ്ങൾക്കുവേണ്ടി നൽകണം. ഈ കരാർ പ്രകാരം കീഴ് നദീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ശിരുവാണി അണക്കെട്ടിൽ നിന്ന് 5.0 ക്യൂസെക്സ് എന്ന തോതിൽ കേരളത്തിലേക്ക് ജലത്തിന്റെ ഒഴുക്ക് നിലനിറുത്തേണ്ടതാണ്. പെരിയാർ പാട്ട കരാർ പ്രകാരം കേരളത്തിന് ജലം ലഭിക്കാനുള്ള വ്യവസ്ഥയില്ല.

(സി) കേരളവും തമിഴ്നാടും തമ്മിലുള്ള വിവിധ അന്തർ സംസ്ഥാന ജലവിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ 19-1-2018-ന് തിരുവനന്തപുരത്ത് ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിലുള്ള ഒരു ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചയ്ക്ക് സമാന്തരമായി

ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഒരു എക്സ്ട്രാ ഓർഡിനറി മീറ്റിംഗ് ചേരുകയും, ഈ ചർച്ചയിൽ 2018 ഫെബ്രുവരി 15 വരെ 400 ക്യൂസെക്സ് എന്ന തോതിൽ മണക്കടവ് വിയറിൽ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയുണ്ടായി. യോഗ തീരുമാനമനുസരിച്ചുള്ള ജലം ഏറെക്കുറെ ലഭ്യമായിട്ടുണ്ട്. ഇതിനു പുറമെ 26-2-2018-ന് തമിഴ്നാടിലെ കോയമ്പത്തൂരിൽ കേരളത്തിന്റെ ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ പാലക്കാടിന്റെ ജോയിന്റ് ഡയറക്ടറും, തമിഴ്നാടിന്റെ ജല വിഭവ വകുപ്പ് കോയമ്പത്തൂർ റീജിയണൽ ചീഫ് എഞ്ചിനീയറും തമ്മിൽ പി.എ.പി.-യിൽ നിലവിൽ ലഭ്യമായ ജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ കേരളത്തിന് 2018 മാർച്ച് 1 വരെ മണക്കടവ് വിയറിൽ 400 ക്യൂസെക്സ് എന്ന തോതിലും 2018 മാർച്ച് 1 മുതൽ മാർച്ച് 15 വരെ 300 ക്യൂസെക്സ് എന്ന തോതിലും ജലം ലഭ്യമാക്കാമെന്ന് തമിഴ്നാട് സമ്മതിക്കുകയുണ്ടായി. തുടർന്നുള്ള ജലവിതരണം മാർച്ച് 15-ന് മുമ്പായി ചേരാവുന്ന ഉന്നതതലയോഗത്തിൽ പി.എ.പി.-യിലെ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കാമെന്നും ധാരണയായി. യോഗ തീരുമാനമനുസരിച്ചുള്ള ജലം ഇപ്പോൾ മണക്കടവ് വിയറിൽ ലഭിക്കുന്നുണ്ട്. മാർച്ച് 15 മുതൽ കേരളത്തിന് ലഭ്യമാക്കേണ്ട ജലം സംബന്ധിച്ച നടപടികൾ തുടർന്നു വരുന്നു.

## സമാന തസ്തികകളിലേയ്ക്ക് ഒരു പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം

84 (4373) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ മെക്കാനിക്കൽ സർവ്വീസിംഗ് ആന്റ് അഗ്രോ മെഷീനറി കോഴ്സ് പാസ്സായിട്ടുള്ളതും നിലവിൽ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് (മെക്കാനിക്കൽ സർവ്വീസിംഗ് ആന്റ് അഗ്രോ മെഷിനറി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ (കാറ്റഗറി നമ്പർ 153/2014) ഉദ്യോഗാർത്ഥികളെ വ്യവസായ പരിശീലന വകുപ്പിലേക്കും കെ.എസ്.ആർ.ടി.സി., റെയ്ഡ്കോ, കാംകോ തുടങ്ങിയ സ്ഥാപനങ്ങളിലെ സമാന തസ്തികകളിലേക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്ന കാര്യം പരിഗണിക്കാമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

പരിഗണനയിലില്ല.

## പബ്ലിക് റിലേഷൻസ് സംവിധാനം

85 (4374) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പബ്ലിക് റിലേഷൻസ് സംവിധാനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിൽ പ്രൊഫഷണൽ സമീപനം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആഗോളവത്ക്കരണകാലത്ത് ബദൽ നയങ്ങളുയർത്തി മുന്നോട്ടു പോകുന്ന ഈ സർക്കാരിന്റെ ബഹുമുഖങ്ങളായ വികസന-ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ, എല്ലാവിഭാഗം ജനങ്ങളിലും യഥാസമയം കൃത്യതയോടെ എത്തിക്കുന്നതിന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ടുതന്നെ കാലാനുസൃതമായി ശാസ്ത്രീയവും നൂതനവുമായ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് വകുപ്പിനെ ശക്തിപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വ്യവസ്ഥാപിതമായ പ്രചരണ പരിപാടികൾ, ക്യാമ്പയിനുകൾ എന്നിവയ്ക്കുപകരം ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ പബ്ലിക് റിലേഷൻസ് രീതികൾ ആവിഷ്കരിച്ച് വകുപ്പിനെ പ്രൊഫഷണലൈസ് ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഐ.&പി.ആർ.ഡി.-യുടെ സേവനങ്ങൾ കാലാനുസൃതമായി മാറ്റംവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു വർഷത്തെ മീഡിയ പ്ലാൻ തയ്യാറാക്കി അതിനനുസൃതമായ പ്രവർത്തനങ്ങളാണ് വകുപ്പ് ഇന്ന് നടത്തി വരുന്നത്. ജനകീയാസൂത്രണം രണ്ടാംഘട്ടം ആരംഭിച്ചതോടെ തദ്ദേശഭരണ സ്ഥാപനങ്ങളിലടക്കം മാതൃകാപരമായ നിരവധി പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. അവയിൽ അനുകരണീയമായ മാതൃകകൾ ജനങ്ങളിലെത്തിക്കേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്തമാണ്. ഈ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 'പ്രിസം' പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. സർക്കാർ വാർത്തകൾ ജനങ്ങളിലെത്തിക്കുന്നതിനൊപ്പം സർക്കാരിന്റെ പ്രവർത്തനങ്ങൾ/പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങൾ ഗ്രാമതലം മുതൽ സ്വരൂപിക്കുന്നതിനും അവ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമുള്ള ഫലപ്രദമായ ഫീഡ്ബാക്ക് മെക്കാനിസവും ഇതുവഴി സാധ്യമാകും.

പത്രപ്രവർത്തക -പത്രപ്രവർത്തകേതര ജീവനക്കാരുടെ പെൻഷനടക്കമുള്ള ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി പി.ആർ.ഡി.-യിൽ ഒരു ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഒരു പുതിയ വിഭാഗം

തന്നെ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്. പത്രപ്രവർത്തകരുടെ അക്രഡിറ്റേഷൻ, പെൻഷൻ എന്നിവ ഓൺലൈൻ സംവിധാനത്തിലാക്കി മാത്രമല്ല, വകുപ്പിന്റെ പ്രചരണസാമഗ്രികൾ, പത്രക്കുറിപ്പുകൾ എന്നിവ ഓൺലൈനായി ലഭ്യമാക്കുന്നതിന് മൊബൈൽ ആപ്പുകൾ ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ പ്രധാന വികസന പദ്ധതികൾ, നയങ്ങൾ എന്നിവയിൽ അഭിപ്രായ രൂപീകരണത്തിനായി അതത് രംഗത്തെ വിദഗ്ദ്ധരുമായും പൊതുജനങ്ങളുമായും സംവദിക്കുന്നതിന് 'നാം മുന്നോട്ട്' എന്ന പേരിൽ ഒരു ടോക് ഷോ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മുൻനിര ദൃശ്യമാധ്യമങ്ങളിൽ അവ സംപ്രേഷണം ചെയ്യുന്നതുവഴി സർക്കാർ നടപ്പാക്കുന്ന പുരോഗമനപരമായ ബദൽ നയങ്ങൾ മുഴുവൻ ജനങ്ങളിലും എത്തിക്കാനാകും. വിവിധ സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പ്രചരണത്തിനു ഏകീകൃത രൂപം നൽകാനായി അതത് വകുപ്പുകളിലെ പബ്ലിക് റിലേഷൻ വിഭാഗം/പി.ആർ.ഒ. മാരുടെ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിനു ആലോചിച്ചിട്ടുണ്ട്.

സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അറിയിപ്പുകൾ ഫലപ്രദമായി ജനങ്ങളിൽ എത്തിക്കുന്നതിനായി അച്ചടി മാധ്യമങ്ങൾക്കുപരി ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പ്രചരണത്തിനും മുൻതൂക്കം നൽകുന്നുണ്ട്. വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, മേഖലാ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഡയറക്ടറേറ്റിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യമാധ്യമങ്ങൾ പൊതുഇടങ്ങളായി മാറിക്കൊണ്ടിരിക്കുന്ന കാലമാണിത്. അതുകൊണ്ട് തന്നെ ജനാഭിപ്രായം സ്വരൂപിക്കുന്നതിൽ അതിനു വലിയ പങ്കുണ്ട്. ഈ മാധ്യമം വഴി പ്രചരിക്കുന്ന അവാസ്തവവും തെറ്റിദ്ധാരണാ ജനകവുമായ വാർത്തകളെ പ്രതിരോധിക്കുന്നതിനായി വകുപ്പിന് കീഴിലൊരു ഔദ്യോഗിക സാമൂഹ്യമാധ്യമ സെല്ലിനു രൂപം നൽകിയിട്ടുണ്ട്.

**സ്വദേശിവൽക്കരണം**

86 (4375) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഗൾഫ് മേഖലയിലെ രാജ്യങ്ങളിൽ സ്വദേശീവത്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളീയരായ എത്ര പ്രവാസികൾക്ക് തൊഴിൽ നഷ്ടമായി എന്ന് അറിയിക്കുമോ ?

ഉത്തരം

ഗൾഫ് മേഖലയിലെ രാജ്യങ്ങളിൽ സ്വദേശിവൽക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളീയരായ പ്രവാസികൾക്ക് തൊഴിൽ നഷ്ടമാകുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. എന്നാൽ ഇതിന്റെ യഥാർത്ഥ കണക്ക് ലഭ്യമല്ല.

## നോർക്കവഴിയുള്ള പദ്ധതികളുടെ വിപുലീകരണം

87 (4376) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വലിയ തോതിൽ തൊഴിൽ നഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടായതുമൂലം ഗൾഫ് മേഖലയിൽ പ്രവാസി തൊഴിലാളികൾക്കുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ നഷ്ടംമൂലം തിരിച്ചെത്തുന്ന പ്രവാസികൾക്ക് നോർക്ക വഴി ലഭ്യമാകുന്ന സഹായങ്ങൾ വിപുലീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിലെ പ്രവാസി മലയാളികൾക്കിടയിൽ ഉണ്ടായ തൊഴിൽ നഷ്ടവും സാമ്പത്തിക നഷ്ടവും മൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടത്തിന്റെ യഥാർത്ഥ കണക്ക് ലഭ്യമല്ല. ഇത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ ആഘാതം ഉണ്ടാക്കുവാൻ സാധ്യതയുണ്ട്.

(ബി) മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 11-3-2013-ലെ ജി.ഒ (ആർടി.)നമ്പർ 75/2013/നോർക്ക നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണിത്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം തിരികെവന്ന പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. നിലവിൽ നോർക്ക റൂട്ട്സും സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാ പത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നല്കിയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മേൽപ്പറഞ്ഞ ദേശ സാൽകൃത ബാങ്കുകൾക്കുപുറമേ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവരുമായി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്.

## സ്വദേശിവൽക്കരണംമൂലം തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസി മലയാളികൾ

88 (4377) ശ്രീ. പി. കെ. ബഷീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ പലയിടത്തും വ്യാപകമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വദേശിവൽക്കരണം സംസ്ഥാനത്ത് സൃഷ്ടിക്കാനിടയുള്ള സാമൂഹിക-സാമ്പത്തിക പ്രത്യാഘാതത്തെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസികളുടെ ആശങ്കയകറ്റാനും അവരെ പുനരധിവസിപ്പിക്കുന്നതിനുമായി ഉചിതമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രവാസി പുനരധിവാസത്തിന് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിലെ പ്രവാസി മലയാളികൾക്കിടയിൽ ഉണ്ടായ തൊഴിൽ നഷ്ടവും, സാമ്പത്തിക നഷ്ടവും മൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടത്തിന്റെ യഥാർത്ഥ കണക്ക് ലഭ്യമല്ല. ഇത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ ആഘാതം ഉണ്ടാക്കുമെന്ന് കരുതുന്നു.

(ബി) താരതമ്യേന അവിദഗ്ദ്ധ തൊഴിലാളികളാണ് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളിൽ ഭൂരിഭാഗവും എന്ന് കണക്കാക്കുന്നു. അതിനാൽ തന്നെ ഗൾഫ് രാജ്യങ്ങൾക്കുപരിയായി മറ്റു വികസിത രാജ്യങ്ങളിലും ഉയർന്നു വരുന്ന സെമി സ്കിൽഡ്/സ്കിൽഡ് തൊഴിൽ അവസരങ്ങൾ കൂടുതൽ കണ്ടെത്തി അതിലേയ്ക്ക് കേരളത്തിൽ നിന്നുള്ള റിക്രൂട്ട്മെന്റ് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. നോർക്ക റൂട്ട്സിൽ നിലവിലുള്ള ജോബ് പോർട്ടൽ പദ്ധതിയും മാർക്കറ്റ് ഇന്റലിജന്റ്സ് പദ്ധതിയും പുനരാവിഷ്ക്കരിച്ച് മേൽ ഉദ്ദേശ ലക്ഷ്യങ്ങൾ നേടാവുന്നതാണ്. മടങ്ങി വന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 11-3-2013-ലെ ജി.ഒ.(ആർടി.) നമ്പർ 75/2013/നോർക്ക നം. ഉത്തരവ് പ്രകാരം നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി

പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണ് ഇത്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്യതിന് ശേഷം തിരികെവന്ന പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. നിലവിൽ നോർക്ക റൂട്ട്സും, സൗത്ത് ഇൻഡ്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നീ ബാങ്കുകളുമായി ഒപ്പുവെയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നല്കിയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മേൽപ്പറഞ്ഞ ദേശസാൽകൃത ബാങ്കുകൾക്ക് പുറമേ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവരുമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിൽ സഹായകവും ബാങ്കുകളുടെ ആവശ്യങ്ങൾ അനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സഹായിച്ചു വരുന്നു.

(സി) ഇല്ല. പ്രവാസി പുനരധിവാസത്തിന് നിലവിൽ കേരള സർക്കാർ ഫണ്ടാണ് ഉപയോഗിക്കുന്നത്.

**സൗദി അറേബ്യയിൽ തൊഴിൽ നിയമ ലംഘനത്തിന് പിടിക്കപ്പെട്ട മലയാളികൾ**

89 (4378) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ പൊതുമാപ്പ് അവസാനിച്ച ശേഷം സുരക്ഷാവകുപ്പ് നടത്തിയ റെയ്ഡുകളിൽ തൊഴിൽ നിയമലംഘനത്തിന് പിടിക്കപ്പെട്ട മലയാളികളെ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇക്കാമ നിയമലംഘനം, തൊഴിൽ നിയമലംഘനം എന്നീ കുറ്റത്തിന് പിടിക്കപ്പെട്ടവർക്ക് പിഴയടച്ചും രേഖകൾ നിയമവിധേയമാക്കിയും അവിടെത്തന്നെ ജോലിയിൽ തുടരുന്നതിന് സഹായകരമായ സാഹചര്യമൊരുക്കുന്നതിൽ പ്രവാസി വകുപ്പിന്റെ ഇടപെടൽ ഉണ്ടാകുമോ; വിവരിക്കുമോ;

(സി) പൊതുമാപ്പുപോലുള്ള നിയമങ്ങൾ പ്രഖ്യാപിക്കുമ്പോൾ തന്നെ പ്രവാസികളുടെ തൊഴിൽ രേഖകളും മറ്റും പുതുക്കുന്നതിനും നിയമാനുസൃതമാക്കുന്നതിനും അവരെ സഹായിക്കുന്നതിനും അതത് രാജ്യത്തിന്റെയും ഇന്ത്യൻ എംബസിയുടെയും അനുമതിയോടെ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നതിന് ആലോചിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇക്കാര്യത്തിൽ ഇന്ത്യൻ എംബസി മുഖാന്തരം ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ഇക്കാര്യത്തിൽ ഇന്ത്യൻ എംബസ്സിയുടെ പ്രവർത്തനം നിലവിൽ തൃപ്തികരമായതിനാൽ ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ മോചനം**

90 (4379) <u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒമാനിലെ മലയാളി സംഘടനകളുടെ നിരന്തരമായ ശ്രമത്തെത്തുടർന്നും ഇന്ത്യൻ എംബസിയുടെ ഇടപെടലിനെത്തുടർന്നും ചെയ്യാത്ത കുറ്റത്തിന് ഇരുപതു വർഷമായി ഒമാൻ ജയിലിൽ കിടന്ന രണ്ട് മലയാളികളെ മോചിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിക്കാൻ കഴിഞ്ഞതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരിക്കാമോ;

(ബി) ഇത്തരത്തിൽ മാനുഷികവും രാജ്യസ്നേഹപരവുമായ പ്രവർത്തനങ്ങൾ നടത്തുന്ന മലയാളി സംഘടനകളെ സഹായിക്കുന്നതിനും പ്രസ്തുത സംഘടനകൾക്ക് ഇന്ത്യൻ എംബസിയുമായി നിരന്തരം ബന്ധം സ്ഥാപിക്കുന്നതിനും ഉതകുന്ന പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകുമോ; വിശദമാക്കാമോ;

(സി) വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ മോചനത്തിനും അവരെ നാട്ടിൽ തിരിച്ചെത്തിക്കുന്നതിനും പുനരധിവാസത്തിനും പ്രവാസികാര്യവകുപ്പ് പ്രത്യേക പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) വിദേശ രാജ്യങ്ങളിൽ തടവിൽ കഴിയുന്ന പ്രവാസി മലയാളികളുടെ നിയമാനുസൃതമായ മോചനത്തിന് പ്രവാസികാര്യ വകുപ്പ് ഇടപെടാറുണ്ട്. ഇത്തരത്തിൽ മടങ്ങി വരുന്നവരുൾപ്പെടെയുള്ളവരുടെ പുനരധിവാസത്തിനായി സർക്കാർ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

## വിദേശ രാജ്യങ്ങളിൽ തടവിൽ കഴിയുന്ന മലയാളികളുടെ മോചനം

91 (4380) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ രാജ്യങ്ങളിൽ നിരവധി കാരണങ്ങളാൽ തടവിൽ കഴിയുന്ന മലയാളികളെ മോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇതിലൂടെ എത്രപേരുടെ മോചനം സാധ്യമായെന്ന് അറിയിക്കുമോ;

(സി) ഇതിലേക്കായി എന്തെല്ലാം നടപടികൾ കൂടുതലായി നടത്തുവാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിദേശ രാജ്യങ്ങളിൽ തടവിൽ കഴിയുന്ന മലയാളികളുടെ മോചനം ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന നിവേദനങ്ങളിൽ നിയമാനുസൃതമായ ഇടപെടലുകൾ നടത്തിവരുന്നു.

(ബി) കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) വിദേശരാജ്യങ്ങളിൽ നിയമപ്രശ്നം നേരിടുന്ന പ്രവാസി മലയാളികൾക്ക് നിയമ സഹായങ്ങളും മറ്റ് ഉപദേശങ്ങളും നൽകുന്നതിനായി പ്രവാസി ലീഗൽ എയ്ഡ് സെൽ എന്ന പദ്ധതിയും, ദീർഘകാലം വിദേശരാജ്യങ്ങളിൽ മനഃപൂർവ്വമല്ലാത്ത കാരണങ്ങളാൽ ജയിൽവാസം അനുഭവിച്ച് മോചിതരായ പ്രവാസി മലയാളികൾക്ക് സ്വന്തം നാട്ടിൽ എത്തുന്നതിനുള്ള വിമാനടിക്കറ്റ് നൽകുന്നതിന് 'സ്വപ്നസാഫല്യം' എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

## പ്രവാസിക്ഷേമ പദ്ധതികൾ

92 (4381) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു; ഇവയുടെ വിശദാംശം അറിയിക്കുമോ;

(ബി) പുതുതായി എന്തെങ്കിലും ക്ഷേമ പദ്ധതികൾ പ്രവാസികൾക്കായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക-റൂട്ട്സ് മുഖേന നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

- പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം
- തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം
- മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം
- ലോക കേരള സഭ
- ആഗോള സാംസ്കാരികോത്സവം
- തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി
- നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ
- സ്വപ്ന സാഫല്യം
- കാൾ സെന്റർ
- സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
- ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേയ്സ് രൂപീകരണവും പദ്ധതി
- എൻ.ആർ.കെ.ഐ.ഡി. കാർഡ്/പ്രവാസി ഐ.ഡി. കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്)

- എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്
- നോർക്ക വഴിയുള്ള റിക്രൂട്ട്മെന്റ്
- സാന്ത്വന പദ്ധതി
- കാരുണ്യം
- ചെയർമാൻ ഫണ്ട്.
- കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.
- അംഗത്വം നേടിയവർക്ക് പ്രതിമാസം 2,000 രൂപ നിരക്കിൽ പെൻഷൻ
- കുടുംബ പെൻഷൻ
- മരണാനന്തര ധനസഹായം
- ചികിത്സാ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസാനുകൂല്യം
- വിവാഹ ധനസഹായം

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## പ്രവാസികൾക്കായി പെൻഷൻ സ്കീം

93 (4382) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ പ്രവാസികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ സ്കീമിന്റെ നിലവിലെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ഈ പെൻഷൻ സ്കീമിൽ ചേരുന്നതിനുള്ള അപേക്ഷകൾ നൽകുന്നവിധം, അവ ഏത് ഓഫീസുകളിലാണ് നൽകേണ്ടതെന്നും അടക്കേണ്ട വിഹിതമെത്രയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പെൻഷൻ സ്കീമിൽ ഉൾപ്പെടാൻ അപേക്ഷ നൽകി മാസങ്ങൾ കഴിഞ്ഞ ശേഷമാണ് അംഗത്വ നമ്പർ ലഭിക്കുന്നതെന്ന പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2008-ലെ പ്രവാസി ക്ഷേമ ആക്ട് പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രവർത്തിച്ചുവരുന്നു. അറുപത് വയസ്സ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലും അറുപത് വയസ്സുവരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും അറുപത് വയസ്സ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതും സ്വന്തം നാട്ടിലേയ്ക്ക് തിരിച്ച് വന്നതുമായ ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. അറുപത് വയസ്സ് പൂർത്തിയായതും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലും അറുപത് വയസ്സുവരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും ഓരോ കല്പിത അംഗത്തിനും പ്രതിമാസം പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. അഞ്ച് വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുവാൻ പാടുള്ളതല്ല. കാറ്റഗറി വ്യത്യാസമില്ലാതെ നിലവിൽ എല്ലാവർക്കും 2000 രൂപ നിരക്കിൽ പെൻഷൻ നൽകുന്നുണ്ട്.

(ബി) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ മുഖ്യ ഓഫീസ് തിരുവനന്തപുരത്തും 2 റീജിയണൽ ഓഫീസുകൾ എറണാകുളത്തും കോഴിക്കോടുമായി പ്രവർത്തിച്ചുവരുന്നു. പ്രവാസി ക്ഷേമനിധി അംഗത്തിനുള്ള ഫോറം ബോർഡിന്റെ ഓഫീസുകളിലും കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന നോർക്ക സെല്ലുകളിലും www.pravasiwelfarefund.org എന്ന വെബ്സൈറ്റിലും ലഭ്യമാണ്. ഓൺലൈനായും അപേക്ഷ സമർപ്പിക്കാവുന്നതാണ്. കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ 1 എ-പ്രവാസി കേരളീയർ (വിദേശം) 1 (ബി)-മുൻ പ്രവാസി കേരളീയൻ (വിദേശത്ത് നിന്ന് മടങ്ങിയവർ), 2 എ-പ്രവാസി കേരളീയൻ (ഭാരതം) എന്നീ മൂന്ന് വിഭാഗങ്ങളാണ് ഉള്ളത്. ഇവർ അംശദായമായി പ്രതിമാസം അടയ്ക്കേണ്ട തുക യഥാക്രമം 300, 100, 100 രൂപ വീതമാണ്. പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുവാനുള്ള പ്രായം 18-നും 60-നും മദ്ധ്യേയാണ്. 18-നും 55-നും ഇടയിൽ അംഗമായി ചേർന്നവർ അംഗത്വ തീയതി മുതൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെ തുടർച്ചയായും 55 വയസ്സിന് ശേഷം അംഗത്വമെടുത്തിട്ടുള്ളവർ അംഗമായി ചേർന്ന തീയതി മുതൽ 5 വർഷം വരെ തുടർച്ചയായും അംശദായം അടയ്ക്കുന്ന മുറയ്ക്ക് പ്രതിമാസ പെൻഷൻ ലഭിക്കുന്നതിന് അർഹത നേടുന്നതാണ്.

(സി) കേരള പ്രവാസി ക്ഷേമ ബോർഡ് ഓഫീസിൽ ലഭിക്കുന്ന സാധുവായ അപേക്ഷകൾക്ക് മൂന്ന് മാസത്തിനുള്ളിൽ അംഗത്വ/അംശദായ അടവ് കാർഡ് അവരുടെ മേൽവിലാസത്തിൽ ബോർഡ് ഓഫീസിൽനിന്നും അയച്ചുകൊടുക്കുന്നുണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നവർക്ക് 15 ദിവസത്തിന് ശേഷം അവരുടെ അംഗത്വ കാർഡ് ഓൺലൈനായി പ്രിന്റ് എടുക്കാവുന്നതാണ്. അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ മിക്കപ്പോഴും മതിയായ രേഖകൾ സമർപ്പിക്കാറില്ല. അപേക്ഷകളിൽ ഇതുമൂലമാണ് കാലതാമസം ഉണ്ടാകുന്നത്. മതിയായ രേഖകൾ സമർപ്പിച്ച ശേഷമാണ് അംഗത്വ/അംശദായ അടവ് കാർഡ് നൽകിവരുന്നത്. കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രവാസികൾക്കായി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ

94 (4383) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കായി സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതിയിൽ എത്ര പേർ അംഗങ്ങളാണ് എന്ന് അറിയിക്കുമോ ;

(ബി) ഈ ക്ഷേമപദ്ധതിയിൽ അംഗത്വമെടുക്കാത്ത പ്രവാസികൾക്കിടയിൽ ഈ ക്ഷേമപദ്ധതിയുടെ വിശദാംശങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെ എല്ലാവരെയും അംഗങ്ങളാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള പ്രവാസി ക്ഷേമ ബോർഡിൽ നിലവിൽ 228077 അംഗങ്ങളാണ് ഉള്ളത്.

(ബി&സി) കേരള പ്രവാസി ക്ഷേമനിധി അംഗത്വം വർദ്ധിപ്പിക്കുന്നതിനായി കേരള പ്രവാസി ക്ഷേമ ബോർഡ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടുതൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## സംസ്ഥാനത്തിനുപുറത്ത് ജോലി ചെയ്യുന്ന മലയാളികൾക്കായി ക്ഷേമപദ്ധതികൾ

95 (4384) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ മലയാളികളല്ലാതെ സംസ്ഥാനത്തിനുപുറത്ത് ജോലി ചെയ്യുന്ന മലയാളികൾക്കായി എന്തെല്ലാം ക്ഷേമപദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിദേശമലയാളികളല്ലാതെ സംസ്ഥാനത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾക്കു മാത്രമായി പ്രവാസി കേരളീയകാര്യ വകുപ്പ് (നോർക്ക) പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നില്ല. എന്നാൽ നോർക്ക റൂട്ട്സ് മുഖേന പ്രവാസികളുടെ ഉന്നമനത്തിനായി സാന്ത്വന പദ്ധതി, കാരുണ്യ പദ്ധതി, ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ തിരികെയെത്തിയ കേരളീയർക്കായി നടപ്പാക്കിയിട്ടുള്ള ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതിയിൽ മറുനാടൻ മലയാളികൾക്കും ധനസഹായം നൽകി വരുന്നുണ്ട്. പ്രവാസികളായ കേരളീയർ (ഇന്ത്യക്ക് പുറത്തോ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലോ ഉള്ളവർ) മരണമടഞ്ഞാൽ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേകനിധിയായി കാരുണ്യ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾക്കായി ഇൻഷ്വറൻസ് കാർഡ് ആരംഭിച്ചിട്ടുണ്ട്. നോർക്ക സഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും മറ്റും ഉള്ള തിരിച്ചറിയൽ കാർഡായി ഇത് ഉപയോഗിക്കാവുന്നതാണ്. അപകടമരണം, സ്ഥിരം/പൂർണ്ണ/ഭാഗീക വൈകല്യം എന്നിവയ്ക്ക് പരമാവധി രണ്ടുലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രവാസി കേരളീയർക്കായി ഒരു കാൾ സെന്റർ നോർക്ക സെന്ററിൽ ആരംഭിച്ചിട്ടുണ്ട്. '1800 425 3939 എന്ന ടോൾ ഫ്രീ നമ്പറിൽ വിവരങ്ങൾ ലഭ്യമാകുന്നതാണ്. നോർക്ക-റൂട്ട്സിന്റെ പ്രവർത്തനങ്ങൾ കേരളത്തിനു പുറത്ത് മറുനാടൻ മലയാളികളുടെ ഇടയിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനും സേവനങ്ങൾ താമസംവിനാ ലഭ്യമാക്കുന്നതിനും വേണ്ടി ന്യൂഡൽഹി, മുംബൈ എന്നിവിടങ്ങളിൽ എൻ.ആർ.കെ. ഡെവലപ്മെന്റ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചെന്നൈ, ബറോഡ, ബാംഗ്ളൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. കേരള പ്രവാസി ക്ഷേമ ബോർഡിന്റെ പ്രവാസി ക്ഷേമ നിധിയിൽ ചട്ടപ്രകാരം അംഗത്വം എടുത്ത് അംശാദായം അടയ്ക്കുന്നവർക്ക് 60 വയസ്സിനു ശേഷം 2000 രൂപ വീതം പ്രതിമാസ പെൻഷൻ അനുവദിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ചികിത്സ ധനസഹായം, മരണാനന്തര ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നിവയും വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുവരുന്നുണ്ട്.

**നോർക്ക മുഖേനയുള്ള പദ്ധതികൾ**

96 (4385) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നോർക്ക മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) ലോക കേരള സഭയിൽ വന്നുചേർന്നിട്ടുള്ള നിർദ്ദേശങ്ങൾ നോർക്കയുടെ നടത്തിപ്പിന് കൂടുതൽ സഹായകരമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ലോക കേരള സഭയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ നോർക്ക മുഖേനയാണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക-റൂട്ട്സ് മുഖേന നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം
- തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം
- മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം
- ലോക കേരള സഭ
- ആഗോള സാംസ്കാരികോത്സവം
- തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി
- നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ
- സ്വപ്ന സാഫല്യം
- കാൾ സെന്റർ
- സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
- ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും, ഡാറ്റാബേസ് രൂപീകരണവും പദ്ധതി

- എൻ.ആർ.കെ. ഐ.ഡി. കാർഡ്/പ്രവാസി ഐ.ഡി. കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്)
- എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്
- നോർക്ക വഴിയുള്ള റിക്രൂട്ട്മെന്റ്
- സാന്ത്വന പദ്ധതി
- കാരുണ്യം
- ചെയർമാൻ ഫണ്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരൻമാരായ കേരളീയരുടെ പൊതു വേദിയായി വിഭാവനം ചെയ്തുകൊണ്ട് ലോക കേരളസഭ രൂപീകരിച്ചിട്ടുണ്ട്. ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിന് വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം.

(ബി) ലോക കേരള സഭയിൽ വന്നുചേർന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് വരുന്നു. അവ അന്തിമമാകുന്ന മുറയ്ക്ക് നോർക്കയുടെ പ്രവർത്തനത്തിന് കൂടുതൽ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേരളത്തിന്റെ സാമ്പത്തിക വാണിജ്യ സാംസ്കാരിക മേഖലകളിൽ വളരെ അധികം പുരോഗമനം കൈവരിക്കാൻ ഉതകുന്ന നിർദ്ദേശങ്ങളാണ് ലോക കേരള സഭയിൽ ഉയർന്നുവന്നിട്ടുള്ളത്. നോർക്കയ്ക്ക് പ്രസ്തുത നിർദ്ദേശങ്ങളുടെ നടത്തിപ്പിൽ പ്രമുഖ പ്രാധാന്യം ഉണ്ടെങ്കിലും പല നിർദ്ദേശങ്ങളുടെയും നടത്തിപ്പിന് മറ്റ് വകുപ്പുമായും ഏജൻസികളുമായും സഹകരിക്കേണ്ടതുണ്ട്.

## സി.ബി.ഐ. അന്വേഷണം നടത്തുന്ന കേസ്സുകൾ

97 (4386) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര കൊലപാതക കേസ്സുകളിലാണ് നിലവിൽ സി.ബി.ഐ അന്വേഷണം നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അവയിൽ ഹൈക്കോടതി നിർദ്ദേശപ്രകാരവും ഗവൺമെന്റ് തീരുമാന പ്രകാരവും അന്വേഷണം നടക്കുന്ന കേസ്സുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഈ കേസ്സുകളുടെ കുറ്റപത്രം കോടതികളിൽ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ കേസ്സുകൾ ഏതു ഘട്ടത്തിലാണെന്ന് സർക്കാരിന് അറിയുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

**സബ് ഇൻസ്പെക്ടർമാരുടെ പ്രവർത്തനശൈലി**

98 (4387) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളെ അസഭ്യം പറഞ്ഞും മർദ്ദിച്ചും ഭീതിയിലാഴ്ത്തി പ്രവർത്തിക്കുന്ന ചില സബ് ഇൻസ്പെക്ടർമാരുടെ പ്രവർത്തനശൈലി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തനശൈലി ആധുനിക ജനാധിപത്യ പോലീസിന് ഉതകുന്നതാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ശൈലി സ്വീകരിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെ രഹസ്യമായി നിരീക്ഷിക്കുന്നതിനും സർവ്വീസിൽ നിന്നും പുറത്താക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ജനങ്ങളുടെ അന്തസ്സ് സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തന സംസ്കാരം പോലീസിൽ രൂപപ്പെടുത്തി എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള പ്രവർത്തനശൈലി പോലീസിന്റെ നയമോ ഭാഗമോ അല്ല എന്നുള്ള കർശന നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുള്ളതാണ്.

(ബി) കരുതുന്നില്ല. പോലീസിന്റെ ഭാഗത്തു നിന്നും ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകരുതെന്നും പൊതുജനങ്ങളോട് സംസാരത്തിലും പ്രവൃത്തിയിലും മാന്യത പുലർത്തണമെന്നും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) ഇത്തരം കാര്യങ്ങളെക്കുറിച്ച് നിരീക്ഷിക്കുന്നതിനായി പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗത്തെയും സബ് ഡിവിഷണൽ പോലീസ് ഓഫീസർമാരേയും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉചിതമായ വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്.

(ഡി) ജനങ്ങളുടെ അന്തസ്സ് സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തന സംസ്കാരം പോലീസിൽ രൂപപ്പെടുത്തി എടുക്കുന്നതിന് എസ്.ഐ./സി.പി.ഒ. മുതലായ വിഭാഗങ്ങളിലേയ്ക്കുള്ള അടിസ്ഥാന പരിശീലന സിലബസ്സിൽതന്നെ കേരള പോലീസ് ആക്ട്, സോഫ്റ്റ് സ്കിൽ, സ്ട്രെസ് മാനേജ്മെന്റ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ soft skill, stress management, behavioral techniques മുതലായവ അടിസ്ഥാനപ്പെടുത്തി കൊണ്ടുള്ള വിവിധ ഇൻ-സർവ്വീസ് കോഴ്സുകളും എല്ലാ വിഭാഗത്തിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കും നൽകി വരുന്നുണ്ട്. ജനമൈത്രി പോലീസ് എന്ന പദ്ധതിയിലൂടെ പൊതുജനങ്ങളും പോലീസുമായുള്ള ബന്ധം മെച്ചപ്പെടുത്തി ഏകീകരിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തി വരുന്നു.

### വാഹന പരിശോധനയ്ക്ക് പ്രത്യേക നിർദ്ദേശങ്ങൾ

99 (4388) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹന പരിശോധന നടത്താൻ ഏത് റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) വാഹന പരിശോധനയ്ക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വാഹന പരിശോധന നടത്തുന്നതിന് മോട്ടോർ വെഹിക്കിൾ ആക്ട് 1988 പ്രകാരം സബ് ഇൻസ്പെക്ടർ റാങ്ക് മുതൽ മുകളിലുള്ള പോലീസ് ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) വാഹന പരിശോധനയുമായി ബന്ധപ്പെട്ട് പോലീസ് ആസ്ഥാനത്ത് സർക്കുലർ 06/2012/, 11/2013 എക്സിക്യൂട്ടീവ് ഡയറക്ടീവ് 07/2015 എന്നിവയിലൂടെ വാഹന പരിശോധന നടത്തുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.

### വിദേശ ബ്രീഡ് നായകൾ ഉയർത്തുന്ന സുരക്ഷാ പ്രശ്നങ്ങൾ

100 (4389) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശ ബ്രീഡ് നായകളോടുള്ള വർദ്ധിച്ചുവരുന്ന പ്രിയം വിലയിരുത്തിയിട്ടുണ്ടോ;

(ബി) നായ വിപണിയിൽ മുന്തിയ ഇനം വിദേശ ബ്രീഡ് നായ്ക്കളുടെ കടന്നു വരവോടുകൂടി സുരക്ഷാ പ്രശ്നങ്ങൾ, അപകട സാധ്യത എന്നിവ ഏറി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഒറ്റ ഉടമയെ മാത്രം അനുസരിക്കുന്ന ജർമ്മൻ ജനുസ്സായ റോട്ട് വീലറിന്റെ ആക്രമണത്തിൽ വയനാട് വൈത്തിരിയിൽ വീട്ടമ്മ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) അപകടകാരികളായ നായജനുസ്സുകളെ വീട്ടിൽ വളർത്തുന്നത് നിരോധിക്കുന്നതിന് തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) വയനാട്, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ബ്രീഡ് നായ്ക്കളോടുള്ള പ്രിയം വർദ്ധിച്ചുവരുന്നതായി കാണുന്നു.

(ബി) ഏറിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന നിലയുണ്ടാകുന്ന സ്ഥിതി അനുവദിക്കുന്നതല്ല. അതിനായി വിശദമായ പരിശോധന ആവശ്യമാണ്.

(സി) ശ്രദ്ധയിൽപ്പട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് വൈത്തിരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 57/18 u/s.289, 304 (A)IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതിയിൽ നിന്നും ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്.

(ഡി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ശിക്ഷാ ഇളവ് ലഭിക്കുന്നതിനുള്ള പട്ടിക**

101 (4390) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിക്ഷാ ഇളവ് ലഭിക്കുന്നതിനായി തടവുകാരുടെ പട്ടിക അടുത്തിടെ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ എത്ര പേരുകൾ ഉൾപ്പെട്ട ലിസ്റ്റാണ് തയ്യാറാക്കിയി രിക്കുന്നതെന്നും ലിസ്റ്റ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിൽ സ്ഥിരം കുറ്റവാളികൾ, വാടകക്കൊലയാളികൾ, പോക്സോ, ലൈംഗികാതിക്രമം ,മയക്കുമരുന്ന് എന്നീ കേസുകളിലെ പ്രതികൾ എന്നിവർ ഉൾപ്പെടുമോയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളും ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 739 തടവുകാർ. ഈ വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) സ്ഥിരം കുറ്റവാളികൾ, വാടക കൊലയാളികൾ, പോക്സോ കേസുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഏതെങ്കിലും തരത്തിലുള്ള ലൈംഗീക അതിക്രമങ്ങൾ ചെയ്തിട്ടുള്ളവരും സ്ത്രീകളെയോ, കുട്ടികളെയോ, 65 വയസിന് മുകളിൽ പ്രായമുള്ളവരെയോ, കരുതിക്കൂട്ടി കൊല ചെയ്തിട്ടുള്ളവർ, മയക്കുമരുന്ന കേസുകളിൽ ശിക്ഷിക്കപ്പെട്ടവർ എന്നിവർ ഉൾപ്പെട്ടിട്ടില്ല.

(ഡി) ഉൾപ്പെട്ടിട്ടില്ല.

**ഇന്ത്യൻ റിസർവ് ബറ്റാലിയൻ**

102 (4391) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ ഒരു പുതിയ ബറ്റാലിയൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

തീരുമാനിച്ചിട്ടില്ല. ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ അധികം ബറ്റാലിയനുകൾ അനുവദിക്കുന്നത് സുരക്ഷാ കാര്യങ്ങൾക്കുള്ള മന്ത്രിസഭാ കമ്മിറ്റിയുടെ തീരുമാനം വരുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**ഇന്ത്യൻ റിസർവ് ബറ്റാലിയൻ**

103 (4392) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ഇൻഡ്യൻ റിസർവ് ബറ്റാലിയൻ (ഐ.ആർ.ബി) എത്ര ബറ്റാലിയനാണ് നിലവിൽ ഉള്ളത്; ഇതിലെ സേനാംഗങ്ങളുടെ എണ്ണം എത്രയാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ആഭ്യന്തര സുരക്ഷ ശക്തമാക്കുന്നതിനായി ഐ.ആർ.ബി.-യുടെ ഒരു ബറ്റാലിയൻ കൂടി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; സംസ്ഥാന സർക്കാർ ഈ ആവശ്യം പതിനൊന്നാമത് ഇന്റർ സ്റ്റേറ്റ് കൗൺസിൽ യോഗത്തിൽ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോയെന്നുള്ള വിവരം വ്യക്തമാക്കാമോ;

(സി) ഐ.ആർ.ബി. രൂപീകരിക്കുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര ശതമാനം തുകയാണ് വകയിരുത്തുന്നത്; വ്യക്തമാക്കുമോ;

(ഡി) ഐ.ആർ.ബി രൂപീകരിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാണെങ്കിൽ രണ്ടാം ബറ്റാലിയൻ രൂപീകരിക്കുന്നതിൽ മറ്റ് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസിൽ ഒരു ഇന്ത്യൻ റിസർവ് ബറ്റാലിയൻ ആണ് നിലവിൽ ഉള്ളത്. ഇതിലെ സേനാംഗങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | റാങ്ക് | അനുവദിച്ചിരിക്കുന്ന എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | കമാൻഡന്റ് | 1 |
| 2 | ഡെപ്യൂട്ടി കമാൻഡന്റ് | 3 |
| 3 | ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്/അസി.കമാൻഡന്റ് | 7 |
| 4 | ഇൻസ്പെക്ടർ | 7 |
| 5 | സബ് ഇൻസ്പെക്ടർ/ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ | 22 |
| 6 | ആംഡ് പോലീസ് അസി.സബ് ഇൻസ്പെക്ടർ | 18 |
| 7 | ഹവീൽദാർ | 160 |

| (1) | (2) | (3) |
|---|---|---|
| 8 | പോലീസ് കോൺസ്റ്റബിൾ (കമാൻഡോ വിംഗ്) | 460 |
| 9 | പോലിസ് കോൺസ്റ്റബിൾ (റെഗുലർ വിംഗ്) | 475 |
| 10 | വയർലെസ്സ് ഇൻസ്പെക്ടർ | 1 |
| 11 | വയർലെസ്സ് സബ് ഇൻസ്പെക്ടർ | 2 |
| 12 | വയർലെസ്സ് ഹെഡ് കോൺസ്റ്റബിൾ | 4 |
| 13 | മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ | 1 |
| 14 | മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ | 1 |
| 15 | ഡ്രൈവർ പോലീസ് കോൺസ്റ്റബിൾ | 60 |
| 16 | ആർമർ സബ് ഇൻസ്പെക്ടർ | 1 |
| 17 | ആർമർ ഹെഡ് കോൺസറ്റബിൾ | 2 |
| 18 | ആർമർ പോലീസ് കോൺസ്റ്റബിൾ | 4 |
| 19 | മെക്കാനിക് ഹെഡ് കോൺസ്റ്റബിൾ | 2 |
| 20 | മെക്കാനിക് പോലീസ് കോൺസ്റ്റബിൾ | 4 |

| (1) | (2) | (3) |
|---|---|---|
| 21 | ബ്യൂഗ്ളർ പോലീസ് കോൺസ്റ്റബിൾ | 2 |
| 22 | ക്ലീനർ പോലീസ് കോൺസ്റ്റബിൾ | 2 |

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) Standard Cost-ന്റെ 75% -ഉം Capital Cost-ന്റെ 50% -ഉം കേന്ദ്ര സർക്കാരാണ് വഹിക്കുക. ബാക്കി തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്.

(ഡി) ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ അധികം ബറ്റാലിയനുകൾ അനുവദിക്കുന്നത് സുരക്ഷാ കാര്യങ്ങൾക്കുള്ള മന്ത്രിസഭാ കമ്മിറ്റിയുടെ തീരുമാനം വരുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**വ്യാപകമാകുന്ന ഭിക്ഷാടനം**

104 (4393) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭിക്ഷാടനം വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഇത് നിയന്ത്രിക്കുന്നതിനോ അല്ലെങ്കിൽ നിരോധിക്കുന്നതിനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? എങ്കിൽ വിശദവിവരം നൽകുമോ;

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഭിക്ഷാടനം നടത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 16 ബെഗ്ഗർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് യാചകനിരോധനം സമ്പൂർണ്ണമാക്കുന്നതിന്റെ ഭാഗമായി 'ദി കേരള പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആന്റ് പ്രോട്ടക്ഷൻ ഓഫ് ഡെസ്റ്റിറ്റ്യൂട്ട് ബെഗ്ഗേഴ്സ് ബിൽ'-ന്റെ കരട് ബിൽ തയ്യാറാക്കി വരികയാണ്. പ്രസ്തുത ബില്ല് ബാലഭിക്ഷാടനം, ഭിക്ഷാടന മാഫിയകൾ തുടങ്ങിയവയെ നിയന്ത്രിക്കുന്നതിനുള്ള സമഗ്രമായ ചട്ടങ്ങൾ ഉൾപ്പെടുത്തിയാണ് തയ്യാറാക്കി വരുന്നത്. ഇത് നിയമമായി മാറുമ്പോൾ സംസ്ഥാനത്ത് സമ്പൂർണ്ണമായും ഭിക്ഷാടനം നിരോധിക്കാൻ കഴിയുന്നതാണ്. പ്രസ്തുത ചട്ടം നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടാണ് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള യാചകഭവനങ്ങളിൽ ആളുകളെ സംരക്ഷിച്ചു വരുന്നത്.

## മതസൗഹാർദ്ദം പരിപോഷിപ്പിക്കുന്നതിനുള്ള പ്രചരണ പരിപാടികൾ

105 (4394) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രണയ വിവാഹങ്ങളെ ലൗ ജിഹാദ് എന്ന പേരിൽ ചിത്രീകരിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദം തകർക്കുന്നതിനുള്ള സാമൂഹ്യ വിരുദ്ധ ശക്തികളുടെ ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) മിശ്ര വിവാഹിതരാകുന്നവർക്ക് സമാധാനത്തോടെ സമൂഹത്തിൽ ജീവിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിന് എന്തൊക്കെ ചെയ്യാനാകുമെന്ന് ആലോചിക്കുമോ;

(സി) കേരളത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദ അന്തരീക്ഷം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പ്രചരണ പരിപാടികൾക്ക് നേതൃത്വം നൽകുമോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ നിലവിലെ നിയമങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മതസൗഹാർദ്ദം നിലനിർത്തുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. മതസൗഹാർദ്ദം സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനായി ആഭ്യന്തര വകുപ്പിൽ കൂടുതൽ തസ്തികകൾ

106 (4395) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ നിന്നും നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ജോലികൾക്കുവേണ്ടി ആഭ്യന്തര വകുപ്പിൽ നിലവിൽ ഉള്ളതിൽ നിന്നും കൂടുതലായി ഏതെങ്കിലും തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പുതിയതായി തസ്തികകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ എത്രയെന്നും ഏതെല്ലാം സ്ഥലങ്ങളിലാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) കോഴിക്കോട്ടും എറണാകുളത്തും ആഭ്യന്തര വകുപ്പിന്റെ അറ്റസ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കോഴിക്കോട്ടും എറണാകുളത്തും അറ്റസ്റ്റേഷനുവേണ്ടി നിയമിച്ച ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർ നിലവിൽ ചെയ്യുന്ന ജോലികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഇ) അറ്റസ്റ്റേഷൻ ജോലിക്ക് നിയമിച്ചവർ പ്രസ്തുത ജോലി ചെയ്യാതെ മറ്റ ജോലികളിൽ ഏർപ്പെടുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; ഇപ്രകാരം മറ്റ ജോലികൾ ചെയ്യുന്നത് നിയമവിരുദ്ധമല്ലേയെന്ന് അറിയിക്കാമോ;

(എഫ്) നോർക്കയുമായി അറ്റസ്റ്റേഷൻ ബന്ധിപ്പിക്കുവാൻ എന്തെങ്കിലും തീരുമാനം ഉണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 16-3-2018-ലെ എസ്.എച്ച്.1/47/2016/ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം 4 ക്ലറിക്കൽ അസിസ്റ്റന്റുമാരെക്കൂടി താല്ക്കാലികമായി അറ്റസ്റ്റേഷൻ ജോലികൾക്കുവേണ്ടി പ്രത്യേകം നിയമിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) ഇപ്പോൾ പരിഗണനയിലില്ല

(ഡി) ബാധകല്ല.

(ഇ) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല

**സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ്**

107 (4396) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലഹരി മരുന്ന് വില്പനക്കാരെയും മോഷ്ടാക്കളെയും ലക്ഷ്യമിട്ട് തലസ്ഥാനത്ത് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തലസ്ഥാന നഗരിയിൽ ഇത്തരത്തിൽ ഒരു പ്രത്യേക ദൗത്യസംഘത്തെ നിയോഗിക്കേണ്ടിവന്നത് ക്രമസമാധാനനില തകർന്നതുമൂലമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇത്തരം പ്രത്യേക ദൗത്യസംഘങ്ങളെ സംസ്ഥാനത്ത് മുഴവൻ വ്യാപിപ്പിക്കേണ്ടതിന്റെ സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ലഹരിമരുന്ന് കടത്ത്, ഉപയോഗം, വിതരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരെ നിയമത്തിന് മുന്നിൽ എത്തിച്ച് ലഹരി മരുന്ന് എന്ന വിപത്ത് ഒഴിവാക്കുന്നത് ലക്ഷ്യമിട്ട് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് തലസ്ഥാനത്ത് പ്രവർത്തനം നടത്തി വരുന്നുണ്ട്. ഇതിന്റെ പ്രവർത്തനത്തിനായി തിരുവനന്തപുരം സിറ്റിയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നും 2 പോലീസുദ്യോഗസ്ഥൻമാരെ വീതം തിരഞ്ഞെടുത്തിട്ടുള്ളതും ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് യോഗം ജില്ലാ പോലീസ് ആസ്ഥാനത്ത് ചേരുകയും സ്റ്റേഷൻ പരിധിയിൽ ഇതുമായി ബന്ധപ്പെട്ട് ചെയ്യേണ്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുമുണ്ട്.

(ബി) മയക്കുമരുന്ന് കടത്തും വിപണനവും ഉപയോഗവും തടയുന്നതിന് വേണ്ടിയാണ് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുള്ളത്.

(സി) മദ്യം, മയക്കുമരുന്ന് വിൽപ്പന തുടങ്ങിയ നാർക്കോട്ടിക്ക് കേസുകൾ കണ്ടെത്തുന്നതിനും അതിന്റെ ഉപയോഗവും വിൽപ്പനയും തടയുന്നതിനും അതിൽ പങ്കെടുക്കുന്നവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് ഡിസ്ട്രിക് ആന്റി-നാർക്കോട്ടിക്ക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് എന്ന പേരിൽ സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ ഇത്തരം പ്രത്യേക ദൗത്യസംഘങ്ങളെ സംസ്ഥാനം മുഴവൻ വ്യാപിപ്പിക്കേണ്ട സാഹചര്യം നിലവിലില്ല.

## പോലീസിന്റെ നൈറ്റ് പട്രോളിംഗ്

108 (4397) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ നൈറ്റ് പട്രോളിംഗ് രീതിയിൽ ആധുനിക സങ്കേതങ്ങളുടെ ഉപയോഗം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇ ബീറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഗ്രാമ പ്രദേശങ്ങളിൽ ഉൾപ്പെടെ പദ്ധതി നടപ്പിലാക്കുന്നതിന് ആലോചനയുണ്ടോ;

(സി) നൈറ്റ് പട്രോളിംഗിൽ റസിഡന്റ്സ് അസോസിയേഷനുകളുടെയും പൊതുജനങ്ങളുടെയും, നവമാധ്യമങ്ങളിലൂടെയും അല്ലാതെയുമുള്ള സഹകരണം കൂടി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പോലീസിന്റെ നൈറ്റ് പട്രോളിംഗ് രീതിയിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-ബീറ്റ് സംവിധാനം തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കൊല്ലം സിറ്റി, കോഴിക്കോട് സിറ്റി, തിരുവനന്തപുരം റൂറൽ, എറണാകുളം റൂറൽ എന്നീ പോലീസ് ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നൈറ്റ് പട്രോളിംഗിന് ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളും ഉപയോഗിച്ച് വരുന്നു.

(സി) ജനമൈത്രി പദ്ധതിയുടെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകളുടെയും പൊതുജനങ്ങളുടെയും സഹകരണം ഉൾപ്പെടുത്തി നൈറ്റ് പട്രോൾ നടത്തി വരുന്നു. നവമാധ്യമങ്ങളായ എസ്.എം.എസ്, വാട്സ് ആപ്പ് തുടങ്ങിയവയും ഉപയോഗിച്ചു വരുന്നുണ്ട്.

## ആസ്പിറേഷൻസ് 2018

109 (4398) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസ് ആവിഷ്കരിക്കുന്ന പദ്ധതിയായ ആസ്പിറേഷൻസ് 2018 ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) എത്രകാലം നീണ്ടുനിൽക്കുന്ന പദ്ധതിയാണിതെന്നും ഈ പദ്ധതി പ്രകാരം ചെയ്യാനുദ്ദേശിക്കുന്ന പരിപാടികളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ സംസ്ഥാന-ജില്ലാതല ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഏതെല്ലാം വിഭാഗം ആളുകളെയും സംഘടനകളെയുമാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിദ്യാർത്ഥികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗം തടയുന്നതിനും 'ലഹരിവിമുക്ത ക്യാംപസ്' എന്ന ആശയം നടപ്പിലാക്കുക എന്നതാണ് ആസ്പിറേഷൻ 2018-ന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) ഈ പദ്ധതി സമയബന്ധിതമല്ല. വിദ്യാർത്ഥികളുടെ ഇടയിൽ വർദ്ധിച്ചു വരുന്ന മയക്കുമരുന്ന് ഉപഭോഗം തടയുന്നതിനും 'ലഹരിവിമുക്ത ക്യാംപസ്' എന്ന ആശയം സാക്ഷാത്ക്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് നടപ്പാക്കിവരുന്നത്. ലഹരിക്കടിമപ്പെട്ട വിദ്യാർത്ഥികളെ കൗൺസിലിംഗിലൂടെയും ചികിത്സയിലൂടെയും മോചിപ്പിക്കാനും ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുകയും ഈ പരിപാടിയുടെ മുഖ്യലക്ഷ്യമാണ്. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും Anti Narco Club യോഗം ചേർന്ന് വിദ്യാർത്ഥികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ ബോധവത്ക്കരിക്കുന്നതിനായി ക്ലബ്ബിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു. ലഹരിക്കടിമപ്പെട്ട വിദ്യാർത്ഥികളെ കണ്ടെത്തിയാൽ അവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിനായി കൗൺസിലിംഗ്, ചികിത്സ തുടങ്ങിയവ ആവശ്യമുള്ളവർക്ക് ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് ക്ലബ്ബ് മുൻകൈയെടുക്കുന്നതാണ്. ക്യാമ്പസിലെ ലഹരി മയക്കുമരുന്ന് സംബന്ധമായ വിഷയങ്ങളെ സംബന്ധിച്ച് Anti Narco club -ൽ ചർച്ച ചെയ്ത് വിദ്യാർത്ഥികളുടെ ഇടയിൽ മയക്കുമരുന്ന് വ്യാപനവും ഉപയോഗവും കണ്ടെത്തുക എന്നിവയും ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

(സി) ചെലവ് നിലവിൽ കണക്കാക്കിയിട്ടില്ല

(ഡി) പദ്ധതിയുടെ ജില്ലാതല ചുമതല ജില്ലാ പോലീസ് മേധാവികൾക്കും പോലീസ് സ്റ്റേഷൻ പരിധിയിൽ എസ്.എച്ച്.ഒ.-മാർ കൺവീനർമാരുമാണ്.

(ഇ) സർക്കാർ ജീവനക്കാർ, സ്കൂൾ, കോളേജ്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരെയാണ് പ്രാഥമിക ഘട്ടത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരിപ്പിക്കുന്നത്.

**പോലീസുകാർക്ക് മാഫിയ ക്വട്ടേഷൻ ബന്ധം**

110 (4399) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിലെ പോലീസുകാർക്ക് മാഫിയ ക്വട്ടേഷൻ ബന്ധം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജനങ്ങളോട് മാന്യമായി പെരുമാറാത്ത പോലീസ് ഉദ്യോഗസ്ഥരെ കോടതി വെറുതെ വിട്ടാലും വകുപ്പുതല അന്വേഷണത്തിൽ തെറ്റ് കണ്ടെത്തിയാൽ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) ഗുരുതരമായ സ്വഭാവദൂഷ്യം കാണിക്കുന്ന പോലീസുദ്യോഗസ്ഥർ സേനയ്ക്ക് തന്നെ അപമാനമായതിനാൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഡി) സ്ത്രീപീഡന കേസുകളിലും, ബലാത്സംഗ കേസുകളിലും പ്രതികളായിട്ടുള്ള പോലീസുകാർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് സേനയിലെ പോലീസുകാർക്ക് മാഫിയ ക്വട്ടേഷൻ ബന്ധം ഉള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) ജനങ്ങളോട് മാന്യമായി പെരുമാറാത്ത പോലീസ് ഉദ്യോഗസ്ഥരെ കോടതി വെറുതെ വിട്ടാലും വകുപ്പുതല അന്വേഷണത്തിൽ തെറ്റ് കണ്ടെത്തിയാൽ അവർക്കെതിരെ നിലവിലുള്ള ചട്ടമനുസരിച്ച് ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഗുരുതരമായ സ്വഭാവദൂഷ്യം കാണിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ KPDIP&A റൂൾ പ്രകാരമുള്ള അർഹമായ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സ്ത്രീപീഠന കേസുകളിലും ബലാത്സംഗ കേസുകളിലും പ്രതികളായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചും, കേസ് രജിസ്റ്റർ ചെയ്തും ഉചിതമായ ശിക്ഷാനടപടികൾ നിലവിലുള്ള നിയമവ്യവസ്ഥകൾ പ്രകാരം സ്വീകരിച്ചുവരുന്നുണ്ട്.

**ഹോം ഗാർഡുകൾ**

111 (4400) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോം ഗാർഡുമാരുടെ പ്രവർത്തനം സംസ്ഥാനത്ത് വിപുലപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതുതായി എത്രപേരെ ഹോം ഗാർഡുമാരായി നിയമിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ വന്നതിനുശേഷം ഹോം ഗാർഡുമാർക്ക് വേതനവർദ്ധനവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഡി) കൂടുതൽ പേരെ നിയമിച്ചുകൊണ്ട് സംസ്ഥാന പോലീസിലെ ട്രാഫിക് ഡ്യൂട്ടികൾ മുഴുവൻ ഈ വിഭാഗത്തിന് നൽകി വിപുലപ്പെടുത്തുന്ന തരത്തിലുള്ള ആലോചനകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല

(ബി) 281 ഹോംഗാർഡുമാരെ വിവിധ ജില്ലകളിലായി നിയമിച്ചിട്ടുണ്ട്

(സി) ഉണ്ട്. 6-8-2016-ലെ ജി.ഒ. (എംഎസ്.) നമ്പർ 211/16/ആഭ്യന്തരം പ്രകാരം 500 രൂപയിൽ നിന്നും 600 രൂപയായും, 21-7-2017-ലെ ജി.ഒ. (എംഎസ്.) നമ്പർ 1878/17 പ്രകാരം 600 രൂപയിൽനിന്നും 685 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ഈ വിഷയം പരിഗണനയിലില്ല

**കേസ് അന്വേഷണം കൂടുതൽ ശാസ്ത്രീയമാക്കാൻ നടപടികൾ**

112 (4401) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കേസ് അന്വേഷണം കൂടുതൽ ശാസ്ത്രീയമാക്കാൻ 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് ബജറ്റിൽ നീക്കിവച്ച തുകയിൽ എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്;

(ബി) കേസ് അന്വേഷണം കൂടുതൽ ശാസ്ത്രീയമാക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്.

(ബി) കേസ് അന്വേഷണം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി, നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന അത്യാധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

- ഡി.എൻ.എ സീക്വൻസർ
- അഡ്വാൻസ് എക്യുപ്മെന്റ് ഫോർ ഡോക്യുമെന്റ് എക്സാമിനേഷൻസ്
- ഡിജിറ്റൽ മൈക്രോസ്കോപ്പ്
- സൂം സ്റ്റീരിയോ മൈക്രോസ്കോപ്പ്
- എഫ്.റ്റി.ഐ.ആർ സ്പെക്ട്രോസ്കോപ്പ് വിത്ത് ലൈബ്രറി.
- വി.സി.ആർ.മെഷീൻ
- റിഫ്രാക്ടോമീറ്റർ
- അൾട്രാ ലോ ടെമ്പറേച്ചർ ഫ്രീസർ

- റഫ്രിജറേറ്റഡ് സെൻട്രിഫ്യൂജ് (ഹൈസ്പീഡ്)
- ആൽക്കോമീറ്റർ
- ആഡിയോ റിക്കോർഡർ
- വീഡിയോ റിക്കോർഡർ
- ഇൻവെസ്റ്റിഗേഷൻ കിറ്റ്
- കമ്പ്യൂട്ടറുകൾ

**വനിതാ പോലീസ് സേനാംഗങ്ങളുടെ പ്രശ്നങ്ങൾ**

113 (4402) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിലെ മുലയൂട്ടുന്ന അമ്മമാരും ഗർഭിണികളുമായ വനിതാ സേനാംഗങ്ങൾക്ക് നൈറ്റ് ഡ്യൂട്ടിയും പാറാവ് ഡ്യൂട്ടിയും ഉൾപ്പെടെയുള്ളവ നൽകുന്നതുമൂലം അവർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പരിശീലനകാലയളവിലുള്ള വനിതാ സേനാംഗങ്ങൾക്ക് പലപ്പോഴും വലിയ രീതിയിലുള്ള മാനസികപീഡനങ്ങൾ നേരിടേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോലീസ് സേനയിലെ വനിത സേനാംഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഈ സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരിക്കുമോ;

(സി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പോലീസ് സേനയിലെ മുലയൂട്ടുന്ന അമ്മമാരെയും ഗർഭിണികളായ വനിതാ സേനാംഗങ്ങളെയും നൈറ്റ് ഡ്യൂട്ടിയിൽനിന്നും പാറാവ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിവരുന്നുണ്ട്. വനിതകളായ പ്രതികൾ പോലീസ് സ്റ്റേഷനിൽ ഇല്ലാത്ത സമയങ്ങളിൽ, രാത്രി 8 മണി മുതൽ രാവിലെ 6 മണിവരെയുള്ള സമയങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ കഴിയുന്നത്ര ഡ്യൂട്ടികളിൽനിന്നും ഒഴിവാക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുടുംബാംഗങ്ങളെ വിട്ടുനിന്ന് പരിശീലനത്തിൽ ഏർപ്പെടുന്നതിനാൽ മാനസിക സമ്മർദ്ദം ഉണ്ടാകാൻ സാദ്ധ്യതയുള്ളത് മുന്നിൽ കണ്ടുകൊണ്ട് ആയത് ലഘൂകരിക്കുന്നതിന് കൗൺസിലിംഗ് സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കേരള പോലീസ് അക്കാദമിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ സേനാംഗങ്ങൾക്ക് എല്ലാ ഞായറാഴ്ചകളിലും രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ കുടുംബാംഗങ്ങളോടൊത്ത് പുറത്തുപോകുന്നതിനും സമയം ചെലവഴിക്കുന്നതിനും അനുവാദം നൽകിയിട്ടുള്ളത് മാനസിക സമ്മർദ്ദം കുറയ്ക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ്.

(സി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഒന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല

## പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്

114 (4403) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) കേരള പോലീസിലെ കുക്ക്, ബാർബർ, ഡോബി, സ്വീപ്പർ, വാട്ടർ കാരിയർ തുടങ്ങിയ ക്യാമ്പ് ഫോളോവർ തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിടാൻ നടപടി സ്വീകരിക്കുമോ;

(സി) ക്യാമ്പ് ഫോളോവർ തസ്തികകളിലെ ജീവനക്കാരിൽ എത്ര പേരെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ വീട്ടിൽ ജോലിക്കായി നിയോഗിച്ചിട്ടുണ്ട്; ഇപ്രകാരം നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ക്യാമ്പുകളിലേക്ക് തിരിച്ചയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പോലിസ് സേനയിലെ ക്യാമ്പ് ഫോളോവർ തസ്തികയെ കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ക്യാമ്പ് ഫോളോവർമാരുടെ നിയമനം 26-2-2011-ലെ സ.ഉ.(കൈ) നമ്പർ 681/2011/ആഭ്യന്തരം പ്രകാരം പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളതാണ്. ക്യാമ്പ് ഫോളോവർമാരുടെ സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതോടുകൂടി ക്യാമ്പ് ഫോളോവർ

തസ്തികയിലുള്ള നിയമനം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്താൻ കഴിയുന്നതാണ്. ക്യാമ്പ് ഫോളോവർ തസ്തികകളിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്കായി നിയോഗിക്കാറില്ല.

**പോലീസ് സേനയുടെ കാര്യക്ഷമമായ സേവനം**

115 (4404) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ സേവനം കാര്യക്ഷമമായി പൊതുജനങ്ങൾക്ക് നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

(ബി) പോലീസ് സേനയിലെ ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടെത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേവനം കാര്യക്ഷമമായി പൊതുജനങ്ങൾക്ക് നൽകുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ചുള്ള പോലീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. കുറ്റാന്വേഷണത്തിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കുകയും അന്വേഷണത്തിനായി സമർത്ഥരായ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും വഴി തെളിയാതിരുന്ന ഒട്ടനവധി കേസുകൾ തെളിയിക്കുവാൻ സാധിച്ചു. കൂടാതെ ജനകീയ പോലീസ് നയത്തിന്റെ ഭാഗമായി സ്റ്റേഷനിലേക്ക് വരുന്ന പൊതുജനങ്ങൾക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനായി PRO-മാരെ നിയമിച്ചിട്ടുള്ളതും, സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കുന്നതിനുള്ള അനുബന്ധ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗം വ്യാപിപ്പിക്കുന്നതിനായി CCTNS പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. Passport verification വേഗത്തിൽ നടപ്പിലാക്കുന്നതിനായി E-VIP എന്ന application നടപ്പിലാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന FIR-ന്റെ പകർപ്പ് 24 മണിക്കൂറിനുള്ളിൽ പൊതുജനങ്ങൾക്ക് Police Website-ൽനിന്നും ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജനമൈത്രി, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് എന്നിവയും കൂടാതെ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിലേക്കായി Anti Goonda Squad സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്ക് നിർഭയമായി

പോലീസ് സ്റ്റേഷനുകളിൽ കടന്ന് ചെന്ന് പരാതികളും മറ്റും നൽകുന്നതിലേയ്ക്കായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്ത്രീകളുടെ പരാതികളും കേസ്സുകളും കൈകാര്യം ചെയ്യുന്നതിനായി വനിതാ പോലീസ് സ്റ്റേഷനുകളും, വനിതാ ഹെൽപ് ലൈനും, വനിതാ സെല്ലും പ്രവർത്തിച്ചുവരുന്നു. സ്ത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി Women Self Defence Training Programme നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് ക്രിമിനൽ പശ്ചാത്തലം ഇല്ലാത്തവരും കുറ്റമറ്റ സ്വഭാവമുള്ളരും മാത്രമേ പോലീസ് സേനയിൽ നിയമിതരാവുകയുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ ഉദ്യോഗാർത്ഥികളുടെ നിയമനത്തിന് മുന്നോടിയായി അന്വേഷണം നടത്തിവരുന്നതും ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവരുടെ നിയമനം തടയുന്നതിനാവശ്യമായ ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നതും നിയമനം ലഭിച്ചതിനുശേഷം ഉദ്യോഗസ്ഥർ ക്രിമിനൽ സ്വഭാവമുള്ള പ്രവർത്തികളിലേർപ്പെട്ടാൽ നിലവിലെ നിയമം അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**പോലീസ് സേനയുടെ ആധുനികവൽക്കരണം**

116 (4405) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്രീയമായി കുറ്റാന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് സേന എന്തെല്ലാം ആധുനിക ശാസ്ത്രീയ ഉപകരണങ്ങളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് ആധുനീകരണത്തിന്റെ ഭാഗമായി പോലീസ് സേനയ്ക്ക് ലഭ്യമാക്കിയിട്ടുള്ള അത്യന്താധുനിക ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പോലീസ് സംവിധാനത്തെ ആധുനീകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി 2017-18 സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) സ്റ്റേറ്റ് എമർജൻസി റെസ്പോൺസ് സിസ്റ്റം നടപ്പിലായിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുറ്റാന്വേഷണം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി, നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള താഴെപ്പറയുന്ന അത്യാധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

- ഡി.എൻ.എ. സീക്വൻസർ
- അഡ്വാൻസ് എക്യുമെന്റ് ഫോർ ഡോക്കുമെന്റ് എക്സാമിനേഷൻസ്
- ഡിജിറ്റൽ മൈക്രോസ്കോപ്പ്
- സൂം സ്റ്റീരിയോ മൈക്രോസ്കോപ്പ്
- എഫ്.റ്റി.ഐ.ആർ. സ്പെക്ട്രോസ്കോപ്പ് വിത്ത് ലൈബ്രറി
- വി.സി.ആർ. മെഷീൻ
- റിഫ്രാക്ടോമീറ്റർ
- അൾട്രാ ലോ ടെമ്പറേച്ചർ ഫ്രീസർ
- റഫ്രിജറേറ്റഡ് സെൻട്രിഫ്യൂജ് (ഹൈസ്പീഡ്)
- ആൽക്കോമീറ്റർ
- ആഡിയോ വിക്കോർഡർ
- വീഡിയോ റിക്കോർഡർ
- ഇൻവെസ്റ്റിഗേഷൻ കിറ്റ്
- മൊഡേൺ ഫിംഗർ പ്രിന്റ് ടെസ്റ്റിംഗ് സിസ്റ്റം
- യു.വി.ലൈറ്റ് സോഴ്സ്
- കമ്പ്യൂട്ടറുകൾ

(ബി) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ കേരള പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. അത്യന്താധുനിക സാങ്കേതിക വിദ്യയിലുള്ള, ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras), വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS Systems),

ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബ്ലൂസ് ബസ്സ് (ആൽക്കഹോൾ/ഡ്രഗ്ഗ് ഡിറ്റക്ഷനുവേണ്ടി) തുടങ്ങിയ അനേകം ഉപകരണങ്ങൾ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ പോലീസ് സംവിധാനത്തെ ആധുനീകവൽക്കരിക്കുന്നതിനും നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് 4700 ലക്ഷം രൂപ താഴെപ്പറയുന്ന വിവിധ പദ്ധതികൾക്കായി അനുവദിക്കുകയും ആയതിന്റെ നിർവ്വഹണം നടന്നുവരികയും ചെയ്യുന്നു.

1. 13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂമുകൾ
2. ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ
3. ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുടെ വികസിപ്പിക്കൽ
4. സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതികത്വം വികസിപ്പിക്കൽ
5. 3 ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കൽ, വികസിപ്പിക്കൽ
6. പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറും ഫർണീച്ചറും വാങ്ങൽ
7. 100 പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കൽ
8. 4 ജില്ലകളിൽ District Control Room നിർമ്മിക്കൽ
9. ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം
10. കേന്ദ്ര സഹായത്തോടുകൂടി സൈബർ ഇൻവെസ്റ്റിഗേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള രൂപരേഖ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.
11. ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാതകളിലും ദേശീയപാതകളിലുമായി 350 ഇടങ്ങളിൽക്കൂടി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിശോധനയിലാണ്.
12. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം എന്ന പദ്ധതി (ഡയൽ 112) നടപ്പിലാക്കിവരുന്നു.

13. എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ പോലീസ് സ്റ്റേഷൻ എന്നിവ സംയോജിപ്പിച്ച് ഒരു സൈബർ ഡോം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുമുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്.

## പോലീസ് സേനയിൽ അദർ ഡ്യൂട്ടി സമ്പ്രദായം

117 (4406) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ അദർ ഡ്യൂട്ടി സമ്പ്രദായം പ്രകാരം നിലവിൽ എത്ര പേർ ജോലി നോക്കിവരുന്നുണ്ട്;

(ബി) അദർ ഡ്യൂട്ടിയിൽ തുടരുന്ന പോലീസുകാരെ സ്റ്റേഷനുകളിലേക്ക് മാറ്റി വിന്യസിപ്പിച്ച് സ്റ്റേഷനുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## പോലീസ് സർജൻ തസ്തിക

118 (4407) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പോലീസ് സർജൻ തസ്തിക നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) ഗവൺമെന്റ് മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിൽനിന്നും ദുരൂഹമരണങ്ങളിൽപ്പെട്ട മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം ചെയ്യുന്നതിനായി മറ്റ് ജില്ലകളിലേക്ക് കൊണ്ടുപോകേണ്ടിവരുന്നതുമൂലം വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(സി) ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പോലീസ് സർജന്മാരില്ലാതെ പോസ്റ്റ്മോർട്ടം ചെയ്യാൻ ഡോക്ടർമാർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് പരിഹരിക്കുവാൻ എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ആവശ്യത്തിന് പോലീസ് സർജന്മാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സ്പെഷ്യാലിറ്റി കേഡറിൽ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന തസ്തികകൾ നിലവിലുണ്ട്.

| | | |
|---|---|---|
| ചീഫ് കൺസൾട്ടന്റ് | - | 1 |
| സീനിയർ കൺസൾട്ടന്റ് | - | 1 |
| കൺസൾട്ടന്റ് | - | 1 |
| ജൂനിയർ കൺസൾട്ടന്റ് | - | 15 |
| ആകെ | | 18 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കൂടുതലായി പോലീസ് സർജൻമാരെ നിയമിക്കുന്നതിനുള്ള ശുപാർശകൾ ഒന്നും പരിഗണനയിലില്ല. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മൂവാറ്റുപുഴ, മഞ്ചേരി, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിലെ ജനറൽ ആശുപത്രികളും, കൊല്ലം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലെ ജില്ലാ ആശുപത്രികളുമുൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ ആകെ 18 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## പോലീസ് പിക്കറ്റിനായുള്ള സാധനസാമഗ്രികളുടെ സൂക്ഷിപ്പ്

119 (4408) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉപയോഗിക്കുന്ന ലാത്തി, ഷീൽഡ്, ചൂരൽ, ബാരിക്കേഡുകൾ, ടെന്റ് കെട്ടുവാൻ ഉപയോഗിക്കുന്ന പോൾ, ക്യാമറ തുടങ്ങിയ സാധനങ്ങൾ സർക്കാർ വിവിധ യൂണിറ്റുകൾക്ക് വിതരണം ചെയ്യാറുണ്ടോ;

(ബി) പ്രസ്തുത സാധനങ്ങൾ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമാണോ വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കലാപ പ്രദേശങ്ങളിലും മറ്റും പിക്കറ്റ് ഇടേണ്ട സന്ദർഭങ്ങളിൽ ഡ്യൂട്ടിയിലെ പോലീസുകാർ വിശ്രമിക്കുന്നതിനായി ടെന്റ് കെട്ടാറുണ്ടോ; ടെന്റ് കെട്ടുന്നതിനായി ഇരുമ്പ് പൈപ്പാണോ, മുളയാണോ പോളായി ഉപയോഗിക്കുന്നത് എന്നും ഒരു ടെന്റ് കെട്ടുന്നതിന് മിനിമം എത്ര പോളാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) വില കൊടുത്ത് വാങ്ങുന്ന ഇത്തരം സാധനങ്ങൾ ആവശ്യം കഴിഞ്ഞ് ഉപേക്ഷിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സാധനങ്ങൾ ഉപയോഗം കഴിഞ്ഞശേഷം എടുത്ത സ്ഥലത്ത് തിരികെ എത്തിക്കേണ്ട ചുമതല ആരിലാണ് നിക്ഷിപ്തമെന്ന് വ്യക്തമാക്കാമോ;

(ഇ) പോലീസ് പിക്കറ്റിൽ ഉപയോഗിക്കാനായി കൊണ്ടുവന്ന സാധനങ്ങൾ ഏതെങ്കിലും വിധത്തിൽ കാണാതാവുകയോ നശിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ പിക്കറ്റ് ഡ്യൂട്ടിയുടെ ചുമതലക്കാരോട് ബന്ധപ്പെട്ട അധികാരികൾ വിശദീകരണം ആവശ്യപ്പെടാറുണ്ടോ;

(എഫ്) പിക്കറ്റ് പിൻവലിക്കുന്ന ദിവസം ചുമതലക്കാരായ ഉദ്യോഗസ്ഥർ സാധനങ്ങൾ തിരികെ കൊണ്ടുപോകാതിരിക്കുകയും ഉത്തരവാദിത്തപ്പെട്ടവരെ ഏൽപ്പിക്കാതെ ആയത് പൊതുസ്ഥലത്തോ സ്വകാര്യ വ്യക്തിയുടെ സ്ഥലത്തോ ഉപേക്ഷിച്ച് പോകുന്ന സന്ദർഭത്തിൽ ഇത്തരം വസ്തുക്കൾ മോഷണം പോവുകയോ മറ്റേതെങ്കിലും തരത്തിൽ നഷ്ടപ്പെടുകയോ ചെയ്താൽ ഇതിന്റെ ബാധ്യത ആർക്കാണ് വരുന്നത്എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സ്റ്റോർ പർച്ചേസ് മാന്വലിന് വിധേയമായി ഇവ വാങ്ങി യൂണിറ്റുകൾക്ക് വിതരണം ചെയ്യാറുണ്ട്.

(സി) ടെന്റ് കെട്ടാറുണ്ട്. ടെന്റ് കെട്ടുന്നതിന് പോളായി മുളയാണ് സാധാരണ ഉപയോഗിക്കുന്നത്. ഉപയോഗക്രമം താഴെ കൊടുക്കുന്നു.

180 LBS ടെന്റിന് 3 പോൾ, 2 റിഡ്ജ്

80LBS ടെന്റിന് 2 പോൾ, ഒരു റിഡ്ജ്

40LBS ടെന്റിന് 2 പോൾ, ഒരു റിഡ്ജ്

360 LBS ടെന്റ് 2 തരമുണ്ട്

1) 360 LBS 2 പോൾ, 1 റിഡ്ജ്

2) 360 LBS സിംഗിൾ പോൾ

(ഡി) ഇല്ല. സാധന സാമഗ്രികൾ സ്റ്റോറിൽനിന്നും ഒപ്പിട്ട് കൈപ്പറ്റുന്ന ഉദ്യോഗസ്ഥനാണ് ഉപയോഗത്തിനുശേഷം അവ തിരികെ എത്തിക്കേണ്ട ചുമതല യുള്ളത്.

(ഇ&എഫ്) ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടുകയും നിയമപരമായി നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇത്തരം സാധനങ്ങൾ നഷ്ടപ്പെട്ടാൽ അതിന്റെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

**പോലീസ് മാന്വൽ പ്രകാരമുള്ള നടപടികൾ**

120 (4409) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് മാന്വൽ 519(2) പ്രകാരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെടുന്ന എല്ലാ വില്ലേജ് ഓഫീസുകളിലും സബ് ഇൻസ്പെക്ടർമാർ മൂന്ന് മാസത്തിലൊരിക്കൽ സന്ദർശിക്കണമെന്നും ചില രാത്രികളിൽ വില്ലേജുകളിൽ ക്യാമ്പ് ചെയ്യണമെന്നും മാന്വൽ 519(II) പ്രകാരം വില്ലേജുകളിൽ തീർപ്പു കല്പിക്കാത്ത കേസുകളിൽ പത്ത് ശതമാനം സബ് ഇൻസ്പെക്ടറും അഞ്ച് ശതമാനം സർക്കിൾ ഇൻസ്പെക്ടറും നേരിട്ട് പരിശോധിച്ച് തീർപ്പുകല്പിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പോലീസ് മാന്വൽ പ്രകാരമുള്ള നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയ പരിശോധനകളുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പോലീസ് മാന്വൽ വോളിയം 3-ലെ 519 (1) 519 (2) എന്നിവ 24-8-1976 തീയതിയിലെ ജി.ഒ.(എം.എസ്.) നമ്പർ 108/76/ആഭ്യന്തരം ഉത്തരവു പ്രകാരം നീക്കം ചെയ്തിട്ടുള്ളതാണ്.

(ബി) ബാധകമല്ല.

**പോലീസ് മിനിസ്റ്റീരിയൽ ജീവനക്കാർക്ക് സമയബന്ധിത സ്ഥാനക്കയറ്റം**

121 (4410) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വിഭാഗത്തിലെ പ്രധാനപ്പെട്ട കാര്യാലയങ്ങളായ തിരുവനന്തപുരം സി.പി.ഒ, ആലപ്പുഴ ഡി.പി.ഒ. കണ്ണൂർ ഡി.പി.ഒ തുടങ്ങിയിടങ്ങളിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക മാസങ്ങളായി ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) പോലീസ് മിനിസ്റ്റീരിയൽ വിഭാഗത്തിൽ വിരമിക്കൽ നിമിത്തം മേൽ തട്ടിൽ വരുന്ന ഒഴിവുകളിൽ യഥാസമയം സ്ഥാനക്കയറ്റം നൽകി നികത്താതിരിക്കുന്നതിനാൽ താഴെ വിവിധ തസ്തികകളിൽ ഉള്ളവർക്ക് സ്ഥാനക്കയറ്റം വൈകുന്നതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സാഹചര്യം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടികൾ സ്വീകരിക്കുമോ;

(സി) മിനിസ്റ്റീരിയൽ വിഭാഗത്തിൽ മാസംതോറും വിരമിക്കൽ നിമിത്തം ഉണ്ടാകുന്ന ഒഴിവുകൾ ഉടൻ തന്നെ സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; നിലവിൽ ഇങ്ങനെ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്താതിരിക്കുന്നതിനാൽ അനുബന്ധിച്ച് ഉണ്ടാകേണ്ട എൽ.ഡി.സി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത സാഹചര്യം ഗൗരവമായി കാണുമോ;

(ഡി) പുതുതായി നിയമനങ്ങൾ നടത്തേണ്ടയെന്ന നിർദ്ദേശം ഉള്ളത് കൊണ്ടാണോ ഇത്തരം സാഹചര്യങ്ങൾ വകുപ്പിൽ ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം സി.പി.ഒ., ആലപ്പുഴ ഡി.പി.ഒ., കണ്ണൂർ ഡി.പി.ഒ. തുടങ്ങിയിടങ്ങളിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളിൽ 21-12-2017-ലെ സ.ഉ.(സാധാ) നമ്പർ 3415/2017/-ആഭ്യന്തരം പ്രകാരം നിയമനം നടത്തിയുള്ളതാണ്.

(ബി) പോലീസ് മിനിസ്റ്റീരിയൽ വിഭാഗത്തിൽ വിരമിക്കൽ നിമിത്തം വരുന്ന ഒഴിവുകളിൽ യഥാസയമം സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നുണ്ട്.

(സി) പോലീസ് മിനിസ്റ്റീരിയൽ വിഭാഗത്തിൽ വരുന്ന ഒഴിവുകളിൽ യഥാസമയം സ്ഥാനക്കയറ്റം നൽകുകയും തുടർന്നുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സംസ്ഥാന പോലീസ് മേധാവി നടപടികൾ അനുവർത്തിച്ച് വരുന്നുണ്ട്.

(ഡി) ഇത്തരം ഒരു നിർദ്ദേശം നിലവിലില്ല.

**ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ**

122 (4411) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്താൻ ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ;

(ബി) ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്താൻ 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ നിന്നും ഒരു രൂപ പോലും ചെലവഴിക്കാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെ കൊടുക്കുന്ന പദ്ധതികൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

1. ഇന്റലിജൻസ്, സെക്യൂരിറ്റി, ഇന്റേണൽ സെക്യൂരിറ്റി വിഭാഗങ്ങളുടെ നവീകരണത്തിന് ആവശ്യമായ നൂതന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2. സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന് കീഴിലുള്ള സ്റ്റേറ്റ് പോലീസ് മോണിറ്ററിംഗ് റൂം ആധുനികവൽക്കരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവര ശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. എല്ലാ വിഭാഗം ജീവനക്കാർക്കും തൊഴിൽ പരിശീലനം നൽകുന്നതിനാവശ്യമായ ദീർഘകാല പദ്ധതികൾ നടപ്പിലാക്കിവരുന്നു.

4. അടിസ്ഥാന സൗകര്യവികസനത്തിനായി ഒരു ഇന്റലിജൻസ് ടവർ, 3 റേഞ്ച് ഓഫീസുകൾ, 1 ജില്ലാ ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. ഇന്റലിജൻസ് സംബന്ധമായ കാര്യങ്ങൾക്കായി CRISP എന്ന പേരിൽ വെബ് അധിഷ്ഠിത കമ്പ്യൂട്ടർ പ്രോഗ്രാം നടപ്പിലാക്കി വരുന്നു.

6. സാമൂഹ്യ മാധ്യമങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അപഗ്രഥനം നടത്തുന്നതിനായി ഇന്റേണൽ സെക്യൂരിറ്റി വിഭാഗത്തിന് കീഴിൽ സോഷ്യൽ മീഡിയ ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. സെക്യൂരിറ്റി വിഭാഗത്തിന് കീഴിലുള്ള ബി.ഡി.ഡി.എസ്. യൂണിറ്റിൽ ഉപകരണങ്ങളും സംവിധാനങ്ങളും വാങ്ങി ആധുനികവൽക്കരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പോലീസ് സേനയുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുന്നതും മറ്റും മുൻകാലങ്ങളിൽ പോലീസ് ആസ്ഥാനത്ത് നിന്നായിരുന്നു. എന്നാൽ നിലവിൽ ഈ രീതിക്ക് മാറ്റം വരികയും ബന്ധപ്പെട്ട

യൂണിറ്റിൽ തന്നെ സാധനങ്ങൾ വാങ്ങുന്നതിനുള്ള സംവിധാനം നിലവിൽ വരികയുമുണ്ടായി, ആയതിനെത്തുടർന്ന് ഉപകരണങ്ങളുടെ ആവശ്യകത വിലയിരുത്തുന്നതിനുള്ള കാലതാമസം, ഇ-ടെണ്ടറിംഗ് നടപടിയിലുണ്ടായ കാലതാമസം എന്നിവമൂലമാണ് 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്ന് ചെലവാക്കുവാൻ സാധിക്കാതിരുന്നത്. ഇപ്പോൾ ഇ-ടെണ്ടറിംഗ് നടപടികൾ പുരോഗമിച്ചുവരുന്നു.

**പോലിസുകാരിൽ വർദ്ധിച്ചു വരുന്ന ആത്മഹത്യാ പ്രവണത**

123 (4412) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാരിൽ വർദ്ധിച്ചു വരുന്ന ആത്മഹത്യാ പ്രവണതയ്ക്ക് കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) പോലീസുകാരുടെ ജോലി സമയത്തെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും അതുവഴി മാനസികാരോഗ്യം നിലനിർത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പോലീസ് ട്രെയിനിംഗ് സമയത്തുതന്നെ മാനസികാരോഗ്യം വർദ്ധിപ്പിക്കാനുതകുന്ന എന്തെങ്കിലും പരിശീലനം ഇപ്പോൾ നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസുകാരിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസുകാരുടെ മാനസിക സംഘർഷം ലഘൂകരിക്കുക എന്ന ഉദ്ദേശത്തോടുകൂടി "Stress Management Programme" എന്ന വിഷയത്തിൽ സേനാംഗങ്ങൾക്ക് ട്രെയിനിംഗ് നൽകി വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രി വകുപ്പുമായി സഹകരിച്ചുകൊണ്ട് "Training Programme for Police Officers on Mental Health Problem and its Legal Aspects" എന്ന വിഷയത്തിൽ സി.ഐ., എസ്.ഐ. എന്നീ വിഭാഗങ്ങളിൽ 50 പേർ വീതമുള്ള 19 ബാച്ചിന് പോലീസ് ട്രെയിനിംഗ് കോളേജിൽവച്ച് ട്രെയിനിംഗ് നൽകിവരുന്നുണ്ട്. കൂടാതെ പോലീസുകാരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് വേണ്ടി യോഗാ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു.

(സി) ട്രെയിനിംഗ് സമയത്ത് സേനാംഗങ്ങളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി "Time and stress management" എന്ന വിഷയത്തിൽ പരിശീലനം നല്കി വരുന്നുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മികവുറ്റതാക്കുന്നതിനുള്ള നടപടികൾ

124 (4413) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കേഡറ്റുകൾക്ക് പരിശീലനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലകളിലേക്കും വ്യാപിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്നും എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി 49 സർക്കാർ സ്കൂളുകളിൽക്കൂടി എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ച നൽകുകയുണ്ടായി. സംസ്ഥാനത്ത് നിലവിൽ 574 സ്കൂളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.പി.സി. പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം പത്ത് കോടി എഴുപത് ലക്ഷം രൂപയും, 2017-18 സാമ്പത്തിക വർഷം ഒൻപത് കോടി രൂപയും അനുവദിച്ച് നൽകുകയുണ്ടായി. (ഇതിൽ 8 കോടി രൂപ പദ്ധതി നിർവ്വഹണത്തിനും 1 കോടി രൂപ പദ്ധതിയുടെ ഡയറക്ടറേറ്റ് നിർമ്മാണത്തിനും). കൂടാതെ 1 കോടി രൂപ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പും വകയിരുത്തിയിട്ടുണ്ട്.

(ബി) 100 സർക്കാർ സ്കൂളുകളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) എസ്.പി.സി. പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75% അറ്റൻഡൻസോടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണത്തിനായി സ്റ്റേറ്റ് പ്ലാൻ സ്കീം 2016-17-ൽ 28,25,220 രൂപയും 2017-18-ൽ 1,00,00,000 രൂപയും (ആകെ ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ) അനുവദിച്ചിട്ടുണ്ട്.

**എസ്.ഐ.(ജി.ഇ.ബി.)-മാരുടെ നിയമനം**

125 (4414) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.ഐ.(ജി.ഇ.ബി.) തസ്തികയിലേക്ക് 8-4-2015 മുതൽ നാളിതുവരെ പ്രമോഷൻ, തസ്തിക സൃഷ്ടിക്കൽ, അന്യത്ര സേവനം എന്നിവയിലൂടെ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ എത്രയാണ്; തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട എസ്.ഐ.(ജി.ഇ.ബി.)-മാരുടെ എത്ര ഒഴിവുകൾ ജി.ഒ. (എംഎസ്.) നമ്പർ 76/2016/ ഹോം. തീയതി 1-3-2016 പ്രകാരം നാളിതുവരെ ക്രമപ്പെടുത്തി നിയമിച്ചിട്ടുണ്ട്;

(സി) ഒ.എ. നമ്പർ 1958/2016 എന്ന കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നുള്ള ഉത്തരവു പ്രകാരം ജി.ഒ. (എംഎസ്.) നമ്പർ 76/2016/ ഹോം. എന്ന ഉത്തരവ് റദ്ദ് ചെയ്ത സാഹചര്യത്തിൽ നാളിതുവരെ ക്രമപ്പെടുത്തിയ എസ്. ഐ.( ജി.ഇ.ബി.) ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) എസ്. ഐ. (DAR)-ൽ നിലവിൽ എത്ര എൻ.ജെ.ഡി. ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള പോലീസിൽ സബ് ഇൻസ്പെക്ടർമാരുടെ (കെ.സി.പി.) നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി ഒഴിവുകളൊന്നും നിലവിലില്ല.

(ബി) 1-3-2016-ലെ സർക്കാർ ഉത്തരവ് നമ്പർ76/2016/ആഭ്യന്തരം പ്രകാരം എസ്.ഐ. മാരുടെ 137 ഒഴിവുകളും റിസർവ് ചെയ്തുകഴിഞ്ഞു. ആയത് തരംതിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| പ്രൊമോഷൻ വഴി | - | 110 |
| ലെഫ്റ്റ് ഡിപ്പാർട്ട്മെന്റ് വഴി | - | 7 |
| പുതിയതായി തസ്തിക സൃഷ്ടിക്കൽ വഴി | - | 20 |
| ആകെ | | 137 |

(സി&ഡി) സീനിയോറിറ്റി സംബന്ധിച്ച ഒരു കേസ്സിലെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ 18-1-2018-ലെ ജി.ഒ.(എംഎസ്) നമ്പർ 194/18/ആഭ്യന്തരം സർക്കാർ ഉത്തരവ് പ്രകാരം കേരള പോലീസിലെ എസ്.ഐ.-മാരുടെ കേഡർ സ്ട്രെംഗ്ത് 1996 മുതൽ പരിശോധിച്ച് ഫിക്സ് ചെയ്തു വരുന്ന നടപടി പുരോഗമിച്ച് വരികയാണ്. ആയത് പൂർത്തീകരിച്ചാൽ മാത്രമേ എസ്.ഐ.-മാരുടെ യഥാർത്ഥ ഒഴിവുകൾ തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. ആയതിനാൽ മേൽനടപടിയിൽ തീരുമാനം എടുക്കുന്നമുറയ്ക്ക് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

## മലപ്പുറം എം.എസ്.പി. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

126 (4415) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തര വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മലപ്പുറം എം.എസ്.പി. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരുടെയും ജീവനക്കാരുടെയും നിയമന വ്യവസ്ഥകളും മാനദണ്ഡങ്ങളും വിശദീകരിക്കുമോ;

(ബി) ഇതിനായി പ്രത്യേക പരീക്ഷകൾ, ഇന്റർവ്യൂ എന്നിവ നടത്തുന്നുണ്ടോ; എങ്കിൽ ആർക്കാണ് പരീക്ഷാച്ചുമതല; ഏത് തരത്തിലുള്ള പരീക്ഷകളാണ് ഉദ്യോഗാർത്ഥികൾക്കായി നടത്തുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത വിദ്യാലയത്തിന്റെ നിയമനാധികാരി ആരാണ്; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) നിയമനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ സുതാര്യത ഉറപ്പുവരുത്താൻ എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) എം.എസ്.പി. വിദ്യാഭ്യാസ സ്ഥാപനം എന്നത് ഒരു എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളും ഒരു അൺ-എയ്ഡഡ് ഹൈസ്കൂളും (എം.എസ്.പി. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ) ഉൾപ്പെട്ടതാണ്. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും നിയമന വ്യവസ്ഥകൾ, മാനദണ്ഡങ്ങൾ എന്നിവ കെ.ഇ.ആർ. അനുസൃതമായിട്ടാണ് നടക്കുന്നത്. അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ഗവ. അംഗീകൃത സ്കൂളായിട്ടാണ് പ്രവർത്തിക്കുന്നത്. എന്നാൽ ആയത് പൂർണ്ണമായും വിദ്യാർത്ഥികളിൽ നിന്നുള്ള ഫീസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം കൊണ്ടാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ അതാത് സമയങ്ങളിൽ ടി സ്കൂളിൽ വരുന്ന ഒഴിവുകൾ, സ്കൂൾ മാനേജർ (കമാൻഡന്റ് എം.എസ്.പി.) മാനേജ്മെന്റ് കമ്മിറ്റിയുമായി കൂടിയാലോചിച്ച് നികത്തുകയാണ് ചെയ്യുന്നത്.

(ബി) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിലെ നിയമനത്തിനായി എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്താറുണ്ട്. 100 മാർക്കിന് എഴുത്തുപരീക്ഷ നടത്തി ആ പരീക്ഷയിൽ കട്ട് ഓഫ് മാർക്കിന് മുകളിൽ മാർക്ക് നേടിയ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് ക്ഷണിച്ച് ആയതിൽ നിന്നുമാണ് തെരഞ്ഞെടുക്കുന്നത്. അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ നിമയനത്തിനായി ഒഴിവുകൾ ഉണ്ടാകുന്ന സമയത്ത് പത്രപ്പരസ്യം നൽകി മാനേജർ (കമാൻഡന്റ്, എം.എസ്.പി.) ഇന്റർവ്യൂ നടത്തിയാണ് അദ്ധ്യാപക, അനദ്ധ്യാപക നിയമനങ്ങൾ നടത്തുന്നത്.

(സി) പ്രസ്തുത രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മാനേജർ എം.എസ്.പി. കമാൻഡന്റ് ആണ്. ആയതുകൊണ്ടുതന്നെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിയമനാധികാരി കെ.ഇ.ആർ. പ്രകാരം മാനേജർ ആയ എം.എസ്.പി. കമാൻഡന്റ് ആണ്. അതുപോലെതന്നെ എം.എസ്.പി. അൺ-എയ്ഡഡ് ഹൈസ്കൂളിന് (എം.എസ്.പി. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ) വിദ്യാഭ്യാസ വകുപ്പിൽനിന്നും പ്രവർത്തനാംഗീകാരം ലഭിച്ചിട്ടുള്ളത് എം.എസ്.പി. കമാൻഡന്റിന്റെ പേരിലാണ്. ആയതുകൊണ്ടുതന്നെ ടി സ്ഥാപനത്തിന്റെ നിയമനാധികാരി എം.എസ്.പി. കമാൻഡന്റ് ആണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## മുൻസർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങൾ

127 (4416) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ അഞ്ചുവർഷക്കാലത്തിനിടയ്ക്ക് തൃശ്ശൂർ ജില്ലയിൽ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട എത്ര പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) കൊലചെയ്യപ്പെട്ട ഓരോരുത്തരുടെയും പേരുവിവരവും അവരുടെയും പ്രതികളുടെയും രാഷ്ട്രീയബന്ധവും വ്യക്തമാക്കാമോ?

ഉത്തരം

(എ) 9 പേർ.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ഷുഹൈബ് വധം

128 (4417) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷുഹൈബ് വധക്കേസിൽ ബോംബ് ഉപയോഗിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ച പ്രതികളുടെ പേരിൽ യു.എ.പി.എ. ചുമത്തണമെന്ന് കേരള ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതികൾ ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചതായും ഭീഷണിപ്പെടുത്തുവാൻ ശ്രമം നടത്തിയതായും പ്രസ്തുത കേസ് അന്വേഷിച്ച പോലീസ് റിമാന്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഷുഹൈബ് വധക്കേസിൽ ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് പുറപ്പെടുവിച്ച വിധിന്യായം ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## ഷുഹൈബ് വധക്കേസ്

129 (4418) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂരിലെ യൂത്ത് കോൺഗ്രസ് നേതാവ് ഷുഹൈബിന്റെ കൊലപാതക കേസ് സി.ബി.ഐ. ഏറ്റെടുത്ത് അന്വേഷിക്കുവാൻ കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ;

(ബി) കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചന വെളിച്ചത്ത് കൊണ്ടുവരണമെന്ന് ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ടോ;

(സി) പോലീസ് അന്വേഷണം തൃപ്തികരമല്ലെന്നും ഫലപ്രദമായ അന്വേഷണം നടത്തുവാൻ സി.ബി.ഐ.-ക്ക് മാത്രമേ കഴിയുകയുള്ളുവെന്നും കോടതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പോലീസ് അന്വേഷണത്തിൽ ഉണ്ടായ എന്തൊക്കെ വീഴ്ചകളാണ് കോടതി ചൂണ്ടിക്കാണിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

### ഉത്തരം

(എ-ഡി) ഷുഹൈബിന്റെ കൊലപാതകം സി.ബി.ഐ. ഏറ്റെടുത്ത് അന്വേഷിക്കുവാൻ ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് 7-3-2018 തീയതിൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിക്കുകയും ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ച് വിധിന്യായം സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. സിംഗിൾ ബഞ്ച് വിധിന്യായത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.*

## ഷുഹൈബ് വധക്കേസ്

130 (4419) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷുഹൈബ് വധക്കേസ് അന്വേഷണം സംബന്ധിച്ച് ഹൈക്കോടതി സർക്കാരിനെതിരെ എന്തെങ്കിലും പരാമർശങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ കേസിൽ ഹൈക്കോടതി സർക്കാരിനെതിരെ പരാമർശം നടത്തുവാനിടയായ സാഹചര്യമെന്തായിരുന്നു എന്ന് പരിശോധിക്കുമോ;

(സി) കേസ് സി.ബി.ഐ.-ക്ക് വിടണമെന്ന ആവശ്യത്തെ സർക്കാർ എതിർത്തതിന്റെ കാരണമെന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കേസിന്റെ അന്വേഷണം സി.ബി.ഐ.യെ ഏൽപ്പിക്കണമെന്ന് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ വിധിക്കെതിരെ അപ്പീൽ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) കേരളത്തിലെ രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് സമഗ്രമായി അന്വേഷിക്കുന്നതിനും പരിഹാരം തേടുന്നതിനുമായി ഒരു ജൂഡീഷ്യൽ കമ്മീഷനെ നിയമിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ഉത്തരം

(എ-ഇ) ഷുഹൈബിന്റെ കൊലപാതകം സി.ബി.ഐ. ഏറ്റെടുത്ത് അന്വേഷിക്കുവാൻ ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് 7-3-2018 തീയതിൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിക്കുകയും ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ച് വിധിന്യായം സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. സിംഗിൾ ബഞ്ച് വിധിന്യായത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.*

(എഫ്) പരിഗണനയിലില്ല.

**രാഷ്ട്രീയ സംഘട്ടനങ്ങൾ**

131 (4420) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതിലെല്ലാംകൂടി എത്ര പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്;

(സി) കൊല ചെയ്യപ്പെട്ടവരിൽ രാഷ്ട്രീയ പ്രവർത്തകരുടെ രാഷ്ട്രീയ പാർട്ടിബന്ധം വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 6035 രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) 36 പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) കൊല ചെയ്യപ്പെട്ടവരിൽ രാഷ്ട്രീയ പ്രവർത്തകരുടെ രാഷ്ട്രീയ പാർട്ടി ബന്ധം ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | സി.പി.ഐ(എം)/ഡി.വൈ.എഫ്.ഐ./ എസ്.എഫ്.ഐ. | - | 18 |
| 2. | കോൺഗ്രസ് | - | 1 |
| 3. | ബി.ജെ.പി./എ.ബി.വി.പി. | - | 12 |
| 4. | ഐ.യു.എം.എൽ. | - | 3 |
| 5. | ജെ.ഡി.യു. | - | 1 |
| 6. | ആർ.എം.പി. | - | 1 |

## കാർത്തികപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളേജിൽ നടന്ന ആക്രമണ സംഭവം

132 (4421) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മണ്ഡലത്തിലെ കാർത്തികപ്പള്ളി ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിൽ 8-3-2017-ൽ എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ നടന്ന ആക്രമണത്തിൽ എത്ര വിദ്യാർത്ഥികൾക്കാണ് പരിക്കേറ്റത്;

(ബി) ഏതെല്ലാം എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെയാണ് ഈ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) ആക്രമണത്തിൽ ഏർപ്പെട്ട കുറ്റവാളികളെ ഹരിപ്പാട് പോലീസ് സ്റ്റേഷൻ ആക്രമിച്ച് എസ്.എഫ്.ഐ.-ക്കാർ രക്ഷപ്പെടുത്തിയ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) ഏതെല്ലാം പോലീസുകാർക്കാണ് ഈ സംഭവത്തിൽ പരിക്കേറ്റത്; ഇക്കാര്യത്തിൽ ശക്തമായ നിയമനടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 3 വിദ്യാർത്ഥികൾക്ക് പരിക്കേറ്റിട്ടുണ്ട്.

(ബി) അസ്‌ലം, ആസിഫ്, ലെനിൻ സന്യാൽ, ശ്രീജു, നീരജ് എന്നിവർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) പോലീസ് സ്റ്റേഷൻ ആക്രമിച്ച് എസ്.എഫ്.ഐ.-ക്കാരെ രക്ഷപ്പെടുത്തിയ സംഭവം ഉണ്ടായിട്ടില്ല.

(ഡി)കോളേജിൽ വച്ച് നടന്ന സംഘർഷത്തിൽ എസ്.ഐ., കെ. ജി. രതീഷ്, സി.പി.ഒ 6346 സാഗർ എന്നീ പോലീസ് ഉദ്യോഗസ്ഥർക്ക് ദേഹോപദ്രവം ഏറ്റിട്ടുള്ളതാണ്. കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ ക്രൈം395/18 u/s.341, 323, 324, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ ടി സംഭവത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്ക് പറ്റിയിട്ടുള്ളതിനാൽ 143, 147, 148, 149, 353, 332 IPC എന്നീ സെക്ഷനുകൾകൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തുന്നതിലേയ്ക്ക് ബഹു.കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും കരീലക്കുളങ്ങര എസ്.എച്ച്.ഒ. അന്വേഷണം നടത്തിവരുന്നതുമാണ്.

**സി-ഡിറ്റിലെ ജീവനക്കാരിയെ പീഡിപ്പിച്ചെന്ന പരാതി**

133 (4422) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഗോർക്കി ഭവനിലുള്ള സി-ഡിറ്റിലെ ജീവനക്കാരിയെ ഒരു ഉന്നത ഉദ്യോഗസ്ഥൻ പീഡിപ്പിച്ചെന്ന് പരാതി നൽകിയിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ടവർക്ക് പരാതി നൽകിയിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ പരാതിയെപ്പറ്റി അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സെക്രട്ടേറിയറ്റിലെ വിവര പൊതുജന സമ്പർക്ക വകുപ്പിലെ ന്യൂസ് വിഭാഗത്തിൽ റിപ്പോർട്ടറായി സി-ഡിറ്റിൽനിന്നും താൽക്കാലികമായി നിയോഗിച്ച ഒരു ജീവനക്കാരി, സി-ഡിറ്റിലെ വീഡിയോ പ്രൊഡക്ഷൻ വിഭാഗത്തിലെ ഒരു ജീവനക്കാരനെതിരെ പരാതി നൽകിയിരുന്നു. പരാതിയെപ്പറ്റി വിശദമായ അന്വേഷണം നടത്തുകയും കുറ്റക്കാരനെന്ന് കണ്ടെത്തിയ ജീവനക്കാരനെതിരെയുള്ള ശിക്ഷാ നടപടിയുടെ ഭാഗമായി അയാളുടെ കോൺട്രാക്ട് സേവനം അവസാനിപ്പിക്കുന്നതിന് 19-3-2018-ന് നോട്ടീസ് നൽകുകയും 21-3-2018-ന് സി-ഡിറ്റിൽനിന്നും വിടുതൽ ചെയ്യുകയും ചെയ്തു.

## സ്ത്രീ സുരക്ഷയ്ക്കായുള്ള നടപടികൾ

134 (4423) ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവികതയ്ക്ക് അപമാനകരമായ സ്ത്രീവാണിഭം സംസ്ഥാനത്ത് നടക്കുന്നുണ്ടെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഇത്തരം ക്രിമിനൽ സംഘങ്ങളെ അമർച്ച ചെയ്യുവാനായി സ്ത്രീ സുരക്ഷ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ പൊലീസ് സ്റ്റേഷനുകളിലും രണ്ട് വനിതാ പൊലീസുകാരെ വീതമെങ്കിലും നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ കർശനമായി നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) മാനവികതയ്ക്ക് അപമാനകരമായ സ്ത്രീവാണിഭ ക്രിമിനൽ സംഘങ്ങൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. സ്ത്രീ സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്ക് പല കർമ്മപരിപാടികളും നടത്തിവരുന്നു. ആയതിന്റെ ഭാഗമായി ജനമൈത്രി സുരക്ഷ പദ്ധതി മുഴുവൻ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിക്കുകയും സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്ത്രീ സൗഹൃദ ഓട്ടോറിക്ഷ, സെൽഫ് ഡിഫൻസ് പദ്ധതി, പിങ്ക് പട്രോൾ സംവിധാനം എന്നിവയും നടപ്പിലാക്കിവരുന്നു. ജനമൈത്രി സംവിധാനം ഉപയോഗിച്ച് സ്ത്രീകളുടെ പരാതികളിൽ പ്രത്യേകം ശ്രദ്ധ നൽകിവരുന്നുണ്ട്. കൂടാതെ സ്ത്രീ സുരക്ഷ മുൻനിർത്തി വനിതാ വോളന്റിയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ച നിർഭയ പദ്ധതിയും നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ഒഴികെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നിലവിൽ രണ്ടിൽ കുറയാത്ത എണ്ണം വനിതാ പോലീസുകാരെ നിയമിച്ചിട്ടുണ്ട്.

(സി) സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ കർശനമായി നിയന്ത്രിക്കാൻ നിലവിലെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലുകളുടെ സഹായത്താൽ സ്ത്രീകൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം കാര്യക്ഷമമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

**മേരിപുരം എ.എൽ.പി. സ്കൂളിലെ അദ്ധ്യാപകൻ കുട്ടികളെ പീഡിപ്പിച്ച സംഭവം**

135 (4424) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്തിൽ മേരിപുരം എ.എൽ.പി. സ്കൂളിലെ അധ്യാപകൻ 2017 ഡിസംബറിൽ കുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) സംഭവം നടന്നിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും പ്രതിയെ അറസ്റ്റ് ചെയ്യാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പീഡനത്തിന് ഇരയായ കുട്ടികളുടെ പരാതി പ്രകാരം ബേഡകം പോലീസ് സ്റ്റേഷനിൽ 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ബേഡകം പി.എസ്. ക്രൈം നമ്പർ 565/17 u/s. 354 IPC & Sec.8(f)(m)(1) r/w10, 19(2) r/w 21(2) of POCSO Act. ടി കേസ്സിലെ പ്രതികൾ (1) ഡൊമിനിക് എ. വർക്കി, S/o. വർക്കി, ആലുങ്കൽ ഹൗസ്, രാജപുരം (ആലപ്പുഴ സെന്റ് മേരീസ് സ്കൂളിലെ ടീച്ചർ), (2) സിസ്റ്റർ ലിസി പോൾ, D/o. പോൾ, വിജയാലയം കോൺവെന്റ്, കരിവേടകം.

2. ക്രൈം നമ്പർ 568/17 u/s. 354 IPC & Sec.8(f)(m)(1) r/w 10 of POCSO Act. ടി കേസ്സിലെ പ്രതി ഡൊമിനിക് എ. വർക്കി, S/o. വർക്കി, ആലുങ്കൽ ഹൗസ്, രാജപുരം (ആലപ്പുഴ സെന്റ് മേരീസ് സ്കൂളിലെ ടീച്ചർ)

(സി) ക്രൈം 565/17 നമ്പർ കേസ്സിലെ 2-ാം പ്രതിയായ സിസ്റ്റർ ലിസി പോളിനെ 7-3-2018 തീയതി അറസ്റ്റ് ചെയ്തിട്ടുണ്ട്. 1-ാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല. ടിയാൻ ഒളിവിലാണ്.

(ഡി) ടി കേസ്സിലെ 1-ാം പ്രതി ഒളിവിൽ കഴിഞ്ഞുവരുന്നതും പ്രതിയുടെ മുൻകൂർ ജാമ്യാപേക്ഷ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

**കുട്ടികളെ തട്ടിക്കൊണ്ടുപോകൽ**

136 (4425) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിക്ഷാടന മാഫിയ കുട്ടികളെ തട്ടിക്കൊണ്ടുപോയ എത്ര കേസ്സുകൾ കഴിഞ്ഞ ഒരു വർഷത്തിനിടെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(ബി) സോഷ്യൽ മീഡിയവഴി ഭീതി ജനിപ്പിക്കുന്ന വാർത്തകൾ പ്രചരിപ്പിക്കുന്നത് തടയാൻ സർക്കാർ ഏതെങ്കിലും തരത്തിലുള്ള നിയമനിർമ്മാണത്തിന് ആലോചിക്കുന്നുണ്ടോ; നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പരിധിയിൽ ഇത് വരുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭിക്ഷാടന മാഫിയ കുട്ടികളെ തട്ടിക്കൊണ്ട് പോയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനിടെ സംസ്ഥാനത്ത് കേസ്സുകൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള കേരള പോലീസ് ആക്ട്, ഐ.പി.സി. ഇൻഫർമേഷൻ ടെക്നോളജി ആക്ട് എന്നിവയിൽ പര്യാപ്തമായ വകുപ്പുകൾ ഉള്ളതിനാലും നിലവിൽ മേൽ പറഞ്ഞ നിയമങ്ങളിലെ വകുപ്പുകൾ പ്രകാരം നിയമനടപടി സ്വീകരിച്ചുവരുന്നതിനാലും ഒരു പുതിയ നിയമ നിർമ്മാണത്തിന്റെ ആവശ്യകത ഉദിക്കുന്നില്ല.

**മൂവാറ്റുപുഴ കിഴക്കേക്കരയിൽ ഏഴുവയസ്സുകാരിയെ പീഡിപ്പിച്ച സംഭവം**

137 (4426) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മൂവാറ്റുപുഴ കിഴക്കേക്കരയിൽ ഏഴുവയസ്സുകാരിയായ തമിഴ് പെൺകുട്ടി പീഡിപ്പിക്കപ്പെട്ട സംഭവത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

"തമിഴ് ബാലികയെ പീഡിപ്പിച്ചയാളെ കേസ്സിൽനിന്നും രക്ഷിക്കാൻ ശ്രമം" എന്ന് 13-2-2018-ൽ വന്ന പത്രവാർത്തയെത്തുടർന്ന് ചൈൽഡ് ലൈനിൽ ഈ കാര്യത്തിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിച്ചതിൽനിന്നും മൂവാറ്റുപുഴ നിർമ്മല കോളേജിന് പുറകുവശം കിഴക്കേക്കര കാട്ടുകണ്ടം കവല ഭാഗത്ത് തേപ്പുകട നടത്തുന്ന രാജയെന്നയാളുടെ മകളായ 6 വയസ്സുള്ള ജനനി എന്ന കുട്ടിയെ ടി തേപ്പുകടയുടെ സമീപം പലചരക്കുകട നടത്തുന്ന മക്കാർ എന്നയാൾ കടയിൽവച്ച് പീഡിപ്പിച്ചുവെന്നും ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ച ചൈൽഡ് ലൈൻ പ്രവർത്തകരോട് കുട്ടിയുടെ അച്ഛനായ രാജയെന്നയാൾ സംഭവത്തെപ്പറ്റി വ്യത്യസ്തമായ രീതിയിൽ പറഞ്ഞിട്ടുള്ളതാണെന്നും കുട്ടിയും അമ്മ ലക്ഷ്മിയും ഒന്നിച്ച് 11-2-2018 തീയതി പളനിക്ക് പോയിട്ടുള്ളതാണെന്ന് പറയുകയും ടി കുട്ടിയെ നേരിൽക്കണ്ട് കാര്യങ്ങൾ അറിയുന്നതിലേയ്ക്കായി CWC മുമ്പാകെ കുട്ടിയെ ഹാജരാകാൻ നിർദ്ദേശിച്ചിരുന്നതും എന്നാൽ കുട്ടിയെ CWC മുമ്പാകെ ഹാജരാക്കാതെ രാജയും തമിഴ്നാട്ടിലേയ്ക്ക് പോയിട്ടുള്ളതായും ടി കുട്ടിയുടെ മാതാപിതാക്കളുടെ ഫോൺ നമ്പറുകളിൽ വിളിച്ചതിൽ ടി നമ്പറുകൾ സ്വിച്ച് ഓഫ് ആണെന്നും മറ്റും ചൈൽഡ് ലൈൻ പ്രവർത്തകരിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളതാണ്. ഈ പത്രവാർത്തയുടെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് മൂവാറ്റുപുഴ ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഇതിൻപ്രകാരം അന്വേഷിച്ചതിൽ ടി സംഭവം നടന്നതായി പറയുന്ന തീയതി വ്യക്തമായിട്ടില്ലാത്തതും ആരോപണവിധേയനായ വ്യക്തിയുടെ വിലാസം മൂവാറ്റുപുഴ വില്ലേജ്, കിഴക്കേക്കര കരയിൽ, കുറുപ്പത്തടം വീട്ടിൽ മക്കാർ എന്ന് മനസ്സിലാക്കിയിട്ടുള്ളതുമാണ്. സംഭവത്തെക്കുറിച്ച് വ്യക്തവും കൃത്യവുമായ വിവരങ്ങൾ ലഭിച്ചിട്ടില്ലാത്തതും കുട്ടിയും കുടുംബവും ടി സ്ഥലത്തുനിന്നും പോയത് ആരോപണവിധേയനായ വ്യക്തിയുടെ സമ്മർദ്ദമോ മറ്റ് സ്വാധീനമോ മൂലമാണെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്. ടി സംഭവത്തിന്റെ യഥാർത്ഥ വസ്തുത ലഭ്യമാകണമെങ്കിൽ കുട്ടിയേയും മാതാപിതാക്കളേയും നേരിൽ കണ്ട് അന്വേഷണം നടത്തേണ്ടതായുണ്ട്. ടി കാര്യത്തിന് വ്യക്തവും കൃത്യവുമായ വിവരങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്. കുട്ടിയേയും അമ്മയേയും കണ്ടെത്തുന്നതിനായി ഊർജ്ജിതശ്രമം നടത്തിവരുന്നുണ്ട്.

**ടോട്ടൽ ഫോർ യു തട്ടിപ്പ് കേസ്**

138 (4427) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ടോട്ടൽ ഫോർ യു' കേസിന്റെ നിലവിലുള്ള സ്ഥിതി എന്താണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത സ്വത്തുവകകൾ നിക്ഷേപകർക്ക് നൽകുവാനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 'ടോട്ടൽ ഫോർ യു' തട്ടിപ്പുമായി ബന്ധപ്പെട്ട 9 കേസ്സുകൾ ബഹു. തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വിചാരണയിലാണ്.

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത സ്വത്തുവകകൾ നിക്ഷേപകർക്ക് നൽകാനുള്ള നടപടിക്രമങ്ങൾ ബഹു. തിരുവനന്തപുരം ഒന്നാം ക്ലാസ് അഡീഷണൽ സബ് കോടതിയിൽ നടന്നുവരുന്നു. ബഹു. ജില്ലാ കോടതി നിയോഗിച്ച ഒഫീഷ്യൽ റിസീവർ ആണ് കോടതി നിർദ്ദേശാനുസരണം നടപടികൾ നടത്തിവരുന്നത്. ഒഫീഷ്യൽ റിസീവർ ഏറ്റെടുത്ത 23 കാറുകളിൽ 17 എണ്ണം ലേലംചെയ്ത് പണം വസൂലാക്കിയിട്ടുള്ളതും ഒരു കാർ ബഹു. അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവിൻ പ്രകാരം തിരികെ നൽകിയിട്ടുള്ളതായും 5 കാറുകളുടെ ലേല നടപടികൾ നടന്നുവരുന്നതായും ഒഫീഷ്യൽ റിസീവർ അറിയിച്ചിട്ടുണ്ട്.

**ഭിന്നലിംഗക്കാർക്കെതിരെയുള്ള അക്രമം**

139 (4428) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭിന്നലിംഗക്കാർക്കെതിരെ അക്രമം നടത്തിയത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഭിന്നലിംഗക്കാരെ പോലീസ് മർദ്ദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഓരോ പോലീസ് സ്റ്റേഷനിലും ഇത്തരത്തിൽ ഭിന്നലിംഗക്കാരെ മർദ്ദിച്ചതായ എത്ര പരാതികൾ ഉണ്ട്; ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; വിശദവിവരംനൽകുമോ;

(ഡി) ഭിന്നലിംഗക്കാരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭിന്നലിംഗക്കാർക്കെതിരെ അക്രമം നടത്തിയത് സംബന്ധിച്ച് 12 കേസുകൾ (എറണാകുളം സിറ്റി-3, എറണാകുളം റൂറൽ-2, തൃശ്ശൂർ സിറ്റി-2, മലപ്പുറം-4, കോഴിക്കോട് സിറ്റി-1 എന്നീ ജില്ലകളിലായി) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് ഭിന്നലിംഗക്കാരെ പോലീസ് മർദ്ദിച്ചതായ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആയതിന് കോഴിക്കോട് സിറ്റി ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 663/17 u/s 341, 324 r/w 34 IPC പ്രകാരം കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു. തൃശ്ശൂർ സിറ്റിയിൽ ഭിന്നലിംഗക്കാരായ 3 പേർക്ക് നേരെ പോലീസ് അതിക്രമം നടത്തി എന്ന് ആരോപിച്ച് ടിയാളുകൾ സംസ്ഥാന പോലീസ് മേധാവിക്കും <u>ബഹു</u>. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലും സമർപ്പിച്ചിരുന്ന പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കുറ്റം തെളിയിക്കപ്പെടാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്.

(ഡി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് കോഴിക്കോട് സിറ്റി ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 663/2017 ആയി രജിസ്റ്റർചെയ്ത കേസിന്മേൽ അന്വേഷണം നടന്നുവരുന്നു.

**വാഹനാപകടങ്ങൾ കുറയ്ക്കുവാൻ സ്വീകരിച്ച നടപടികൾ**

140 (4429) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദൈനംദിനം വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുവാനും അതുവഴി മനുഷ്യജീവൻ സംരക്ഷിക്കാനുമായി ആഭ്യന്തര വകുപ്പും അനുബന്ധ വകുപ്പുകളും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ കണക്കുപ്രകാരം കഴിഞ്ഞ എട്ട് വർഷകാലയളവിൽ ഓരോ വർഷവും നടന്ന അപകടങ്ങൾ, അതിൽ മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവരിൽ അംഗവൈകല്യം സംഭവിച്ചവർക്ക് നല്കുന്ന സർക്കാർ സഹായങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) അപകടങ്ങൾ കുറയ്ക്കുവാനായി ആഭ്യന്തര വകുപ്പും മറ്റ് വകുപ്പുകളും ചേർന്ന് നടപ്പാക്കിയ ശബരിമല സേഫ് സോൺ പദ്ധതിയുടെ നടത്തിപ്പും റിസൾട്ടും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സേഫ് സോൺ പദ്ധതി ഫലപ്രദമാണ് എങ്കിൽ സംസ്ഥാന വ്യാപകമായി ഘട്ടം ഘട്ടമായി ആയത് നടപ്പാക്കുന്നത് പരിഗണിയ്ക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദൈനംദിനം വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാഫിക് പോലീസ്, ലോക്കൽ പോലീസ് എന്നിവർ വാഹന പരിശോധന നടത്തി ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കിയും അമിതവേഗത്തിലും അപകടകരമായും ലൈസൻസ് ഇല്ലാതെയും ഹെൽമറ്റ് ഉപയോഗിക്കാതെയും മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെയും ആൽക്കോ മീറ്റർ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറ, സ്പീഡ് റഡാർ, ഇന്റർസെപ്റ്റർ വെഹിക്കിൾ എന്നിവ ഉപയോഗിച്ച് വാഹന പരിശോധനകൾ ഊർജ്ജിതമാക്കി യിട്ടുള്ളതാണ്. ഇത്തരക്കാർക്കെതിരെ ലൈസൻസ് കാൻസൽ ചെയ്യുന്നതടക്കമുള്ള നടപടി നടത്തിവരുന്നതുമാണ്. മോഡൽ റോഡ് പദ്ധതി നടപ്പാക്കി ടി റോഡിൽ പ്രത്യേക വാഹന പരിശോധന നടത്തിവരുന്നതും മോഡൽ ജംഗ്ഷൻ ആരംഭിച്ചും മുന്നറിയിപ്പ് ബോർഡുകൾ ബ്ലിംഗിംഗ് ലൈറ്റുകൾ ബ്ലിംഗിംഗ് സ്റ്റഡുകൾ എന്നിവ സ്ഥാപിച്ചും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിച്ചും റോഡ് മാർജിനുകൾ അടയാളപ്പെടുത്തിയും സ്കൂളുകളിലും കോളേജുകളിലും പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും ലഘുലേഖകൾ വിതരണം ചെയ്തും മോട്ടോർ വാഹനവകുപ്പുമായി ചേർന്ന് സംയുക്ത വാഹന പരിശോധന നടത്തിയും അപകടമേഖലകൾ കേന്ദ്രീകരിച്ച് മുന്നറിയിപ്പ് ബോർഡുകളും സൈൻ ബോർഡുകളും സ്ഥാപിച്ചും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പി.ഡബ്ല്യു.ഡി., കെ.എസ്.ടി.പി., നാഷണൽ ഹൈവേ അതോറിറ്റി എന്നിവയുമായി ചേർന്ന് റോഡിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ഹംബുകൾ, സീബ്രാ ലൈനുകൾ എന്നിവ സ്ഥാപിച്ചും സുരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനുവേണ്ടി ഹൈവേ ജാഗ്രതാ സമിതികൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ, റോഡ് സേഫ്റ്റി അതോറിറ്റി എന്നിവ രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഇതിനെല്ലാം ഉപരിയായി ട്രാഫിക് എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേരളത്തിലെ റോഡുകളിൽ വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്ന തിനുമായാണ് സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്ന് ശുഭയാത്ര എന്ന പദ്ധതിക്ക് രൂപംനൽകിയിട്ടുള്ളത്. അമിത വേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങൾ ഉൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി)

| വർഷം | ആകെ അപകട കേസുകൾ | മരണം | അംഗവൈകല്യം സംഭവിച്ചവർ |
|---|---|---|---|
| 2010 | 35082 | 3950 | 42 |
| 2011 | 35216 | 4145 | 45 |
| 2012 | 36174 | 4286 | 39 |
| 2013 | 35215 | 4258 | 39 |
| 2014 | 36282 | 4049 | 54 |
| 2015 | 39014 | 4196 | 66 |
| 2016 | 39420 | 4287 | 62 |
| 2017 | 38470 | 4131 | 57 |

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശബരിമല സേഫ് സോൺ പദ്ധതിയുടെ ഭാഗമായി തീർത്ഥാടന കാലയളവിൽ ശബരിമല തീർത്ഥാടന പാതകളായ പത്തനംതിട്ട-പമ്പ, എരുമേലി-പമ്പ, എരുമേലി-പൊൻകുന്നം, എരുമേലി-കാഞ്ഞിരപ്പള്ളി, കെ.കെ.റോഡ് എന്നിവിടങ്ങളിൽ ഹെൽപ് ലൈൻ നമ്പരുകളോടുകൂടിയ ദിശാസൂചക ബോർഡുകളും മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കുന്നു. അപകടസാധ്യതയുള്ള കൊടുംവളവുകളിൽ പോളിക്രോം കോൺവെക്സ് മിററുകൾ സ്ഥാപിക്കുന്നു. തീർത്ഥാടന പാതയിലെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പി.ഡബ്ല്യു.ഡി. മുഖാന്തരം ബാരിക്കേഡുകൾ സ്ഥാപിക്കുന്നു. മേൽപ്പറഞ്ഞ പാതകളിലെ അപകടങ്ങൾക്ക് അപ്പപ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നു. വാഹന നിർമ്മാണ കമ്പനികളുടെ സഹായത്തോടെ തീർത്ഥാടന പാതയിൽ എവിടെയും വാഹനങ്ങളുടെ ബ്രേക്ക് ഡൗൺ തത്സമയം ശരിയാക്കി റോഡ് ഗതാഗതം സുഗമമാക്കുന്നു.

(ഇ) പരിശോധിച്ചുവരുന്നു.

## കച്ചേരിത്താഴം പുതിയപാലത്തിന് സമീപം 26-10-2017-നുണ്ടായ വാഹനാപകടം

141 (4430) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ, മൂവാറ്റുപുഴ കച്ചേരിത്താഴം പുതിയപാലത്തിനു സമീപം 26-10-2017-ന് രാവിലെ ഉണ്ടായ വാഹനാപകടം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കേസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വാഹനാപകടത്തിനിരയായ പിറവം ആരക്കുന്നം എടക്കാട്ടുവയൽ വഴമടത്തിൽ വീട്ടിൽ ശ്രീ. അരുൺ തമ്പിയുടെ വലതുകാൽ മുറിച്ചുമാറ്റേണ്ടി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വാഹനാപകടത്തിൽ ഉൾപ്പെട്ടവരെ സംബന്ധിച്ചും അവരുടെ പരിക്കുകളെ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വാഹനാപകടത്തിന് കാരണക്കാരനായ ടിപ്പർ ലോറി ഡ്രൈവറുടെ പേരിൽ കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ;

(ഡി) അപകടത്തിനിരയായ ബൈക്ക് ഓടിച്ചിരുന്ന വ്യക്തിയെ പ്രതിയാക്കിയിട്ടുണ്ടോ എന്നും എങ്കിൽ പ്രസ്തുത നടപടി പുനഃപരിശോധിച്ച് ശരിയായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും അപകടത്തിനിരയായവർക്ക് നീതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ ക്രൈം.4112/17 u/s 279, 337, 338 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 27-12-2017 തീയതി കുറ്റപത്രം ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കേസ്സിലെ പ്രതിയായ ലിജൻ KL-07-BX-2612 നമ്പർ മോട്ടോർ സൈക്കിളിന്റെ റൈഡറായി ചുമതലവഹിച്ച് പെരുമ്പാവൂർ-മൂവാറ്റുപുഴ റോഡിൽക്കൂടി ഓടിച്ചു വന്ന് 26-10-2017 തീയതി രാവിലെ 6.45 മണിക്ക് കച്ചേരിത്താഴം പുതിയപാലത്തിന്റെ ഗട്ടറുള്ള ഭാഗത്തു വച്ച് മുന്നിൽപോയ ഏതോ വാഹനത്തെ ഓവർടേക്ക് ചെയ്ത് വെട്ടിച്ച സമയം ബേസിൽ വർഗ്ഗീസ് എന്നയാൾ പാലത്തിലൂടെ എതിർ ദിശയിൽ ഓടിച്ചുവന്ന KL-40-F-5423 നമ്പർ മോട്ടോർ സൈക്കിളിൽ കൂട്ടിയിടിച്ച് മറിഞ്ഞ് വീണതിൽ വച്ച് ടി മോട്ടോർ സൈക്കിൾ ഓടിച്ചുവന്നിരുന്ന ബേസിൽ വർഗ്ഗീസ് എന്നയാളുടെ തലച്ചോറിന് ഗുരുതരക്ഷതം പറ്റുന്നതിനും KL-07-BX-2612 നമ്പർ മോട്ടോർ സൈക്കിളിന്റെ റൈഡറായ ലിജന്റെ വലതുകാൽപാദം അസ്ഥിക്കും വലത് കൈക്കുഴ അസ്ഥിക്കും പൊട്ടലും ബൈക്കിന്റെ

പിന്നിലിരുന്ന അരുണിന്റെ വലതുകാൽ മുട്ടിന് താഴെ ഭാഗത്തുവച്ച് ഇടിച്ച് ഗുരുതര പരിക്കുകളോടെ ചികിത്സയിലിരിക്കെ വലതുകാൽ മുട്ടിന് താഴെ മുറിച്ചുമാറ്റുന്നതിനും ഇടയായിട്ടുള്ളതാണ്.

(സി) ടി കേസിന്മേൽ നടത്തിയ അന്വേഷണത്തിലും കണ്ടുചോദിച്ച സാക്ഷി മൊഴികളിൽനിന്നും ടി കേസ്സിലെ പ്രതിയായ ലിജന്റെ അപക്വവും ഉദാസീനവുമായ ഡ്രൈവിംഗ്മൂലമാണ് അപകടം നടന്നിട്ടുള്ളതെന്നും ടി വാഹനം (KL-07-BX-2612) മെക്കാനിക്കൽ പരിശോധന നടത്തിയതിൽ വാഹനത്തിന്റെ കേടുപാടുകൾ കൊണ്ടല്ല അപകടം ഉണ്ടായതെന്നും, നാളിതുവരെ നടത്തിയ അന്വേഷണത്തിൽ പരാതിയിൽ പറയുന്ന ടിപ്പർ ലോറി ഈ സംഭവത്തിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അപകടം നടന്ന സമയം ടിപ്പർ ലോറി അതുവഴി പോയതായി ആരും കണ്ടിട്ടില്ലായെന്നും അന്വേഷണത്തിൽ വെളിവായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ കേസ്സെടുത്തിട്ടില്ലാത്തതുമാണ്.

(ഡി) അപകടത്തിനിരയായ ബൈക്ക് ഓടിച്ചിരുന്ന ലിജനെ പ്രതിയാക്കി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിലെ പ്രതിയുടെ സുഹൃത്ത് അന്വേഷണത്തിൽ അപാകതയുണ്ടെന്ന് കാണിച്ച് പരാതി നൽകിയിട്ടുള്ളതിനാൽ ടി കേസ്സ് 173(8) CrPC പ്രകാരം പുനരന്വേഷണത്തിന് ജില്ലാ പോലീസ് മേധാവിയുടെ 15-3-2018-ലെ ഡി2/15772/2018 ഉത്തരവ് പ്രകാരം മൂവാറ്റുപുഴ എസ്.എച്ച്.ഒ.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

## സൈബർ ശല്യങ്ങൾക്കും പീഡനങ്ങൾക്കും വിധേയമാകുന്നവരുടെ പരാതികൾ

142 (4431) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാനും തടയുവാനുമായി ആഭ്യന്തര വകുപ്പ് മറ്റു വകുപ്പുകളും കേന്ദ്രസർക്കാരുമായും കേന്ദ്ര ഏജൻസികളുമായും ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്ത്രീകൾ വിദ്യാർത്ഥിനികൾ ഉൾപ്പെട്ട കുട്ടികളും യുവതികളും മൊബൈൽ ഉൾപ്പെടെയുള്ള നെറ്റ് വർക്ക് പ്രോഗ്രാമിംഗുകളിലൂടെയും ഒപ്പം മറ്റു ഉപാദികളിലൂടെയുമുള്ള ശല്യങ്ങൾക്കും പീഡനങ്ങൾക്കും വിധേയമാകുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവ തടയുവാനും കുട്ടികളും സ്ത്രീകളും ഉൾപ്പെടെയുള്ളവർക്ക് സംരക്ഷണം നൽകുവാനും കുറ്റവാളികളെ കണ്ടെത്തി അവർക്ക് ശിക്ഷ ഉറപ്പാക്കാനുമായി ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ കാലയളവിൽ ഇവസംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാനും തടയുവാനുമായി സ്കൂൾ, കോളേജ് തലങ്ങളിലും റെസിഡൻസ് അസോസിയേഷനുകൾ മുഖേനയും ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കുകയും കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും സൈബർ സെല്ലുകളും തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സൈബർ പോലീസ് സ്റ്റേഷൻ, പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന ഹൈടെക് സെൽ, ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന സൈബർ ഡോം എന്നിവ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി ശക്തമായ നിരീക്ഷണം നടത്തിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്കൂളുകളിലെയും, കോളേജുകളിലെയും വിദ്യാർത്ഥികൾക്കിടയിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും, മഹിളാ സംഘടനകളുടെയും, റസിഡൻസ് അസോസിയേഷനുകളുടെയും യോഗങ്ങളിൽ ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്തുകൊണ്ട് സൈബർ കുറ്റകൃത്യങ്ങളെപ്പറ്റി ക്ലാസുകൾ നടത്തിയും കേസുകൾ റിപ്പോർട്ട് ചെയ്താൽ IT Act പ്രകാരം കേസുകൾ രജിസ്റ്റർചെയ്ത് നടപടികൾ സ്വീകരിച്ച് സൈബർ സെൽ, ഹൈടെക് സെൽ, സൈബർ ഡോം എന്നിവ വഴി തെളിവുകൾ ശേഖരിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ കാലയളവിൽ ഇവ സംബന്ധിച്ച് ചെറുതും വലുതുമായ 3854 പരാതികൾ ലഭിക്കുകയും, ഇതിൽ 355 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ നീക്കംചെയ്യാനുള്ള നടപടികൾ**

143 (4432) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ കിടന്ന് നശിക്കുന്നതും പ്രസ്തുത വാഹനങ്ങൾ സ്റ്റേഷനോട് ചേർന്നുള്ള റോഡ് സൈഡുകളിൽ കിടക്കുന്നതുമൂലം പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ഒഴിവാക്കാനും എന്തെങ്കിലും ഫലപ്രദമായ സംവിധാനം ഒരുക്കി ഈ വണ്ടികൾ നീക്കംചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ഈ വണ്ടികളിൽ അധികവും തൊണ്ടിമുതലാണ് എന്നതിനാൽ ഇവയെ

കോടതിയുടെ നിർദ്ദേശത്തോടുകൂടി മാറ്റുവാനുള്ള എന്തെങ്കിലും സംവിധാനം ഒരുക്കുവാൻ പദ്ധതി നടപ്പിലാക്കുമോ;

(സി) കേരളത്തിലെ പ്രധാന നഗരങ്ങളിലുള്ള ട്രാഫിക് പോലീസ് സ്റ്റേഷനുകളുടെ പരിസരത്തെ പ്രധാന റോഡുകളിൽ ഇങ്ങനെ പിടിച്ചെടുത്ത വണ്ടികൾ ട്രാഫിക് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ ഉചിത നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുമായി ബന്ധപ്പെട്ട് പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ 3-8-2013 തീയതിയിലെ 23/13 നമ്പർ സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ആയതനുസരിച്ച് ജില്ലാ പോലീസ് മേധാവിമാർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കൂടാതെ പെറ്റി കേസുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും റോഡുവക്കിലും സൂക്ഷിക്കുന്നതുമൂലം ഉണ്ടാകുന്ന മാർഗ്ഗതടസ്സവും മറ്റും ഒഴിവാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ 31-1-2017 തീയതിയിലെ 7/17 നമ്പർ സർക്കുലർ പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിലെ സി.ഒ.ബി സന്ദേശം പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിലവിലുള്ള നിയമങ്ങൾ പ്രകാരം വാഹനങ്ങൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കർശന നിർദ്ദേശവും നൽകിയിട്ടുള്ളതാണ്.

(ബി&സി) ബഹു.സുപ്രീം കോടതിയുടെയും ബഹു.കേരള ഹൈക്കോടതിയുടെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ കേസുകളുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത് സൂക്ഷിക്കുന്ന വാഹനങ്ങൾ തീർപ്പുകൽപ്പിക്കുന്നത് സംബന്ധിച്ച് ബഹു.കോടതികളുടെ ഉത്തരവുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവിയുടെ 3-8-2013 തീയതിയിലെ 23/13 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ടി നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## ആലപ്പാട് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

144 (4433) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് ഗ്രാമപഞ്ചായത്ത് ഏത് പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുന്നുവെന്ന് വിശദീകരിക്കാമോ;

(ബി) നൂറ് ശതമാനം മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന പ്രദേശത്ത് സുനാമി ഉൾപ്പെടെയുള്ള ദുരന്തങ്ങളും ക്രമസമാധാന പ്രശ്നങ്ങളും നിരന്തരമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യങ്ങളിൽ അടിയന്തര സഹായമെത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രദേശത്തെ സേവനത്തിനുമാത്രമായി ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ആലപ്പാട് ഗ്രാമപഞ്ചായത്ത് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുന്നു.

(ബി) പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, ഫയർ ഫോഴ്സ്, ഹെൽത്ത് സർവ്വീസ് മുതലായ സർക്കാർ സംവിധാനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ജില്ലാ അടിയന്തരഘട്ട കാര്യ നിർവ്വഹണകേന്ദ്രവും അടിയന്തര സഹായമെത്തിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഇത് സംബന്ധിച്ച് ശിപാർശകളൊന്നും നിലവിലില്ല.

**കൊല്ലം ജില്ല പോലീസിൽ വനിതാ പോലീസുകാരുടെ ഒഴിവുകൾ**

145 (4434) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ല പോലീസിൽ വനിതാ പോലീസുകാരുടെ ഒഴിവുകൾ സിറ്റി/റൂറൽ തിരിച്ച് എണ്ണം വ്യക്തമാക്കാമോ;

(ബി) നിലവിൽ കൊല്ലം സിറ്റി/റൂറൽ പോലീസ് ജില്ലയിൽ അറ്റാച്ച് ചെയ്ത് ഡ്യൂട്ടി ചെയ്യുന്ന 2017 ബാച്ച് വനിതാ പോലീസുകാർ എത്ര; ഈ നിയമനത്തിന്റെ മാനദണ്ഡം എന്താണ്;

(സി) കൊല്ലം ഓപ്ഷനായി തെരഞ്ഞെടുത്ത് പരീക്ഷയെഴുതി കൊല്ലം സിറ്റി/റൂറൽ ജില്ലകളിൽ നിയമനംകാത്ത് മറ്റ് ജില്ലകളിൽ ജോലി നോക്കിവരുന്ന വനിതാ പോലീസുകാരെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ കൊല്ലം സിറ്റി/റൂറൽ ജില്ലകളിൽ മാറ്റി നിയമിക്കുന്നതിൽ എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം സിറ്റി/റൂറൽ പോലീസ് ജില്ലകളിൽ വനിതാ പോലീസുകാരുടെ ഒഴിവുകൾ നിലവിലില്ല.

(ബി) 2017 ബാച്ച് വനിതാ പോലീസ് ഉദ്യോഗസ്ഥർ കൊല്ലം സിറ്റി/റൂറൽ പോലീസ് ജില്ലകളിൽ അറ്റാച്ച് ചെയ്ത് ഡ്യൂട്ടി ചെയ്തുവരുന്നില്ല.

(സി) കെ.എ.പി. മൂന്നാം ബറ്റാലിയൻ വഴി നിയമനം ലഭിച്ച് ട്രെയിനിംഗ് പൂർത്തിയായ ശേഷം കൊല്ലം ഓപ്ഷനായി തെരഞ്ഞെടുത്ത് മറ്റ് ജില്ലകളിൽ ജോലി നോക്കിവരുന്ന വനിതാ പോലീസുകാർക്ക് ഒഴിവുകൾ വരുന്ന മുറയ്ക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രമേ കൊല്ലം ജില്ലയിലേയ്ക്ക് മാറുന്നതിനുള്ള അവസരം ലഭിക്കുകയുള്ളൂ. കൊല്ലം ജില്ലയിൽ വനിതാ പോലീസുകാരുടെ ഒഴിവുകൾ നിലവിലില്ല. മറ്റ് നിയമ തടസ്സങ്ങളൊന്നുമില്ല.

## ഞാറയ്ക്കൽ എക്സൈസ് ഓഫീസിലെ കസ്റ്റഡി മർദ്ദനത്തെ തുടർന്നുള്ള പോലീസ് കേസ്

146 (4435) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറയ്ക്കൽ എക്സൈസ് ഓഫീസിൽ നിരോധിത പുകയില ഉൽപ്പന്നങ്ങൾ കൈവശം വച്ചതിന്റെ പേരിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാവിനെ കസ്റ്റഡിയിൽവച്ച് മർദ്ദിച്ചതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സംഭവത്തിൽ പോലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും പ്രതിസ്ഥാനത്തുള്ള ഉദ്യോഗസ്ഥർ ആരൊക്കെയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) യുവാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഞാറയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 277/18 u/s 323, 324, 342, 506 (i), 34 IPC എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു. ഞാറയ്ക്കൽ എക്സൈസ് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർമാരായ അനീഷ്, സിദ്ധാർത്ഥൻ എന്നിവരാണ് ടി കേസ്സിലെ പ്രതികളായിട്ടുള്ള ഉദ്യോഗസ്ഥർ. ടിയാൻമാരെ നിയമാനുസരണം അറസ്റ്റ് ചെയ്തിട്ടുള്ളതും നിയമപരമായ നടപടികൾക്കുശേഷം ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. ഇവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനായി എക്സൈസ് വകുപ്പിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്.

## തൃശ്ശൂർ ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി അക്ഷയ കേന്ദ്രങ്ങൾ

147 (4436) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ ഒൻപത് പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസിന്റെ ഹെൽപ്പ് ഡെസ്കായി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടുകളിൽ 2012-ൽ പ്രവർത്തനം ആരംഭിച്ച ജനമൈത്രി അക്ഷയ കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് കാരണം വ്യക്തമാക്കാമോ ;

(ബി) ഇവ തുടർന്നുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പോലീസ് സ്റ്റേഷനുകളിലെ സ്ഥലപരിമിതിയും അസൗകര്യങ്ങൾമൂലവും സ്റ്റേഷനുകൾ അതീവ സുരക്ഷിതത്വം ആവശ്യമുള്ള മേഖലയായതിനാലും അക്ഷയ കേന്ദ്രങ്ങൾ സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും മാറ്റി സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ആയതിന് നടപടി സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം പരിഗണിച്ച് പ്രസ്തുത കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് വിവരസാങ്കേതിക വകുപ്പ് തൃശ്ശൂർ ജില്ലാ അക്ഷയ പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരൂരങ്ങാടി സർക്കിൾ ഇൻസ്പെക്ടറുടെ മോശമായ പെരുമാറ്റം

148 (4437) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി സർക്കിൾ ഇൻസ്പെക്ടറുടെ മോശമായ പെരുമാറ്റത്തിൽ നടപടി ആവശ്യപ്പെട്ട് തിരൂരങ്ങാടി പ്രസ് ക്ലബ്ബ് മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർക്ക് പരാതി നൽകിയിരുന്നോ; എങ്കിൽ എന്ന്; അറിയിക്കാമോ ;

(ബി) പ്രസ്തുത പരാതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ) തിരൂരങ്ങാടി പ്രസ് ക്ലബ് നൽകിയ പരാതി 1-3-2018-ൽ മുഖ്യമന്ത്രിക്കും 29-1-2018-ൽ ചീഫ് സെക്രട്ടറിക്കും ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികളിന്മേൽ മലപ്പുറം ഡിവൈ.എസ്.പി. അന്വേഷണം

നടത്തിയിട്ടുണ്ട്. ടി അന്വേഷണത്തിൽ പ്രായപൂർത്തിയാകാത്ത കുട്ടിയെ പ്രകൃതിവിരുദ്ധ പീഡനത്തിനിരയാക്കിയ സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്ത ശേഷം മെഡിക്കൽ പരിശോധനയ്ക്കായി കൊണ്ടുപോകുന്ന സമയം, തിരൂരങ്ങാടി താലൂക്ക് ആശുപത്രി പരിസരത്തുവച്ച് പ്രതികളുടെ വീഡിയോ അനുവാദമില്ലാതെ ചിത്രീകരിക്കുന്നതിനെ കുറിച്ച് ചോദിച്ച പോലീസുദ്യോഗസ്ഥനോട് സഭ്യമല്ലാത്തരീതിയിൽ മാധ്യമപ്രവർത്തകർ പെരുമാറിയതിനാൽ ഇരുകൂട്ടരും തമ്മിൽ തർക്കം നടന്നിട്ടുള്ളതാണ്. പ്രശ്നപരിഹാരത്തിന് ഇടപെട്ട തിരൂരങ്ങാടി പോലീസ് ഇൻസ്പെക്ടറുടെ നടപടിയിൽ അപാകതയുള്ളതായോ മാധ്യമപ്രവർത്തകരോട് സഭ്യമല്ലാത്ത രീതിയിൽ പെരുമാറിയതായോ അന്വേഷണത്തിൽ വ്യക്തമായിട്ടില്ല. എന്നിരുന്നാലും, പരാതിയുടെ പശ്ചാതലത്തിൽ പോലീസും മാധ്യമങ്ങളും തമ്മിലുള്ള ആരോഗ്യകരവും സൗഹൃദപരവുമായ ബന്ധം നിലനിർത്തുന്നതിനും, കേസുകളുമായി ബന്ധപ്പെട്ട രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുന്നതോടൊപ്പം വാർത്താമാധ്യമ പ്രവർത്തകരുടെ നിയമപരമായ സ്വാതന്ത്ര്യവും അവകാശവും അകാരണമായി ഹനിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**ദേശീയപാതയിലെ പ്രധാന അപകട കേന്ദ്രങ്ങൾ**

149 (4438) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി കന്നേറ്റി മുതൽ ഓച്ചിറ വരെയുള്ള ദേശീയപാതയിലെ പ്രധാന അപകട കേന്ദ്രങ്ങളായ ലാലാജി ജംഗ്ഷനും, കെ.എസ്.ആർ.ടി.സി. ജംഗ്ഷനും സിവിൽ സ്റ്റേഷൻ ജംഗ്ഷനും പുതിയകാവ്, പുത്തൻതെരുവ്, വവ്വാക്കാവ് എന്നിവിടങ്ങളിൽ റോഡ് അപകടരഹിതമാക്കുന്നതിനും കാൽനടക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ചുകടക്കുന്നതിനുംവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ രാവിലെ എട്ടുമണി മുതൽ രാത്രി ഏഴുമണി വരെ ഹോം ഗാർഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ടതും ദേശീയപാത കടന്നുപോകുന്ന കരുനാഗപ്പള്ളി, കന്നേറ്റി, ലാലാജി ജംഗ്ഷൻ, കെ.എസ്.ആർ.ടി.സി. ജംഗ്ഷൻ, സിവിൽ സ്റ്റേഷൻ ജംഗ്ഷൻ, പുതിയകാവ്, പുത്തൻതെരുവ്, വവ്വാക്കാവ് എന്നിവിടങ്ങളിൽ റോഡ് അപകടരഹിതമാക്കുന്നതിനായി റോഡിൽ അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതും അനധികൃതമായി നടത്തുന്ന വഴിയോര കച്ചവടക്കാരെ

ഒഴിവാക്കുന്നതിനും ഹൈവേ പോലീസ്, കൺട്രോൾ റൂം വെഹിക്കിൾ, സ്റ്റേഷൻ മൊബൈൽസ് എന്നിവ പട്രോളിംഗ് നടത്തിയും പോലീസ് ഉദ്യോഗസ്ഥരേയും ഹോം ഗാർഡുകളേയും ട്രാഫിക് ഡ്യൂട്ടിക്കായി നിയോഗിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഹോം ഗാർഡിനേയും ട്രാഫിക് വാർഡൻമാർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരെയും ടി സ്ഥലങ്ങളിൽ ഡ്യൂട്ടിക്കായി നിയോഗിച്ചുവരുന്നുണ്ട്.

**തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പിലെ വസ്തുവകകളുടെ നഷ്ടം**

150 (4439) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പിലെ (പുളിങ്കുടി) ഏതെല്ലാം വസ്തുവകകൾ 29-3-2013-ന് പാറശ്ശാല പോലീസ് പരിധിയിലെ സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലെ ഷെഡ്ഡ് കത്തിയതുമൂലം (ക്രൈം നമ്പർ 386/13) നഷ്ടമായെന്നും പ്രസ്തുത വസ്തുവകകളുടെ നഷ്ടം വന്ന തുക എത്രയെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

സ്വകാര്യവ്യക്തിയുടെ പുരയിടത്തിൽ കെട്ടിയിരുന്ന ഷെഡ്ഡ് കത്തിയതുമൂലം 16,620 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. സംഭവിച്ച നഷ്ടം ഇനംതിരിച്ച് ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഒരു ടെന്റ് (180 LBS കൂടെയുള്ള വസ്തുക്കൾ ഉൾപ്പെടെ) | - 10,820 രൂപ |
| 4 ഇരുമ്പ് കട്ടിലിന്റെ വില (1450x4) | - 5,800 രൂപ |

**കായംകുളം ഭാഗത്തെ റോഡപകടങ്ങൾ**

151 (4440) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ ഓച്ചിറ മുതൽ രാമപുരം വരെയുള്ള ദേശീയ പാതയിൽ ദിനംപ്രതി റോഡപകടങ്ങളും ഇതേത്തുടർന്നുണ്ടാകുന്ന മരണങ്ങളും പെരുകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രദേശത്ത് കൂടുതൽ അപകടങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെന്ന് പഠിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓച്ചിറ മുതൽ രാമപുരം വരെയുള്ള ദേശീയ പാതയിൽ വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ടി സ്ഥലത്ത് ദേശീയപാതയിൽ റോഡിന്റെ വീതിക്കുറവും ഇരു ദിശയിലേയ്ക്കും വാഹനങ്ങൾ സുഗമമായി സഞ്ചരിക്കുന്നതിനുള്ള ഡിവൈഡർ ഇല്ലാത്തതും അപകടങ്ങൾക്ക് പ്രധാന കാരണമാകുന്നു. ടി സ്ഥലത്ത് അപകടങ്ങൾ നിയന്ത്രിക്കുന്നതിനായി പോലീസ് വകുപ്പ് "ഫാറ്റൽ അപകടങ്ങൾ" ഉണ്ടകുന്ന സ്ഥലങ്ങൾ സന്ദർശിച്ച് ടി അപകടം ഉണ്ടാകാനുള്ള കാരണം എന്താണെന്ന് മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ജില്ലാ പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ആക്സിഡന്റ് റിവ്യൂ മീറ്റിംഗിൽ ചർച്ച ചെയ്യുന്നതും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഇത്തരത്തിൽ ഓച്ചിറ മുതൽ രാമപുരം വരെയുള്ള ദേശീയ പാതയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി ടി സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക, നാഷണൽ ഹൈവേയും അപ്രോച്ച് റോഡും തമ്മിലുള്ള ഉയര വ്യത്യാസം പരിഹരിക്കുക, സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഉച്ചഭാഷിണിയിലൂടെ പരസ്യം പ്രചരിപ്പിക്കുന്നതിന് വിലക്ക്**

152 (4441) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പരസ്യം ഉച്ചഭാഷിണിയിലൂടെ പ്രചരിപ്പിക്കുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ പരസ്യം ചെയ്യുന്നതിന് അനുമതിക്കായി പോലീസ് സ്റ്റേഷനിൽ എത്തുന്നവർക്ക് ഇത് നൽകാതെ മടക്കി അയയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പോലീസ് വിവേചനം കാണിക്കുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സുപ്രീം കോടതി നിരോധിച്ച കോളാമ്പിയുടെ ഉപയോഗവും വില്പനയും സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നിരോധിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മൈക്ക് സാങ്ഷൻ ഓൺലൈൻ വഴിയാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വാണിജ്യ സ്ഥാപനങ്ങൾക്ക് ഉച്ചഭാഷിണിയിലൂടെ പരസ്യം പ്രചരിപ്പിക്കുന്നതിന് നിലവിൽ പോലീസിൽനിന്നും അനുമതിപത്രം നൽകിവരുന്നില്ല. ഇക്കാര്യത്തിൽ പ്രത്യേകമായി വിവേചനം കാണിക്കുന്നില്ല.

(ബി) ബഹു. സുപ്രീംകോടതി നിരോധിച്ച കോളാമ്പിയുടെ ഉപയോഗവും വില്പനയും സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## മുൻസർക്കാരിന്റെ കാലത്ത് ശിക്ഷ ഇളവ് നൽകിയ പ്രതികൾ

153 (4442) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ അഞ്ചുവർഷകാലത്തിനിടയ്ക്ക് എത്ര തടവ് പുള്ളികൾക്ക് ശിക്ഷ ഇളവ് നൽകി ജയിൽ മോചിതരാക്കിയിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള ഇവരുടെ പേരുവിവരവും ഒരോരുത്തരും ഉൾപ്പെട്ട കേസ്സിന്റെ വിവരവും പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ) 482 പേർ.

(ബി) അനുബന്ധമായി ചേർക്കുന്നു.*

## ഒരേ വാഹനാപകടത്തിൽ മരണപ്പെട്ട ദമ്പതിമാരുടെ കുട്ടികൾക്ക് സഹായം

154 (4443) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരേ വാഹനാപകടത്തിൽ എത്ര ദമ്പതിമാർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ മരണപ്പെട്ട ദമ്പതിമാരുടെ കുട്ടികൾക്ക് കഴിഞ്ഞ സർക്കാർ ഏതെല്ലാം വിധത്തിലുള്ള സഹായം നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഒരേ വാഹനാപകടത്തിൽ എത്ര ദമ്പതിമാർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇങ്ങനെ മരണപ്പെട്ട ദമ്പതിമാരുടെ കുട്ടികൾക്ക് ഈ സർക്കാർ ഏതെല്ലാം വിധത്തിലുള്ള സഹായം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (18-5-2011 മുതൽ 24-5-2016 വരെ) ഒരേ വാഹനാപകടത്തിൽ 63 ദമ്പതിമാർ മരണപ്പെട്ടിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | 18-5-2011 മുതൽ 24-5-2016 വരെ മരണപ്പെട്ട ദമ്പതികളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം സിറ്റി | 0 |
| തിരുവനന്തപുരം റൂറൽ | 0 |
| കൊല്ലം സിറ്റി | 3 |
| കൊല്ലം റൂറൽ | 1 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 13 |
| കോട്ടയം | 7 |
| എറണാകുളം സിറ്റി | 2 |
| എറണാകുളം റൂറൽ | 6 |
| ഇടുക്കി | 3 |
| തൃശ്ശൂർ സിറ്റി | 0 |
| തൃശ്ശൂർ റൂറൽ | 4 |

| (1) | (2) |
|---|---|
| പാലക്കാട് | 9 |
| മലപ്പുറം | 2 |
| കോഴിക്കോട് സിറ്റി | 2 |
| കോഴിക്കോട് റൂറൽ | 3 |
| വയനാട് | 2 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 5 |
| ആകെ | 63 |

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് (25-5-2016 മുതൽ 13-3-2018 വരെ) ഒരേ വാഹനാപകടത്തിൽ 23 ദമ്പതിമാർ മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | 25-5-2016 മുതൽ 13-3-2018 വരെ മരണപ്പെട്ട ദമ്പതികളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം സിറ്റി | 0 |
| തിരുവനന്തപുരം റൂറൽ | 0 |
| കൊല്ലം സിറ്റി | 0 |
| കൊല്ലം റൂറൽ | 1 |

| (1) | (2) |
|---|---|
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 1 |
| കോട്ടയം | 1 |
| എറണാകുളം സിറ്റി | 2 |
| എറണാകുളം റൂറൽ | 2 |
| ഇടുക്കി | 0 |
| തൃശ്ശൂർ സിറ്റി | 0 |
| തൃശ്ശൂർ റൂറൽ | 3 |
| പാലക്കാട് | 4 |
| മലപ്പുറം | 3 |
| കോഴിക്കോട് സിറ്റി | 2 |
| കോഴിക്കോട് റൂറൽ | 1 |
| വയനാട് | 0 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 2 |
| ആകെ | 23 |

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## വ്യാജ പരാതികൾ നൽകുന്നവർ

155 (4444) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകൾ, പോലീസ് സെല്ലുകൾ (വിജിലൻസ്, ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് മുതലായവ)എന്നിവിടങ്ങളിൽ വ്യാജ പരാതികൾ നൽകി കേസുകൾ എടുപ്പിച്ച് ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വ്യക്തികൾക്കെതിരെ നിയമ നടപടികൾ സ്വീകരിയ്ക്കുവാൻ മാർഗ്ഗമുണ്ടോ; വിശദമാക്കുമോ;

(ബി) വ്യാജ പരാതി നൽകുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ പരാതി നൽകേണ്ടത് എവിടെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) വ്യാജ പരാതികൾ നൽകി കേസുകൾ എടുപ്പിച്ച് ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വ്യക്തികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ മാർഗ്ഗമുണ്ട്.

- പോലീസിന് തെറ്റായ വിവരങ്ങൾ നൽകി കേസ് രജിസ്റ്റർ ചെയ്യിപ്പിക്കുകയും ആയത് അന്വേഷണത്തിൽ ബോധ്യപ്പെടുകയും ചെയ്യുന്നപക്ഷം നിയമാനുസൃതം ഒരു പബ്ലിക് സെർവന്റിനോട് നൽകേണ്ടുന്ന വിവരം ആയത് കളവാണെന്ന് അറിഞ്ഞു കൊണ്ടും അത് ശരിയാണെന്ന് നൽകുന്ന വിവരം (117 IPC),
- പബ്ലിക് സെർവന്റിനോട് ഒരു വ്യക്തി ശപഥത്തിന്മേൽ നിയമാനുസൃതം സത്യം പറയേണ്ടത്, കളവായി സത്യമാണെന്ന നിലയിൽ അറിഞ്ഞുകൊണ്ട് പ്രസ്താവിക്കുന്നത് (181 IPC),
- പബ്ലിക് സെർവന്റിന്റെ നിയമാനുസൃതമായ അധികാരം, മറ്റൊരാൾക്ക് ക്ഷതിയോ, ഉപദ്രവമോ ഉളവാക്കുവാൻ ഉപയോഗിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി കളവായി ആ പബ്ലിക് സെർവന്റിനോട് പറയുന്നത് (182 IPC),
- ആരെങ്കിലും ഒരു വ്യക്തിക്ക് ക്ഷതം ഏൽപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ആ വ്യക്തിക്കെതിരെ നിയമനടപടി എടുക്കുകയോ അല്ലെങ്കിൽ ഒരു വ്യക്തി കുറ്റം ചെയ്തിട്ടുണ്ടെന്ന് തെറ്റായി ചാർജ്ജ് ചെയ്യുന്നതോ (211 IPC) എന്നീ വകുപ്പുകൾ പ്രകാരം വ്യാജ പരാതികൾ നൽകുന്നവർക്കെതിരെ ബന്ധപ്പെട്ട കോടതികളിലും പോലീസ് സ്റ്റേഷനുകളിലും പരാതി നൽകാവുന്നതാണ്.

## ഐ.പി.സി. സെക്ഷൻ 153(എ) പ്രകാരം കേസ്

156 (4445) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്കെതിരെയാണ് ഐ.പി.സി. സെക്ഷൻ 153(എ) പ്രകാരം കേസ് ചുമത്തിയിട്ടുള്ളത്; ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.പി.സി. സെക്ഷൻ 153(എ) പ്രകാരം 325 പേർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിൽ 186 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

## പിൻവലിച്ച വിജിലൻസ് കേസുകൾ

157 (4446) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് കേസുകളുടെ ക്രൈം നമ്പർ, സി.സി നമ്പർ, ചുമത്തപ്പെട്ട സെക്ഷനുകൾ, പ്രതികളുടെ പേരുവിവരങ്ങൾ, എന്നിവ ഉൾപ്പെടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ കേസുകൾ പിൻവലിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; കേസുകൾ പിൻവലിക്കാൻ ആരൊക്കെ അപേക്ഷകൾ നൽകിയിരുന്നുവെന്ന് കൂടി വ്യക്തമാക്കാമോ;

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിജിലൻസ് കേസുകൾ ഒന്നും പിൻവലിച്ചിട്ടില്ല.

## വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ

158 (4447) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് വകുപ്പിനെ കുറ്റമറ്റ രീതിയിലും നിഷ്പക്ഷവുമായി പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വിജിലൻസിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള സംവിധാനം ഇല്ലായെന്നും സർക്കാരിന്റെ രാഷ്ട്രീയ താല്പര്യങ്ങൾക്ക് അനുസൃതമായിട്ടാണ് പ്രവർത്തിക്കുന്നതെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം ഒരു ആക്ഷേപം ഉണ്ടാകുവാൻ ഇടവരുത്തിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിലയിരുത്തുമോ; വ്യക്തമാക്കാമോ;

(ഡി) സ്വതന്ത്ര ചുമതലയുള്ള ഒരു ഡയറക്ടർ ഇല്ലാതെ പതിനൊന്ന് മാസം പ്രവർത്തിക്കേണ്ടിവന്ന സാഹചര്യം മൂലം വിജിലൻസിൽ ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസത്തിന് കോട്ടംസംഭവിച്ചതായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) വിജിലൻസ് ആന്റ് ആന്റികറപ്ക്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം എപ്രകാരമാണ് നടത്തുന്നത്; പ്രസ്തുത നിയമനം പി.എസ്.സി. മുഖാന്തരം നടത്തണമെന്ന ശിപാർശ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്; വിശദമാക്കാമോ?

### ഉത്തരം

(എ) സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ അന്വേഷണങ്ങൾ മുന്നോട്ടുകൊണ്ടുപോകുക എന്ന ലക്ഷ്യത്തോടുകൂടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന അഴിമതി സംബന്ധിക്കുന്ന പരാതികളിന്മേൽ വളരെ ജാഗ്രതയോടെ വിജിലൻസ് അന്വേഷണം/പ്രാഥമിക അന്വേഷണം/ സത്വരാന്വേഷണം/രഹസ്യാന്വേഷണം എന്നിവ നടത്തി അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തുവരുന്നു. ആധുനിക കാലഘട്ടത്തിന് അനുസൃതമായി വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (iAPS) ആരംഭിച്ചു.

2. ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. വിജിലൻസിന്റെ കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡി-സ്പേസ് (D-Space) എന്ന ആർക്കൈവ് സംവിധാനം നടപ്പിലാക്കിവരുന്നു.

4. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിൽ COB മെസ്സേജ് സംവിധാനം നടപ്പിലാക്കിവരുന്നു.

5. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി വിജിലൻസ് ബ്യൂറോയിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ചു. അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിന് 12 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും വാങ്ങിയിട്ടുണ്ട്. കൂടാതെ 60 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിജിലൻസ് അന്വേഷണങ്ങൾ/കേസുകൾ സംബന്ധിച്ച വിവരങ്ങൾ സമയ ബന്ധിതവും കൃത്യതയോടും ലഭ്യമാക്കുന്നതിനായി നിലവിലുള്ള വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം സർക്കാർ നേരിട്ടാണ് നടത്തിവരുന്നത്. പ്രസ്തുത നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**വിജിലൻസ് വകുപ്പിനായി പ്ലാൻ ഫണ്ട്**

159 (4448) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ആഭ്യന്തര വിജിലൻസ് വകുപ്പിനായി പ്ലാൻ ഫണ്ടിൽനിന്നും എത്ര തുകയാണ് അനുവദിച്ചിരുന്നത്;

(ബി) പ്രസ്തുത തുകയുടെ എത്ര ശതമാനമാണ് മാർച്ച് 7, 2018 വരെ ചെലവഴിക്കാൻ സാധിച്ചത്;

(സി) മേല്പറഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രസ്തുത വകുപ്പ് പ്ലാൻ ഫണ്ട് ചെലവഴിച്ചതിൽ മറ്റ് വകുപ്പുകളെ അപേക്ഷിച്ച് എത്രാം സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-2018 സാമ്പത്തിക വർഷത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആധുനികവത്ക്കരണത്തിനായി 4.50 കോടി രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 3 കോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിലും വകയിരുത്തിയിട്ടുണ്ട്.

(ബി &സി) 2018 മാർച്ച് 7 വരെ 57.18 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

**എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട കേസുകൾക്ക് പ്രത്യേക കോടതി**

160 (4449) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുന്നതിനായി പ്രത്യേക കോടതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോടതിയിൽ എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട ഏതെല്ലാം തരത്തിലുള്ള കേസുകളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് എം.പി.-മാരും എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട ക്രിമിനൽ കേസുകൾ പരിഗണിക്കുന്നതിനായി അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ കാറ്റഗറിയിൽ ഒരു സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി എറണാകുളത്ത് രൂപീകരിക്കുകയും ഇതിന്റെ പ്രവർത്തനം 3-3-2018 മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണം

161 (4450) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പരപ്പനങ്ങാടി കോടതി സമുച്ചയത്തിന്റെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയാൽ മാത്രമെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളു.

## ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ പരിഗണനാ വിഷയങ്ങൾ

162 (4451) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം കരാറിലെ ക്രമക്കേടുകൾ അന്വേഷിക്കുന്ന ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ അവ്യക്തതയുള്ളതിനാൽ ഇതുസംബന്ധിച്ച് കമ്മീഷൻ സർക്കാരിനോട് വ്യക്തത തേടിയിട്ടുണ്ടോ;

(ബി) ഏതൊക്കെ കാര്യങ്ങളിലാണ് കമ്മീഷൻ വ്യക്തത ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) സർക്കാർ ഇതുസംബന്ധിച്ച് വ്യക്തത നൽകി കമ്മീഷന് മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വിഴിഞ്ഞം കരാറിലെ ക്രമക്കേടുകൾ അന്വേഷിക്കുന്ന ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷന്റെ തെളിവെടുപ്പുവേളയിൽ വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട ചില വിഷയങ്ങളിൽ സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. സി &എ.ജി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദാനി വിഴിഞ്ഞം പോർട്ട് ലിമിറ്റഡുമായി ഏർപ്പെട്ടിട്ടുള്ള നിർമ്മാണ കരാറിൽനിന്ന് സർക്കാർ പിൻമാറാൻ ഉദ്ദേശിക്കുന്നുണ്ടോ; സി &എ.ജി.-യുടെ റിപ്പോർട്ടിന്റെ കൃത്യത

സംബന്ധിച്ച് കമ്മീഷൻ പരിശോധന നടത്തേണ്ടതുണ്ടോ; വിഴിഞ്ഞം തുറമുഖ നിർമ്മാണ കമ്പനിക്ക് തുറമുഖ നിർമ്മാണത്തിലുള്ള പങ്ക് എന്താണ്, AECOM തയ്യാറാക്കിയ പ്രോജക്ട് അനുസരിച്ച് മൊത്തം നിർമ്മാണ തുക എത്രയായിരുന്നു, പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ നടപടികൾ ആരംഭിച്ചതിനുശേഷം വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ, വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്, കൺസഷൻ കരാർ വ്യവസ്ഥകൾ നിയമസഭയിൽ ചർച്ച ചെയ്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിലാണ് വിഴിഞ്ഞം കമ്മീഷൻ സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ളത്.

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**ഹൈക്കോടതിയിൽ വന്ന കേസുകൾ**

163 (4452) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ഹൈക്കോടതിയിൽ വന്ന എത്ര കേസുകളിൽ സർക്കാർഭാഗം പരാജയപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ പോയ കേസുകൾ എത്രയാണ്;

(സി) ഹൈക്കോടതിയിൽ ഏതൊക്കെ കേസുകൾ വാദിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള സീനിയർ അഭിഭാഷകരെ ചുമതലപ്പെടുത്തി;

(ഡി) പ്രസ്തുത ഇനത്തിൽ ഓരോ അഭിഭാഷകനും നൽകിയ ഫീസ്, വിമാനക്കൂലി, ഹോട്ടൽ ചെലവ് എന്നിവ എത്രയാണ്എന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഫയർ സർവ്വീസിൽ സ്ത്രീകളുടെ നിയമനം**

164 (4453) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ സർവ്വീസിൽ സ്ത്രീകളെ നിയമിക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ തീരുമാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) ആയത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം പി.എസ്.സി.-യ്ക്ക് നൽകിയിട്ടുണ്ടോ; ഈ നിയമനം എന്നത്തേയ്ക്ക് നടത്താനാവുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ & ബി) ഫയർ & റസ്ക്യൂ സർവ്വീസസ് എക്സിക്യൂട്ടീവ് വിഭാഗത്തിൽ 100 ഫയർവുമൺ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

## കണ്ണൂർ ജില്ലയിലെ കല്യാശ്ശേരിയിൽ ഫയർസ്റ്റേഷൻ

165 (4454) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ ഫയർസ്റ്റേഷൻ നിലവിലില്ലാത്തതിനാൽ ഒരു ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മാടായി പാറയിൽ റീ സർവ്വേ നമ്പർ 23/1 എ 2-ൽപ്പെട്ടതും റോഡ് സൗകര്യമുള്ളതും തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ളതുമായ 50 സെന്റ് ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മാവേലിക്കര ഫയർഫോഴ്സ് യൂണിറ്റിന് സ്കൂബാ വെഹിക്കിൾ

166 (4455) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഫയർ ആൻഡ് റെസ്ക്യൂ വകുപ്പ്, ഫയർ ഫോഴ്സ് യൂണിറ്റുകൾക്ക് അനുവദിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സ്കൂബാ വെഹിക്കിളും മിനി വാട്ടർ മിസ്റ്റ് വെഹിക്കിളും മാവേലിക്കര ഫയർ ഫോഴ്സ് യൂണിറ്റിന് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

2017-18 സാമ്പത്തിക വർഷത്തിലെ ഫണ്ട് ഉപയോഗിച്ച് 10 സ്കൂബാ വാനുകൾ വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ മിനിവാട്ടർ മിസ്റ്റ് വെഹിക്കിളുകൾ വാങ്ങുന്നതിനായുള്ള ഫണ്ടും വകയിരുത്തിയിട്ടുണ്ട്. ആകയാൽ പുതിയ വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ മാവേലിക്കര നിലയത്തിന് പ്രാധാന്യം നൽകി അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## തിരൂരങ്ങാടി ഫയർസ്റ്റേഷന്റെ നിർമ്മാണം

167 (T*4456) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരൂരങ്ങാടി നിർദ്ദിഷ്ട ഫയർസ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ?

ഉത്തരം

മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാണോ എന്നാരാഞ്ഞുകൊണ്ട് 12-10-2017-ന് തിരൂരങ്ങാടി മുനിസിപ്പൽ അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടി ലഭിച്ചിട്ടില്ല. തിരൂരങ്ങാടി തഹസിൽദാർ ടി താലൂക്കിൽ സ്ഥലം ലഭ്യമല്ല എന്നറിയിച്ചുകൊണ്ട് 14-11-2017-ന് കത്ത് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചതും കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ തെന്നല വില്ലേജിൽ കോഴിച്ചെന പ്രദേശത്തുള്ള 7.47 ഏക്കർ ഭൂമിയിൽ ഒരേക്കർ ഭൂമി ഫയർസ്റ്റേഷനുവേണ്ടി ലഭ്യമാക്കുന്നതിന് സ്ഥലം പരിശോധിച്ചതിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## ഇരവിപുരത്ത് പുതിയ അഗ്നിശമന സേനാ കേന്ദ്രം

168 (4457) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ഇരവിപുരം കേന്ദ്രീകരിച്ച് ഒരു പുതിയ അഗ്നിശമന സേനാ കേന്ദ്രം തുടങ്ങണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് പുതിയതായി അഗ്നിശമന സേനാ നിലയങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എവിടെയൊക്കെയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) നമ്മുടെ അഗ്നിശമന സേനയെ കാലോചിതമായി നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ?

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) പരിഗണനയിലില്ല.

(സി) പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന ഫയർസ്റ്റേഷനുകളെ സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിക്കുന്നതിനും ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) 1. കേരള സംസ്ഥാനത്ത് സിവിൽ ഡിഫൻസ് ഫോഴ്സ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2. അഗ്നിശമന സേനയെ കാലോചിതമായി നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18 വാർഷിക പദ്ധതിയിനത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

3. അത്യാധുനിക അഗ്നിരക്ഷാ ഉപകരണങ്ങളായ ടേൺ ടേബിൾ ലാഡർ/ഏരിയൽ ലാഡർ പ്ലാറ്റ് ഫോം എന്നിവ ഉൾപ്പെടെ വാങ്ങുന്നതിനായി 2018-19-ൽ 65 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

4. അഗ്നിശമന സേനാംഗങ്ങൾക്ക് യൂണിഫോം ആർട്ടിക്കിൾസ് വാങ്ങുന്നതിനായി 9,77,20,000 രൂപ നോൺ പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ആയത് വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

5. കൂടാതെ ഐ-ആപ്സ്, വീഡിയോ കോൺഫറൻസ്, ഇ-ഗവേണൻസ് എന്നിവ വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

6. Ease of Doing Business നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ഫയർ എൻ.ഒ.സി. നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യുമായി ചേർന്ന് ഓൺലൈൻ വെബ് പോർട്ടൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്.

7. 1962-ലെ ഫയർ ഫോഴ്സ് ആക്ട് കാലോചിതമായി പരിഷ്കരിച്ച് ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

8. കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ പദ്ധതി, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കെ.എസ്.ഡി.എ.-യും ഫയർ ആന്റ് റെസ്ക്യൂ വകുപ്പും സംയോജിച്ച് കോട്ടയം ജില്ലയിൽ 200 വോളന്റിയർമാരെ ഉൾപ്പെടുത്തി 'ആപതാമിത്ര' പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

**കൊല്ലങ്കോട് താത്കാലിക ഫയർസ്റ്റേഷൻ അനുവദിക്കാൻ നടപടി**

169 (4458) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ 2018-ൽ ഇതുവരെ എത്ര തീപിടുത്തങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ മണ്ഡലത്തിലെ ആളുകൾ ഫയർ സർവ്വീസിന്റെ സേവനത്തിനായി ചിറ്റൂർ, ആലത്തൂർ സ്റ്റേഷനുകളെ ആശ്രയിക്കുന്നത് കാരണം സമയത്തിന് സേവനം ലഭിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കൊല്ലങ്കോട് ഫയർ സ്റ്റേഷൻ തുടങ്ങുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ഡി) നിലവിൽ ഇത് സംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തണമെന്നും വിശദമാക്കുമോ;

(ഇ) ഈ പദ്ധതി പൂർത്തീകരിക്കുന്നതുവരെ താത്കാലിക ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ആലത്തൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽനിന്നും 14 ഫയർ കോളുകളും ചിറ്റൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ നിന്ന് 24 ഫയർ കോളുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) കൊല്ലങ്കോട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥലത്തെ മരങ്ങൾ ലേലം നടത്തിയെങ്കിലും നിലവിലെ മതിപ്പ് വില ലഭിക്കാത്തതിനാൽ പുനർലേലം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ലേലം ചെയ്ത് മരങ്ങൾ മുറിച്ചുമാറ്റുന്നമുറയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ആരംഭിക്കുന്നതാണ്.

(ഇ) ഫയർസ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് സൗജന്യമായി സ്ഥലവും കെട്ടിടവും ലഭിക്കുന്നപക്ഷം പരിഗണിക്കാവുന്നതാണ്.

## ജയിൽ അന്തേവാസികൾക്കായി തൊഴിലധിഷ്ഠിത ബിരുദ സർട്ടിഫിക്കറ്റ് കോഴ്സുകൾ

170 (4459) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജയിലുകളിലെ അന്തേവാസികൾക്കായി തൊഴിലധിഷ്ഠിത ബിരുദ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ പദ്ധതിയിടുന്നുണ്ടോ;

(ബി) എങ്കിൽ ഈ കോഴ്സുകൾക്കായി അന്തേവാസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരിക്കുമെന്ന് അറിയിക്കാമോ;

(സി) അടിസ്ഥാന വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത അന്തേവാസികളെ പ്രസ്തുത കോഴ്സുകൾക്കായി പരിഗണിക്കുമോ; എങ്കിൽ ഏതൊക്കെ കോഴ്സുകളിലാകും ഇവർക്ക് പ്രവേശനം ലഭിക്കുകയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി & സി) ബാധകമല്ല.

## ജയിലിലെ തടവുപുള്ളികൾ

171 (4460) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ജയിലുകൾ ഉണ്ട്;

(ബി) ഇതിലെല്ലാം കൂടി എത്ര തടവുപുള്ളികളെ പാർപ്പിക്കുവാൻ കഴിയും;

(സി) നിലവിൽ സംസ്ഥാനത്തെ ജയിലുകളിൽ വിവിധ കേസ്സുകളിൽ ശിക്ഷിയ്ക്കപ്പെട്ട എത്ര തടവുപുള്ളികൾ ഉണ്ട്;

(ഡി) ജയിലിൽ അച്ചടക്കത്തോടെ പെരുമാറുന്ന തടവുപുള്ളികൾക്ക് ശിക്ഷാ ഇളവു നൽകി അവരെ മോചിതരാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 55.

(ബി) 6217.

(സി) 3153.

(ഡി) 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിലെ സെക്ഷൻ 77 പ്രകാരവും 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ അദ്ധ്യായം 36 പ്രകാരവും ജയിലിൽ അച്ചടക്കത്തോടെ പെരുമാറുന്ന യോഗ്യരായ തടവുപുള്ളികൾക്ക് ശിക്ഷായിളവ് നൽകാറുണ്ട്.

**ഭക്ഷ്യപദാർത്ഥങ്ങൾ വിറ്റഴിക്കുകവഴി ജയിലുകൾക്ക് ലഭിച്ച തുക**

172 (4461) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടവുകാർ ജയിലുകളിൽനിന്നും ഉല്പാദിപ്പിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങൾ വിറ്റഴിക്കുകവഴി എത്ര കോടി രൂപയുടെ കച്ചവടമാണ് സംസ്ഥാനത്ത് 2016-17, 2017-18 വർഷങ്ങളിൽ നടന്നിട്ടുള്ളതെന്ന് ജയിലുകൾതിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം എത്ര രൂപയുടെ ലാഭമുണ്ടായിട്ടുണ്ടെന്ന വിവരംകൂടി ലഭ്യമാക്കാമോ;

(സി) തടവുകാർക്ക് ഈ ജോലിയിൽ ഏർപ്പെടുന്നത് വഴി പ്രതിദിന വരുമാന വർദ്ധനവ് നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ യൂണിറ്റിൽ നിന്നുമുള്ള വരുമാനം 2016-17

| ക്രമ നമ്പർ | ജയിൽ | വരവ് (തുക രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, കണ്ണൂർ | 4,88,62,051 |
| 2 | സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, വിയ്യൂർ | 5,16,76,840 |
| 3 | സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, തിരുവനന്തപുരം | 7,71,70,220 |

| (1) | (2) | (3) |
|---|---|---|
| 4 | ഓപ്പൺ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, ചീമേനി | 2,39,71,341 |
| 5 | വനിതാ ഓപ്പൺ പ്രിസൺ, പൂജപ്പുര | 1,43,246 |
| 6 | വനിതാ ജയിൽ, തിരുവനന്തപുരം | 9,63,587 |
| 7 | ജില്ലാ ജയിൽ, കൊല്ലം | 1,33,78,460 |
| 8 | ജില്ലാ ജയിൽ, പത്തനംതിട്ട | 14,94,835 |
| 9 | ജില്ലാ ജയിൽ, എറണാകുളം | 1,33,26,190 |
| 10 | ജില്ലാ ജയിൽ, കോഴിക്കോട് | 32,37,015 |
| 11 | സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം | 83,66,585 |
| | ആകെ | 24,25,90,370 |

ഭക്ഷ്യ യൂണിറ്റിൽനിന്നുമുള്ള വരുമാനം 2017-18 (2018 ഫെബ്രുവരി മാസം വരെ)

| ക്രമ നമ്പർ | ജയിൽ | വരവ് (തുക രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, കണ്ണൂർ | 7,12,32,700 |
| 2 | സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, വിയ്യൂർ | 4,30,58,500 |
| 3 | സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, തിരുവനന്തപുരം | 8,07,15,092 |

| (1) | (2) | (3) |
|---|---|---|
| 4 | ഓപ്പൺ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, ചീമേനി | 2,67,47,713 |
| 5 | വനിതാ ഓപ്പൺ പ്രിസൺ, പൂജപ്പുര | 4,40,840 |
| 6 | വനിതാ ജയിൽ, തിരുവനന്തപുരം | 17,15,502 |
| 7 | ജില്ലാ ജയിൽ, കൊല്ലം | 1,32,13,175 |
| 8 | ജില്ലാ ജയിൽ, പത്തനംതിട്ട | 14,04,550 |
| 9 | ജില്ലാ ജയിൽ, എറണാകുളം | 1,71,49,070 |
| 10 | ജില്ലാ ജയിൽ, കോഴിക്കോട് | 47,68,290 |
| 11 | സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം | 74,77,115 |
| | ആകെ | 26,79,22,547 |

(ബി) 2016-17 സാമ്പത്തിക വർഷം 4,82,23,255 രൂപയും 2017-18 സാമ്പത്തിക വർഷം 5,06,33,456 രൂപയും (2018 ഫെബ്രുവരി മാസം വരെ) ലാഭമുണ്ടായിട്ടുണ്ട്.

(സി) ഉണ്ട്. 6-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 1740/2017/ആഭ്യന്തരം പ്രകാരം ഭക്ഷ്യോത്പാദന യൂണിറ്റുകളിൽ ജോലി ചെയ്യുന്ന തടവുകാരുടെ അടിസ്ഥാന വേതനം 148 രൂപയായി ഉയർത്തിയിട്ടുണ്ട്.

**പി. കെ. കുഞ്ഞനന്തന് അനുവദിച്ച പരോൾ**

173 (4462) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട പി. കെ. കുഞ്ഞനന്തന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ പരോൾ/സാധാരണ അവധി അനുവദിച്ചു;

(ബി) ഓരോ തവണയും എത്ര ദിവസം വീതമായിരുന്നു പരോൾ/സാധാരണ അവധി അനുവദിച്ചതെന്നും എന്തൊക്കെ കാര്യത്തിനായിരുന്നു ഇത് അനുവദിച്ചതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 7 തവണ സാധാരണ അവധിയും 8 തവണ അടിയന്തര അവധിയും അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നടക്കുന്ന ക്രമക്കേടുകൾ**

174 (4463) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് തടവുകാർ ഉന്നയിക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഈ പരാതിയിന്മേൽ കൈക്കൊണ്ട നടപടികൾ എന്തെന്ന് വിശദമാക്കാമോ;

(സി) തടവുകാർ ഉന്നയിച്ച പരാതികൾ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) അന്വേഷണത്തെ തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി/വകുപ്പുതല നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നെട്ടുകാൽത്തേരി തുറന്ന ജയിലിലെ അന്തേവാസികളിൽനിന്നും വിവിധ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ജയിൽ ആസ്ഥാന കാര്യാലയത്തിൽ ലഭിച്ച പരാതികളുടെ ഗൗരവം പരിഗണിച്ച് ജയിൽ സൂപ്രണ്ട്/വെൽഫെയർ ഓഫീസർ/റീജിയണൽ വെൽഫെയർ ഓഫീസർ/ദക്ഷിണ മേഖലാ ഡി.ഐ.ജി. എന്നീ ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ആവശ്യമായ അനന്തര നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പല ആരോപണങ്ങളും തടവുകാരുടെ സ്വാതന്ത്ര്യം പരിമിതപ്പെടുത്തുമ്പോഴോ, നിയന്ത്രിക്കപ്പെടുമ്പോഴോ ഉണ്ടാകുന്ന അനിഷ്ടത്താൽ അയയ്ക്കുന്ന അടിസ്ഥാനരഹിതമായ പരാതികളാണ് ഭൂരിഭാഗവും ലഭിക്കാറുള്ളത്. അവയിൽ കാര്യഗൗരവമുള്ളവ പരിഗണിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ ഒരു പരാതിയിൽ ജയിൽ ഉദ്യോഗസ്ഥരുടെ മോശമായ സമീപനം വ്യക്തമായതിനാൽ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഉണ്ട്. നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. സയ്യിദ് മുഹമ്മദ് എം. എന്ന ഉദ്യോഗസ്ഥനെ തിരുവനന്തപുരം ജില്ലാ ജയിലിലേയ്ക്ക് സ്ഥലം മാറ്റുകയുണ്ടായി.

## ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം സംബന്ധിച്ച് പഠിക്കുന്നതിന് കമ്മിറ്റി

175 (4464) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവ.പ്രസ്സുകളുടെ ആധുനികവൽക്കരണം സംബന്ധിച്ച് പഠിക്കുന്നതിനായി കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കമ്മിറ്റിക്ക് ടേംസ് ഓഫ് റഫറൻസ് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മിറ്റി വയനാട് ജില്ലയിലെ ഗവ.പ്രസ്സ് സന്ദർശിച്ചിട്ടുണ്ടോ; വയനാട് ഗവ.പ്രസ്സിനെ സംബന്ധിച്ച എന്തെല്ലാം നിർദ്ദേശങ്ങളാണ് ഈ കമ്മിറ്റി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം സംബന്ധിച്ച് പഠിക്കുന്നതിനായി 5-11-2016-ൽ സ.ഉ.(സാധാ.)നമ്പർ 3025/16/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) വയനാട് ഗവൺമെന്റ് പ്രസ്സിനെ സംബന്ധിച്ച ശിപാർശകൾ ഒന്നും കമ്മിറ്റി സമർപ്പിച്ചിട്ടില്ല. എന്നാൽ പ്രൊഡക്ഷൻ കുറവായതിനാലും ആവശ്യംവേണ്ട പ്രിന്റിംഗ് യന്ത്രങ്ങളുടെ അഭാവമുള്ള ഈ പ്രസ്സ് 'viable' അല്ലാത്തതിനാൽ തുടർന്നു കൊണ്ട് പോകേണ്ടതില്ല എന്നൊരു അഭിപ്രായം കമ്മിറ്റി രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വണ്ടൂർ ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം

176 (4465) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മലപ്പുറം ജില്ലയ്ക്ക് വണ്ടൂരിൽ അനുവദിച്ച സർക്കാർ പ്രസ്സിന്റെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

മലപ്പുറം ജില്ലയ്ക്ക് വണ്ടൂരിൽ അനുവദിച്ച സർക്കാർ പ്രസ്സിന് സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമായാൽ മാത്രമേ പ്രസ്സിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## അച്ചടി വകുപ്പിലെ നവീകരണത്തിന് ഡോ. രാജേന്ദ്രകുമാർ അനയത്ത് റിപ്പോർട്ട്

177 (4466) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിലെ നവീകരണത്തിനുവേണ്ടി റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ഡോ. രാജേന്ദ്രകുമാർ അനയത്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) 2016-17 വർഷത്തിൽ വാങ്ങിയ പുതിയ മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടോ; ഇവ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇവയിൽ ആധുനികവൽക്കരണത്തിന് യോജിച്ച മെഷീനുകളാണോ വാങ്ങിയത്; മെഷീനുകൾ വാങ്ങിയതിൽ പരാതികൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സമിതി ശിപാർശകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ

178 (4468) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളുടെ ആസൂത്രണം സമയബന്ധിതമായി നടപ്പിലാക്കുവാൻ സർക്കാർ തലത്തിലും ആസൂത്രണബോർഡിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതികൾക്ക് ഭരണാനുമതി നൽകിക്കൊണ്ട് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) അപ്രകാരം സംവിധാനമേർപ്പെടുത്തിയിട്ടും പദ്ധതി വിഹിത വിനിയോഗത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുവാനായി ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയ പദ്ധതികളെ ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) എങ്കിൽ പ്രസ്തുത പദ്ധതികളുടെ പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വാർഷിക പദ്ധതിയുടെ നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേരുകയും യോഗത്തിൽ ഓരോ വകുപ്പിന്റെയും പദ്ധതി പുരോഗതി അവലോകനം നടത്തുന്നുണ്ട്. കൂടാതെ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓരോ മൂന്നുമാസത്തിലൊരിക്കൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ഈ സന്ദർഭത്തിൽ പദ്ധതിയുടെ നടത്തിപ്പുവേളയിൽ എന്തെങ്കിലും തടസ്സങ്ങൾ അനുഭവപ്പെടുമ്പോൾ അത് മാറ്റുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ എല്ലാ വകുപ്പിലെയും പ്രധാനപ്പെട്ട പ്രോജക്ടുകൾ മുഖ്യമന്ത്രി പ്രത്യേകമായി അവലോകനം നടത്തി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നുണ്ട്. ഈ അവലോകന യോഗത്തിൽ പദ്ധതികൾക്ക് താമസം കൂടാതെ, ഭരണാനുമതി നേടുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശവും നൽകാറുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതിയുടെ ചർച്ചാവേളയിൽ പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. താഴെത്തട്ടിൽ ജില്ലാ കളക്ടർമാർ എല്ലാ മാസവും സംസ്ഥാന പദ്ധതി പുരോഗതി ജില്ലാ വികസന കൗൺസിൽ അവലോകനം നടത്താറുണ്ട്.

(സി) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഗ്രീൻബുക്കിൽ ഉൾപ്പെട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി 2018 ഫെബ്രുവരി 28 വരെ 1105.53 കോടി രൂപയാണ് (72.94%).

## ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് മുടക്കം

179 (4469) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിൽ ഏറ്റവും കൂടുതൽ തൊഴിൽ നഷ്ടം നേരിട്ട സമുദായം ഏതെന്നു വ്യക്തമാക്കുമോ ;

(ബി) കേരളത്തിലെ ആകെ ജനസംഖ്യയിൽ ദളിത് ക്രൈസ്തവരുടെ ശതമാനം എത്രയാണ്; ജനസംഖ്യാ പ്രാതിനിധ്യമനുസരിച്ച് ദളിത് ക്രൈസ്തവർക്ക് നൽകുന്ന സംവരണത്തിലെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ഒ ഇ സി എന്ന നിലയിൽ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് മുടക്കം നേരിട്ടു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വിഷയം പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിൽ ഏതെങ്കിലും സമുദായത്തിന് തൊഴിൽനഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. സർക്കാർ സർവ്വീസിലെ പ്രാതിനിധ്യക്കുറവാണ് കമ്മീഷൻ പരിശോധിച്ചത്.

(ബി) കൃത്യമായ ജനസംഖ്യാ കണക്കുകൾ ലഭ്യമല്ല. വ്യത്യാസം പരിശോധിച്ചിട്ടില്ല.

(സി) ഉണ്ട്. 2016 മാർച്ച് 31 വരെ 169 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. ആ വർഷം 30 പുതിയ സമുദായങ്ങൾക്കുകൂടി ഒ.ഇ.സി. ആനുകൂല്യം അനുവദിച്ചതിനാൽ തുടർന്നുള്ള വർഷങ്ങളിൽ ഏതാണ്ട് 100 കോടി രൂപയോളം അധികം ആവശ്യമായി വന്നു. കുടിശ്ശിക നിവാരണത്തിന് 2017-18 ബജറ്റ് വിഹിതമായ 163 കോടിക്കു പുറമേ 150 കോടിരൂപ കൂടി അനുവദിച്ചു. 2018 ജനുവരി വരെ ലഭിച്ചിട്ടുള്ള അപേക്ഷകൾക്കെല്ലാം തുക നൽകി തീർപ്പാക്കുവാൻ സാധിക്കുന്നതാണ്.

## ഏഴിക്കര പഞ്ചായത്തിൽ ഭവനനിർമ്മാണത്തിന് സി.ആർ.ഇസഡ്.അനുമതി

180 (4470) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനനിർമ്മാണത്തിനായി നൽകുന്ന അപേക്ഷകളിൽ സി.ആർ.ഇസഡ്. പ്രകാരമുള്ള അനുമതി നൽകുന്നത് ഏതുവിഭാഗം ഉദ്യോഗസ്ഥരാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ദ്വീപിനു തുല്യമായ ഭൂപ്രദേശമുള്ള എറണാകുളം ജില്ലയിലെ ഏഴിക്കര പഞ്ചായത്തിൽനിന്നും ഈ സർക്കാർ കാലയളവിൽ ഇപ്രകാരം ലഭിച്ച അപേക്ഷകളുടെ എണ്ണവും ഓരോന്നും ലഭിച്ച തീയതിയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള തീരദേശ പരിപാലന അതോറിറ്റിയുടെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഭവന നിർമ്മാണത്തിനായി നൽകുന്ന അപേക്ഷകളിൽ സി.ആർ.ഇസഡ്. പ്രകാരമുള്ള അനുമതി നൽകിവരുന്നത്.

(ബി) ഗൃഹ നിർമ്മാണത്തിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ, സൈറ്റ് പ്ലാൻ/ബിൽഡിംഗ് പ്ലാൻ (3 പകർപ്പ്) എന്നിവ മറ്റ് അനുബന്ധ രേഖകൾ സഹിതം (തീരദേശ വാസി/തദ്ദേശവാസി/മത്സ്യബന്ധന സമൂഹം എന്നത് തെളിയിക്കുന്ന സാക്ഷ്യപത്രം) തദ്ദേശ സ്വയംഭരണാധികാരി മുഖേന കേരള തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപന നിയമം അടിസ്ഥാനമാക്കി അപേക്ഷകൾ ലഭ്യമാകുന്നതിന്റെ സീനിയോറിറ്റി പ്രകാരം ടെക്നിക്കൽ റിപ്പോർട്ട് തയ്യാറാക്കുകയും അപേക്ഷകൾ KCZMA മീറ്റിംഗിൽ പരിഗണിക്കുകയും ചെയ്യുന്നു. മിനിട്സ് അംഗീകാരം ലഭിച്ചശേഷം ബന്ധപ്പെട്ട കക്ഷികളെ തീരുമാനം അറിയിക്കണം.

(സി) അനുബന്ധമായി ചേർക്കുന്നു.*

## മലപ്പുറം കാൻസർ സെന്റർ

181 (4471) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി ഉപേക്ഷിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മലബാറിലെ രോഗികൾക്ക് ഏറെ ഉപകാരപ്പെട്ടുമായിരുന്ന പദ്ധതി പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡി പിരിച്ചുവിട്ടിട്ടുണ്ടോ; പ്രൊജക്ടിനും സ്പെഷ്യൽ ഓഫീസർക്കും വിവിധയിനങ്ങളിലായി നാളിതുവരെ എന്തുതുക ചെലവഴിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) റീജ്യണൽ കാൻസർ സെന്റർ, തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ കണ്ണൂർ, കൊച്ചിൻ കാൻസർ സെന്റർ, എറണാകുളം എന്നിവിടങ്ങളിൽ കാൻസർ ചികിത്സ രംഗത്തെ ആധുനിക സമ്പ്രദായങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഈ സൗകര്യങ്ങൾ ഘട്ടംഘട്ടമായി ഒരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലപ്പുറത്ത് മറ്റൊരു കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യമില്ലെന്നു തീരുമാനിച്ചിട്ടുണ്ട്.

(സി) ഗവേണിംഗ് ബോഡി പിരിച്ചുവിട്ടിട്ടില്ല. മലപ്പുറം കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ ചെലവുകൾക്ക് ലഭിച്ച തുകയും പലിശയും ചേർത്ത് ആകെ ഒരു കോടി മൂന്നുലക്ഷത്തി എഴുപതിനായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട് (1,03,70,988) രൂപ ചെലവായിട്ടുണ്ട്. കൂടാതെ, ജീവനക്കാരുടെ ശമ്പളവും മറ്റിനങ്ങളിലുമായി മൂന്നുലക്ഷത്തി ഇരുപത്തിയൊന്നായിരത്തി നാനൂറ്റി എൺപത് (3,21,480) രൂപ കുടിശ്ശികയുമുണ്ട്.

**ജലപാതകളുടെ നവീകരണം**

182 (4472) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ജലപാതകളാണ് നവീകരിക്കുവാനും പുതിയതായി ആരംഭിക്കുവാനും തീരുമാനിച്ചിട്ടുള്ളത്; വിശദ വിവരം നൽകുമോ;

(ബി) തിരുവനന്തപുരം-കാസർഗോഡ് ജലപാതയുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ; ഈ ജലപാത എന്ന് കമ്മീഷൻ ചെയ്യുവാനാകുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വെസ്റ്റ്കോസ്റ്റ് കനാലിന്റെ കോവളം മുതൽ കൊല്ലം വരെയും, കോഴിക്കോട് മുതൽ നീലേശ്വരം വരെയുമുള്ള ഭാഗങ്ങളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റും കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ജലപാതയുടെ നവീകരണം ദേശീയ ഉൾനാടൻ ജലപാത അതോറിറ്റിയുമാണ് നിർവ്വഹിക്കുന്നത്. വെസ്റ്റ്കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2020-ൽ തീരുന്ന ഒന്നാംഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും, കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളും ആരംഭിക്കും. 2022-ൽ തീരുന്ന രണ്ടാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കും. 2025-ൽ തീരുന്ന മൂന്നാം ഘട്ടത്തിൽ ജലപാതകൾ ദേശീയ ജലപാതാ നിലവാരത്തിലെത്തിക്കുന്ന വിധമുള്ള വികസന പ്രവർത്തനങ്ങളും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനവും ലക്ഷ്യമിടുന്നു. ഉയർന്ന നിർമ്മാണ ചെലവ് വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് KWIL എന്ന SPV രൂപീകരിച്ചിട്ടുണ്ട്.

(ബി) കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗതയോഗ്യവും, ബാക്കിവരുന്ന 11.30 കി.മീ. ഭാഗം ഭാഗികമായി ഗതാഗതയോഗ്യവുമാണ്. പാർവതി പുത്തനാർ ഉൾപ്പെടെയുള്ള 35.38 കി.മീ ഭാഗത്തെ കനാൽവികസനം, ജലപാതവികസനം ലക്ഷ്യമാക്കി രൂപീകരിച്ച KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതാണ്. നിലവിലുള്ള വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ.ഭാഗം (ചെ.411.78-450.08 കി.മീ) ഗതാഗത യോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ- കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ.450.08 കി.മി. -467.69 കി.മി ഭാഗത്ത് ദേശീയജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി-വളപട്ടണത്തിനുമിടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു. വളപട്ടണം മുതൽ നീലേശ്വരം വരെ പാത ഗതാഗതയോഗ്യമാണ്. നിർമ്മാണ നവീകരണ പ്രവർത്തികൾ 2020-ൽ പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കാമെന്ന് കരുതുന്നു.

## കോസ്റ്റൽ റഗുലേഷൻ സോൺ

183 (*T4473) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോസ്റ്റൽ റെഗുലേഷൻ സോൺ ബാധകമായ സ്ഥലങ്ങളിലെ ഭവന നിർമ്മാണ അപേക്ഷകളിൽ അകാരണമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഭവന വായ്പകൾ ലഭിക്കുന്നതിനും റേഷൻ കാർഡ് മുതലായവ ലഭിക്കുന്നതിനും കാലതാമസമുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭവന നിർമ്മാണത്തിനായി നൽകുന്ന അപേക്ഷകളിൽ കാല താമസമില്ലാതെ നടപടി സ്വീകരിക്കുമോ ;

(ഡി) ഇത്തരത്തിൽ അപേക്ഷ നൽകിയശേഷം വീട് പണിത വ്യക്തികൾക്ക് ആ നടപടി സാധൂകരിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) അകാരണമായ കാലതാമസം ഉണ്ടാകുന്നില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ 2011-ലെ CRZ Notification പ്രകാരം പരിശോധിച്ച് തീരുമാനം കക്കൊള്ളുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ കുടുംബകോടതി

184 (4474) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കുടുംബകോടതി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കോടതി പ്രവർത്തിക്കുന്നത് ഏത് പ്രദേശത്താണെന്നും കോടതി പ്രവർത്തനത്തിന് അനുയോജ്യമായ അന്തരീക്ഷമാണോയെന്നും വ്യക്തമാക്കുമോ;

(സി) അല്ലെങ്കിൽ അനുയോജ്യമായ സ്ഥലത്തേക്ക് കുടുംബകോടതി മാറ്റി സ്ഥാപിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഡി) കുടുംബകോടതി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ എത്രയാണ് മാസവാടക എന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കോടതിക്ക് സ്വന്തമായി കെട്ടിടം പണിയുന്ന കാര്യം പരിഗണനയിലുണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിലാണ് കുടുംബകോടതി സ്ഥിതിചെയ്യുന്നത്. ഈ സ്ഥലം കോടതിയുടെ പ്രവർത്തനത്തിന് അനുയോജ്യമല്ല.

(സി) കുടുംബകോടതി പ്രവർത്തിപ്പിക്കുന്നതിനനുയോജ്യമായ ഒരു കെട്ടിടം കാസർഗോഡ് ജില്ലാ ജഡ്ജി കണ്ടെത്തിയിട്ടുണ്ട്. പുതിയ കെട്ടിടത്തിലേയ്ക്ക് കുടുംബകോടതി മാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) 16,250 രൂപയാണ് നിലവിൽ കാസർഗോഡ് കുടുംബകോടതി കെട്ടിടത്തിന്റെ പ്രതിമാസവാടക.

(ഇ) DSR 2016 പ്രകാരം ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കേരളത്തിലെ ഡാമുകളുടെ സുരക്ഷിതത്വം**

185 (4475) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ചെറുതും വലുതുമായ എത്ര ഡാമുകളാണ് ഉള്ളത്; ഇവയുടെ ഓരോന്നിന്റെയും പഴക്കം എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പഴക്കമേറിയ ഡാമുകളുടെ സുരക്ഷിതത്വം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഓരോ വർഷവും ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം, പരിസ്ഥിതിലോലമേഖലയിൽ ഉൾപ്പെടുന്ന ഡാമുകൾ ഇവയിൽ ഏതൊക്കെയാണെന്ന് പറയാമോ; ഇവ ഡീകമ്മീഷൻ ചെയ്യേണ്ടിവരുമോ;

(ഡി) കാലപ്പഴക്കമേറിയ മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയ ഡാം നിർമ്മിക്കണമെന്ന കേരള സർക്കാരിന്റെ ആവശ്യം കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്ന സാഹചര്യത്തിൽ എങ്ങനെ നടപ്പാക്കാൻ കഴിയുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) പരിസ്ഥിതിലോലമേഖലയിലെ ഡാമുകൾ ഡീകമ്മീഷൻ ചെയ്യേണ്ട സാഹചര്യം ഉണ്ടായാൽ ഇവയ്ക്ക് ബദൽ മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ജലവിഭവ വകുപ്പിനുകീഴിൽ 20 ഡാമുകൾ/റഗുലേറ്ററുകൾ/ ബാരേജുകൾ ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ പേപ്പാറ, അരുവിക്കര എന്നിവിടങ്ങളിലായി രണ്ട് ഡാമുകളാണ് ഉള്ളത്. അവയുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* വൈദ്യുതി വകുപ്പിന്റെകീഴിൽ 26 ചെറിയ ഡാമുകളും 30 വലിയ ഡാമുകളും 2 മിനി ഡാമുകളും ഉണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) ഡാമുകളുമായി ബന്ധപ്പെട്ട ചെറിയ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു. ഇതിനുപുറമെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്ര ജലകമ്മിഷന്റെ മേൽനോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) പദ്ധതിയിലും പണികൾ നടന്നുവരുന്നുണ്ട്. കൂടാതെ കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ പരിശോധനകൾ കാലാകാലങ്ങളിൽ നടത്തുകയും അണക്കെട്ടുകളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്താൻവേണ്ട നിർദ്ദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ഡാമിന്റെ നിയന്ത്രണമുള്ള പരിപാലകർക്ക് നൽകുകയും ചെയ്തുവരുന്നു.

(സി) ചിറ്റൂർ ഡിവിഷനിൽ ഉൾപ്പെടുന്ന വാളയാർ ഡാം സ്ഥിതി ചെയ്യുന്നത് കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരമുള്ള പരിസ്ഥിതി ലോല പ്രദേശത്താണ്. പ്രസ്തുത ഡാം ഡീകമ്മീഷൻ ചെയ്യുന്ന കാര്യത്തിൽ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം കർശനമായ നിബന്ധനകൾക്ക് അനുസരിച്ച് മാത്രമേ പരിസ്ഥിതിലോല (ECO sensitive Area) മേഖലയിൽ പ്രവൃത്തികൾ നടത്താവൂയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമസഭകളുടെ അനുമതിയും പദ്ധതികൾക്ക് ആവശ്യമാണ്. സർക്കാർ ഈ നിബന്ധനകൾ പരിശോധിക്കുന്നുണ്ട്.

(ഇ) പരിശോധിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നോൺ മൈഡ്രിയാറ്റിക് ക്യാമറകൾ

186 (4477) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലി രോഗങ്ങൾ കണ്ണിനെ ബാധിക്കുന്നുണ്ടോ എന്നറിയാൻ നിലവിൽ എന്തൊക്കെ സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി) നോൺ മൈഡ്രിയാറ്റിക് ക്യാമറകൾ എല്ലാ ജില്ലാ ആശുപത്രികളിലും സ്ഥാപിക്കുന്നതിന് നീക്കമുണ്ടോ;

(സി) ഇത്തരം ക്യാമറകൾ ഫലപ്രദമാണെന്ന് കണ്ടാൽ പ്രമേഹംമൂലമുള്ള അന്ധത തടയുന്നതിനായി കൂടുതൽ നേത്രപടല പരിശോധനാ ക്യാമറകൾ വാങ്ങി എല്ലാ താലൂക്ക് ആശുപത്രികളിലും സ്ഥാപിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) പ്രമേഹരോഗ ബാധിതരുടെ കാഴ്ചപരിശോധന നടത്തുന്നു. പ്രമേഹം ബാധിച്ചവരുടെ കണ്ണുകൾ വികസിപ്പിച്ച് നേത്രാന്തര പടല വിദഗ്ധ പരിശോധന ഡയറക്ട് & ഇൻഡയറക്ട് ഓഫ്താൽമോസ്കോപ്പ് ഉപയോഗിച്ച് നടത്തുന്നു. നേത്രാന്തരപടലത്തിനുണ്ടാകുന്ന അസുഖങ്ങൾക്കുള്ള ലേസർ ചികിത്സയും ശസ്ത്രക്രിയയും നടത്തി വരുന്നു.

(ബി) നോൺ മൈഡ്രിയാറ്റിക് ക്യാമറകൾ എല്ലാ ജില്ലാ ആശുപത്രികളിലും സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇത്തരം ക്യമറകൾ ഫലപ്രദമെന്നുകണ്ടാൽ പ്രമേഹംമൂലമുള്ള അന്ധത തടയുന്നതിനായി താലൂക്ക് ആശുപത്രികളിൽ ഘട്ടംഘട്ടമായി നോൺ മൈഡ്രിയാറ്റിക് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ലേബർ റൂമുകളിലെ വൃത്തിയും അനുബന്ധസൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് നടപടി

187 (4478) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ലേബർ റൂമുകളിലെ വൃത്തി, സൗകര്യങ്ങൾ തുടങ്ങിയവ പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ലേബർ റൂമുകളിലെ വൃത്തിയില്ലായ്മ, അസൗകര്യങ്ങൾ, ജീവനക്കാരുടെ മോശമായ സമീപനരീതി എന്നിവയെ കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ;

(സി) ആശുപത്രികൾ കൂടുതൽ രോഗി-സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന സർക്കാർ ആശുപത്രികളിൽ ലേബർ റൂം ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും വൃത്തി, സൗകര്യങ്ങൾ എന്നിവ പരിശോധിക്കുന്നു. NABH അക്രെഡിറ്റേഷൻ KASH (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്) NQAS (നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്) എന്നിവ നടപ്പാക്കുന്ന ആശുപത്രികളിലാണ് ലേബർ റൂം ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും വൃത്തി, സേവനങ്ങൾ എന്നിവ പിരിശോധിച്ച് ഉറപ്പു വരുത്തുന്നത്. ഇതുകൂടാതെ 'കായകൽപ്പ്' പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിലും എല്ലാ വിഭാഗത്തിലെയും, ശുചിത്വം, ഇൻഫെക്ഷൻ കൺട്രോൾ (infection control) എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ആശുപത്രികളിൽ, നഴ്സിംഗ് സൂപ്രണ്ട്, ഹെഡ് നഴ്സ്, ബന്ധപ്പെട്ട ഡോക്ടർമാർ എന്നിവർ ദിവസവും, ആഴ്ചയിലും ഇത് പരിശോധിക്കാറുണ്ട്.

(ബി) ഇത്തരത്തിലുള്ള പരാതികൾ ഇടയ്ക്ക് ലഭിക്കാറുണ്ട്. പരാതികൾ ഉയരുമ്പോൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളും നടപടികളും ബന്ധപ്പെട്ട അധികാരികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാറുണ്ട്.

(സി) സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ്, ഇൻപേഷ്യന്റ് വിഭാഗങ്ങൾ ആവശ്യമായ മാനദണ്ഡങ്ങളോടെ രോഗി സൗഹൃദം ആക്കുകയെന്നതാണ് ആർദ്രം മിഷന്റെ പ്രധാന ഉദ്ദേശം. ഇതിനായി ഡോക്ടർമാർ പരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. അതോടൊപ്പം ജില്ലാ താലൂക്ക് തല ആശുപത്രികളിൽ അധിക തസ്തിക സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളൊടെ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാനും ലക്ഷ്യമിടുന്നു. ആശുപത്രികൾ കൂടുതൽ രോഗീസൗഹൃദമാക്കുന്നതിനോടനുബന്ധിച്ച് 14 താലൂക്ക് ആശുപത്രികളിൽ ഒ.പി ട്രാൻസ്ഫോർമേഷൻ നടത്തുന്നതിനായി 21,17,15,500 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെട്ടുംതൂണായ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ എല്ലാ തരത്തിലും ശക്തിപ്പെടുത്താനും പ്രവർത്തനമേഖല വിപുലപ്പെടുത്താനും ഇതിലൂടെ ലക്ഷ്യമിടുന്നു.

ഒരു കുടുംബത്തിലെ എല്ലാ പ്രധാന പ്രാഥമികാരോഗ്യ പരിചരണ കാര്യങ്ങളും ചിട്ടയായി ചെയ്യാനാവുന്ന തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്നതും ഇതിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിലേയ്ക്കായി ആവശ്യമായ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ഷിക്കുന്നതും സൗകര്യങ്ങൾ ഒരുക്കുന്നതും എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും ചികിത്സാ മാർഗ്ഗരേഖകളുടെയും പ്രോട്ടോകോളുകളുടെയും അടിസ്ഥാനത്തിൽ ചികിത്സകൾ ശാസ്ത്രീയമായ രീതിയിൽ ക്രമീകരിക്കാനും ആർദ്രം മിഷൻ ലക്ഷ്യമിടുന്നു. ഇതോടൊപ്പം തന്നെ ആരോഗ്യ രംഗത്തിന്റെ മികച്ച പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുക എന്നതും ആർദ്രം ദൗത്യത്തിലൂടെ ലക്ഷ്യമിടുന്നു.

### ലിംബ് ഫിറ്റിംഗ് സെന്ററുകളുടെ പ്രവർത്തനം

188 (4479) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ-താലൂക്ക് ആശുപത്രികളിലും പ്രവർത്തിക്കുന്ന 'ലിംബ് ഫിറ്റിംഗ്' സെന്ററുകളുടെ പ്രവർത്തനം നവീകരിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കൂടുതൽ ലിംബ് ഫിറ്റിംഗ് സെന്ററുകൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ലിംബ് ഫിറ്റിംഗ് സെന്ററുകളിൽ പുതിയതായി കോബ്ലർ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര;

(ഡി) കോബ്ലർ തസ്തികയിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തതിന്റെ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആർട്ടിഫിഷ്യൽ ലിംബ് ഫിറ്റിംഗ് സെന്ററിന്റെ നവീകരണത്തിനായി 95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ നവീനമായ ഉപകരണങ്ങളും മെഷിനറികളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2018-19-ലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ താലൂക്ക് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ലിംബ് ഫിറ്റിംഗ് സെന്ററുകളുടെ പ്രവർത്തനം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് 30 ലക്ഷം രൂപയും, തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ലിംബ് ഫിറ്റിംഗ് യൂണിറ്റിനോടും പി.എം.ആർ. യൂണിറ്റിനോടും അനുബന്ധിച്ച് സ്പൈനൽ ഇഞ്ചുറി

സെന്റർ സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയും സംസ്ഥാനത്തു നിലവിൽ പ്രവർത്തിച്ചുവരുന്ന ലിംബ് യൂണിറ്റുകളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ തിരൂർ ജില്ലാആശുപത്രിയിൽ ലിംബ് ഫിറ്റിങ് സെന്റർ ആരംഭിക്കുന്നതിലേയ്ക്കായി 20 ലക്ഷം രൂപ 2018-19-ൽ വകയിരുത്തിയിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടന്നു വരുന്നു.

**കോളറ രോഗം**

189 (4480) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളറ രോഗം പടർന്നുപിടിക്കാൻ സാധ്യതയുണ്ടെന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത രോഗം വ്യാപകമാകുന്നത് തടയാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) അന്യസംസ്ഥാന തൊഴിലാളികളിൽ നിന്നാണ് രോഗം പടരുന്നതെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ഡി) എങ്കിൽ അതിർത്തികളിൽത്തന്നെ പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ച് രോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള IDSP സെൽ മുഖേന ഇത്തരം വാർത്തകൾ പരിശോധിക്കുകയും വേണ്ടനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) ശരിയായ രീതിയിലുള്ള ബോധവൽക്കരണ പരിപാടികൾ (ഐ.ഇ.സി. പ്രവർത്തനങ്ങൾ), തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാനുപയോഗിക്കുക, പാചകം ചെയ്ത ആഹാരസാധനങ്ങൾ എപ്പോഴും അടച്ചുസൂക്ഷിക്കുക, പഴകിയതും മലിനമായതുമായ ആഹാരം കഴിക്കാതിരിക്കുക, പഴവർഗ്ഗങ്ങളും പച്ചക്കറികളും നല്ലവണ്ണം കഴുകിയതിനുശേഷം മാത്രം ഉപയോഗിക്കുക, വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കുക, കുടിവെള്ള കിണറുകൾ യഥാസമയം ക്ലോറിനേറ്റ് ചെയ്യുക, കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനുവേണ്ടി പരിശോധന നടത്തുക തുടങ്ങിയ കാര്യങ്ങളെ

കുറിച്ച് ശരിയായ ബോധവൽക്കരണം പൊതുജനങ്ങളുടെ ഇടയ്ക്ക് നടത്തുന്നതിനോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലത്ത് അവരുടേതായ ഭാഷയിൽ ബോധവൽക്കരണം നടത്തുകയും അതോടൊപ്പംതന്നെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനും, ആവശ്യമായ താമസ സൗകര്യവും, ശുചിമുറിയും ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനും വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പാക്കുന്നതിന് ക്ലോറിനേഷൻ, ഗുണമേന്മ പരിശോധിക്കുന്നതിനും പൈപ്പിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വാട്ടർ അതോറിറ്റിയുമായി ചർച്ചചെയ്ത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ Hand Washing Technique, വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണവും സ്കൂൾ അസംബ്ലിയിൽ പ്രതിജ്ഞയും നടത്തിവരുന്നു.

(സി) പരിശോധിച്ചിട്ടുണ്ട്. ഈ വർഷം റിപ്പോർട്ട് ചെയ്ത 5 കോളറ കേസുകളിൽ 4 എണ്ണവും ഇതര സംസ്ഥാന തൊഴിലാളികളിലാണ്.

(ഡി) ബീഹാർ, ആസ്സാം, വെസ്റ്റ് ബംഗാൾ, ഒറീസ്സ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും ദിവസങ്ങൾ യാത്ര ചെയ്ത് കേരളത്തിൽ എത്തുന്ന തൊഴിലാളികൾക്ക് അവരുടെ നാട്ടിൽനിന്നോ, യാത്രാവേളകളിൽനിന്നോ എവിടെ നിന്നാണ് രോഗബാധിതർ ആകുന്നതെന്ന് വ്യക്തമായി പറയാൻ സാധിക്കുന്നില്ല. യാത്രാവേളകളിൽ ആഹാര ശുചിത്വം, കുടിവെള്ള ശുചിത്വം, വ്യക്തി ശുചിത്വം എന്നിവയെക്കുറിച്ച് അവരെ ബോധവാൻമാരാക്കുകയും കേരളത്തിൽ എത്തിച്ചേർന്നിട്ട് രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടാൽ ഉടനെതന്നെ അവരുടെ 'stool sample' പരിശോധിച്ച് രോഗനിർണ്ണയം നടത്തി യഥാസമയം ചികിത്സയും, തുടർന്ന് പ്രതിരോധ നടപടികളും സ്വീകരിച്ചുവരുന്നു. അതിർത്തികളിൽ ഉള്ള ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാണ്.

**നീതി ആയോഗ് നടത്തിയ പഠന റിപ്പോർട്ട്**

190 (4481) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യൻ സംസ്ഥാനങ്ങളിലെ ആരോഗ്യമേഖലയെ വിലയിരുത്തി നീതി ആയോഗ് നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;വ്യക്തമാക്കുമോ;

(ബി) ഏത് വർഷം അടിസ്ഥാനമാക്കി എടുത്തുകൊണ്ടാണ് വിവിധ ആരോഗ്യ സൂചികകളും ഭരണ കാര്യക്ഷമതയും നേട്ടങ്ങളും കോട്ടങ്ങളും പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(സി) ശിശുമരണ നിരക്ക്, ആയുർദൈർഘ്യം തുടങ്ങിയ സൂചികകളിൽ വികസിത രാജ്യങ്ങളോടൊപ്പം സംസ്ഥാനത്തിന് സ്ഥാനം ലഭിച്ചിട്ടുണ്ടോ ; ഏതൊക്കെ സൂചികകളിലാണ് സംസ്ഥാനം മുന്നിട്ട് നിൽക്കുന്നത്; വിശദീകരിക്കാമോ ;

(ഡി) ഏതെങ്കിലും സൂചികകളിൽ സംസ്ഥാനം പിന്നോട്ട് പോയതായി റിപ്പോർട്ട് സൂചിപ്പിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാനം പുറകോട്ട് പോകുവാൻ ഉണ്ടായ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) നീതി ആയോഗ് പുറത്തിറക്കിയ 'Healthy States Progressive India' എന്ന പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആരോഗ്യ സൂചികകൾ, ഭരണ സംവിധാനം, ആരോഗ്യ സംവിധാനത്തിന്റെ ദൃഢത എന്നിവ അളക്കുന്നതിനായി സൂചികകൾ ഉപയോഗിച്ചാണ് സ്കോറിംഗ് നടത്തിയിരിക്കുന്നത്.

(ബി) 2014-15 വർഷത്തെ ബേസ് ഇയറായും (base year)2015-16-നെ റഫറൻസ് ഇയറായും (reference year) കണക്കാക്കിയാണ് സൂചികകൾ നിർണ്ണയിച്ചിട്ടുള്ളത്.

(സി) Neonatal Mortality Rate (NMR) (ജനിച്ച ആദ്യ 28 ദിവസത്തെ കുട്ടികളുടെ മരണനിരക്ക്) ആണ് നീതി ആയോഗ് റാങ്കിങ്ങിനായി പരിഗണിച്ചിട്ടുള്ളത്. രാജ്യത്തെ ഏറ്റവും കുറഞ്ഞ എൻ.എം.ആർ. ആണ് കേരളത്തിന്റേത്. സുസ്ഥിര വികസന ലക്ഷ്യങ്ങളിലൂടെ 2030-ഓടെ 12-ൽ താഴെയാക്കുക എന്ന ലക്ഷ്യം കൈവരിച്ച രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ് എന്നു റിപ്പോർട്ട് എടുത്തുപറയുന്നു. Under Five Mortality Rate (U5MR) (അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക്) ആണ് പരിഗണിക്കപ്പെട്ട മറ്റൊരു സൂചിക. കേരളത്തിന്റെ U5MR 13/1000 live births ആണ്. 2017-ൽ കേന്ദ്ര സർക്കാർ പുറത്തിറക്കിയ കേന്ദ്ര ആരോഗ്യ നയത്തിൽ 2025 U5MR 23/1000 live births ആയി കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം കേരളം നേരത്തെതന്നെ പൂർത്തീകരിച്ചിരിക്കുന്നു. ആയുർദൈർഘ്യം ഒരു മാനദണ്ഡമായി നീതി ആയോഗ് പരിഗണിച്ചിട്ടില്ല.

(ഡി) കുട്ടികളിലെ ജനനസമയത്തെ ഭാരക്കുറവ് ബേസ് ഇയറിൽനിന്ന് റഫറൻസ് ഇയറിലേക്ക് 10.8%-ൽനിന്നും 11.7% ആയി ഉയർന്നിട്ടുണ്ട്. ഗർഭാവസ്ഥയിലെ പോഷകാഹാര കുറവ്, വിളർച്ച, മറ്റ് സങ്കീർണ്ണതകൾ എന്നിവമൂലം കുട്ടികൾക്ക് ജനനസമയത്ത് ഭാരക്കുറവ് ഉണ്ടാകാം. ഇത് പരിഹരിക്കുന്നതിനും മാതൃശിശു ആരോഗ്യം സംരക്ഷിക്കുന്നതിനും സാമൂഹ്യനീതി വകുപ്പ്, വനിതാ ശിശുക്ഷേമ

വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവർ യോജിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കേരളത്തിലെ കുട്ടികളുടെ സ്ത്രീ, പുരുഷ അനുപാതം രാജ്യത്തെ ഏറ്റവും മികച്ചതാണ് എങ്കിലും 2012-14-ൽ 974 ആയിരുന്നത് 2013-15-ൽ 967 ആയി കുറഞ്ഞിട്ടുണ്ട്. PCPNDT നിയമം സർക്കാർ ശക്തമായി നടപ്പാക്കുന്നതാണ്. മുഴുവൻ കുത്തിവയ്പുകളും എടുത്ത 9-11 മാസം വരെ പ്രായമുള്ള കുട്ടികളുടെ ശതമാനത്തിൽ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപരിഹരിക്കുന്നതിനായി ടോട്ടൽ ഇമ്മ്യൂണൈസേഷൻ കേരള മിഷൻ ഇന്ദ്രധനുഷ് ഇന്റൻസിഫൈഡ് മിഷൻ ഇന്ദ്രധനുഷ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങളുടെ സൂചികയിലും നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. (96%-ൽ നിന്നും 92.6%-ലേക്ക്) ശതമാനങ്ങൾ കണക്കാക്കുന്നത് നീതി ആയോഗ് ടാർഗറ്റുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതുമൂലമാണ് ഈ കുറവുണ്ടായിരിക്കുന്നത്. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ 2014-15-ൽ 836 പ്രസവങ്ങളും 2015-16 -ൽ 729 പ്രസവങ്ങളുമാണ് ആശുപത്രിക്ക് പുറത്തുനടന്നത്.

**കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്**

191 (4482) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് മുമ്പാകെയുള്ള അപേക്ഷകരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അവയവദാന ഓതറൈസേഷൻ കമ്മിറ്റി കൃത്യമായി കൂടാറില്ലെന്നും അതിനാൽ അവയവമാറ്റ ശസ്ത്രക്രിയകൾ മുടങ്ങുന്നു എന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) അവയവദാനം പ്രോത്സാഹിപ്പിക്കാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാരിന്റെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയായ കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗിൽ വിവിധ അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകരുടെ എണ്ണം ചുവടെ ചേർക്കുന്നു. വൃക്ക -1688, കരൾ -353 ഹൃദയം -31, ശ്വാസകോശം -01, പാൻക്രിയാസ് -05, കൈകൾ- 08

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മസ്തിഷ്ക മരണാന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) എന്ന സ്ഥാപനത്തിന്റെ കീഴിൽ മൃതസഞ്ജീവിനി പദ്ധതിക്ക് രൂപംനൽകുകയുണ്ടായി. KNOS-ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കാറുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽവച്ച് അവയവദാന സമ്മതപത്ര വിതരണവും നടത്തിവരുന്നു. പ്രശസ്ത സിനിമാതാരം പത്മശ്രീ. മോഹൻലാൽ മസ്തിഷ്കമരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡർ ആയി നിയമിക്കപ്പെട്ടിട്ടുണ്ട്. ജീവിച്ചിരിക്കുന്നവരുടെ അവയവദാനം (Live Donation), സ്വാപ്പ് ഡൊണേഷൻ, ലാഭേച്ഛ കൂടാതെ പരോപകാര്യ താല്പര്യത്തോടെയുള്ള അവയവദാനം (Altruistic Donation) എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 15-2-2018-ലെ സ.ഉ.(കൈ) നമ്പർ 26/2018/ആകുവ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**ദേശീയ പോഷകാഹാര പദ്ധതി**

192 (4483) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീതി ആയോഗ് ദേശീയ പോഷകാഹാര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേരളത്തിലെ ഏതൊക്കെ ജില്ലകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) സ്ത്രീകളിൽ വിളർച്ച വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിളർച്ച പ്രതിരോധത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിവരിയ്ക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കാരുണ്യസ്കീം വഴി സർജറി ഉപകരണങ്ങൾ**

193 (4484) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ സ്കീം വഴി ഓർത്തോ വിഭാഗത്തിലെ സർജറിയ്ക്ക് ആവശ്യമായ Implant, Prosthesis, Plates, മറ്റ് സർജറി ഉപകരണങ്ങൾ എന്നിവ നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകൾ എവിടെ നിന്നാണ് വാങ്ങുന്നത്; വ്യക്തമാക്കുമോ;

(ബി) നിലവിലെ വാങ്ങുന്ന രീതി പരിഷ്കരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി പ്രസ്തുത ഉപകരണങ്ങൾ വാങ്ങി കാരുണ്യ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കാരുണ്യ സ്കീം വഴി ഓർത്തോ വിഭാഗത്തിലെ സർജറിയ്ക്ക് ആവശ്യമായ Implant, Prosthesis, Plates, മറ്റ് സർജറി ഉപകരണങ്ങൾ എന്നിവ സൂപ്രണ്ട് മുഖാന്തരം എച്ച്.എൽ.എൽ.-ൽ നിന്നാണ് വാങ്ങുന്നത്.

(ബി) സർക്കാർ ആശുപത്രികളിൽ അസ്ഥിരോഗ ചികിത്സാർത്ഥം ഉപോഗിക്കുന്ന വിവിധയിനം Implant, Prosthesis, Plates തുടങ്ങിയ ഉപകരണങ്ങൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖാന്തരം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ്**

194 (T* 4485) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് എവിടെയെല്ലാം സ്ഥിതിചെയ്യുന്നു; മുഴുവൻ ആശുപത്രി മാലിന്യങ്ങളും സംസ്കരിക്കാൻ ഇവിടെ സൗകര്യമുണ്ടോ;

(ബി) പ്രസ്തുത സംസ്കരണ പ്ലാന്റുകളിലെ മാലിന്യ സംസ്കരണം കുറ്റമറ്റതും കാര്യക്ഷമവുമാണെന്ന് കരുതുന്നുണ്ടോ;

(സി) മതിയായ സംവിധാനങ്ങൾ ഇല്ലാത്തതിനാലും മാലിന്യത്തിന്റെ ബാഹുല്യം കാരണവും മാസങ്ങൾ പഴക്കമുള്ള മാലിന്യം വരെ പ്രസ്തുത പ്ലാന്റുകളിൽ സംസ്കരിക്കാതെ കുട്ടിയിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൂടുതൽ സ്ഥലങ്ങളിൽ ഇത്തരം സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലയിലെ മാത്തൂരുത്തിയിൽ ഐ.എം.എ.-യുടെ കീഴിൽ ഇമേജ് വിപുലമായ രീതിയിൽ ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. എല്ലാ പാരിസ്ഥിതിക നിയമങ്ങളും, ചട്ടങ്ങളും, പാലിച്ചാണ് പ്രസ്തുത പ്ലാന്റ് പ്രവർത്തിച്ചുവരുന്നത്. ഈ സ്ഥാപനം വികേന്ദ്രീകൃതമായി പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെകീഴിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിലവിലുണ്ട്. ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയായി പ്രവർത്തനം ഉടൻ തുടങ്ങുന്നതാണ്. ജനറൽ ആശുപത്രി പത്തനംതിട്ട, കോട്ടയം ജില്ലയിലെ കുമരകം സാമൂഹികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിലവിലുണ്ട്. ആശുപത്രി മാലിന്യങ്ങൾ മുഴുവൻ സംസ്കരിക്കുന്നതിനുള്ള സൗകര്യം ഇവിടെയില്ല. അതിനാൽ ബയോമെഡിക്കൽ വേസ്റ്റ് ഐ.എം.എ.-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് മുഖേനയും ഇൻസിനറേറ്ററുകൾ മുഖേനയും അതത് ആശുപത്രികളിൽ നിർമ്മാർജ്ജനം ചെയ്തുവരുന്നു. ഈ സംസ്കരണ പ്ലാന്റുകളിലെ മാലിന്യ സംസ്കരണം കുറ്റമറ്റതും കാര്യക്ഷമതയുള്ളതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആശുപത്രികളിലെ ബയോമെഡിക്കൽ വേസ്റ്റ് ഐ.എം.എ.-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനം മുഖേനയും ഇൻസിനറേറ്ററുകൾ മുഖേനയും നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്.

(സി) കൂടുതൽ സ്ഥലങ്ങളിൽ ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 2018-19 വാർഷിക പദ്ധതിയിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**റീജിയണൽ ക്യാൻസർ സെന്റർ**

195 (4486) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷം റീജിയണൽ കാൻസർ സെന്ററിനായി (ആർ.സി.സി) വകയിരുത്തിയ തുകയുടെ എത്ര ശതമാനം നാളിതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്;

(ബി) ആർ.സി.സി.-യെ സംസ്ഥാന കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുവാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണ്;

(സി) പ്രസ്തുത പദ്ധതിയുടെ മെല്ലെപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ മെല്ലെപ്പോക്കിന് കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷം റീജിയണൽ ക്യാൻസർ സെന്ററിനായി പദ്ധതിയിനത്തിൽ 6600 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 5771.66 ലക്ഷം രൂപയുമാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പദ്ധതിയേതരയിനത്തിൽ വക കൊള്ളിച്ചിരുന്ന 5771.66 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പദ്ധതിയിനത്തിൽ അനുവദിച്ച തുകയായ 6600 ലക്ഷം രൂപയിൽ 5329 ലക്ഷം രൂപയും (80%) പുതുതായി നിർമ്മിക്കുന്ന 14-നില കെട്ടിടത്തിനുവേണ്ടിയുള്ളതാണ്. ടെണ്ടർ നടപടികളിലൂടെ നിയമിക്കപ്പെട്ട കൺസൾട്ടിംഗ് ഏജൻസി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ലൈസൻസ്/പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ കരാർ നടപടികളും, ലൈസൻസ്/പെർമിറ്റുകൾ ലഭ്യമാക്കുന്ന തോടുകൂടി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം യഥാസമയം പൂർത്തീകരിച്ച് രോഗികളുടെ ചികിത്സയ്ക്കുവേണ്ടി പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ ടി പദ്ധതിയ്ക്കായി അനുവദിച്ച തുക ഈ വർഷം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര സർക്കാർ റീജിയണൽ കാൻസർ സെന്ററിനെ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുകയും വികസന പ്രവർത്തനങ്ങൾക്കായി 104 കോടിയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേയ്ക്കായി സംസ്ഥാന സർക്കാർ വിഹിതമായ 1056 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഒന്നാം ഘട്ടത്തിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനുള്ള കാലതാമസവും ആർ.സി.സി.- യിലെ കെട്ടിടങ്ങൾ നവീകരിക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിന് കാരണം. പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കുന്നതിനുള്ള സത്വര നടപടികൾ ആർ.സി.സി. കൈക്കൊണ്ടിട്ടുണ്ട്. ഈ തുക ചെലവഴിച്ച് കഴിഞ്ഞാൽ കേന്ദ്ര വിഹിതം ലഭ്യമാക്കാൻ കഴിയുന്നതും ഇതിന് ആനുപാതികമായി സംസ്ഥാന സർക്കാർ അനുവദിച്ച തുക ചെലവഴിക്കാൻ കഴിയുന്നതാണ്.

മറ്റ് പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള 215 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം സർക്കാർ പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും അനുവദിച്ച ആകെ തുകയിൽ 47% നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) ആർ.സി.സി.-യെ 19-9-2014-ൽ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ബഹു.മുൻ കേന്ദ്ര ആരോഗ്യ മന്ത്രി ഡോ.ഹർഷവർധൻ പ്രഖ്യാപിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് ആർ.സി.സി.-യിൽ വച്ചുനടന്ന ചടങ്ങിൽ അന്നത്തെ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും മറ്റ് ജനപ്രതിനിധികളും പങ്കെടുത്തിരുന്നു.

ഇതിന്റെ ഭാഗമായി 104 കോടി രൂപയുടെ പദ്ധതി അനുവദിച്ചിരുന്നു. പദ്ധതിയുടെ ആദ്യ ഘട്ടത്തിലേക്കായി സംസ്ഥാന സർക്കാർ വിഹിതമായി 3131 ലക്ഷം രൂപയും കേന്ദ്ര സർക്കാർ വിഹിതമായി 4695.70 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടത്തിലേയ്ക്കായി സംസ്ഥാന സർക്കാർ വിഹിതമായ 1056 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കുന്നതിനുള്ള സത്വര നടപടികൾ ആർ.സി.സി. സ്വീകരിച്ചുവരുന്നു.

(സി) പദ്ധതി നടത്തിപ്പിൽ മെല്ലെപ്പോക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മാലിന്യം ഒഴുക്കുന്നത് തടയാൻ നടപടി**

196 (4487) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ-ചങ്ങനാശേരി റോഡിലും മറ്റ് ഇടറോഡുകളിലും പാടശേഖരങ്ങളിലും ആറുകളിലും തോടുകളിലും കക്കൂസ് മാലിന്യം വ്യാപകമായി ഒഴുക്കുന്നതിന് എതിരെ എടുത്ത തീരുമാനം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

2018 ഫെബ്രുവരി മാസം ചെമ്പുംപുറം പണ്ടാരക്കുളം പ്രദേശത്ത് ഒരു ടാങ്കർ രീതിയിലുള്ള വാഹനത്തിൽനിന്നും കക്കൂസ് മാലിന്യം ഒഴുക്കിയതായി നാട്ടുകാർ ആരോഗ്യ വകുപ്പിന് സൂചന നൽകിയതിന്റെ അടിസ്ഥാനത്തിൽ ചെമ്പുംപുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ബന്ധപ്പെട്ട ആരോഗ്യപ്രവർത്തകർ ഉടനടി സ്ഥലം സന്ദർശിക്കുകയും കോളറ, മഞ്ഞപിത്തം പോലുള്ള ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുവാൻ ഇത് ഇടയാക്കും എന്നുള്ളതിനാൽ, വാഹനവും മാലിന്യം പുറംതള്ളിയ വാഹനത്തിലെ വ്യക്തികളെയും പൊതുജനങ്ങളുടെ സഹായത്തോടെ നെടുമുടി പോലീസ് സബ് ഇൻസ്പെക്ടർക്ക് കൈമാറുകയും പ്രതികളെ റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇതിൽനിന്ന് പകർച്ചവ്യാധികൾ പടരാതിരിക്കാനുള്ള എല്ലാ പ്രതിരോധ നടപടികളും ടി പ്രദേശത്ത് സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിനായി നിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ട്.

**തൈറോയ്ഡ് രോഗം**

197 (4488) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൈറോയ്ഡ് രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികൾക്ക് മാനസികവും ശാരീരികവുമായി ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഈ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സൗകര്യം ഒരുക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൈറോയിഡ് സംബന്ധമായ രോഗങ്ങൾ നിർണ്ണയിക്കുന്നതിന് രക്തത്തിലെ തൈറോയിഡിന്റെ അളവും തൈറോയിഡ് ഗ്രന്ഥിയിൽ നിന്നുള്ള കോശങ്ങൾ കുത്തിയെടുത്തുള്ള പരിശോധനയും സ്കാനിംഗും ആവശ്യമാണ്. താരതമ്യേന ചെലവേറിയതും സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ളതുമായ ഈ പരിശോധന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജീകരിക്കുന്നത് പ്രായോഗികമല്ലാത്തതാണ്. എല്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലും ഈ പരിശോധന നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**പഴങ്ങളിലും പച്ചക്കറികളിലും ഉള്ള വിഷാംശം**

198 (4489) ശ്രീ. കെ. എൻ. എ. ഖാദർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിർത്തി കടന്നെത്തുന്ന പഴങ്ങളിലും പച്ചക്കറികളിലും ഉള്ള വിഷാംശം ഇപ്പോൾ പരിശോധിക്കുന്നുണ്ടോ; അനുവദനീയമായതിലും അധികം വിഷാംശം കണ്ടെത്തിയതുവഴി ഇവ തിരിച്ചയക്കപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പരിശോധന പ്രകാരം ഏറ്റവും കൂടുതൽ വിഷാംശം കണ്ടെത്തിയ പഴം / പച്ചക്കറി വർഗ്ഗങ്ങൾ ഇനംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) അതിർത്തി കടന്നെത്തുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും സാമ്പിളുകൾ ശേഖരിച്ച് കേരളാ കാർഷിക സർവ്വകലാശാലയുടെ വെള്ളയാണിയിലുള്ള Pesticide Residue Research and Analytical Laboratory-ലും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെകീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബിലും പരിശോധിക്കുന്നുണ്ട്. നിശ്ചിത ഇടവേളകളിലും ഓണം പോലുള്ള ആഘോഷ വേളകളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അതിർത്തി ചെക്ക് പോസ്റ്റുകളിലും, പച്ചക്കറി മാർക്കറ്റുകളിലും പരിശോധനകൾ നടത്തുന്നുണ്ട്. അതിർത്തി

കടന്നെത്തുന്ന പഴങ്ങളും പച്ചക്കറികളും സാമ്പിൾ ശേഖരിച്ച് ലാബിൽ പരിശോധന നടത്തി ഫലം ലഭ്യമായാൽ മാത്രമേ വിഷാംശം ഉണ്ടോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇവ തിരിച്ചയക്കപ്പെട്ട സംഭവം ഉണ്ടായിട്ടില്ല.

(ബി) പരിശോധന പ്രകാരം അനുവദനീയമായതിലും കൂടുതൽ അളവിൽ വിഷാംശം കണ്ടെത്തിയിരിക്കുന്നത് കറിവേപ്പിലയിലാണ്. കൂടാതെ പയർ, തക്കാളി, മുളക് എന്നിവയിലും അനുവദനീയമായതിലും അധികം കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്.

**രോഗീസൗഹൃദമായ ചികിത്സ ഉറപ്പാക്കുന്ന പദ്ധതി**

199 (4490) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളിൽ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ഉറപ്പാക്കുന്ന പദ്ധതിയിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്;

(ബി) ജില്ലാ/താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതിയിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഇതുവരെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഇ-ഹെൽത്ത് പ്രോജക്റ്റിന്റെയും ആർദ്രം മിഷന്റെയും സംരംഭമെന്ന നിലയിൽ രോഗീസൗഹൃദ പശ്ചാത്തലങ്ങൾ സൃഷ്ടിച്ചും കംപ്യൂട്ടർ നിയന്ത്രിത ടോക്കൺ സിസ്റ്റം, ഡിസ്പ്ലേ ബോർഡ് ക്യൂ മാനേജ്മെന്റ് സിസ്റ്റം എന്നിവ ഏർപ്പെടുത്തുന്നതോടൊപ്പം മൊബൈൽ ആപ്ലിക്കേഷൻ മുഖേന ഒ.പി.ടിക്കറ്റ് മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും വേണ്ടിയുള്ള കംപ്യൂട്ടർ ശൃംഖലയും സോഫ്റ്റ്‌വെയർ വിന്യാസവും തെരഞ്ഞെടുക്കപ്പെട്ട 13 ആശുപത്രികളിൽ pilot അടിസ്ഥാനത്തിൽ നടന്നുവരുന്നു. ജനറൽ ഒ.പി.-യിൽ പരീക്ഷിച്ചുവരുന്ന ഈ പ്രക്രിയ സ്പെഷ്യാലിറ്റി ഒ.പി.കളിലും ഹോസ്പിറ്റൽ മാനേജ്മെന്റ് HR മുതൽ Medical Claim Insurance, Lab റിപ്പോർട്ടുകളുടെ നടപടി വേഗം എന്നിവ ലക്ഷ്യമിട്ട് ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി&സി) കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീ സൗഹൃദ മാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കികൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് സ.ഉ.(ആർറ്റി.) 845/2017/ആകുവ, തീയതി 28-3-2017 പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി സ.ഉ.(എംഎസ്.) 75/2017/ആകുവ, തീയതി 12-5-2017 സ.ഉ.(എംഎസ്) 188/2017 /ആകുവ, തീയതി 22-12-2017 എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡ പ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻപ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെകീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രയിനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തിമൂന്ന്) കോടി രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികളെകൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ.വഴി ആരോഗ്യ രംഗത്ത് എല്ലാതലത്തിലും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ താലൂക്ക് തല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻ ഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും KIIFB-യിൽ ഉൾപ്പെടുത്തി കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും KMSCL വഴി നടന്നു വരുന്നു. ജില്ലാ താലൂക്കുതല ആശുപത്രികളിൽ മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്.

## ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസ്

200 (4491) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിനും മുപ്പതിനും ഇടയിൽ പ്രായമുള്ള യുവതീയുവാക്കളെ ബാധിക്കുന്നതും സ്ഥിരമായ വൈകല്യത്തിലേക്ക് നയിക്കുന്നതുമായ 'ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസ്' എന്ന ഗുരുതര രോഗം ബാധിച്ചവർക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാണോ എന്ന് അറിയിക്കാമോ;

(ബി) ഈ രോഗം ബാധിച്ചവർക്ക് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽനിന്നും നൽകുന്ന ചികിത്സകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) അതികഠിനമായ വേദനയുളവാക്കുന്നതും ഭീമമായ ചികിത്സാ ചെലവ് വരുന്നതുമായ ഈ രോഗം ഭേദപ്പെടുത്തുന്നതിനുള്ള ആന്റി.റ്റി.എൻ.എഫ് ബയോളജിക്കൽ ഡ്രഗ്സ് സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസ് എന്നത് അജ്ഞാത കാരണങ്ങളാൽ ഉണ്ടാകുന്ന വാതരോഗമാണ്. ചെറുപ്പക്കാരിൽ കണ്ടുവരുന്ന ഈ രോഗത്തിന് കൃത്യമായ ചികിത്സ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. വേദനയുടെ കാഠിന്യം കുറയ്ക്കുന്നതിനുള്ള മരുന്നുകളും ഫിസിയോതെറാപ്പിയുമാണ് പ്രധാനമായും ഈ രോഗത്തിനുള്ള ചികിത്സാ വിധി. ഈ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യമായി ലഭിക്കുന്നുണ്ട്.

(സി) അപൂർവ്വ ഗണത്തിൽപ്പെടുന്ന എല്ലാ രോഗങ്ങൾക്കും സർക്കാർ ആശുപത്രികളിൽ ചികിത്സയും മരുന്നും ലഭ്യമാക്കുന്ന തരത്തിൽ ചികിത്സാവ്യാപ്തി വർദ്ധിപ്പിക്കണമെന്ന തന്നെയാണ് സർക്കാർ നിലപാട്. ഭാരിച്ച സാമ്പത്തികബാധ്യത ഉണ്ടാകുന്ന ഇത്തരം ചികിത്സകൾ തുടർച്ചയായി നടത്തേണ്ടി വരുന്നത് രോഗത്തി നിരയാകുന്നവരെ ശാരീരികമായും സാമ്പത്തികമായും ദുരിതത്തിലേയ്ക്കാണ് എത്തിക്കുന്നത്. ജീവിതകാലം മുഴുവൻ ചികിത്സ തുടരേണ്ടി വരുന്നത് ഇതിന്റെ ആക്കംകൂട്ടുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ പൊതുവേ Essential Drug List-ൽ ഉൾപ്പെട്ട മരുന്നുകളും കാരുണ്യാ ഫാർമസിയിലൂടെ ജീവൻ രക്ഷാ മരുന്നുകളുമാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നിരുന്നാലും ഈ വിഷയത്തിന്മേൽ സംസ്ഥാന സർക്കാരിന്റെ പരിമിതികളിൽ നിന്നുകൊണ്ട് സാധ്യമായ എല്ലാ ആശ്വാസ നടപടികളും സ്വീകരിക്കുന്നതാണ്.

## പേസ് മേക്കറിന്റെ അഭാവംമൂലം ഡിസ്ചാർജ് നൽകുന്ന നടപടി

201 (4492) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പേസ് മേക്കറിന്റെ അഭാവംമൂലം രോഗികളെ ഡിസ്ചാർജ് ചെയ്യുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ലാബുകളിലെ പരിശോധനയ്ക്ക് സർക്കാർ ജീവനക്കാർക്ക് റീഇംബേഴ്സ്മെന്റ് നൽകുന്നുണ്ട്; കേന്ദ്ര സർക്കാർ സംരംഭമായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് (എച്ച്.എൽ.എൽ)- ന്റെ ഹിന്ദ് ലാബ് എന്ന ലബോറട്ടറിയിലെ മെഡിക്കൽ പരിശോധനകൾക്ക് റീ-ഇംബേഴ്സ്മെന്റ് സൗകര്യം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) അനുവദിച്ചിട്ടില്ലെങ്കിൽ ഹിന്ദ് ലാബിലെ പരിശോധനകൾക്ക് റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അനുവദിച്ചിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## വൃക്കരോഗികളുടെ എണ്ണത്തിൽ വർദ്ധനവ്

202 (4493) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൃക്കരോഗങ്ങളെക്കുറിച്ചുള്ള അറിവ് സാധാരണക്കാർക്കിടയിൽ വ്യാപകമാക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(സി) വൃക്കരോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും വൃക്കരോഗികൾക്ക് കുറഞ്ഞ ചെലവിലുള്ള ചികിൽസ സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൃക്ക രോഗങ്ങളെക്കുറിച്ചുള്ള അറിവ് സാധാരണക്കാരിലെത്തിക്കുന്നതിന് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഇടയ്ക്കിടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. പ്രമേഹവും രക്താതിസമ്മർദ്ദവും പോലുള്ള ജീവിതശൈലീ രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥയിൽ വൃക്കരോഗങ്ങൾ പോലെയുള്ള ഗുരുതര രോഗങ്ങൾ സംജാതമാകുന്നു. ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നായ രോഗമില്ലാത്തവർക്ക് രോഗം വരാതിരിക്കുവാനുള്ള ജീവിതചര്യ സ്വീകരിക്കുന്നതിനുള്ള ആരോഗ്യ ബോധവൽക്കരണം നടത്തിവരുന്നു.

(സി) സംസ്ഥാന ആരോഗ്യ വകുപ്പ് നടത്തി വരുന്ന ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യത്തിലൂടെ സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തി വരുന്നു. രോഗബാധിതരെ മുൻകൂട്ടി കണ്ടെത്തുക, രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, രോഗമില്ലാത്തവർക്ക് രോഗം വരാതിരിക്കാനുള്ള ജീവിതചര്യ സ്വീകരിക്കുന്നതിനുള്ള ആരോഗ്യ ബോധവൽക്കരണം നടത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഡയാലിസിസ് ചികിത്സ ആവശ്യമായി വരുന്ന വൃക്ക രോഗികൾക്ക് കുറഞ്ഞ ചെലവിൽ ടി ചികിത്സ ലഭ്യമാക്കുന്നതിന് സർക്കാർ ആശുപത്രികളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആരംഭിക്കുന്ന പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം പുരോഗമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി 2017-18-ൽ 47 താലൂക്ക്, ജില്ല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

**ക്യാന്റീനുകളിലെ ഭക്ഷ്യവിഷബാധ**

203 (4494) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിലെയും ആശുപത്രികളിലെയും ക്യാന്റീനുകളിൽ പലതും വേണ്ടത്ര നിലവാരമില്ലാത്തതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കോളേജ്/സ്കൂൾ ഹോസ്റ്റലുകളിൽ ഭക്ഷ്യവിഷബാധയുണ്ടായ സംഭവങ്ങൾ 2017-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ പരിശോധന നടത്തുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ കാലാകാലങ്ങളിൽ പരിശോധന നടത്തി നിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017 വർഷത്തിൽ സംസ്ഥാനത്ത് കോളേജ്/ സ്കൂൾ ഹോസ്റ്റലുകളിൽ ഭക്ഷ്യ വിഷബാധയുണ്ടായതായി ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ശ്രീകൃഷ്ണ കോളേജ് ഓഫ് ഫാർമസി, പാറശ്ശാല.
2. ജി.വി. രാജ സ്പോർട്സ് സ്കൂൾ, അരുവിക്കര.
3. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ലേഡീസ് ഹോസ്റ്റൽ, ശ്രീകാര്യം.
4. കുട്ടമല യു.പി. സ്കൂൾ, അമ്പൂരി.
5. തോന്നയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂൾ (18-1-2018).
6. പന്തളം ചിത്ര നഴ്സിംഗ് കോളേജ് ക്യാന്റീൻ.
7. ന്യൂമാൻസ് കോളേജ്, ഗേൾസ് ഹോസ്റ്റൽ, തൊടുപുഴ.
8. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ഹൗസിംഗ് ബോർഡ്, മുട്ടം, തൊടുപുഴ.
9. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, ചെമ്പൂച്ചിറ, തൃശ്ശൂർ.
10. ഇ.എം.എസ്. കോളേജ്, കിഴക്കുമുറി, കോഴിക്കോട്.
11. ചെറുകുന്ന് കനോസ നഴ്സിംഗ് കോളേജ് ക്യാന്റീൻ.
12. എൻ.ടി.ടി.എഫ്. ക്യാന്റീൻ, തലശ്ശേരി.
13. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് ക്യാന്റീൻ.
14. സെന്റ് തെരേസാസ് കോളേജ്, എറണാകുളം.

(സി) ഇത്തരം സ്ഥാപനങ്ങളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മേൽനോട്ടത്തിൽ നിശ്ചിത ഇടവേളകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ നിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

## രോഗനിർണ്ണയവുമായി ബന്ധപ്പെട്ട പരിശോധന

204 (4495) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രോഗനിർണ്ണയവുമായി ബന്ധപ്പെട്ട പരിശോധനകൾക്ക് പലയിടത്തും പല നിരക്ക് ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിരക്ക് ഏകീകരിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. വിവിധ ആശുപത്രികളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും നൂതന സാങ്കേതികവിദ്യയുടെയും സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും റീഏജന്റുകളുടെ അടിസ്ഥാനപ്പെടുത്തി ഓരോ രോഗനിർണ്ണയ പരിശോധനയ്ക്കും വ്യത്യസ്ത നിരക്ക് ഉണ്ടാകാനിടയുണ്ട്. എന്നിരുന്നാലും ചില ആശുപത്രികളിലും ലബോറട്ടറികളിലും ഭാരിച്ച ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ ആന്റ് റഗുലേഷൻ) ആക്ടിന്മേലുള്ള ചട്ടങ്ങൾ രൂപീകരിച്ച് നടപ്പിലാക്കുന്നതോടെ ഇക്കാര്യത്തിൽ ഒരു പരിധിവരെ നിയന്ത്രണം കൊണ്ടു വരാൻ കഴിയുന്നതാണ്.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്

205 (4496) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ് സ്ഥാപിക്കാനുള്ള പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ് എന്ന സ്ഥാപനം 2001 മുതൽ തിരുവനന്തപുരം പുലയനാർ കോട്ടയിൽ പ്രവർത്തിച്ചു വരുന്നു.

(ബി) ആരോഗ്യ മേഖലയിൽ പ്രമേഹത്തിനും അനുബന്ധ രോഗങ്ങൾക്കും മികച്ച ചികിത്സ, ബോധവൽക്കരണം, ഗവേഷണം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിൽ പതിവ് ഒ.പി.-ക്ക് പുറമേ നെഫ്രോളജി, എൻഡ്രോക്രൈനോളജി, കാർഡിയോളജി, ന്യൂറോളജി, ഡന്റൽ, ഒഫ്ത്താൽമോളജി

തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. വളരെ കുറഞ്ഞ വിലയ്ക്ക് രോഗികൾക്ക് മെഡിസിൻ ലഭ്യമാക്കുന്ന ഫാർമസിയും പ്രസ്തുത സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രമേഹത്തെ കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കമ്മ്യൂണിറ്റി ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. സ്ഥാപനത്തെ ദേശീയ നിലവാരമുള്ള മികവിന്റെ കേന്ദ്രമാക്കുന്നതിലേയ്ക്കായി ധാരാളം പഠന ഗവേഷണ പദ്ധതികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഡോക്ടർമാരെ പ്രമേഹരോഗ ചികിത്സയ്ക്ക് കൂടുതൽ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി ഓറിയന്റേഷൻ കോഴ്സുകൾ നടത്തി വരുന്നു. വയോജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുന്നതിനായി ഇഗ്നോയുടെ കീഴിൽ ഹോം ബെയിസ്ഡ് ഹെൽത്ത് കെയർ പ്രൊവൈഡർ (CHBHC) എന്ന കോഴ്സ് നടത്തി വരുന്നു. 18 വയസ്സിന് താഴെയുള്ള നിർദ്ധന കുടുംബങ്ങളിലെ (ബി.പി.എൽ.) ടൈപ്പ്-1 പ്രമേഹ ബാധിതരായ കുട്ടികൾക്കായി നോവോ നോർഡിസ്ക് എഡ്യൂക്കേഷൻ ഫൗണ്ടേഷന്റെ സഹായത്തോടെ സൗജന്യമായി ഇൻസുലിൻ, ഗ്ലൂക്കോമീറ്റർ, ലാബ് പരിശോധന എന്നിവയും സ്ഥാപനം സ്വന്തം നിലയിൽ "ജീവാമൃതം" എന്ന പദ്ധതിയും നടത്തുന്നു. 13-ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ബാക്കി തുകയായ 200 ലക്ഷം രൂപയും സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് വകയായി ലഭിച്ച 60 ലക്ഷം രൂപയും ഉപയോഗിച്ച് ഇൻപേഷ്യന്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും എക്സ്-റേ മെഷീൻ ഉൾപ്പെടെയുള്ള സാധന സാമഗ്രികളും ഫർണിച്ചറുകളും സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രമേഹവും മറ്റ് ജീവിതശൈലി രോഗങ്ങളെയും പ്രതിരോധിക്കുന്നതിനുവേണ്ടി ക്ലിനിക്കുകളും ആരംഭിച്ചിട്ടുണ്ട്. 2017-18 പദ്ധതി വിഹിതത്തിന്റെ ആദ്യഗഡുവായ 90 ലക്ഷം രൂപ ഉപയോഗിച്ച് ഫിസിയോതെറാപ്പി യൂണിറ്റ് ഇൻപേഷ്യന്റ് സൗകര്യം വിപുലീകരിക്കുകയും ഹെൽത്ത് ക്ലബ്ബിന്റെ പ്രവർത്തനം തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചും വരുന്നു.

**സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ദി പൂവർ വഴി ചികിത്സ ധനസഹായം**

206 (4497) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ദി പൂവർ വഴി ചികിത്സാ ധനസഹായം ലഭിക്കുന്നതിന് വരുമാന പരിധിയെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം രോഗങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ചികിത്സ സഹായം നല്കുന്നതിന് അംഗീകരിച്ചിട്ടുള്ള ആശുപത്രികൾ ഏതെല്ലാം;

(ഡി) നിലവിൽ അംഗീകരിച്ചിട്ടുള്ള രോഗങ്ങൾക്ക് താലൂക്ക് ആശുപത്രികളിൽ ചികിത്സയും ശസ്ത്രക്രിയയും ലഭിക്കുന്ന രോഗികൾക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ദി പുവർ വഴി വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ളവർക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) SMAP മുഖേന ധനസഹായം താലൂക്കാശുപത്രികൾ മുഖേനയുള്ള ചികിത്സയ്ക്കായി നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

**ഇ -ഹെൽത്ത് പദ്ധതിയുടെ ഡേറ്റാബേസ്**

207 (4498) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന 'ഇ-ഹെൽത്ത്' എന്ന പദ്ധതിയുടെ ഡേറ്റാബേസ് തയ്യാറാക്കൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇ-ഹെൽത്തിന്റെ ഭാഗമായി demographic database തയ്യാറാക്കുന്നതിനായി 9500 ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ സംസ്ഥാനത്തുടനീളം വിതരണംചെയ്ത് വിവര ശേഖരണം നടന്നുവരുന്നു. ഓരോ വ്യക്തിക്കും Unique Health-ID (UHID) നൽകുന്നുണ്ട്. 3733000 പേരെ ഇതിനോടകം രജിസ്റ്റർ ചെയ്തു. ചികിത്സയ്ക്കായി ഇവർ ആശുപത്രികളിലെത്തുന്ന മുറയ്ക്ക് കൂടുതൽ വിവരങ്ങൾ കൂട്ടിച്ചേർക്കപ്പെടും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തിരുവനന്തപുരം ജില്ലയിലെ 9 ആശുപത്രികളിലും മെഡിക്കൽ കോളേജിലെ 2 ഡിപ്പാർട്ട്മെന്റുകളിലും വയനാട്, നൂൽപ്പുഴ പ്രാഥമികാരോഗ്യകേന്ദ്രത്തിലും ഈ പ്രവർത്തനം ആരംഭിക്കുകയും ചികിത്സയ്ക്കെത്തുന്നവരുടെ വിവരങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തുവരുന്നു.

(ബി) ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചുള്ള Public Health സേവനങ്ങൾ കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാവുകയാണ്. ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള കമ്പ്യൂട്ടർവല്ക്കരണം ആദ്യഘട്ടത്തിൽ തിരുവനന്തപുരം,ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

**ശ്രുതി തരംഗം പദ്ധതി**

208 (4499) ശ്രീ. ബി.സത്യൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിശക്തി ലഭ്യമാക്കുന്നതിന് 'ശ്രുതി തരംഗം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പദ്ധതി പ്രകാരം ഒരാൾക്ക് എത്ര രൂപ ധനസഹായം ലഭിക്കുമെന്നും അറിയിക്കാമോ;

(സി) നിലവിൽ ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 2012 വർഷം മുതൽ ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) ശ്രുതിതരംഗം പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.

1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രംഗത്തെ വിദഗ്ദ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.

2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.

3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കുട്ടികളെ കോക്ലിയർ ഇംപ്ലാന്റേഷൻ ശിപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യ ശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.

5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷനുശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടുനിൽക്കുന്ന തുടർചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.

6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപ്പത്രത്തിൽ ഒപ്പിട്ട് നൽകണം.

നിലവിൽ ശ്രുതിതരംഗം പദ്ധതി പ്രകാരം 4,03,620 രൂപ വിലയുള്ള കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങി ബന്ധപ്പെട്ട എംപാനൽഡ് ആശുപത്രിയിൽ എത്തിച്ച് സർജറി നടത്തി നൽകുന്നു. ഇതുകൂടാതെ പ്രൈവറ്റ് ആശുപത്രികളിലൂടെ സർജറി പൂർത്തീകരിക്കുന്ന കുട്ടികൾക്ക് 2 വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനായി 50,000 രൂപ ബന്ധപ്പെട്ട ആശുപത്രികൾക്ക് 4 ഗഡുക്കളായി അനുവദിച്ചുവരുന്നു. സർക്കാർ ആശുപത്രികളിലൂടെ സർജറി പൂർത്തീകരിക്കുന്ന കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നല്കുന്നതിനായി സ്പീച്ച് തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ചുവടെപ്പറയുന്ന സർക്കാർ/പ്രൈവറ്റ് ആശുപത്രികൾ മുഖേനയാണ് ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തി നൽകുന്നത്.

1. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
2. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.
3. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
4. കിംസ് ആശുപത്രി, തിരുവനന്തപുരം
5. ഡോ.നൗഷാദ് ഇ.എൻ.റ്റി ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ, എറണാകുളം
6. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം
7. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ
8. അസെന്റ് ഇ.എൻ.റ്റി. ആശുപത്രി, പെരിന്തൽമണ്ണ
9. ഡോ.മനോജ്സ് സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്.
10. മിംസ് ആശുപത്രി, കോഴിക്കോട്.

## ഹൃദ്യം പദ്ധതി

209 (4500) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൃദ്യം പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും പദ്ധതിയിൽ ഉൾപ്പെടുന്നതിന് അപേക്ഷ സമർപ്പിക്കാനുള്ള നടപടിക്രമങ്ങളും ഹാജരാക്കേണ്ട രേഖകളും എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കുട്ടികളിലെ ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നു. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ്പ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു വെബ്സൈറ്റ് വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ വെബ്സൈറ്റിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്തുള്ള 18 വയസ്സിനുതാഴെ പ്രായമുള്ള ഹൃദ്രോഗ ബാധയുള്ള ഏതൊരു കുട്ടിക്കും ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടാവുന്നതാണ്. രോഗ നിർണ്ണയത്തിനുശേഷം കുട്ടിയുടെ വിവരങ്ങൾ ഏതൊരാൾക്കും hridyam.in എന്ന വെബ്സൈറ്റിൽ ചേർക്കാവുന്നതാണ്. ഇത്തരത്തിൽ വിവരങ്ങൾ ചേർക്കപ്പെടുമ്പോൾ മെഡിക്കൽ വിവരങ്ങൾ ചേർക്കുന്നതിനായോ അല്ലെങ്കിൽ പൂർണ്ണമായും കുട്ടിയുടെ വിവരങ്ങൾ വെബ്സൈറ്റിൽ ചേർക്കുന്നതിനായി എല്ലാ ജില്ലാ/ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളിലും (DEIC) വെബ്സൈറ്റിലേക്ക് രജിസ്ട്രേഷൻ സാധ്യമാകുന്ന login id കൾ നൽകിയിരിക്കുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഒരു കേസ് നമ്പർ ലഭ്യമാകുന്നു. കേസുകൾ രജിസ്റ്റർ ചെയ്ത ഉടൻതന്നെ കുട്ടികളുടെ അസുഖം സംബന്ധിക്കുന്ന വിവരങ്ങളും എക്കോ ഉൾപ്പെടെയുള്ള പരിശോധനാ റിപ്പോർട്ടുകളും പ്രസ്തുത കേസ് നമ്പരിനോടൊപ്പം അപ്‌ലോഡ് ചെയ്യാവുന്നതാണ്.

## കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ ആയുർ ദീപ്തം പദ്ധതി

210 (4501) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ ആയുർദീപ്തം പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ആയുർദീപ്തം പദ്ധതി വിജയകരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ യെന്നറിയിക്കാമോ;

(സി) ഈ പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെയും MCC-യുടെയും നേതൃത്വത്തിൽ കണ്ണൂർ ജില്ലയിൽ ഉടനീളം കാൻസർ നിയന്ത്രണ ക്ലിനിക്കുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച പദ്ധതിയാണ് ആയുർദീപ്തം. ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന ഈ പദ്ധതി ജില്ലയിലെ വിവിധ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മലബാർ ക്യാൻസർ സെന്റർ നടപ്പിലാക്കിവരുന്നു. ആയുർദീപ്തം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ, കണ്ണപുരം കീഴ്ഖള്ളി എന്നിവിടങ്ങളിലെ പി.എച്ച്.സി.-കളിൽ പ്രാരംഭ ഘട്ടത്തിലെ ചില കാൻസറുകൾ കണ്ടുപിടിക്കുന്നതിനുള്ള ഏർളി കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ തുടങ്ങുവാനുള്ള പരിശീലനം എം.സി.സി.-യിൽ നടന്നു വരുന്നു. ഈ പദ്ധതി ഒരു പൈലറ്റ് പ്രോഗ്രാമായാണ് നടത്തിവരുന്നത്.

(ബി) പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ വിജയസാധ്യതയെ കുറിച്ച് കൂടുതൽ പി.എച്ച്.സി.-കളിൽ പദ്ധതി ആരംഭിച്ചതിനുശേഷം മാത്രമേ വിലയിരുത്താനാവൂ.

(സി) കണ്ണൂരിൽ നടപ്പിലാക്കുന്ന പൈലറ്റ് പ്രോഗ്രാം വിലയിരുത്തിയശേഷം മാത്രമേ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

## ഇൻസൈറ്റ് പദ്ധതി

211 (4502) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഴ്ചപരിമിതർക്കുള്ള ഇൻസൈറ്റ് പദ്ധതി നടത്തിപ്പിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാഴ്ചപരിമിതർക്കുള്ള 'ഇൻസൈറ്റ്' പദ്ധതി നടത്തിപ്പിനായി കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന് 2016-17 സാമ്പത്തിക വർഷം 44,95,819 രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത തുക സ്ഥാപനത്തിന് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ കഴിയാത്ത തുക 2017 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള പ്രവർത്തനങ്ങൾക്കായാണ് അനുവദിച്ചിട്ടുള്ളത്. നടപ്പുസാമ്പത്തിക വർഷം ടി പദ്ധതിക്ക് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയില്ല. പ്രസ്തുത പദ്ധതിയുടെ അനന്തരഫലം സംബന്ധിച്ച പഠനം Gulati Institute of Finance and Taxation (GIFT) വഴി നടത്തിയ ശേഷം ആയതിന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കി തുടർന്നുള്ള പ്രോജക്ടിന്റെ നടത്തിപ്പും ഫണ്ട് നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

## ആർദ്രം രണ്ടാംഘട്ടം

212 (4503) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആർദ്രം' രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നത്; ആയതിലേക്കായി എത്ര ഫാർമസിസ്റ്റ് തസ്തികകളാണ് പുതുതായി സൃഷ്ടിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം എപ്പോൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്; ആയതിലേക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 'ആർദ്രം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 500 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തീരുമാനിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരികയാണ്.

**തലശ്ശേരി മണ്ഡലത്തിലെ ആർദ്രം പദ്ധതി**

213 (4504) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആർദ്രം പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരി നിയോജകമണ്ഡലത്തിൽ ജനറൽ ആശുപത്രി, തലശ്ശേരി പ്രാഥമി കാരോഗ്യകേന്ദ്രം, കതിരൂർ എന്നീ സ്ഥാപനങ്ങളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ജനറൽ ആശുപത്രി, തലശ്ശേരി :

ആർദ്രം മിഷന്റെ ഭാഗമായി 1,10,00,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലഴിച്ചുകൊണ്ട് ആശുപത്രിയിലെ വിവിധ ഒ.പി. യൂണിറ്റുകൾ നവീകരിക്കുന്നതിനായുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ പുരേഗമിച്ചുവരുന്നു.

കതിരൂർ പ്രാഥമികാരോഗ്യ കേന്ദ്രം :

കതിരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കെട്ടിട സൗകര്യം, അടിസ്ഥാന സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ് ഗ്രേഡ് -2, ഒരു ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 എന്നീ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ ജീവനക്കാർക്കും, തദ്ദേശ സ്വയംഭരണ മേധാവികൾക്കും വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. രോഗികൾക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനായി 15,10,000 (പതിനഞ്ച് ലക്ഷത്തി പതിനായിരം രൂപ) അനുവദിച്ച് നൽകിയിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ ആർദ്രം പദ്ധതി

214 (4505) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന ആർദ്രം പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) 2018 വർഷത്തിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് സ.ഉ.(ആർറ്റി.)845/2017/ആകുവ, തീയതി 28-3-2017 പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി സ.ഉ.(എംഎസ്) 75/2017/ ആകുവ. തീയതി 12-5-2017. സ.ഉ. (എംഎസ്.) 188/2017/ആകുവ, തീയതി 22-12-2017 എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്കാശുപത്രിയും ജില്ലാ മാനദണ്ഡ പ്രകാരമുള്ള ഒരു ജില്ലാശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷംകൊണ്ട്

സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെകീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രെയിനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തിമൂന്ന്) കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവർത്തികൾ എൻ.എച്ച്.എം.വഴി അംഗീകൃത ഏജൻസികളെകൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേക്കുള്ള ലാബ് കൺസ്യൂമബിൾസിനുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ വഴി വാങ്ങുന്ന തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ താലൂക്ക്തല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻ ഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും KIIFB-യിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും KMSCL വഴി നടന്നുവരുന്നു. ജില്ലാതാലൂക്കുതല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നു വരുന്നുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ 500 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാനുള്ള കരട് പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരികയാണ്. 2018-19 ബജറ്റിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപയും ലാബ് സൗകര്യത്തിനായി 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 800 ലക്ഷം രൂപയും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രികൾക്കായി 1820 ലക്ഷം രൂപയും തെരഞ്ഞെടുത്ത ജില്ലാ താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം വികസിപ്പിക്കുന്നതിനായി 2600 ലക്ഷം രൂപയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് 2855 ലക്ഷം രൂപയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായി 800 ലക്ഷം രൂപയും രോഗീസൗഹൃദ സംരംഭത്തിനായി 1750 ലക്ഷം രൂപയും എല്ലാ സർക്കാർ ആശുപത്രികളിലും ഖരജലമാലിന്യ നിയന്ത്രണത്തിനായി 500 ലക്ഷം

രൂപയും ഗോത്ര, തീരദേശ ഒറ്റപ്പെട്ട പ്രദേശങ്ങളിലെ ആരോഗ്യപരിചരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 200 ലക്ഷം രൂപയും ജില്ല/ജനറൽ/താലൂക്കുതല ആശുപത്രികളിലെ നേത്രചികിത്സാ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 500 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) സ.ഉ.(സാധാ)നമ്പർ 845/2017/ആ.കു.വ. തീയതി 28-3-2017 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയ സ്ഥാപനങ്ങളിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിന്ന് ശ്രീകൃഷ്ണപുരം പി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. ടി പി.എച്ച്.സി.-യിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയ ടി കേന്ദ്രത്തിൽ ആരോഗ്യസേന, വിഷാദരോഗത്തിന് 'ആശ്വാസം' ക്ലിനിക്കുകൾ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ചികിത്സിക്കാൻ 'ശ്വാസ്' ക്ലിനിക്കുകളും എന്നിവ ആരംഭിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി.സമയം രാവിലെ 9 മണി മുതൽ 6 മണി വരെയും, ലാബ് പ്രവർത്തന സമയം 9 മണി മുതൽ 4 മണി വരെയുമാണ്. ടി കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനായി 8,10,000 രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ മാനദണ്ഡപ്രകാരം ഓരോ ജില്ലയിലും ഒരു ജില്ലാ ആശുപത്രിയും ഓരോ താലൂക്കിലും ഒരു താലൂക്ക് ആശുപത്രിയും എന്ന കണക്കനുസരിച്ച് തയ്യാറാക്കിയ താലൂക്ക് ആശുപത്രികളുടെ പട്ടികയിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽനിന്നും ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ജി.ഒ (എംഎസ്.) നമ്പർ 101/2017/ ആ.കു.വ, തീയതി 28-6-2017 പ്രകാരം സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവയിൽ ഓരോ തസ്തികയും സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. അതോടൊപ്പം ജി.ഒ. (എംഎസ്) നമ്പർ 136/2017/ആകുവ. തീയതി 23-9-2017 പ്രകാരം ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി (ജൂനിയർ കൺസൾട്ടന്റ്) ഒരു തസ്തികയും ഡയാലിസിസ് ടെക്നീഷ്യന്റെ 2 തസ്തികയും ഡെന്റൽ മെക്കാനിക് ഗ്രേഡ് 2-ന്റെ ഒരു തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിൽ ഒ.പി. ട്രാൻസ്ഫർമേഷൻ സംവിധാനം ഒരുക്കുന്നതിനായി തുക അനുവദിച്ചതിലൂടെ ഒറ്റപ്പാലം താലൂക്ക് ആശുപത്രിക്കായി 1,20,40,500 (ഒരു കോടി ഇരുപത് ലക്ഷത്തി നാൽപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിക്കുകയുണ്ടായി. അതോടൊപ്പം ഒ.പി. കമ്പ്യൂട്ടറൈസേഷനു വേണ്ടി 50,89,640, (അൻപത് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുനൂറ്റി നാൽപത് രൂപ മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്. ആയതിലൂടെ ഒ.പി.സംവിധാനം സുഗമമായി നടപ്പാക്കുന്നതാണ്.

**കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ആർദ്രം പദ്ധതി**

215 (4506) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര നിയോജക മണ്ഡലങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽനിന്നും കുടുംബാരോഗ്യ കേന്ദ്രമാക്കാനായി തെരഞ്ഞെടുത്ത ആശുപത്രി ഏതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രം അനുവദിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 137 നിയോജകമണ്ഡലങ്ങളിൽ നിന്ന് 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) കോഴിക്കോട് സൗത്ത് നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശം കോഴിക്കോട് കോർപ്പറേഷന്റെ പരിധിയിലാണ്. ഈ പ്രദേശത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

(സി) 'ബി'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**തിരുവനന്തപുരം ജില്ലയിൽ ആർദ്രം പദ്ധതി**

216 (4507) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുവാൻ തീരുമാനിച്ചിരുന്നു;

(ബി) ഇതിൽ ഇതുവരെ എത്ര കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തനം ആരംഭിച്ചു; ശേഷിക്കുന്നവ എന്നത്തേക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ കഴിയും;

(സി) പദ്ധതിയുടെ ഭാഗമായുള്ള കുടുംബാരോഗ്യ സർവ്വേ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും;

(ഡി) കുടുംബാരോഗ്യ കേന്ദ്രമാക്കിയ സ്ഥാപനങ്ങളിൽ ആവശ്യമായ ഡോക്ടർമാരേയും നഴ്സുമാരെയും നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം ജില്ലയിൽനിന്നും 16 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ നിന്നും 8 കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്നതിൽ 7 എണ്ണം പ്രവർത്തനസജ്ജമാക്കുകയും ഒരു കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരികയുമാണ്. ഇവയെല്ലാം മാർച്ച് മാസം അവസാനത്തോടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ 14 ജില്ലകളിലും demographic survey (വ്യക്തി, വീട്, ഗ്രാമം) എന്നിവ ഉൾപ്പെടുത്തിയുള്ള വിവരശേഖരണമാണ് നടന്നുവരുന്നത്. സംസ്ഥാനത്താകെ ഇത് പൂർത്തീകരിച്ചതിനുശേഷം മാത്രമേ കുടുംബാരോഗ്യ സർവ്വേ ആരംഭിക്കുകയുള്ളൂ. ഇതിലൂടെ ഒരു കുടംബത്തിൽപ്പെട്ട മുഴുവൻ ആളുകളുടെയും ആരോഗ്യ വിവരങ്ങൾ നിരന്തര സമ്പർക്കത്തിലൂടെ ആവർത്തിച്ച് ശേഖരിക്കുകയും ആരോഗ്യ സൂചികകൾ അനുസരിച്ച് അതത് കുടുംബങ്ങളുടെ സമഗ്ര ആരോഗ്യരേഖ പ്രധാന data centre-ൽ ക്രോഡീകരിച്ച് സൂക്ഷിക്കാനും ഏതൊരാളുടെയും രോഗ നിർണ്ണയത്തിന് കേരളത്തിൽ എവിടെയും ലഭ്യമാക്കാനുമാണ് കുടുംബാരോഗ്യ സർവ്വേ ലക്ഷ്യമിടുന്നത്.

(ഡി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ എല്ലാ സ്ഥാപനങ്ങളിലും 1 ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

**ഹൃദയ-വൃക്ക-കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ**

217 (4508) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൃദയ-വൃക്ക-കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും വിദഗ്ദ്ധ ഡോക്ടർമാരും സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതിനകം വിവിധ മെഡിക്കൽ കോളേജുകളിൽ വിജയകരമായി നടന്ന ഹൃദയ-വൃക്ക-കരൾമാറ്റ ശസ്ത്രക്രിയകളുടെ വിശദാംശം വ്യക്തമാക്കുമോ; ഈ ശസ്ത്രക്രിയകൾ ഓരോന്നിനും മെഡിക്കൽ കോളേജുകളിൽ എത്ര രൂപ ചെലവ് വരും; വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ഈ ശസ്ത്രക്രിയകൾക്കായി എത്ര രൂപയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ശസ്ത്രക്രിയകൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും വിദഗ്ദ്ധ ഡോക്ടർമാർ ഉൾപ്പെടെ മെഡിക്കൽ കോളേജുകളിൽ ഉണ്ടായിട്ടും ലക്ഷകണക്കിന് രൂപ മുടക്കി സാധാരണ ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യം എന്തുകൊണ്ടാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഇതിനൊരു പരിഹാരം എന്ന നിലയിൽ അവയവ മാറ്റ ശസ്ത്രക്രിയകൾക്ക് പ്രാപ്തമാകുന്ന രീതിയിൽ സർക്കാർ മെഡിക്കൽ കോളേജുകളെ കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) താഴെപ്പറയുന്ന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയാ സംവിധാനവും വിദഗ്ധ ഡോക്ടറുടെ സേവനവും ലഭ്യമാണ്.

| | | |
|---|---|---|
| തിരുവനന്തപുരം | - | വൃക്ക, കരൾ |
| കോട്ടയം | - | വൃക്ക, ഹൃദയം |
| ആലപ്പുഴ | - | വൃക്ക |
| കോഴിക്കോട് | - | വൃക്ക |

(ബി) മസ്തിഷ്ക മരണാനന്തര അവയവദാനം വഴി വിജയകരമായി ശസ്ത്രക്രിയ നടത്തിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ പേരും വിവിധ അവയവങ്ങളുടെ എണ്ണവും ചുവടെ ചേർത്തിരിക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | വൃക്ക -72, കരൾ -1 |
| കോട്ടയം | - | വൃക്ക -39, ഹൃദയം -4 |
| കോഴിക്കോട് | - | വൃക്ക -36 |

ജീവിച്ചിരിക്കുന്നവരിൽ നിന്നുള്ള അവയവദാനം വഴിയുള്ള 1500-ഓളം വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടന്നിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നടന്ന കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനും ശസ്ത്രക്രിയാനന്തരമുള്ള രോഗീ പരിചരണത്തിനുമായി 25 ലക്ഷം രൂപ ചെലവായിട്ടുണ്ട്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിന് 2 ലക്ഷം രൂപയും ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് 3 മുതൽ 5 ലക്ഷം രൂപവരെയുമാണ് ചെലവാക്കുന്നത്.

(സി) വിവരം സർക്കാരിൽ ലഭ്യമല്ല.

(ഡി) സാധാരണ ജനങ്ങൾ നിയമാനുസൃതമായ അവയവമാറ്റ ചികിത്സയ്ക്കായി സർക്കാർ മെഡിക്കൽ കോളേജുകളെ ഒഴിവാക്കി സ്വകാര്യ ആശുപത്രികളിൽ പോകുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നുണ്ട്. ആയതിനുള്ള സൗകര്യങ്ങൾ ലഭ്യമാണ്.

**മെഡിക്കൽ കോളേജിലെ സെക്യൂരിറ്റി ജീവനക്കാരുടെ പെരുമാറ്റം**

218 (4509) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ സെക്യൂരിറ്റി ജീവനക്കാർ രോഗികളോടും അവരുടെ കൂട്ടിരിപ്പുകാരോടും മോശമായി പെരുമാറുന്നത് സംബന്ധിച്ചുള്ള പരാതികളും വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്യൂരിറ്റി ജീവനക്കാരുടെ ഇത്തരത്തിലുള്ള മോശം പെരുമാറ്റം ഒഴിവാക്കുവാനും ഇങ്ങനെയുള്ളവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും മെഡിക്കൽ കോളേജ് അധികൃതർക്ക് കർശന നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോശം പെരുമാറ്റം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സെക്യൂരിറ്റി ജീവനക്കാർക്കെതിരെ ജോലിയിൽനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ വരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും രോഗികളോടൊപ്പം വരുന്നവർ പലപ്പോഴും ഉത്ക്കണ്ഠാകുലരും അക്ഷമരാകുന്നതും ഇത്തരം സംഭവങ്ങൾക്ക് പശ്ചാത്തലമാകുന്നുണ്ട്. ഇതൊഴിവാക്കുന്നതിനായി സെക്യൂരിറ്റി ജീവനക്കാർക്ക് നിരന്തരമായി നിർദ്ദേശങ്ങൾ നൽകുകയും Stress management ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എച്ച്.ഡി.എസ്.-നുകീഴിൽ താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സെക്യൂരിറ്റി ജീവനക്കാർ രോഗികളോടും അവരുടെ കൂട്ടിരിപ്പുകാരോടും മോശമായി പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത്തരം ജീവനക്കാരെ ജോലിയിൽനിന്ന് പിരിച്ചുവിട്ടിട്ടുണ്ട്. സെക്യൂരിറ്റി ജീവനക്കാരുടെ പ്രവർത്തനങ്ങൾ നിരന്തരമായി വിലയിരുത്തുന്നതിന് പെർഫോമൻസ് അപ്രൈസൽ കമ്മിറ്റിയും നിലവിലുണ്ട്.

## വിമൻ ആന്റ് ചിൽഡ്രൻ ആശുപത്രികൾ

219 (4510) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'വിമൻ ആൻഡ് ചിൽഡ്രൻ' ആശുപത്രികൾ രൂപീകരിക്കും എന്ന് സർക്കാർ പ്രഖ്യാപനം നടത്തിയിരുന്നോ എന്നറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര വിമൻ ആൻഡ് ചിൽഡ്രൻ ആശുപത്രികൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയം, മലപ്പുറം, വയനാട്, തൃശ്ശൂർ, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടിയുള്ള ആശുപത്രി ആരംഭിക്കുവാൻ സർക്കാർ തീരുമാനിക്കുകയും ആയതിന് പ്ലാൻ റൈറ്റ്അപ്പ് തുക അനുവദിച്ചിട്ടുമുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ വിമൺ ആന്റ് ചിൽഡ്രൻ ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ, കെട്ടിട നിർമ്മാണം, സ്ഥലം പി.ഡബ്ല്യു.ഡി. കൈമാറുക, ടെണ്ടർ നടപടികൾ എന്നിവ പുരോഗമിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ ഡബ്ല്യു ആന്റ് സി ആശുപത്രിയുടെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. 2 നില പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. വയനാട് സ്ഥലം പി.ഡബ്ല്യു.ഡി.-ക്ക് കൈമാറി, പി.ഡബ്ല്യു.ഡി. കെട്ടിട നിർമ്മാണത്തിനുള്ള ടെണ്ടർ നടപടി പുരോഗമിക്കുന്നു. മലപ്പുറം കെട്ടിടം പണി പൂർത്തിയാക്കി ഒ.പി. ആരംഭിച്ചിട്ടുണ്ട്. കോട്ടയത്ത് വൈക്കത്ത് ഡബ്ല്യു ആന്റ് സി ആശുപത്രിയുടെ താഴത്തെ നില 80% പണി പൂർത്തിയാക്കുകയും 2-ാം നില 60% പണി പൂർത്തിയാക്കിയിട്ടുമുണ്ട്. 3-ാം നിലയ്ക്കുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനും വന്ധ്യതാ ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും തുക വകയിരുത്തിയിരിക്കുന്നു. എല്ലാ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആധുനിക ലബോറട്ടറി സൗകര്യത്തോടുകൂടിയ വന്ധ്യത ക്ലിനിക്കുകൾ ഘട്ടംഘട്ടമായി ആരംഭിക്കുന്നതിനും ഉദ്ദേശിച്ചിരിക്കുന്നു.

## ആദിവാസി യുവാവ് ചികിത്സ ലഭിക്കാതെ മരിക്കുവാനിടയായ സാഹചര്യം

220 (4511) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിട്ടി കുട്ടപ്പുഴ വേരട്ടയിലെ നരിമട കോളനിയിലെ രാജു എന്ന ആദിവാസി യുവാവ് ചികിത്സ ലഭിക്കാതെ തലശ്ശേരി സർക്കാർ ആശുപത്രിയിൽ മരിക്കുവാനിടയായ സാഹചര്യം അന്വേഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മൃതദേഹം ആറ് മണിക്കൂറോളം ബന്ധപ്പെട്ടവരാരും തിരിഞ്ഞുനോക്കാതെ ആശുപത്രി വാർഡിൽ കിടത്തിയ സംഭവം അന്വേഷണവിധേയമാക്കുമോ;

(സി) ചികിത്സ ലഭിക്കാതെ ആദിവാസികൾ മരിക്കുന്ന സാഹചര്യം സർക്കാർ ആശുപത്രികളിൽ ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ല മെഡിക്കൽ ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിൽ തലശ്ശേരി ജനറൽ ആശുപത്രിയിലെ ഡോക്ടർമാരിൽ നിന്നോ ജീവനക്കാരിൽനിന്നോ കൃത്യവിലോപം എന്തെങ്കിലും ഉള്ളതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്. ബന്ധുക്കൾ വരുന്നുണ്ട്, 9.00 മണി ആകുമ്പോഴേയ്ക്കും കൊണ്ടുപോകാം എന്ന് രാജുവിന്റെ കൂട്ടിരിപ്പുകാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് മോർച്ചറിയിലേയ്ക്ക് കൊണ്ടുപോകാതെ മൃതദേഹം വാർഡിൽ വയ്ക്കുവാനുള്ള സാഹചര്യമുണ്ടായിട്ടുള്ളത്.

(സി) സർക്കാർ ആശുപത്രികളിൽ എത്തുന്ന എല്ലാവർക്കും മതിയായ ചികിത്സ ലഭ്യമാക്കാറുണ്ട്. മരണപ്പെടുന്നവരിൽ എല്ലാ ജാതിമത വിഭാഗങ്ങളിലും പെട്ടവർ ഉൾപ്പെടുന്നു. ചികിത്സാ കാര്യത്തിൽ ദുർബല ജനവിഭാഗങ്ങൾക്കും വിശിഷ്യാ ആദിവാസികൾക്കും പാർശ്വവല്ക്കരിക്കപ്പെട്ടവർക്കും മുന്തിയ പരിഗണന നൽകുന്നതിനും അവരെ മുഖ്യധാരയിൽ നിലനിർത്തുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ശാക്തീകരണം**

221 (4512) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഏതൊക്കെ തരത്തിൽ ശാക്തീകരിക്കുന്നതിനാണ് കരട് ആരോഗ്യനയത്തിൽ ലക്ഷ്യമിടുന്നത്;

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) പി.എച്ച്.സി.-കളിൽ ലഘുശസ്ത്രക്രിയക്കുള്ള സൗകര്യം ഒരുക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല. ആർദ്രം പദ്ധതി പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും മികച്ച ലബോറട്ടറി സംവിധാനവും അടിസ്ഥാന സൗകര്യവും ഏർപ്പാടാക്കിക്കൊണ്ടും പ്രാഥമികതലത്തിൽത്തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന തരത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ശാക്തീകരിക്കുന്നതിനാണ് ആർദ്രം പദ്ധതി മുഖേന സർക്കാർ ലക്ഷ്യമിടുന്നത്.

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിനും പ്രവർത്തനം ജനസൗഹൃദ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രാഥാമികാരോഗ്യ കേന്ദ്രങ്ങൾ ചികിത്സയുടെ പ്രാഥമിക ഘട്ടത്തിലുള്ള പരിശോധനകൾക്കും ഒ.പി.ക്ലിനിക്കുകൾ വഴിയുള്ള സേവനങ്ങൾക്ക് പ്രതിരോധ പ്രവർത്തനങ്ങൾക്കും ഉൾപ്പെടെ അടിസ്ഥാന ചികിത്സയിലൂടെ രോഗമൂർച്ച ഒഴിവാക്കുന്നതിനും ജീവിതശൈലീരോഗ നിയന്ത്രണത്തിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ലഘുശസ്ത്രക്രിയയാണെങ്കിലും അതിന് നിശ്ചിത മാനദണ്ഡ പ്രകാരമുള്ള സജ്ജീകരണങ്ങളും വിദഗ്ദ്ധ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സേവനം അനിവാര്യമാണ്. സംസ്ഥാനത്താകെയുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല.

**പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിന് നടപടി**

222 (4513) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രൂക്ഷമായ വേനൽക്കാലത്ത് പടർന്നുപിടിക്കുവാൻ സാധ്യതയുള്ള പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനായി പി.എച്ച്.സി.-കളിൽ മുഴുവൻസമയ അടിയന്തര വൈദ്യസഹായം ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) രൂക്ഷമായ വേനൽക്കാലത്ത് പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ളത് ഡെങ്കിപ്പനി, വൈറൽപനി,വയറിളക്കരോഗങ്ങളുമാണ്. ആയതിന്റെ വ്യാപനം തടയുന്നതിനായി ആരോഗ്യ ജാഗ്രത 'പ്രതിദിനം പ്രതിരോധം' ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ആരോഗ്യജാഗ്രത എന്ന പരിപാടി വഴി സമയബന്ധിതമായി നടത്തേണ്ടുന്ന പ്രതിരോധ പ്രവർത്തനങ്ങളും, വിവിധ വകുപ്പുകളുമായി നടത്തേണ്ട ട്രെയിനിംഗുകളും, പ്രവർത്തനമാർഗ്ഗരേഖകളും ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുതൽ മുകളിലേയ്ക്കുള്ള സ്ഥാപനങ്ങളിൽ മുഴുവൻ സമയ അടിയന്തര വൈദ്യസഹായം ഉറപ്പ് വരുത്തുന്നതിനുള്ള മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥാമികാരോഗ്യകേന്ദ്രങ്ങൾ പ്രതിരോധ പ്രവർത്തനങ്ങളിലൂന്നി നിലകൊള്ളുന്ന സ്ഥാപനങ്ങളാണ്. ഇവയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടതും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടതുമായ സ്ഥാപനങ്ങളിൽ വൈകുന്നേരം 6 മണിവരെ വൈദ്യസഹായം ഉറപ്പുവരുത്തിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഉൾപ്പെടെ വൈദ്യസഹായം നൽകുന്നതിന് ആരോഗ്യ വകുപ്പ് സജ്ജമാണ്.

**വയനാട് ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ്**

223 (4514) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്ന് അറിയിക്കുമോ;

(ബി) കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 വാർഷിക പദ്ധതിയിൽ അനുവദിച്ച് 1200 ലക്ഷം രൂപയിൽ നിന്ന് 823.422 ലക്ഷം രൂപ വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിക്ക് കാത്ത് ലാബ് ആരംഭിക്കുന്നതിന് നൽകിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കേർപ്പറേഷനേയും സിവിൽ ജോലികൾക്കായി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കീഴ്മാട് പി.എച്ച്.സി-യുടെ ഒ.പി.ബ്ലോക്കിന്റെ നിർമ്മാണം

224 (4515) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ കീഴ്മാട് പി.എച്ച്.സി-യുടെ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണത്തിനായി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും അനുവദിച്ച 30 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തിയുടെ വിനിയോഗം സംബന്ധിച്ച നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ നിർവാഹക ഏജൻസി ആരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കീഴ്മാട് പി.എച്ച്.സി.-യിൽ പുതിയ ഒ.പി. ബ്ലോക്ക് പണിയുന്നതിന് മുൻ എം.എൽ.എ. ശ്രീ. ലൂഡി ലൂയിസിന്റെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപയുടെ ഭരണാനുമതി സ.ഉ.(ആർ.ടി.) 3902/15/ആകുവ. പ്രകാരം നല്കുകയും ഗ്രൗണ്ട് ഫ്ലോറിന്റെ പണി തൃപ്തികരമായി പൂർത്തിയാക്കി കെട്ടിടം കൈമാറിയിട്ടുമുണ്ട്. ആകെ വിനിയോഗിച്ച തുക 24,29,282 (ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി എൺപത്തി രണ്ട് രൂപ)

(ബി) പ്രസ്തുത പ്രവൃത്തി അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് സെക്ഷൻ ആലുവ ആണ് നിർവ്വഹിച്ചിട്ടുള്ളത്.

## ആലപ്പാട് പഞ്ചായത്തിലെ സർക്കാർ ആശുപത്രി

225 (4516) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ ആശുപത്രി ഇപ്പോൾ ഏത് വിഭാഗത്തിൽപ്പെടുന്നുവെന്ന് വിശദീകരിക്കുമോ;

(ബി) ഇവിടെ ഏതെല്ലാം വിഭാഗങ്ങളിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു; ഇവിടെ നിയമിച്ചിട്ടുള്ള വിവിധ വിഭാഗം ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ രണ്ട് സർക്കാർ ആശുപത്രികളാണ് നിലവിലുള്ളത്. ഇതിൽ ഒന്ന് ആലപ്പാട് സി.എച്ച്.സി.-യും മറ്റൊന്ന് അഴീക്കൽ പി.എച്ച്.സി.-യുമാണ്.

(ബി) ആലപ്പാട് സി.എച്ച്.സി. അഴീക്കൽ, പി.എച്ച്.സി.-കളിൽ ഒ.പി., ഫാർമസി, പ്രതിരോധ കുത്തിവയ്പ്, ജീവിതശൈലീ രോഗനിർണ്ണയവും ചികിത്സയും, മാതൃശിശുക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്. അഴീക്കൽ പി.എച്ച്.സി.-യിൽ ലാബ് സൗകര്യം ലഭ്യമാണ്. ടി കേന്ദ്രങ്ങളിലെ നിലവിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

പി.എച്ച്.സി. അഴീക്കൽ

| | | |
|---|---|---|
| അസി.സർജൻ | - | 1 |
| ക്ലാർക്ക് | - | 1 |
| ഫാർമസിസ്റ്റ് | - | 1 |
| ജെ.പി.എച്ച്.എൻ. | - | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | - | 1 |
| ആഫീസ് അറ്റൻഡന്റ് | - | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | - | 1 |
| പി.റ്റി.എസ് | - | 1 |

സി.എച്ച്.സി. ആലപ്പാട്

| | | |
|---|---|---|
| അസി.സർജൻ | - | 1 |
| ഫാർമസിസ്റ്റ് | - | 1 |
| ക്ലാർക്ക് | - | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | - | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | - | 1 |
| ആഫീസ് അറ്റൻഡന്റ് | - | 1 |
| പി.റ്റി.എസ്. | - | 1 |

| | | |
|---|---|---|
| എച്ച്.ഐ. | - | 1 |
| പി.എച്ച്.എൻ. | - | 1 |
| ജെ.എച്ച്.ഐ. | - | 3 |
| ജെ.പി.എച്ച്.എൻ. | - | 5 |

(സി) എല്ലാ പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും കിടത്തിചികിത്സ അപ്രായോഗികമാണ്. ആലപ്പാട് പഞ്ചായത്തിൽനിന്നും അധികം ദൂരെയല്ലാതെ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാണ്. കൂടാതെ ഈ താലൂക്ക് ആശുപത്രിയെ KIIFB സാമ്പത്തിക സഹായത്തോടെ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ മറ്റുള്ള നിർദ്ദേശം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

## പാലക്കാട് ജില്ലാ ആശുപത്രിയിലെ മാലിന്യ സംസ്കരണം

226 (4517) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ ആശുപത്രിയിലെ മാലിന്യ സംസ്കരണം വർഷങ്ങളായി അവതാളത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുകക്കുഴൽ ഒടിഞ്ഞതുമൂലം ഇൻസിനറേറ്റർ പ്രവർത്തനക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുപരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആശുപത്രിയിലെ മലിനജലം സംസ്കരിക്കുന്നതിന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാൻറ് സ്ഥാപിക്കുന്നതിനും ഡ്രെയിനേജ് സംവിധാനം പുതുക്കിപ്പണിയുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. പാലക്കാട് ജില്ലാ ആശുപത്രിയിലെ ബയോ മെഡിക്കൽ വേസ്റ്റ് IMAGE മുഖേനയും Food Waste മുനിസിപ്പാലിറ്റി മുഖേനയും നീക്കംചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആശുപത്രി സൂപ്രണ്ട് ജില്ലാ പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ആശുപത്രിയിലെ മലിനജലം സംസ്കരിക്കുന്ന വിഷയം പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി ഐ.ആർ.റ്റി.സി.മുഖേന നടപടി സ്വീകരിച്ചു വരുന്നു.

**മാവേലിക്കര ജില്ലാ ആശുപത്രി**

227 (4518) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിന് 2016-17 ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ ഇൻകൽ തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ.-ന്റെ അംഗീകാരത്തിനും ഭരണാനുമതി നൽകുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) 2016-17 ബജറ്റിൽ മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിന് തുക വകയിരുത്തിയിരുന്നതായി കാണുന്നില്ല. എന്നാൽ 2017-18 ബജറ്റിൽ കിഫ്ബിയിൽനിന്നും ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിൽ 2000 കോടി രൂപ നിക്ഷേപം പുതിയതായി അനുവദിച്ചതിൽ മാവേലിക്കര ജില്ലാ ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനം കിഫ്ബി മുഖാന്തരം നടപ്പാക്കുന്നതിനായി ഇൻകൽ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആക്കിക്കൊണ്ട് ഈ വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. ഇൻകൽ തയ്യാറാക്കി നൽകിയിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

228 (4519) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ആശുപത്രി എവിടെയാണ് സ്ഥാപിക്കുന്നതെന്നും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഈ സ്ഥാപനത്തിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രി കാഞ്ഞങ്ങാട് നിർമ്മിക്കുന്നതിന് 560 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തികൾക്കായി പൊതുമരാമത്തിനെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി ലേലം മുഖേന മരങ്ങൾ മുറിച്ചു മാറ്റിയിട്ടുണ്ട്. എന്നാൽ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനായി മൂന്ന് തവണ ലേലം നടത്തിയെങ്കിലും മതിപ്പ് വിലയേക്കാൾ കുറഞ്ഞ നിരക്കായതിനാൽ ലേലം ഉറപ്പിക്കുകയുണ്ടായില്ല. പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതിനുശേഷമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**കണ്ടാണശ്ശേരി പി.എച്ച്.സി.-യിലെ ഒഴിവുകൾ നികത്താൻ നടപടി**

229 (4520) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ അലോപ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ട്;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ അലോപ്പതി പ്രാഥമികാരോഗ്യ കേന്ദ്രമായ കണ്ടാണശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| തസ്തിക | അനുവദിച്ചിട്ടുള്ളത് | നിലവിൽ | ഒഴിവ് |
|---|---|---|---|
| (1) | (2) | (3) | (4) |
| അസിസ്റ്റന്റ് സർജൻ | 1 | 1 | 0 |
| ക്ലാർക്ക് | 1 | 1 | 0 |

| (1) | (2) | (3) | (4) |
|---|---|---|---|
| ഓഫീസ് അറ്റൻഡന്റ് | 1 | 0 | 1 |
| ഫാർമസിസ്റ്റ് | 1 | 1 | 0 |
| നഴ്സിംഗ് അസിസ്റ്റന്റ് | 1 | 1 | 0 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 1 | 1 | 0 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 | 0 | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 2 | 2 | 0 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 0 | 1 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 5 | 4 | 1 |
| പാർട്ടൈം സ്വീപ്പർ | 1 | 1 | 0 |

(ബി) ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഓഫീസ് അറ്റൻഡന്റ് | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 |

(സി) ഓഫീസ് അറ്റൻഡന്റ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II എന്നീ ഒഴിവുകൾ പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിക്കുന്നമുറയ്ക്ക് നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പബ്ലിക് ഹെൽത്ത് നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിലേക്കുള്ള പ്രൊമോഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടിക്രമം പൂർത്തീകരിക്കുന്നമുറയ്ക്ക് ടി തസ്തികകളിലെ ഒഴിവുകൾ നികത്തുവാൻ സാധിക്കുന്നതാണ്.

## നല്ലൂർനാട് ക്യാൻസർ ഹോസ്പിറ്റൽ പ്രവർത്തനം

230 (4521) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി മണ്ഡലത്തിലെ നല്ലൂർനാട് കാൻസർ ഹോസ്പിറ്റൽ പ്രവർത്തനം ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഇനിയും ലഭ്യമാകാനുള്ളത്;

(സി) ടി ആശുപത്രി എത്രയുംപെട്ടെന്ന് കാൻസർ സെന്ററായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 1. മാനന്തവാടി മണ്ഡലത്തിലെ നല്ലൂർനാട് ക്യാൻസർ ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. ടെലികോബാൾട്ട് സ്ഥാപിച്ചു. സ്ഥാപനത്തിന് എ.ഇ.ആർ.ബി. (അറ്റോമിക് എനർജി റെഗുലേറ്ററി ബോർഡ്) ലൈസൻസ് ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചികിത്സ ആരംഭിക്കുന്നതിനുള്ള അനുമതി ജില്ലാ മെഡിക്കൽ ഓഫീസർ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) മോൾഡ് റൂം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കുംവേണ്ട അനുബന്ധ സൗകര്യങ്ങളാണ് ലഭ്യമാക്കാനുള്ളത്.

(സി) എ.ഇ.ആർ.ബി. (അറ്റോമിക് എനർജി റഗുലേറ്ററി ബോർഡ്) ലൈസൻസ് കിട്ടിയ സാഹചര്യത്തിൽ റേഡിയേഷൻ ചികിത്സ ആരംഭിക്കുന്നതിനുള്ള അനുമതി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

## സി-മെറ്റിലെ സ്ഥിരം ജീവനക്കാർ

231 (4522) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-മെറ്റിലെ സ്ഥിരം തസ്തികകളിൽ ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച ഫയലിൽ (C3/516/2017) നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എകിൽ പ്രസ്തുത നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സി-മെറ്റിലെ സ്ഥിരം തസ്തികകളിൽ ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തിയതായുള്ള പരാതി

232 (4523) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ നിലവിലെ അലോപ്പതി മെഡിക്കൽ ഓഫീസർ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തുന്നതായുള്ള കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ ഉചിത നടപടി സ്വീകരിക്കുന്നതാണ്.

## മാവേലിക്കര ജില്ലാ ആശുപത്രി

233 (4525) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര ജില്ലാ ആശുപത്രിയിൽ 'ജില്ലാ ആശുപത്രിതല' പ്രവർത്തനത്തിനാവശ്യമായ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

G.O. (Ms.) No.58/17/H&FWD dated 22-4-2017 പ്രകാരം മാവേലിക്കര ജില്ലാ ആശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജില്ലാ താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ന്യൂറോ ടെക്നോളജി കോഴ്സ്

234 (4526) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ന്യൂറോ സർജറിയും ന്യൂറോ മെഡിസിൻ വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത വിഭാഗങ്ങൾ ഇല്ലാത്ത ആശുപത്രികളിൽ ആയവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഡി.എം.ഇ. കേരള ഘടകം നടത്തുന്ന പാരാമെഡിക്കൽ ഡിപ്ലോമാ കോഴ്സ് ആയ ന്യൂറോ ടെക്നോളജി കോഴ്സ് പാസ്സായവർക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിന് എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഓട്ടിസം പോലെ ന്യൂറോ സംബന്ധമായ അസുഖം ബാധിച്ചവരെ ചികിത്സിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ന്യൂറോ ടെക്നീഷ്യൻസിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് ശിപാർശ നല്കുകയും ആവശ്യമായ യോഗ്യത ഉള്ളവർക്ക് താൽക്കാലിക അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) കാർഡിയോളജി, നെഫ്രോളജി എന്നിവപോലെ സർക്കാർ ജില്ലാ-താലൂക്ക് ആശുപത്രികളിൽ ന്യൂറോ സെക്ഷൻ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

### ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ ആശുപത്രികളിലും ന്യൂറോ സർജറിയും ന്യൂറോ മെഡിസിൻ വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. 2017-ൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിലെ ജനറൽ ആശുപത്രികളിലും പാലക്കാട് ജില്ലാ ആശുപത്രിയിലും ന്യൂറോളജി കൺസൾട്ടന്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ന്യൂറോ ടെക്നോളജി കോഴ്സ് പാസ്സായവരെ ഉൾപ്പെടുത്തി മെഡിക്കൽ കോളേജിലെ ഇ.ഇ.ജി. തസ്തികകളുടെ യോഗ്യത നിർണ്ണയിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ ഓട്ടിസം പോലെ ന്യൂറോ സംബന്ധമായ അസുഖം ബാധിച്ചവരെ ചികിത്സിക്കാനുള്ള സെന്ററുകൾ തുടങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത സെന്ററുകളിൽ ന്യൂറോ ടെക്നീഷ്യൻസിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. കൂടാതെ ഓട്ടിസം പോലെയുള്ള അസുഖം ബാധിക്കുന്ന

കുട്ടികളെ NHM-ന്റെകീഴിൽ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന District Early Intervention Centre വഴിയും പരിശോധിച്ചുവരുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ ആവശ്യമായ സ്റ്റാഫിനെ NHM മാർഗ്ഗരേഖയനുസരിച്ച് താൽക്കാലികമായി നിയമിച്ചുവരുന്നു.

(ഡി) ആരോഗ്യ വകുപ്പിൽ ന്യൂറോളജിസ്റ്റിന്റെ 4 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ന്യൂറോ സർജറി വിഭാഗം വികസിപ്പിക്കുന്നതിനുള്ള ശിപാർശകൾ തൽക്കാലം പരിഗണനയിലില്ല.

## ആരോഗ്യ മേഖലയിൽ പാലക്കാട് ജില്ലയിലെ ഒഴിവുകൾ

235 (4527) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യമേഖലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I, ഹെൽത്ത് സൂപ്പർ വൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I എന്നീ തസ്തികകളിൽ പാലക്കാട് ജില്ലയിലുള്ള ഒഴിവുകൾ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിൽ സ്ഥാപനങ്ങൾ ഒന്നുംതന്നെ നിലവിലില്ല. ആരോഗ്യ വകുപ്പിന്റെ കീഴിലെ ഒഴിവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 & ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ഒഴിവുകൾ ജില്ലാ പി.എസ്.സി- യെ അറിയിച്ചിട്ടുണ്ട്. ലേഡി ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II എന്നീ തസ്തികയിലെ ഒഴിവുകൾ ഉദ്യോഗക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തിക

236 (4528) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഈ റാങ്ക് ലിസ്റ്റ് എന്ന് നിലവിൽവന്നു ;എത്ര പേരെ നിയമിച്ചിട്ടുണ്ട്; കഴിഞ്ഞ തവണത്തെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെയാണ് നിയമിച്ചതെന്ന് അറിയിക്കുമോ;

(ബി) നിലവിൽ ഈ തസ്തികയിൽ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ അവ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പി.ജി. പഠനത്തിനും എം.ബി. ബി.എസ്. പഠനത്തിനും പോയവരുടെയും എൻ.ജെ.ഡി. ഒഴിവുകളും പി.എസ്.സി-ക്ക് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെ സ്ഥാനക്കയറ്റ പോസ്റ്റായ സി.എം.ഒ. പോസ്റ്റുകൾ കാലങ്ങളായി ഡി. പി .സി വിളിക്കാത്തതിനാൽ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥാനക്കയറ്റം നൽകുന്നതിലൂടെ ഉണ്ടാകുന്ന മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ നിയമനത്തിനായി ഉടൻ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 3-8-2015-ന് നിലവിൽവന്ന ഹോമിയോ മെഡിക്കൽ ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നും 172 പേർക്കും കഴിഞ്ഞ തവണത്തെ റാങ്ക് ലിസ്റ്റിൽ നിന്നും 369 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പി.ജി പഠനത്തിനും എം.ബി.ബി.എസ്. പഠനത്തിനും പോയവരുടെയും എൻ.ജെ.ഡി ഒഴിവുകൾ ഉൾപ്പെടെയുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡി.പി.സി. യഥാസമയം കൂടിയിട്ടുണ്ട്.

## മോർച്ചറി അറ്റൻഡർ തസ്തിക

237 (4529) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ മോർച്ചറി അറ്റന്റർ എന്ന തസ്തിക നിലവിലുണ്ടോ;

(ബി) ഏത് വിഭാഗം ജീവനക്കാരാണ് നിലവിൽ ഈ തസ്തികയിൽ ജോലി ചെയ്യുന്നത്; ഈ ജീവനക്കാർക്ക് വേണ്ടവിധ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ടോ; ഈ ജീവനക്കാർക്കുവേണ്ടി മെഡിക്കൽ പ്രോട്ടോകോൾ വല്ലതും നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മോർച്ചറിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജോലി ചെയ്യാനാവശ്യമായ വൃത്തിയുള്ള സാഹചര്യവും വേണ്ടത്ര ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ 3 (മൂന്ന്) മോർച്ചറി അറ്റൻഡർ തസ്തിക നിലവിലുണ്ട്. മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത തസ്തിക നിലവിലില്ല.

(ബി) ക്ലാസ് IV ജീവനക്കാരാണ് നിലവിൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്നത്. ഇവർക്ക് ഫോറൻസിക് മെഡിസിൻ വിഭാഗം പ്രാഥമിക പരിശീലനം നല്കുന്നുണ്ട്. മെഡിക്കൽ പ്രോട്ടോക്കോൾ നിലവിലില്ല.

(സി) മോർച്ചറിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജോലി ചെയ്യുന്നതിനാവശ്യമായ വൃത്തിയുള്ള സാഹചര്യം ഒരുക്കുന്നുണ്ട്. ജീവനക്കാരുടെ സുരക്ഷയ്ക്കായി ഓരോ പോസ്റ്റുമോർട്ടം പരിശോധനയ്ക്കും മാസ്ക്, ക്യാപ്, കോട്ടൺ ഏപ്രൺ, പ്ലാസ്റ്റിക് ഏപ്രൺ, ഗ്ലൗസ് (രണ്ട് വീതം ഓരോ കൈയിലും) മുതലായവ ലഭ്യമാക്കുന്നുണ്ട്.

**ഡോക്ടർമാരുടെ ഒഴിവുകളും നിയമനവും**

238 (4530) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഡോക്ടർമാരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിനുകീഴിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു :

| ജില്ലകൾ | അസിസ്റ്റന്റ് സർജൻ | സ്പെഷ്യാലിറ്റി വിഭാഗം |
|---|---|---|
| തിരുവനന്തപുരം | 5 | 12 |
| കൊല്ലം | ഇല്ല | 12 |
| പത്തനംതിട്ട | 14 | 9 |
| ആലപ്പുഴ | 8 | 24 |
| കോട്ടയം | 15 | 15 |
| ഇടുക്കി | 12 | 15 |
| എറണാകുളം | 6 | 13 |
| തൃശ്ശൂർ | 11 | 13 |
| വയനാട് | 6 | 20 |
| പാലക്കാട് | 18 | 15 |
| മലപ്പുറം | 11 | 28 |
| കോഴിക്കോട് | 4 | 4 |
| കണ്ണൂർ | 37 | 39 |
| കാസർഗോഡ് | 36 | 16 |

ഇതുകൂടാതെ ചീഫ് കൺസൾട്ടന്റുമാരുടെ 9 ഒഴിവുകളുൾപ്പെടെ ആരോഗ്യ വകുപ്പിൽ ആകെ 427 ഒഴിവുകളുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു :

ദന്തൽ വിഭാഗം

| | |
|---|---|
| തിരുവനന്തപുരം | 6 |
| കോട്ടയം | 9 |
| ആലപ്പുഴ | 10 |
| തൃശ്ശൂർ | 9 |
| കോഴിക്കോട് | 8 |
| ആകെ | 42 |

നോൺ ക്ലിനിക്കൽ വിഭാഗം

| | |
|---|---|
| തിരുവനന്തപുരം | 21 |
| കോഴിക്കോട് | 32 |
| കോട്ടയം | 23 |
| ആലപ്പുഴ | 19 |
| തൃശ്ശൂർ | 18 |
| മലപ്പുറം | 15 |
| ഇടുക്കി | 19 |
| കൊല്ലം | 18 |
| എറണാകുളം | ഇല്ല |
| ആകെ | 182 |

<u>ക്ലിനിക്കൽ വിഭാഗം</u>

| | |
|---|---|
| തിരുവനന്തപുരം | 53 |
| കൊല്ലം | 7 |
| കോട്ടയം | 34 |
| ആലപ്പുഴ | 38 |
| തൃശ്ശൂർ | 38 |
| കോഴിക്കോട് | 48 |
| മഞ്ചേരി | 11 |
| ഇടുക്കി | 6 |
| പത്തനംതിട്ട | 8 |
| എറണാകുളം | 5 |
| ആകെ | 1210 |

(ബി) പ്രവേശന തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തുന്നതിനായി വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി ചേർന്ന് നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിന് കീഴിൽ 1652 പേരെ അസിസ്റ്റന്റ് സർജൻ തസ്തികയിലും 11 പേരെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലും നിയമിച്ചിട്ടുണ്ട്. കൂടാതെ 358 ഡോക്ടർമാർക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നിയമനം നൽകിയിട്ടുണ്ട്.

## ഫാർമസിസ്റ്റ് തസ്തികയിലുള്ള നിയമനവും പ്രൊമോഷനും

239 (4531) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ ലിസ്റ്റ് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകൾ തമ്മിലുള്ള അനുപാതം നിലവിൽ വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ നികത്തപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആർദ്രം പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഫാർമസിസ്റ്റുകളെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫാർമസിസ്റ്റ് ഗ്രേഡ് -1, ഗ്രേഡ്-II തസ്തികകൾ തമ്മിലുള്ള അനുപാതം 1:1 ആയി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരമുള്ള ഫാർമസിസ്റ്റ് ഗ്രേഡ്-I-ന്റെ ഒഴിവുകളുടെ വിവരം ജില്ലാ മെഡിക്കൽ ഓഫീസുകളിൽനിന്നും ശേഖരിച്ചുവരുന്നു. ഈ നടപടി പൂർത്തിയായാൽ മാത്രമേ ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയിലേക്കുള്ള പ്രൊമോഷൻ സംബന്ധിച്ച നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) ഉണ്ട്. പത്തനംതിട്ട ജില്ലയിൽ 42 ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയും 41 ഗ്രേഡ് I തസ്തികയും ഉൾപ്പെടെ 83 ഫാർമസിസ്റ്റ് തസ്തികകൾ നിലവിലുണ്ട്.

(സി) പത്തനംതിട്ട ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ ഒഴിവില്ല.

(ഡി) ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത ജനറൽ-ജില്ലാ-താലൂക്ക് ആശുപത്രികളിലും താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലുള്ള സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലുമായി 30 ഫാർമസിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുകയും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 150 ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകൾ ഏതൊക്കെ സ്ഥാപനങ്ങളിലാണെന്നുള്ള തീരുമാനം ആകുന്നമുറയ്ക്ക് നിയമന നടപടികൾ ആരംഭിക്കുന്നതാണ്.

**ക്ലിനിക്കൽ ലാബുകളും ഇമേജിംഗ് സെന്ററുകളും**

240 (4532) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലിനിക്കൽ ലാബുകൾക്കും ഇമേജിംഗ് സെന്ററുകൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുവാനും അവയുടെ മേൽനോട്ടത്തിന് ക്ലിനിക്കൽ ഡയഗനോസ്റ്റിക് ടെക്നോളജി കൗൺസിൽ രൂപീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നടപടിയുടെ ലക്ഷ്യമെന്താണെന്നും തൻമൂലം ക്ലിനിക്കൽ ലാബുകളുടെ ഫീസ് ഏകീകരിക്കുവാനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും സാധിക്കുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ക്ലിനിക്കൽ ഡയഗ്നോസ്റ്റിക് ടെക്നോളജി കൗൺസിൽ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. എന്നാൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പ്രാവർത്തികമാകുമ്പോൾ സ്വകാര്യ ലബോറട്ടറികൾ, ഇമേജിംഗ് സെന്ററുകൾ എന്നിവ ഉൾപ്പെടെയുള്ള ചികിത്സാ സ്ഥാപനങ്ങളെ തരംതിരിക്കുകയും ചുരുങ്ങിയ നിലവാരമെങ്കിലും ഉറപ്പാക്കാനും പരിശോധന ഫീസുകളിലെ വലിയ അന്തരം ഒരു പരിധിവരെ നിയന്ത്രിക്കുവാനും കഴിയുന്നതാണ്.

**മായം ചേർക്കൽ**

241 (4533) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെളിച്ചെണ്ണ വില വർദ്ധനവിനെ തുടർന്ന്, പെട്രോളിയം ഉപോല്പന്നങ്ങളായ പാരഫിൻ, മെഴുക് ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നത്തിന് ഇടയാക്കുന്ന ഭക്ഷ്യയോഗ്യമല്ലാത്ത പദാർത്ഥങ്ങളും വില കുറഞ്ഞ മറ്റ് എണ്ണകളും ചേർത്ത്, മായം ചേർത്ത വെളിച്ചെണ്ണ വ്യാപകമായി വിൽക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ; വിശദാംശം അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ഒട്ടുമിക്ക ആളുകളും പാചകത്തിനായി ഉപയോഗിക്കുന്ന എണ്ണ ഉൾപ്പെടെയുള്ള ആഹാര പദാർത്ഥങ്ങളിൽ മായം കലർത്തുന്നത് ഭയാനകമായ തോതിൽ ആരോഗ്യപ്രശ്നങ്ങൾ വ്യാപിപ്പിക്കുമെന്നതിനാൽ ഇതുതടയാൻ ഭക്ഷ്യ

സുരക്ഷാ വകുപ്പിന് കർശന നിർദ്ദേശം നൽകുമോ; മായം കണ്ടെത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെകീഴിൽ ആധുനിക സൗകര്യത്തോടെയുള്ള ലബോറട്ടറികൾ എവിടെയെല്ലാമാണുള്ളത്;

(സി) ഭക്ഷ്യ സുരക്ഷാ വകുപ്പ് സഞ്ചരിക്കുന്ന ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ ആരംഭിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം വിലയിരുത്തിയിരുന്നോ; വിവിധ തരം ആഹാര പദാർത്ഥങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ചേർക്കുന്നതായി കണ്ടെത്തുന്ന കേസ്സുകളിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; കുറ്റവിചാരണയ്ക്ക് വിധേയരാക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വെളിച്ചെണ്ണയിൽ മായംചേർക്കുന്നു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ വെളിച്ചെണ്ണയുടെ സാമ്പിളുകൾ പരിശോധന നടത്തിയതിൽ വിലകുറഞ്ഞ മറ്റ് ഭക്ഷ്യ എണ്ണകൾ കലർത്തി വെളിച്ചെണ്ണ വിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പെട്രോളിയം ഉല്പന്നമായ പാരഫിൻ, മെഴുക് എന്നിവ കലർത്തിയതായി കണ്ടെത്തിയിട്ടില്ല.

വിശദാംശങ്ങൾ

| ജില്ല | ഗുണനിലവാരം ഇല്ലാത്തവ/മിസ്ബ്രാന്റഡ് (എണ്ണം) |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 21 |
| കൊല്ലം | 7 |
| പത്തനംതിട്ട | 11 |
| ആലപ്പുഴ | 3 |
| കോട്ടയം | 26 |
| ഇടുക്കി | 2 |
| എറണാകുളം | 24 |

| (1) | (2) |
|---|---|
| തൃശ്ശൂർ | 10 |
| പാലക്കാട് | 23 |
| മലപ്പുറം | 13 |
| കോഴിക്കോട് | 35 |
| വയനാട് | 4 |
| കണ്ണൂർ | 34 |
| കാസർഗോഡ് | 4 |

(ബി) വെളിച്ചെണ്ണയിൽ മായം കലർത്തുന്നതായും മറ്റ് എണ്ണകൾ ചേർത്ത് വിൽക്കുന്നതായും പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വെളിച്ചെണ്ണയുടെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ 28 ബ്രാൻഡുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരോധിച്ചിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭിച്ച മൂന്ന് അനലിറ്റിക്കൽ ലാബുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു.

(സി) ഭക്ഷ്യ സുരക്ഷാ വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. നിശ്ചിത ഇടവേളകളിൽ പ്രസ്തുത സഞ്ചരിക്കുന്ന ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ സേവനം 14 ജില്ലകൾക്കും രണ്ട് ദിവസം വീതം ലഭ്യമാക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകൾ നടത്തുകയും പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തിയാൽ തുടർ പരിശോധനകൾക്കായി ടി സാമ്പിളുകൾ അനലിറ്റിക്കൽ ലാബുകളിൽ അയയ്ക്കുകയും ചെയ്യുന്നുണ്ട്. ആഹാരപദാർത്ഥങ്ങളിൽ മായം ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യ സുരക്ഷാ നിയമം 2006 പ്രകാരം അഡ്ജൂഡിക്കേഷൻ, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ സ്വീകരിച്ച് കുറ്റവിചാരണ നടത്താറുണ്ട്.

**എൻ.എച്ച്.എം. കരാർ ജീവനക്കാരുടെ ശമ്പളം**

242 (4534) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്.എമ്മിന്റെകീഴിൽ കരാർ അടിസ്ഥാനത്തിൽ ആശുപത്രി അറ്റൻഡർ, നഴ്സ് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് നിലവിലെ ശമ്പള മെത്രയാണെന്നും, ഇപ്പോഴത്തെ ജീവിതസാഹചര്യത്തിൽ പ്രസ്തുത തുക പര്യാപ്ത മാണോയെന്നും വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ കുറഞ്ഞ ശമ്പളം പുതുക്കി നിശ്ചയിച്ച് ഉത്തരവായ സാഹചര്യത്തിൽ എൻ.എച്ച്.എം.-ന്റെ കീഴിൽ കരാർ അടിസ്ഥാനത്തിൽ ആശുപത്രി അറ്റൻഡർ, നഴ്സ് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ശമ്പളം പുതുക്കി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) എൻ.എച്ച്.എം.-ന്റെകീഴിൽ കാരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആശുപത്രി അറ്റൻഡർമാരുടെ നിലവിലെ അടിസ്ഥാന ശമ്പളം 8,000 രൂപയും സ്റ്റാഫ് നഴ്സുമാരുടെ നിലവിലെ അടിസ്ഥാന ശമ്പളം 13,900 രൂപയുമാണ്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെകീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം കേന്ദ്ര സർക്കാരാണ് നിശ്ചിയിച്ചിട്ടുള്ളത്. നിലവിൽ ശമ്പള പരിഷ്കരണത്തിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ശമ്പളം പുതുക്കി നൽകുന്നതാണ്.

**പിലാത്തറ പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിട നിർമ്മാണം**

243 (4535) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരിയിലെ പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിട നിർമ്മാണ പുരോഗതി എന്താണെന്നും നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കു ന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പുതിയ കെട്ടിടത്തിന്റെ വൈദ്യുതീകരണപ്രവൃത്തികൾ ഒഴികെയുള്ള നിർമ്മാണപ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. വൈദ്യുതീകരണപ്രവർത്തികൾ 2018 മേയ് മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) പുതിയ കെട്ടിടനിർമ്മാണം പൂർത്തിയായി വരുന്നു. പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം അതിന്റെ എല്ലാവശങ്ങളും പരിശോധിച്ചശേഷം തീരുമാനിക്കുന്നതാണ്.

**ആദിവാസികൾക്ക് ചികിത്സയും മരുന്നും**

244 (4536) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനമേഖലകളിൽ താമസിക്കുന്ന ആദിവാസികൾക്ക് ചികിത്സയും മരുന്നും ലഭ്യമാക്കാൻ സ്വീകരിച്ച പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

19-3-2012-ലെ സർക്കാർ ഉത്തരവ് 461/2012/പ.വ.വി.വ. പ്രകാരം ആദിവാസി മേഖലകളിൽ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ മാനേജിംഗ് ഏജൻസിയായി നിയമിച്ച് 2.88 കോടി രൂപ കൈമാറിയിട്ടുണ്ട്. ഇതിനെത്തുടർന്ന് 6-10-2012-ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൊല്ലം, ഇടുക്കി ജില്ലകളിലെ വന മേഖലകളിലുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സ നൽകുവാൻ ഓരോ വാഹനങ്ങൾക്കായി ടെണ്ടർ വിളിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് കെയർ എന്ന കമ്പനിയെ ഓപ്പറേറ്റിംഗ് ഏജൻസി കമ്പനിയായി നിയമിക്കുകയും ചെയ്തിരുന്നു. ഈ വാഹനങ്ങളിൽ ഏകദേശം 25 തരത്തിലുള്ള പരിശോധന നടത്തുവാനുള്ള ലാബ് ഉപകരണങ്ങൾ ഘടിപ്പിച്ച് ഒരു ഡോക്ടർ, ഒരു നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഈ വാഹനങ്ങളിൽ ഒരു മാസത്തിൽ 20 ദിവസം വനമേഖലകളിലുള്ള ആദിവാസി ഊരുകൾ സന്ദർശിക്കുകയും ആവശ്യമായ പരിശോധനകൾ നടത്തി സൗജന്യ മരുന്നു വിതരണവും ചെയ്തു വരുന്നു. എന്നാൽ 31-3-2017-ൽ ഓപ്പറേറ്റിംഗ് ഏജൻസിയായ ചികിത്സ ഹെൽത്ത് കെയറിന്റെ കരാർ കാലാവധി അവസാനിച്ചതിനാൽ പുതുതായി ഒരു ടെണ്ടർ വിളിക്കുകയും അതിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ്, പ്രൊമോഷൻ ട്രസ്റ്റ് (HLFPPT) യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത

ഏജൻസി (HLFPPT) വഴി 4-10-2017 മുതൽ ഈ പദ്ധതി കൊല്ലം, ഇടുക്കി, പാലക്കാട്, കാസർഗോഡ്, വയനാട് കണ്ണൂർ എന്നീ ആറ് ജില്ലകളിൽ ഓരോ വാഹനങ്ങളുടെ സേവനം നടത്തിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യാനുസരണം 8 വാഹനങ്ങൾ കൂടി തിരുവനന്തപുരം, പത്തനംതിട്ട, വയനാട്, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ പ്രവർത്തിക്കുവാനായി HLFPPT-യ്ക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് 2018 ഏപ്രിൽ മാസത്തോടെ പ്രവർത്തനക്ഷമ മാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ആരോഗ്യ വകുപ്പിന്റെ സ്വയംഭരണ സ്ഥാപനമായ സി-മെറ്റ്

245 (4537) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-മെറ്റിന്റെ പതിനേഴാമത് ഗവേണിംഗ് ബോഡി തീരുമാന പ്രകാരം അംഗങ്ങളെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച ഫയലിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സി-മെറ്റിന്റെ പതിനേഴാമത് ഗവേണിംഗ് ബോഡി തീരുമാന പ്രകാരം അംഗങ്ങളെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഐ.സി.യു.-വിൽ കുഞ്ഞിനെ ഉറുമ്പ് പൊതിഞ്ഞ നിലയിൽ കണ്ടെത്തിയ സംഭവം

246 (4538) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 ഫെബ്രുവരി 11-ാം തീയതി എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാസം തികയാതെ ജനിച്ച കുഞ്ഞിനെ ഐ.സി.യു.വിൽ ഉറുമ്പ് പൊതിഞ്ഞ നിലയിൽ കണ്ടെത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയോ;

(ബി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ആയത് വിശദമാക്കുമോ?

ഉത്തരം

(എ&ബി) എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാസം തികയാതെ ജനിച്ച കുഞ്ഞിനെ ഐ.സി.യു.-വിൽവച്ച് ഉറുമ്പ് കടിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ പീഡിയാട്രിക് വിഭാഗം പ്രൊഫസറും വകുപ്പ് മേധാവിയുമായ ഡോ. എസ്. സോമശേഖരൻ പിള്ള, ഓർത്തോപീഡിക്സ് വിഭാഗം പ്രൊഫസറും വകുപ്പ് മേധാവിയുമായ ഡോ. ഇ. സി. ബാബുക്കുട്ടി, നഴ്സിംഗ് സൂപ്രണ്ട് ശ്രീമതി വസുന്ധരാ ദേവി.എസ് എന്നിവർ ഉൾപ്പെട്ട അന്വേഷണ സമിതി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എൻ.ഐ.സി.യു കൂടുതൽ വൃത്തിയായും അണുവിമുക്തമായും സൂക്ഷിക്കുക, എൻ.ഐ.സി.-യുവിലേയ്ക്കുള്ള പ്രവേശനം വളരെ കർശനമാക്കുക, നഴ്സുമാരുടെയും നഴ്സിംഗ് സ്റ്റാഫിന്റെയും എണ്ണത്തിലുള്ള അനുപാതം കൃത്യമായി നിലനിർത്തുക, നവജാത ശിശുവിന്റെ അമ്മയ്ക്കുവേണ്ടി എൻ.ഐ.സി.യു.-വിന് അടുത്തായി ഒരു മുറി സജ്ജമാക്കുക, ഇരുപത്തിനാല് മണിക്കൂറും സെക്യൂരിറ്റി സ്റ്റാഫിന്റെ സേവനം ലഭ്യമാക്കുക എന്നീ ശിപാർശകളാണ് അന്വേഷണ സമിതി നൽകിയിരുന്നത്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

247 (4539) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രഖ്യാപിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ വൻകിട കോർപ്പറേറ്റ് ആശുപത്രികളെ ഒഴിവാക്കി സർക്കാർ / ഇടത്തരം സ്വകാര്യ ആശുപത്രികളിലേക്ക് പരിമിതപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) അർബുദം, വൃക്കരോഗം, കരൾ, തലച്ചോറിലെ ട്യൂമർ എന്നിവയ്ക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) ഇല്ല. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മാനദണ്ഡം പാലിക്കുന്ന എതൊരു ആശുപത്രിക്കും അംഗമാകാവുന്നതാണ്.

(സി) ഉണ്ട്. ആർ.എസ്.ബി.വൈ./ചിസ് പദ്ധതിക്കുപുറമേ ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രം പദ്ധതി പ്രകാരം അർബുദം, വൃക്കരോഗം, കരൾ, തലച്ചോറിലെ ട്യൂമർ എന്നിവയ്ക്ക് 70,000 രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, RCC, MCC, ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നുണ്ട്. കൂടാതെ താഴെ പറയുന്ന പദ്ധതികൾ പ്രകാരവും അർബുദം, വൃക്കരോഗം, കരൾ, തലച്ചോറിലെ ട്യൂമർ എന്നീ ചികിത്സയ്ക്ക് ധനസഹായം നൽകിവരുന്നു :

1. സംസ്ഥാന ലോട്ടറി വകുപ്പിന്റെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.
2. ആരോഗ്യ വകുപ്പിന്റെ സുകൃതം പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെയും നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകിവരുന്നുണ്ട്.
3. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റസ് ടു പുവർ പദ്ധതി പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലൂടെ കാൻസർ രോഗികൾക്ക് ധനസഹായം നൽകിവരുന്നുണ്ട്.

**രക്തം പാഴാകാതെ സൂക്ഷിക്കുവാൻ സംവിധാനം**

248 (4540) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലഡ് ബാങ്കുകളും ആശുപത്രികളും തമ്മിലുള്ള ഏകോപനമില്ലായ്മയും സ്ഥല പരിമിതിയും കാരണം രക്തം ബ്ലഡ് ബാങ്കുകളിൽ പാഴാകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രക്തദാന ക്യാമ്പുകളിലൂടെയും മറ്റും ലഭിക്കുന്ന രക്തം പാഴാകാതെ സൂക്ഷിക്കുവാൻ എല്ലാ ബ്ലഡ് ബാങ്കുകളിലും സംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

(സി) ആർ.സി.സി.യി-ലെ ആവശ്യത്തിന് പ്ലേറ്റ്ലെറ്റുകൾ മാറ്റിയശേഷം ബാക്കിവരുന്ന രക്തം ഉപയോഗപ്പെടുത്തുവാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സംവിധാനങ്ങൾ കൊണ്ടുവരുമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള 37 ബ്ലഡ് ബാങ്കുകളിലും കുറ്റമറ്റതും ശാസ്ത്രീയവുമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രക്തദാന ക്യാമ്പുകളിലൂടെയും മറ്റും ലഭിക്കുന്ന രക്തം പാഴാക്കാതെ സൂക്ഷിക്കുവാൻ ആവശ്യമായ ബ്ലഡ് ബാങ്ക് റഫ്രിജറേറ്ററുകൾ എല്ലാ രക്തബാങ്കുകളിലും സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ RCC -യിൽ അധികം വരുന്ന Red packed cells തിരുവനന്തപുരം മെഡിക്കൽ കോളേജിലും SAT യിലേയും ശ്രീചിത്രയിലേയും ആവശ്യത്തിനും RCC യുടെ കീഴിൽ വരുന്ന രക്തസംഭരണ യൂണിറ്റുകൾക്കും നൽകി വരുന്നുണ്ട്.

**ഫാമിലി വെൽഫെയർ സബ് സെന്റർ**

249 (4541) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിൽ അൻപതിനായിരത്തോളം ജനസംഖ്യയുള്ള നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ഫാമിലി വെൽഫെയർ സബ് സെന്റർ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഫാമിലി വെൽഫെയർ സബ് സെന്റർ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ഫാമിലി വെൽഫെയർ സബ്സെന്റർ തുടങ്ങുന്നതിനായി ഒരു പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് പുതുതായി സബ് സെന്ററുകൾ തുടങ്ങണമെന്നാവശ്യപ്പെട്ടുകൊണ്ട് ധാരാളം അപേക്ഷകൾ ലഭിച്ച സാഹചര്യത്തിലും ആയത് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമായതിനാലും പ്രസ്തുത സബ് സെന്ററുകൾ ആവശ്യപ്പെട്ടിരിക്കുന്ന പ്രദേശത്തെ ജനസംഖ്യ, പ്രദേശത്തെ ജനങ്ങൾക്ക് ലഭ്യമായ ചികിത്സാകേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്രത്തിന്റെകൂടി സാമ്പത്തിക സഹായത്തോടെ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ജനസംഖ്യാനുപാതികമായി നിരവധി നടപടികളിലൂടെ മാത്രമേ സംസ്ഥാനത്ത് പുതിയ സബ് സെന്റർ അനുവദിക്കുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ.

## മലബാർ ക്യാൻസർ സെന്ററിനായി (ആർ.സി.സി.) വകയിരുത്തിയ തുക

250 (4542) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷം മലബാർ കാൻസർ സെന്ററിനായി (ആർ.സി.സി.) വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ പദ്ധതി തുകയുടെ അഞ്ചുശതമാനം പോലും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) മലബാർ ക്യാൻസർ സെന്ററിന് 2017-18 ബജറ്റിൽ 3500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 128.29 ലക്ഷം രൂപ 4% ഇതേവരെ ചെലവഴിക്കുകയുണ്ടായി.

(ബി) മലബാർ ക്യാൻസർ സെന്ററിൽ പദ്ധതികൾ പ്രധാനമായും കെട്ടിട നിർമ്മാണവും ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ്. കെട്ടിട നിർമ്മാണത്തിന് മെഡിക്കൽ എം.സി.സി.-യിലെ നടപടിക്രമം പ്രകാരം, വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കി കണ്ണൂർ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്നും പരിശോധിച്ചതിനുശേഷം ടെണ്ടറുകൾ ക്ഷണിച്ചോ അല്ലെങ്കിൽ അതിനായി നിയോഗിച്ച ഏജൻസിയെ നിർമ്മാണ പ്രവർത്തികൾ ഏല്പിക്കുകയോ ആണ് ചെയ്യുന്നത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഇത് ഗവ.എഞ്ചിനീയറിംഗ് കോളേജിൽനിന്നും പരിശോധിച്ച് തിരികെ ലഭിക്കുന്നതിനും, ടെണ്ടർ നടപടികളിലുണ്ടാകുന്ന പ്രായോഗിക തടസ്സങ്ങൾ കാരണവും കാലതാമസം ഉണ്ടാകാറുണ്ട്. ഇത് പ്രവൃത്തികളെ ബാധിക്കാറുണ്ട്. മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്ന അവസരത്തിൽ ടെണ്ടർ നടപടികളിൽ ആവശ്യമായ ടെണ്ടറുകൾ ലഭിക്കാതെ വരികയും മറ്റ് നടപടിക്രമങ്ങൾ കാരണവും കാലതാമസം നേരിടാറുണ്ട്. കൂടാതെ വലിയ ഉപകരണങ്ങൾ ഭൂരിഭാഗവും വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യേണ്ടതായിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായശേഷം ലെറ്റർ ഓഫ് ക്രെഡിറ്റ് ആരംഭിച്ച് സപ്ലൈ ചെയ്യാനുള്ള സമയം നിശ്ചയിച്ചുമാണ് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി വരുന്നത്. ഇതിനൊക്കെ പ്രതീക്ഷിക്കാത്ത തരത്തിലുള്ള സാങ്കേതികവും പ്രായോഗികവുമായ തടസ്സങ്ങൾ ഉണ്ടാകാറുണ്ട്. കേരളത്തിലെ മൂന്ന് പ്രധാന മേഖലാ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ അത്യാധുനിക ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക വിദഗ്ധരുടെ സേവനവും ഉറപ്പാക്കി സമഗ്ര ക്യാൻസർ പരിചരണം നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

## നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ

251 (4543) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ എന്താണ്; വിശദവിവരങ്ങൾ നൽകാമോ ;

(ബി) ടി ബിൽ സംസ്ഥാനത്തിന്റെ ആരോഗ്യ പ്രവർത്തനങ്ങളെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

### ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ കമ്മീഷൻ ബിൽ 2017 മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വിദഗ്ധരുടെ സാന്നിദ്ധ്യം ഉറപ്പാക്കാനായി ഈ രംഗത്തെ ഗവേഷണ ഫലങ്ങൾ വേണ്ടരീതിയിൽ ഉപയോഗപ്രദമാക്കി, കൂടുതൽ സംഭാവന നൽകാനും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കാലാകാലങ്ങളിൽ വിലയിരുത്തി ദേശീയ തലത്തിൽ മെഡിക്കൽ രജിസ്റ്റർ നിലനിർത്താനും മെഡിക്കൽ സേവനങ്ങൾക്ക് ഉന്നത നിലവാരം ഉറപ്പുവരുത്തി ഫലപ്രദമായി പരാതി പരിഹാര പ്രക്രിയ നടപ്പിലാക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് വിവക്ഷിച്ചിട്ടുണ്ട്.

(ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 60% സീറ്റുകളിലെ ഫീസ് നിയന്ത്രണാധികാരം കോളേജ് നടത്തിപ്പുകാരിൽ നിക്ഷിപ്തമാകുന്നതോടെ പാവപ്പെട്ട കുട്ടികൾക്ക് ആധുനിക വൈദ്യശാസ്ത്ര പഠനം പ്രാപ്യമല്ലാതായി തീരുന്നതാണ്. സംസ്ഥാന സർക്കാരുകൾക്ക് മുഴുവൻസമയ പ്രാതിനിധ്യം ലഭിക്കില്ലെന്നതിനാൽ മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട നയരൂപീകരണം, പരിശീലനം തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കുന്നതിനുള്ള അധികാരം കമ്മീഷനിൽ മാത്രമായി നിജപ്പെടുന്നതാണ്. വിദേശ രാജ്യങ്ങളിൽ പഠനം നടത്തിയവർക്ക് രാജ്യത്തെ യോഗ്യതാ പരീക്ഷയുടെ അഭാവത്തിൽപ്പോലും ചികിത്സ നടത്താൻ കഴിയുമ്പോൾ രാജ്യത്തിനകത്ത് പഠനം പൂർത്തിയാക്കിയവർക്ക് 'എക്സിറ്റ്' പരീക്ഷ പാസാകേണ്ടതുണ്ട്. ബില്ലിലെ ഇത്തരം നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ ആരോഗ്യപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നു.

## കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ തടവുകാർക്ക് കിടത്തി ചികിത്സ

252 (4544) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ 2017 ആഗസ്റ്റിന് ശേഷം എത്ര തടവുകാർക്ക് കിടത്തി ചികിത്സ നൽകിയെന്നറിയിക്കാമോ;

(ബി) അവർ ആരൊക്കെയെന്നും എത്ര ദിവസം ചികിത്സയിലായിരുന്നുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ 2017 ആഗസ്റ്റിനുശേഷം ആകെ ഒൻപത് തടവുകാർക്ക് കിടത്തി ചികിത്സ നൽകിയിട്ടുണ്ട്. അതിൽ ശ്രീ. റിജു എന്ന വ്യക്തിക്ക് രണ്ടുതവണ കിടത്തി ചികിത്സ നൽകിയിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | പേരും മേൽവിലാസവും | ചികിത്സ നൽകിയ ദിവസം |
|---|---|---|
| (1) | (2) | (3) |
| 1. | ബാലാജി (സി.നമ്പർ 337/17)<br>S/o. രാമൻ നായർ<br>C/o. സൂപ്രണ്ട്, സെൻട്രൽ ജയിൽ, കണ്ണൂർ | 29 ദിവസം |
| 2. | റിജു (ആർ.പി.നമ്പർ.730/17)<br>C/o. സൂപ്രണ്ട്, സെൻട്രൽ ജയിൽ, കണ്ണൂർ | 36 ദിവസം<br>18 ദിവസം |
| 3. | രജീഷ് പി. കെ.<br>(സി.നമ്പർ.705/17)<br>C/o. സൂപ്രണ്ട്, സെൻട്രൽ ജയിൽ, കണ്ണൂർ | 46 ദിവസം |

| (1) | (2) | (3) |
| --- | --- | --- |
| 4. | പ്രഭാകരൻ (ആർ.പി. നമ്പർ.729/17)<br>C/o. സൂപ്രണ്ട്, സെൻട്രൽ ജയിൽ, കണ്ണൂർ | 23 ദിവസം |
| 5. | ജിജേഷ് (ആർ.പി.നമ്പർ.734/17)<br>C/o. സൂപ്രണ്ട്, സെൻട്രൽ ജയിൽ, കണ്ണൂർ | 45 ദിവസം |
| 6. | രാമചന്ദ്രൻ (സി.നമ്പർ.2490/17)<br>C/o. സൂപ്രണ്ട്, സെൻട്രൽ ജയിൽ, കണ്ണൂർ | 27 ദിവസം |
| 7. | സിനിൽ കുമാർ<br>(ആർ.പി. നമ്പർ.730/17)<br>S/o. നാരായണൻ<br>C/o. സൂപ്രണ്ട്, സെൻട്രൽ ജയിൽ, കണ്ണൂർ | 27 ദിവസം |
| 8. | ഷബിത്ത്,<br>(ആർ.പി.നമ്പർ.833/17)<br>S/o. ഗോവിന്ദൻ<br>C/o. സൂപ്രണ്ട്, സെൻട്രൽ ജയിൽ, കണ്ണൂർ | 28-2-2018 മുതൽ തുടരുന്നു. |
| 9. | നിജിത്ത്. കെ.വി<br>(ആർ.പി.നമ്പർ.741/17)<br>S/o. രാജൻ<br>C/o. സൂപ്രണ്ട്, സെൻട്രൽ ജയിൽ, കണ്ണൂർ | 28-2-2018 മുതൽ തുടരുന്നു. |

## കണ്ണൂർ ജില്ലയിൽ ആയൂർവേദ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

253 (4545) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ ആയുർവേദ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മണ്ഡലംതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## ആൻജിയോ പ്ലാസ്റ്റി മെഡിക്കൽ ഉപകരണങ്ങളുടെ വിലനിയന്ത്രണം

254 (4546) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൃദ്രോഗികൾക്ക് ഉപയോഗിക്കുന്ന ആൻജിയോപ്ലാസ്റ്റി മെഡിക്കൽ ഉപകരണങ്ങൾക്ക് അമിതവില ഈടാക്കിവരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മെഡിക്കൽ ഉപകരണങ്ങൾക്കാണ് കമ്പനികൾ അമിതവില ഈടാക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം മെഡിക്കൽ ഉപകരണങ്ങളുടെ വിലനിയന്ത്രണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ ഉപകരണങ്ങളെ അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ വിലനിയന്ത്രണം ഏത് രീതിയിൽ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള പരാതികളൊന്നും നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്. ആൻജിയോപ്ലാസ്റ്റി പ്രക്രിയയ്ക്ക് ഉപയോഗിക്കുന്ന മെഡിക്കൽ ഉപകരണങ്ങളായ ബെയർ മെറ്റൽ സ്റ്റെന്റ്, ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റ് എന്നിവയുടെ വിലയിൽ 2012 വരെ നിയന്ത്രണമില്ലാതിരുന്നതിനാൽ, ഇവയ്ക്ക് അമിത വില

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഈടാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 13-2-2017 മുതൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ഇവയുടെ വില നിജപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ബെയർ മെറ്റൽ സ്റ്റെന്റിന് 7,660 രൂപയും ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റിന് 27,890 രൂപയുമാണ് വില. ഈ വിലയിൽ കൂടുതൽ രോഗികളിൽ നിന്ന് ഈടാക്കുന്നില്ലായെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്.

(സി) മെഡിക്കൽ ഉപകരണങ്ങളെ അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. ആയത് എൻ.പി.പി.എ.-യുടെ പരിഗണനയിലാണ്.

## ഡി-അഡിക്ഷൻ സെന്ററുകൾ

255 (4547) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്ററുകൾ രൂപീകരിക്കുന്ന പദ്ധതി ഏതുഘട്ടത്തിലാണ്;

(ബി) സംസ്ഥാനത്ത് എത്ര ജില്ലാ ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്ററുകൾ രൂപീകരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) ജനറൽ ആശുപത്രി എറണാകുളം, ജില്ലാ ആശുപത്രി കൊല്ലം, ജില്ലാ ആശുപത്രി കോഴഞ്ചേരി, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി പാലക്കാട്, താലൂക്ക് ആശുപത്രി കൊട്ടാരക്കര, താലൂക്ക് ആശുപത്രി കരുനാഗപ്പള്ളി, താലൂക്ക് ആശുപത്രി തൃപ്പൂണിത്തുറ, മെന്റൽ ഹെൽത്ത് സെന്റർ തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. 2017-18 വർഷത്തിൽ തൊടുപുഴ, കോട്ടത്തറ എന്നിവിടങ്ങളിൽ ഡി- അഡിക്ഷൻ സെന്റർ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലുള്ള ഡി- അഡിക്ഷൻ സെന്ററിൽ ഡെലിവറി ഐ.സി.യു. സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ താലൂക്കാശുപത്രി നെടുങ്കോലം, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചാലക്കുടി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പയ്യന്നൂർ, ജനറൽ ആശുപത്രി പാലാ, ജില്ലാ ആശുപത്രി ആലുവ, ജില്ലാ ആശുപത്രി മാവേലിക്കര, ജനറൽ ആശുപത്രി നെയ്യാറ്റിൻകര, ജനറൽ ആശുപത്രി കൽപ്പറ്റ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പ്രാഥമികാരോഗ്യകേന്ദ്രം, അഗളി എന്നിവിടങ്ങളിൽ വിമുക്തി പദ്ധതിയുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമായി ചേർന്ന് ഡി- അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

## ആശുപത്രികൾ നവീകരിക്കുന്നതിനായുള്ള പദ്ധതികൾ

256 (4548) ശ്രീ. എം. ഉമ്മർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ രണ്ടാം മാന്ദ്യവിരുദ്ധപാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ആശുപത്രികൾ നവീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഗ്രാമീണ മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ ഊന്നൽ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയ ബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാ തലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് സ.ഉ.(ആർ.റ്റി) 845/2017/ആകുവ. തീയതി 28-3-2017 പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി സ.ഉ.

(എംഎസ്) 75/2017 ആകുവ. തീയതി 12-5-2017, സ.ഉ (എംഎസ്) 188/2017 ആകുവ. തീയതി 22-12-2017 എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നുവർഷംകൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്‍ലറ്റ്/ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രെയിനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തി മൂന്ന്) കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ താലൂക്കുതല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും KIIFB യിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും KMSCL വഴി നടന്നുവരുന്നു. ജില്ലാ താലൂക്കുതല ആശുപത്രികളിൽ മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്.

## മാതൃ-ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി പദ്ധതി

257 (4549) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാതൃ - ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) ശിശുമരണങ്ങളുടെ കാരണം കണ്ടെത്തുന്നതിനും മരണനിരക്ക് കുറയ്ക്കുന്നതിനുമായി ശിശുമരണ ഓഡിറ്റ് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ആശുപത്രികളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുന്നതിനായി സുസ്ഥിര വികസന പദ്ധതിയും സമഗ്ര ആരോഗ്യ പദ്ധതിയും ഉൾപ്പെടുത്തി ആർദ്രം മിഷന്റെ ഭാഗമായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനായി ക്വാളിറ്റി സ്റ്റാൻഡേർഡ്സ് കേരളത്തിലെ എല്ലാ പ്രസവം നടക്കുന്ന ആശുപത്രികളിലും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടൊപ്പം പ്രസവ മുറി, പ്രസവാനന്തര പരിചരണം നൽകുന്ന വാർഡുകൾ, ഓപ്പറേഷൻ തീയറ്റർ എന്നിവയുടെ അറ്റകുറ്റപ്പണി നടത്തുകയും ഇവയെ NQAS അനുസരിച്ച് വേണ്ടുന്ന സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തു. നവജാത ശിശു തീവ്രപരിചരണ യൂണിറ്റുകൾ കേരളത്തിലാകമാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനസജ്ജമാക്കുന്നതിലേക്കായി ഉപകരണങ്ങൾ, കൂടുതൽ നിയമനങ്ങൾ, ഇൻഫെക്ഷൻ കൺട്രോൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പ്രസവം നടക്കുന്ന താലൂക്ക് ആശുപത്രികളിൽ സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ വാർഡുകൾ നിർമ്മിക്കുന്നതിനായി വിവിധ ആശുപത്രികൾക്കായി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ശിശു മരണ ഓഡിറ്റ് കേരളത്തിൽ നടപ്പാക്കി ഇതോടൊപ്പം സാധാരണയായി കണ്ടുവരുന്നതും കൂടുതൽ മരണങ്ങൾക്ക് കാരണമാകുന്നതുമായ പ്രസവ അനുബന്ധ ശ്വാസം മുട്ടൽമൂലം മരണമുണ്ടാകുന്നത് തടയുന്നതിനായി സ്റ്റാഫ് നഴ്സമാർക്കുള്ള NRP പരിശീലനം IAP-യുടെ സഹകരണത്തോടെ കേരളത്തിലാകമാനം നടത്തിവരുന്നു. നവജാത ശിശു തീവ്ര പരിചരണ യൂണിറ്റുകളിലെ ഡോക്ടർമാർക്കും മറ്റ് സ്റ്റാഫുകൾക്കുമായി പ്രത്യേക പരിശീലനം നടത്തിയിട്ടുണ്ട്. ശിശു മരണ നിരക്കിൽ പ്രധാന കാരണങ്ങളിൽ ഒന്നായ ജന്മനാലുള്ള ഹൃദയ വൈകല്യങ്ങൾ ചികിത്സിക്കുന്നതിനായി 'ഹൃദ്യം' എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മാതൃമരണ നിരക്ക് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും മികച്ചതാണെങ്കിലും 2020- ഓടെ 30- ലേക്കും 2030-ഓടെ 20 -ലേക്കും കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത്

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങി മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ സ്വകാര്യ മേഖലയുടെ പങ്ക് ഉറപ്പാക്കിക്കൊണ്ട് നടപ്പിലാക്കി വരുന്നു.

(ബി) മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പ്രസവം നടക്കുന്ന ആശുപത്രികളിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി തുക അനുവദിക്കുകയും വാങ്ങുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ.-ൽ പുരോഗമിച്ചുവരികയുമാണ്. പ്രസവം നടക്കുന്ന ആശുപത്രികളിൽ അണുബാധ നിയന്ത്രണ വിധേയമാക്കുന്നതിനും പ്രസവ സംബന്ധമായ സങ്കീർണ്ണതകൾ കുറയ്ക്കുന്നതിനും വേണ്ടി തെരഞ്ഞെടുക്കപ്പെട്ട പ്രസവം നടക്കുന്ന ആശുപത്രികളിൽ ഡെലിവറി സെറ്റ്, ഡിസ്പോസിബിൾ ഡെലിവറി കിറ്റ് എന്നിവ കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്തിട്ടുണ്ട്.

(സി) ശിശുമരണ റിപ്പോർട്ടിംഗ് മെച്ചപ്പെടുത്തുക, റിപ്പോർട്ട് ചെയ്ത കാരണങ്ങൾ ജില്ലകൾതോറും വിദഗ്ദ്ധ സമിതി പരിശോധിക്കുക. കൃത്യമായ കാരണങ്ങൾ കണ്ടെത്താൻ സാധിക്കാത്ത കേസുകളിൽ ഓഡിറ്റ് നടത്തുക എന്നീ സംവിധാനങ്ങൾ ആരോഗ്യ വകുപ്പ് കേരളത്തിലാകമാനം ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് ദിശ സംവിധാനത്തിലൂടെ ആശാ വർക്കർ, മറ്റ് ഫീൽഡ് വർക്കർ, ഡോക്ടർമാർ, പൊതുജനങ്ങൾ എന്നിവർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യുന്ന കേസുകൾ അതത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ജില്ലാ തലത്തിലേയ്ക്ക് അയക്കുകയും ജില്ലാതല വിദഗ്ദ്ധ സമിതി ( RCH ഓഫീസർ നേതൃത്വം നൽകുന്ന പ്രത്യേകമായ പരിശീലനം ലഭിച്ച ശിശു രോഗ വിദഗ്ദ്ധർ ഉൾപ്പെടുന്ന) പരിശോധിക്കുകയും കാരണം അസന്നിഗ്ദ്ധമായ ഘട്ടത്തിൽ ഇവ പുനഃപരിശോധിക്കാനായി നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ളവ ശിശുരോഗ വിദഗ്ദ്ധരുടെ സമിതി പുനരന്വേഷണം നടത്തി കാരണങ്ങൾ വിലയിരുത്താൻ ശ്രമിക്കുന്നു. ഇതിലൂടെ മോഡിഫൈ ആയിട്ടുള്ള കാരണങ്ങൾ പ്രത്യേക ശ്രദ്ധ നൽകി പരിഹരിക്കുന്നതിനും നവജാത ശിശു പരിചരണം ചെയ്യപ്പെടുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശ ങ്ങൾക്കായി സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി) മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രസവം നടക്കുന്ന ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റുകൾക്കും പ്രസവ മുറിയിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നഴ്സുമാർക്കും മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനായി സംസ്ഥാനത്ത് തയ്യാറാക്കിയിട്ടുള്ള 10 ക്വാളിറ്റി സ്റ്റാൻഡേർഡ്സ് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പരിശീലനം വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരുന്നു.

**ഷെൽട്ടർ ഹോമുകൾ**

258 (4550) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലഞ്ഞുതിരിയുന്നവർക്കും മനോദൗർബല്യമുള്ളവർക്കുംവേണ്ടി ഷെൽട്ടർ ഹോമുകൾ എല്ലാ ജില്ലകളിലും തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത്തരം വിഭാഗക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

ഉത്തരം

(എ) മനോദൗർബല്യമുള്ളവരെ പാർപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ 4 ജില്ലകളിലായി 6 ആശാഭവനുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും ആശാഭവനുകൾ ആരംഭിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും നിർദ്ദേശം നൽകി തുടർനടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ ആശാഭവനുകൾ ഇല്ലാത്ത ജില്ലകളിൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ വാടക കെട്ടിടങ്ങളിൽ ആരംഭിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി മൂന്ന് സ്ഥാപനങ്ങൾ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ പുരുഷന്മാർക്കുള്ള പ്രതീക്ഷാഭവൻ, തൃശ്ശൂർ ജില്ലയിൽ സ്ത്രീകൾക്കായുള്ള പ്രത്യാശ ഭവൻ, കോഴിക്കോട് ജില്ലയിൽ കുട്ടികൾക്കുള്ള HMDC എന്നീ സ്ഥാപനങ്ങൾ കൂടാതെ മനോദൗർബല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി INHANS മുഖേന Day Care Centre, Mobile Mental Health Centre എന്നിവയും നടപ്പാക്കുന്നു.

**വ്യാജമരുന്ന് വില്പന മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന**

259 (4551) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണമില്ലാത്ത മരുന്നുകളും പ്രമുഖ കമ്പനികളുടെ വ്യാജ മരുന്നുകളും വിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം മരുന്നുകൾ കണ്ടെത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വിഭാഗം മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുന്നുണ്ടോ;

(സി) സംസ്ഥാനത്തുള്ള മെഡിക്കൽ സ്റ്റോറുകൾ പരിശോധിക്കുന്നതിന് ആവശ്യമായ ജീവനക്കാർ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിലവിലുണ്ടോ;

(ഡി) ജി.എസ്.ടി-യുടെ ഭാഗമായി മരുന്നുകൾക്ക് ബാർകോഡ് സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പദ്ധതി നിലവിൽവരുന്നതോടുകൂടി മരുന്ന് വില്പന സുതാര്യമാകുകയും വ്യാജമരുന്നുകളുടെ വില്പന അവസാനിക്കുകയും ചെയ്യുമെന്ന് കരുതുന്നുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യാജമരുന്നുകൾ വിൽക്കുന്നതായി കണ്ടെത്തിയിട്ടില്ല. കേന്ദ്ര സർക്കാർ 2014-16 കാലഘട്ടത്തിൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസ്, നോയിഡ മുഖേന നടത്തിയ സർവ്വേ, കേരളത്തിൽ വ്യാജ മരുന്നുകളില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിൽ ശേഖരിക്കുന്ന മരുന്ന് സാമ്പിളുകളിൽ ചിലത് ഗുണനിലവാരം ഇല്ലാത്തവയായി മരുന്ന് പരിശോധന ലബോറട്ടറികളിൽ നിന്ന് റിപ്പോർട്ട് ലഭിക്കാറുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പ്രകാരം കേരളത്തിൽ പരിശോധനയ്ക്കെടുത്തതിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ മരുന്നുകൾ 5 ശതമാനത്തിൽ താഴെ മാത്രമാണ്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് ആകെ 21,213 (19-3-2018 വരെ) മരുന്നുവ്യാപാരികളും ഇവയുടെ പരിശോധനയ്ക്കായി 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുമാണുള്ളത്. കേന്ദ്ര ഗവൺമെന്റിനുകീഴിലുള്ള മഷേൽക്കർ കമ്മിറ്റി, 200 സ്ഥാപനങ്ങൾക്ക് ഒരു ഡ്രഗ്സ് ഇൻസ്പെക്ടർ എന്ന അനുപാതമാണ് ശിപാർശ ചെയ്തിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 100 ഡ്രഗ്സ് ഇൻസ്പെക്ടർമാരാണ് ആവശ്യമായിട്ടുള്ളത്. ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി&ഇ) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന് അത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**അമിതവില ഈടാക്കുന്ന മെഡിക്കൽ സ്റ്റോറുകൾ**

260 (4552) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മരുന്നുഷോപ്പുകളിലും സർജിക്കൽ ഉപകരണങ്ങൾ വിൽക്കുന്ന ഷോപ്പുകളിലും അമിതവില ഈടാക്കുന്ന കാര്യത്തിൽ പരിശോധന നടത്തുകയുണ്ടായോ;

(ബി) കാൻസർ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് മെഡിക്കൽ സ്റ്റോറുകൾ അമിതവില ഈടാക്കുന്ന കാര്യം ഡ്രഗ്സ് കൺട്രോളർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) അമിത വില ഈടാക്കുന്ന മെഡിക്കൽ സ്റ്റോറുകളുടെ ലൈസൻസ് റദ്ദാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) നടപടിക്ക് വിധേയമായ സ്റ്റോറുകളുടെ വിവരം ലഭ്യമാക്കുമോ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഇ) അമിത വില ഈടാക്കുന്ന സ്റ്റോറുകളുടെ വിപണന ലൈസൻസ് റദ്ദാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ മെഡിക്കൽ ഷോപ്പുകളിലും നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്.

(ബി) ഉണ്ട്. പരമാവധി വിൽപ്പന വിലയേക്കാൾ (MRP) കൂടിയ വില ഈടാക്കുന്ന വ്യാപാരികൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ 22 കേസ്സുകൾ നിലവിലുണ്ട്.

(സി) ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരമാണ് അമിത വില ഈടാക്കുന്ന വ്യാപാരികൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിക്കുന്നത്. പ്രസ്തുത നിയമത്തിൽ അമിതവില ഈടാക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥയില്ല. ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിലുള്ള നിയമ നടപടികൾ മാത്രമാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സ്വീകരിക്കാനാവുന്നത്.

(ഡി) നടപടിയ്ക്ക് വിധേയമായ സ്റ്റോറുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) അമിത വില ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് മാത്രമാണ് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നിലവിൽ വ്യവസ്ഥയുള്ളത്. ലൈസൻസ് റദ്ദ് ചെയ്യുന്നതിന് വ്യവസ്ഥയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മരുന്നുകളുടെ ഗുണനിലവാരം

261 (4553) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സമ്പ്രദായം എന്താണ്;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഒരു ഉന്നതതല വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദർഘാസ് ക്ഷണിക്കുമ്പോൾതന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽനിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉൾപ്പെട്ട സംഘം (ടെക്നിക്കൽ കമ്മിറ്റി) ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉല്പാദിപ്പിക്കുന്നുണ്ടോ, കാര്യക്ഷമത പരിശോധിക്കുന്നതിനുമുള്ള സൗകര്യമുണ്ടോ എന്നിവ ഉറപ്പുവരുത്താറുണ്ട്. ടി സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം ഇൻ-ഹൗസ് ലാബുകളിൽ പരിശോധിച്ച റിപ്പോർട്ട് കോർപ്പറേഷന് നൽകേണ്ടതാണ്. റിപ്പോർട്ട് ക്രോസ് ചെക്ക് ചെയ്യുന്നതിനായി ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. അംഗീകൃത ലാബ് അല്ലെങ്കിൽ കേന്ദ്ര മരുന്ന് പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച റിപ്പോർട്ടും ഔഷധ നിർമ്മാതാക്കൾ നൽകേണ്ടതുണ്ട്. ഈ പരിശോധനാ ഫലങ്ങൾ കോർപ്പറേഷന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ജില്ലാ മരുന്ന് സംഭരണശാല മാനേജർ സൂക്ഷ്മ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് മരുന്നുകളുടെ സംഭരണവും വിതരണവും നടത്തിവരുന്നത്. ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള അടുത്ത നടപടിയായി എംപാനൽഡ് ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. വിദഗ്ദ്ധ കമ്മിറ്റി, ലാബുകളിൽ നിരീക്ഷണം നടത്തി അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എംപാനൽ ലാബുകളെ തെരഞ്ഞെടുക്കുന്നത്. എംപാനൽഡ് ലാബുകളുടെ പരിശോധനാഫലം ക്വാളിറ്റി കൺട്രോൾ വിഭാഗം നിരന്തരം സൂക്ഷ്മ പിരശോധന നടത്തുകയും ചെയ്യാറുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം

262 (4554) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം വിലയിരുത്തി യിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ഡിപ്പാർട്ട്മെന്റ് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന വിപണിയിൽ ലഭ്യമാകുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, സംസ്ഥാനത്തെ മരുന്ന് നിർമ്മാണം, വിതരണം, വ്യാപാരം, ബ്ലഡ് ബാങ്കുകൾ, ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ, എസ്സൻഷ്യൽ നാർക്കോട്ടിക് മരുന്നുകളുടെ സംഭരണം, വിതരണം എന്നിവ നിയമാനുസൃതമായാണ് നടക്കുന്നതെന്ന് പരിശോധനകളിലൂടെ ഉറപ്പുവരുത്തുക, അവയുടെ ലൈസൻസിംഗ്, സംസ്ഥാന വിപണിയിൽ വ്യാജ മരുന്നുകൾ, മിസ് ബ്രാൻഡഡ് മരുന്നുകൾ എന്നിവയില്ലെന്നുറപ്പുവരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പാണ്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഇന്റേണൽ ഓഡിറ്റുകൾ, സർക്കാർതലത്തിലുള്ള ഓഡിറ്റുകൾ, എ.ജി. ഓഡിറ്റുകൾ മുതലായവ നടത്തുന്നുണ്ട്.

(ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പിനുകീഴിലുള്ള മരുന്നുപരിശോധനാ ലബോ റട്ടറികളായ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളം എന്നിവിടങ്ങളിൽ എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ തൃശ്ശൂർ ജില്ലയിൽ പുതിയ മരുന്ന് പരിശോധനാ ലബോറട്ടറി അടുത്ത സാമ്പത്തിക വർഷത്തോടെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## പുതിയ ഹോമിയോ ആശുപത്രികൾ

263 (4555) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ പുതുതായി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017-18 വാർഷിക പദ്ധതി പ്രാകരം പുതിയ 30 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലിൽ മങ്കട ഗ്രാമപഞ്ചായത്തിന്റെ പേര് ഉൾപ്പെട്ടിരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷം 10 ഡിസ്പെൻസറികൾ ആരംഭിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഘട്ടംഘട്ടമായി പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോമിയോപ്പതി വകുപ്പിൽ 10 പുതിയ ഹോമിയോ ഡിസ്പെൻറികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*

**കോതമംഗലം മണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ**

264 (4556) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോതമംഗലം മണ്ഡലത്തിലെ കവലങ്ങാട്, കീരമ്പാറ, കുട്ടമ്പുഴ, പല്ലാരിമംഗലം, പഞ്ചായത്തുകളിലും കോതമംഗലം മുനിസിപ്പാലിറ്റിയിലും സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. കോതമംഗലം മണ്ഡലത്തിലെ മറ്റ് എല്ലാ പഞ്ചായത്തുകളിലും നിലവിൽ NHM ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആയുഷ് വകുപ്പ് നടത്തുന്ന ട്രീറ്റ്മെന്റ് അറ്റന്റഡ് ട്രെയിനിംഗ് കോഴ്സ്

265 (4557) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആയുഷ് വകുപ്പ് നടത്തുന്ന ട്രീറ്റ്മെന്റ് അറ്റന്റഡ് ട്രെയിനിംഗ് കോഴ്സ് (ടി.എ.ടി.സി) സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള നാച്ചുറോപ്പതി ആശുപത്രികളിൽ ഈ കോഴ്സ് പാസ്സായവരെ നഴ്സുമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതരസംസ്ഥാനങ്ങളിൽ അംഗീകാരമുള്ള ഈ കോഴ്സ് പാസ്സായവർക്ക് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പരിഗണന ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഈ കോഴ്സ് പാസ്സായവർ അഞ്ച് വർഷത്തോളമായി തൊഴിൽ രഹിതരാണെന്ന സ്ഥിതിവിശേഷം ഗൗരവമായി കാണുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. ഇപ്പോൾ നാച്ചുറോപ്പതി നഴ്സ് തസ്തിക നിലവിലില്ല.

(ബി&സി) ഉണ്ട്. നാച്ചുറോപ്പതി നഴ്സ് ഗ്രേഡ്-II തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ആയുർവേദ കോളേജുകളിലെ പഞ്ചകർമ്മ വകുപ്പ്

266 (4558) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ കോളേജുകളിൽ പഞ്ചകർമ്മ വകുപ്പിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകൾ നിലവിലുണ്ട്; വിശദാംശം നൽകാമോ;

(ബി) മറ്റ് വകുപ്പുകളെ അപേക്ഷിച്ച് പഞ്ചകർമ്മയിൽ തസ്തിക കുറവായതിനാൽ കൂടുതൽ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആയുർവേദ കോളേജ് ആശുപത്രികളിലെ പഞ്ചകർമ്മ ചികിത്സ മുറികൾ പലതും അസൗകര്യങ്ങൾ നിറഞ്ഞതായതിനാൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആയുർവേദ കോളേജുകളിലെ പഞ്ചകർമ്മ വകുപ്പിൽ നിലവിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവയിൽ 7 തസ്തികകളാണുള്ളത്. വിശദവിവരം താഴെപ്പറയും പ്രകാരമാണ് :

| ക്രമ നമ്പർ | സർക്കാർ ആയുർവേദ കോളേജ് | പ്രൊഫസർ | അസോസിയേറ്റ് പ്രൊഫസർ | അസി .പ്രൊഫസർ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 1 | 1 |
| 2 | കണ്ണൂർ | - | 1 | 1 |
| 3 | തൃപ്പൂണിത്തുറ | - | 1 | 1 |

(ബി) തസ്തികക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ആയുർവേദ കോളേജ് ആശുപത്രികളിലെ പഞ്ചകർമ്മചികിത്സാ മുറികൾ ആയുർവേദ ചികിത്സാരംഗത്തെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ അംഗീകരിച്ച മിനിമം സ്റ്റാന്റേർഡ് റിക്വയർമെന്റ് (എം.എസ്.ആർ) പ്രകാരമാണ് നിർമ്മിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ വർഷംതോറും സിസിഐഎം അധികൃതർ ആയുർവേദ കോളേജ് ആശുപത്രികളിലെ പഞ്ചകർമ്മചികിത്സാ മുറികൾ പരിശോധിക്കുകയും അടിസ്ഥാന സൗകര്യങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യാതൊരുവിധ അസൗകര്യങ്ങളും ഇതുവരെയും ചൂണ്ടികാണിക്കപ്പെട്ടിട്ടില്ല. മാത്രമല്ല പഞ്ചകർമ്മ ചികിത്സയ്ക്ക് ആവശ്യമായ എല്ലാ ചികിത്സാ ഉപകരണങ്ങളും ചികിത്സാ മുറികളിൽ ലഭ്യമാണ്. നിലവിലുള്ള പഞ്ച കർമ്മചികിത്സാ മുറികളുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ രോഗികൾക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും രോഗികളുടെ വർദ്ധിച്ചുവരുന്ന എണ്ണം പരിഗണിക്കുമ്പോൾ പഞ്ചകർമ്മ ചികിത്സാ മുറികളുടെ വിസ്തീർണ്ണവും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുകയാണെങ്കിൽ കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. കെട്ടിട സൗകര്യം ലഭ്യമായാൽ മാത്രമേ അടിസ്ഥാന സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഇതിലേയ്ക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

## ആയുർവേദ പരിപോഷണത്തിന് അന്തർദേശീയ ഗവേഷണ കേന്ദ്രം

267 (4559) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ പരിപോഷണത്തിന് അന്തർദ്ദേശീയ ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഗവേഷണ കേന്ദ്രം എവിടെ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ എന്ന പേരിൽ അന്തർദേശീയ ഗവേഷണകേന്ദ്രം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാട് വില്ലേജിലാണ് പ്രസ്തുത കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. അതിലേയ്ക്കുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ആയുർവേദത്തെ തെളിവധിഷ്ഠിതമായി ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും ഔഷധങ്ങളെ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനും ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുംവേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രം (IRIA) ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയുർവേദത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളിലുള്ള ഗവേഷണം, രോഗപ്രതിരോധത്തിലൂന്നിയുള്ള ഗവേഷണം, ഔഷധ ഗവേഷണം, ആയുർവേദത്തിലൂന്നിയ നൂതന കണ്ടെത്തലുകൾ, ആരോഗ്യരംഗത്തെ ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ട മേഖലകൾ എന്നിവയും IRIA യുടെ പരിധിയിൽ വരും. ആയുർവേദ ഔഷധങ്ങളുടെ ഫലസിദ്ധി, സുരക്ഷ, ഗുണനിലവാരം എന്നിവ ഉയർത്തുന്നതിനുള്ള ഗവേഷണങ്ങൾ IRIA യുടെ ലക്ഷ്യമാണ്. ബാല ചികിത്സ, നേത്ര ചികിത്സ, കളരി ചികിത്സ, വിഷ ചികിത്സ തുടങ്ങിയ മേഖലകളിലെ കേരളത്തിന്റെ സവിശേഷവും പരമ്പരാഗതവുമായ ആയുർവേദ വിജ്ഞാനത്തെ പരിപോഷിപ്പിക്കുകയും ശാസ്ത്രീയമായി വിലയിരുത്തുകയും ചെയ്യുക എന്നതും IRIA-യുടെ ലക്ഷ്യമാണ്.

**ആയുർവേദ ഔഷധ നിർമ്മാണ ലൈസൻസ് പുതുക്കൽ**

268 (4560) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആയൂർവേദ ഔഷധ നിർമ്മാണവുമായി ബന്ധപ്പെട്ട് SP7,25D ലൈസൻസുകൾ പുതുക്കി നൽകാത്തതുകാരണം ആയൂർവേദ ഔഷധ നിർമാണം പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) SP7, 25 D ലൈസൻസുകൾ പുതുക്കി നൽകാത്തതുകാരണം ആയൂർവേദ ഔഷധശാലകളിലും ആശുപത്രികളിലും അതിരൂക്ഷമായ ഔഷധക്ഷാമം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ SP7, 25 D മുതലായ ആയൂർവേദ ഔഷധ നിർമ്മാണ ലൈസൻസുകൾ പുതുക്കി നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; പ്രസ്തുത ലൈസൻസുകൾ എന്നുമുതൽ അനുവദിച്ചുനൽകും എന്നുള്ള കാര്യം വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) SP7, 25D ലൈസൻസുകൾ പുതുക്കി നൽകാത്തതുകാരണം ആയുർവേദ ഔഷധശാലകളിലും ആശുപത്രികളിലും ഔഷധ ക്ഷാമം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) SP, VII ലൈസൻസ് പുതുക്കി നൽകുന്നത് എക്സൈസ് വകുപ്പാണ്. എന്നാൽ നിയമപ്രാബല്യമുള്ള 25 ഡി ലൈസൻസുള്ള ആയുർവേദ ഔഷധ നിർമ്മാതാക്കൾക്കുമാത്രമേ SP.VII ലൈസൻസ് പുതുക്കി നൽകാറുള്ളൂ. 25 ഡി ലൈസൻസ് ആയുർവേദ ഡ്രഗ്സ് കൺട്രോൾ വകുപ്പാണ് പുതുക്കി നൽകേണ്ടത്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ആയുർവേദ ലൈസൻസിംഗ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച് കേസ് നടന്നുവരികയാണ്. കേസിന്റെ അന്തിമ തീരുമാനം ആകാത്തതിനാൽ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. ലൈസൻസികളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി ആയുർവേദ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഏറ്റവും സീനിയറായ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥന് ലൈസൻസിംഗ് അതോറിറ്റിയുടെ ചുമതല നൽകിയെങ്കിലും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെത്തുടർന്ന് ടി സർക്കാർ ഉത്തരവ് പിൻവലിക്കേണ്ടി വന്നു. അതിനാൽ ലൈസൻസിംഗ് അതോറിറ്റി നിയമനം നടത്തുവാൻ

ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ആയത് ലഭിച്ചുകഴിഞ്ഞാൽ ഉടൻതന്നെ ലൈസൻസിംഗ് അതോറിറ്റിയെ നിയമിച്ച് ലൈസൻസുകൾ പുതുക്കുവാനും പുതിയ ലൈസൻസുകൾ അനുവദിച്ചു നൽകുവാനും സാധിക്കുന്നതാണ്.

**ആയുർവേദ മരുന്നുകളുടെ ലൈസൻസ് അതോറിറ്റി**

269 (4561) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആയുർവേദ മരുന്നുകൾ നിർമ്മിക്കുന്നവർക്ക് പുതിയ ലൈസൻസ് എടുക്കാനും പുതുക്കി നൽകുന്നതുമായ അതോറിറ്റിയെ നിയമിക്കാനുള്ള എന്തെങ്കിലും തരത്തിലുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ലൈസൻസിംഗ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നടന്നുവരുന്ന നിയമ നടപടികൾ അവസാനിപ്പിച്ചാൽ ലൈസൻസിംഗ് അതോറ്റിയെ നിയമിക്കാവുന്നതാണ്. ആയതിലേക്ക് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**നിർഭയ ഷെൽട്ടർ ഹോമുകൾ**

270 (4562) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനചുമതല നിർവ്വഹിക്കുന്നത് ആരാണ്; ഇവയുടെ പ്രവർത്തന രീതി വെളിപ്പെടുത്തുമോ;

(സി) നിർഭയ ഷെൽട്ടർ ഹോമുകൾ നൽകുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ 10 ജില്ലകളിലായി 12 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) കേരള മഹിളാ സമഖ്യ സൊസൈറ്റി, കൾച്ചറർ അക്കാദമി ഫോർ പീസ്, അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്റർ, നിളാ സേവാ സമിതി, ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരീ എന്നീ സന്നദ്ധ സംഘടനകൾ നിർഭയ ഷെൽട്ടർ ഹോമുകളുടെ മേൽനോട്ട ചുമതല വഹിക്കുന്നു. നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് വനിതാ-ശിശുവികസന വകുപ്പ് നൽകുന്നു.

(സി) നിർഭയ ഷെൽട്ടർ ഹോമിലെത്തുന്നവരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഷെൽട്ടർ ഹോമുകളിലൂടെ നൽകിവരുന്നു. നിർഭയ ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ കേസുകൾ ചാർജ്ജ് ചെയ്യാനും കോടതിയിൽ എത്രയും വേഗം എത്തിക്കാനും ഷെൽട്ടർ ഹോം അധികൃതർ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സാഗ് കേന്ദ്രാവിഷ്കൃത പദ്ധതി**

271 (4563) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി 'സാഗ്' കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കൗമാരക്കാരായ പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, തൊഴിൽ നൈപുണ്യം എന്നിവയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയ്ക്കായുള്ള കേന്ദ്ര-സംസ്ഥാന വിഹിതം എത്ര ശതമാനം വീതമാണ്;

(ഡി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പിലാക്കി വരുന്നത്;

(ഇ) കൂടുതൽ പേർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കി വരുന്നുണ്ട്. 'സാഗ് പദ്ധതി' (Scheme for Adolescent Girls) സംസ്ഥാനത്ത് കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിൽ 2010 മുതൽ നടപ്പിലാക്കിവരുന്നു. 2017 ഡിസംബർ മുതൽ പദ്ധതിയുടെ ഗുണഭോക്താക്കൾ 11 മുതൽ 14 വരെയുള്ള സ്കൂളിൽ പോകാത്ത കുട്ടികൾക്കാക്കിയും പദ്ധതി വയനാട്, കണ്ണൂർ ജില്ലകളിൽക്കൂടി വ്യാപിപ്പിച്ചും കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 'സാഗ് പദ്ധതി'യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ സ്വയം വികാസവും ശാക്തീകരണവും
2. അവരുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുക.
3. ആരോഗ്യം, ശുചിത്വം, പോഷണം, അഡോളസെന്റ് റീപ്രൊഡക്ടീവ് & സെക്ഷ്വൽ ഹെൽത്ത് (ARSH) കുടുംബം, കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അറിവ് നൽകുക.
4. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ഹോം ബെയ്സ്ഡ് സ്കിൽസ്, ലൈഫ് സ്കിൽസ് എന്നിവ ഉയർത്തുക, നാഷണൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുമായി ബന്ധപ്പെടുത്തി അവരുടെ വൊക്കേഷണൽ സ്കിൽസ് മെച്ചപ്പെടുത്തുക.
5. വിവിധ ഘട്ടങ്ങളിൽ സ്കൂൾ പഠനം നിർത്തിയ കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം തുടർന്നുനൽകുക.
6. PHC, CHC, പോസ്റ്റാഫീസ്, ബാങ്ക്, പോലീസ് സ്റ്റേഷൻ തുടങ്ങിയ പൊതുസേവനങ്ങളെ കുറിച്ച് പെൺകുട്ടികൾക്ക് അറിവും മാർഗ്ഗ നിർദ്ദേശവും നൽകുക. സബല പദ്ധതിയുടെ ഭാഗമായി ന്യൂട്രീഷൻ, നോൺ ന്യൂട്രീഷൻ പ്രവർത്തനങ്ങൾക്കായി ഫണ്ട് നൽകി വരുന്നു. സബല പദ്ധതി പ്രകാരം അട്ടപ്പാടി ഐ.സി.ഡി.എസ് പദ്ധതി പ്രദേശത്തെ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് THRS (Take Home Ration Strategy) പാചകം ചെയ്ത് ഭക്ഷണമായോ (Hot cooked Meals) 600 കലോറിയും 18-20 gm. പ്രോട്ടീനും മൈക്രോ ന്യൂട്രിയൻസ് ലഭ്യമാകുന്ന തരത്തിൽ ഭക്ഷണ സാധനങ്ങൾ ഒരു വർഷത്തേക്ക് 300 ദിവസം എന്ന ക്രമത്തിൽ നൽകിവരുന്നു.

നോൺ ന്യൂട്രീഷ്യൻ പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു :

1. അയൺ & ഫോളിക് ആസിഡ് ഗുളിക വിതരണം
2. ആരോഗ്യ പരിശോധന, റഫറൽ സേവനങ്ങൾ.
3. പോഷകാഹാര വിദ്യാഭ്യാസം
4. കുടുംബക്ഷേമം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ.
5. തൊഴിൽ പരിശീലനം

(സി) ഈ പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന വിഹിതം ന്യൂട്രീഷൻ കമ്പോണന്റ് 50:50, നോൺ ന്യൂട്രീഷൻ കമ്പോണന്റ് 60:40 എന്നീ അനുപാതത്തിലാണ്.

(ഡി) 'സാഗ് പദ്ധതി' സംസ്ഥാനത്ത് കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിൽ 2010 മുതൽ നടപ്പിലാക്കി വരുന്നു. 2017 ഡിസംബർ മുതൽ പദ്ധതിയുടെ ഗുണഭോക്താക്കൾ 11 മുതൽ 14 വരെയുള്ള സ്കൂളുകളിൽ പോകാത്ത കുട്ടികൾക്കാക്കിയും പദ്ധതി വയനാട്, കണ്ണൂർ ജില്ലകളിൽ വ്യാപിപ്പിച്ചും ഉത്തരവായിട്ടുണ്ട്.

(ഇ) 'സാഗ് പദ്ധതി' ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര നിർദ്ദേശം അനുസരിച്ച് മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പദ്ധതിയുടെ ഗുണഭോക്താക്കൾ 11 മുതൽ 14 വരെയുള്ള സ്കൂളിൽ പോകാത്ത കുട്ടികളുടെ വിഭാഗത്തിലുള്ളവർക്ക് മാത്രമായി കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനാൽ പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നവർ നിലവിൽ കേരളത്തിൽ വളരെ കുറവാണ്. കേരളത്തിൽ 11 മുതൽ 14 വരെയുള്ള സ്കൂളിൽ പോകാത്ത കുട്ടികളുടെ വിഭാഗത്തിലുള്ളവർ വളരെ കുറവാണെന്നും ആയതിനാൽ പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ 'സാഗ് പദ്ധതി'യുടെ ആനുകൂല്യങ്ങൾ അർഹതപ്പെട്ട പെൺകുട്ടികൾക്ക് ലഭ്യമാകാതെ പോകുന്ന വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## വികലാംഗർക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പിന്റെ ചുമതലയിൽ പരിശീലനം

272 (4564) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികലാംഗർക്ക് മൂന്ന് ചക്രവാഹനങ്ങൾ വിതരണം ചെയ്യുമ്പോൾ ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് വേണമെന്ന നിബന്ധന സംസ്ഥാനത്ത് എല്ലായിടത്തും പാലിക്കപ്പെടുന്നുണ്ടോ; പദ്ധതി നടപ്പിലാക്കുന്നതിന് ഇത് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) വികലാംഗർക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിലേക്കായി സാമൂഹ്യനീതി വകുപ്പിന്റെ ചുമതലയിൽ ഇവർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുച്ചക്ര വാഹനം വിതരണം ചെയ്യുമ്പോൾ ഗുണഭോക്താക്കൾക്ക് ലൈസൻസ് വേണമെന്ന നിബന്ധന വയ്ക്കാറില്ല. മോട്ടോർ വാഹന വകുപ്പും ലൈസൻസ് വേണമെന്ന നിബന്ധന വയ്ക്കാറില്ല.

(ബി) വികലാംഗകർക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിലേക്കായി സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ നിലവിൽ പദ്ധതികൾ ഒന്നുംതന്നെയില്ല.

**മിനി അങ്കണവാടികൾ**

273 (4566) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനി അങ്കണവാടികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അങ്കണവാടികളിലേക്ക് സ്ഥലം മാറ്റം നൽകുമോ എന്ന കാര്യം വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മോഡേൺ അങ്കണവാടി പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(സി) അങ്കണവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്ന കൗമാരക്കാരായ പെൺകുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മിനി അങ്കണവാടികളിൽ വർക്കറായി ജോലി ചെയ്യുന്ന ജീവനക്കാർക്ക് പൊതു അങ്കണവാടിയിൽ ഒഴിവുവരുന്ന മുറയ്ക്ക് യോഗ്യതയുള്ള പക്ഷം അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റി നിയമിക്കാവുന്നതാണ്. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 10-2-2011-ലെ സ.ഉ.(എംഎസ്.) 12/11/സാനീവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മോഡൽ അങ്കണവാടി പദ്ധതി ഇപ്പോൾ നിലവിലുണ്ട്.

(സി) നിലവിൽ കൗമാരക്കാരായ പെൺകുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. എല്ലാ അങ്കണവാടികളിലും കൗമാരക്കാരായ പെൺകുട്ടികൾക്കായി അഡോളസെന്റ് ഗേൾസ് ക്ലബ്ബ് (A.G. Club) നിലവിലുണ്ട്. ഈ ക്ലബ്ബുകൾ വഴി വിവിധതരം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

## മാതൃക അങ്കണവാടി

274 (4567) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടികളെ ആധുനീകരിക്കുന്നതിന്റെ ഭാഗമായി മാതൃക അങ്കണവാടിയായി ഉയർത്തുന്നതിന് വാമനപുരം നിയോജകമണ്ഡലത്തിൽ നിന്നും ഏതെങ്കിലും അങ്കണവാടിയെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ഏതാണെന്നും എന്ത് മാനദണ്ഡപ്രകാരമാണ് തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പുരോഗതി എന്തായെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാമനപുരം നിയോജക മണ്ഡലത്തിലെ നെടുമങ്ങാട് ഐ.സി.ഡി.എസ്. പ്രോജക്ടിലെ ആനാട് പഞ്ചായത്തിലെ 6-ാം നമ്പർ അംഗൻവാടിയെയാണ് മാതൃകാ അംഗൻവാടിയായി ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് സ്ഥലവും ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശ കത്തും എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 6.75 ലക്ഷം രൂപ വഹിക്കാമെന്നുള്ള ടി എം.എൽ.എ.-യുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്.

(സി) വാമനപുരം നിയോജക മണ്ഡലത്തിലെ 6-ാം നമ്പർ മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം പൂർത്തിയാവുകയും ടി കെട്ടിടത്തിൽ അംഗൻവാടി പ്രവർത്തിക്കുന്നുമുണ്ട്.

## അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം

275 (4568) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയത്തിൽ പ്രതിമാസം എത്ര രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ തുക പണമായി എന്ന് മുതൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അങ്കണവാടി വർക്കർക്ക് 4,400 രൂപയുടെയും ഹെൽപ്പർക്ക് 2,900 രൂപയുടെയും പ്രതിമാസ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനത്തിൽ ചില പ്രാദേശിക സർക്കാരുകൾ 1-4-2017 മുതൽ കുടിശ്ശിക വരുത്തിയ തുക അതത് പ്രാദേശിക സർക്കാരുകൾ, മൂന്നാം ഗഡുവായി അനുവദിച്ച വികസന ഫണ്ടിൽനിന്നും കിഴിവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ 27-2-2018-ൽ ധനകാര്യ വകുപ്പ് ഉത്തരവായിട്ടുണ്ട്. 2018 ഏപ്രിൽ മാസം മുതൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽനിന്നുതന്നെ പണമായി മാറി നൽകുന്നതാണ്.

**അങ്കണവാടി കെട്ടിടങ്ങൾ**

276 (4569) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അങ്കണവാടികൾ പ്രവർത്തിക്കുന്നത് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടങ്ങളിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി യഥാസമയം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 22588 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. 6965 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 777 അംഗൻവാടികൾക്ക് വിവിധ പദ്ധതികളിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ആകയാൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നില്ല.

(ബി&സി) ഉണ്ട്. അങ്കണവാടികൾ പ്രവർത്തിക്കേണ്ട കെട്ടിടത്തിന്റെ ഫിറ്റ്നെസ്, കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം, ചുറ്റുപാടുകൾ എന്നിവ തീർത്തും സുരക്ഷിതമാണെന്ന് സി.ഡി.പി.ഒ., സൂപ്പർവൈസർ എന്നിവർ സ്ഥലം പരിശോധിച്ച്

ഉറപ്പുവരുത്തുന്നതിന് പുറമെ അങ്കണവാടി കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം, ചുറ്റുപാടുകൾ എന്നിവ കൃത്യമായ ഇടവേളകളിൽ സന്ദർശിച്ച് സുരക്ഷിതത്വം ഉറപ്പു വരുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളിൽ പലതും കാലപ്പഴക്കംകൊണ്ട് അറ്റകുറ്റപ്പണികൾ ചെയ്യേണ്ട അവസ്ഥയിലാണ്. അംഗൻവാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി എല്ലാ സാമ്പത്തിക വർഷവും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചുവരുന്നു. ബന്ധപ്പെട്ട സി.ഡി.പി.ഒ., സൂപ്പർവൈസർ എന്നീ ഉദ്യോഗസ്ഥർ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തിവരുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. ടി ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണത്തിനായി ഫണ്ട് അനുവദിക്കാറുണ്ട്.

**വർക്കല മണ്ഡലത്തിലെ അങ്കണവാടികൾ**

277 (4570) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എത്രയെണ്ണം വീതമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി ഭൂമിയും കെട്ടിടങ്ങളും ഇല്ലാത്ത എത്രയെണ്ണം പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ചുറ്റുമതിലും ശുദ്ധജലവും ഇല്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 222 എണ്ണം പ്രവർത്തിക്കുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ചുവടെ ചേർക്കുന്നു :

| പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടികളുടെ എണ്ണം | ആകെ |
|---|---|---|---|
| (1) | (2) | (3) | (4) |
| കിളിമാനൂർ അഡീഷണൽ | മടവൂർ | 22 | 81 |
| | പള്ളിക്കൽ | 18 | |
| | നാവായിക്കുളം | 41 | |

| (1) | (2) | (3) | (4) |
|---|---|---|---|
| വർക്കല | വെട്ടൂർ | 20 | 51 |
| | ചെമ്മരുതി | 31 | |
| വർക്കല അഡീഷണൽ | ഇടവ | 25 | 90 |
| | ഇലകമൺ | 24 | |
| | വർക്കല മുനിസിപ്പാലിറ്റി | 41 | |

(ബി) 103 എണ്ണം.

| പ്രോജക്ട് | പഞ്ചായത്ത് | സ്വന്തമായി കെട്ടിടവും ഭൂമിയും ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|
| (1) | (2) | (3) | (4) |
| കിളിമാനൂർ അഡീഷണൽ | മടവൂർ | 5 | |
| | പള്ളിക്കൽ | 12 | കെട്ടടിമില്ലാത്ത 12 അങ്കണവാടികളിൽ രണ്ട് എണ്ണത്തിന് ഭൂമി ലഭ്യമായിട്ടുണ്ട്. അതിൽ ഒരു അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു |

| (1) | (2) | (3) | (4) |
|---|---|---|---|
| | നാവായിക്കുളം | 16 | 2 എണ്ണം വാടക രഹിതം |
| വർക്കല | വെട്ടൂർ | 10 | 1 എണ്ണം വാടക രഹിതം |
| | ചെമ്മരുതി | 12 | 1 എണ്ണം വാടക രഹിതം |
| വർക്കല അഡീഷണൽ | ഇടവ | 16 | |
| | ഇലകമൺ | 7 | |
| | വർക്കല മുനിസിപ്പാലിറ്റി | 25 | |

(സി) ചുറ്റുമതിൽ ഇല്ലാത്തത്- 76 ശുദ്ധജലം ഇല്ലാത്തത്- 13

| പ്രോജക്ട് | പഞ്ചായത്ത് | ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | സ്വന്തമായി ശുദ്ധജല സ്രോതസ്സ് ഇല്ലാത്ത അംഗൻവാടികളുടെ എണ്ണം | അഭിപ്രായം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| കിളിമാനൂർ അഡീഷണൽ | മടവൂർ | 3 | 5 | പുറത്തുനിന്ന് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. |
| | പള്ളിക്കൽ | 0 | 2 | |
| | നാവായിക്കുളം | 5 | 4 | |

| (1) | (2) | (3) | (4) |
|---|---|---|---|
| വർക്കല | വെട്ടൂർ | 4 | 2 |
| | ചെമ്മരുതി | 5 | 0 |
| വർക്കല അഡീഷണൽ | ഇടവ | 18 | 0 |
| | ഇലകമൺ | 15 | 0 |
| | വർക്കല മുനിസിപ്പാലിറ്റി | 26 | 0 |

**നൂറ് ശതമാനം ഭിന്നശേഷിക്കാരായവരുടെ പ്രതിമാസ പെൻഷൻ തുക വർദ്ധിപ്പിക്കാമെന്ന സർക്കാർ പ്രഖ്യാപനം**

278 (4571) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറ് ശതമാനം ഭിന്നശേഷിക്കാരായവരുടെ പ്രതിമാസ പെൻഷൻ തുക ഇരുന്നൂറ് രൂപാ വർദ്ധിപ്പിക്കാമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) വികലാംഗ പെൻഷൻ വാങ്ങുന്നവർക്ക് മറ്റൊരു ക്ഷേമ പെൻഷൻകൂടി വാങ്ങാമെന്ന ഉത്തരവുണ്ടെങ്കിലും ഇതുവരെ അത് പ്രാബല്യത്തിൽ വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 80 ശതമാനമോ അതിലധികമോ വൈകല്യമുള്ളവർക്ക് വികലാംഗ പെൻഷൻ 200 രൂപ വർദ്ധനവ് നൽകി പ്രതിമാസ പെൻഷൻ 1,300 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 21-2-2018-ാം തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 61/2018/ ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ക്രമപ്പെടുത്തുന്നതിലേയ്ക്ക് പുറപ്പെടുവിച്ച 21-1-2017 തീയതിയിലെ സ.ഉ.(എംഎസ്)) നമ്പർ 34/2017/ധന ഉത്തരവിൽ ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു പെൻഷൻ കൂടി

അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് പുറപ്പെടുവിച്ച 6-2-2017 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 67/2017/ധന ഉത്തരവ് പ്രകാരം ഒരാൾക്ക് ഒരു പെൻഷൻ മാത്രമേ അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത് പ്രകാരം 6-2-2017-ന് മുമ്പ് രണ്ട് പെൻഷൻ ലഭിച്ചു കൊണ്ടിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമത്തെ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണ്. എന്നാൽ 6-2-2017 മുതൽ പെൻഷൻ അനുവദിക്കുന്നവർക്ക് ഒരാൾക്ക് ഒരു പെൻഷന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

### മൊബൈൽ ക്രഷ്

279 (4572) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനത്തൊഴിലാളികളുടെ കുട്ടികളെ പരിപാലിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള മൊബൈൽ ക്രഷ് എന്ന പദ്ധതി ഇപ്പോൾ എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) മൊബൈൽ ക്രഷ് പദ്ധതി സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ആലോചിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി അർബൻ- 2 ICDS പരിധിയിൽ വരുന്ന കൊച്ചി നഗരസഭയ്ക്ക് കീഴിലുള്ള ഐലന്റ് നോർത്തിൽ 76-ാം നമ്പർ അംഗൻവാടിയോടനുബന്ധിച്ചാണ് നിലവിൽ മൊബൈൽ ക്രഷ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഉണ്ട്. 2018-19-ൽ ഓരോ ജില്ലയിലും ഒരു മൊബൈൽ ക്രഷ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആയതിലേയ്ക്കായി അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിൽ 112 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### വികലാംഗരുടെ ക്ഷേമത്തിനായി പദ്ധതികൾ

280 (4573) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വികലാംഗർ ഉണ്ടെന്നുള്ളതിന് കണക്കുണ്ടോ; ജില്ല തിരിച്ച് ഇവരുടെ വികലാംഗശതമാനം, എണ്ണം, പുരുഷ-വനിതകൾ എത്രയുണ്ടെന്ന് വിശദമാക്കുമോ;

(ബി) വികലാംഗരുടെ ക്ഷേമത്തിനായി ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ സർക്കാർതലത്തിൽ എത്രയെന്നും മറ്റുള്ളവ എത്രയെന്നും വിശദമാക്കുമോ;

(സി) ഇവരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; ഈ പദ്ധതികൾക്ക് ലോൺ നൽകുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) വികലാംഗർക്ക് 40%-ൽ കൂടുതൽ വികലാംഗത്തമുണ്ടെന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ബിസിനസ്സ് ആവശ്യത്തിന് ലോൺ കൊടുക്കുകയുള്ളോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത വിഭാഗക്കാർക്ക് എത്ര ലക്ഷം രൂപ വരെ വിവിധ പദ്ധതികൾക്ക് സർക്കാർ ലോൺ കൊടുക്കും; പദ്ധതി സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിന് പലിശയും സബ്സിഡിയുമുണ്ടോ എന്നും വിശദമാക്കുമോ;

(എഫ്) വികലാംഗർക്കുള്ള വിവിധ ലോണുകൾ എടുക്കുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) ഒരു സെന്റ് ഭൂമി പോലും ഇല്ലാത്തതും മറ്റുള്ളവരുടെ ആശ്രിതരായി ജീവിക്കുന്ന യാതൊരു വരുമാനവും ഇല്ലാത്ത 40% വും അതിൽ കൂടുതലും വികലാംഗത്തമുള്ളവർക്കും സർക്കാർ എന്തൊക്കെ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്; വികലാംഗപെൻഷൻ പ്രസ്തുത വിഭാഗക്കാർക്ക് നല്കി വരുന്നുണ്ടോ ; എങ്കിൽ തുക എത്ര; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 2015-ൽ സാമൂഹ്യനീതി വകുപ്പ് നടത്തിയ അംഗപരിമിത സെൻസസ് അനുസരിച്ച് സംസ്ഥാനത്ത് 793937 അംഗപരിമിതരാണ് ഉള്ളത്. ജില്ലതിരിച്ച് ഇവരുടെ വികലാംഗശതമാനം, എണ്ണം, പുരുഷൻമാർ, വനിതകൾ, മറ്റുള്ളവർ എന്നിവർ എത്രയാണെന്ന് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | ജനസംഖ്യ | അംഗപരിമിതരുടെ എണ്ണം | ശതമാനത്തിൽ | സ്ത്രീകൾ | പുരുഷൻമാർ | മറ്റുള്ളവർ |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | തിരുവനന്തപുരം | 3292001 | 77164 | 2.34 | 34823 | 42188 | 153 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 2 | കൊല്ലം | 2701439 | 66519 | 2.46 | 29849 | 36542 | 128 |
| 3 | പത്തനംതിട്ട | 1257025 | 30447 | 2.42 | 13309 | 17105 | 33 |
| 4 | ആലപ്പുഴ | 2165780 | 51403 | 2.37 | 22762 | 28572 | 69 |
| 5 | കോട്ടയം | 1954534 | 45781 | 2.34 | 20171 | 25554 | 56 |
| 6 | ഇടുക്കി | 1086745 | 26226 | 2.41 | 11081 | 15102 | 43 |
| 7 | എറണാകുളം | 3134485 | 74127 | 2.36 | 33964 | 40039 | 124 |
| 8 | തൃശ്ശൂർ | 3204882 | 67133 | 2.09 | 30055 | 36967 | 111 |
| 9 | പാലക്കാട് | 2872714 | 62814 | 2.19 | 28060 | 34623 | 131 |
| 10 | മലപ്പുറം | 4489025 | 96447 | 2.15 | 42520 | 53816 | 111 |
| 11 | കോഴിക്കോട് | 3190413 | 78548 | 2.46 | 35089 | 43367 | 92 |
| 12 | വയനാട് | 839539 | 23122 | 2.75 | 12561 | 10526 | 35 |
| 13 | കണ്ണൂർ | 2711166 | 58535 | 2.16 | 26227 | 32242 | 66 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 14 | കാസർഗോഡ് | 1354338 | 35671 | 2.63 | 15459 | 20175 | 37 |
| | ആകെ | 34254086 | 793937 | 2.32 | 353895 | 438853 | 1189 |

(ബി) അംഗപരിമിതരുടെ ക്ഷേമത്തിനായി ആകെ 19 സർക്കാർ സ്ഥാപനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേന അംഗീകാരം നൽകിയിട്ടുള്ള 245 സ്ഥാപനങ്ങളുമുണ്ട്. സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*. 1979 മുതൽ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു.

(സി) അംഗപരിമിതരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. വിദ്യാജ്യോതി പദ്ധതി
2. വിദ്യാകിരണം
3. ഡിഗ്രിയോ അതിനുമുകളിലോ വിദ്യാഭ്യാസം ചെയ്യുന്നവരും ഭിന്ന ശേഷിക്കാരുമായവർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി
4. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം
5. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
6. അംഗപരിമിതരുടെ വ്യക്തിഗത പരിപാലന പദ്ധതി (Individual Care Plan)
7. സ്വാശ്രയ പദ്ധതി
8. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം
9. സഹായ ഉപകരണ വിതരണ പദ്ധതി
10. ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/രക്ഷകർത്താക്കൾക്ക് പരിശീലനവും അവബോധവും നൽകുന്ന പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

11. അംഗപരിമിതർക്ക് തൊഴിൽ പരിശീലനം

12. സർക്കാർ ഇതര സ്ഥാപനങ്ങളിലെ (NGO) അംഗപരിമിതർക്ക് തൊഴിൽ പരിശീലനം, ഒക്കുപേഷണൽ തെറാപ്പി എന്നിവ നൽകുന്നതിന് ധനസഹായം

13. 31-12-2003-നുമുമ്പ് എംപ്ലോയ്മെന്റ് വഴി ജോലി ചെയ്തവർക്കായി 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകി വരുന്നു

14. അംഗപരിമിതർക്കായി കായിക മേളയും കലാപരിപാടികളും സംഘടിപ്പിക്കുന്ന പദ്ധതി

15. പൊതു കാര്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഭിന്നശേഷിയുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമക്കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

2. ഭിന്നശേഷിയുള്ളവർക്കുവേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ്ടോപ്പ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്കുവിധേയമായി.

3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്ക് വിധേയമായി.

4. അംഗവൈകല്യമുള്ളവർക്കുള്ള സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി.

5. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/ വിദ്യാഭ്യാസ വായ്പ.

6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി.

7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി.

8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി.

9. സ്വയംസഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ.

10. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും.

11. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദന പരിപാലനം.

12. കാഴ്ചവൈകല്യമുള്ള യുവതീയുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി.

13. നാല് ജില്ലകളിൽ വികലാംഗക്ഷേമ കോർപ്പറേഷന്റെ പുതിയ ജില്ല/ റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി.

14. കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റ് വഴി സഹായോപകരണങ്ങൾ നിർമ്മിച്ചുനൽകൽ.

NHFDC, സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകൾ എന്നിവയിലൂടെ ലോൺ നൽകിവരുന്നു. അംഗപരിമിതരുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ 'അനുയാത്ര' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കിവരുന്നു. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുതൽ ഈ വിഭാഗത്തിന്റെ വിവിധ തലത്തിനുള്ള പുനരധിവാസം വരെയുള്ള പ്രവർത്തനങ്ങളാണ് അനുയാത്രയിൽ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നത്.

(ഡി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽനിന്നും 40 ശതമാനമോ അതിന് മുകളിലോ വികലാംഗത്വമുള്ളവർക്കാണ് സ്വയംതൊഴിൽ ചെയ്യുന്നതിനായി വായ്പ നൽകിവരുന്നത്. ഇതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നിർബന്ധമാണ്.

(ഇ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻവഴി രണ്ടുതരം വായ്പകൾ അനുവദിച്ചുവരുന്നു :

1. <u>എൻ.എച്ച്.എഫ്.ഡി.സി. വായ്പ</u> :

   ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പ പദ്ധതി പ്രകാരം 25 ലക്ഷം രൂപ വരെ വായ്പ നൽകിവരുന്നു. ഇതിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പ എൻ.എച്ച്.എഫ്.ഡി.സി.-യുടെ ചാനലൈസിംഗ് ഏജൻസിയായ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നേരിട്ടും അതിന് മുകളിലുള്ള വായ്പ എൻ.എച്ച്.എഫ്.ഡി.സി.-യുമാണ് അനുവദിച്ചുവരുന്നത്. 5 ലക്ഷത്തിന് താഴെ വായ്പ എടുത്ത് കൃത്യമായും തിരിച്ചടവ് നടത്തുന്ന ബി.പി.എൽ. വിഭാഗക്കാർക്കാണ് നിബന്ധനകൾക്ക് വിധേയമായി സബ്സിഡി അനുവദിച്ചുവരുന്നത്. 50,000 രൂപ വരെയുള്ള വായ്പയ്ക്ക് ഓർത്തോ

വിഭാഗം കാഴ്ച/ കേൾവി വൈകല്യം എന്നിവയ്ക്ക് യഥാക്രമം 5 ശതമാനം, 4.5 ശതമാനം പലിശയും (സത്രീകൾക്ക് 1 ശതമാനം പലിശയിളവ്) ആണ്. 50,000 രൂപ മുതൽ 5 ലക്ഷം രൂപ വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 6 ശതമാനം, 5.5 ശതമാനം പലിശയും (സ്ത്രീകൾക്ക് 1 ശതമാനം പലിശയിളവ് ) ആണ്. 5 ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെ വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/ കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 7 ശതമാനം, 6.5 ശതമാനം പലിശയും (സ്ത്രീകൾക്ക് 1 ശതമാനം പലിശയിളവ്) ആണ്. 15 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/ കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 8 ശതമാനം, 7.5 ശതമാനം പലിശയും (സ്ത്രീകൾക്ക് 1 ശതമാനം പലിശയിളവ്) ആണ്. വായ്പ തിരിച്ചടവ് കാലാവധി 5 വർഷമായി കോർപ്പറേഷൻ നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ പരമാവധി 25,00,000 രൂപ വരെ വായ്പ നൽകുന്നതാണ്. എൻ.എച്ച്.എഫ്.ഡി.സി. വ്യവസ്ഥകൾ അനുസരിച്ചാണ് വിവിധ പദ്ധതികൾക്കുള്ള വായ്പാ പലിശ നിരക്കുകൾ നിശ്ചയിക്കുന്നത്.

2. <u>സ്വയംതൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)</u>

ലോൺ തുക 20,000 രൂപ വരെ ലോൺ തുകയുടെ 50 ശതമാനം (പരമാവധി 5000 രൂപ) സബ്സിഡിയായും ലോൺ തുക 20,001 മുതൽ 50,000 രൂപ വരെ ലോൺ തുകയുടെ 30 ശതമാനം സബ്സിഡിയായും ലോൺ തുക 50,001 രൂപ മുതൽ 1,00,000 രൂപ വരെ ലോൺ തുകയുടെ 25 ശതമാനം (മിനിമം 15,000 രൂപ) സബ്സിഡിയായും ലോൺ തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ലോൺ തുകയുടെ 20 ശതമാനം (മാക്സിമം ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായും നൽകുന്നു. ICDS കൾ മുഖേന ബോധവൽക്കരണ പദ്ധതി നടപ്പിലാക്കിവരുന്നു.

(എഫ്) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നൽകി വരുന്ന എൻ.എച്ച്.എഫ്.ഡി.സി. വായ്പാ പദ്ധതിക്ക് പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

(ജി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരം ക്യാൻസർ, പക്ഷാഘാതം, മറ്റ് നാഡീരോഗങ്ങൾ എന്നിവമൂലം ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവിധം കിടപ്പിലായ

രോഗികൾ, പ്രായാധിക്യംമൂലം കിടപ്പിലായവർ, 100 ശതമാനം അന്ധത ബാധിച്ചവർ, തീവ്രമാനസിക രോഗമുള്ളവർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി മുതലായ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ എന്നിവരെ പരിചരിക്കുന്ന വ്യക്തിക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. 40 ശതമാനത്തിൽ കൂടുതൽ വൈകല്യമുള്ളവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വികലാംഗ പെൻഷൻ നൽകിവരുന്നു. എൺപത് ശതമാനവും അതിന് മുകളിലോ വൈകല്യമുള്ളവർക്ക് 1,300 രൂപയും 79 ശതമാനം വരെ വൈകല്യമുള്ളവർക്ക് 1,100 രൂപയും പ്രതിമാസം പെൻഷൻ അനുവദിച്ചു വരുന്നു.

**ആശ്വാസ പദ്ധതികൾ**

281 (4574) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിലെ നിരവധി ആശ്വാസ പദ്ധതികൾ അർഹരായ മുഴുവൻ പേർക്കും യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഐ.സി.ഡി.എസ്. മുഖേന കേരള സുരക്ഷാ മിഷന് സമർപ്പിക്കുന്ന അപേക്ഷകളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തി പോരായ്മകൾ ഐ.സി.ഡി. എസുകൾ മുഖേന കക്ഷികളെ അറിയിച്ച് പരിഹരിക്കുന്നതിനും അർഹരായ മുഴുവൻ പേർക്കും സഹായം ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) കാൻസർ അടക്കമുള്ള മാരക രോഗങ്ങൾ ബാധിച്ച പാവപ്പെട്ടവർക്കുള്ള സമാശ്വാസ സഹായം കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി മുഖേന നടപ്പിലാക്കി വരുന്ന ധനസഹായ പദ്ധതികൾ യഥാസമയം അർഹരായവർക്കുലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായി മാധ്യമങ്ങളിലൂടെയും മറ്റുമുള്ള വ്യാപക പ്രചരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടത്തുന്നുണ്ട്. അതോടൊപ്പം എല്ലാ പദ്ധതികളിലൂടെയുള്ള ധനസഹായവും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകി വരുന്നത്. വനിതാ ശിശു വികസന വകുപ്പ് വഴിയുള്ള ആശ്വാസ പദ്ധതികൾ അർഹരായ മുഴുവൻ പേർക്കും യഥാസമയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ആശ്വാസ പദ്ധതികൾ അർഹരായ മുഴുവൻ പേർക്കും യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പു

വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി അർഹരായ എല്ലാ പേർക്കും സഹായം ലഭിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മുഴുവൻ പദ്ധതികളും ഓൺലൈൻ ആയി പ്രോസസ് ചെയ്യുന്നതിനു വേണ്ടിയും ആധാർ കാർഡുമായി ലിങ്ക് ചെയ്തുകൊണ്ട് ബാങ്കിലേയ്ക്ക് DBT ആയി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. പദ്ധതി നടത്തിപ്പിലേയ്ക്കായി ബജറ്റ് വിഹിതത്തിനുപരിയായി ഫണ്ട് ആവശ്യമായി വരുന്നു. അധികമായി ആവശ്യം വരുന്ന തുക വി-കെയർ പദ്ധതിയുടെ ഭാഗമായി സമാഹരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) കേരളാ സുരക്ഷാ മിഷനിലേയ്ക്ക് വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള ഐ.സി.ഡി.എസ്. മുഖേന സമർപ്പിക്കുന്ന അപേക്ഷയിന്മേൽ വ്യക്തിഗത ആനുകൂല്യങ്ങൾ ലഭ്യമാകുന്നവേളയിൽത്തന്നെ അപാകതകളുണ്ടെങ്കിൽ അങ്കണവാടി വർക്കർമാർ മുഖേന അപേക്ഷകരെക്കൊണ്ട് തന്നെ അപാകതകൾ ഒഴിവാക്കി സമർപ്പിക്കുവാൻ ഐ.സി.ഡി.എസ്.തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഐ.സി.ഡി.എസ്. മുഖേന കേരള സാമൂഹ്യ സുരക്ഷാ മിഷന് ലഭിക്കുന്ന അപേക്ഷകളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തി പോരായ്മകൾ ഐ.സി.ഡി.എസ്. മുഖേന കക്ഷികളെ അറിയിച്ച് പരിഹരിക്കുന്നതിനും അർഹരായ മുഴുവൻ പേർക്കും ധനസഹായം ലഭിക്കുന്നതിനും ഓൺലൈൻ സംവിധാനം നടപ്പിലാകുന്നതോടെ സാധ്യമാകുന്നതാണ്. അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ക്യാൻസർ കെയർ പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കി വരുന്നു.

**അനാഥാലയങ്ങളുടെ രജിസ്ട്രേഷൻ**

282 (4575) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മുഴുവൻ അനാഥാലയങ്ങളുടെയും രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) രജിസ്ട്രേഷൻ പൂർത്തിയാകാത്ത എത്ര അനാഥാലയങ്ങളാണ് ഉള്ളതെന്നും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് നേരിടുന്ന തടസ്സമെന്തെന്നും അറിയിക്കുമോ ;

(സി) രജിസ്ട്രേഷൻ നടത്താത്ത അനാഥാലയങ്ങളിൽ ചൂഷണം നടക്കാൻ സാദ്ധ്യതയുള്ളതിനാൽ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് തുടർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം ജെ.ജെ. രജിസ്ട്രേഷൻ നേടേണ്ട അവസാന തീയതി 31-12-2017 വരെ ആയിരുന്നു. 31-12-2017 വരെ 531 സ്ഥാപനങ്ങൾക്ക് ജെ.ജെ. രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 20-2-2018-ലെ വിധി പ്രകാരം 31-3-2018-നകം എല്ലാ സ്ഥാപനങ്ങളും ജെ.ജെ. രജിസ്ട്രേഷൻ നേടേണ്ടതാണ്. ആയതുപ്രകാരം എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരും ജെ.ജെ. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 616 സ്ഥാപനങ്ങളാണ് ഇനി ജെ.ജെ. രജിസ്ട്രേഷൻ നേടേണ്ടത്. ഈ സ്ഥാപനങ്ങൾക്ക് 31-3-2018 വരെ സമയം അനുവദിച്ചിട്ടുണ്ട്. 2015-ലെ ബാലനീതി നിയമം, 2016-ലെ മാതൃകാ ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ബാധ്യതയാണ് രജിസ്ട്രേഷൻ എടുക്കുന്നതിന് തടസ്സമായി സ്ഥാപനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

(സി) 31-3-2018-നം എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നടത്തിയിരിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സ്ത്രീകളുടെയും കുട്ടികളുടെയും വകുപ്പ്**

283 (4576) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളുടെയും കുട്ടികളുടെയും വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ടി വകുപ്പിൽ ഇവർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(സി) ടി വകുപ്പിന്റെ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 30-6-2017-ലെ സ.ഉ.(കൈ)നമ്പർ 24/2017/സാനീവ. ഉത്തരവ് പ്രകാരം വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട വിവിധ ക്ഷേമ പദ്ധതികൾ വനിതാ ശിശുവികസന വകുപ്പുവഴി നടപ്പിലാക്കി

വരുന്നു. വിധവാ പുനർ വിവാഹ ധനസഹായം, വിധവകളെ സംരംക്ഷിക്കുന്നവർക്കുള്ള ധനസഹായം, ലൈംഗിക പീഠനത്തിനിരയാകുന്നവർക്കുള്ള വിവിധ സംരക്ഷണ-പുനരധിവാസ പദ്ധതികൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കും, പ്രത്യേക പരിചരണവും ശ്രദ്ധയും ആവശ്യമുള്ള കുട്ടികൾക്കുമുള്ള പദ്ധതികൾ, കുട്ടികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള സ്പോൺസർഷിപ്പ് പദ്ധതികൾ, മഹിളാമന്ദിരം, ചിൽഡ്രൻസ് ഹോം എന്നിവിടങ്ങളിലെ താമസക്കാരുടെ ക്ഷേമ പദ്ധതികൾ, കുട്ടികൾ, ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായുള്ള പോഷകാഹാര സാമ്പത്തിക സഹായ പദ്ധതികൾ മുതലായ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. <u>ഉജ്ജ്വല</u>

ലൈംഗിക ചൂഷണം തടഞ്ഞ് ഇരകളെ മോചിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നത് ഉദ്ദേശിച്ചുള്ള സമഗ്രമായ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ലൈംഗിക ചൂഷണത്തിന് വിധേയരായവർക്കും ചൂഷണത്തിന് വിധേയരാകാൻ സാദ്ധ്യതയുള്ളവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ചൂഷണം തടയൽ, വിമോചനം, പുനരധിവാസം, പുനരേകീകരണം, സ്വന്തം വാസസ്ഥലത്തേക്ക് തിരിച്ചുവരവ് എന്നിവ നടപ്പിലാക്കുന്നതിന് അംഗീകൃത സന്നദ്ധ സംഘടനകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.

2. <u>സ്വാധാർ ഗൃഹ് പദ്ധതി :</u>

ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ എന്നിവരാണ് ഗുണഭോക്താക്കൾ. ഭക്ഷണം, വസ്ത്രം, താമസം, കൗൺസിലിംഗ്, തൊഴിൽ പരിശീലനം, എന്നിവ നൽകി പുനരധിവസിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശ്യം.

3. <u>കൺസ്ട്രക്ഷൻ ഓഫ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ</u> :

നഗരങ്ങളിലും ഗ്രാമ പ്രദേശങ്ങളിലുമുള്ള സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിധവകൾ, വിവാഹ മോചനം നേടിയവർ, ഭർത്താക്കൻമാർ ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യുന്നതിനാൽ ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായ പദ്ധതി സന്നദ്ധ സംഘടനകളിലൂടെയാണ് നടപ്പാക്കുന്നത്. തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ നിന്നുള്ള അപേക്ഷകൾ സാമൂഹ്യക്ഷേമ വകുപ്പും മറ്റു ജില്ലകളിലെ അപേക്ഷകൾ കേരള സോഷ്യൽ വെൽഫെയർ ബോർഡും സ്വീകരിക്കുന്നു.

4. മഹിളാ മന്ദിരം :

വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, ദുരിതബാധിതരും അഗതികളുമായ നോക്കുവാനാളില്ലാത്ത 13 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകളെയാണ് മഹിളാ മന്ദിരത്തിൽ പ്രവേശിപ്പിക്കുന്നത്. കുട്ടികളുമായി സ്ഥാപനത്തിലെത്തുന്ന സ്ത്രീകൾക്ക് കുട്ടിക്ക് 6 വയസ്സ് ആകുന്നതുവരെ കൂടെ താമസിപ്പിക്കുന്നതിന് അനുവാദമുണ്ട്.

5. റസ്ക്യൂ ഹോം :

അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സാന്മാർഗ്ഗികഭ്രംശം നേരിടുകയും ചെയ്യുന്ന സ്ത്രീകൾക്ക് പരിചരണവും സംരക്ഷണവും നൽകി പുനരധിവസിപ്പിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് റസ്ക്യൂ ഹോമുകൾ. നിലവിൽ മലപ്പുറം ജില്ലയിലെ തവനൂരിൽ റസ്ക്യൂ ഹോം പ്രവർത്തിക്കുന്നു.

6. ആഫ്റ്റർ കെയർ ഹോം :

ചിൽഡ്രൻസ് ഹോം, സ്പെഷ്യൽ ഹോം, ബാലമന്ദിരം, പുവർഹോം, അനാഥാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും പുറത്തിറങ്ങിയവരെയാണ് ആഫ്റ്റർ കെയർ ഹോമുകളിൽ പുനരധിവസിപ്പിക്കുന്നത്. 18-നും 21-നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രവേശനത്തിന് അർഹതയുണ്ട്. ഇവിടുത്തെ അന്തേവാസികൾക്ക് അവരുടെ വിദ്യാഭ്യാസം തുടരുന്നതിനും ജീവിതത്തിന് ആവശ്യമായ തൊഴിൽ പരിശീലനത്തിനുമുള്ള അവസരമുണ്ട്. കൊല്ലത്തും, കോഴിക്കോട്ടും പെൺകുട്ടികൾക്കും, തലശ്ശേരിയിൽ ആൺകുട്ടികൾക്കും വേണ്ടി ആഫ്റ്റർ കെയർ ഹോം പ്രവർത്തിക്കുന്നുണ്ട്.

7. ഗാർഹിക പീഡന നിരോധന നിയമം :

2006 ഒക്ടോബറിൽ (Domestic Violence) DV ആക്ട് പ്രാബല്യത്തിൽ വന്നു. സ്ത്രീകൾക്ക് അപമാനവും ഉപദ്രവവും ആയി മാറാൻ സാധ്യതയുള്ള ഓരോ അതിക്രമങ്ങളും ഗാർഹിക പീഡനത്തിന്റെ വിശാലമായ നിർവ്വചനത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണവും താമസവും സാമ്പത്തികാശ്വാസ നടപടികളും നിയമപരമായി ഉറപ്പുവരുത്തുന്നു. ജീവിത പങ്കാളിയായ ഭർത്താവിൽ നിന്നും അവരുടെ പുരുഷൻമാരായ ബന്ധുക്കളിൽനിന്നും ഭാര്യയ്ക്ക് അല്ലെങ്കിൽ സ്ത്രീക്ക് നേരിടേണ്ടി വരുന്ന പീഡനങ്ങളിൽനിന്ന് സംരക്ഷണം നൽകുന്നതിനാണ് ഈ

നിയമം. സാമ്പത്തികവും വൈകാരികവും വാചികവും ശാരീരികവും ലൈംഗികവുമായ അപമാനിക്കലും അപമാന ഭീഷണികളുമെല്ലാം ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു. സ്ത്രീധനത്തിനുവേണ്ടി പീഡിപ്പിക്കപ്പെട്ട സ്ത്രീകളും അവരുടെ ബന്ധുക്കളും ഗാർഹിക പീഡനത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നു.

8. <u>അഭയകിരണം പദ്ധതി</u> :

അനാഥരായ വിധവകളെ സംരംക്ഷിക്കുന്ന കുടുംബത്തിലെ ഒരംഗത്തിന് നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 1,000 രൂപാ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ് അഭയകിരണം. ഈ പദ്ധതി 2017 മേയ് മാസം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

9. <u>മംഗല്യ പദ്ധതി</u> :

വിധവകളായ വനിതകളുടെ പുന:വിവാഹത്തിന് 25,000 രൂപ ധനസഹായം നൽകുന്നു.

10. <u>വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ കുടുംബത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി</u> :

(a) ഒന്നാം ക്ലാസ്സ് മുതൽ 5-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു വർഷം 3,000 രൂപയുടെ ധനസഹായം നൽകുന്നു.

(b) 6-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഒരു വർഷം 5,000 രൂപ ധനസഹായം നൽകുന്നു.

(c) +2 അല്ലെങ്കിൽ ഐ.ടി.ഐ.യിൽ പഠിക്കുന്ന കുട്ടികൾക്ക് ഒരു വർഷം 7,500 രൂപ ധനസഹായം നൽകുന്നു.

(d) ഡിഗ്രിതലത്തിൽ പഠിക്കുന്നവർക്ക് ഒരു വർഷം 10,000 രൂപ ധനസഹായം നൽകുന്നു.

11. <u>സംയോജിത ശിശു സംരക്ഷണ പദ്ധതികൾ</u> :

(a) <u>കാവൽ പദ്ധതി</u>:

സംസ്ഥാനത്ത് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹ്യാവസ്ഥ മെച്ചപ്പെടുത്തി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ICPS-ഉം ബാംഗ്ലൂർ NIMHANS-ഉം സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് കാവൽ.

(b) വിഷമ സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികള കണ്ടെത്തുന്നതിനുള്ള സർവ്വേ (Vulnerability Mapping):

വിഷമകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികൾ സുരക്ഷിതരല്ല. ഈ സാഹചര്യത്തിൽ ജീവിക്കുന്നവരും അപകട സാധ്യതയുള്ളതുമായ കുട്ടികളെ കണ്ടുപിടിക്കുന്നതിനുമായി തിരുവനന്തപുരത്തെ വിളപ്പിൽ പഞ്ചായത്തിലും മലപ്പുറം ജില്ലയിലെ കോഡൂർ പഞ്ചായത്തിലും കുട്ടികളെ സംബന്ധിക്കുന്ന Vulnerability Mapping നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(c) വെക്കേഷൻ ഫോസ്റ്റർ കെയർ പരിപാടി:

സ്വന്തം കുടുംബത്തിൽ കുട്ടികളെ വളർത്താൻ കഴിയാത്ത മാതാപിതാക്കൾ അവരെ താല്പര്യമുള്ള മറ്റ് കുടുംബങ്ങളിൽ നിശ്ചിത കാലയളവിലേയ്ക്ക് താമസിപ്പിച്ച് വളർത്തുന്ന പരിപാടിയാണ് ഫോസ്റ്റർ കെയർ പദ്ധതി.

(d) സ്പോൺസർഷിപ്പ് പരിപാടി :

കുട്ടികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് അവരുടെ കുടുംബത്തിന് നൽകുന്ന പൂരകമായ സഹായമാണ് (Medical Nutritional, Educational & other Needs) സ്പോൺസർഷിപ്പ് പരിപാടി. 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സ്പോൺസർഷിപ്പ് രണ്ട് തരത്തിലുണ്ട്. സാമ്പത്തികമായി പിന്നോക്കാവസ്ഥ കാരണം കുടുംബങ്ങളിൽനിന്നും സ്ഥാപനങ്ങളിലേയ്ക്ക് എത്തിപ്പെടുന്ന കുട്ടികളെ തിരിച്ച് അവരുടെ വീടുകളിലേക്കുതന്നെ എത്തിക്കുന്നതാണ് Rehabilitative Sponsorship. കുട്ടിയെ കുടുംബത്തിൽതന്നെ നിർത്തുന്നതിനും പഠനം തുടരുന്നതിനുമായി നൽകുന്ന ധനസഹായമാണ് Preventive Sponsorship. സംസ്ഥാന സർക്കാരിന്റെ വിജ്ഞാന ദീപ്തി സ്പോൺസർഷിപ്പ് പദ്ധതിയിലൂടെ സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന കുടുംബത്തിലെ രണ്ട് കുട്ടികൾക്ക് 2,000 രൂപ വീതം മാസത്തിലൊരിക്കൽ അനുവദിച്ച് വരുന്നു.

(e) ജെ.ജെ. സ്ഥാപനങ്ങളിലെ കുട്ടികൾക്കുവേണ്ടി നടപ്പിലാക്കിയ വിവിധ പരിപാടികൾ:

സ്ഥാപനങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുന്നതിനായി എഡ്യൂക്കേറ്റർമാരെ നിയോഗിച്ചു. സ്ഥാപനങ്ങളിലെ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള

നടപടികൾ സ്വീകരിച്ചു. സ്ഥാപനങ്ങളിലെ കുട്ടികളുടെ മാനസികോല്ലാസത്തിനുവേണ്ടിയുള്ള വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി.

(f) <u>ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ</u>:

കുട്ടികളോടുള്ള ഉത്തരവാദിത്വം ശാസ്ത്രീയമായി നിറവേറ്റുന്നതിന് രക്ഷിതാക്കളെയും അദ്ധ്യാപകരെയും പൊതു സമൂഹത്തെയും പ്രാപ്തമാക്കി കുട്ടികളുടെ സംരക്ഷണവും പരിരക്ഷയും ഉത്തമമായ വളർച്ചയും ഉറപ്പു വരുത്തുക. അവരുടെ വിവിധങ്ങളായ കഴിവുകളെ പരിപോഷിപ്പിക്കുക, വിവിധ രീതിയിലുള്ള സ്വഭാവ -വൈകാരിക-മാനസിക പ്രയാസങ്ങൾ നേരിടുന്ന കുട്ടികൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യത്തോടെ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ഒരു നൂതന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ. ടി പദ്ധതി നിലവിൽ സംസ്ഥാനത്തെ 304 സർക്കാർ/സർക്കാരിതര സ്കൂളുകളിൽ നടപ്പാക്കിവരുന്നു.

12. <u>പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY):</u>

സ്ത്രീകൾക്ക് അവരുടെ ആദ്യ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുന്ന കാലയളവിലും പ്രസവാനന്തരവും അവർക്കുണ്ടാകുന്ന വേതന നഷ്ടം ഭാഗികമായി നികത്തുക എന്ന ലക്ഷ്യത്തോടെയും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെച്ചപ്പെട്ട ആരോഗ്യം പ്രദാനം ചെയ്യുന്നതിന് നടപ്പാക്കിയ മാതൃസഹായ പദ്ധതിയാണ് പ്രധാനമന്ത്രി മാതൃവന്ദന യോജന. 1-1-2017 മുതൽ ഈ പദ്ധതി എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കിയിട്ടുണ്ട്. ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് അർഹതയുടെ അടിസ്ഥാനത്തിൽ 3 ഗഡുക്കളായി 5,000 രൂപ ആധാർ ലിങ്ക്സ് അക്കൗണ്ടിലേക്ക് PFMS വഴി നേരിട്ട് നിക്ഷേപിക്കുന്നു.(DBT)

13. <u>സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി (സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം)</u>:

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാനത്തെ 163 സ്കൂളുകളിൽ കേന്ദ്ര സർക്കാർ പദ്ധതിയായ കിശോരി ശക്തി യോജന നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി 2010-ൽ സൈക്കോ സോഷ്യൽ

സർവ്വീസ് പദ്ധതിയായി മാറുകയും ചെയ്തു. 2009-10 സാമ്പത്തിക വർഷം 251 സ്കൂളുകളിലും 2010-11 സാമ്പത്തിക വർഷം 86 സ്കൂളുകളിലും 2014-ൽ 307 സ്കൂളുകളിലും 2016-17-ൽ 205 സ്കൂളുകളിലും കൂടി കൗൺസിലിംഗ് സെന്ററുകൾ തുടങ്ങുന്നതിന് അനുമതി ലഭിച്ചതിൽ 666 സ്കൂളുകളിൽ കൗൺസിലിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

14. <u>ബേഠി ബച്ചാവോ ബേഠി പഠാവോ</u> :

രാജ്യത്ത് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനുപാതം കുറഞ്ഞുവരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഒരു മാസ് ക്യാമ്പയിനായി ഉയർത്തിക്കൊണ്ട് പെൺകുട്ടികളുടെ ശാക്തീകരണം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി രാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ട 100 ജില്ലകളിൽ നടപ്പിലാക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ബേഠി ബച്ചാവോ ബേഠി പഠാവോ. കേരളത്തിൽ തൃശ്ശൂർ ജില്ലയിലാണ് പദ്ധതി നടപ്പാക്കുന്നത്.

15. <u>Village Convergence Facilitation Centre:</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ബേഠി ബച്ചാവോ ബേഠി പഠാവോ' ജില്ലയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതാ ശിശുക്ഷേമ രംഗത്ത് കേന്ദ്ര-സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെ കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്നതിനും ഇത്തരം പദ്ധതികളുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുംവേണ്ടി പദ്ധതി നടപ്പിലാക്കുന്നു. ജില്ലകളിൽ ഗ്രാമപഞ്ചായത്തുകളിൽ Village Convergence Facilitation Centre ആരംഭിക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചത് പ്രകാരം തൃശ്ശൂർ ജില്ലയിലെ 20 ഗ്രാമപഞ്ചായത്തുകളിൽ ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്.

16. <u>പ്രീസ്കൂൾ വിദ്യാഭ്യാസം:</u>

2013-ലെ ദേശീയ ECCE നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഒരു ECCE കരിക്കുലം ആവിഷ്കരിക്കുകയും അംഗൻവാടി മുഖേനയുള്ള പ്രീസ്കൂൾ വിദ്യാഭ്യാസത്തിനായി ഒരു പാഠ്യ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി 30 തീമുകൾ ഉൾക്കൊള്ളുന്ന ചാർട്ടുകൾ തയ്യാറാക്കി അംഗൻവാടികളിൽ വിതരണം ചെയ്തിട്ടുള്ളതാണ്. കുട്ടികളുടെ പ്രായത്തിനനുസൃതമായ വികാസ മേഖലകളെ പോഷിപ്പിക്കുന്നതിനാവശ്യമായ നിരവധി പ്രവർത്തനങ്ങൾ തീം ചാർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അംഗൻവാടി പ്രവർത്തകർക്ക് കുട്ടികളുടെ സമഗ്രവികാസം ഉറപ്പാക്കു ന്നതിനുള്ള വഴികാട്ടിയായി 'അങ്കണതൈമാവ്' എന്ന പേരിൽ കൈപുസ്തകം 'അമ്മഅറിയാൻ' എന്ന പേരിൽ കുട്ടികളുടെ ശാരീരിക മാനസിക വികാസ നിലവാരം രേഖപ്പെടുത്തുന്നതിനായി അസസ്മെന്റ് കാർഡ്, അംഗൻവാടികളിൽനിന്നും പ്രീസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികൾക്ക് പ്രീസ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ അംഗൻവാടികളിൽ 3 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ ശിശു പരിചരണം ഉറപ്പാക്കുകയും അംഗൻവാടി പ്രീസ്കൂൾ വഴി 3-6 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ സമഗ്ര വികാസം ഉറപ്പാക്കുകയും ചെയ്യുന്നു.

17. <u>നാഷണൽ ക്രഷ് സ്കീം</u>:

1-1-2017 മുതൽ ടി പദ്ധതി സംസ്ഥാന സർക്കാർ മുഖേന നടപ്പിലാക്കി വരുന്നു. സംഘടിത/അസംഘടിത മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകളുടെ കുട്ടികളെ പകൽ സമയങ്ങളിൽ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നാഷണൽ ക്രഷ് സ്കീം. 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. മാനദണ്ഡ പ്രകാരം 60:30:10 എന്ന അനുപാതത്തിലാണ് ക്രഷുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. (60% കേന്ദ്രവിഹിതം, 30% സംസ്ഥാന വിഹിതം 10% എൻ.ജി.ഒ വിഹിതം) കുഞ്ഞുങ്ങളുടെ ശാരീരിക മാനസിക, സാമൂഹിക, ബൗദ്ധിക, വൈകാരിക വികാസത്തിന് അടിത്തറ പാകുക, ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ടി പദ്ധതിയിൻകീഴിൽ നിലവിൽ 571 ക്രഷുകളാണ് പ്രവർത്തിക്കുന്നത്.

18. <u>മൊബൈൽ ക്രഷ്</u>:

അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പകൽസമയങ്ങളിൽ പരിപാലിക്കുക എന്ന ഉദ്ദേശ്യത്തോടെ 2017-18 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് മൊബൈൽ ക്രഷ്. അന്യ സംസ്ഥാന തൊഴിലാളി സ്ത്രീകൾ തൊഴിലിൽ ഏർപ്പെടുന്ന പകൽ സമയങ്ങളിൽ അവരുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിപാലിക്കുകയും കുഞ്ഞുങ്ങളുടെ ശാരീരിക, മാനസിക, സാമൂഹിക ബൗദ്ധിക, വൈകാരിക വികാസത്തിന് അടിത്തറ പാകുക, ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്തുക

എന്നിവയാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. കൊച്ചി അർബൻ II ഐ.സി.ഡി.എസ്-ന്റെ കീഴിലെ 76-ാം നമ്പർ അങ്കണവാടിയോടനുബന്ധിച്ചാണ് പൈലറ്റടിസ്ഥാനത്തിൽ മൊബൈൽ ക്രഷ് ആരംഭിച്ചിട്ടുള്ളത്.

19. <u>ജാതക് ജനനി</u> :

ന്യൂനപോഷണംമൂലമുള്ള ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജാതക്-ജനനി. ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി സംവിധാനമുപയോഗിച്ച് മൊബൈൽ ടെലഫോൺ സംവിധാനത്തിലൂടെ റിയൽ ടൈം ഡാറ്റാ ശേഖരിച്ച് വെബ് എനേബിൾഡ് ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ഡാറ്റാ പ്രോസസ് ചെയ്ത് അനലൈസ് ചെയ്ത് ആരോഗ്യ പോഷണ നിലവാരം വിലയിരുത്തി തത്സമയ ഇടപെടലുകൾ നടത്തുകയാണ് ടി സംവിധാനത്തിലൂടെ ചെയ്യുന്നത്. 2013-ൽ അട്ടപ്പാടി ബ്ലോക്കിൽ ആരംഭിച്ച ടി പദ്ധതിയിലൂടെ ശിശുമരണ നിരക്ക് നിയന്ത്രണ വിധേയമാക്കുന്നതിന് കഴിഞ്ഞ സാഹചര്യത്തിൽ മാനന്തവാടി, ഇരിട്ടി ബ്ലോക്കുകളിലും ദേവികുളം അഡീഷണൽ ഐ.സി.ഡി.എസ്.-ലും ടി പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.

20. <u>സബല:</u>

11 മുതൽ 18 വയസ്സുവരെയുള്ള കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതി (50% CSS) 2010-11 മുതൽ കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടത്തിവരുന്നു. 2018 നവംബർ മാസം മുതൽ പദ്ധതി കണ്ണൂർ, വയനാട് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുകയും ഗുണഭോക്താക്കൾ 11 മുതൽ 14 വയസ്സുവരെ out of school കുട്ടികൾക്കായി നിജപ്പെടുത്തിയും കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. അനുപൂരക പോഷകാഹാരം, അയൺ ഫോളിക് ഗുളിക വിതരണം, ആരോഗ്യ പരിശോധന, ആരോഗ്യ പോഷണ വിദ്യാഭ്യാസം, ജീവിത നൈപുണ്യ വിദ്യാഭ്യാസം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

21. <u>First 1000 days:</u>

അട്ടപ്പാടി മേഖലയിൽ കുട്ടികളുടെ പോഷകാഹാരക്കുറവ് സംബന്ധിച്ച് നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്തത് കണക്കിലെടുത്ത് കുഞ്ഞിന്റെ 1000 ദിവസങ്ങളുടെ കുഞ്ഞിന്റെയും ഗർഭാവസ്ഥയിൽ അമ്മയുടെയും പോഷകാഹാര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അട്ടപ്പാടിയിൽ നടത്തി വരുന്ന പദ്ധതി. കുട്ടികളിൽ ഉണ്ടാകുന്ന വൈകല്യം മുൻകൂട്ടി കണ്ടുപിടിക്കുക, തടയുക, വൈകല്യ ബാധിത കുട്ടികളുടെ വൈകല്യം മുൻകൂട്ടി കണ്ടുപിടിക്കുക, തടയുക, വൈകല്യ ബാധിത കുട്ടികളുടെ പുനരധിവാസം എന്നിവ ഉൾപ്പെടുന്നു.

22. <u>Supplementary Nutrition Programme</u>:

കേന്ദ്ര സർക്കാരിന്റെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി 3 വയസ്സുമുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അളവിൽ കലോറി, പ്രോട്ടീൻ എന്നിവ അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ അംഗൻവാടികൾ മുഖേന വിതരണം ചെയ്തുവരുന്നു. 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അംഗൻവാടികൾ മുഖേന അമൃതം ന്യൂട്രിമിക്സ് നൽകി വരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ടി പദ്ധതിയുടെ ഭാഗമായി പോഷകാഹാരങ്ങൾ ജനറൽ ഫീഡിംഗ് ഉൾപ്പെടുത്തി Take Home Ration ആയി നൽകിവരുന്നു. 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് 8 രൂപയും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും 9.50 രൂപയും ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് 12 രൂപയും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ 50% തുക സംസ്ഥാന സർക്കാരും 50% തുക കേന്ദ്ര സർക്കാരും വഹിച്ചുവരുന്നു.

(സി) 30-6-2017 ലെ സ.ഉ (കൈ) നമ്പർ 24/2017/സാനീവ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി രൂപീകൃതമായ വനിതാ ശിശു വികസന വകുപ്പിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഡയറക്ടർ-1, ജില്ലാ ഓഫീസർ -14, ലോ ഓഫീസർ -1, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - 1, ഫിനാൻസ് ഓഫീസർ -1, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്- 1, ഡ്രൈവർ- 1, ഓഫീസ് അറ്റൻഡന്റ്- 4, വകുപ്പ് വിഭജനം സംബന്ധിച്ച് പഠന റിപ്പോർട്ട് ഇരു ഡയറക്ടറേറ്റിലെയും കേഡർ സ്ട്രെങ്ത് ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ ടി കേഡർ സ്ട്രെങ്ത് സാമൂഹ്യനീതി

ഡയറക്ടറേറ്റിൽ നിലവിലില്ലാത്തതിനാൽ സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ഒരു വിഭാഗം ജീവനക്കാരെ വനിതാ ശിശു വികസന ഡയറക്ടറേറ്റിലേയ്ക്ക് വിന്യസിച്ചാണ് പുതിയ വരുപ്പിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇരു ഡയറക്ടറേറ്റിലെയും കേഡർ സ്ട്രെങ്ത് നിശ്ചയിച്ചിരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**നെല്ല് സംഭരണത്തിന് ബദൽ സംവിധാനം**

284 (T*4577) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് കൃഷിക്കാർക്ക് ഉടനെതന്നെ പണം ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മില്ലുടമകൾ നെല്ല് സംഭരണത്തിന് സഹകരിക്കാത്ത സാഹചര്യത്തിൽ എന്തൊക്കെ ബദൽ സംവിധാനം ഒരുക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) നെല്ല് സംഭരിച്ച ഉടൻതന്നെ സംഭരണവില പി.ആർ.എസ്. ലോൺ വഴി കർഷകർക്ക് ലഭ്യമാക്കുന്നതിനായി 15 ബാങ്കുകളുമായി സപ്ലൈകോ മുഖേന ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഈ സീസണിൽ നെല്ല് സംഭരണത്തിന് 50 മില്ലുകളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

**അരി വില വർദ്ധന നിയന്ത്രിക്കുന്നതിന് നടപടി**

285 (4578) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അരി വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) അന്യസംസ്ഥാന അരി ലോബിയുടെ പ്രവർത്തനമാണ് അരി വില വർദ്ധിക്കുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഇടപെടലുണ്ടായിട്ടുണ്ടോ;

(സി) അരി വില ദിനംപ്രതി വർദ്ധിക്കുന്നത് സംസ്ഥാനത്ത് ആരംഭിച്ച അരിക്കടകൾ ഫലപ്രദമല്ലാത്തതിനാലാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിന്റെ പേരിൽ റേഷൻകടകളിൽ റേഷൻ സാധനങ്ങൾ കൃത്യസമയത്ത് നൽകാത്തത് അരി വില വർദ്ധിക്കുന്നതിന് ഒരു പരിധി വരെ കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ 30 മുതൽ 42 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി മുതലായവയും നോൺ സബ്സിഡി നിരക്കിൽ എല്ലാ അരി ഇനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലകുറച്ച് അളവ് നിയന്ത്രണമില്ലാതെ വിൽപ്പന നടത്തിവരുന്നു. അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിനുപുറമെ, ആന്ധ്രയിൽനിന്നും നേരിട്ട് 5165 മെട്രിക് ടൺ ജയ അരി സംഭരിച്ച് കിലോ ഗ്രാമിന് 25 രൂപ നിരക്കിലും സംസ്ഥാനത്തുടനീളം അരിക്കടകൾ ആരംഭിച്ച് കുറഞ്ഞ നിരക്കിലും അരി വിതരണം ചെയ്തിട്ടുണ്ട്.

(ബി&സി) സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോയുടെ നിലവിലുള്ള വിൽപ്പനശാലകൾക്കുപുറമെ ആരംഭിച്ച പ്രത്യേക അരിക്കടകൾ വഴി അരിയുടെ വില നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതുമൂലം റേഷൻ കടകളിലേയ്ക്കുള്ള റേഷൻ സാധനങ്ങളുടെ വിതരണത്തിൽ കാലതാമസം ഉണ്ടാവുകയോ അരിവില വർദ്ധിക്കുകയോ ചെയ്തിട്ടില്ല.

**സ്കൂളുകളിൽ നൽകുന്ന അരിയുടെ ഗുണനിലവാരം**

286 (4579) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരി നിലവാരം കുറഞ്ഞതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി നൽകുന്ന അരി എവിടെ നിന്നാണ് സംഭരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) FCI (Food Corporation of India)യിലേയും സപ്ലൈകോയിലേയും ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തിയ ശേഷമാണ് ഉച്ചഭക്ഷണത്തിനുള്ള അരി സ്കൂളുകളിൽ വിതരണം നടത്തുന്നത്. ഒറ്റപ്പെട്ടതാണെങ്കിലും ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് പരിഹാരവും ഉണ്ടാക്കിയിട്ടുണ്ട്.

(സി) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി നൽകുന്ന അരി FCI-ൽ നിന്നാണ് സംഭരിക്കുന്നത്.

**ഭക്ഷ്യഭദ്രതാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്**
**റീജ നൽകിയ അപേക്ഷ**

287 (4580) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യഭദ്രതാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് റീജ വണ്ടന്നൂർ വീട്, ചെറുകാട്ടൂർ പി.ഒ, കുളിവയൽ, പനമരം,വയനാട് എന്നയാൾ നൽകിയ അപേക്ഷ (No.299/RA/GEN/17 തീയതി 17-10-2017) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഏറ്റവും അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡ പ്രകാരം ഒഴിവാക്കൽ മാനദണ്ഡത്തിൽ ഉൾപ്പെട്ട നാലുചക്ര വാഹനം സ്വന്തമായുള്ളതിനാൽ ശ്രീമതി റീജ, വയനാട് അംഗമായിട്ടുള്ള റേഷൻ കാർഡ് നമ്പർ 2264055541 പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. മകന് ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നതിനായി റേഷൻ കാർഡ് സ്റ്റേറ്റ് പ്രയോറിറ്റിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച ഭക്ഷ്യധാന്യ വിഹിതം**

288 (4581) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 2014-15, 2015-16, 2016-17, 2017-18 വർഷങ്ങളിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതും കേന്ദ്രത്തിൽ നിന്ന് ലഭിച്ചതുമായ ഭക്ഷ്യധാന്യവിഹിതം എത്രയാണെന്ന് ഇനം തിരിച്ച് അറിയിക്കുമോ;

(ബി) ഭക്ഷ്യഭദ്രതാനിയമം നടപ്പാക്കുന്നതിലെ കാലതാമസം കാരണം പ്രസ്തുത വർഷങ്ങളിൽ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭ്യമാകേണ്ട ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവു വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിനു മുൻപ് ഒരു വർഷം കേരളത്തിന് ശരാശരി 16.01 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നത്. എന്നാൽ ഭക്ഷ്യഭദ്രതാ നിയമപ്രകാരം ആയതിന്റെ അളവ് 14.25 ലക്ഷം മെട്രിക് ടൺ ആയി നിജപ്പെടുത്തുകയുണ്ടായി. നേരത്തെ അനുവദിച്ചിരുന്ന അളവിൽ തന്നെ ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്നും അഡ്ഹോക് അലോട്ട്മെന്റ് ലഭ്യമാക്കണമെന്നും പല തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം കേന്ദ്രം നിരസിക്കുകയാണുണ്ടായിട്ടുള്ളത്. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയത് 2016 നവംബർ മുതലാണ്. 2016-17-ലെ പ്രസ്തുത കാലയളവു മുതലും 2017-18 സാമ്പത്തിക വർഷത്തിലും ലഭ്യമായ ഭക്ഷ്യധാന്യ വിഹിതത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിലെ കാലതാമസം കാരണം ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിൽ കുറവു വന്നിട്ടില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 2016 ജൂലൈ മുതൽ ഭക്ഷ്യധാന്യങ്ങളുടെ അധിക വിഹിതം (അഡ്ഹോക്) സംസ്ഥാനത്തിന് ലഭ്യമായിരുന്നില്ല. ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്തിൽ നടപ്പിലാക്കാത്ത സാഹചര്യത്തിൽ 2016 നവംബർ മുതൽ എ.പി.എൽ. വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങൾക്ക് MSP നിരക്കിൽ തുകയൊടുക്കണമെന്നും എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ അധിക വിഹിതം (അഡ്ഹോക്) ലഭ്യമാക്കില്ല എന്നും കേന്ദ്രം അറിയിച്ചിരുന്നു.

**പഴയ ബി.പി.എൽ. കാർഡ് നിലനിർത്തുവാൻ നടപടി**

289 (4582) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കിയ ബി.പി.എൽ റേഷൻ കാർഡ് ലഭിച്ച ഒരു കുടുംബത്തിലെ ഏതാനും പേർ പ്രസ്തുത കാർഡിൽനിന്നും ഒഴിവായി പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾ നിലവിലുള്ള പഴയ റേഷൻ കാർഡ് ബി.പി.എൽ കാർഡ് ആയിത്തന്നെ നിലനിർത്തുവാൻ വ്യവസ്ഥ ചെയ്യുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പുതുക്കിയ റേഷൻകാർഡ് പ്രകാരം ബി.പി.എൽ. റേഷൻകാർഡ് ലഭിച്ച ഒരു കുടുംബം അല്ലെങ്കിൽ ഒരാൾ അവരുടെ കാർഡിലെ പേരുകൾ മറ്റൊരു റേഷൻ കാർഡിലേക്ക് മാറ്റി നൽകുവാൻ അപേക്ഷ നൽകുകയാണെങ്കിൽ അതുപ്രകാരം അവർക്കു നൽകുന്ന പുതിയ റേഷൻ കാർഡ് ബി.പി.എൽ. റേഷൻ കാർഡ് ആയി നൽകുവാൻ വ്യവസ്ഥ ചെയ്യുവാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ബി.പി.എൽ/എ.പി.എൽ വിഭാഗങ്ങൾക്ക് പകരമായി മുൻഗണനാ/ മുൻഗണനേതര വിഭാഗമാണ് നിലവിലുള്ളത്. പ്രസ്തുത നിയമ പ്രകാരം സംസ്ഥാനത്ത് 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രം നിശ്ചയിച്ചിട്ടുള്ളത്. ആയത് വർദ്ധിപ്പിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലാത്ത സാഹചര്യത്തിൽ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡങ്ങൾ പ്രകാരം നിലവിലുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നതാണ്.

**പുതിയ റേഷൻ കാർഡ് വിതരണവും ബി.പി.എൽ. കാർഡുടമകളും**

290 (4583) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴയ റേഷൻ കാർഡുകൾ പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ബി.പി.എൽ. റേഷൻ കാർഡുടമകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് റേഷൻ കാർഡുകൾ പുതുക്കി വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിലവിൽ എത്ര ബി.പി.എൽ. റേഷൻ കാർഡുടമകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ബി.പി.എൽ. കാർഡുടമകളായിരുന്ന പലരും പുതിയ റേഷൻ കാർഡ് വിതരണം ചെയ്തപ്പോൾ എ. പി. എൽ. കാർഡുടമകളായി മാറിയതിനാൽ ഇവ ബി.പി.എൽ. കാർഡാക്കിത്തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിന്മേൽ പരിശോധന നടത്തി സ്വീകരിച്ച തിരുത്തൽ നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പഴയ റേഷൻ കാർഡുകൾ പ്രകാരം സംസ്ഥാനത്ത് ആകെ 1478944 ബി.പി.എൽ. കാർഡുടമകളാണ് ഉണ്ടായിരുന്നത്.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി നിലവിലെ റേഷനിംഗ് സമ്പ്രദായത്തിൽ ബി.പി.എൽ/എ.പി.എൽ വിഭാഗത്തിന് പകരമായി മുൻഗണനാ മുൻഗണനേതര വിഭാഗമാണ് ഉള്ളത്. സംസ്ഥാനത്ത് നിലവിൽ 2906709 റേഷൻ കാർഡുടമകളാണ് മുൻഗണനാ വിഭാഗത്തിലുള്ളത്.

(സി&ഡി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 7,42,278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ ഇരട്ടിപ്പുള്ള അപേക്ഷകൾ ഒഴിവാക്കി 5,67,009 അപേക്ഷകൾ റേഷൻകട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ടി അപേക്ഷകരിൽ അനർഹരെ ഒഴിവാക്കുന്നതുവഴി ഉണ്ടാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി റാങ്കിംഗ് ഉൾപ്പെടെയുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അനർഹരെ ഒഴിവാക്കുന്നതിലേയ്ക്കായി ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയിൽനിന്ന് ലഭ്യമായ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ എ.എ.വൈ., മുൻഗണനാ, മുൻഗണനേതര സബ്സിഡി എന്നീ വിഭാഗങ്ങളിൽനിന്ന് 91169 സർക്കാർ ജീവനക്കാർ ഉൾപ്പെടെ 262675 അനർഹരെ കണ്ടെത്തിയിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ അനർഹരെ ഒഴിവാക്കി അർഹതയുള്ളതായി കണ്ടെത്തിയവരെ ഉൾപ്പെടുത്തി ലിസ്റ്റ് ഏപ്രിൽ മധ്യത്തോടെ കൃത്യമാക്കുന്നതാണ്. 2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടിക ക്രമമായ കാലയളവിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

**ആവശ്യമായ അളവിൽ ഭക്ഷ്യധാന്യ വിതരണം**

291 (4584) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഒരു മാസത്തേക്ക് അനുവദിക്കുന്ന ഒരു കിലോ ഭക്ഷ്യധാന്യംകൊണ്ട് കുടുംബത്തിന് കഴിയാൻ സാധിക്കുമോയെന്ന് വകുപ്പ് അധികൃതർ പരിശോധിക്കുമോ;

(ബി) എ.പി.എൽ. / ബി.പി.എൽ. വേർതിരിക്കുന്നതിലെ അപാകതമൂലം സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ദരിദ്രവിഭാഗങ്ങൾക്ക് ഒരു കിലോ അരി മാത്രം കിട്ടുന്നത് ഒഴിവാക്കി ഒരു കുടുംബത്തിന് ആവശ്യമായ ശരാശരി ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്ന ടൈഡ് ഓവർ വിഹിതമാണ് മുൻഗണനേതര വിഭാഗത്തിന് നിലവിൽ നൽകുന്നത്. ആയത് പ്രസ്തുത വിഭാഗത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് പര്യാപ്തമല്ല.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബി.പി.എൽ./ എ.പി.എൽ. പട്ടികയ്ക്ക് പകരമായി മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. അന്തിമ മുൻഗണനാ പട്ടികയിലെ അപാകതകൾ പരിഹരിച്ച് പ്രസ്തുത പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനും ഏറ്റവും അർഹരായവരെ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടു വരുന്നതോടെ പ്രസ്തുത പ്രശ്നത്തിന് പരിഹാരമാകുന്നതാണ്. കൂടാതെ കേന്ദ്രത്തിൽനിന്നും അധിക ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് മുൻഗണനേതര വിഭാഗത്തിനുള്ള വിഹിതം വർദ്ധിപ്പിക്കുന്ന നടപടി പരിഗണിക്കുന്നതാണ്.

**റേഷൻ കടകളിൽ ഇ-പോസ് മെഷീൻ**

292 (4585) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും 2018 മാർച്ച് 31-നകം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീൻ സ്ഥാപിക്കാത്ത പക്ഷം കേന്ദ്ര വിഹിതം നഷ്ടപ്പെടും എന്ന അറിയിപ്പ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര റേഷൻ കടകൾ ഉണ്ട്; കേന്ദ്രം നല്കുന്ന റേഷൻ വിഹിതം എത്ര; ആയത് സംസ്ഥാന ആവശ്യത്തിന് പര്യാപ്തമാണോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനായുള്ള ചെലവ് എത്ര; ഏത് ഏജൻസിയാണ് ഇത് സ്ഥാപിക്കുന്നത്; ഇതിനായി കേന്ദ്ര സഹായം ലഭ്യമായോ; എങ്കിൽ എത്ര; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നാളിതുവരെ എത്ര റേഷൻ കടകളിൽ പ്രസ്തുത മെഷീൻ സ്ഥാപിച്ച കഴിഞ്ഞു; ആയത് ഫലപ്രദമാണോ എന്ന് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് 14345 റേഷൻ കടകളാണ് നിലവിലുള്ളത്. കേന്ദ്രം നൽകുന്ന റേഷൻ വിഹിതത്തിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു.* 2018 ജനുവരി മുതൽ മാർച്ച് വരെയുള്ള 3 മാസത്തേയ്ക്ക് 13908 KL മണ്ണെണ്ണയും അനുവദിച്ചിരുന്നു. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ്ഓവർ വിഹിതം മുൻകാലങ്ങളിലെ അധിക വിഹിതം ഉൾപ്പെടെ എ.പി.എൽ. വിഭാഗത്തിന് ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ ആയത് സംസ്ഥാന ആവശ്യത്തിന് പര്യാപ്തമല്ല.

(സി) സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനായുള്ള ചെലവ് 54.08 കോടി രൂപയാണ്. M/s Linkwell Telesystems Pvt. Ltd. എന്ന കമ്പനിക്കാണ് കരാർ നൽകിയിരിക്കുന്നത്. ഇതിനായി കേന്ദ്ര സഹായമൊന്നും ലഭ്യമായിട്ടില്ല.

(ഡി) 14-3-2018 വരെ 4341 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കടകളിൽ ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണം ആരംഭിച്ചിട്ടേയുള്ളൂ. ഇതിൽ കരുനാഗപ്പള്ളി താലൂക്കിൽ 2018 ജനുവരി മാസം മുതൽ 60 റേഷൻ കടകളിൽ ഇ-പോസ് വഴി വിതരണം ആരംഭിച്ചിരുന്നു. ആയതിന്റെ പ്രവർത്തനം ഫലപ്രദമാണ്. ശരാശരി 80% കാർഡുടമകൾക്ക് ആധാർ ആതന്റിഫിക്കേഷൻ മുഖേന റേഷൻ വിതരണം നടത്താൻ സാധിച്ചു.

**റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിന് നടപടി**

293 (4586) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ ഇ-പോസ് മെഷീൻ റേഷൻ കടകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുവരെ എത്ര ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്; എത്ര രൂപ ഇതിനുവേണ്ടി ചെലവഴിച്ചു; വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 14-3-2018 വരെ 4341 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. 54.72 കോടി രൂപ ഈ ആവശ്യത്തിലേയ്ക്കായി അനുവദിച്ചിട്ടുണ്ട്. ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതി പൂർത്തീകരിക്കുന്നതോടനുബന്ധിച്ച് ടി തുക ചെലവാക്കുന്നതാണ്.

**വയനാട് ജില്ലയിൽ പുതിയ റേഷൻ കടകൾ**

294 (4587) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പുതിയ റേഷൻ കടകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) റേഷൻ കടകൾ അഴിമതിരഹിതമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) റേഷൻ കാർഡ് നാളിതുവരെ ലഭ്യമാകാത്തവർക്ക് പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് റേഷൻ കടഷകളുടെ പുനഃക്രമീകരണം നടന്നുവരുന്ന സാഹചര്യത്തിൽ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച്, റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് നടപ്പിലാക്കിയതിനുശേഷം പുതിയ റേഷൻകടകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

(ബി) പൊതുവിതരണ ശൃംഖലയിലെ  മറിച്ചുവില്പന, തിരിമറി എന്നിവ തടയുന്നതിന് നിരന്തര പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്ന വർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ റേഷൻ കടകളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം

നടത്തുന്നതിനായി ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചുവരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തരം തയ്യാറാക്കിവരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർചെയ്ത മൊബൈൽ നമ്പരിലേയ്ക്ക് എസ്.എം.എസ്. സന്ദേശം നൽകിവരുന്നുണ്ട്. കൂടാതെ പത്രപരസ്യവും നൽകിവരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request for proposal (RFP) തയ്യാറാക്കിവരുന്നു. കൂടാതെ സോഷ്യൽ ആഡിറ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനതല ഇൻസ്പെക്ഷൻ സ്ക്വാഡും റേഷൻ കടകളിൽ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് 15-2-2018 മുതൽ പുതിയ റേഷൻ കാർഡുകൾ ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ്, റേഷൻ കടകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷയോടൊപ്പം ഗൃഹനാഥയുടെ രണ്ട് കളർ പാസ്പോർട്ട് സൈസ് ഫോട്ടോ, റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സറണ്ടർ സർട്ടിഫിക്കറ്റ്/റിഡക്ഷൻ സർട്ടിഫിക്കറ്റ്/നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്വന്തമായി കാർഡില്ലെന്നോ അപേക്ഷകൻ ഏതെങ്കിലും കാർഡിൽപ്പെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന സ്ഥലം എം.പി., എം.എൽ.എ., ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ കാർഡുകൾ നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

### പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്ത റേഷൻ ഷോപ്പ് ലൈസൻസ്

295 (4588) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീട്ടെയിൽ റേഷൻ ഷോപ്പ് ലൈസൻസ് നൽകുന്നതിൽ പട്ടികജാതി വിഭാഗത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ ജനസംഖ്യയ്ക്ക് ആനുപാതികമായി എത്ര റീട്ടെയിൽ റേഷൻ ഷോപ്പുകൾ പട്ടികജാതി വിഭാഗത്തിനായി ലൈസൻസ് സംവരണം ചെയ്ത് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെ സംവരണം ഏർപ്പെടുത്തിയിട്ടുള്ള റേഷൻ ഷോപ്പുകൾക്ക് ഇനിയും ലൈസൻസ് നല്കുവാനുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെയുള്ള റേഷൻ ഷോപ്പിന്റെ ലൈസൻസ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നല്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിന് 8% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ ജനസംഖ്യയ്ക്ക് ആനുപാതികമായി 27 റീട്ടെയിൽ റേഷൻ ഷോപ്പുകൾ പട്ടികജാതി വിഭാഗത്തിനായി സംവരണംചെയ്ത് നൽകിയിട്ടുണ്ട്.

(സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് റേഷൻ കടകളുടെ പുനഃക്രമീകരണം, സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപനം, റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് എന്നിവ നടപ്പിലാക്കിയതിനുശേഷം പുതിയ റേഷൻ കടകളുടെ ലൈസൻസി നിയമനങ്ങൾ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതാണ്.

(ഡി) 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ 45, 2(എ) പ്രകാരം പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും റേഷൻ കടകളുടെ ലൈസൻസി നിയമനത്തിൽ സംവരണം അനുവദിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിന് 50,000 രൂപ സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടപ്പോൾ പ്രസ്തുത വിഭാഗങ്ങൾക്ക് 15,000 രൂപ ആക്കിയിട്ടുണ്ട്. നിലവിൽ സംവരണതത്വം പാലിച്ചുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമാണ് വിജ്ഞാപനം നടത്തുന്നത്.

**ഇ-പോസ് സംവിധാനം പൂർത്തീകരിച്ച ജില്ലകൾ**

296 (4589) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീൻ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ;

(ബി) ഏപ്രിൽ മുതൽ ഭക്ഷ്യ ധാന്യവിതരണം ഇ-പോസ് വഴിയാകുമ്പോൾ ഇനിയും ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടില്ലാത്ത കടകളിലെ റേഷൻ വിതരണം മുടങ്ങും എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇ-പോസ് സംവിധാനം ഏർപ്പടുത്തുമ്പോൾ ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ പേരുകൾ മാത്രം ഉൾപ്പെട്ട കാർഡുടമകൾക്ക് റേഷൻ വാങ്ങാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. കൊല്ലം ജില്ലയിലെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മാസത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടില്ലാത്ത കടകളിൽ മുൻപത്തെ രീതിയിൽ റേഷൻ വിതരണം നടക്കുന്നതാണ്. ഒരു കാരണവശാലും റേഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാകില്ല.

(സി) റേഷൻ കടയിൽ നേരിട്ടെത്തി റേഷൻ വാങ്ങാൻ കഴിയാത്തവർക്ക് വേണ്ടി പ്രോക്സി (അധികാരപ്പെടുത്തുന്ന ആൾ) സംവിധാനം കൊണ്ടുവരുന്നതാണ്. കാർഡുടമ നിയോഗിക്കുന്ന വ്യക്തിക്ക് ടിയാളുടെ ആധാർ ആതന്റിക്കേഷൻ വഴി റേഷൻ വാങ്ങാവുന്നതാണ്.

## സപ്ലൈകോ വലിയതുറ ജില്ലാ ഡിപ്പോയിലെ സ്റ്റോക്ക്

297 (4590) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ വലിയതുറയിലെ ജില്ലാ ഡിപ്പോ നോൺ മാവേലി ഗോഡൗണിൽ, ഗ്ലാക്സോ കമ്പനിയുടെ ഉല്പന്നങ്ങൾ വൻതോതിൽ തിരിമറി നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ സ്റ്റോക്ക് കുറവാണ് കണ്ടെത്തിയതെന്ന് അറിയിക്കാമോ;

(സി) സ്റ്റോക്ക് കൈകാര്യം ചെയ്യുന്നതിൽ ജാഗ്രത കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; ഡിപ്പോ മാനേജരുടെ വിശദീകരണം ലഭിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ വെളിവായ വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3,53,246.42 (മൂന്ന് ലക്ഷത്തി അമ്പത്തിമൂവായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിയാറ് രൂപ നാൽപ്പത്തി രണ്ട് പൈസ മാത്രം) രൂപയുടെ സ്റ്റോക്കിന്റെ കുറവാണ് പരിശോധനയിൽ കണ്ടെത്തിയത്.

(സി) ഉണ്ട്. ഡിപ്പോ മാനേജരുടെ വിശദീകരണം ലഭ്യമായിട്ടുണ്ട്.

(ഡി) ഉണ്ട്. സപ്ലൈകോ വിജിലൻസ് തിരുവനന്തപുരം ജില്ലാ ഡിപ്പോയിൽ പരിശോധന നടത്തുകയും 3,53,246.42 രൂപയുടെ Glaxo Smithkline ഉൽപ്പന്നങ്ങളുടെ കുറവ് കണ്ടെത്തുകയും ടി തുക ഗ്ലാക്സോ കമ്പനിയുടെ പേമെന്റിൽ കുറവ് വരുത്തി വിഷയം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**ഹോൾസെയിൽ റേഷൻ ഡീലർമാർ**

298 (4591) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റേഷൻകടകൾക്ക് അരി വിതരണം ചെയ്തിരുന്ന ഹോൾസെയിൽ കടകൾ ഇപ്പോൾ പ്രവർത്തനരഹിതമാണോ ; ഇവർ സർക്കാരിന് സെക്യൂരിറ്റിയായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ ; ബാങ്ക് സെക്യൂരിറ്റി നൽകിയിട്ടുണ്ടോ ; വിശദീകരിക്കുമോ ;

(ബി) ഇവരുടെ ബാങ്ക് സെക്യൂരിറ്റി തിരികെ ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദീകരിക്കുമോ ; ഏതെങ്കിലും ഹോൾസെയിൽ ഡീലറുടെ സെക്യൂരിറ്റി തിരികെ നൽകിയിട്ടുണ്ടോ ;

(സി) ഹോൾസെയിൽ റേഷൻ കടകളോടനുബന്ധിച്ച് ജോലി ചെയ്തിരുന്നവർക്ക് പുനരധിവാസ പാക്കേജ് നടപ്പിലാക്കുമോ ; വിശദീകരിക്കുമോ ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 3-10-2016-ലെ സ.ഉ (കൈ) നമ്പർ 15/16/ഭ.പൊ.വി.വ. പ്രകാരം മൊത്ത വിതരണ ചുമതല സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. സ്വകാര്യ മൊത്ത വിതരണക്കാർ സർക്കാരിന് സെക്യൂരിറ്റി തുകയും ബാങ്ക് സെക്യൂരിറ്റിയും നൽകിയിട്ടുണ്ട്.

(ബി) കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിലെ മൊത്തവിതരണക്കാർ സെക്യൂരിറ്റി തുക തിരികെ വാങ്ങുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. മറ്റുള്ളവരിൽ നിന്ന് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് സർക്കാരിലേക്ക് അടയ്ക്കുവാനുള്ള തുക ഉണ്ടെങ്കിൽ ആയത് കുറവ്ചെയ്ത് ബാക്കി തുക മടക്കിനൽകുന്നതാണ്.

(സി) സ്വകാര്യ മൊത്തവിതരണ ശാലകളിൽ ജോലി ചെയ്യുന്ന ചുമട്ട് തൊഴിലാളികളെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേക്ക് നിയതമായ തൊഴിൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**സപ്ലൈകോയിലെ ക്രമക്കേടുകൾ പരിശോധിക്കാൻ നടപടി**

299 (4592) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിലെ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിൽ മറിച്ചുവിൽക്കുന്നതായുള്ള ആക്ഷേപം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ ;

(ബി) സപ്ലൈകോ ഔട്ട് ലെറ്റ്, ഗോഡൗൺ എന്നിവിടങ്ങളിൽ സ്റ്റോക്കിലും വിതരണത്തിലുമുള്ള ക്രമക്കേട് പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) കാലാവധി കഴിഞ്ഞ സ്റ്റോക്ക് തിരിച്ചെടുത്ത് തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതു തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പൊതുമാർക്കറ്റിലുള്ള വിലയേക്കാൾ ഉയർന്നവില നിത്യോപയോഗ സാധനങ്ങൾക്ക് ഈടാക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം സർക്കാർ പരിശോധിക്കുന്നുണ്ടോ ; ഇതിനായി എന്ത് സംവിധാനങ്ങളാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സപ്ലൈകോയിലെ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ മറിച്ചുവിൽക്കുന്നത് തടയുവാൻ വിജിലൻസ് ഫ്ലയിംഗ് സ്ക്വാഡ് ഉദ്യോഗസ്ഥർ കർശനമായ പരിശോധനകൾ നടത്തിവരുന്നു.

(ബി) ജൂനിയർ മാനേജർമാരും (M&I) വിജിലൻസ് ഓഫീസറും ഫ്ലയിംഗ് സ്ക്വാഡ് ഓഫീസർമാരും ഡിപ്പോകളിലും ഗോഡൗണുകളിലും ഔട്ട്‌ലെറ്റുകളിലും കർശന പരിശോധനകൾ നടത്തിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലാവധി കഴിയുകയോ ഉപയോഗശൂന്യമാവുകയോ ചെയ്യുന്ന സാധനങ്ങൾ ഔട്ട്‌ലെറ്റുകളിൽ നിന്ന് GIS (Goods Issue Sheet ) നോടൊപ്പം ഡിപ്പോയിലേക്ക് തിരികെ നൽകുകയും ഇത് കൺസോളിഡേറ്റ് ചെയ്ത് കമ്പനിക്ക് ഡിപ്പോയിൽനിന്ന് പർച്ചേസ് റിട്ടേൺ ചെയ്യുകയും പർച്ചേസ് റിട്ടേൺ പ്രകാരമുള്ള തുക, അടുത്ത ബില്ലിൽ സപ്ലൈകോയ്ക്ക് കുറവ് ചെയ്തുലഭിക്കുകയും ചെയ്യുന്നു.

(ഡി) പൊതുവിപണി വിലയേക്കാൾ കുറവാണെന്ന് ഉറപ്പ് വരുത്തിയശേഷമാണ് സപ്ലൈകോ വില്പനശാലകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുന്നത്.

(ഇ) വിതരണത്തിനുമുൻപ് NABL ലാബുകളിൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രിറ്റേഷൻ ലബോറട്ടറി) സാധനങ്ങളുടെ പരിശോധന നടത്തുന്നതിനുപുറമേ, സപ്ലൈകോയുടെ ക്വാളിറ്റി വിഭാഗം സാധനങ്ങൾ കോന്നിയിലെ CFRD (Council for Food Research & Development) ലാബിൽ ഗുണനിലവാര പരിശോധന നടത്തി ഭക്ഷ്യയോഗ്യമാണോ എന്ന് ഉറപ്പ് വരുത്താറുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP (Hazard Analysis and Critical Control Point)/FSSAI (Food Safety Standard Authority of India)/AGMARK ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്.

## അവശ്യസാധനങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്താൻ സപ്ലൈകോ സ്വീകരിച്ച നടപടികൾ

300 (4593) ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. രാജേന്ദ്രൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സപ്ലൈകോയുടെ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(സി) അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോയുടെ കൂടുതൽ ചില്ലറ വില്പനശാലകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഉത്സവ സീസണുകളിൽ പ്രത്യേക വില്പനശാലകൾ കൂടുതൽ ആരംഭിക്കുന്നതിനും സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലൂടെ കൂടുതൽ ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50 % വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ എന്നിവയും പൊതുവിപണിയി ലേതിനേക്കാൾ വിലക്കുറവിൽ വില്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽനിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വില്പന നടത്തുകയും ചെയ്യുന്നുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നു.

(ബി) സബ്സിഡി സാധനങ്ങളുടെ വില്പന, പൊതുവിപണിയിലേതിനേക്കാൾ ഗണ്യമായ വിലക്കുറവിൽ ഫ്രീ സെയിൽ ഉൽപ്പന്നങ്ങൾ, 'ശബരി' ബ്രാൻഡ് ഉൽപ്പന്നങ്ങൾ, ഇതര ബ്രാൻഡ് കമ്പനികളുടെ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ എന്നിവയുടെ വില്പന, ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ചന്തകൾ പ്രവർത്തിപ്പിക്കുക, കുറഞ്ഞ വിലയിൽ മരുന്നുകൾ ലഭ്യമാക്കുന്ന മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിപ്പിക്കുക, പെട്രോളിയം ഉൽപ്പന്നങ്ങളുടെയും എൽ.പി.ജി.-യുടെയും വില്പന കേന്ദ്രങ്ങൾ നടത്തുക, ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക, കർഷകരിൽനിന്ന് നെല്ല് സംഭരിച്ച് സംസ്കരിച്ച് പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുക തുടങ്ങിവയവാണ് സപ്ലൈകോയുടെ പ്രധാന പ്രവർത്തനങ്ങൾ.

(സി) സപ്ലൈകോ വില്പനശാലകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകൾക്ക് മുൻഗണന നൽകി സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഉത്സവ സീസണുകളിൽ നിലവിലുള്ള വില്പനശാലകൾക്കുപുറമേ പ്രത്യേക ഉത്സവ ചന്തകൾ പ്രവർത്തിപ്പിക്കുന്ന രീതി വർഷങ്ങളായി തുടർന്നുവരുന്നു. ജീവൻ രക്ഷാ മരുന്നുകൾ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**കണ്ണൂർ കല്ല്യാശ്ശേരി ഏഴോം പഞ്ചായത്തിലെ**
**കൊട്ടിലയിൽ മാവേലിസ്റ്റോർ**

301 (4594) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം പഞ്ചായത്തിലെ കൊട്ടിലയിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് നല്കിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നാട്ടുകാരുടെ ആവശ്യം പരിഗണിച്ച് ഇവിടെ ഒരു മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഏഴോം ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലിസ്റ്റോറിനായി 500 ച. അടിയെങ്കിലും വിസ്തൃതിയുള്ള കെട്ടിടം കണ്ടെത്തി ലഭ്യമാക്കണമെന്ന് പഞ്ചായത്ത് അധികൃതരെ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അധികൃതരിൽനിന്നും മറുപടി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് പള്ളിക്കര പഞ്ചായത്തിൽ മാവേലിസ്റ്റോർ**

302 (4595) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര പഞ്ചായത്തിലെ മാവേലിസ്റ്റോർ എവിടെയാണ് പ്രവർത്തിക്കുന്നത്;

(ബി) ഈ പഞ്ചായത്തിന്റെ തീരദേശമേഖലയിൽ ഒരു മാവേലി സ്റ്റോർകൂടി അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(സി) വർഷങ്ങളായി ആവശ്യപ്പെടുന്ന ഈ വിഷയത്തിൽ എന്താണ് തടസ്സമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര പഞ്ചായത്തിൽ നിലവിൽ പെരിയാട്ടടുക്കം എന്ന സ്ഥലത്ത് മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) പള്ളിക്കര പഞ്ചായത്തിലെ രണ്ടാമത്തെ മാവേലിസ്റ്റോർ ആയതിനാൽ ആജീവാനന്ത വാടകരഹിത കെട്ടിട സൗകര്യവും കമ്പ്യൂട്ടർ, ഫർണിച്ചർ സൗകര്യം ഒരുക്കുന്നതിന് 1 ലക്ഷം രൂപയും പഞ്ചായത്ത് അനുവദിച്ച് നൽകുന്നമുറയ്ക്ക് സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ലഭ്യത കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നെല്ല് സംഭരണത്തിന് ചെലവായ തുക**

303 (*T4596) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല് സംഭരണത്തിന് 2014-15, 2015-16, 2016-17 വർഷങ്ങളിൽ എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) പ്രസ്തുത വർഷങ്ങളിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് 2014-15 സീസണിൽ 825.45 (എണ്ണൂറ്റി ഇരുപത്തിയഞ്ച് കോടി നാൽപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) കോടി രൂപയും 2015-16 സീസണിൽ 871.48 (എണ്ണൂറ്റി എഴുപത്തിയൊന്ന് കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപ മാത്രം) കോടി രൂപയും 2016-17 സീസണിൽ 1018.82 (ആയിരത്തിപതിനെട്ട് കോടി എൺപത്തിരണ്ട് ലക്ഷം രൂപ മാത്രം) കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത വർഷങ്ങളിൽ നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് കുടിശ്ശിക നൽകാനില്ല.

**നെല്ല് സംഭരണത്തിന് ചെലവഴിച്ച തുക**

304 (T 4597) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ നെല്ല് സംഭരണത്തിന് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ബി) കഴിഞ്ഞ വർഷങ്ങളിലെ നെല്ല് സംഭരണത്തിന് ചെലവിട്ട തുകയുടെ അടിസ്ഥാനത്തിൽ ബജറ്റ് തുക പര്യാപ്തമാണോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ നെല്ല് സംഭരണത്തിന് 525 കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) പര്യാപ്തമാണ്.

**കുട്ടനാട് മേഖലയിൽ സംഭരിച്ച നെല്ലിന് കുടിശ്ശിക**

305 (*T4598) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാട്-അപ്പർ കുട്ടനാട് മേഖലയിൽ സംഭരിച്ച നെല്ലിന് കർഷകർക്ക് എത്ര കോടി രൂപ കുടിശിക നൽകാനുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

കുട്ടനാട് -അപ്പർ കുട്ടനാട് മേഖല ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ 15-3-2018 വരെയുള്ള കണക്ക് പ്രകാരം 31.06 (മുപ്പത്തിയൊന്ന് കോടി ആറ് ലക്ഷം രൂപ മാത്രം) കോടി രൂപ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് വിതരണം ചെയ്യാനുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ പ്രവർത്തനങ്ങൾ**

306 (4599) പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. പി. കെ. ശശി :

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇത്തരം ഭക്ഷ്യ ഇനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻതക്ക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമായി ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ പ്രവർത്തിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് ഇതു സംബന്ധിച്ച് കൗൺസിൽ നടത്തിവരുന്നത്;

(സി) ഇതിന്റെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഫുഡ് ബിസിനസ്സ് മാനേജ്മെന്റ് സ്കൂൾ, ഔഷധ പരിശോധന ലബോറട്ടറി, ശീതീകരണ സംഭരണി, ഭക്ഷ്യ പാർക്ക് എന്നിവ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഭക്ഷ്യസംസ്കരണ-മൂല്യവർദ്ധന പ്രവർത്തനങ്ങൾക്കായി കൗൺസിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭക്ഷ്യോത്പന്നങ്ങൾക്ക് മൂല്യവർദ്ധനവ് ഉണ്ടാക്കുന്നതിനും ഗുണനിലവാരം പരിശോധിക്കുന്നതിനുമുള്ള ശാസ്ത്രീയവും നൂതനവുമായ ഭക്ഷ്യ സംസ്കരണ രീതികളെ പറ്റിയുള്ള ഗവേഷണമാണ് നടത്തിവരുന്നത്.

(സി) സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കോന്നിയിൽ ഫുഡ് ബിസിനസ്സ് മാനേജ്മെന്റ് സ്കൂൾ, ഔഷധ പരിശോധന ലാബ്, ഇലഞ്ഞിയിൽ ശീതസംഭരണി, പഴം, പച്ചക്കറി നിർജലീകരണശാല എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ഡി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കോന്നിയിൽ ട്രെയിനിംഗ് സെന്റർ, മിനി ഇൻക്യുബേഷൻ സെന്റർ എന്നിവ പ്രവർത്തിച്ചുവരുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനായുള്ള വാല്യൂ അഡിഷൻ സെന്ററിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

**സ്കൂൾ കുട്ടികൾക്ക് നാല് കിലോ അരി**

307 (4600) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മധ്യവേനലവധിക്ക് സ്കൂൾ കുട്ടികൾക്ക് നാല് കിലോ അരി വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവ് വരും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അരി വിതരണം എന്ന് മുതൽ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന മുഴുവൻ കുട്ടികൾക്കും 2017-18 അദ്ധ്യയന വർഷത്തിലെ മധ്യവേനലവധിക്കാലം ആരംഭിക്കുന്നതിന് മുൻപായി ഓരോ കുട്ടിക്കും 4 കി.ഗ്രാം അരി വീതം വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പദ്ധതിക്കാവശ്യമായ അരിയുടെ ട്രാൻസ്പോർട്ടേഷൻ ചെലവിനത്തിൽ രണ്ട് കോടി പതിനഞ്ച് ലക്ഷം രൂപ വേണ്ടി വരും. ടി തുക നടപ്പ് സാമ്പത്തിക വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫണ്ടിനുള്ളിൽനിന്ന് ചെലവഴിക്കുന്നതാണ്.

(സി) അരി വിതരണം ആരംഭിച്ചിട്ടുണ്ട്. വേനലവധിക്കായി സ്കൂളുകൾ അടയ്ക്കുന്നതിന് മുൻപ് വിതരണം പൂർത്തീകരിക്കുന്നതാണ്.

## തലശ്ശേരിയിൽ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

308 (4601) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തലശ്ശേരി നിയോജക മണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ആയതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

തലശ്ശേരി നിയോജക മണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ തലശ്ശേരി താലൂക്ക് സപ്ലൈ ഓഫീസും സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിലായി താഴെ പറയുന്ന സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു :

1. തലശ്ശേരി ഡിപ്പോ ഓഫീസ്.
2. തലശ്ശേരി ഹൈപ്പർ മാർക്കറ്റ്.
3. തലശ്ശേരി സൂപ്പർ മാർക്കറ്റ്.
4. തലശ്ശേരി മെഡിക്കൽ സ്റ്റോർ
5. തലായി എൻ.എഫ്.എസ്.എ. ഗോഡൗൺ
6. കതിരൂർ സൂപ്പർ മാർക്കറ്റ്
7. ചൊക്ലി മാവേലി സ്റ്റോർ
8. മനേക്കര മാവേലി സ്റ്റോർ
9. പെരിങ്ങാടി മാവേലി സ്റ്റോർ
10. പെരുന്താറ്റിൽ മാവേലി സ്റ്റോർ.

സിവിൽ സപ്ലൈസ് കോർപ്പറേഷനുകീഴിലായി പ്രവർത്തിച്ചുവരുന്ന സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, മാവേലിസ്റ്റോർ എന്നീ സ്ഥാപനങ്ങൾ വഴി സബ്സിഡി ഇനത്തിൽപ്പെട്ട 13 ഇനം സാധനങ്ങൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിവരുന്നു. മെഡിക്കൽ സ്റ്റോർ മുഖേന വിലക്കുറവിൽ മരുന്നുകൾ

വിൽപ്പന നടത്തിവരുന്നു. എൻ.എഫ്.എസ്.എ. ഗോഡൗൺ മുഖേന റേഷൻ ചില്ലറ വ്യാപാരികൾക്ക് വാതിൽപ്പടി വിതരണത്തിന്റെ ഭാഗമായി തലശ്ശേരി താലൂക്കിലെ 253 റേഷൻ കടകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങളും സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ച കഞ്ഞിക്കുള്ള അരി, അങ്കണവാടികൾക്കുള്ള ഡബ്ല്യൂ.ബി.എൻ.പി. അരിയും വിതരണം ചെയ്തുവരുന്നു.

**ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളുടെ പ്രവർത്തനം**

309 (4602) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ/ഫോറങ്ങളുടെ പ്രവർത്തനം മന്ദഗതിയിലാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിരവധി കേസുകൾ സംസ്ഥാന കമ്മീഷനിൽ തീർപ്പാക്കാൻ കഴിയുന്നില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉപഭോക്തൃ തർക്ക പരിഹാര പരാതികൾ അടിയന്തരമായി തീർപ്പു കൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രവർത്തനം മന്ദഗതിയിലല്ല.

(ബി) ഇല്ല.

(സി) സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ/ജില്ലാ ഫോറങ്ങൾ എന്നിവിടങ്ങളിലെ സിറ്റിംഗിനുപുറമേ ക്യാംപ് സിറ്റിംഗുകൾ നടത്തിയും പരമാവധി പരാതികൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

**ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന് നടപടി**

310 (4603) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ലീഗൽ മെട്രോളജി വകുപ്പിനുവേണ്ടി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ വകുപ്പിൽ ഐ.റ്റി.സെൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഐ.റ്റി. സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ലീഗൽ മെട്രോളജി വകുപ്പ് സേവനങ്ങൾ ജനസൗഹൃദമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യാപാര വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം മുദ്ര ചെയ്യുക, മുദ്ര ചെയ്യാതെ അളവു തൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുന്ന വ്യാപാരികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുക എന്നതാണ് ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രധാന കർത്തവ്യം. ഉപഭോക്താക്കൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭിക്കുന്നുണ്ടെന്നും പായ്ക്കറ്റുകളിൽ വിൽക്കുന്ന സാധനങ്ങളിൽ പരമാവധി വിലയേക്കാൾ കൂടുതൽ ഈടാക്കുന്നില്ല എന്നും ഉള്ളടക്കം ചെയ്ത ഉല്പന്നത്തെക്കുറിച്ചുള്ള വിവരങ്ങളും ഉല്പന്നത്തെക്കുറിച്ച് പരാതിപ്പെടാനുള്ള മേൽവിലാസവും മറ്റ് വിവരങ്ങളും പായ്ക്കറ്റിന് പുറത്ത് രേഖപ്പെടുത്തുന്നു എന്നും ഉറപ്പുവരുത്തുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് പരിശോധനകൾ നടത്തുന്നു. സ്വർണ്ണാഭരണങ്ങളുടെ പ്യൂരിറ്റി പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ഗ്രാമിന് 5 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. പെട്രോൾ/ഡീസൽ എന്നിവയും കൃത്യമായ അളവിൽ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് വകുപ്പ് ഉറപ്പുവരുത്തുന്നു. ആശുപത്രികളിലും ക്ലിനിക്കുകളിലും ഉപയോഗിക്കുന്ന അളവ് തൂക്ക ഉപകരണങ്ങൾ പരിശോധിക്കുന്നതിനും വകുപ്പിന് അധികാരമുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. 'സുതാര്യം' എന്ന പേരിൽ പരാതി പരിഹാരത്തിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ പൊതുജനങ്ങൾക്ക്, ലീഗൽ മെട്രോളജജി നിയമം ലംഘിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്കെതിരെ പരാതി നൽകുവാൻ സാധിക്കും. ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചും വകുപ്പിലെ ഫീസ് നിരക്കുകളെ കുറിച്ചും അറിയുവാനും ഉപഭോക്താക്കൾക്ക് വകുപ്പിലെ ആഫീസർമാരോട് നേരിട്ട് സംവദിക്കുന്നതിനും ഈ മൊബൈൽ ആപ്ലിക്കേഷനിലൂടെ സാധിക്കുന്നതാണ്.

(ഡി) ഐ.റ്റി. സെൽ രൂപീകരിച്ചിട്ടുണ്ട്.

(ഇ) വകുപ്പിന്റെ സേവനങ്ങൾ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. വകുപ്പിൽനിന്നും നൽകിവരുന്ന പായ്ക്കർ/ഇംപോർട്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, അളവ് തൂക്ക ഉപകരണങ്ങളുടെ നിർമ്മാണ, വിതരണ, റിപ്പയർ ലൈസൻസുകൾ എന്നിവ പൂർണ്ണമായും ഓൺലൈനിലൂടെ നൽകുന്ന ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS) എന്ന പോർട്ടൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾക്ക് സത്വര പരിഹാരം കാണുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ, ടോൾഫ്രീ നമ്പരോടുകൂടിയ കാൾ സെന്റർ, വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് മൊബൈൽ ലാബുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരാതികൾക്ക് സത്വര പരിഹാരം കാണുന്നതിനായി ജി.പി.എസ്. സംവിധാനം ഘടിപ്പിച്ച വാഹനങ്ങൾ കാൾസെന്ററുമായി ബന്ധപ്പെടുത്തിയുള്ള പരാതി പരിഹാര സംവിധാനവും ആരംഭിക്കുന്നതാണ്.

**മാവേലിസ്റ്റോറുകളിലെ ക്രമക്കേട്- ഉദ്യോഗസ്ഥർക്കെതിരെ നടപടി**

311 (4604) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിസ്റ്റോറുകളിലെ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചുവിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ ക്രമക്കേട് നടത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിസ്റ്റോറുകളിലെ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

( 4368, 4467,4476, 4524, 4565 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### അൺ-എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

മി. സ്പീക്കർ: സംസ്ഥാനത്തെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽ വരുത്തുന്നതിന്റെ പേരിൽ അൺ-എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടാനുള്ള തീരുമാനംമൂലം വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ പഠനവും അവിടെ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് തൊഴിലവസരവും നഷ്ടപ്പെടുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എൻ. എ. ഖാദർ, സണ്ണി ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ ഉൾപ്പെടെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള തീവ്രമായ ശ്രമത്തിലാണ് കേരളീയ സമൂഹം. കഴിഞ്ഞ വർഷം പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഒന്നര ലക്ഷത്തോളം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിൽ എത്തിയിട്ടുണ്ട്. കേരളത്തിലെ പൊതുവിദ്യാലയങ്ങൾ എന്നുപറയുന്നത് സർക്കാർ എയ്ഡഡ് സ്കൂളുകൾ ചേർന്നതാണ്. കേരളത്തിൽ പൊതുവിദ്യാലയങ്ങൾ ആരംഭിക്കുന്നതിനും വളർത്തുന്നതിനും ക്രിസ്ത്യൻ മിഷണറിമാരും മറ്റ് സാമുദായിക സംഘടനകളും വഹിച്ച മഹനീയ പങ്ക് കേരള ചരിത്രത്തിന്റെ ഭാഗമാണ്. അതിന്റെ തുടർച്ച എന്ന രീതിയിൽ സമൂഹപങ്കാളിത്തത്തോടെ കേരളത്തിലെ സർക്കാരുകൾ പൊതുവിദ്യാഭ്യാസ സംവിധാനങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെയെല്ലാം ആകെത്തുകയാണ് ഇന്ന് കേരളത്തിലുള്ള സുസംഘടിതമായ പൊതുവിദ്യാഭ്യാസ സംവിധാനം. നിലവിൽ ഒന്ന് മുതൽ പത്തുവരെയുള്ള ക്ലാസ്സുകൾക്കായി സർക്കാർ മേഖലയിൽ 4695 സ്കൂളുകളും എയ്ഡഡ് മേഖലയിൽ 7220 സ്കൂളുകളും അംഗീകൃത അൺ-എയ്ഡഡ് മേഖലയിൽ 1066 സ്കൂളുകളും ഉൾപ്പെടെ 12981 വിദ്യാലയങ്ങളാണുള്ളത്. ഇതിൽ അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകൾക്കുപുറമെ അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് വിദ്യാലയങ്ങളുമുണ്ട്. പ്രധാനപ്പെട്ട പ്രദേശങ്ങളിലെല്ലാം നടന്ന് സ്കൂളിലെത്താവുന്ന അവസ്ഥ ഇന്നുണ്ട്. ഇത് നമ്മുടെ വിദ്യാഭ്യാസരംഗത്തെ ഒന്നാംതലമുറയുടെ പ്രശ്നമായിരുന്നു. എല്ലാവർക്കും വിദ്യ നേടാവുന്ന രീതിയിൽ വിദ്യാഭ്യാസ മേഖലയെ സാർവ്വത്രികവൽക്കരിക്കുക എന്ന പ്രശ്നം കേരളം അഡ്രസ് ചെയ്തു. ആ ഒന്നാമത്തെ പ്രശ്നം ഇന്ന് സമൂഹം മൊത്തമായി അഡ്രസ് ചെയ്തിട്ടുണ്ട്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ

ആരംഭിച്ചതോടെയാണ് അനംഗീകൃത അൺ-എയ്ഡഡ് സ്ഥാപനങ്ങൾ വ്യാപകമാകുന്നത് എന്ന കാര്യം നമ്മൾ ഓർക്കേണ്ടതുണ്ട്. യാതൊരു അനുമതിയും വാങ്ങാതെയാണ് ഈ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് എന്ന പ്രശ്നം നിലവിലുണ്ട്. ചില സ്ഥാപനങ്ങൾ മിനിമം നിലവാരവും പുലർത്തുന്നില്ല. അദ്ധ്യാപകരുൾപ്പെടെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പാലിക്കുന്നില്ല എന്ന പരാതിയുമുണ്ട്. അംഗീകാരമില്ലാത്ത ഒരു വിദ്യാലയവും പ്രവർത്തിക്കാൻ പാടില്ലെന്ന് 2009-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസ അവകാശ നിയമവും ചട്ടങ്ങളും അനുശാസിക്കുന്നു. 2013 ഒക്ടോബർ മാസം സർക്കാർ ഉത്തരവിലൂടെ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നേടാനുള്ള അവസരം നൽകിയിരുന്നു. അതിൻപ്രകാരം 1194 സ്കൂളുകൾ അപേക്ഷ സമർപ്പിക്കുകയും 395 സ്കൂളുകൾക്ക് അംഗീകാരം നൽകുകയും ചെയ്തു. അന്ന് അംഗീകാരം ലഭിക്കാത്ത സ്കൂളുകൾ സർക്കാരിന് നിരവധി പരാതികൾ നൽകിയിട്ടുണ്ട്. ഈ പരാതികൾ സർക്കാർ ഗൗരവമായി പരിശോധിക്കും. അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് വിദ്യാലയങ്ങൾ പൂട്ടണമെന്ന് 16-3-2016-ൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ അനംഗീകൃത സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. പല സ്കൂളുകളും പ്രസ്തുത നോട്ടീസിന് മറുപടി നൽകിയിട്ടുണ്ട്. മറ്റ് പല സ്കൂളുകളും പരാതികളും നിവേദനങ്ങളും നൽകിയിട്ടുണ്ട്. ചില സ്കൂളുകൾ നോട്ടീസിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. ഇതാണ് ഇപ്പോഴത്തെ സ്ഥിതി. വന്ന പരാതികളും വിശദീകരണങ്ങളും കോടതിവിധികളുടെകൂടി പശ്ചാത്തലത്തിൽ വിലയിരുത്തിവരികയാണ്. സ്കൂളുകൾ നൽകിയിട്ടുള്ള വിശദീകരണം ഗൗരവമായി പരിശോധിക്കും. സർക്കാരിന് ഇക്കാര്യത്തിൽ തുറന്നമനസ്സാണുള്ളത്. എല്ലാ കാര്യങ്ങളും പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അൺ റെക്കഗ്നൈസ്ഡ് ആയ എയ്ഡഡ് അല്ലെങ്കിൽ അൺ-എയ്ഡഡ് സ്കൂളുകൾ തത്വദീക്ഷയില്ലാതെ പൂട്ടിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമുള്ളതുകൊണ്ടാണ് ഞാൻ ഈ വിഷയം അവതരിപ്പിച്ചത്. ആ സാഹചര്യം ഉണ്ടാക്കിയിട്ടുള്ള ചില പ്രതിഭാസങ്ങളും പ്രശ്നങ്ങളും വിദ്യാഭ്യാസ മേഖലയിൽ വലിയ സമ്മർദ്ദം രക്ഷിതാക്കൾക്കിടയിലും ലോക്കൽ സെൽഫ് ഗവൺമെന്റിലും നമ്മുടെ ഗവൺമെന്റിലുമൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ സഭ അത്തരമൊരു വിഷയത്തെക്കുറിച്ച് ശരിയായ രീതിയിൽ അഡ്രസ് ചെയ്യേണ്ടതും അതിന്റെ നാനാവിധ പ്രത്യാഘാതങ്ങളെക്കുറിച്ചും ഗുണദോഷങ്ങളെക്കുറിച്ചും ചർച്ച ചെയ്യേണ്ടതും ആവശ്യമാണ്. അതല്ലാതെ ഞാനൊരു നിലപാട് വിശദീകരിക്കുകയല്ല. ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കുക എന്നാൽ ഒരു പ്രത്യേക വിഷയം സഭ ചർച്ച ചെയ്യണമെന്നാണ്

ആവശ്യപ്പെടുന്നത്. സഭ ചർച്ച ചെയ്തതിനുശേഷം സഭയുടെ കൺസെൻസസ് അനുസരിച്ചുമാത്രമേ ഏത് കാര്യത്തിലും തീരുമാനം വരികയുള്ളൂ. ഈ വിഷയം ഇപ്പോൾ അവതരിപ്പിക്കാനുള്ള ഒരു കാരണം ഇത് മാർച്ച് മാസമാണ്, പരീക്ഷകൾ അവസാനിക്കുകയും സ്കൂളുകൾ അടച്ചുകൊണ്ടിരിക്കുകയുമാണ്, ഇപ്പോൾ പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് അതേ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇനി പഠിക്കാൻ കഴിയുമോ, അതിൽ എത്രയെണ്ണം അടച്ചുപൂട്ടും, എത്രയെണ്ണം പൂട്ടുകയില്ല എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്തതിന്റെ പ്രശ്നങ്ങളുണ്ട്. ഗൾഫ് രാഷ്ട്രങ്ങളിൽനിന്ന് ഏതാണ്ട് 40 ശതമാനം വിദ്യാർത്ഥികൾ അവിടത്തെ പഠനം അവസാനിപ്പിച്ച് നിവൃത്തിയില്ലാതെ ഇങ്ങോട്ട് വരുന്നുണ്ട്. അവരെയൊക്കെ ഉൾക്കൊള്ളേണ്ട പ്രശ്നവുമുണ്ട്. ഇതുസംബന്ധിച്ച് കേരളത്തിൽ പറഞ്ഞുകേൾക്കുന്ന കണക്കനുസരിച്ച് ഏകദേശം 5000 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെന്നും അതിൽ 15 ലക്ഷം കുട്ടികളും ഒന്നര ലക്ഷത്തോളം അദ്ധ്യാപകരും ഉണ്ടെന്നുമാണ് പറയപ്പെടുന്നത്. പഠന നിലവാരമുള്ള സ്കൂളുകളും മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങളുള്ള ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളുംകൂടി ഈ വിഭാഗത്തിലുൾപ്പെടുന്നതുകൊണ്ടാണ് ഇവിടെ അവതരിപ്പിച്ചത്. 2009-ൽ തിരുവനന്തപുരത്തെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് അൺറെക്കഗ്നൈസ്ഡ് സ്കൂളുകളെക്കുറിച്ച് നടത്തിയ ഒരു സർവ്വേ പ്രകാരം 2646 സ്കൂളുകൾ ഈ വിഭാഗത്തിൽപ്പെടുന്നുണ്ട്. അതിൽ സ്റ്റേറ്റ് സിലബസ് 1111 സ്കൂളുകളിലും സി.ബി.എസ്.ഇ. സിലബസ് 1208 സ്കൂളുകളിലും ഐ.സി.എസ്.ഇ. സിലബസ് 75 സ്കൂളുകളിലും അദർ സിലബസ് 172 സ്കൂളുകളിലുമുണ്ട്. ഇതിൽ 941 സ്കൂളുകളിൽ നല്ല ലബോറട്ടറി ഫെസിലിറ്റീസുണ്ട്. ലൈബ്രറികൾ 1599 സ്കൂളുകളിലും പ്ലേ ഗ്രൗണ്ട് 2126 സ്കൂളുകളിലും ഡ്രിങ്കിംഗ് വാട്ടർ ഫെസിലിറ്റി 2555 സ്കൂളുകളിലുമുണ്ട്. അൺറെക്കഗ്നൈസ്ഡ് സ്കൂളുകളിൽ ഇലക്ട്രിഫൈഡായത് 1961 സ്കൂളുകളിലാണ്. ഹോസ്റ്റൽ ഫെസിലിറ്റീസ് 129 സ്കൂളുകളിലും പി.ടി.എ. 2339 സ്കൂളുകളിലും പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി വാഹനം 1813 സ്കൂളുകൾക്കുണ്ട്. 2189 ഇംഗ്ലീഷ് മീഡിയം സ്കൂളുകളും 356 മലയാളം മീഡിയം സ്കൂളുകളും 6 കന്നട, തമിഴ് മീഡിയങ്ങളായ സ്കൂളുകളും മറ്റ് ഭാഷകൾ പഠിപ്പിക്കുന്ന 95 സ്കൂളുകളുമുണ്ട്. കുട്ടികളുടെ കൂട്ടത്തിൽ 163000 ആൺകുട്ടികളും 148000 പെൺകുട്ടികളുമാണുള്ളത്. ടീച്ചിംഗ് സ്റ്റാഫിന്റെ എണ്ണം ആകെ 22068 ആണ്. അതിൽ 2627 പുരുഷന്മാരും 19441 സ്ത്രീകളുമാണുള്ളത്. അതുപോലെ നോൺടീച്ചിംഗ് സ്റ്റാഫിൽ 6755 പേർ ഉള്ളതിൽ 2733 പേർ പുരുഷന്മാരും 4022 പേർ സ്ത്രീകളുമാണ്. അപ്പോൾ സ്ത്രീശാക്തീകരണം നോക്കിയാൽ ഏറ്റവും കൂടുതൽ വനിതകൾക്കാണ് ജോലി നഷ്ടപ്പെടാൻ ഇടയുള്ളത്. റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് ഇംപ്ലിമെന്റ് ചെയ്യേണ്ടെന്ന് ആരും പറഞ്ഞില്ല. അത് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ കാര്യമായ രീതിയിൽ പഠനം നടത്തി വളരെ ശ്രദ്ധയോടെ ഇംപ്ലിമെന്റ് ചെയ്തില്ലായെങ്കിൽ

തൊഴിൽ നഷ്ടപ്പെടുന്നവരിൽ മഹാഭൂരിപക്ഷവും സ്ത്രീകളും വിദ്യാസമ്പന്നരായ ചെറുപ്പക്കാരുമാണ്. കേരളത്തിന്റെ ഇന്നത്തെ പ്രത്യേകമായ സാമ്പത്തിക സ്ഥിതിയിൽ എഡ്യൂക്കേറ്റഡ് അൺ-എംപ്ലോയ്മെന്റ് കൂടിക്കൊണ്ടിരിക്കുന്ന ഒരു സമയമാണ്. പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തെക്കുറിച്ച് ആദരണീയനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. ആ ശാക്തീകരണ യജ്ഞത്തിന്റെ മിഷൻ ഓഫീസിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥരുടെ മക്കൾ അൺ റെക്കഗ്നൈസ്ഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നുണ്ട്. എസ്.സി.ഇ.ആർ.ടി. (The State Council of Education Research and Training)-യിൽ ഉള്ളവരും ഗവൺമെന്റ് ഉദ്യോഗസ്ഥരും ഗവൺമെന്റ് അദ്ധ്യാപകരും അവരുടെ കുട്ടികളെ അൺ-എയ്ഡഡ് സ്കൂളുകളിൽ കോച്ചിംഗ് കൊടുത്ത് എയ്ഡഡ് സ്കൂളിൽ ചേർക്കുന്നതായ സംഭവങ്ങൾ വരെയുണ്ട്. പഠിക്കുന്നത് ഒരു സ്കൂളിൽ, പേര് വേറൊരു സ്കൂളിൽ ഇങ്ങനെയൊക്കെയുണ്ട്. അടുത്തകാലത്ത് ഇവിടെ പാസ്സാക്കിയെടുത്ത ഒരു ആക്ട്, കരുണ മെഡിക്കൽ കോളേജിലും കണ്ണൂർ മെഡിക്കൽ കോളേജിലും വ്യവസ്ഥകൾ ലംഘിച്ച് അഡ്മിഷൻ കൊടുത്ത കുട്ടികളെ ആ കുട്ടികളുടേതല്ലാത്ത കുറ്റംകൊണ്ട് റാറ്റിഫൈ ചെയ്ത് ഒരു ആക്ട് ഉണ്ടാക്കി അവിടെത്തന്നെ പഠിപ്പിച്ചു. അങ്ങനെയുള്ള ഒരു സമീപനവും ഈയൊരു സമീപനവും തമ്മിൽ സാരമായ വ്യത്യാസമില്ലേ? ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രി യായിരുന്ന കാലത്ത് 2009 ആഗസ്റ്റ് 4-നാണ് റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് നിലവിൽ വന്നത്. ആ ആക്ട് 2010 ഏപ്രിൽ 1- ാം തീയതി മുതൽ നടപ്പിൽ വന്നു. പ്രസ്തുത ആക്ടിന്റെ 13, 14, 15, 18, 19 സെക്ഷനുകൾ ഇതുപോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതമായി എങ്ങനെ വിദ്യാഭ്യാസം നൽകാൻ കഴിയുമെന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നതിനാണ് ഈ പ്രമേയം കൊണ്ടുവന്നത്. ഇത് നമ്മുടെ ഭരണഘടനയിലെ ഡയറക്ടീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസിയിൽ പറഞ്ഞിട്ടുള്ള വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. 2005 മുതൽ അത് ഭാവനാസമ്പന്നമായ ഒരു പരിപാടിയായി ഗവൺമെന്റുകളുടെ മനസ്സിലുണ്ടായിരുന്നു. അതൊരു ആക്ടായി 2009 ആഗസ്റ്റിൽ വന്ന് 2010-ൽ നടപ്പിലായി. അതിൽ പറഞ്ഞിട്ടുള്ളത് ഒന്നു മുതൽ എട്ടാം ക്ലാസ്സുവരെ ആറ് മുതൽ പതിനാലുവരെ വയസ്സ് പ്രായമുള്ള കുട്ടികൾക്ക് നിർബന്ധിതമായി വിദ്യാഭ്യാസം കൊടുക്കുക എന്നതാണ്. ആ ആക്ടിലും അൺ-റെക്കഗ്നൈസ്ഡ് ആയ സ്കൂളുകൾ വേണ്ട എന്നല്ല പറഞ്ഞത്, സർട്ടിഫിക്കറ്റ് ഓഫ് റെക്കഗ്നിഷൻ വാങ്ങിയി രിക്കണം എന്നാണ്. അതിനർത്ഥം അങ്ങനെയുള്ള സ്കൂളുകൾ ഉണ്ട് എന്നാണ്. അവർ ഒരു നിശ്ചിത സമയത്തിനകം സർട്ടിഫിക്കറ്റ് ഓഫ് റെക്കഗ്നിഷൻ വാങ്ങി സ്കൂൾ നടത്തിക്കൊണ്ടുപോകണമെന്നാണ്. ഗവൺമെന്റ് സെക്ടറുകളിൽ എല്ലാ കാര്യങ്ങളും നടത്തിക്കൊണ്ടുപോകാൻ സാധ്യമല്ല. നമുക്ക് സ്വാശ്രയ കോളേജുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുമുണ്ട്. ഇപ്പോൾ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

വഴിയാണോ ആളുകൾക്ക് ഭക്ഷ്യവസ്തുക്കളും ആഹാരവുമൊക്കെ കൊടുക്കുന്നത്? ആശുപത്രിയിൽ ചികിത്സ കൊടുക്കുന്നത് ഗവൺമെന്റാണോ? വിദ്യാഭ്യാസ മേഖലയിൽ അതുകൊണ്ടാണ് എയ്ഡഡ് സ്കൂളുകളും അൺ-എയ്ഡഡ് സ്കൂളുകളുമൊക്കെ വന്നത്. ഇത് യാതൊരു തത്വദീക്ഷയുമില്ലാതെ, കർക്കശമായി നടപ്പിലാക്കാതെ, സാവകാശം കാര്യങ്ങൾ ആലോചിച്ചാണ് ചെയ്യേണ്ടത്. റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് പ്രകാരം കുട്ടികൾക്ക് പഠിക്കാനുള്ള അവകാശം ഇംപ്ലിമെന്റ് ചെയ്യുന്ന പണി അവരെക്കൊണ്ടു കൂടി ചെയ്യിപ്പിക്കുന്നതിൽ എന്താണ് കുഴപ്പം? വിദ്യാഭ്യാസരംഗത്ത് സമുദായങ്ങൾ നടത്തിയ സംഭാവനകളെക്കുറിച്ചൊക്കെ പറഞ്ഞു. ആ സംഭാവനകൾ വച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുമ്പോൾ ഒരു സുപ്രഭാതത്തിൽ നോട്ടീസ് കൊടുത്തും കൊടുക്കാതെയുമൊക്കെ സ്ഥാപനം പൂട്ടണം എന്നുപറയുന്നതിൽ അർത്ഥമില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻസ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ട എന്നുപറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം ഒന്ന് മുതൽ എട്ടുവരെ ഗവൺമെന്റ് സെക്ടറിൽ മാത്രം മതിയോ? മാത്രവുമല്ല, ഗവൺമെന്റിന്റെമേൽ എത്ര വലിയ ഭാരമാണ് വരാൻ പോകുന്നത്. ഈ വിദ്യാഭ്യസ സ്ഥാപനങ്ങളൊക്കെ ഒറ്റയടിക്ക് അടച്ചുപൂട്ടിയാൽ പുറത്താക്കപ്പെടുന്ന ലക്ഷക്കണക്കിന് കുട്ടികൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേരുന്നു. അവരെ പഠിപ്പിക്കാൻ ഇരുപത്തയ്യായിരം അദ്ധ്യാപകരെ നിയമിക്കണം; അതോടൊപ്പം അവർക്ക് ശമ്പളം കൊടുക്കേണ്ട ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കേണ്ടിവരും. എയ്ഡഡ് സ്കൂളായാലും ഗവൺമെന്റ് സ്കൂളായാലും ശമ്പളം കൊടുക്കുന്നത് ഗവൺമെന്റാണ്. ഇത്തരം വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ട്. ലബോറട്ടറി, പ്ലേ ഗ്രൗണ്ട്, ഡ്രിങ്കിംഗ് വാട്ടർ, ബസ് സർവ്വീസ് തുടങ്ങിയ ഫെസിലിറ്റികളെല്ലാമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. അപ്പോൾ ആർ.ടി.ഇ. ആക്ടിൽ പറഞ്ഞിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ച സ്ഥാപനങ്ങളെ നിലനിർത്താൻ ഗവൺമെന്റ് ശ്രമിച്ചിട്ട് 395 സ്കൂളുകളെ മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. ഇതുകൂടാതെ നേരത്തെ പറഞ്ഞ രണ്ടായിരത്തിലേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്, അവയോട് ശരിയായ സമീപനം സ്വീകരിക്കണ്ടേ? റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് പ്രകാരം കുട്ടികളെ അഡ്മിറ്റ് ചെയ്യുമ്പോൾ ടി. സി. പോലും നിർബന്ധമാക്കാൻ പാടില്ല, ഒരു സ്ക്രീനിംഗ് ടെസ്റ്റ് നടത്താൻ പാടില്ല, വേറൊരു പ്രൊസീഡ്യുവറും അഡോപ്റ്റ് ചെയ്യാൻ പാടില്ല. ഒന്നു മുതൽ എട്ടാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികളെ ഫിസിക്കലായോ മെന്റലായോ ഹരാസ് ചെയ്യാനോ തോൽപ്പിക്കാനോ പറഞ്ഞുവിടാനോ പാടില്ല എന്നാണ് ആക്ടിൽ ഇംപ്ലിമെന്റ് ചെയ്തിരിക്കുന്നത്. അതൊക്കെ നല്ല കാര്യമാണ്. കുട്ടികളുടെ പഠനത്തിനുവേണ്ടിയുള്ള അവകാശം പൂർത്തിയാക്കാൻ വേണ്ടിയാണ് നമ്മൾ ഇതെല്ലാം ചെയ്തിരിക്കുന്നത്. ലക്ഷോപലക്ഷം തൊഴിൽരഹിതരായ വിദ്യാർത്ഥികളും അദ്ധ്യാപകരും നമ്മുടെ രാജ്യത്തുണ്ട്. കോ-ഓപ്പറേറ്റീവ് സെക്ടർ, പാരലൽ കോളേജ്, തുടങ്ങി മറ്റുപല സെക്ടറുകളിലൂടെയുമുള്ള

വിദ്യാഭ്യാസവും ഉണ്ട്. ഈ പാരലൽ കോളേജുകൾ നൽകുന്ന ഫീസ് കൊണ്ടാണ് യൂണിവേഴ്സിറ്റി പ്രവർത്തിപ്പിക്കുന്നത്. പാരലൽ കോളേജിലെ കുട്ടികൾ ഒരു നിബന്ധനയുമില്ലാതെ വൻഫീസ് കൊടുത്തിട്ടാണ് പരീക്ഷയെഴുതാൻ അവസരമുണ്ടാക്കുന്നത്. കോ-ഓപ്പറേറ്റീവ് സെക്ടറുകളും എയ്ഡഡ്, അൺ-എയ്ഡഡ്, ഗവൺമെന്റ് സെക്ടറുകളുമുണ്ട്. ഇതെല്ലാം ഗവൺമെന്റ് ഏറ്റെടുക്കുന്നതിന് ഞാൻ എതിരല്ല. ഒരു കമ്മ്യൂണിസ്റ്റ് ഭരണം പോലെ പ്രൈവറ്റ് പ്രോപ്പർട്ടി വേണ്ട, പ്രൈവറ്റ് സ്കൂൾ വേണ്ട, പ്രൈവറ്റ് ആശുപത്രി വേണ്ട, കംപ്ലീറ്റ് പബ്ലിക് ആക്കിയാലും ഒരു വിരോധവുമില്ല. പക്ഷെ, അത് ഇന്നുനടക്കുന്ന കാര്യമല്ല. പബ്ലിക് ആക്കിയ സ്ഥലത്തെല്ലാം പ്രൈവറ്റാക്കി തിരിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ അനുയോജ്യമായ വ്യവസ്ഥകൾ പാലിച്ചിട്ടുള്ള എല്ലാ സൗകര്യങ്ങളുമുള്ള അൺ-റെക്കഗ്നൈസ്ഡായ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും നിലനിൽക്കാൻ അനുവദിക്കുകയും അതിന് അനുയോജ്യമായ രീതിയിൽ ഈ ആർ.ടി.ഇ. ആക്ടിന്റെ ഇംപ്ലിമെന്റേഷൻ സാവകാശമാക്കുകയും ആവശ്യമായ സമയം അനുവദിക്കുകയും ചെയ്തുകൊണ്ട് ഈ മേഖലയിൽ സേവനം ചെയ്യുന്നവരെക്കൂടി ബഹുമാനിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള സന്ദർഭം ഉണ്ടാകണം എന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ആവശ്യം ഉന്നയിക്കുമ്പോൾ സഭാ നടപടികൾ നിർത്തിവച്ച് എന്ന് പറയാൻ പാടില്ല, സഭയിൽ ഇന്ന് നിശ്ചയിക്കപ്പെട്ട നടപടികൾ മാറ്റിവച്ച് ഇത് ചർച്ച ചെയ്യണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. അതുപോലെ അടിയന്തരപ്രമേയം എന്നു പറഞ്ഞാൽ അത് അലമുറയിട്ട് നടത്തേണ്ട കാര്യമാണെന്ന് ചിലർക്ക് ഒരു ധാരണയുണ്ട്. അലമുറയില്ലാതെ മാന്യമായി അവതരിപ്പിച്ച് എല്ലാവരും ചർച്ച ചെയ്താൽ വിഷയത്തിന്റെ എല്ലാ വശങ്ങളും കേൾക്കാൻ കഴിയും. നമുക്ക് എല്ലാവർക്കുംകൂടി ഒരു അഭിപ്രായസമന്വയം ഉണ്ടാക്കാൻ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ബഹുമാനപ്പെട്ട അംഗം 5000 സ്കൂളുകളുടെ കണക്ക് പറഞ്ഞത് തെറ്റാണ്. സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് അംഗീകാരമില്ലെന്ന് കണ്ടെത്തിയ 1585 സ്കൂളുകൾക്കാണ് ആർ.ടി.ഇ. ആക്ട് അനുസരിച്ച് നോട്ടീസ് നൽകിയത്. ബാലാവകാശ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് നോട്ടീസ് കൊടുത്തതാണ്. നോട്ടീസിന് ചിലർ മറുപടിയും ചിലർ വിശദീകരണവും മറ്റുചിലർ പരാതിയായും തന്നിട്ടുണ്ട്. കഴിഞ്ഞ വർഷം 395 സ്കൂളുകൾക്ക് അംഗീകാരം കൊടുത്തുവെന്ന് അങ്ങ് സൂചിപ്പിച്ചു. പക്ഷെ, അപേക്ഷിച്ചവർക്ക് അംഗീകാരം കൊടുത്തില്ലെന്ന് പറഞ്ഞുള്ള പരാതി കിട്ടിയിട്ടുണ്ട്. അതെല്ലാം വളരെ ഗൗരവമായിത്തന്നെ പരിശോധിക്കും. ആർ.ടി.ഇ. ആക്ടും ബാലാവകാശ കമ്മീഷന്റെ നിർദ്ദേശവും അനുസരിച്ച് പ്രവർത്തിക്കാത്ത 1585 സ്കൂളുകൾക്ക് നോട്ടീസ് കൊടുത്തിരിക്കുകയാണ്. ആ നോട്ടീസിന് ചിലർ

മറുപടി നൽകി, ചിലർ കോടതിയിൽപ്പോയി സ്റ്റേ വാങ്ങി, അങ്ങനെ പലകാര്യങ്ങളുമുണ്ട്, അത് പരിശോധിക്കണം. അങ്ങ് പറഞ്ഞതും അതാണ്. നമ്മൾ നോട്ടീസ് കൊടുത്ത സ്കൂളുകൾ മറുപടി തന്നിരിക്കുന്നുവെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. ഇക്കാര്യത്തിൽ സർക്കാരിന് തുറന്ന മനസ്സാണെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇവിടെ എയ്ഡഡ് സ്കൂളുകളും അൺ-എയ്ഡഡ് സ്കൂളുകളുമുണ്ട്. ക്രിസ്ത്യൻ മിഷണറിമാരും മറ്റ് സാമുദായിക സംഘടനകളും വഹിച്ച മഹനീയ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെ വളർത്താൻ ആരെല്ലാം കോൺട്രിബ്യൂട്ട് ചെയ്തിട്ടുണ്ടോ അവരെല്ലാം കേരളത്തിന്റെ വികസനത്തിൽ നിസ്തുലമായ പങ്കുവഹിച്ചവർ തന്നെയാണ്. അതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് ഇപ്പോൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളെ ഒരുപോലെ കണ്ടുകൊണ്ട് നിരവധി കാര്യങ്ങൾ നടപ്പിലാക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് എയ്ഡഡ് സ്കൂളുകൾ എടുക്കുന്ന തുകയ്ക്ക് തത്തുല്യമായ തുക ചലഞ്ച് ഫണ്ട് എന്നു പറഞ്ഞ് സർക്കാർ കൊടുക്കുന്നത്. ഇത്തരം മാനേജ്മെന്റ് സ്ഥാപനങ്ങളെ എങ്ങനെയാണ് കാണുന്നത് എന്നുള്ളതിന്റെ സൂചനയാണിത്. 45000 ക്ലാസ്റൂമുകളെ ഹൈടെക്ക് ആക്കി മാറ്റാൻ 493.5 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അതിൽ ഏകദേശം 300 കോടിയിലധികം രൂപയും എയ്ഡഡ് സ്കൂളുകൾക്കാണ്. 45000 ക്ലാസ് മുറികൾ ഹൈടെക് ആയി മാറുന്നതിൽ ഏകദേശം 26000 ക്ലാസ് മുറികൾ എയ്ഡഡ് സ്കൂളുകളിലേതാണ്. ഇതിൽനിന്നും സർക്കാർ അവരെ എങ്ങനെയാണ് കാണുന്നതെന്ന് വ്യക്തമാണ്. നിലവിലുള്ള ആർ.ടി.ഇ. ആക്ടും ബാലാവകാശ കമ്മീഷൻ നിർദ്ദേശവുമനുസരിച്ച് ഇത്തരം സ്കൂളുകൾക്ക് നോട്ടീസ് കൊടുത്തത് എന്തിനാണെന്ന് നമ്മൾ അറിയണം. അവർ തിരിച്ച് മറുപടി തന്നിട്ടുണ്ട്. വന്ന പരാതികളും വിശദീകരണങ്ങളും കോടതി വിധികളുടെ പശ്ചാത്തലത്തിൽ വിലയിരുത്തിവരികയാണ്. സ്കൂളുകൾ അത് വിലയിരുത്തുമ്പോൾ മാത്രമേ നമുക്ക് പൂർണ്ണമായ ചിത്രം കിട്ടുകയുള്ളൂ. സർക്കാരിന് ഇക്കാര്യത്തിൽ തുറന്ന മനസ്സാണുള്ളത്. എല്ലാ കാര്യങ്ങളും പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

മറ്റൊന്ന്, അദ്ധ്യാപകർക്ക് നാമമാത്രമായ ശമ്പളം കൊടുക്കുന്ന പ്രശ്നവും അതുപോലെ കുട്ടികളിൽനിന്ന് കൂടുതൽ ഫീസ് വാങ്ങുന്ന പ്രശ്നവും അഡ്രസ് ചെയ്യണം. അനുവാദമില്ലാതെ സ്കൂൾ തുടങ്ങുന്നത് അംഗീകരിക്കാൻ പറ്റുമോ ഇല്ലയോ എന്നുള്ളത് പ്രധാന പ്രശ്നമാണ്. അത്തരത്തിൽ അൺ-റെക്കഗ്നൈസ്ഡായ അൺ-എയ്ഡഡ് സ്കൂളുകളിൽ നിരവധി പ്രശ്നങ്ങളുള്ളതുകൊണ്ട് അത് സ്ട്രീംലൈൻ ചെയ്യണം. കോടതിവിധിയുടെ പശ്ചാത്തലത്തിൽ തുറന്നമനസ്സോടെ കാര്യങ്ങൾ വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. അതിനുശേഷം കൃത്യമായ നിലപാടെടുക്കും. അതല്ലാതെ സർക്കാരിന് ഇക്കാര്യത്തിൽ പ്രത്യേക താല്പര്യമില്ല. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ആർ.ടി.ഇ. ആക്ട് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ, പ്രൈവറ്റ് സെക്ടറിൽ മാത്രമല്ല, ഗവൺമെന്റ് സെക്ടറിലും ഇത്തരം സൗകര്യങ്ങളൊന്നുമില്ല. 50 ശതമാനം സ്കൂളുകളിലും കളിസ്ഥലമോ ഡ്രിങ്കിംഗ് വാട്ടർ ഫെസിലിറ്റിയോ മൂത്രമൊഴിക്കാനുള്ള സ്ഥലമോ ഏക്കറേജോ ഒന്നുമില്ല. നമുക്ക് നടപ്പിലാക്കാൻ കഴിയാത്ത ഒരു കാര്യം മറ്റുള്ളവരുടെമേൽ നിർബന്ധിക്കുമ്പോൾ കുറച്ചൊരു സാവകാശം കൊടുക്കുന്നത് നല്ലതാണ്. അതുകൊണ്ട് ഗവൺമെന്റ് സെക്ടറിലും ആർ.ടി.ഇ. ആക്ട് ഇംപ്ലിമെന്റ് ചെയ്യുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം. സാവകാശം അതിവിടെ നടപ്പിലാക്കുന്നതിന് ആരും എതിരല്ല. പക്ഷെ അത് വിദ്യാഭ്യാസ രംഗത്തുണ്ടാക്കുന്ന വൻപ്രത്യാഘാതം വിസ്മരിക്കാൻ പാടില്ല.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് നടന്ന് സ്കൂളുകളിൽ പോകാവുന്ന തരത്തിൽ സ്കൂളുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. പക്ഷെ എന്റെ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള മലയോര മേഖലകളിൽ ഇന്നും ആറേഴ് കിലോമീറ്റർ ചുറ്റളവിൽ സർക്കാർ യു.പി./ഹൈസ്കൂൾ ഇല്ലാത്ത പ്രദേശങ്ങളുണ്ട്. ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് അത്തരം സ്ഥലങ്ങളിലെ പ്രൈവറ്റ് സ്കൂളുകൾക്ക് അംഗീകാരം കൊടുക്കാൻ സർക്കാർ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് ഇപ്പോൾ വരുത്തിയിരിക്കുന്ന പരിഷ്കാരം നൂറ് ശതമാനം ശരിയാണെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് ആര് ഉപദേശിച്ചാലും ഒരിഞ്ച് പുറകോട്ട് പോകാതെ മുന്നോട്ട് പോകണമെന്ന് ആവശ്യപ്പെടുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, എല്ലാ സർക്കാർ സ്കൂളുകളിലും ആർ.ടി.ഇ. ആക്ട് ബാധകമാക്കണമെന്ന ലക്ഷ്യംവച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടത്തുന്നത്. കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 1000 സ്കൂളുകളെ ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനുള്ള ലക്ഷ്യത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കാൻ വേണ്ടിയുള്ളതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും. അങ്ങനെ പരിഹരിച്ചുവരുമ്പോൾ ആർ.ടി.ഇ.ആക്ട് അനുസരിച്ചുള്ളവയാണെങ്കിൽ മറ്റ് മേഖലകളിലെയും പ്രശ്നങ്ങൾ പരിഹരിക്കണമെന്നതു തന്നെയാണ് നിലപാട്. അതിന്റെ തുടർകാര്യങ്ങൾ അവരുമായി ചർച്ചചെയ്യണം.

ഇവിടെ സൂചിപ്പിച്ചതുപോലെ, കുട്ടികൾക്ക് നടന്നെത്താവുന്ന സ്ഥലത്ത് സ്കൂളുകൾ ഉണ്ടെന്നത് കേരളത്തിന്റെ ഒരു ജനറൽ നേട്ടമാണ്. ചില പ്രദേശങ്ങൾ അതിന് അപവാദമായി ഉണ്ടായിരിക്കാം. അത് പരിശോധിക്കാൻ കേരളത്തിൽ ഒരു സർവ്വേ നടത്തണമെന്ന് കോടതി പറഞ്ഞിട്ടുണ്ട്. അങ്ങനെ ചില ഇഷ്യൂസ് നിലനിൽക്കുന്നു. അത്തരത്തിലുള്ള ഒരു മാപ്പിംഗ് നടന്നുകഴിയുമ്പോൾ എവിടെയെങ്കിലും ബാക്കിയുണ്ടെങ്കിൽ അവിടെ സർക്കാർതന്നെ സ്കൂൾ തുടങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഇക്കാര്യത്തിലെല്ലാം സർക്കാരിന് തുറന്നമനസ്സാണുള്ളത്.

<u>മി. സ്പീക്കർ</u>: ആശങ്കകൾക്ക് ഒട്ടും പ്രസക്തിയില്ലെന്നാണ് മന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാകുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, പൊതു വിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. അതുപോലെ എയ്ഡഡ് സ്കൂളുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നുള്ള കാര്യത്തിലും ഒരു സംശയവുമില്ല. നമ്മളെല്ലാവരും യോജിക്കുന്ന ഒരു കാര്യമാണത്. ബഹുമാനപ്പെട്ട മന്ത്രി അത് കാര്യമായി എടുത്തിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഇവിടെ ഒരു ആശങ്ക നിലവിലുണ്ട്. ആറായിരത്തോളം സ്കൂളുകൾ പൂട്ടാൻ പോകുന്നതായി പല പത്രങ്ങളിലും വാർത്തവന്നു. ആയിരത്തിഅഞ്ഞൂറോളം സ്കൂളുകൾക്കാണ് നോട്ടീസ് കൊടുത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇതിൽ ഭൂരിപക്ഷവും ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർ നടത്തുന്ന സ്കൂളുകളാണ്, അല്ലാത്തവയുമുണ്ട്. അതിൽ കൂടുതലും റിമോട്ട് ഏരിയയിലുള്ള സ്കൂളുകളാണ്. കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടത്തിന് സർക്കാർ സ്കൂളുകളുടെയും സർക്കാർ ഏജൻസികളുടെയും സഹായവും അതോടൊപ്പം മാനേജ്മെന്റുകളുടെ സഹായവുമുണ്ട്. പ്രശസ്തനിലയിൽ പ്രവർത്തിക്കുന്ന വിവിധ സ്വകാര്യ മാനേജ്മെന്റുകൾ ഈ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. ഇതെല്ലാം കൂടിച്ചേർന്നാണ് കേരളം 100 ശതമാനം സാക്ഷരത കൈവരിച്ചതും വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച പുരോഗതി ഉണ്ടാക്കിയതും. ഇവിടെ അൺ-എയ്ഡഡ് സ്കൂളുകൾ ധാരാളമായി പ്രവർത്തിക്കുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന റൈറ്റ് ടു എഡ്യൂക്കേഷൻ ബില്ലിന്റെ അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങളിൽ ചില ഇളവുകൾ വരുത്തേണ്ടത് കേരളീയ സാഹചര്യങ്ങളിൽ അനിവാര്യമാണ്. മെഡിക്കൽ കോളേജ് തുടങ്ങാൻ 25 ഏക്കർ സ്ഥലം വേണമെന്നതായിരുന്നു ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ തീരുമാനം. പക്ഷെ ഇന്നത്തെ ഭൂമിയുടെ ലഭ്യത കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റ് അത് റിലാക്സ് ചെയ്തുകൊണ്ട് നഗര പ്രദേശങ്ങളിൽ 10 ഏക്കറും അല്ലാത്ത സ്ഥലങ്ങളിൽ 15 ഏക്കറുമായി നിജപ്പെടുത്തിയിട്ടുണ്ട്. സ്കൂളിന് ഇപ്പോൾ 3 ഏക്കർ

സ്ഥലം വേണം. കേരളത്തിൽ എവിടെ സ്ഥലം കിട്ടും? റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ ഈ സ്കൂളുകൾ ആരംഭിക്കാനുള്ള നിബന്ധനകളിൽത്തന്നെ മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. കോളേജ് തുടങ്ങാൻ 15 ഏക്കർ ഭൂമി വേണ്ടിടത്ത് 5 ഏക്കർ മതിയെന്ന് നിയമത്തിൽ മാറ്റം വരുത്തിയതുപോലെ ഈ മേഖലയിലും മാറ്റം വരുത്തണം.

10.00 AM]

ഈ മാനദണ്ഡങ്ങളിൽ മാറ്റംവരുത്തി ഇവർക്ക് രണ്ട് വർഷംകൂടി അനുവദിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്. ഏതെങ്കിലും ഒരു പ്രത്യേക കേസ്സിന്റെ അടിസ്ഥാനത്തിലായിരിക്കും ബാലാവകാശ കമ്മീഷൻ ഈ നിഗമനങ്ങളിലെത്തിയത്. ഇവർക്ക് രണ്ടുവർഷംകൂടി സമയം കൊടുത്താൽ ഇത് പരിഹരിക്കാനും Right to Education നിയമമനുസരിച്ച് റെഗുലറൈസ് ചെയ്യാനുമുള്ള അവസ്ഥാവിശേഷമുണ്ടാക്കിയെടുക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. അതിന്റെ പ്രതിനിധികൾ ഞങ്ങളെ വന്നുകണ്ടപ്പോഴും അവരുടെ ആവശ്യമിതായിരുന്നു. ആയിരക്കണക്കിന് കുട്ടികളാണ് ഈ സ്കൂളുകളിൽ പഠിക്കുന്നത്. സംസ്ഥാന സർക്കാരിന് ഒരു പൈസപോലും ചെലവില്ലാതെയാണ് ഈ വിദ്യാലയങ്ങൾ നടത്തുന്നത്. അദ്ധ്യാപകർ അവിടെ പഠിപ്പിക്കുന്നുണ്ട്. എല്ലാ സ്കൂളുകളിലും അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ലെന്നുള്ള പരാതിയില്ല. ചിലയിടത്ത് ഉണ്ടായിരിക്കാം. വിദ്യാർത്ഥികളിൽ നിന്ന് അമിതമായ ഫീസ് പിരിക്കുന്നുണ്ടാകും. അതൊക്കെ നമുക്ക് റെഗുലേറ്റ് ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്. അതല്ലാതെ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ നിന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ മൊത്തം സ്കൂളുകളും അങ്ങനെയാണെന്ന് ജനറലൈസ് ചെയ്യുന്നത് ശരിയല്ല. നല്ല നിലയിൽ പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് സ്കൂളുകളുണ്ട്. പത്താം ക്ലാസാകുമ്പോൾ മറ്റേതെങ്കിലും സ്കൂളിൽ കൊണ്ടുപോയി കുട്ടികളെ പരീക്ഷയെഴുതിക്കും. കന്യാസ്ത്രീകൾ നടത്തുന്ന എനിക്കറിയാവുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്, ഒരു ലാഭേച്ഛയുമില്ലാതെ നല്ല നിലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. അതുപോലെ ധാരാളം മുസ്ലീം സ്ഥാപനങ്ങൾ ഇതുപോലെ നന്നായി പഠിപ്പിക്കുന്നുണ്ട്, നന്നായി പേ ചെയ്യുന്നുമുണ്ട്. എവിടെയെങ്കിലും ഒന്നോ രണ്ടോ സ്ഥാപനങ്ങളിലുണ്ടായ ചെറിയ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകളും ഇങ്ങനെയാണെന്ന് എടുക്കുന്നത് ശരിയായ നടപടിയല്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഒരു പ്രധാനപ്പെട്ട പ്രശ്നം ശ്രദ്ധയിൽ പെടുത്തുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി വഴങ്ങിയില്ല, ഞാൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. കാരണം, സഭയ്ക്കകത്ത് ഒരു കീഴ്‌വഴക്കമുണ്ട്. ആർക്കും വഴങ്ങിയില്ലെങ്കിൽ കുഴപ്പമില്ല. പക്ഷെ പലർക്കും അങ്ങ് വഴങ്ങിയല്ലോ. രണ്ട് വർഷത്തെ സാവകാശം നൽകണമെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു.

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് എല്ലാവർക്കും നോട്ടീസ് ഇഷ്യൂ ചെയ്യുവെന്നും ഒരു കുഴപ്പവുമില്ലെന്നുമാണ്. വളരെ ആശങ്കയോടെയുള്ള ഒരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ സ്കൂളുകളെല്ലാം പൂട്ടണം. നോട്ടീസ് കിട്ടിയിട്ടുള്ള വിദ്യാലയങ്ങളിൽ വളരെ അടുത്തറിയാവുന്ന; ഏറ്റവും നന്നായി പ്രവർത്തിക്കുന്ന നിലവാരമുള്ളതും കുട്ടികളുള്ളതുമായ സ്കൂളുകൾ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തും. തട്ടിപ്പ് സ്കൂളുകളുടെ കാര്യമല്ല ഞങ്ങൾ പറയുന്നത്. ആയിരക്കണക്കിന് കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്ന അങ്ങനെയുള്ള സ്കൂളുകളിൽ തുടർന്നുള്ള ക്ലാസുകളിൽ പഠിക്കാൻ കഴിയുമോയെന്നുള്ള വലിയ ആശങ്കയുണ്ടായിരിക്കുകയാണ്. ഇപ്പോൾ നോട്ടീസ് കൊടുത്ത പ്രകാരം ഈ സ്കൂളുകളെല്ലാം പൂട്ടിയേ മതിയാകൂ. പൂട്ടാതിരിക്കണമെങ്കിൽ ഗവൺമെന്റ് എക്സംപ്റ്റ് ചെയ്യുന്നതിനുള്ള സാഹചര്യമുണ്ടാകണം. അതിന് പറ്റുന്ന നിർദ്ദേശം കൊടുക്കണം. ഈ മാസങ്ങളിൽ പരാതി സ്വീകരിച്ചുകൊണ്ട് അവർക്ക് തുടരാനുള്ള അനുവാദം കൊടുത്തില്ലെങ്കിൽ ജൂൺ മാസം ക്ലാസ് തുടങ്ങാൻ പറ്റില്ല. ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഇവിടെയുണ്ട്. ഗവൺമെന്റ് ഇക്കാര്യങ്ങളിൽ രണ്ടുവർഷത്തെ സാവകാശമെന്നുപറഞ്ഞാൽ അതിൽ അപകടമുണ്ട്. അതുകൊണ്ട് ഈയൊരു കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു ഇടപെടൽ ആവശ്യമല്ലേ എന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അതുതന്നെയാണ് ഞാൻ സൂചിപ്പിച്ചത്. തന്റെ കുട്ടിയെ ഏത് വിദ്യാലയത്തിൽ വിടണമെന്നുള്ളത് ഒരു രക്ഷകർത്താവിന്റെ അധികാരമാണ്. നമ്മുടെ കുട്ടികൾക്ക് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ സമ്പത്ത് ക്വാളിറ്റി എഡ്യൂക്കേഷനാണ്. അത് എവിടെ കിട്ടുന്നോ അവിടെയേ കുട്ടികളെ അയയ്ക്കുകയുള്ളൂ. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് ഗവൺമെന്റ് സ്കൂളുകളിൽ വലിയ തിരക്കാണ്. കാരണം, ആ സ്കൂളുകളിൽ ഏറ്റവും നല്ല വിദ്യാഭ്യാസമാണ് നൽകുന്നത്. ക്വാളിറ്റി എഡ്യൂക്കേഷൻ എവിടെ കിട്ടുന്നോ അവിടെയേ നമ്മുടെ കുട്ടികളെ അയയ്ക്കുകയുള്ളൂ. ഹരിപ്പാട് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളും മാവേലിക്കര ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളും ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, നിലവിലുള്ള സ്കൂളുകളുടെ കാര്യം നിൽക്കട്ടെ. ഒരു അംഗീകാരവുമില്ലാതെ ആർക്ക് വേണമെങ്കിലും എപ്പോൾ വേണമെങ്കിലും കേരളത്തിൽ സ്കൂൾ തുടങ്ങാനുള്ള അവകാശത്തിനുവേണ്ടിയാണോ അങ്ങ് വാദിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അതല്ല ഞാൻ പറഞ്ഞത്. അതിന് ചില നിയന്ത്രണങ്ങൾ വേണം. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനാണ് Right to Education രാജ്യത്തൊട്ടാകെ കൊണ്ടുവന്നത്. പാർലമെന്റിൽ ശ്രീ. അർജ്ജുൻ

സിംഗാണ് ഈ നിയമം കൊണ്ടുവന്നത്. അന്ന് ഞാൻ പാർലമെന്റിലുണ്ടായിരുന്ന ആളാണ്. ഞങ്ങളൊക്കെ സ്വാഗതം ചെയ്തതാണ്. ഇവിടെ ഒരു സുപ്രഭാതത്തിൽ എല്ലാ സ്കൂളുകൾക്കും നോട്ടീസ് കൊടുക്കുന്നു. അവസരം കൊടുത്തിരുന്നുവെന്ന് അങ്ങ് പറഞ്ഞു. മുന്നൂറ്റിഅമ്പത്തിയെട്ടോളം സ്കൂളുകൾക്ക് അംഗീകാരം കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഇക്കാര്യത്തിൽ തുറന്നമനസ്സോടെ സമീപിക്കണമെന്നാണ്. അതിൽ ഞാൻ സാറ്റിസ്ഫൈഡാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ ഒരു ചോദ്യത്തിന് 1-7-2015-ന് ബഹുമാനപ്പെട്ട പി. കെ. അബ്ദു റബ്ബ് നിയമസഭയിൽ പറഞ്ഞ മറുപടിയിൽ ഇക്കാര്യം പരാമർശിക്കുന്നുണ്ട്. ആ മറുപടിയുടെ അവസാനം പറയുന്നത്, അംഗീകാരത്തിന് അർഹമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടപ്പെടും എന്നാണ്. അപ്പോൾ യു.ഡി.എഫ്.-ന്റെ കാലത്ത് തന്നെ ഈ അംഗീകാരത്തിന് അർഹതയുണ്ടോ ഇല്ലയോ എന്നുള്ള ഒരു പ്രശ്നം സ്കൂളുകളുടെ കാര്യത്തിൽ ഉയർന്നുവന്നിട്ടുണ്ട്. ആ ഭാഗം എപ്പോഴും പരിശോധിക്കപ്പെടേണ്ട ഒരു കാര്യമാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ശരിയാണ്. ഞാൻ നിയമസഭയിൽ പറഞ്ഞത് പൂട്ടേണ്ടി വരുമെന്നാണ്, പൂട്ടാൻവേണ്ടി ഉത്തരവ് ഇറക്കിയിട്ടില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞ സാവകാശം കൊടുത്തതും കഴിഞ്ഞ ഗവൺമെന്റാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ഏതൊരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയ്ക്കും അങ്ങനെയേ പറയാൻ കഴിയുകയുള്ളൂ. കാരണം Right to Education നിയമം പാർലമെന്റ് പാസ്സാക്കിക്കഴിഞ്ഞാൽ ആ നിയമം രാജ്യത്തൊട്ടാകെ നിലവിൽവരും.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2013 നവംബർ 1, ശ്രേഷ്ഠഭാഷാ ദിനത്തിൽ മലാപ്പറമ്പ് എയ്ഡഡ് സ്കൂൾ അടച്ചുപൂട്ടാൻ ഉത്തരവ് കൊടുത്തത് അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരിക്കുമ്പോഴാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നത് നമ്മളെല്ലാവരും പൊതുവായി അംഗീകരിച്ച ഒരു കാര്യമാണ്. അതിൽ നമ്മൾ ഉറച്ചുനിൽക്കുന്നുണ്ടെങ്കിൽ അങ്ങ് നേരത്തെ പറഞ്ഞപോലെ ഈ മാനദണ്ഡങ്ങളിൽ ഇളവ് കൊടുക്കുകയല്ലേ വേണ്ടത്? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് തുറന്നസമീപനമാണ്, ഉടനെ അടച്ചുപൂട്ടാൻ പോകുന്നില്ല. പക്ഷെ ഒരു മാനദണ്ഡം വേണ്ടേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതിൽ കാര്യങ്ങൾ വളരെ ലളിതമാണ്. ശ്രീ. പി. കെ. അബ്ദു റബ്ബ്, ശ്രീ. കെ. സുരേഷ് കുറുപ്പിന് കൊടുത്ത മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അങ്ങനെയേ ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയ്ക്ക്

പറയാൻ കഴിയൂ. കാരണം Right to Education നിയമം പാർലമെന്റ് പാസ്സാക്കിയിരിക്കുകയാണ്. ഇത് Law of the land ആണ്. കേരളത്തിൽ ഒറ്റയടിയ്ക്ക് ഇത്രയും സ്ഥാപനങ്ങൾ പൂട്ടിയാൽ വിദ്യാർത്ഥികൾക്കും ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫിനും പ്രശ്നമുണ്ടാകും. ഈയൊരു പ്രശ്നം നമ്മൾ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ചില ചർച്ചകൾ ഭരണഘടനയ്ക്ക് വിരുദ്ധമായി നടക്കുന്നത് ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഭരണഘടനയിൽ പറഞ്ഞ മൗലികാവകാശങ്ങളിൽ ഒന്ന്, free, compulsory and universal education upto the age of 14 എന്നാണ്. എവിടെയാണ് സൗജന്യ വിദ്യാഭ്യാസമുള്ളത്? രണ്ട്, അമിതമായി ഫീസ് വാങ്ങുന്നു. മൂന്ന്, അൺ-എയ്ഡഡ് സ്കൂളിനെപ്പറ്റിയല്ലെന്ന് ഇവിടെ പറഞ്ഞു കഴിഞ്ഞു, അൺ-റെക്കഗ്നൈസ്ഡ് സ്കൂളാണ്, അവർ അംഗീകാരം വാങ്ങിയിട്ടില്ല. ഇതിനുവേണ്ടി വാദിക്കുന്നത് free, universal and compulsory education എന്ന ഭരണഘടനാവ്യവസ്ഥയ്ക്ക് അനുകൂലമാണോ? ചർച്ചയെപ്പറ്റി അങ്ങ് റൂളിംഗ് നൽകണം. ആവശ്യമുള്ളത് ചർച്ച ചെയ്യണം. ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ ഇത് അംഗീകരിക്കാൻ കഴിയില്ല. ഭരണഘടനാപരമായ അവകാശം മാറ്റിവച്ച് വിദ്യാഭ്യാസ കച്ചവടക്കാർക്കുവേണ്ടി വാദിക്കരുത്. നല്ല സ്കൂൾ നടത്താൻ നിങ്ങൾ പറഞ്ഞോളൂ. ഈ ചർച്ചയിൽ ഒരു റെഗുലേഷൻ വേണമെന്ന് ഞാൻ ഉന്നയിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, Free and quality education provide ചെയ്യേണ്ടത് സംസ്ഥാനത്തിന്റെ ചുമതലയാണ്. It is a violation of the Constitution എന്നുപറയുന്നത് ശരിയാണ്. It is the duty of the State. സംസ്ഥാനം ചെയ്യാതിരിക്കുമ്പോഴാണ് മറ്റുള്ളവർ ചെയ്യുന്നത്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് സ്കൂളോ എയ്ഡഡ് സ്കൂളോ ഇല്ലെങ്കിൽ അൺ എയ്ഡഡ് സ്കൂളിലും സി.ബി.എസ്.ഇ. സ്കൂളിലുമാണ് ആ കുട്ടിയുടെ പ്രായത്തിനനുസരിച്ച് പോകേണ്ടതെങ്കിൽ അവിടെയുള്ള പാവപ്പെട്ട കുട്ടികൾക്കുള്ള ഫീസ് ഗവൺമെന്റ് കൊടുക്കണമെന്ന് Right to Education Act-ൽ തന്നെ പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അദ്ധ്യാപകർക്കും നോൺ ടീച്ചിംഗ് സ്റ്റാഫിനും വിദ്യാർത്ഥികൾക്കും ആശങ്കകളുണ്ട്. ഇക്കാര്യത്തിൽ അങ്ങ് തുറന്ന സമീപനം സ്വീകരിച്ചുവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒറ്റയടിയ്ക്ക് ഇത്രയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടാതെ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. ചിലർ സുപ്രീംകോടതിയിലും ഹൈക്കോടതിയിലും പോയിട്ടുണ്ട്. ചിലർക്ക് സ്റ്റേ കിട്ടിയിട്ടുണ്ട്. ചില സ്കൂൾ മാനേജ്മെന്റുകൾ ഗവൺമെന്റിൽത്തന്നെ പരാതി

കൊടുത്തിട്ടുണ്ട്. ഈ പരാതികൾ പരിശോധിച്ചശേഷം ഒരു തുറന്ന സമീപനത്തോടുകൂടി ഈ പ്രശ്നത്തെ സമീപിക്കുകയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും നോൺ ടീച്ചിംഗ് സ്റ്റാഫ് അടക്കമുള്ളവരുടെയും ആശങ്ക മാറ്റണമെന്നുമാണ് എനിക്ക് പറയാനുള്ളത്. സർക്കാരിൽനിന്നും ഒരു പൈസ കൊടുക്കുന്നുമില്ല. ഇതിന്റെ അർത്ഥം നാട്ടിൽ എല്ലായിടത്തും അൺ റെക്കഗ്നൈസ്ഡ് സ്കൂളുകൾ തുടങ്ങണമെന്നുള്ളതല്ല. വർഷങ്ങളായി നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം കൊടുക്കേണ്ടത് ഗവൺമെന്റാണ്. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരം കൊടുക്കുകയും ഈ പ്രശ്നത്തിന് പരിഹാരം കാണുകയും വേണം.

പുതിയ സ്കൂളുകൾക്ക് എൻ.ഒ.സി. കൊടുക്കുന്നില്ല. ഈ ഗവൺമെന്റ് വന്നതിനു ശേഷം സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് ഇതുവരെ എൻ.ഒ.സി. കൊടുത്തിട്ടില്ല. അതുകൊണ്ട് പല വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സി.ബി.എസ്.ഇ.-യുടെ അഫിലിയേഷനോ ഐ.സി.എസ്.ഇ.-യുടെ അഫിലിയേഷനോ അപേക്ഷിക്കാൻ കഴിയുന്നില്ല. അക്കാര്യംകൂടി ഗവൺമെന്റ് പരിശോധിക്കണം. ക്വാളിറ്റി എഡ്യൂക്കേഷന് സർക്കാർ മുൻതൂക്കം കൊടുക്കണം. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താൻ നമുക്ക് ഒരുമിച്ച് മുന്നോട്ട് പോകാം. ഏതായാലും മന്ത്രി തുറന്നസമീപനത്തോടുകൂടി ഈ പ്രശ്നത്തെ കാണാമെന്ന് പറഞ്ഞതിന്റെ പേരിൽ ഞങ്ങൾ വാക്കൗട്ടിന് മുതിരുന്നില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>മി. സ്പീക്കർ</u>: പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സർക്കാരും ഈ സഭയിലെ എല്ലാ ജനപ്രതിനിധികളും ആരോഗ്യകരമായ മത്സരത്തിലൂടെ ശക്തിപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരമൊരു നിലപാട് പ്രതിപക്ഷം സ്വീകരിച്ചത് അഭിനന്ദനാർഹമായ ഒരു കാര്യമായി കാണുകയാണ്. ഇവിടെ ഉന്നയിക്കപ്പെട്ട ആശങ്കകൾ മന്ത്രി പരിശോധിക്കുമെന്ന് സഭയിൽ ഉറപ്പ് നൽകുകയും ചെയ്തിരിക്കുകയാണ്.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസിന് സൗജന്യ ചികിത്സ

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗബാധിതർക്ക് അടിയന്തര സ്ഥിരചികിത്സ ലഭ്യമാക്കുന്നതിനും സർക്കാർ ഹോസ്പിറ്റലുകളിൽ സൗജന്യചികിത്സ ഉറപ്പുവരുത്തുന്നതിനും നടപടി ഉണ്ടാകണമെന്ന വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ജീവിതത്തിൽ ഒരു വ്യക്തി സ്വന്തം കരിയർ രൂപപ്പെടുത്തിയെടുക്കുന്ന 15 മുതൽ 30 വയസ്സുവരെയുള്ള കാലഘട്ടത്തിലാണ് ഈ അസുഖം പ്രധാനമായും ബാധിക്കുന്നത്. സ്ഥിരമായ വൈകല്യത്തിലേയ്ക്ക് നയിക്കുന്നതും അതികഠിനമായ വേദനയുളവാക്കുന്നതുമായ

ഗുരുതരമായ ഒരു രോഗമാണിത്. നട്ടെല്ലിനേയും ഇടുപ്പെല്ലിനേയും ബാധിക്കുന്ന സന്ധിവീക്കമാണ് ഈ രോഗം. നട്ടെല്ല് ഉറച്ചുപോകാനും ചലനശേഷി ഇല്ലാതാകാനും കാരണമാകുന്ന ഈ രോഗം സ്ഥിരവൈകല്യത്തിലേയ്ക്ക് നയിക്കുന്നു. നട്ടെല്ല് എസ് (S) പോലെ വളഞ്ഞ് പോകുന്നു. നട്ടെല്ലിലും സന്ധികളിലും കഴുത്തിലും അനുഭവപ്പെടുന്ന അസഹ്യമായ വേദനയാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. പുരുഷന്മാരെയാണ് ഈ രോഗം പ്രധാനമായും പിടികൂടുന്നത്. ഇടുപ്പും നട്ടെല്ലും ചേരുന്ന ഭാഗത്താണ് നീർക്കെട്ടുണ്ടാകുന്നത്. കഴുത്ത്, നട്ടെല്ലിന് താഴ്ഭാഗം, നിതംബം എന്നിവിടങ്ങളിലെ സന്ധികളിലും വാരിയെല്ലിനും നട്ടെല്ലിനും ഇടയിലെ സന്ധികൾ എന്നിവിടങ്ങളിൽ നീർവീക്കമുണ്ടാകുന്നു. രാവിലെ എഴുന്നേൽക്കുമ്പോൾ ശക്തമായ നടുവേദനയാണ് രോഗത്തിന്റെ ലക്ഷണം. നട്ടെല്ല് ഉറച്ചതുപോലെയാകുന്നതിനാൽ നടുവളയാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ഈ രോഗം ബാധിച്ചവർക്ക് കണ്ണിൽ വേദന, പുകച്ചിൽ, ചുവന്നനിറം തുടങ്ങിയവയൊക്കെ ഉണ്ടാകുന്നുണ്ട്. രോഗം മൂർച്ഛിക്കുമ്പോൾ ചിലർക്ക് നെഞ്ചിന്റെ വികാസം തടസ്സപ്പെടുകയും ശ്വാസതടസ്സമുണ്ടാകാനും സാധ്യതയുണ്ട്. അപൂർവ്വമായി ഹൃദയ വാൽവുകളെയും ഇത് ബാധിക്കുന്നുണ്ട്. ചിലപ്പോൾ മഹാ ധമനിയിൽ നീർക്കെട്ടിന് ഇടയാകാറുണ്ട്. നടുവേദനയായി തുടങ്ങുന്ന ഈ രോഗം നട്ടെല്ലിന്റെ കശേരുക്കളിൽ നാശമുണ്ടാക്കി കശേരുക്കളുടെ അറ്റത്ത് എല്ലുപോലെയുള്ള വസ്തുക്കൾ ക്രമാതീതമായി വളരുകയാണ്. ക്രമേണ രണ്ട് കശേരുക്കളെ ബന്ധിപ്പിക്കുന്ന തരത്തിലെത്തിയാൽ നട്ടെല്ല് ഉറച്ച് ചലനശേഷിയില്ലാതാകുകയാണ്. ക്രമേണ ശരീരം മുന്നോട്ട് വളഞ്ഞുപോകുന്ന ഒരു രോഗമാണിത്. നാടിന്റെ സമസ്ത തലങ്ങളിലും ഊർജ്ജസ്വലമായി ഇടപെടാൻ കഴിയുന്ന നമ്മുടെ യുവത്വം ഈ രോഗംമൂലം നിഷ്ക്രിയമാകുന്ന അവസ്ഥയിലാണ്.

എന്റെ മണ്ഡലത്തിലെ പാവറട്ടി സ്വദേശി സൈജു എന്ന ചെറുപ്പക്കാരന്റെ അവസ്ഥ ആരുടെയും മനസ്സിനെ വേദനിപ്പിക്കുന്നതാണ്. സുന്ദരനായ ചെറുപ്പക്കാരൻ എം.ബി.എ.-യ്ക്ക് പഠിക്കുമ്പോഴാണ് രോഗം പിടികൂടിയത്. ഒന്നരവർഷം ഒരേ കിടപ്പ്. 2007-ൽ നട്ടെല്ലിന്റെ വളവ് 40 ശതമാനമായിരുന്നു. 2015-ൽ അത് 60 ശതമാനമായി. ഇപ്പോൾ 75 ശതമാനമായി മാറിയ ഇന്നത്തെ അവസ്ഥ കാണുമ്പോൾ വളരെ ദയനീയമാണ്. പാവപ്പെട്ട കുടുംബത്തിന്റെ ആശ്രയമായ ചെറുപ്പക്കാരൻ എസ് (S) ആകൃതിയിൽ വളഞ്ഞുകൊണ്ടിരിക്കുമ്പോഴും നിശ്ചയദാർഢ്യംകൊണ്ട് ജീവിതം താങ്ങിനിർത്തുകയാണ് ആ ചെറുപ്പക്കാരനെന്ന് കാണാം. ഈ രോഗം പിടിപെട്ട 5 ലക്ഷം ചെറുപ്പക്കാരുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. രോഗം കണ്ടെത്താൻ സംവിധാനങ്ങളുണ്ടെങ്കിലും ചികിത്സ സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്നില്ല. നശിച്ചുപോയ കോശങ്ങൾ പുനർനിർമ്മിക്കാനും കഴിയില്ല. ചികിത്സ അടിയന്തരമായി നടത്തണം. എന്നാൽ ഇന്ത്യയിൽ ഈ മരുന്നിന്റെ ഉല്പാദനം നടക്കുന്നില്ലെന്നാണ് കാണുന്നത്. ഇറക്കുമതി ചെയ്യുന്ന ഒരു ലക്ഷം രൂപ വില വരുന്ന Infliximab മരുന്ന്

മൂന്ന് മാസം കൂടുമ്പോൾ കുത്തിവയ്ക്കേണ്ട അവസ്ഥയാണ്. സാധാരണക്കാർക്ക് ഈ ചികിത്സ നടത്താൻ കഴിയാത്തതുമൂലം അനുദിനം രോഗബാധിതർ വൈകല്യത്തിലേയ്ക്ക് നീങ്ങുകയാണ്. ഇത്തരമൊരു രോഗം ഞാൻ നേരത്തെ സൂചിപ്പിച്ച ചെറുപ്പക്കാരന് പിടിപെട്ടില്ലായിരുന്നുവെങ്കിൽ അദ്ദേഹം ഒരു മഹാപ്രതിഭ ആകുമായിരുന്നു എന്നാണ് തോന്നുന്നത്. 2016-ൽ Smt. Irina Jacobi എന്ന ജർമ്മൻകാരി നായികയായി കഥകളി നടന്മാരുടെ ജീവിതത്തെ ആസ്പദമാക്കി സംവിധാനം ചെയ്ത 'കഥകളി' എന്ന ഫിലിം പന്ത്രണ്ടോളം അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചതും അതുപോലെ ഡൽഹിയിലെ ദാദാസാഹിബ് ഫാൽക്കെ മത്സരത്തിൽ സ്പെഷ്യൽ ജൂറി അവാർഡ് നേടിയ പന്ത്രണ്ടോളം ഷോർട്ട് ഫിലിം അടക്കമുള്ള കാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടതുമായ ചെറുപ്പക്കാരനാണ് അദ്ദേഹം. കർമ്മനിരതരാകേണ്ട നമ്മുടെ യുവത്വത്തെ സ്ഥിരമായ വൈകല്യത്തിലേയ്ക്ക് തള്ളിവിടുന്ന ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കണം. സർക്കാർ അടിയന്തര നടപടികൾ എടുക്കേണ്ട ഈ വിഷയം സഭയുടെ സത്വരശ്രദ്ധ പതിയുന്നതിനുവേണ്ടി അവതരിപ്പിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസ് എന്നത് ചെറുപ്പക്കാരിൽ കണ്ടുവരുന്ന ഒരു വാതരോഗമാണ്. കഴുത്തിനും സന്ധികൾക്കുമുണ്ടാകുന്ന വേദന, എഴുന്നേൽക്കുമ്പോൾ ശരീരത്തിനുണ്ടാകുന്ന ആയാസക്കുറവ് എന്നിവയാണ് ഈ രോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ. രോഗം മൂർച്ഛിക്കുമ്പോൾ മണിക്കൂറുകൾ മുതൽ ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന വേദന കണ്ണിനും കഴുത്തിനുമുണ്ടാകുന്നു. ശരീരത്തിലെ എല്ലാ സന്ധികളെയും പ്രധാനമായി നട്ടെല്ലിലെയും കഴുത്തിലെയും സന്ധികളെയാണ് ഇത് കാര്യമായി ബാധിക്കുന്നത്. നട്ടെല്ലിലെ കശേരുക്കൾക്കിടയിലെ സന്ധികൾ ഉറച്ചുപോകുകയും ശരീരം സ്റ്റിഫ് ആകുകയും നട്ടെല്ല് വളയ്ക്കാൻ ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യുന്നു. ഇതുമൂലം ശ്വാസോച്ഛ്വാസത്തിന് ബുദ്ധിമുട്ട് നേരിടുന്നു. രോഗം ഇടുപ്പെല്ലിനെ സാരമായി ബാധിക്കുന്നതുകൊണ്ട് രോഗിക്ക് ഇടുപ്പെല്ല് മാറ്റിവയ്ക്കേണ്ട ശസ്ത്രക്രിയയ്ക്ക് വിധേയനാകേണ്ടി വരുന്നു.

ഈ അസുഖം സ്ത്രീകളെക്കാളും കൂടുതലായി പുരുഷന്മാരിലാണ് സാധാരണയായി കണ്ടുവരുന്നത്. ഈ രോഗത്തിനുള്ള കൃത്യമായ ചികിത്സ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. ഈ രോഗം യുവാക്കളിലാണ് പ്രത്യേകിച്ച് 15-45 വയസ്സിനിടയിലുള്ളവരിലും മദ്ധ്യവയസ്കരിലുമാണ് കണ്ടുവരുന്നത്. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ഈ അസുഖം താരതമ്യേന കുറച്ച് ആളുകളിൽ മാത്രമേ കണ്ടുവരുന്നുള്ളൂ. ചൈനയിൽ ഒരു ലക്ഷത്തിൽ 25 പേർക്കും അമേരിക്കയിൽ ഒരു ലക്ഷത്തിൽ 15 മുതൽ 20 വരെ ആളുകൾക്കും ഇന്ത്യയിൽ ഒരു ലക്ഷത്തിൽ 7 പേർക്കുമാണ് ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ അടുത്തകാലത്തായി ലോകത്തിലാകെതന്നെ ഈ

രോഗം വർദ്ധിക്കുന്നതായി കണ്ടുവരുന്നുണ്ട്. ഏറ്റവും നല്ല ചികിത്സ നൽകിയാൽത്തന്നെ ഈ രോഗം ഏതാണ്ട് 15 മുതൽ 20 വർഷം വരെ തുടർന്നുകൊണ്ടേയിരിക്കും. ഇത് ഒരുതരം Rheumatoid Arthritis-ന്റെ വകഭേദമായിട്ടാണ് ശാസ്ത്രലോകം കരുതിയിട്ടുള്ളത്. വേദനയുടെ കാഠിന്യം കുറയ്ക്കുന്ന മരുന്നുകൾ നൽകുകയാണ് ഇപ്പോഴുള്ള ചികിത്സാവിധി. ആന്റി റ്റി.എൻ.എഫ്. വിഭാഗത്തിൽപ്പെട്ട മരുന്നുകളാണ് നൽകുന്നത്. വിലയേറിയ ഈ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലെന്നുള്ള കാര്യം നമുക്കെല്ലാം അറിയാം. അപൂർവ്വമായിട്ടാണ് ഇത്തരം മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നത്. സംസ്ഥാനത്തെ 22 പി.എം.ആർ. യൂണിറ്റുകളിൽ ഇവർക്കുവേണ്ട ഫിസിയോതെറാപ്പി ചികിത്സ ലഭ്യമാണ്. പി.എം.ആർ.-ൽ സ്പെഷ്യലൈസ് ചെയ്യുന്ന ഫിസിയാട്രിസ്റ്റിന്റെ നിർദ്ദേശപ്രകാരമുള്ള സേവനങ്ങളും ലഭ്യമാണ്. വേദന സംഹാരത്തിനുള്ള പലതരം ചികിത്സാ രീതികളും ഇപ്പോൾ ലഭ്യമാണ്. പ്രത്യേക തരത്തിലുള്ള ഫിസിയോ തെറാപ്പി, അൾട്രാസൗണ്ട് തെറാപ്പി, പാസീവ് മൂവ്മെന്റ് തെറാപ്പി എന്നിവ ഈ യൂണിറ്റുകളിൽനിന്നും നൽകുന്നുണ്ട്. Assistive Devices തുടങ്ങിയ ചില ഉപകരണങ്ങളും കൊടുക്കുന്നുണ്ട്. സെർവിക്കൽ കോളർ, സ്പൈനൽ കോർസെറ്റ് എന്നിവയും ലിംബ് ഫിറ്റിംഗ് സെന്ററുകളിൽനിന്ന് കൊടുക്കുന്നുണ്ട്.

അപൂർവ്വ ഗണത്തിൽപ്പെടുന്ന ധാരാളം അസുഖങ്ങളാണ് സമൂഹത്തിൽ കണ്ടുവരുന്നത്. ഇതിനെയെല്ലാം സമ്പൂർണ്ണമായി പരിഹരിക്കേണ്ട മരുന്ന് ഇന്നത്തെ ശാസ്ത്രലോകം കണ്ടുപിടിച്ചിട്ടില്ല എന്നുള്ളതാണ് പ്രത്യേകത. ഭാരിച്ച ചികിത്സാ ചെലവുകളാണ് ഈ അപൂർവ്വ രോഗങ്ങൾക്ക് വരുന്നത്.

സർക്കാർ ആശുപത്രികളിൽ പൊതുവെ Essential Drug list-ൽ ഉൾപ്പെട്ട മരുന്നുകളും കാരുണ്യ ഫാർമസിയിലൂടെ ജീവൻരക്ഷാ മരുന്നുകളുമാണ് ഇപ്പോൾ സൗജന്യമായി നൽകിവരുന്നത്. അപൂർവ്വ ചികിത്സയ്ക്കാവശ്യമായ വിലകൂടിയ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാനുള്ള ബുദ്ധിമുട്ടുണ്ട്. എങ്കിലും സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസ് എന്ന ഗുരുതര രോഗം ബാധിച്ചവർക്ക് സൗജന്യ ചികിത്സയും അതിനാവശ്യമായ മരുന്നുകളും നൽകുന്നുണ്ട്. ആവശ്യമുള്ളവർക്ക് ഇടുപ്പെല്ല് മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയകളും ഫിസിയോ തെറാപ്പി ചികിത്സയും സൗജന്യമായി നൽകിവരുന്നുണ്ട്.

ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ആ രോഗിയുടെ കാര്യങ്ങൾ കാണിച്ച് ഒരപേക്ഷ തന്നാൽ സർക്കാരിന്റെ പരിധിയിലൊതുങ്ങിയ എല്ലാ സഹായവും നൽകുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, ഈ രോഗബാധിതരെ സംബന്ധിച്ച് കൃത്യമായ വിവരമില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ രോഗികളുടെ വിവരം ശേഖരിച്ച് ഒരു സർവ്വേ നടത്തി അവർക്ക് പൂർണ്ണമായും സൗജന്യചികിത്സ കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എത്ര രോഗികളുണ്ടെന്നതിനെ സംബന്ധിച്ച് പരിശോധിക്കുകയും ഞാൻ നേരത്തെ പറഞ്ഞ രീതിയിലുള്ള ചികിത്സ അവർക്ക് ലഭ്യമാക്കാനുള്ള സഹായം സർക്കാർ മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് ചെയ്യുന്നതുമാണ്.

## (2) കാർഡമം ഹിൽ റിസർവ് ഭൂമി

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവ് ഏരിയയിൽ ഭൂമി പതിച്ച് ലഭിച്ചിട്ടുള്ള കർഷകർ നേരിടുന്ന വിവിധ പ്രശ്നങ്ങളാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 1857-ൽ രാജഭരണ കാലത്ത് 15720 ഏക്കർ സ്ഥലം ഏലമലക്കാടായി റിസർവ് ചെയ്തിട്ടുണ്ട്. ഉടുമ്പൻചോല, പീരുമേട്, ദേവികുളം താലൂക്കുകളിലെ കൃഷിക്കാരുടെ കൈവശം ലക്ഷക്കണക്കിന് ഏക്കർ സ്ഥലമാണുള്ളത്. ഏകദേശം ഒരു ലക്ഷത്തിലധികം ഏക്കർ സ്ഥലത്ത് ഏലകൃഷി നടന്നുവരുന്നു. 15720 ഏക്കർ സി.എച്ച്.ആർ. അളന്നു തിരിച്ചുമാറ്റിയാൽ ഇന്ന് നമ്മൾ നേരിടുന്ന വലിയൊരു പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കും. അതിനാവശ്യമായിട്ടുള്ള നടപടിയുണ്ടാകണം. കേരള വൃക്ഷ സംരക്ഷണ നിയമം 1986-സെക്ഷൻ 5-ന്റെ നോട്ടിഫിക്കേഷനിൽനിന്നും ഈ പ്രദേശം ഒഴിവാകുമ്പോൾ അവിടെ നട്ടുപിടിപ്പിച്ച മരങ്ങളുടെ ഉടമസ്ഥാവകാശം കർഷകർക്ക് ലഭിക്കുന്നതിനുള്ള സാധ്യതയുണ്ടാകും. ഈ പ്രദേശങ്ങൾ സി.എച്ച്.ആർ. എന്നറിയപ്പെടുന്നതുകൊണ്ട് സെക്ഷൻ 5-ന്റെ ലിമിറ്റിൽ വരികയും കർഷകരുടെ അവകാശസ്വാതന്ത്ര്യം ഇല്ലാതെയാകുകയും ചെയ്യുന്നു. കർഷകർക്ക് കൃഷി ചെയ്യുന്നതിനോ മരങ്ങൾവച്ച് പിടിപ്പിക്കുന്നതിനോ മരങ്ങൾ മുറിച്ചെടുക്കുന്നതിനോ ഉള്ള അവകാശ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. 'One Earth One life' എന്ന ഒരു പാരിസ്ഥിതിക സംഘടന 15,720 ഏക്കർ സ്ഥലം എന്നുള്ളത് 215720 ഏക്കർ എന്ന് തെറ്റായി ക്വാട്ട് ചെയ്ത് സി.എച്ച്.ആർ. വനമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിച്ചിരിക്കുകയാണ്. I.A. 305-ാം നമ്പർ കേസായി ഇത് സുപ്രീംകോടതിയിൽ നിലനില്ക്കുകയാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റ് പിന്നീട് സുപ്രീംകോടതിയിൽ 15720 എന്നു കാണിച്ചുകൊണ്ട് പഴയ രേഖകൾ ഹാജരാക്കി നടപടി സ്വീകരിക്കാനായി അഫിഡവിറ്റ് കൊടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ മേഖലയെ സംരക്ഷിക്കാനാവശ്യമായ നിയമനടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ഹൈക്കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ നിന്ന് നിയമാനുസൃതമായി അനുമതി വാങ്ങി നൽകിയിട്ടുള്ള കെട്ടിടങ്ങളൊക്കെ പൊളിച്ചുമാറ്റുന്നു. 1964 റൂൾ അനുസരിച്ച് കൊടുത്തിട്ടുള്ള പട്ടയങ്ങളിൽ ഇന്ന് നിയമാനുസൃതമായി റവന്യൂ വകുപ്പിന്റെയോ വില്ലേജിന്റെയോ തഹസിൽദാരുടെയോ അനുമതിയോടുകൂടിയും പഞ്ചായത്തിന്റെ ബിൽഡിംഗ് പെർമിറ്റോടുകൂടിയും പണിതിട്ടുള്ള

കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിൽ വന്നിരിക്കുന്ന വിഷയം ഞാൻ നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതിനാവശ്യമായ നടപടി കൈക്കൊള്ളേണ്ടതായിട്ടുണ്ട്. ഭൂരിഭാഗം ചെറുപട്ടണങ്ങളും വ്യാപാര സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരാധനാലയങ്ങളും മറ്റും സ്ഥിതിചെയ്യുന്നത് ഈ ഭൂമിയിലാണ്. ഇവിടെ ഉപയുക്തമായ രീതിയിൽ ഇത്തരം സ്ഥാപനങ്ങൾ നില നിർത്തുന്നതിനാവശ്യമായ നടപടിയാണ് വേണ്ടത്. ഹൈക്കോടതിയുടെ വിധി നടപ്പിലാക്കിയാൽ 1964 പ്രകാരം പതിച്ച് കൊടുത്ത ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾ നിയമവിരുദ്ധവും നീക്കപ്പെടേണ്ടതുമായി വരും. ഇക്കാര്യം പരിഹരിക്കണം. ഇത് ഇടുക്കിയെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നമല്ല, കേരളത്തിലെ എല്ലാ സിറ്റികളും കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം അടക്കമുള്ള പ്രദേശങ്ങളിൽ 1964 റൂൾ പ്രകാരം പതിച്ചുകൊടുത്തിട്ടുള്ള ഭൂമിയിൽ നിൽക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാകുന്നു എന്നുള്ളതുകൊണ്ട് അതിനാവശ്യമായ ഭേദഗതി 1964 റൂളിൽ കൊണ്ടുവരാൻ ഗവൺമെന്റ് അടിയന്തരമായി ശ്രദ്ധിക്കണം.

അടുത്തത്, 1993 റൂൾ പ്രകാരം പതിച്ചുകൊടുത്ത സ്ഥലങ്ങൾക്ക് മലയോര പട്ടയം ലഭ്യമാക്കുന്നത് സംബന്ധിച്ചാണ്. 1-1-1977-നുശേഷം നട്ടുപിടിപ്പിച്ച മരങ്ങൾക്ക് അതിന്റെ ഉടമസ്ഥാവകാശം കർഷകന് ലഭിക്കണം. അത് തീർച്ചയായും അവർക്ക് അവകാശപ്പെട്ടതാണ്. 1-1-1977-ന് മുൻപ് കൈവശമുള്ള ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങളുടെ ഉടമസ്ഥാവകാശം അവർക്ക് ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നു മാത്രമല്ല അത് കൊടുക്കേണ്ടതാണ്, അക്കാര്യത്തിൽ ഗവൺമെന്റ് തീർച്ചയായും അടിയന്തര ശ്രദ്ധപതിപ്പിക്കണം.

പ്ലാന്റേഷന്റെ ഇഷ്യു വന്ന സമയത്ത് പ്ലാന്റേഷനുമായി ബന്ധപ്പെട്ടുള്ള ഭൂമികളിൽ ഒരു വ്യക്തിക്ക് ആവശ്യമായ 5 ശതമാനം സ്ഥലം കൊടുക്കുന്നു. അങ്ങനെയുള്ള കൈവശഭൂമിയിൽ 5 ശതമാനത്തിൽ കവിയാത്ത സ്ഥലം പൂകൃഷിക്കായും വാനിലകൃഷിക്കായും ഔഷധസസ്യങ്ങൾ നട്ടുവളർത്തുന്നതിനും മറ്റേതെങ്കിലും കാർഷകവിളകളോ അല്ലെങ്കിൽ ക്വാർട്ടറുകളോ റിസോർട്ടോ മറ്റ് ടൂറിസം പ്രോജക്ടോ സ്ഥാപിക്കുന്നതിന് വിട്ടുകൊടുക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുകൊണ്ട് തോട്ടങ്ങൾക്ക് അനുമതി കൊടുത്തിരിക്കുന്നതുപോലെ അവിടത്തെ വികസന പ്രവർത്തനങ്ങൾക്കും നാടിന്റെ പുരോഗതിക്കും ഭൂപതിവ് ചട്ടപ്രകാരം ലഭിച്ചിട്ടുള്ള എല്ലാ പട്ടയങ്ങൾക്കും ഒരു നിശ്ചിത ശതമാനം ഭൂമി കാർഷികേതര ആവശ്യങ്ങൾക്കുവേണ്ടി ഉപകരിക്കത്തക്ക വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്നാണ് മറ്റൊരു പ്രധാനപ്പെട്ടകാര്യം.

മി. സ്പീക്കർ: പ്ലീസ്....... കൺക്ലൂഡ് ... ശ്രീ. റോഷി അഗസ്റ്റിൻ, ..... കാളിംഗ് അറ്റൻഷന് സമയം നിശ്ചയിച്ചിട്ടുണ്ട്. പ്ലീസ്....... കൺക്ലൂഡ് .......... പ്ലീസ്.... പ്ലീസ്....

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഏലം കൃഷിക്കാർക്ക് കൊടുത്തിരിക്കുന്ന ഭൂമിയുടെ റവന്യൂ റെക്കോർഡ് കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റാണ്. അത് കൈവശമുണ്ടെങ്കിൽ മാത്രമേ ഏലം കൃഷിക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. അതോടൊപ്പം ഏലം വിൽക്കാൻ കൊണ്ടുപോകുമ്പോഴുള്ള പരിശോധനകളിൽ കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും വേണം. വർഷംതോറും അത് പുതുക്കുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്. ഇപ്പോൾ അത് നിർത്തിയിരിക്കുന്നു. ഈ അവസ്ഥയിൽ ഏലം കൃഷിക്ക് രജിസ്ട്രേഷൻ സ്ഥിരമായി നൽകുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കണം. വന്യമൃഗങ്ങളെ നിയന്ത്രിക്കാൻ ആവശ്യമായ നടപടിയില്ല. അതിരൂക്ഷമായ പ്രശ്നങ്ങളാണ് ആ മേഖല നേരിടുന്നത്. കാസർഗോഡ് ജില്ലയിലെ ബഡാൽ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ ഭർത്താവ് ജോസിനെ റബ്ബർപാൽ എടുക്കാൻ പോകുന്നവഴി കാട്ടുപന്നി കുത്തി കൊലപ്പെടുത്തുകയുണ്ടായി. ആയതിനാൽ കർഷകരെ സംരക്ഷിക്കാനുള്ള നിയമനിർമ്മാണങ്ങൾ കൊണ്ടുവരുന്നതിന് ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ):</u> സർ, ബഹുമാനപ്പെട്ട അംഗം റോഷി അഗസ്റ്റിൻ പരാമർശിച്ച വിഷയത്തിന്മേൽ സി.എച്ച്.ആർ. ഏരിയയിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയിട്ടുള്ള ഭൂമി 1986-ലെ കേരള വൃക്ഷസംരക്ഷണ നിയമം വകുപ്പ് 5-ൽ നിന്ന് ഒഴിവാക്കുന്ന കാര്യം വനം, റവന്യൂ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ 6-2-2018-ൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21-1-2010-ലെ ഇടക്കാലവിധി പ്രകാരം മൂന്നാർ പ്രദേശത്ത് കെട്ടിടനിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻപ്രകാരം എൻ.ഒ.സി. വിഷയത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷൻ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വന്തമായി താമസിക്കുന്നതിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എൻ.ഒ.സി.-ക്കായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ഭൂമിയുടെ പട്ടയം, പട്ടയത്തിന്റെ നിജസ്ഥിതി, പ്രസ്തുത ഭൂമിയിൽ അപ്രകാരമുള്ള നിർമ്മാണം അനുവദനീയമാണോ എന്നീ കാര്യങ്ങൾ പരിഗണിച്ച് എൻ.ഒ.സി. നൽകാൻ ദേവികുളം സബ്കളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതും എൻ.ഒ.സി. അനുവദിച്ചുതരുന്നതുമാണ്. വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടനിർമ്മാണ അപേക്ഷകൾ നിരസിക്കേണ്ടവ ദേവികുളം സബ്കളക്ടറുടെ ഓഫീസിൽത്തന്നെ തീർപ്പാക്കണമെന്നും അനുമതിക്ക് ശിപാർശ ചെയ്യപ്പെടുന്നവ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

വട്ടവട-കൊട്ടക്കാമ്പൂർ അടക്കമുള്ള വില്ലേജുകളിൽ യൂക്കാലിപ്റ്റസ് മരങ്ങൾ മുറിക്കുന്നത് ശ്രീമതി നിവേദിത പി. ഹരൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം നിരോധിച്ചിട്ടുള്ളതാണ്. കുറിഞ്ഞിമല സാംഗ്ച്വറി സംബന്ധിച്ച് മന്ത്രിതല സംഘം പ്രസ്തുത സ്ഥലം സന്ദർശിച്ചതിലും അവിടത്തെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയതിലും യൂക്കാലിപ്റ്റ്സ്, ഗ്രാൻഡിസ് മരങ്ങൾ പിഴുതുമാറ്റുന്നതിന് തത്വത്തിൽ തീരുമാനം എടുത്തിട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നുതന്നെ മറ്റൊരു യോഗം വിളിച്ചുചേർത്തിരിക്കുകയാണ്.

വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പതിച്ച് ലഭിക്കുന്ന ഭൂമിയിൽ കർഷകൻ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് കർഷകർക്ക് തന്നെ അവകാശം നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. 1993 റൂൾസ് പ്രകാരം ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, ചെമ്പകം, ചടച്ചി, ചന്ദനവേമ്പ്, ചീനി എന്നീ പത്തിനം മരങ്ങൾ മുറിക്കുന്നതിനാണ് പട്ടയം കിട്ടിയ കർഷകന് അനുവാദമില്ലാത്തത്. മറ്റ് മരങ്ങൾ പട്ടയത്തിൽ റിസർവ് ചെയ്തിട്ടില്ലാത്തപക്ഷം മുറിക്കുന്നതിന് നിയന്ത്രണങ്ങളില്ലാത്തതും കർഷകർ നട്ടുപിടിപ്പിക്കുന്ന മേൽപ്പറഞ്ഞ 10 മരങ്ങൾ ഒഴികെയുള്ളവ മുറിക്കാവുന്നതുമാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പതിച്ചുകൊടുത്ത ഭൂമിയിൽ 1-1-1977-നുശേഷം നട്ടുപിടിപ്പിച്ചിട്ടുള്ള ചന്ദനം ഒഴികെയുള്ള വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം കർഷകന് ലഭിക്കുന്ന വിധത്തിൽ പട്ടയവ്യവസ്ഥയിൽ ഭേദഗതി വരുത്തുന്ന വിഷയം വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. കാലപരിധിയില്ലാത്ത കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നുതന്നെ ഒരു മീറ്റിംഗ് വിളിച്ചിട്ടുണ്ടെന്ന് പറഞ്ഞത് ഏറെ സ്വാഗതാർഹമാണ്. നമ്മുടെ ജില്ലയിൽ പല വലിയ വിഷയങ്ങളും വിവിധ തരത്തിൽ രൂപപ്പെട്ടുവരുന്നു, വിവിധ പഞ്ചായത്തുകളിൽ ബഹുജനസമരങ്ങൾ നടക്കുന്നു. ഇപ്പോൾ പറഞ്ഞ മറുപടികളെല്ലാംതന്നെ പോസിറ്റീവാണ്. അത് അവിടത്തെ കർഷകർക്കും ജനങ്ങൾക്കും സ്വീകാര്യവുമാണ്. ശേഷിച്ച ചില പ്രശ്നങ്ങൾ, പ്രത്യേകിച്ച് റൂൾ 93 അനുസരിച്ച് കൊടുത്ത പട്ടയങ്ങളിൽ 1-1-1977-ന് മുമ്പ് കൈവശമുള്ളവരുടെ ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് തടസ്സമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞത്. ചില പ്രശ്നങ്ങളും പ്രതിസന്ധികളും അവിടെ നിലനിൽക്കുന്നതിനാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആ ജില്ലയിലുള്ള ജനപ്രതിനിധികളുടെയും കർഷക സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും മീറ്റിംഗ് വിളിച്ചുചേർത്ത് സ്വീകാര്യമായിട്ടുള്ള ഒരു നയസമീപനം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ശ്രീ. റോഷി അഗസ്റ്റിൻ ചൂണ്ടിക്കാണിച്ച വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇപ്പോൾ തന്നെ വനം-റവന്യൂ വകുപ്പുമന്ത്രിമാർ തമ്മിൽ ആലോചന നടത്തി ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമാണെങ്കിൽ ആ ജില്ലയിലുള്ള ജനപ്രതിനിധികളുൾപ്പെടെയുള്ളവരുമായി ഈ വിഷയം ചർച്ച ചെയ്യുന്നതിൽ പ്രയാസമില്ലാത്തതാണ്. അതിന്റെ വിശദാംശങ്ങൾ തുടർന്ന് തീരുമാനിക്കാവുന്നതുമാണ്. ശ്രീ. എസ്. രാജേന്ദ്രൻ ഉൾപ്പെടെയുള്ളവർ ഉൾപ്പെടുമെന്നുള്ളതുകൊണ്ട് നമുക്ക് ചർച്ച ചെയ്യാവുന്നതാണ്.

## IV സബ്മിഷൻ

### (1) സത്യന്റെ കുടുംബത്തിന് ധനസഹായം

ശ്രീമതി പി. അയിഷാ പോറ്റി: സർ, അങ്ങേയറ്റം വിഷമമുണ്ടാക്കിയ ഒരു സംഗതിയെ സംബന്ധിച്ചാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഈ മാസം 9-ാം തീയതി രാത്രി എന്റെ മണ്ഡലത്തിൽപ്പെട്ട കരീപ്ര പഞ്ചായത്തിലെ നെടുമൺകാവ് വാരിയത്ത് വീട്ടിൽ മോഹനൻ, നെടുമൺകാവിൽക്കൂടി ഒഴുകി പോകുന്ന തോട് മുറിച്ചുകടക്കവെ വെള്ളത്തിൽ മുങ്ങിപ്പോകുകയും ഇയാളുടെ നിലവിളി കേട്ടുകൊണ്ട് തൊട്ടടുത്ത് താമസിക്കുന്ന ശ്രീമംഗലം വീട്ടിൽ സത്യൻ ഓടി വെള്ളത്തിലേയ്ക്ക് എടുത്തുചാടി ഇയാളെ രക്ഷപ്പെടുത്തുകയും ചെയ്തു. പക്ഷെ രക്ഷപ്പെടുത്താൻ പോയ സത്യൻ വെള്ളത്തിൽ മുങ്ങിമരിക്കാനിടയായ അതിദാരുണമായ സംഭവമാണ് ഉണ്ടായത്. നല്ല വീതിയുള്ള തോടാണ്, പക്ഷെ തോടിനുകുറുകെ വീതികുറഞ്ഞ ചെറിയൊരു നടപ്പാലം മാത്രമാണുണ്ടായിരുന്നത്. നാട്ടിലെ ജനങ്ങളുടെ ആവശ്യപ്രകാരം വീതി കൂട്ടിയ ഒരു പാലവും അപ്രോച്ച് റോഡും പണിയാൻ നാട്ടുകാരെല്ലാം കൂടി ചേർന്ന ആലോചനായോഗത്തിന് ഏറ്റവും മുന്നിൽ നിന്നിരുന്ന ആളായിരുന്നു സത്യൻ. എനിക്കും നേരിട്ടറിയാവുന്ന ആളായിരുന്നു. അദ്ദേഹത്തിന് കുറച്ച് സ്ഥലമാണുള്ളതെങ്കിലും നാടിന്റെ വികസനത്തിനുവേണ്ടി തന്റെ സ്ഥലം വിട്ടുതന്ന ആളായിരുന്നു. ഇയാളുടെ ജീവൻ നഷ്ടപ്പെട്ടു, ആ വീടിനെ രക്ഷിക്കാൻ ആരുമില്ലാത്തൊരു അവസ്ഥയാണ്. അതുകൊണ്ട് സത്യന്റെ കുടുംബത്തിന് പരമാവധി തുകയും മറ്റ് സഹായങ്ങളും നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മരണപ്പെട്ട സത്യന്റെ ആശ്രിതർക്ക് ധനസഹായം ലഭിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ ജില്ലാ കളക്ടർ ശിപാർശ ചെയ്യുന്നമുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

## (2) റോഡപകടത്തിൽ മരണപ്പെട്ടവർക്ക് ധനസഹായം

ശ്രീ. ജി. എസ്. ജയലാൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ ചാത്തന്നൂർ ഏറം കൊല്ലന്റഴികത്ത് വീട്ടിൽ 40 വയസ്സുള്ള ഷിബു ശിവാനന്ദൻ, ഷിബുവിന്റെ ഭാര്യ 35 വയസ്സുള്ള സിജി, ഈ ദമ്പതികളുടെ 11 വയസ്സുള്ള മകൻ ആദിത്യൻ എന്നിവരാണ് മാർച്ച് 16-ാം തീയതി ചാത്തന്നൂർ തിരുമുക്കിലുണ്ടായ അപകടത്തെത്തുടർന്ന് മരണപ്പെട്ടത്. അവരോടൊപ്പം യാത്ര ചെയ്തിരുന്ന ഇളയ കുട്ടി 7 വയസ്സുള്ള ആദിഷ് ചെറിയ പരിക്കുകളോടെ രക്ഷപ്പെട്ടു. അന്ന് രാവിലെയാണ് ഷിബു ഗൾഫിൽ നിന്നും വന്നത്. ആദിച്ചനല്ലൂരിലെ സഹോദരിയെ കാണാൻ പോയ വഴിക്കാണ് ഈ കുടുംബം അപകടത്തിൽപ്പെടുന്നത്. അമിത വേഗതയിൽ ഓവർ ടേക്ക് ചെയ്ത് കയറിവന്ന സൂപ്പർ ഫാസ്റ്റ് ബസ് ആണ് ഈ ദാരുണമായ അപകടം ഉണ്ടാക്കിയത്. ആ ബസ്സ് കയറി മൂന്ന് ജീവനുകൾ പിടഞ്ഞു മരിക്കുന്നത് 7 വയസ്സുള്ള കുട്ടി കണ്ടുകൊണ്ടുനിൽക്കുകയാണ്. ഇക്കഴിഞ്ഞ വെള്ളിയാഴ്ച നടന്ന സംഭവം ആരുടെയും കരളലിയിപ്പിക്കുന്നതാണ്. ഒരു കുടുംബത്തിലെ 3 പേർ, അച്ഛന്റെയും അമ്മയുടെയും മകന്റെയും ജീവിതം നിലത്തിൽ പൊലിയുമ്പോൾ അവരോടൊപ്പം യാത്ര ചെയ്തിരുന്ന ഇളയ മകൻ ആദിഷ് സകലതിനും സാക്ഷിയായി നിർവികാരനായി നീർവറ്റിയ മിഴികളുമായി നിൽക്കുന്ന കാഴ്ച ആരെയും കണ്ണീരണിയിപ്പിക്കുന്നതാണ്. എല്ലാം നഷ്ടപ്പെട്ട് ദുഃഖത്തിന്റെ കയത്തിൽ കഴിയുന്ന ആ കുട്ടിയുടെ ഭാവിയെക്കുറിച്ച് എല്ലാവർക്കും ഉൽകണ്ഠയുണ്ട്. ആദിഷിനെപ്പോലെ തന്നെ മകനെയും മകളെയും നഷ്ടപ്പെട്ട മാതാപിതാക്കൾക്കുണ്ടായ ദുഃഖവും പരിഹരിക്കാൻ കഴിയാത്തതാണ്. ദാരുണമായ ഈ അപകടം അതിനെത്തുടർന്നുണ്ടായ ദുഃഖകരമായ സാഹചര്യവും പരിഗണിച്ച് മരണപ്പെട്ടവരുടെ കുടുംബത്തിന് 10 ലക്ഷം രൂപയുടെ ആശ്വാസ ധനസഹായം പ്രഖ്യാപിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഓരോ അപകടവും പരിശോധിച്ചാൽ ദയനീയമായ അവസ്ഥകളാണുണ്ടാകുക. ഇക്കൂട്ടത്തിൽ ഒരു കാര്യം പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ എന്റെ ഒരു അകമ്പടി വാഹനം അപകടത്തിൽപ്പെട്ടുവെന്നൊരു വാർത്ത ഇന്നൊരു പത്രത്തിലുണ്ട്. യഥാർത്ഥത്തിൽ അത് വസ്തുതയല്ല. ഞങ്ങൾ ചെങ്ങന്നൂരിലേയ്ക്ക് പോകുന്ന ഘട്ടത്തിൽ ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി മാത്യു ടി. തോമസ് മുന്നിലുണ്ടായിരുന്നു. ഞങ്ങൾ ഒന്നിച്ച് പുറപ്പെട്ടതല്ല, കൊട്ടാരക്കരയ്ക്കും കുറച്ച് ഇപ്പുറത്തായി ഒരു ആക്സിഡന്റ് നടക്കുന്നു. അപ്പോൾ അദ്ദേഹം അവിടെ ഇറങ്ങി. ഹൈവേ പട്രോൾ വാഹനം വണ്ടി കെ.എസ്.ആർ.ടി.സി. ബസ്സുമായി ഇടിച്ചതാണ്. ഈ അപകടം നടന്ന സമയത്തുതന്നെയാണ് ഞാനും അവിടെ എത്തുന്നത്. എന്റെ പിന്നാലെ ബഹുമാന്യനായ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുമുണ്ട്. നമ്മളെയെല്ലാവരെയും കണ്ടപ്പോൾ മുഖ്യമന്ത്രിയുടെ

അകമ്പടി വാഹനം ഇടിച്ചതാണെന്ന തോന്നിയാണ് ആ വാർത്ത യഥാർത്ഥത്തിൽ ഉണ്ടായത്. ബഹുമാന്യനായ അംഗം ഉന്നയിച്ച കാര്യത്തിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ടവരുടെ ധനസഹായം സംബന്ധിച്ച് ഉചിതമായ തീരുമാനം സാധാരണ നടപടിക്രമം അനുസരിച്ച് കൈക്കൊള്ളുന്നതാണ്.

## (3) കയർ സഹകരണ സംഘം

ശ്രീ. സി. കെ. നാണു: സർ, വടകര നിയോജകമണ്ഡലത്തിലെ ചോറോട് പഞ്ചായത്തിൽ 33 സെന്റ് സ്ഥലത്ത് നല്ല കെട്ടിടത്തോടുകൂടി 100 തൊഴിലാളികൾ ചേർന്ന് ആരംഭിച്ച സ്ഥാപനമാണ് കയർ സഹകരണ സംഘം. പക്ഷെ കുറച്ച് കാലമായി ഈ സ്ഥാപനത്തിന് പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ആവശ്യത്തിന് അവർക്ക് ചകിരി ലഭിക്കാത്തതാണ് ഒരു കാരണം. കൊല്ലം, ആലപ്പുഴ ഭാഗങ്ങളിലുള്ളതു പോലുള്ള മെഷീനുകൾ അവർക്ക് ലഭിക്കുന്നില്ല. ആ പഞ്ചായത്തിലെ കുറെ സ്ത്രീകൾ എനിക്ക് തന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനിത് ഉന്നയിക്കുന്നത്. അവിടെയുള്ള ജീവനക്കാർക്ക് എൺപതിനായിരത്തോളം രൂപ കുടിശ്ശികയായി കൂലി ലഭിക്കാനുണ്ട്. ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്ന, കുറെ സ്ത്രീകൾക്ക് ജോലിയെടുക്കാൻ സാധിക്കുന്ന ഒരു സ്ഥാപനമായിരുന്നു. മുമ്പൊക്കെ നമ്മുടെ ആവശ്യത്തിന് ചകിരി ലഭിച്ചിരുന്നു. പഴയ കാലത്ത് വടകരയിൽ നിന്നായിരുന്നു തമിഴ്നാട്ടിലൊക്കെ ചകിരി കൊണ്ടുപോയിരുന്നത്. ഇപ്പോൾ ഇവിടെയൊരു നിയമം കൊണ്ടുവന്നു. അതിനുശേഷം ഞങ്ങളുടെ പ്രദേശങ്ങളിലൊന്നും ചകിരി ഉണ്ടാക്കാൻ സാധിക്കുന്നില്ല. അതിന്റെ ഫലമായി ചകിരി ലഭിക്കാൻപോലും ബുദ്ധിമുട്ടായി വന്നു. പഴയകാലത്ത് വടകരയിൽ ചകിരി ഏറ്റവും വലിയ കുടിൽ വ്യവസായമായിരുന്നു, അത് നിന്നുപോയി. അതിനുശേഷമാണ് ഇത് സൊസൈറ്റികളുടെ നേതൃത്വത്തിൽ ആരംഭിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പരിശോധിക്കണം. ഇപ്പോൾ പുതിയ 5 മെഷീനുകൾ കിട്ടി, പുതിയതായി 5 മെഷീനുകൾ കൂടി വരുന്നുണ്ട്. സാമ്പത്തികമായി സഹായിച്ച് ആ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കാനാവശ്യമായ സഹായം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 100 പേർ പണിയെടുത്തിരുന്ന സ്ഥാപനത്തിൽ ഇപ്പോൾ 13 പേരാണ് പണിയെടുക്കുന്നത്. അതിന് കാരണം, കോഴിക്കോട് മെഷീൻ റാട്ട് യാൺ എന്ന പേരിൽ അവിടെ മാത്രം പിരിക്കുന്ന പ്രത്യേകതരം ചൂടിയാണ് ഉണ്ടാക്കുന്നത്. അതിന് ഡിമാന്റില്ല. കയർ ഫെഡ് വാങ്ങുന്നതുതന്നെ ഉൽപ്പാദന ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ്. എന്നിട്ടും 30 ശതമാനം

വിലകുറച്ചാണ് വിറ്റുപോകുന്നത്. അതുകൊണ്ട് പരിശോധനയുടെ അടിസ്ഥാനത്തിൽ, ഒരു പുതിയ ഇലക്ട്രോണിക് റാട്ടിലേക്ക് മാറി. അതിനുള്ള പരിശീലനം കൊടുത്ത് പുതിയ യാൺ പിരിപ്പിക്കാം. അതുപോലെ 100 ക്വിന്റൽ പിരിക്കുന്നവർക്കേ വർക്കിംഗ് ക്യാപിറ്റൽ കൊടുക്കുന്നുള്ളൂ. ഇവിടെ ഒരിക്കലും അത്രയും പിരിച്ചിട്ടില്ല; അതിൽ നിന്നും ഇളവ് നൽകി അവർക്ക് വർക്കിംഗ് ക്യാപിറ്റൽ നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യാം.

ശ്രീ. സി. കെ. നാണു: സർ, അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എൺപതിനായിരത്തോളം രൂപ കൂലിയിനത്തിൽ കുടിശ്ശികയുണ്ട്. അത് നൽകുന്ന തിനുള്ള ധനസഹായം ലഭ്യമാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, വർക്കിംഗ് ക്യാപിറ്റൽ കിട്ടുമ്പോൾ അതിൽ നിന്നും കൊടുക്കാനുള്ള കൂലി കൊടുക്കാം. കൂലി ബാങ്കിൽ ഇടുമ്പോൾ സർക്കാരിന്റെ ഇൻകം സപ്പോർട്ട് സ്കീമിന്റെ പണവുംകൂടി അവർക്ക് ലഭ്യമാകും.

## (4) തലാസ്സീമിയ രോഗബാധിതരുടെ ചികിത്സ

ശ്രീ. എ. എൻ. ഷംസീർ: സർ, തലാസ്സീമിയ ഒരു രക്തജന്യ രോഗമാണ്. ഇതുവരെ ഈ രോഗത്തിന് ഫലപ്രദമായ ഡയഗ്നോസിസ് കണ്ടെത്തിയിട്ടില്ല. ഈ രോഗികൾക്ക് ല്യൂക്കോസൈറ്റ് ഫിൽട്ടർ സെറ്റ് അത്യാവശ്യമാണ്. ഏതാണ്ട് ഒരു വർഷം 12 തവണയെങ്കിലും ഇവർക്ക് രക്തം സ്വീകരിക്കേണ്ടി വരുന്നു. ഇപ്പോൾ പതിനെട്ട് വയസ്സിനുതാഴെയുള്ള രോഗികൾക്ക് മാത്രമാണ് ഫിൽട്ടർ സെറ്റ് സൗജന്യമായി സർക്കാർ നൽകുന്നത്. ഈ രോഗികൾ കൂടുതലായുള്ളത് മലബാർ മേഖലയിലാണ്. അവർ കോഴിക്കോട് മെഡിക്കൽ കോളേജിനെയാണ് ഇതിനായി ആശ്രയിക്കുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ രക്തത്തിലെ രോഗാണുക്കളെ വേർതിരിക്കാനുള്ള സംവിധാനം ഇപ്പോഴില്ല. അതുകൊണ്ട് രക്താണുക്കളെ വേർതിരിക്കാനുള്ള സംവിധാനം അവിടെ ഏർപ്പെടുത്തണം. ഒപ്പം പ്രായഭേദമന്യേ എല്ലാ തലാസ്സീമിയ രോഗികൾക്കും ഫിൽട്ടർ സെറ്റ് സൗജന്യമായി നൽകുന്നതിനും ജീവൻ രക്ഷാമരുന്നുകളും ഫിൽട്ടർ സെറ്റും കാരുണ്യ ഫണ്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, തലാസ്സീമിയ ഒരു ജനിതകരോഗമാണ്. ഹീമോഗ്ലോബിന്റെ അസാധാരണമായ ഉല്പാദനം കാരണം ചുവന്ന രക്താണുക്കൾ നശിക്കുന്നതുകൊണ്ടുണ്ടാകുന്ന വിളർച്ചാ രോഗമാണ്. വ്യക്തമായ ചികിത്സ ഇതുവരെ കണ്ടെത്താൻ കഴിയാത്ത രോഗമാ യതിനാൽ രക്തം കൃത്യമായ ഇടവേളകളിൽ ശുദ്ധീകരിക്കുക എന്നതാണ് ഇതിന്റെ

ചികിത്സാ രീതി. കുറഞ്ഞത് മാസത്തിൽ ഒരുതവണയെങ്കിലും പൊതുരക്തം സ്വീകരിക്കേണ്ടിവരുന്ന രോഗികൾക്ക് ശ്വേതരക്താണുക്കൾ രക്തത്തിൽ കലരാതിരിക്കാൻ ലൂക്കോസൈറ്റ് ഫിൽട്ടർ സെറ്റ് ഉപയോഗിക്കാറുണ്ട്. തലാസ്സിമിയ ആർ.ബി.എസ്.കെ. (Rashriya Bal Swasthya Karyakram) പദ്ധതിയിൽ ഉൾപ്പെടുത്തി 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകിവരുന്നതുമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അതിനുശേഷമുള്ള ആളുകളുടെ പ്രശ്നമാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. രക്തഘടകങ്ങൾ ഉണ്ടാകുമ്പോൾ തന്നെ ശ്വേതരക്താണുക്കളെ കുറയ്ക്കാനുള്ള സംവിധാനം, കമ്പോണന്റ്സ് സെപ്പറേഷൻ യൂണിറ്റ് എന്നിവ ഒരുക്കേണ്ടതായിട്ടുണ്ട്. ഇത് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇല്ല. ഡിസെബിലിറ്റി ആക്ട് 2016-ൽ മൂന്ന് തരത്തിലുള്ള ബ്ലഡ് റിലേറ്റഡ് ഡിസ്ഓർഡേഴ്സ് ഉണ്ട്. അതിൽ തലാസ്സിമിയ, ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ എന്നിവ മൂലമുണ്ടാകുന്ന വൈകല്യങ്ങൾ കൂടി ഉൾപ്പെടുത്തിയതിനാൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നമുക്ക് ഇതിനാവശ്യമായ സഹായം ചെയ്യാൻ കഴിയുന്നതാണ്. അതുകൂടി ഉപയോഗപ്പെടുത്തി ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇത്തരത്തിലുള്ള കമ്പോണന്റ്സ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കാൻ ശ്രമിക്കുന്നതാണെന്ന് അറിയിക്കുകയാണ്.

## (5) മലമ്പുഴ റിംഗ് റോഡ്

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>: സർ, മലമ്പുഴ നിയോജക മണ്ഡലത്തിൽ 1980-ൽ മലമ്പുഴ ഡാം പരിസരത്തുനിന്ന് ആരംഭിച്ച് അക്കര പ്രദേശത്തെ ബന്ധിപ്പിക്കുന്ന മലമ്പുഴ റിംഗ് റോഡിന്റെ പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. 1990-കളിൽ കവാ, കുരുത്തിക്കാവ്, ആനക്കല്ല്, എലിവാൽ എന്നീ പ്രദേശങ്ങളിലേയ്ക്ക് ഇത് ദീർഘിപ്പിച്ചു. എന്നാൽ ഇതിന്റെ തുടർച്ചയായ എലിവാൽ പ്രദേശം മുതൽ തെക്കേ മലമ്പുഴ വരെയുള്ള റോഡും റോഡിനെ ബന്ധിപ്പിക്കുന്ന പാലവും പൂർത്തീകരിച്ചിട്ടില്ല. ഏതാണ്ട് 10 വർഷത്തിലേറെയായി പ്രവർത്തിക്കാനാകാതെ കിടക്കുന്ന മലമ്പുഴ റിംഗ് റോഡ് മലമ്പുഴയിൽ നിന്ന് ആരംഭിച്ച് ചേമ്പന, വലിയകാട്, ആനക്കല്ല്, പൂക്കുണ്ട് എന്നീ പ്രദേശങ്ങളിലൂടെ കടന്നുപോയി മലമ്പുഴ ഡാം പരിസരത്ത് എത്തിച്ചേരുന്നു. 2017-18 ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. നിർവ്വഹണ ചുമതലയുള്ള പൊതുമരാമത്ത് (നിരത്ത്, ബ്രിഡ്ജസ്) വകുപ്പുകൾ പണി പൂർത്തീകരിക്കാനുള്ള മൈലാടിപ്പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെയും റോഡിന്റെയും ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥല പരിശോധനാ റിപ്പോർട്ട് വകുപ്പിലെ ഡിസൈൻ വിംഗ് II-ന് രണ്ട് മാസംമുമ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിരിക്കുകയാണ്. കൂടാതെ റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സ്വകാര്യവ്യക്തികൾ മലമ്പുഴ

ഗ്രാമപഞ്ചായത്തിന്റെ ഇടപെടലിലൂടെ സ്ഥലം വിട്ടുകൊടുക്കുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട റിംഗ് റോഡിന്റെ 230 മീറ്റർ ഭാഗം വനം വകുപ്പിന്റെ കുറുപ്പ് റോഡിലാണ്. പൊതുജനങ്ങളുടെ ഗതാഗതാവശ്യത്തിനായി ഈ ഭാഗത്തെ റോഡിന് വനം വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കുവാൻ സ്ഥലം ഡി.എഫ്.ഒ.-യോട് പ്രവൃത്തിയുടെ അവലോകന യോഗത്തിൽ ഞാൻ നിർദ്ദേശം നൽകിയിരുന്നു. റിംഗ് റോഡിന്റെ പ്രവൃത്തി പൂർത്തീകരണം നീണ്ടുപോകുന്നത് പ്രദേശത്തെ ജനങ്ങളെ ആശങ്കയിലാക്കുന്ന അവസ്ഥയുണ്ട്. ഇവിടത്തെ ജനങ്ങൾക്ക് മലമ്പുഴ ബസ് സ്റ്റാന്റ് പരിസരത്ത് എത്തിച്ചേരാൻ 32 കിലോമീറ്റർ യാത്ര ചെയ്യണം. റിംഗ് റോഡ് പൂർത്തീകരിക്കപ്പെട്ടാൽ 5 കിലോമീറ്ററായി ഈ അകലം കുറയും. കൂടാതെ മലമ്പുഴയുടെ വിനോദസഞ്ചാര സൗകര്യങ്ങളും ഇക്കോ ടൂറിസം സാധ്യതയും വർദ്ധിപ്പിക്കാൻ ഇടയാക്കും. മലമ്പുഴയിൽ ആനക്കല്ല് ഹൈസ്കൂൾ, മൃഗസംരക്ഷണ ഓഫീസ്, ഹോമിയോ ആശുപത്രി എന്നിവയൊക്കെ ഡാമിന്റെ അക്കരപ്രദേശത്താണ് പ്രവർത്തിക്കുന്നത്. ഈ പ്രദേശത്ത് പാറക്കളം, അയ്യപ്പൻപൊറ്റ തുടങ്ങിയ മറ്റ് പട്ടികവർഗ്ഗ കോളനികളിൽ നാന്നൂറോളം ആദിവാസി കുടുംബങ്ങളും ചെറുകിട കർഷകരും 150-ഓളം എസ്.സി. കുടുംബങ്ങളുമുണ്ട്. 2017-ലെ നിയമസഭാ തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ മലമ്പുഴ റിംഗ് റോഡ് പൂർത്തീകരിക്കുമെന്ന് ഞാൻ ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനമാണ്. ആയതിനാൽ മലമ്പുഴ നിവാസികളുടെ ചിരകാല അഭിലാഷമായ മലമ്പുഴ റിംഗ് റോഡിന്റെ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ബഹുമാനപ്പെട്ട വി.എസ്. അച്യുതാനന്ദൻ ഇവിടെ ഉന്നയിച്ച മലമ്പുഴ റിംഗ് റോഡിലെ മൈലാടിപ്പുഴയ്ക്ക് കുറുകെയുള്ള പാലം പണിയുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന 2016-17-വർഷത്തിൽത്തന്നെ 31-10-2016-ൽ ഉത്തരവിറക്കി 10 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഡാം റിസർവോയറിന് മറുകരയിലുള്ള എലിവാൽ കോളനി നിവാസികളെ മലമ്പുഴയുമായി ബന്ധിപ്പിക്കുന്നതിന് ഈ പദ്ധതി പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നുണ്ട്. അത് ഏറ്റവും ആവശ്യവുമാണ്. മൈലാടിപ്പുഴയ്ക്ക് കുറുകെ ഒരു പാലവും അതിന്റെ അപ്രോച്ച് റോഡുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു കഴിഞ്ഞു, ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ (ഡിസൈൻ) സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ കിട്ടിയശേഷമാണ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് സ്വകാര്യവ്യക്തികളുടെ സ്ഥലം സൗജന്യമായി നൽകുന്നതാണെന്ന് ജനപ്രതിനിധികളും സ്ഥലവാസികളും അറിയിച്ചിട്ടുണ്ട്. വനംവകുപ്പിന്റെ സ്ഥലവും ആവശ്യമാണ്. അവർ അനുമതി നൽകിയിട്ടില്ല. അത് പ്രധാനപ്പെട്ട

വിഷയമാണ്. അതിന്റെയടിസ്ഥാനത്തിൽ മരാമത്ത് ഉദ്യോഗസ്ഥരും പഞ്ചായത്ത് പ്രതിനിധികളും സ്ഥലവാസികളും ചേർന്ന് സംയുക്ത പരിശോധന നടത്തിയിരുന്നു. വനം വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതാണ്. പ്രോജക്ടിനായി ഉൾപ്പെടുത്തുന്ന മുഴുവൻ വസ്തുവിന്റെയും സർവ്വേ നമ്പർ അടക്കമുള്ളവ കാണിക്കേണ്ടതുകൊണ്ട് മരാമത്ത് വകുപ്പിന് ലഭ്യമല്ലാത്തതിനാൽ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല; ഉടനെ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. റവന്യൂ വകുപ്പിന്റെ റിപ്പോർട്ടും, വനം വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടാനുള്ള അനുവാദവും കിട്ടിയാൽ മാത്രമേ പൂർണ്ണമായ ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. വനം വകുപ്പിന്റെ കാര്യങ്ങളിലെല്ലാം കാലതാമസം നേരിടും. അതിന് ഒരു മാറ്റവും വരുത്തുന്നില്ല. ഇതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ വനം, പൊതുമരാമത്ത്, റവന്യൂ എന്നീ വകുപ്പുകൾ സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ ഒരു അവലോകന യോഗം മന്ത്രിമാർ ഉൾപ്പെടെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സാന്നിദ്ധ്യത്തിൽ നടത്താനും പൊതുമരാമത്ത് വകുപ്പ് തയ്യാറാണ്.

## (6) റോഡ് നിർമ്മാണത്തിലെ അപാകത

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അശാസ്ത്രീയമായ റോഡ് നിർമ്മാണം എത്രത്തോളം വലിയ അപകടങ്ങൾ ഉണ്ടാക്കുമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് പാലക്കാട്-കോഴിക്കോട് ദേശീയപാതയിൽ 18-3-2018-ലുണ്ടായ ടാങ്കർ ലോറി അപകടം. ദേശീയപാതയിൽ കഞ്ചിക്കോട് എച്ച്.പി. ഗ്യാസ് പ്ലാന്റിലേയ്ക്ക് പോയ ടാങ്കർ ലോറി പെരിന്തൽമണ്ണ തിരൂർക്കാടിന് സമീപം അരീപ്രയിൽ വച്ചുണ്ടായ അപകടത്തിൽ ഗ്യാസ് ലീക്ക് ചെയ്ത് മണിക്കൂറുകളോളം പ്രദേശത്തെ പരിഭ്രാന്തിയിലാക്കുകയും രണ്ട് ദിവസത്തോളം ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. യഥാസമയം രക്ഷാപ്രവർത്തനങ്ങൾ നടത്തിയതുകൊണ്ട് മാത്രമാണ് വലിയ ദുരന്തമുണ്ടാകാത്തത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നാലാം തവണയാണ് സമാനരീതിയിൽ അരീപ്ര വളവിൽ ടാങ്കർ ലോറി മറിഞ്ഞ് അപകടമുണ്ടാകുന്നത്. മുമ്പ് ഇവിടെ ആളുകൾ വരെ മരണപ്പെട്ടിട്ടുണ്ട്. ദേശീയ പാത ആയതിനാൽ പരിചയമില്ലാത്ത വലിയ വാഹനങ്ങളാണ് പലപ്പോഴും അപകടത്തിൽപ്പെടുന്നത്. ഈ ഭാഗത്തെ 'എസ്' ആകൃതിയിലുള്ള വളവും ഇറക്കവുമാണ് സ്ഥിരമായി അപകടമുണ്ടാകുന്നതിന് കാരണം. ഈ വളവ് നിവർത്തി പുനർനിർമ്മിക്കുന്നതിന് ഭൂമിശാസ്ത്രപരമായി വളരെ അനുകൂലമായ സ്ഥിതിയാണ് ഈ റോഡിനുള്ളത്. നിരന്തരം വൻദുരന്തത്തിനു തന്നെ കാരണമാവുന്ന ഈ റോഡിനെ പുനർനിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി സൂചിപ്പിച്ചതുപോലെ നാഷണൽ ഹൈവേ 966 കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ അരീപ്ര ഒരു അപകട വളവ് തന്നെയാണ്. ഈ റോഡ് പൊതുമരാമത്ത് ദേശീയ വിഭാഗം ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന അലൈൻമെന്റിന് ഇപ്പോഴും മാറ്റം വരുത്തിയിട്ടില്ല. ഇപ്പോൾ നടത്തിവരുന്ന റോഡ് സുരക്ഷാ ഓഡിറ്റിംഗ് റിപ്പോർട്ടിൽ ഈ ഭാഗവും പഠന വിധേയമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളനുസരിച്ച് ഭൂമി ഏറ്റെടുത്തുകൊണ്ട് അപകടങ്ങൾ കുറയ്ക്കുന്നതിനും വളവ് നിവർത്തുന്നതടക്കമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (7) ദേശീയപാത വീതി കൂട്ടൽ

ശ്രീ. ബി. സത്യൻ: സർ, വളരെ ഗൗരവമുള്ള വിഷയമാണിത്. ആറ്റിങ്ങൽ നിവാസികളുടെയും ദേശീയപാത വഴി കടന്നുപോകുന്ന എല്ലാവരുടെയും ആവശ്യമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പൊതുമരാമത്ത് വകുപ്പുമന്ത്രിയായി അങ്ങ് ചുമതലയേറ്റശേഷം ദേശീയപാതയിൽ ആറ്റിങ്ങൽ ഭാഗത്ത് നിരന്തരമായി ഉണ്ടാകുന്ന അപകടങ്ങളും അപകടമരണങ്ങളും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അങ്ങ് തന്നെ വന്ന് നഗരസഭയും ജനങ്ങളുമായി ഒരു യോഗം ചേരുകയും സ്ഥലമെല്ലാം കണ്ടുപോകുകയും ചെയ്തതാണ്. നാറ്റ്പാക് നടത്തിയ പഠനവും ദേശീയപാത അതോറിറ്റിയുടെ പഠനവും പ്ലാനിംഗ് ബോർഡും ഇക്കാര്യം വളരെ ഗൗരവത്തോടു കൂടി എടുത്താണ് ദേശീയപാതയുടെ ഭാഗമായിട്ടുള്ള പൂവമ്പാറ മുതൽ നാലുമുക്ക് വരെയുള്ള ഭാഗം വികസിപ്പിച്ചെടുക്കുന്നതിന് ഏതാണ്ട് 22.75 കോടി രൂപ ആദ്യഘട്ടവും പിന്നീട് 2 കോടി രൂപ അങ്ങും നൽകി വലിയ പദ്ധതി തയ്യാറാക്കിയത്. ഇപ്പോൾ ഈ പദ്ധതിയുമായി മുന്നോട്ടുപോകാനുള്ള പ്രയാസം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിന്റെ ഭാഗമായി അങ്ങ് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുകൂട്ടി. പുറമ്പോക്കുകൾ കണ്ടെത്താനും സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങൾ വിട്ടുകിട്ടുന്നതിനുംവേണ്ടി വലിയൊരു പരിശ്രമം നടത്തി. ദേശീയപാത അതോറിറ്റി തയ്യാറാക്കിയിരിക്കുന്ന അലൈൻമെന്റ് പ്രകാരം റോഡിന് 20 മീറ്ററാണ് വീതി പറയുന്നത്. അത് എല്ലാഭാഗത്തും കണ്ടെത്താൻ പ്രയാസമുണ്ട്. വിശേഷിച്ചും നാലുമുക്ക് മുതൽ കച്ചേരിനട വരെ വരുന്ന ഭാഗത്ത് 20 മീറ്ററാക്കി എടുക്കാൻ വലിയ പ്രയാസ മനുഭവിക്കുന്നു. സ്വകാര്യവ്യക്തികൾ സൗജന്യമായി ഭൂമി വിട്ടുതരാനുള്ള ബുദ്ധിമുട്ട് അറിയിച്ചിരിക്കുന്നു. ഈ പദ്ധതി നഷ്ടപ്പെടുത്തരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ചില നീക്കുപോക്കുകൾ വരുത്തി പദ്ധതി നടപ്പിലാക്കുന്നതിന് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറും റവന്യൂ വകുപ്പും സ്ഥലം സന്ദർശിക്കുകയും വീണ്ടുമൊരു റീ-അലൈൻമെന്റ് ഫിക്സ് ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയുമാണ്. അങ്ങ് ഇതിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടിയുള്ള പ്രത്യേക അനുമതി നൽകണമെന്ന് അപേക്ഷിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാതയിൽ മൂന്നുമുക്ക് മുതൽ പൂവമ്പാറ വരെ വീതി കൂട്ടുന്നതിന് കാര്യമായ തടസ്സങ്ങൾ സംഭവിച്ചുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് സത്യമാണ്. 2014-ൽ പ്ലാനിംഗ് ബോർഡിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആറ്റിങ്ങൽ ദേശീയപാത 47-ൽ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനായി നാറ്റ്പാക് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചു. 2014 ജൂലൈ 6-ന് ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ടൗൺ ഹാളിൽ യോഗം വിളിച്ചുചേർത്തു. ആവശ്യമായ സ്ഥലം സൗജന്യമായി നൽകാമെന്ന് നഗരസഭ ഓഫർ ചെയ്തു. പി.ഡബ്ല്യു.ഡി. അതിനുവേണ്ടി 22 കോടി 75 ലക്ഷം രൂപ ഭരണാനുമതി നൽകുകയും ചെയ്തു. പക്ഷേ സ്ഥലമേറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് നൽകാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. തുടർന്ന് 2015 ഡിസംബർ 21-ന് ആറ്റിങ്ങൽ നഗരസഭാ ചെയർമാന്റെ കത്തുപ്രകാരം 80 ശതമാനം സ്ഥലം ലഭ്യമാണെന്നും ടെൻഡർ ആരംഭിക്കാമെന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചു. 23-12-2016-ൽ ടെൻഡർ സർക്കാർ അംഗീകരിച്ചു. പക്ഷേ സ്ഥലമേറ്റെടുത്ത് നൽകാൻ നഗരസഭയ്ക്ക് കഴിയാത്തതിനാൽ ടെൻഡർ ക്യാൻസലായിപ്പോയി. ആ സ്ഥലം കിട്ടാൻ ഇപ്പോൾ യാതൊരു സാധ്യതയുമില്ല. ആളുകൾ സ്ഥലം തരാൻ തയ്യാറല്ലെന്നുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ട്രഷറിയുടെയും നഗരസഭയുടെയും ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുതരാൻ തയ്യാറാണെന്ന് ഇപ്പോൾ അറിയിച്ചിട്ടുണ്ട്. കോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ കുറച്ച് ഭൂമികൂടി തരാമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഈ സ്ഥലമെല്ലാം കിട്ടുകയാണെങ്കിൽ വീണ്ടും ഡി.പി.ആർ. തയ്യാറാക്കാനും ഇത്തിരി വീതി കുറച്ച് റോഡ് നിർമ്മിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. ഭൂമിയുടെ ലഭ്യതയനുസരിച്ച് 20 മീറ്റർ വീതി എന്നതിനുപകരം അൽപ്പംകുറച്ച് പണിയുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ഇപ്പോൾ ലഭിച്ചിട്ടുള്ള സ്ഥലങ്ങൾ മുഴുവൻ അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. 45 മീറ്റർ റൈറ്റ് ഓഫ് വേ-യെ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിൽനിന്നും ആറ്റിങ്ങൽ ടൗണിനെ ഒഴിവാക്കിയിട്ടുണ്ട്. മണമ്പൂർ-മാമം ബൈപ്പാസാണ് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ആറ്റിങ്ങൽ ടൗൺ ഇംപ്രൂവ്മെന്റ് പദ്ധതിയിൽ സ്ഥലമേറ്റെടുക്കാനുള്ള തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ നിലവിലുള്ള പുറമ്പോക്ക് അതിൽ നിശ്ചയിച്ച് ഏറ്റെടുത്തശേഷം നാലുമുക്ക് കച്ചേരി ജംഗ്ഷൻ വികസിപ്പിക്കുകയും പാലസ് റോഡ് നിലവിലുള്ള രീതിയിൽ പണി തുടരുകയും ചെയ്യാവുന്നതാണ്. പ്രൈവറ്റ് ബസ് സ്റ്റാന്റ് നേരത്തെ മുനിസിപ്പാലിറ്റി തീരുമാനിച്ചിരുന്നതുപോലെ മാമത്തേയ്ക്ക് മാറ്റി സ്ഥാപിച്ചാൽ ഗതാഗതക്കുരുക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. കച്ചേരിക്കും മൂന്നുമുക്കിനും ഇടയിലുള്ള ദേശീയപാത കേന്ദ്ര സർക്കാരിന്റെ പീരിയോഡിക്കൽ റിവ്യൂ പദ്ധതിയിൽ ഗവൺമെന്റ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റീ-സർഫസിംഗിന് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുവാദവും

ലഭിച്ചിട്ടുണ്ട്. സർക്കാർ അനുവദിച്ച തുക കച്ചേരി-മൂന്നുമുക്ക് ജംഗ്ഷനുകളുടെ വികസനത്തിനായും പാലസ് റോഡ് വൺവേയാക്കി പുനരുദ്ധരിക്കാനും വിനിയോഗിക്കാവുന്നതാണ്. സർക്കാർ ഭൂമിയായ താലൂക്ക് ഓഫീസ് കോംപ്ലക്സിന് മുന്നിലുള്ള സ്ഥലം മിനി സിവിൽ സ്റ്റേഷൻ ഏറ്റെടുത്ത് തിരുവനന്തപുരം ഭാഗത്തേയ്ക്ക് വരുന്ന ബസ്സുകൾ നിർത്താനുള്ള ബസ് ബേ ആക്കുന്നതിനും ഈ ഭാഗത്തെ ഗതാഗതക്കുരുക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സഹായകരമായിരിക്കും. പുതിയ കണ്ടെത്തലുകളുടെയും ലഭ്യമായ സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ പുന:സംവിധാനം ചെയ്യാനും പ്രശ്നം പരിഹരിക്കാനും കഴിയുമെന്നുമാണ് ഗവൺമെന്റ് കരുതുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (8) ടെക്സ്റ്റൈൽസ് നവീകരണം

ശ്രീ. മോൻസ് ജോസഫ്: സർ, ഏറ്റവും ലാഭകരമായി പ്രവർത്തിച്ചിരുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കോട്ടയം ടെക്സ്റ്റൈൽ മിൽ ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഈ സ്ഥാപനം നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ജോലിചെയ്യുന്ന തൊഴിലാളികളിൽ പലരും ഇന്ന് ആശങ്കയിലാണ്. കാരണം, അവർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യം വന്നിരിക്കുകയാണ്. കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലായ മെഷീനറികളാണ് ഇവിടെ ഭൂരിപക്ഷവുമുള്ളത്. ഇതെല്ലാം നവീകരിക്കാൻ കഴിയുന്ന വിധത്തിൽ പുതിയ മെഷീനറി സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ഉല്പാദനക്ഷമത കുറഞ്ഞതിനാൽ കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിനുള്ള തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. നല്ല മെഷീനറി വാങ്ങുന്നതിനുള്ള സാഹചര്യമുണ്ടാകണം. ഇവിടെ മൂന്ന് ഷിഫ്റ്റ് പ്രവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ അതില്ല. അത് വീണ്ടും പ്രവർത്തിക്കുകയാണെങ്കിൽ സ്ഥാപനം ലാഭകരമാക്കി മാറ്റാൻ കഴിയും. അതിനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 20 ഏക്കറോളം സ്ഥലം കോട്ടയം ടെക്സ്റ്റൈൽസിന്റെ കീഴിലുണ്ട്. ഇവിടെ ഗാർമെന്റ്സ് യൂണിറ്റുപോലെയുള്ള യൂണിറ്റുകൾ പുതുതായി തുടങ്ങാൻ സാഹചര്യമുണ്ടാകുകയാണെങ്കിൽ അവിടെ ഉത്പാദിപ്പിക്കുന്ന നൂൽ അവിടെത്തന്നെ തുണിയാക്കി മാറ്റാനും മറ്റ് ഉല്പന്നങ്ങളാക്കി മാറ്റാനും കഴിയുന്ന ഏറ്റവും അനുകൂലമായ സാഹചര്യം നിലനിൽക്കുകയാണ്. അത് പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ ടെക്സ്റ്റൈൽ മേഖലയ്ക്കുവേണ്ടി പൊതുവായിട്ടാണ് തുക പ്രഖ്യാപിച്ചിട്ടുള്ളത്. കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനുവേണ്ടി ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് ന്യായമായ വിഹിതം അനുവദിച്ചുതരാൻ അങ്ങ് നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഇന്ന്

കേരളത്തിലെ ടെക്സ്റ്റൈൽ മേഖല മുഴുവൻ പ്രതിസന്ധിയിലായിരിക്കുന്നു. കഴിഞ്ഞ ദിവസം എല്ലാ യൂണിയനുകളും പങ്കെടുത്തുകൊണ്ട് അവരുടെ ആശങ്കയുടെ ഭാഗമായി സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് നടത്തുകയുണ്ടായി. അതുകൊണ്ട് ടെക്സ്റ്റൈൽ മില്ലിലെ തൊഴിലാളികളുടെ മുടങ്ങിക്കിടക്കുന്ന ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കാനും അവരുടെ ആവശ്യങ്ങൾ സംബന്ധിച്ച് ചർച്ച നടത്താനും ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

11.00 A.M]

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കോട്ടയം ടെക്സ്റ്റൈൽ മില്ലിന് 35 വർഷത്തെ കാലപ്പഴക്കമുണ്ട്. 24956 സ്പിൻഡിൽ സ്ഥാപിതശേഷിയാണ് ഈ മില്ലിന് നിലവിലുള്ളത്. മെഷിനറികളുടെ കാലപ്പഴക്കവും തൊഴിലാളികളുടെ ഹാജരില്ലായ്മയുംമൂലമുള്ള വലിയ പ്രശ്നമാണ് ആ മില്ലിലുള്ളത്. ചില മില്ലുകളിൽ സ്ത്രീ തൊഴിലാളികൾ പണിയെടുക്കാൻ തയ്യാറാണെങ്കിലും കേന്ദ്ര തൊഴിൽനിയമം അനുകൂലമല്ലാത്തതുകൊണ്ട് രാത്രി ഷിഫ്റ്റിൽ അവരെ പണിയെടുപ്പിക്കാൻ കഴിയാത്ത സ്ഥിതിയും ഉത്പാദനശേഷിയെ ബാധിച്ചിട്ടുണ്ട്. 2016-17-ൽ 1.55 ലക്ഷം കിലോഗ്രാം നൂലും 2017-18-ൽ 3.25 ലക്ഷം കിലോഗ്രാം നൂലും ഉത്പാദിപ്പിച്ചുവെങ്കിലും മുൻകാല ഉത്പാദനത്തിന്റെ 40 ശതമാനത്തോളം മാത്രമാണ് ഇപ്പോൾ ഉത്പാദിപ്പിക്കാൻ കഴിയുന്നത്. ഇതുമൂലം പ്രവർത്തന മൂലധനത്തിൽ വൻചോർച്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി പുനഃസംഘടിപ്പിച്ച് എല്ലാ മില്ലുകൾക്കും കോട്ടൺ വാങ്ങി നൽകാൻ 15 കോടി രൂപ പ്രത്യേകം അനുവദിച്ചു നൽകി. കൈത്തറി മേഖലയിൽ നിന്ന് 11 കോടി രൂപയും കെ.എസ്.ഐ.ഡി.സി.-യിൽനിന്ന് 10 കോടി രൂപയും വായ്പയായി വാങ്ങി സീസണിൽ കോട്ടൺ മൊത്തമായി വാങ്ങി നൽകുന്നതിന് ഇപ്പോൾ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കോട്ടയം ടെക്സ്റ്റൈൽസിന് 2016-17-ൽ 2.76 കോടി രൂപയും 2017-18-ൽ 3.34 കോടി രൂപയും ഉൾപ്പെടെ 6.10 കോടി രൂപ അനുവദിക്കുകയുണ്ടായി. 2018-19-ലെ ബഡ്ജറ്റിൽ കോട്ടൺ പൊതുവായി വാങ്ങുന്നതിന് എല്ലാ സ്പിന്നിംഗ് യൂണിറ്റുകൾക്കുമായി 20 കോടി രൂപ ഉൾപ്പെടെ 96.20 കോടി രൂപ ടെക്സ്റ്റൈൽ മേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. നവീകരണ പ്രക്രിയയുടെ ഭാഗമായി കോട്ടയം ടെക്സ്റ്റൈൽസും ഘട്ടംഘട്ടമായി നവീകരിക്കുന്നതിനുള്ള പദ്ധതികൾ ആലോചിക്കുന്നതാണ്. അങ്ങ് പറഞ്ഞതുപോലെ, പൊതുവായി നീക്കിവച്ചിട്ടുള്ള ഈ സംഖ്യയിൽ നിന്നും എങ്ങനെ സഹായിക്കാൻ കഴിയുമെന്നുള്ള കാര്യം ഗവൺമെന്റ് പ്രത്യേകം പരിശോധിക്കും. ടെക്സ്റ്റൈൽ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിന്

സർക്കാർ ചുമതലപ്പെടുത്തിയ ശ്രീ. പി. നന്ദകുമാർ ചെയർമാനായ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്തിയതിന്റെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ മെഷിനറികളുടെ ഉല്പാദനക്ഷമത, തൊഴിൽക്ഷമത, വിഭവശേഷി വിനിയോഗം, മാനേജ്മെന്റ് ശക്തിപ്പെടുത്തൽ എന്നിവയാണ് പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്. സ്പിന്നിംഗ് മില്ലിലെ ആധുനിക വൽക്കരണത്തിനുവേണ്ടി 496.81 കോടി രൂപയുടെ പ്രൊപ്പോസലാണ് അവർ സമർപ്പിച്ചിട്ടുള്ളത്. ഇത്രയും തുക ഒറ്റയടിക്ക് കണ്ടെത്താൻ നമുക്ക് കഴിയില്ല. ഘട്ടംഘട്ടമായി ഇത് ഏറ്റെടുത്ത് നടത്തണമെന്നുതന്നെയാണ് കരുതുന്നത്. എൻ.സി.ഡി.സി. സഹായംകൂടി ഇക്കാര്യത്തിൽ ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നവീകരണ പ്രക്രിയയുടെ ഭാഗമായി കോട്ടയം ടെക്സ്റ്റൈൽ മില്ലിന്റെ കാര്യവും ഉൾപ്പെടുത്തും.

## (9) വന്യമൃഗ ശല്യം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ വന്യമൃഗശല്യം തടയുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. എന്റെ മണ്ഡലം കർണ്ണാടക, തമിഴ്നാട് അതിർത്തി പങ്കിടുന്നതാണ്. കടുത്ത വരൾച്ച അനുഭവപ്പെടുന്ന ഈ സാഹചര്യത്തിൽ വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ വൈകുന്നേരം 6.00 മണി മുതൽ നേരം പുലരുന്നതുവരെ കൃഷിയിടങ്ങളിലേയ്ക്കിറങ്ങി കർഷകരുടെ സ്വൈരജീവിതം തകർക്കുകയാണ്. ധാരാളം ആളുകളെ ആനയും കടുവയും കൊന്നു. ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ ഇടപെടൽ കുറഞ്ഞുവരുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. വന്യമൃഗങ്ങളെ നേരിടാനുള്ള ആയുധം കയ്യിലില്ലായെന്നുള്ളതാണ് അവരുടെ പരാതി. നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് വടക്കനാട്, വെള്ളുവാടി പ്രദേശത്ത് ഏകദേശം ഒരു മാസമായി കാട്ടാനയുടെ ശല്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു മാസം മുമ്പ് ഒരു ആദിവാസി വാച്ചറായ കരിയനെ ആന കൊന്നു. ഇതിനൊരു ശാശ്വതപരിഹാരം കണ്ടെത്തുന്നതിന് സർവ്വകക്ഷിയുടെ നേതൃത്വത്തിൽ കർഷകസമിതി രൂപീകരിച്ച് 17-3-2018-ന് രാവിലെ മുതൽ അവിടത്തെ പഞ്ചായത്ത് മെമ്പർ ശ്രീ. എ. കെ. മോഹനൻ, ശ്രീ. യു. സി. ഷൈൻ, നിഖിൽ ജോർജ് എന്നിവരും മതാദ്ധ്യക്ഷരും സർവ്വകക്ഷി നേതാക്കളും ആദിവാസി സുഹൃത്തുക്കളുമടക്കം എല്ലാവരെയും സംഘടിപ്പിച്ചുകൊണ്ട് 5 ദിവസമായി നിരാഹാര സമരം നടക്കുകയാണ്. സമരക്കാർ ഉന്നയിക്കുന്ന കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സമരനേതാക്കളെ വിളിച്ച് ചർച്ച നടത്തി പ്രശ്നത്തിന് പരിഹാരം കാണണമെന്നാണ് ആവശ്യപ്പെടുന്നത്. മാത്രമല്ല, കന്മതിലും റെയിൽ ഫെൻസിംഗും ഉൾപ്പടെയുള്ള സംവിധാനങ്ങൾ ചെയ്യണം. വയനാട്ടിൽ കന്മതിലുകൾ പരീക്ഷണം നടത്തി നന്നായി വിജയിച്ചിട്ടുണ്ട്. അങ്ങ് കഴിഞ്ഞ 2 മാസം മുമ്പ് യോഗം വിളിച്ച്

ഇതുമായി ബന്ധപ്പെട്ടുള്ള കാര്യത്തിൽ തീരുമാനം എടുത്തതാണ്. ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണം. വയനാട്ടിലെ കർഷകർ കൃഷി ഇറക്കുന്നുണ്ടെങ്കിലും വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നുവെന്നുള്ള ആശങ്ക നിലനിൽക്കുന്നതുകൊണ്ട് അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി <u>(ശ്രീ. കെ. രാജു):</u> സർ, ഇന്ന് ലോക വനദിനമാണ്. ആദ്യമായി ആ വിവരം എന്റെ പ്രിയ സുഹൃത്ത് ശ്രീ. ഐ. സി. ബാലകൃഷ്ണനെ ഓർമ്മിപ്പിക്കുകയാണ്. ഇന്ന് വനങ്ങൾ, വന്യജീവി ഇവയെല്ലാം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത നമ്മൾ ചർച്ച ചെയ്യുകയും അവയെ സംരക്ഷിക്കുമെന്നുള്ള പ്രതിജ്ഞയെടുക്കുകയും ചെയ്യേണ്ട ദിവസമാണ്. വയനാട് വന്യജീവി സങ്കേതത്തിൽപ്പെട്ട കുറിച്യാട്, സുൽത്താൻ ബത്തേരി, മുത്തങ്ങ എന്നീ റേഞ്ചുകൾ സുൽത്താൻ ബത്തേരി താലൂക്കിൽ ഉൾപ്പെട്ടുവരുന്നവയാണ്. വയനാട് വന്യജീവി സങ്കേതത്തിൽ നിലവിൽ 57 എൻക്ലോഷറുകളും 96 സെറ്റിൽമെന്റുകളും സ്ഥിതി ചെയ്യുന്നു. വനത്തിനുള്ളിലുള്ള എൻക്ലോഷറുകൾ ആയതിനാൽ വനത്തിൽനിന്ന് ആന, കടുവ തുടങ്ങിയ ജീവികൾ ഇടയ്ക്കിടക്ക് ഈ പ്രദേശങ്ങളിൽ ഇറങ്ങുന്ന പ്രവണതയുണ്ട്. ഇവയ്ക്കുപുറമെ, കാട്ടുപന്നി, മാൻ, കുരങ്ങ്, മലയണ്ണാൻ, മയിൽ എന്നിവയും ഈ പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ ഇറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്ന സ്ഥിതിയുണ്ട്. 2010-11 മുതൽ നാളിതുവരെ ആനയുടെ ആക്രമണത്തിൽ 10 പേരും കടുവയുടെ ആക്രമണത്തിൽ 3 പേരും പാമ്പുകടിയേറ്റ് 2 പേരും മരണപ്പെട്ടിട്ടുണ്ട്. അതോടൊപ്പം 69 പേർക്ക് പരിക്കേറ്റിട്ടുമുണ്ട്. മറ്റ് അപകടങ്ങളുമായി തുലനം ചെയ്താൽ വന്യജീവി ആക്രമണംമൂലം മരിക്കുന്നവരുടെ എണ്ണം തുലോം കുറവാണ്. 6433 കാർഷികവിള നഷ്ടപരിഹാര അപേക്ഷകളിൽ 297.18 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 7232 നഷ്ടപരിഹാര അപേക്ഷകളിൽ 537 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണം തടയുന്നതിനായി വിവിധ ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. ഈ പ്രദേശത്തെ പ്രശ്നക്കാരനായ ഒരു ആനയെ 13-3-2018-ൽ റേഡിയോ കോളർ ഘടിപ്പിച്ച് പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നിരീക്ഷിച്ചുവരുന്നുണ്ട്. പ്രസ്തുത ആന പകൽ കാട്ടിൽ ആയിരുന്നുവെങ്കിലും രാത്രി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങാൻ ശ്രമിച്ചപ്പോൾ ഉൾക്കാട്ടിലേയ്ക്ക് തുരത്തി ഓടിച്ചിട്ടുണ്ട്. രാത്രി വൈകി സഞ്ചരിക്കുന്ന നാട്ടുകാർക്ക് മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ്./ ഏർളി വാണിംഗ് സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുണ്ട്. ജനജാഗ്രതാ യോഗങ്ങളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന മറ്റ് പ്രതിരോധ മാർഗ്ഗങ്ങളും നടപ്പിലാക്കിവരുന്നുണ്ട്. സുൽത്താൻ ബത്തേരി മണ്ഡലത്തിൽ വടക്കനാട് ഗ്രാമനിവാസികൾ വന്യജീവി

ആക്രമണത്താൽ പൊറുതിമുട്ടുകയാണെന്നും അത് പരിഹരിക്കണമെന്നുമുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 17-3-2018-ന് വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസിലേയ്ക്ക് പ്രതിഷേധ റാലി നടത്തുകയുണ്ടായി. കൊട്ടിയൂർ മാതൃകയിൽ വൈദ്യുതിവേലിയോടുകൂടിയ കന്മതിൽ സ്ഥാപിക്കുക, വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് 50 ലക്ഷം രൂപ നഷ്ടപരിഹാരവും ആശ്രിതന് ജോലിയും നൽകുക, പരിക്കേൽക്കുന്നവർക്ക് ചികിത്സയും ഒരു ലക്ഷം രൂപ ധനസഹായവും നൽകുക, കന്നുകാലികൾക്ക് ഒരു ലക്ഷം രൂപയും ആടിന് 50,000 രൂപയും നഷ്ടപരിഹാരം നൽകുക തുടങ്ങിയ ആവശ്യങ്ങളാണ് അവർ ഉന്നയിച്ചത്. അന്ന് ഉച്ചയ്ക്ക് 03.00 മണി മുതൽ വൈൽഡ് ലൈഫ് ഓഫീസിനു മുമ്പിൽ ഉയർത്തിയ സമരപ്പന്തലിൽ ഇതേ ആവശ്യങ്ങൾ ഉന്നയിച്ച് നിരാഹാരസമരം നടന്നുവരികയാണ്. വയനാട് വൈൽഡ് ലൈഫ് വാർഡൻ സമരക്കാരെ നേരിൽ സന്ദർശിച്ചു. അദ്ദേഹം വയനാട് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇന്ന് ഒരു ആലോചനാ യോഗം വിളിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ ഫോറസ്റ്റ് ഉദ്യോഗസ്ഥരും ആ യോഗത്തിൽ പങ്കെടുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ വയനാട് ജില്ലയിലെ പ്രത്യേക സ്ഥിതിവിശേഷം പരിഗണിച്ചുകൊണ്ട് അവിടത്തെ എം.എൽ.എ.-മാരുടെയും ബന്ധപ്പെട്ടവരുടെയും യോഗം 27-ാം തീയതി തിരുവനന്തപുരത്തുതന്നെ വിളിക്കുന്നതിന് ആലോചിക്കുന്നുണ്ട്. മനുഷ്യജീവന് ആപത്ത് വരാത്തവണ്ണം സാധ്യമായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്. നാലായിരത്തോളം ആളുകൾ താമസിക്കുന്ന വയനാട് മാത്രം 36 കിലോമീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കേണ്ടതിന് 70 മുതൽ 100 കോടി രൂപ വരെ ചെലവ് വേണ്ടിവരുമെന്നുള്ള സ്ഥിതിയാണ്. എങ്കിൽപ്പോലും സാധ്യമായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

### (10) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. ഹൈബി ഈഡൻ: സർ, എറണാകുളം നഗരത്തിൽ കൊച്ചിൻ കോർപ്പറേഷന്റെ വാർഡ് നമ്പർ 63-ൽ ഗാന്ധിനഗർ എന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പി. ആൻഡ് ടി., ഉദയാ എന്നീ കോളനികളിൽ താമസിക്കുന്നവർക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി ഭൂമി നൽകി വീട് വച്ചുകൊടുക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

നിലവിൽ തൊണ്ണൂറോളം കുടുംബങ്ങളാണ് പി. ആൻഡ് റ്റി. കോളനിയിൽ അധിവസിക്കുന്നത്. ഇവർക്ക് നിലവിൽ പട്ടയമില്ല. സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഒ.ഡി.എഫ്. പദ്ധതി നടപ്പാകാത്ത ഒരു പ്രദേശം കൂടിയാണ്. അതിന് സാങ്കേതികമായ ഒരുപാട് കാരണങ്ങളുണ്ട്. കാൽ സെന്റ് മുതൽ ഒരു

സെന്റ് വരെയുള്ള സ്ഥലമാണ് ഓരോരുത്തരും കൈവശം വച്ചിട്ടുള്ളത്. അത് ഇന്റർ കണക്റ്റഡ് ആയിട്ടുള്ള വീടുകൾ ആയതുകൊണ്ടുതന്നെ മെയിന്റനൻസ് നടത്താനോ പബ്ലിക്ക് ടോയ്ലെറ്റുകൾ നിർമ്മിക്കാനോ സാധിക്കുന്നില്ല. ഒരു മഴ പെയ്താൽ പേരൻഡൂർ കനാലിൽനിന്നും കക്കൂസ് മാലിന്യമടക്കം മുഴുവൻ മാലിന്യങ്ങളും ഇവരുടെ വീടുകളിലേയ്ക്ക് കയറുന്ന സാഹചര്യമുണ്ട്. റോഡിൽനിന്ന് 15 അടി താഴ്ചയുള്ള ഒരു വെള്ളക്കുഴിയിലാണ് ഇവരെല്ലാം താമസിക്കുന്നത്. അതുകൊണ്ടുതന്നെ ഇഷ്ടികയുടെ മുകളിൽ കട്ടിലും ടി.വി.യും മറ്റ് സാമഗ്രികളുമെല്ലാം ഉയർത്തിപ്പിടിച്ച് കഴിയേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

ഇത് സംസ്ഥാനത്ത് ആദ്യംതന്നെ പരിഗണിക്കേണ്ട ഒരു കേസാണ്. അതുകൊണ്ടുതന്നെ ഇവരുടെ ജീവിതവും മാലിന്യ സംസ്കരണ തൊഴിലാളികളുടെ ജീവിതവും എറണാകുളം നഗരവുമായി ബന്ധപ്പെട്ട് ഉള്ളതായതുകൊണ്ടുതന്നെ, ഇതിന്റെ തൊട്ടടുത്തുള്ള, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ, ജി.സി.ഡി.എ.-യുടെ അധീനതയിലുള്ള 35 സെന്റ് സ്ഥലത്ത് ഇവർക്ക് വീട് വച്ച് കൊടുക്കണം. ഉദയാ കോളനിക്കാർക്ക് പട്ടയമുണ്ടെങ്കിലും ഇതേ സാഹചര്യം തന്നെയാണ്. അതുകൊണ്ട് ഈ രണ്ട് കോളനികളെയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ജി.സി.ഡി.എ.-യുടെ സ്ഥലം അനുവദിച്ച് അവർക്ക് വീട് പണിത് കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഉദയാ, പി. ആൻഡ് ടി. കോളനിയിലെ ഗുണഭോക്താക്കളുടെ പുനരധിവാസം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജി.സി.ഡി.എ.-യുടെ 7 കോടി രൂപയോളം വില വരുന്ന 35 സെന്റ് സ്ഥലത്ത് വീട് നിർമ്മിച്ച നൽകുന്ന പദ്ധതി ജി.സി.ഡി.എ. ചെയർമാൻ 6-3-2018-ന് പത്രസമ്മേളനം നടത്തി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ജി.സി.ഡി.എ.യുടെ അപേക്ഷ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. അനുകൂലമായ നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് അറിയിക്കുന്നു.

## V അനുശോചനം

### 39 ഇന്ത്യക്കാരെ ഐ.എസ്. ഭീകരർ കൊലപ്പെടുത്തിയത് സംബന്ധിച്ച്

മി. സ്പീക്കർ: ഇസ്ലാമിക് സ്റ്റേറ്റിന്റെ നിയന്ത്രണത്തിലായ ഇറാഖിലെ മൊസൂൾ നഗരത്തിൽനിന്ന് ഐ.എസ്. ഭീകരർ തട്ടിക്കൊണ്ടുപോയ 39 ഇന്ത്യക്കാരായ തൊഴിലാളികളെ 2014 ജൂണിൽ വെടിവച്ച് കൊലപ്പെടുത്തി. കൂട്ടക്കൊലയിൽനിന്ന്

തലനാരിഴയ്ക്ക് രക്ഷപ്പെട്ട ശ്രീ. ഹർജിത് മസിഹ് തന്റെ കൺമുന്നിൽ വച്ചാണ് അവരെ വെടിവച്ച് കൊന്നതെന്ന് വെളിപ്പെടുത്തിയിരിക്കുകയാണ്. കഴിഞ്ഞ നാല് വർഷമായി കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും നീണ്ട കാത്തിരിപ്പ് കണ്ണീരിൽ കുതിർന്ന് വ്യഥാവിലായി. കുടുംബം പോറ്റാൻ കഠിനമായ സാഹചര്യങ്ങളിൽ വിദേശത്ത് ജോലി ചെയ്തിരുന്ന നമ്മുടെ സഹോദരൻമാർ അതിക്രൂരമായി കൊല ചെയ്യപ്പെട്ട സംഭവം ഹൃദയഭേദകമാണ്. മാനവികതയ്ക്ക് എതിരായ കുറ്റകൃത്യങ്ങൾ അവസാനിപ്പിക്കേണ്ടതാണ്. സഭ ഈ സംഭവത്തിൽ ആശങ്കയും പ്രതിഷേധവും രേഖപ്പെടുത്തുന്നു. അപലപിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങയുടെ വാക്കുകളോട് പൂർണ്ണമായും യോജിക്കുകയാണ്. ഇറാഖിൽ മൂന്നര വർഷം മുമ്പ് ഐ.എസ്. ഭീകരരുടെ പിടിയിലായ 39 ഇന്ത്യക്കാരെ കൊലപ്പെടുത്തിയ സംഭവത്തെ നിയമസഭ ഒന്നടങ്കം അപലപിക്കേണ്ടത് തന്നെയാണ്. കുടുംബാംഗങ്ങളോട് നിയമസഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു. 2014 ജൂണിൽ ഇറാഖിലെ മൊസൂളിൽ ഭീകരർ ബന്ദികളാക്കിയ നിർമ്മാണ തൊഴിലാളികളെയാണ് ഇത്തരത്തിൽ കൂട്ടക്കൊല ചെയ്തിട്ടുള്ളത്. പഞ്ചാബിൽനിന്നുള്ള 27 പേരും ബീഹാറിൽനിന്നുള്ള 6 പേരും ഹിമാചൽ പ്രദേശിൽനിന്നുള്ള 4 പേരും ബംഗാളിൽനിന്നുള്ള 2 പേരുമാണ് ഇത്തരത്തിൽ കൊല്ലപ്പെട്ടിട്ടുള്ളത് എന്ന വിവരം പാർലമെന്റിൽ വിദേശകാര്യ മന്ത്രി ശ്രീമതി സുഷമാ സ്വരാജ് ഇപ്പോൾ വ്യക്തമാക്കിയിരിക്കുകയാണ്.

ഇത്തരം ദാരുണമായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ ആദ്യമായി ബന്ധുക്കളെ അറിയിക്കുകയാണ് വേണ്ടത്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി പാർലമെന്റിൽ നേരിട്ട് അറിയിക്കുന്ന രീതിയാണ് ഉണ്ടായിട്ടുള്ളത്. ബന്ധികളാക്കപ്പെട്ടവർ കൊല്ലപ്പെട്ടു എന്ന് രക്ഷപ്പെട്ട് ഇന്ത്യയിൽ മടങ്ങിയെത്തിയ ദൃക്സാക്ഷി ശ്രീ. ഹർജിത് മസിഹിന്റെ വെളിപ്പെടുത്തൽ കേന്ദ്ര സർക്കാർ ഇത്രയും കാലം അവഗണിക്കുകയായിരുന്നു. മാത്രമല്ല, ശ്രീ. ഹർജിത് മസിഹ് നുണ പറയുകയാണ് എന്ന് ആരോപിച്ചും കള്ളക്കേസ് ചാർജ് ചെയ്തും അദ്ദേഹത്തെ ജയിലിൽ അടയ്ക്കുകയും ചെയ്തു. ഈ പ്രശ്നം സംബന്ധിച്ച് പാർലമെന്റിൽ പ്രസ്താവന നടത്തേണ്ടി വന്ന സന്ദർഭങ്ങളിലെല്ലാം വസ്തുത സഭയിൽനിന്ന് മറച്ചുവയ്ക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിച്ചത്. ഇത് അങ്ങേയറ്റം ഖേദകരമാണ്. മനുഷ്യത്വരഹിതമായ നടപടിയായി മാത്രമേ ഇതിനെ കാണാൻ കഴിയുകയുള്ളൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. 3 വർഷം മുമ്പ് ഇറാഖിലെ മൊസൂളിൽ ഐ.എസ്. ഭീകരർ തട്ടിക്കൊണ്ടുപോയ 39 ഇന്ത്യൻ തൊഴിലാളികൾ കൊല്ലപ്പെട്ടു എന്നുള്ള വിവരം ഇന്നലെയാണ് വിദേശകാര്യ വകുപ്പുമന്ത്രി ശ്രീമതി സുഷമാ സ്വരാജ് പാർലമെന്റിനെ അറിയിച്ചത്. അവരുടെ ഭൗതിക ശരീരങ്ങൾ പ്രത്യേക വിമാനത്തിൽ ഇന്ത്യയിലേയ്ക്ക് കൊണ്ടു വരുമെന്നും അവർ പറഞ്ഞിട്ടുണ്ട്. 4 വർഷം മുമ്പാണ് 40 പേരെ തട്ടിക്കൊണ്ടു പോയത്. ഐ.എസ്. ഭീകരർ തട്ടിക്കൊണ്ടുപോയതിൽനിന്ന് ശ്രീ. ഹർജിത് മസിഹ് മാത്രമാണ് രക്ഷപ്പെട്ടത്. ശ്രീ. ഹർജിത് മസിഹ് തന്നെ നിരവധി അവസരങ്ങളിൽ തന്റെ കൺമുന്നിൽവച്ച് ഇന്ത്യൻ തൊഴിലാളികളെ വെടിവച്ചു കൊന്നു എന്നുള്ള വാർത്ത അറിയിച്ചിട്ടും കേന്ദ്ര ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ല. എന്നുമാത്രമല്ല ആ വിവരങ്ങൾ 4 വർഷമായി പാർലമെന്റിനെയും ബന്ധുക്കളെയും മറച്ചു വയ്ക്കുകയാണ് ചെയ്തത്. അതിന്റെ സത്യാവസ്ഥ അറിയാൻവേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളും ബന്ധുക്കൾ നടത്തിയിട്ടും കേന്ദ്രഗവൺമെന്റ് അക്കാര്യം മറച്ചുവയ്ക്കുകയാണ് ഉണ്ടായത്. ഇന്നലെ ഇറാഖ് ഗവൺമെന്റ് ഇക്കാര്യം പ്രഖ്യാപിക്കാൻ പോകുന്നുവെന്ന് അറിഞ്ഞതുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് ഇക്കാര്യം പ്രഖ്യാപിച്ചതെന്നാണ് എല്ലാ ദേശീയ വാർത്താമാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇറാഖ് അധികൃതരുടെ സഹായത്തോടുകൂടി നടത്തിയ ഒരു തിരച്ചിലിലാണ് ഡി.എൻ.എ. പരിശോധനയിലൂടെ ഇവരാണെന്ന് കണ്ടെത്തിയിട്ടുള്ളത്. പഞ്ചാബിലെ ആളുകൾ ധരിക്കുന്ന വള, നീണ്ട മുടി, ഐഡന്റിറ്റി കാർഡ് എന്നിവയെല്ലാം പരിശോധിച്ചപ്പോഴാണ് ഇത് മനസ്സിലാക്കാൻ കഴിഞ്ഞതെന്നാണ് ദേശീയ മാധ്യമങ്ങൾ വ്യക്തമാക്കുന്നത്. 46 മലയാളികളായ നഴ്സുമാരെ ഐ.എസ്. ഭീകരർ തട്ടിക്കൊണ്ടുപോയ സംഭവവും ഇതുപോലെയായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഫലപ്രദമായ ഇടപെടൽ നടത്തിയതുകൊണ്ട് മാത്രമാണ് നമുക്ക് അന്നവരെ മോചിപ്പിക്കാൻ കഴിഞ്ഞത് എന്നുള്ളത് ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. സമീപകാലത്ത് രാജ്യം നേരിട്ട ഒരു ദുരന്തമായി നമുക്ക് ഇതിനെ കണക്കാക്കാൻ കഴിയും. ഐക്യരാഷ്ട്രസഭ പോലും ശക്തമായി അപലപിച്ചിരിക്കുകയാണ്.

ഐ.എസ്. ഭീകരർ നടത്തിയ ഭീകരമായ ഈ കൊലപാതകം ഞെട്ടലോടു കൂടിയാണ് ലോകം ശ്രവിച്ചത്. തിരിച്ചു വരുമെന്നുകരുതി 4 വർഷമായി പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ബന്ധുക്കൾക്ക് ലഭിച്ചത് ഈ ക്രൂരമായ വാർത്തയാണ്. ക്രൂരവും പ്രാകൃതവുമായ ഈ നടപടി എല്ലാവരും ഒറ്റക്കെട്ടായി അപലപിക്കേണ്ടതാണ്. I express my deepest condolences to the bereaved families.

# VI റിപ്പോർട്ട് സമർപ്പണം

## 1. 2018 ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

## 2. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VII ക്രമപ്രശ്നം

### കിഫ്ബി വഴി സ്വരൂപിക്കുന്ന പണം വകമാറ്റൽ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ചട്ടം 303 പ്രകാരം താഴെപ്പറയുന്ന ക്രമപ്രശ്നം ഞാൻ ഉന്നയിക്കുന്നു. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 2016 ജൂലൈ 8-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 1999 കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (കിഫ്ബി) ആക്ടിൽ സമൂലമായ ഭേദഗതി വരുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കിഫ്ബിയെ സജ്ജമാക്കുമെന്ന് പ്രഖ്യാപിക്കുകയും അതിനു വേണ്ടി 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ നിയമസഭയിൽ അവതരിപ്പിച്ച് നിയമനിർമ്മാണം നടത്തുകയും ചെയ്തിട്ടുള്ളതാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ആക്ട് വഴി നിക്ഷേപം എന്ന രീതിയിൽ സമാഹരിക്കുന്ന തുകയും മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസ്സിന്റെയും ഒരു വിഹിതവും സർക്കാർ നൽകുന്ന ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും ഉൾക്കൊള്ളുന്ന ഈ നിധി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യത്തിനായി വിനിയോഗിക്കണമെന്നാണ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി നിയമത്തിന്റെ 3 (5) വകുപ്പിൽ സർക്കാർ

നൽകുന്ന പണമല്ലാതെ നിയമത്തിലെ വകുപ്പ് 3 (2)-ൽ പറയുന്ന എല്ലാ പണവും ബോർഡിന്റെ അംഗീകാരത്തോടെ ഒരു ദേശസാൽകൃത ബാങ്കിലോ അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപിക്കുകയോ മുതൽ-മുടക്കുകയോ ചെയ്യുമെന്നും ഏഴാം വകുപ്പ് പ്രകാരം സർക്കാർ നൽകുന്ന പണത്തിന്റെ ഭാഗം ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ യൂണിയന്റെയോ സംസ്ഥാനങ്ങളുടെയോ സോവറിൻ ബോണ്ടുകളിലോ സംസ്ഥാന ട്രഷറിയിൽ അല്ലാതെയുള്ള അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപിക്കുകയോ മുതൽമുടക്കുകയോ ചെയ്യാവുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ തുക ഒരു കാരണവശാലും സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ ഡിപ്പാർട്ട്മെന്റുകൾ വഴി ചെലവഴിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ധനകാര്യ വകുപ്പിൽനിന്നും പുറപ്പെടുവിച്ച 14-12-2017-ലെ സർക്കാർ ഉത്തരവ് പരിശോധിച്ചതിൽ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ കാലാകാലങ്ങളിൽ യഥാർത്ഥ ചെലവ് വഹിക്കാതെ ട്രഷറിയിൽ നിക്ഷേപിച്ചിരുന്ന 5630,14,90,699 രൂപയിൽ 3028,19,67,335 രൂപ സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും അതിൽത്തന്നെ കിഫ്ബിയുടേതായി ട്രഷറിയിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് നമ്പർ 177-ലുണ്ടായിരുന്ന 59,54,28,108 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുത്തെന്നും തുടർന്ന് 26-2-2018-ൽ സർക്കാർ ഉത്തരവുപ്രകാരം തിരിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിച്ചുവെന്നുമാണ് കാണുന്നത്. കിഫ്ബിയുടെ ആണിക്കല്ലാണ് ഇവിടെ ഇളകിയിരിക്കുന്നത്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 55-ാം ഖണ്ഡികയിൽ 2016 ജൂലൈ മാസം 8-ാം തീയതി, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത് കിഫ്ബി വഴി സമാഹരിക്കുന്ന പണം ഒരു കാരണവശാലും സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ ഡിപ്പാർട്ട്മെന്റുകൾവഴി ചെലവഴിക്കുകയോ ഇല്ല എന്നാണ്. എന്നാൽ കിഫ്ബിയുടെ അക്കൗണ്ടിൽ ഉള്ളതും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് യാതൊരു കാരണവശാലും മുതൽക്കൂട്ടാൻ പാടില്ലാത്തതുമായ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മുതൽക്കൂട്ടുകവഴി കിഫ്ബി ആക്ടിന്റേയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിന്റേയും സഭയ്ക്ക് നൽകിയ ഉറപ്പിന്റേയും നഗ്നമായ ലംഘനമാണ് നടത്തിയിട്ടുള്ളത്. നിയമപരമായി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ പാടില്ലാത്ത തുക മുതൽക്കൂട്ടുക വഴി സംസ്ഥാനത്തിന്റെ പൊതുഖജനാവിനെയും ഒരർത്ഥത്തിൽ ദുരുപയോഗം ചെയ്തിരിക്കുകയാണ്. കിഫ്ബിയിലേക്ക് നിക്ഷേപം എന്ന രീതിയിലും സർക്കാരിൽ നിന്നും ലഭിക്കുന്ന പണം എന്ന രീതിയിലുമുള്ള തുകകൾ ട്രഷറിയിൽ നിക്ഷേപിക്കരുതെന്നാണ് ആക്ടിലെ 3-ാം വകുപ്പ് വ്യവസ്ഥ ചെയ്തിരുന്നത്. കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മുതൽക്കൂട്ടിയ 59,54,28,108 രൂപ കിഫ്ബി ട്രഷറിയിൽ സ്പെഷ്യൽ ടി.എസ്.ബി.

അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിരുന്നത്. ഇത് ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനമാണ്. മൂന്നാമത്തേത്, ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 14-12-2017-ലെ സർക്കാർ ഉത്തരവ് പ്രകാരവും 8-3-2017-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1970-നുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പരിശോധിച്ചതിലും അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വരൂപിച്ച തുക യഥാർത്ഥ ചെലവ് വഹിക്കാതെ ട്രഷറിയിൽ സൂക്ഷിച്ചിരുന്നുവെന്ന് വ്യക്തമാണ്. കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റ് ആൻഡ് അഡ്വൈസറി കമ്മീഷൻ ഏപ്രിൽ 16 മുതൽ മാർച്ച് 17 വരെയുള്ള കിഫ്ബിയുടെ കണക്കുകൾ പരിശോധിച്ച്, ബോർഡിന്റെ ഫണ്ട് ബന്ധപ്പെട്ട നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരമാണ് ചെലവഴിച്ചിട്ടുള്ളതെന്നും മിച്ചമുള്ള പണം നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം നിക്ഷേപിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തി 24-1-2018-ൽ ഫിഡിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും ആയത് 2018-19-ലെ ബഡ്ജറ്റ് രേഖയോടൊപ്പം സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ട്രഷറിയിൽ അല്ലാതെ അപ്രകാരമുള്ള മറ്റു വിവേകപൂർവ്വമായ നിക്ഷേപങ്ങളിലാണ് നിക്ഷേപിക്കുകയോ മുതൽ മുടക്കുകയോ ചെയ്യേണ്ടതെന്നിരിക്കേ, പരിശോധനാ കാലയളവിൽ കിഫ്ബി തുകകൾ ട്രഷറിയിൽ നിക്ഷേപിച്ചിട്ടും ഇത്തരം നിക്ഷേപം നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തി നൽകിയതും ആ സാക്ഷ്യപത്രം സഭയിൽ സർക്കാർ സമർപ്പിച്ചതും ക്രമരഹിതമാണ്. ഈ സാഹചര്യത്തിൽ 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശം നമ്പർ 1(എ)-ക്ക് വിരുദ്ധമായുള്ള സർക്കാരിന്റേയും ധനകാര്യവകുപ്പു മന്ത്രിയുടേയും നടപടി ക്രമരഹിതമാണ്. ആയതിനാൽ ഇതിൽ അങ്ങയുടെ ശക്തമായ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, കിഫ്ബിയുടെ ഫണ്ടിൽ ഒരു ഭാഗം ട്രഷറിയിൽ സൂക്ഷിച്ചത് പൂർണ്ണമായും ക്രമപ്രകാരമാണ്. ആ സർട്ടിഫിക്കറ്റാണ് ഫിഡിലിറ്റി ട്രസ്റ്റ് ബോർഡ് നൽകിയിട്ടുള്ളത്. കിഫ്ബിക്ക് അടിസ്ഥാനപരമായി രണ്ടു തരത്തിലുള്ള വരുമാനമാണുള്ളത്. ഒന്ന്, ഏഴാം വകുപ്പുപ്രകാരം ബജറ്റ് വിഹിതത്തിൽ നിന്ന് സർക്കാർ കിഫ്ബിക്ക് നൽകുന്ന പലതരത്തിലുള്ള പണം; രണ്ട്, കിഫ്ബി പുറത്തുനിന്ന് എടുക്കുന്ന വായ്പകൾ, മറ്റു സ്ഥാപനങ്ങളിൽ നിന്ന് സമാഹരിക്കുന്ന ഫണ്ടുകൾ തുടങ്ങിയവ. ഭേദഗതി പ്രകാരം കിഫ്ബിയിൽ എത്തുന്ന പണം നിക്ഷേപിക്കുന്നത് സംബന്ധിച്ച് വകുപ്പ് 3 (5)-ലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വകുപ്പ് 7 പ്രകാരം ബഡ്ജറ്റ് വിഹിതത്തിൽ നിന്നും "സർക്കാർ നൽകുന്ന പണം ഒഴികെ" മറ്റു പണമെല്ലാം ബോർഡിന്റെ അംഗീകാരത്തോടെ ദേശസാൽകൃത ബാങ്കിലുള്ള സോവറിൻ ബോണ്ടുകളിലോ മറ്റു

പ്രൂഡന്റ് ഇൻവെസ്റ്റുമെന്റുകളിലോ നിക്ഷേപിക്കണം എന്നാണ് വ്യവസ്ഥ ചെയ്യുന്നത്. 'ബഡ്ജറ്റ് വിഹിതമായി റിലീസ് ചെയ്യുന്ന പണം ട്രഷറിയിൽ നിക്ഷേപിക്കാൻ പാടില്ല' എന്ന് കിഫ്ബി ആക്ട് വ്യവസ്ഥ ചെയ്യുന്നില്ല. ഇതിൽ ഉണ്ടാകുന്നത്, Proviso of sub-section 5, by way of an exception provides the money contributed by the Government, may also be invested in Nationalized Bank or Prudent Investment other than State Treasury. Therefore proviso essentially provides the money contributed by Government may kept in the Treasury or Nationalized Bank or other Prudent Investments. Whereas other source of funds can only be invested in Nationalized Bank on Prudent Investments. Sub-section 5 acts as a bar on the money available KIIFB other than the contribution by Government have been maintained in the Treasury. അതുകൊണ്ട് 'സർക്കാരിൽ നിന്ന് നൽകിയ പണം ട്രഷറിയിൽ സൂക്ഷിക്കാം' എന്ന് നിയമത്തിന്റെ പ്രൊവൈസോയിൽ exception കൊടുത്തിട്ടുണ്ട്. അതുപ്രകാരം മാത്രമേ ചെയ്തിട്ടുള്ളൂ. ടി.എസ്.ബി. അക്കൗണ്ടിൽ ഉള്ള മറ്റു ഫണ്ടുകൾ, റെസ്യൂം ചെയ്യേണ്ടത് റെസ്യൂം ചെയ്തു, മറ്റ് തിരിച്ചു കൊടുക്കേണ്ട പല ഫണ്ടും തിരിച്ചു കൊടുത്തിരിക്കുകയുമാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ പേജ് 18 ഐറ്റം നമ്പർ 55-ൽ കിഫ്ബി സമാഹരിക്കുന്ന പണം ഒരു കാരണവശാലും സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ, ഡിപ്പാർട്ട്മെന്റുകൾ വഴി ചെലവഴിക്കുകയോ ഇല്ല എന്നുള്ളത് നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്യുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: അതിനുശേഷമാണ് ആക്ട് വന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, കിഫ്ബിയുടെ വരുമാനം രണ്ടു തരത്തിലുള്ളതാണ്. ഒന്ന്, സംസ്ഥാന സർക്കാർ ഗ്രാന്റായോ, നികുതിയുടെ ഷെയറായോ നൽകുന്നത്. രണ്ട്, കിഫ്ബി നേരിട്ട് പുറത്തുനിന്നും സമാഹരിക്കുന്ന പണം. ബഡ്ജറ്റ് പ്രസംഗത്തിൽ വളരെ ബോധപൂർവ്വം തന്നെയാണ് പറഞ്ഞത്. കിഫ്ബി ഈ രീതിയിൽ സമാഹരിക്കുന്ന പണം, ഒരു പൈസപോലും സർക്കാർ ട്രഷറിയിലോ അല്ലെങ്കിൽ ഡിപ്പാർട്ട്മെന്റുകൾ വഴിയോ ചെലവഴിക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ആക്ടിൽ പറയുന്നത് പ്രൂഡന്റ് ഇൻവെസ്റ്റ്മെന്റ്സ് എന്നാണ്; പ്രൂഡന്റ് ഡെപ്പോസിറ്റ്സ് അല്ല. കിഫ്ബിയുടെ പണം ഏതെങ്കിലും ന്യൂജനറേഷൻ ബാങ്കുകളിലെ സേവിംഗ്സ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ? That is not a Prudent Investment, it is only a deposit. അങ്ങനെ ന്യൂജനറേഷൻ ബാങ്കുകളിൽ ഏതെങ്കിലും സേവിംഗ്സ് അക്കൗണ്ടിൽ പണം നിക്ഷേപിച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് പരിശോധിച്ച ശേഷം മറുപടി പറയാം.

## റൂളിംഗ്

മി. സ്പീക്കർ: ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം, കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (കിഫ്ബി) നിയമത്തിലെ വ്യവസ്ഥയനുസരിച്ച് സർക്കാർ സ്വീകരിച്ച നടപടികളിലെ അപാകതകൾ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സർക്കാർ നടപടികളെക്കുറിച്ച് വിശദീകരണം നൽകുകയുണ്ടായി. യഥാർത്ഥത്തിൽ സർക്കാർ ചില പ്രത്യേക കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് ചട്ടം 303 പ്രകാരം ക്രമപ്രശ്നങ്ങൾ അനുവദനീയമല്ല. എന്നാൽ ഇവിടെ ഈ ക്രമപ്രശ്നം അനുവദിച്ചത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതിന് വിരുദ്ധമായ നടപടി ധനകാര്യവകുപ്പ് സ്വീകരിച്ചിരിക്കുന്നുവെന്ന ആക്ഷേപം ബഹുമാനപ്പെട്ട അംഗം തന്റെ നോട്ടീസിലൂടെ ഉന്നയിച്ചതുകൊണ്ടു മാത്രമാണ്. ചെയർ ഇക്കാര്യങ്ങൾ പരിശോധിച്ചു. ബഹുമാനപ്പെട്ട മന്ത്രി നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒരു നടപടിയും ധനകാര്യവകുപ്പ് സ്വീകരിച്ചിട്ടില്ലെന്ന് വിശദമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

# VIII ധനകാര്യം

## 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX -ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2018-19 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018-2019 സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XX | ശുദ്ധജല വിതരണവും ശുചീകരണവും | 452,46,77,000 | 1041,26,00,000 | 1493,72,77,000 |
| XXIX | കൃഷി | 3636,75,59,000 | 341,76,27,000 | 3978,51,86,000 |
| XXXVIII | ജലസേചനം | 436,34,27,000 | 405,10,22,000 | 841,44,49,000 |

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XX
## ശുദ്ധജലവിതരണവും ശുചീകരണവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. പി. ടി. തോമസ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രഖ്യാപിക്കപ്പെട്ട കുപ്പിവെള്ള ഉല്പാദന പദ്ധതി നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിൽ വീഴ്ചയുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കുടിവെള്ളം മലിനമാകുന്നതു തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കുടിവെള്ള മോഷണം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അതിരൂക്ഷമായ വരൾച്ചയും കുടിവെള്ള പ്രശ്നവും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കടുത്ത വരൾച്ച മൂലമുണ്ടായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കൊടും വരൾച്ചയെ നേരിടുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലസ്രോതസ്സുകൾ പരിപാലിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസംരക്ഷണത്തിനും ജലസ്രോതസ്സുകളുടെ ദുരുപയോഗം തടയുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ 50% പുഴകളും തോടുകളും കിണറുകളും ഉപയോഗ ശൂന്യമായിട്ടും അവയെ പുനരുജ്ജീവിപ്പിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അനിയന്ത്രിതമായ കുഴൽക്കിണർ നിർമ്മാണം മൂലം ഭൂഗർഭജലനിരപ്പ് താഴുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായി മഴവെള്ള സംഭരണികൾ വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1493,72,77,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നെൽകൃഷിയുടെ പ്രോത്സാഹനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ചയുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നെൽകൃഷി ചെയ്യുന്ന കൃഷിഭൂമിയുടെ വിസ്തൃതി കുറയുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നെൽവയലിന് റോയൽറ്റി നൽകും എന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നാളികേര കൃഷി പ്രോത്സാഹിപ്പിക്കാൻ കോടികണക്കിന് രൂപ ചെലവഴിച്ചിട്ടും നാളികേര ഉത്പാദനം 2016-17 ലെ 5873 ദശലക്ഷത്തിൽ നിന്നും 2017-18-ൽ 5384 ദശലക്ഷമായി കുറഞ്ഞതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തെങ്ങുകളെ കാറ്റുവീഴ്ച രോഗത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റബ്ബർ വിലസ്ഥിരത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 500 കോടി രൂപയിൽ 73.34 കോടി രൂപ മാത്രമേ ചെലവഴിച്ചുള്ളൂ എന്നു പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റബ്ബർ കർഷകരും മറ്റു നാണ്യവിള കർഷകരും ഗുരുതരമായ പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ നാണ്യവിളകളായ റബ്ബർ, കുരുമുളക്, ഏലം എന്നിവയുടെ വില കുത്തനെ ഇടിയുന്ന സാഹചര്യത്തിൽ ക്രിയാത്മകമായ നടപടികളിലൂടെ കർഷകരെ സംരക്ഷിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നാണ്യവിളകളുടെ വിലയിടിവ് തടയാത്തതിനെ തുടർന്ന് കർഷകർക്കുണ്ടായതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും കീടനാശിനി ഉപയോഗിക്കുന്നത് തടയാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവനുകൾ പുതിയ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കർഷക പെൻഷൻ മുടങ്ങുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കർഷക പെൻഷൻ വർദ്ധിപ്പിക്കുന്നതിനും യഥാസമയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ ജില്ലകളിൽ കർഷക ആത്മഹത്യകൾ നടന്നിട്ടും അതു തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പരമ്പരാഗത കൃഷിരീതികൾക്ക് പകരം ആധുനിക സാങ്കേതിക വിദ്യകളും ഉല്പാദന തന്ത്രങ്ങളും കർഷകർക്ക് പരിചയപ്പെടുത്തുന്നതിൽ വകുപ്പുതല ഏകോപനം ഇല്ലാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷിക ഗവേഷണഫലങ്ങൾ സാധാരണക്കാരായ കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് യഥാസമയം ധനസഹായം നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാർഷിക രംഗത്ത് സമസ്ത മേഖലകളിലും തളർച്ച നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. റോജി. എം. ജോൺ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3978,51,86,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVIII

### ജലസേചനം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. വി. ഡി. സതീശൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്നും കേരളത്തിന് കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പറമ്പിക്കുളം-ആളിയാർ കരാർ ലംഘനം തടയാൻ അടിയന്തര നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിലവിലുള്ള ജലസേചന പദ്ധതികളുടെ പ്രവർത്തനം ഇഴഞ്ഞു നീങ്ങുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ ജലസേചന പദ്ധതികളിൽ നിന്നും ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കാത്ത സാഹചര്യമുള്ളതായും പുതിയ പദ്ധതികൾ ആവിഷ്കരിക്കാത്തതായും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കുടിവെള്ള പദ്ധതികളും ജലസേചന പദ്ധതികളും മുടങ്ങി കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലസേചന പദ്ധതികൾ സ്ഥാപിക്കുന്നതിന് കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് പുനരധിവാസ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം ഉള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലനിധിപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദീതടങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദികളും നദീതീരവും സംരക്ഷിക്കാൻ ജില്ലാതല വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദികളുടെ സംരക്ഷണത്തിന് പരിസ്ഥിതിക്ക് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദികളും തോടുകളും കായലുകളും മലിനമാകുന്നതു തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വരൾച്ചമൂലം കൃഷിനാശം സംഭവിക്കുന്നത് തടയാൻ വേണ്ടി ചെക്ക്ഡാമുകൾ നിർമ്മിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടികുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 841,44,49,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ്: സർ, ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. 'ജയ് ജവാൻ ജയ് കിസാൻ' എന്ന് ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി വിശേഷിപ്പിച്ചത് കർഷക ജനതയെയാണ്. ഇന്ത്യാ രാജ്യത്തെ 57

ശതമാനത്തോളം വരുന്ന കർഷക ജനത ഇന്ന് അസ്വസ്ഥരാണ്, ആരുടേയും സഹായമില്ലാതെ അവർ കഷ്ടപ്പെടുകയാണ്. കർഷകരുടെ ക്ഷേമം നോക്കുന്ന തിനേക്കാൾ കോർപ്പറേറ്റ് താല്പര്യങ്ങൾ സംരക്ഷിക്കുന്ന നയം സ്വീകരിക്കുന്നതാണ് നല്ലതെന്ന് കരുതിയാണ് മുൻ പ്രധാനമന്ത്രി നരസിംഹറാവു മുതൽ നരേന്ദ്ര മോദി വരെ ഒരേ നയം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി കർഷകർ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യ ഉത്പന്നങ്ങളും നാണ്യവിളകളും എല്ലാം ഇന്ന് ഇറക്കുമതി ചെയ്തു കൊണ്ടിരിക്കുകയാണ്. തത്ഫലമായി കാർഷിക ഉത്പന്നങ്ങൾക്ക് വൻ തോതിൽ വിലത്തകർച്ച ഉണ്ടായിരിക്കുന്നു. രാസവളത്തിന് വില വർദ്ധനവുണ്ടാക്കി; ഡീസൽ പെട്രോൾ വിലക്കയറ്റം സർവ്വ സാധാരണയാക്കി; സംഭരണമില്ലായ്മയും ഇന്ന് സാധാരണയാണ്. കാർഷിക മേഖലയോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണന, സർക്കാരിന്റെ ഫണ്ടിൽ വെട്ടിക്കുറവ്, ബാങ്ക് വായ്പയുടെ അപര്യാപ്തത, ജപ്തി നടപടികൾ ഇതെല്ലാം കൃഷിക്കാരെ നേരിട്ട് വലിയ തോതിൽ ബാധിച്ചിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി.പി. സജീന്ദ്രൻ)

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ് ഈ നയങ്ങൾ കൊണ്ടുവന്നതെന്ന പ്രസക്തമായ കാര്യം നമുക്ക് കാണാതിരിക്കാൻ കഴിയുമോ? കൃഷിക്കാരെ ദുരിതത്തിലേയ്ക്ക് തള്ളിവിട്ടത് നരസിംഹറാവു ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള പുത്തൻ കാർഷിക സാമ്പത്തിക നയമാണ്. അന്ന് ഈ സാമ്പത്തിക നയത്തെ എതിർക്കാൻ ഇന്ത്യയിലാദ്യമായി മുന്നോട്ടു വന്നത് സി.പി.ഐ(എം)-ന്റെ അന്നത്തെ ജനറൽ സെക്രട്ടറി സഖാവ് ഹർകിഷൻ സിംഗ് സുർജിത്ത് ആയിരുന്നു. ഈ നയംമൂലം ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ കൃഷിക്കാർ ആത്മഹത്യയിലേയ്ക്ക് പോകുന്നതു പോലെ ഇന്ത്യയിലെ കൃഷിക്കാരെയും ആത്മഹത്യയിലേയ്ക്ക് നയിക്കുമെന്നും അത് തിരുത്തണമെന്നുമാണ് അദ്ദേഹം നരസിംഹറാവുവിനോട് ആവശ്യപ്പെട്ടത്. എന്നാൽ, നരസിംഹറാവു 18 ഭാഷകൾ അറിയുന്ന ആളും ബുദ്ധിജീവിയുമാണെന്നും അദ്ദേഹത്തിന്റെ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കുന്നത് ഏറ്റവും വലിയ സാമ്പത്തിക ശാസ്ത്രജ്ഞനും റിസർവ് ബാങ്കിന്റെ ഗവർണ്ണറും വേൾഡ് ബാങ്കിന്റെ ഡയറക്ടറും ആയിരുന്ന ഡോ. മൻമോഹൻ സിംഗ് ആണെന്നും ബുദ്ധിജീവിയും സാമ്പത്തിക ശാസ്ത്രജ്ഞനും കൂടിച്ചേർന്നാണ് ഈ നയങ്ങൾ നടപ്പിലാക്കുന്നതെന്നും അത് ഇന്ത്യയെ പുരോഗതിയിലേയ്ക്ക് നയിക്കുമെന്നും കോൺഗ്രസ് അവകാശപ്പെട്ടിരുന്നു. ഇടതുപക്ഷ പാർട്ടിക്കാർ എന്തുചെയ്യുകയാണെങ്കിലും മൂക്കുമുറിച്ച് ശകുനം മുടക്കുന്ന നിലപാടാണ് സ്വീകരിക്കുകയെന്നും അത് ഇന്ത്യൻ ജനത തള്ളിക്കളയണം എന്നുമല്ലേ കോൺഗ്രസ് നേതാക്കൾ കൂട്ടത്തോടെ ആവശ്യപ്പെട്ടത്. സാമ്പത്തിക നയം നടപ്പിലാക്കിയിട്ട് 25 കൊല്ലമായി, ആ നയത്തിന്റെ ഭാഗമായി 2.5 ലക്ഷം കൃഷിക്കാർ ഇന്ത്യയിൽ ആത്മഹത്യ ചെയ്തിരിക്കുന്നു. അതിൽ എന്തെങ്കിലും തരത്തിലുള്ള പ്രയാസം കോൺഗ്രസിനും അത് നടപ്പിലാക്കിയ

ആളുകൾക്കുമുണ്ടോ? ഇന്നും അഭംഗുരം ആ നയം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യാ രാജ്യത്തെ പാവപ്പെട്ട കൃഷിക്കാർ ആരാലും ശ്രദ്ധിക്കപ്പെടാതെ നട്ടം തിരിയുകയാണ്. തെറ്റായ കാർഷിക നയമായിരുന്നുവെന്ന് നിങ്ങൾ ഇപ്പോഴെങ്കിലും പറയുന്നുണ്ടോയെന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. കേരളത്തിൽ 'ആസിയാൻ' കരാർ നടപ്പിലാക്കിയപ്പോൾ, ആ കരാറിനെതിരെ ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി വൻതോതിൽ പ്രചരണം സംഘടിപ്പിച്ചു. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ മനുഷ്യച്ചങ്ങല സംഘടിപ്പിച്ചു. ലക്ഷക്കണക്കിന് ജനവിഭാഗങ്ങൾ അതിൽ കണ്ണികളായി. എന്നാൽ മനുഷ്യച്ചങ്ങല കൊണ്ട് ഒരു കാര്യവുമില്ല, കേരളത്തിലെ കൃഷിക്കാർക്ക് നല്ലകാലം വരാൻ പോകുകയാണ്, റബ്ബറിന്റെയും കുരുമുളകിന്റെയും മറ്റു നാണ്യവിളകളുടെയും വില കുറയ്ക്കാൻ ഒരു ശക്തിക്കും കഴിയില്ല; ഈ പ്രചരണം തെറ്റാണെന്ന് നാടുനീളെ ജാഥ സംഘടിപ്പിച്ചും  പൊതുയോഗം സംഘടിപ്പിച്ചും യു.ഡി.എഫും കോൺഗ്രസും വാതോരാതെ പ്രസംഗിച്ചു.  എന്നാൽ ഇപ്പോൾ റബ്ബർ കൃഷിക്കാരുടെ സ്ഥിതിയെന്താണ്? ഒരു കിലോ റബ്ബറിന് 260 രൂപയുണ്ടായിരുന്നത് 110 രൂപയിലേയ്ക്ക് താഴ്ന്നു. റബ്ബറിന്റെ വില ചുരുങ്ങുകയാണെങ്കിൽ സൂര്യൻ തെക്ക് വടക്ക് ഉദിക്കുമെന്നാണ് കോൺഗ്രസ് നേതാക്കൾ പ്രസംഗിച്ചത്. സൂര്യൻ ഇപ്പോഴും കിഴക്ക് പടിഞ്ഞാറ് തന്നെയാണ് ഉദിക്കുന്നത്.  റബ്ബറടക്കം എല്ലാ നാണ്യവിളകളുടെയും വില പോയില്ലേ, കോൺഗ്രസിന് എന്തെങ്കിലും പറയാനുണ്ടോ? ഡോ. മൻമോഹൻ സിംഗ് പത്ത് കൊല്ലം രാജ്യം ഭരിച്ചിട്ടും കൃഷിക്കാർക്കുവേണ്ടി എന്തെങ്കിലും ചെയ്തോ? ഒന്നും ചെയ്തില്ല. രാജ്യത്ത് ആത്മഹത്യകൾ വർദ്ധിച്ചു.  ഇന്ത്യയിലെ കൃഷിക്കാരെ ഇത്തരത്തിൽ ദ്രോഹിച്ച ഒരു പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ് അല്ലാതെ മറ്റൊരു പാർട്ടിയുമല്ല എന്നുതന്നെ പറയാൻ സാധിക്കും.  ഇന്ത്യാ രാജ്യത്ത് ഇത്രയും കർഷക ആത്മഹത്യകളും കർഷകദ്രോഹ നടപടികളും തുടരുമ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്ലീനറി സമ്മേളനം ഡൽഹിയിൽ നടന്നു.  ആ സമ്മേളനത്തിലെങ്കിലും ആത്മഹത്യ ചെയ്ത കൃഷിക്കാരോട് അനുഭാവം പ്രകടിപ്പിച്ച് ഒരു  അനുശോചനമെങ്കിലും നിങ്ങൾ രേഖപ്പെടുത്തിയോ? പതിനായിരക്കണക്കിന് കൃഷിക്കാർ ഈ ദുർനയങ്ങൾകൊണ്ട് ആത്മഹത്യ ചെയ്തു, മരണപ്പെട്ടു, അവർ ജീവൻ വെടിഞ്ഞതിൽ ഞങ്ങൾ അനുശോചനം രേഖപ്പെടുത്തുന്നു എന്നെങ്കിലും പറയാനുള്ള സന്മനസ്സ് കോൺഗ്രസിനുണ്ടായോ?

ശ്രീ. റോജി എം.  ജോൺ: സർ, ഡൽഹിയിൽ നടന്ന പ്ലീനറി സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങൾ അങ്ങ് കാണുകയെങ്കിലും ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. വി. വിജയദാസ്: സർ, അതൊക്കെ ഞാൻ  വായിച്ചു. കാർഷിക മേഖലയോട് പ്രത്യേകിച്ച്  കർഷകർക്ക് അനുശോചനം  രേഖപ്പെടുത്തിയോ എന്നാണ് ഞാൻ ചോദിച്ചത്.  ഇന്ത്യയിലെ 57 ശതമാനം വരുന്ന കൃഷിക്കാരോട് കോൺഗ്രസ്സിന്

ഇത്രയേ താല്പര്യമുള്ളൂ എന്നതാണ് യാഥാർത്ഥ്യം. കർഷക പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൃഷിക്കാർ സമരം നടത്തുമ്പോൾ, യു.പി.-യിലെ പാവപ്പെട്ട കൃഷിക്കാരൻ കടമെടുത്ത മുപ്പതിനായിരം രൂപ തിരിച്ചടയ്ക്കാത്തതിനാൽ ട്രാക്ടർ നെഞ്ചത്തുകയറ്റി കൊല്ലുകയാണ് ബി.ജെ.പി. ഗവൺമെന്റ് ചെയ്തത്. യു.ഡി.എഫ്.-നും കോൺഗ്രസിനും അവിടെയെങ്കിലും പോയി നോക്കിക്കൂടെ? ഇന്ത്യയിലെ മുഴുവൻ കൃഷിക്കാരെയും വലിയ തോതിൽ അടിച്ചമർത്തുകയാണ്. ഭീകരമായ നിയമങ്ങൾ അവിടെയുണ്ടാകുന്നു. അതിൽ കോൺഗ്രസ്സിന് ഒരു ശ്രദ്ധയുമില്ല. ഈ രാജ്യത്തെ കൃഷിക്കാരുടെ താല്പര്യം സംരക്ഷിക്കാൻ കോൺഗ്രസ്സിന് സാധിക്കില്ലെന്നാണ് ഇവിടെ തെളിഞ്ഞത്.

കോൺഗ്രസ്സിന്റെ അതേ നയങ്ങൾ തന്നെയാണ് ശ്രീ. നരേന്ദ്ര മോദിയും നടപ്പാക്കുന്നത്. മോദി സർക്കാർ അധികാരത്തിൽ വരുന്നതിനുവേണ്ടി പാവപ്പെട്ട കൃഷിക്കാർക്ക് ഉല്പാദന ചെലവിന്റെ ഒന്നര ഇരട്ടി താങ്ങുവില കൊടുക്കുമെന്ന് പറഞ്ഞു. ഒന്നര ഇരട്ടി പോയിട്ട് ഒന്നും കൊടുത്തില്ല. പാവപ്പെട്ട കൃഷിക്കാർ താങ്ങുവില ലഭിക്കാതെ രൂക്ഷമായ വിലത്തകർച്ചമൂലം നരകയാതന അനുഭവിക്കുന്നു. അങ്ങനെ അനുഭവിക്കുമ്പോഴാണ് 13000 കോടി രൂപയുമായി നീരവ് മോദിയും 9000 കോടി രൂപയുമായി വിജയ് മല്ല്യയും രാജ്യം വിട്ടത്. ഇത് നോക്കിയിരിക്കുകയല്ലാതെ ഒരു കാര്യവും ഗവൺമെന്റ് ചെയ്തില്ല. പാവപ്പെട്ട കൃഷിക്കാരൻ പണം അടച്ചില്ലെങ്കിൽ ജപ്തി നടപടി സ്വീകരിക്കുന്നു, അവന്റെ നെഞ്ചത്തുകൂടി ട്രാക്ടർ കയറ്റിക്കൊല്ലുന്നു. ഇതിനെതിരെ ചെറുവിരൽ അനക്കാൻ കോൺഗ്രസ്സിന് അപ്പോഴും കഴിഞ്ഞില്ല. രാജ്യത്തെ ജനങ്ങളുടെമേൽ നടപ്പാക്കുന്ന കർഷക വിരുദ്ധ, ജനവിരുദ്ധ നയങ്ങൾക്കെതിരെ അതിശക്തമായ പോരാട്ടങ്ങൾക്കാണ് മഹാരാഷ്ട്രയിലെ കർഷകർ മാതൃക കാണിച്ചത്. പതിനായിരക്കണക്കിന് കൃഷിക്കാർ രാവും പകലുമില്ലാതെ അവിടെ ആറു ദിവസം നീണ്ടുനിൽക്കുന്ന ഒരു ലോംഗ് മാർച്ച് നടത്തി. അവരുടെ പ്രശ്നങ്ങൾ രാജ്യത്തെ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കാനും അവർക്ക് കഴിഞ്ഞു. ആത്മഹത്യ അല്ല പോരാട്ടമാണ് പരിഹാരമെന്ന സന്ദേശം ഇന്ത്യയിലെ മുഴുവൻ കൃഷിക്കാർക്കും കൊടുക്കാൻ മഹാരാഷ്ട്രയിലെ കർഷകർക്ക് സാധിച്ചു. ഇത് ഇന്ത്യയിലെ ജനങ്ങൾക്ക് നൽകുന്ന നല്ലൊരു സന്ദേശമാണ്. ഇന്ത്യയിലെ കർഷകരോടുള്ള അവഗണന തുടരുമ്പോൾ കേരളത്തിൽ എല്ലാ കാര്യങ്ങളും നല്ല രീതിയിൽ നടപ്പിലാക്കാൻ സാധിച്ചു. കേരളത്തിൽ കർഷക ആത്മഹത്യയില്ല. കടാശ്വാസ നിയമം നടപ്പിലാക്കി. നെല്ല് സംഭരണവും നാളികേര സംഭരണവും നടത്തി. റബ്ബർ സംഭരണം നടത്താൻ തീരുമാനിച്ചു. കൃഷിക്കാർക്ക് ബോണസ് കൊടുക്കാൻ തീരുമാനിച്ചു.

മി. ചെയർമാൻ : പ്ലീസ്, ദയവായി അവസാനിപ്പിക്കൂ.

ശ്രീ. കെ. വി. വിജയദാസ്: സർ, കാർഷിക മേഖലയിൽ ഇപ്പോൾ നല്ല പ്രതീക്ഷയാണുള്ളത്. കേരള ഗവൺമെന്റ് പതിനായിരക്കണക്കിന് ഏക്കർ നികത്തിയ കൃഷിഭൂമി തിരിച്ചുപിടിച്ച് ആറന്മുള ബ്രാന്റ് അരി കൊടുക്കാൻ തീരുമാനിച്ചു. കേരളത്തെ ഹരിത കേരളമായി നിലനിർത്താൻ ഈ ഗവൺമെന്റ് നല്ല നിലപാട് സ്വീകരിച്ചു. ഈ നാട്ടിലെ പാവപ്പെട്ട കൃഷിക്കാരുടെ താല്പര്യം സംരക്ഷിക്കുന്നതോടൊപ്പം കുടിവെള്ളവും സംരക്ഷിക്കണം. കുടിവെള്ളവും ജലസേചനവും കൃഷിയും ഒരു വകുപ്പാക്കി ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടുവരണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ രാജ്യത്ത് കൃഷിയും ജലസേചനവും അവിഭാജ്യ ഘടകമാണ്. എങ്കിൽ മാത്രമേ കൃഷിയെയും ജലസേചനത്തെയും രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളൂ. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിനും വെള്ളം ലഭിക്കുന്നില്ല. അക്കാര്യത്തിൽക്കൂടി ഇടപെട്ട് കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി വാട്ടർ ബഡ്ജറ്റിംഗ് നടത്തി റിവർ ബേസിൻ നടപടികൾ ഏറ്റെടുക്കാൻ തയ്യാറാകണം എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. മാർച്ച് 22-ാം തീയതി ലോക ജലദിനമാണ്. ലോകത്തിലെ മൊത്തം ജലം 100 ലിറ്റർ എന്ന് സങ്കല്പിച്ചാൽ കേവലം 0.003 ലിറ്റർ, അതായത് അര ടീസ്പൂൺ മാത്രമേ ശുദ്ധജലമുള്ളൂ എന്ന് കണക്കാക്കിയിരിക്കുന്നു. 2050-ഓടുകൂടി ലോകജനസംഖ്യയുടെ പകുതിയിലധികം പേരും കുടിവെള്ള ക്ഷാമത്തിന്റെ പിടിയിലാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2025 ആകുമ്പോൾ ഇന്ത്യ ഉൾപ്പെടെ ഏകദേശം 40 ശതമാനത്തോളം വരുന്ന ലോക ജനസംഖ്യ ഉൾപ്പെടുന്ന 55 രാജ്യങ്ങളിലുള്ള 320 കോടിയോളം ജനങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന്റെ പിടിയിലകപ്പെടുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. തെക്കേ ഇന്ത്യയുടെ ജലഗോപുരമെന്നാണ് പശ്ചിമഘട്ടം അറിയപ്പെടുന്നത്. മഴക്കാലത്ത് പെയ്യുന്ന ജലത്തെ സൂക്ഷിച്ചുവച്ച് വേനൽക്കാലത്ത് അരുവികളായി, പുഴകളായി സമതലങ്ങളിലേയ്ക്ക് ഒഴുകിയെത്തുന്ന ഈ സംവിധാനം ഇന്ന് തകർച്ചയുടെ വക്കിലാണ് എത്തിനിൽക്കുന്നത്. ഭാരതപ്പുഴയടക്കം കേരളത്തിലെ ചെറുതും വലുതുമായ പുഴകളിലെ ജലസ്രോതസ് അനുദിനം കുറഞ്ഞു വരികയാണ്. പശ്ചിമഘട്ടം നല്ല നിലയിൽ സംരക്ഷിക്കുന്നില്ലെങ്കിൽ വളരെ ദൂരവ്യാപകമായ പ്രത്യാഘാതം കേരളം ഉൾപ്പെടെയുള്ള തെക്കൻ സംസ്ഥാനങ്ങളിലുണ്ടാകും. അതുകൊണ്ട് പശ്ചിമഘട്ടം സംരക്ഷിക്കാനുള്ള നടപടി ഗൗരവതരമായി കാണണം എന്നു ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. അന്തരീക്ഷത്തിലേയ്ക്ക് തള്ളുന്ന കാർബൺഡയോക്സൈഡിന്റെ അളവ് കുറയ്ക്കാനും ഊർജ്ജ ഉപയോഗം കഴിയുന്നത്ര കുറച്ചുകൊണ്ടുവരാനും ശ്രദ്ധ വയ്ക്കുന്നില്ലെങ്കിൽ ഈ പ്രശ്നം കൂടുതൽ വഷളാകും. സാമൂഹ്യ വനവത്കരണ നടപടികളിലൂടെ മാത്രമേ കാലാവസ്ഥാ

വ്യതിയാനത്തെ നമുക്ക് നേരിടാൻ കഴിയൂ. പ്രശസ്ത അന്തരീക്ഷ സമുദ്ര ഗവേഷണ സ്ഥാപനമായ നോവ 2015-ൽ താപനിലയെ സംബന്ധിച്ച് പുറത്തുവിട്ട റിപ്പോർട്ടിലെ കണക്ക് പ്രകാരം 135 വർഷങ്ങൾക്കിടയിൽ ഏറ്റവും കൂടിയ ചൂട് ഈ കാലഘട്ടത്തിലാണെന്ന് പറഞ്ഞിട്ടുണ്ട്. ലോകത്തിലെ ഏറ്റവും കൂടുതൽ മഴ കിട്ടുന്ന പ്രദേശങ്ങളിലൊന്നാണ് കേരളമെങ്കിലും കുടിവെള്ളം കിട്ടാത്ത അവസ്ഥ നേരിട്ടിരിക്കുകയാണ്. ഇത്തരം സാഹചര്യത്തെ നേരിടാൻ ദീർഘകാല അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് പദ്ധതിയുണ്ടോ; ഒന്നുമില്ല എന്നുള്ളതാണ് സത്യം. 2017 -2018-ൽ പ്രഖ്യാപിച്ച ബഡ്ജറ്റ് തുകയായ ഏകദേശം 515.93 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയേതര സഹായമായി പത്ത് ഗഡുക്കളായി നൽകേണ്ടിയിരുന്ന 316 കോടി രൂപയിൽ രണ്ടു ഗഡുക്കൾ ഇതുവരെ നൽകിയിട്ടില്ല. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയിലും ജലസേചന വകുപ്പിലും കൊടുക്കേണ്ട കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടില്ല. ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ വളരെ ഗുരുതരാവസ്ഥയിലാണ് ജലസേചന വകുപ്പ് നിൽക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

തൃക്കാക്കര നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ഒന്ന്, വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ കടന്നു പോകുന്ന പൈപ്പ്ലൈൻ റോഡ് നന്നാക്കാത്തത് വളരെ ഗുരുതരമായ പ്രശ്നമാണ്. ഇടപ്പള്ളി തോടിന് കുറുകെയുള്ള പാലം ഗുരുതരാവസ്ഥയിൽ ഇരിക്കുകയാണ്. മറ്റൊരുകാര്യം, അന്തർ സംസ്ഥാന നദീജലം ഫലപ്രദമായി ഉപയോഗിക്കാൻ കേരള സർക്കാർ ആവശ്യമായ പദ്ധതികൾ സമർപ്പിക്കാത്തതുകൊണ്ട് കാവേരി ട്രിബ്യൂണലിന്റെ വിധി വന്നപ്പോൾ കാര്യമായി നമുക്കൊന്നും കിട്ടിയില്ലെന്നു മാത്രമല്ല വരുന്ന കുറേക്കാലത്തേയ്ക്ക് ഒന്നും കിട്ടാത്ത സാഹചര്യമാണുള്ളത്. പറമ്പിക്കുളം-ആളിയാർ കരാറിന്റെ വിഹിതംപോലും വാങ്ങിയെടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്നുള്ളത് ഭാരതപ്പുഴയെ ആശ്രയിക്കുന്നവർക്ക് മാത്രമല്ല വളരെ ഗുരുതരമായ ഒരു പ്രശ്നവുമാണ്. അത് ഗൗരവമായി പരിശോധിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനം കേരളത്തിന്റെ വലിയൊരു ലക്ഷ്യമായി ഗവൺമെന്റ് നടപ്പാക്കണം. അല്ലെങ്കിൽ നമ്മുടെ മാലിന്യങ്ങളെല്ലാം അടിഞ്ഞുകൂടി വല്ലാത്ത ഒരു സാഹചര്യമുണ്ടാകും. ഇപ്പോൾ കിട്ടുന്ന ശുദ്ധജലത്തിന്റെ അളവുപോലും ഇല്ലാതാകും. കേരളത്തിലെ ഭൂരിഭാഗം കിണറുകളും ഇ-കോളി ബാക്ടീരിയകളാൽ അപകടകരമായ നിലയിൽ നിറഞ്ഞിരിക്കുകയാണ്. കക്കൂസ് മാലിന്യങ്ങൾ വ്യാപകമായി ജലസ്രോതസ്സിൽ എത്തിച്ചേരുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീവേജ് ട്രീറ്റ്മെന്റ്

സംവിധാനം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അടിയന്തരമായി നടപ്പിലാക്കണം. അതിന് വാട്ടർ അതോറിറ്റിയിൽ ഒരു ചീഫ് എഞ്ചിനീയറെ പ്രത്യേകമായി നിയമിച്ചുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവതരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാർ ഉണർന്നു പ്രവർത്തിക്കുന്നില്ലെങ്കിൽ കെ.എസ്.ആർ.ടി.സി.-യുടെ അതേ ഗതിതന്നെ വാട്ടർ അതോറിറ്റിക്കുമുണ്ടാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം കൃഷിക്കാരെപ്പറ്റി ചില കാര്യങ്ങൾ പറയുകയുണ്ടായി. ആസിയൻ കരാർ നടപ്പാക്കിയപ്പോൾ സി.പി.ഐ. നേതാവായ ചതുരാനൻ മിശ്രയായിരുന്നു കേന്ദ്രത്തിൽ കൃഷി വകുപ്പുമന്ത്രിയെന്ന് എല്ലാവർക്കുമറിയാം. എന്തെങ്കിലും കാർഷിക വിരുദ്ധ നടപടിയുണ്ടായിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് വന്നിട്ടുള്ളതാണ്. അല്ലാത്തതെല്ലാം പൊതുവായി സ്വീകാര്യമായിട്ടുള്ള കാര്യങ്ങളാണ്. 72000 കോടി രൂപ കർഷകർക്കുവേണ്ടി എഴുതിത്തള്ളിയ ഏതെങ്കിലും ഗവൺമെന്റുണ്ടോ; അത് ഡോ. മൻമോഹൻസിംഗിന്റെ ഗവൺമെന്റാണ്. അത് മനസ്സിലാക്കാതെ കർഷക വിരുദ്ധമാണെന്ന് പ്രസംഗിച്ചാൽ മതിയോ? കർഷകന് കൂടുതൽ അംഗീകാരം നൽകണം. കൃഷിയിലേയ്ക്ക് ചെറുപ്പക്കാരെ ആകർഷിക്കാനുള്ള നടപടിയുമുണ്ടാകണം. അതോടൊപ്പം കർഷകന് ജീവിക്കാനാവശ്യമായ സാഹചര്യമുണ്ടാക്കണം. തൃക്കാക്കരയിലെ വൈറ്റില നെല്ല് ഗവേഷണകേന്ദ്രം കൂടുതൽ ശാസ്ത്രീയമായ ഗവേഷണത്തിനുവേണ്ടി വികസിപ്പിച്ചെടുക്കണം. അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ മികവ് പീരിയോഡിക്കലായി വിലയിരുത്തി അതിനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. കാലാകാലങ്ങളിൽ നാട്ടിൽ നടക്കുന്ന എല്ലാ പുരോഗമന കാര്യങ്ങളും ഞങ്ങളുടെ വകയാണെന്ന മട്ടിലാണ് ഇടതുപക്ഷ സ്നേഹിതൻമാർ പ്രസംഗിക്കുന്നത്. എന്ത് കാര്യം വന്നാലും ഞങ്ങളുടെ വകയാണെന്നാണ് പറയുന്നത്. അക്കാര്യത്തിൽ എട്ടുകാലി മമ്മൂഞ്ഞിന്റെ നിലപാടാണ് അവർ സ്വീകരിക്കുന്നത്. ഉദാഹരണത്തിന്, ഭൂപരിഷ്കരണ നിയമത്തിന്റെ കാര്യമെടുത്താൽ, 1954-ൽ പി. എസ്. നടരാജപിള്ള കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമത്തെ പിന്തുണച്ചുകൊണ്ട് ഇന്ത്യക്ക് മാതൃകയായ നിയമമാണിതെന്ന് ശ്രീമതി കെ. ആർ. ഗൗരിയമ്മ ഈ സഭയിൽ പ്രസംഗിച്ചിട്ടുണ്ട്. അതിനുശേഷം 1957-59 കാലഘട്ടത്തിൽ ശ്രീമതി കെ. ആർ. ഗൗരിയമ്മ കൊണ്ടുവന്ന നിയമം പ്രസിഡന്റ് തിരിച്ചയക്കുകയും പിന്നീട് അത് കാലഹരണപ്പെടുകയുമുണ്ടായി. അതിനുശേഷം 1960-ൽ ആ നിയമം പട്ടം താണുപിള്ള ഭേദഗതി ചെയ്ത് കൊണ്ടുവന്നപ്പോൾ അത് ഹൈക്കോടതിയും സുപ്രീംകോടതിയും റദ്ദാക്കി. പിന്നീട് 1963-ൽ യശശ്ശരീരനായ പി.ടി ചാക്കോ കൊണ്ടുവന്ന 1964 ആക്ട് (1) എന്ന ഭൂപരിഷ്കരണ നിയമമാണ് ഇന്ത്യക്ക് മാതൃകയായ ഭൂപരിഷ്കരണ നിയമം. അതിനെ 9-ാം ഷെഡ്യൂളിൽപ്പെടുത്തി സംരക്ഷിച്ചു. എന്നിട്ട്

ലോകം മുഴുവൻ പറഞ്ഞു നടക്കുന്നത് ഇന്ത്യയ്ക്ക് മാതൃകയായ ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത് ഞങ്ങളാണെന്നാണ്. ആ നിയമം കാലഹരണപ്പെട്ടുപോയി, നടപ്പാക്കാൻ കഴിഞ്ഞില്ല. മാത്രമല്ല, സ്റ്റാന്റേർഡ് ഏക്കർ അതിൽ നിർവ്വചിച്ചിരുന്നില്ല. അതുപോലെ ദേവസ്വം ഭൂമിയെപ്പറ്റി കാര്യങ്ങൾ പറഞ്ഞിരുന്നില്ല. ഒരു കൃഷിക്കാരന് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ അളവ് പി. ടി. ചാക്കോ കൊണ്ടുവന്ന നിയമത്തിൽ 12 ഏക്കറാണ്. ശ്രീമതി കെ. ആർ. ഗൗരിയമ്മ കൊണ്ടുവന്ന നിയമത്തിൽ അത് 15 ഏക്കറായിരുന്നു. ഇങ്ങനെയുള്ള പുരോഗമനാത്മകമായ നിയമനിർമ്മാണം കൊണ്ടുവന്ന കോൺഗ്രസിനെ എപ്പോഴും കുറ്റപ്പെടുത്തുകയും ആക്ഷേപിക്കുകയും കൊണ്ടുവരാത്ത നിയമത്തിന്റെ പേരിൽ ഞങ്ങളാണ് ഈ നാട്ടിലെ ഭൂപരിഷ്കരണ നിയമത്തിന്റെ വക്താക്കളെന്നു പറഞ്ഞു നടക്കുന്ന ആളുകൾ 1963-ലെ പി.ടി. ചാക്കോ കൊണ്ടുവന്ന 1964 ആക്ട് (1) വായിച്ചുനോക്കണമെന്ന് വിനയപൂർവം പറയാൻ ആഗ്രഹിക്കുന്നു. ഇല്ലാത്ത കാര്യങ്ങളുടെ അവകാശവാദം ഉന്നയിക്കുന്ന ഈ നടപടി തെറ്റാണ്. ത്രിപുരയിൽ 99 ശതമാനം പോളിംഗ് നടന്നപ്പോൾ 73 ശതമാനം വോട്ട് സി.പി.ഐ(എം)-ന് ലഭിച്ചു. ഇപ്പോൾ 43 ശതമാനം വോട്ടാണ് സി.പി.ഐ.(എം)-ന് ലഭിച്ചിരിക്കുന്നത്. നിങ്ങൾ അതു സംബന്ധിച്ച് പഠിക്കണം.

ലെനിനെപ്പറ്റി പറഞ്ഞപ്പോൾ ഇവിടെ വലിയ ആക്ഷേപം പറഞ്ഞു. റെഡ് ടെററിസത്തിന്റെ പേരിൽ 50000 ആളുകളെ കൊലപ്പെടുത്തിയ ആളാണ് ലെനിൻ എന്നുള്ളത് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണ്. അതൊന്നും നിങ്ങൾക്ക് നിഷേധിക്കാൻ കഴിയില്ല. അതൊക്കെ ചരിത്രം വായിക്കുന്നവർക്കറിയാം. അതുകൊണ്ട് നിങ്ങളുടെ പൊള്ളയായ അവകാശ വാദങ്ങൾ അവസാനിപ്പിക്കണം എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ. പി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന് നഷ്ടപ്പെട്ടുപോയ കാർഷിക സംസ്കാരം തിരിച്ചു പിടിക്കാനുള്ള ശ്രമങ്ങളാണ് കൃഷി വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാവരും കൃഷിക്കാരാകുക, എല്ലായിടത്തും കൃഷിയിറക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിൽ ഒരു ജനകീയ കാർഷിക വിപ്ലവമാണ് നടക്കുന്നത്. കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്നത് വിദൂര സ്വപ്നമാണെങ്കിലും അതിലേയ്ക്കുള്ള പടിപടിയായ ചുവടുവയ്പാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതര സംസ്ഥാന ങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ കൃഷി വകുപ്പ് കർഷകന് മുന്തിയ പരിഗണന കൊടുക്കുന്നുണ്ട്. അതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രണ്ടുവർഷത്തെ ഭരണകാലത്ത് കാർഷിക മേഖലയ്ക്ക് വിപ്ലവകരമായ പുരോഗതിയാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരളീയരുടെ പ്രധാന ആഹാരമാണ് അരിഭക്ഷണം.

പലപ്പോഴും ഇതര സംസ്ഥാനങ്ങളിൽനിന്നാണ് അരി കൊണ്ടുവരുന്നത്. അരി ആഹാരത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ആദ്യവർഷംതന്നെ നെൽവർഷമായി ആചരിക്കുകയാണ് ഈ സർക്കാർ ചെയ്തത്. അതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള ക്യാമ്പയിനുകളും പ്രവർത്തനങ്ങളും നടന്നു. അതിന്റെ ഫലമായി കാർഷിക വിസ്തൃതി വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. 2015-16-ൽ 196870 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് 220448 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. മാത്രമല്ല, ജനകീയ മുന്നേറ്റത്തിലൂടെ 34000 ഏക്കർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് സർക്കാരിന്റെ നേട്ടം തന്നെയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015-16-ൽ 46500 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന പച്ചക്കറി കൃഷി 55000 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പച്ചക്കറി കൃഷിയുടെ ഉല്പാദനം ഏകദേശം 6 ലക്ഷം മെട്രിക് ടൺ ആയിരുന്നത് ഈ കുറഞ്ഞ കാലയളവിനുള്ളിൽ 10 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളുടെ പ്രത്യേകത, എല്ലാവർക്കും കൃഷി ചെയ്യാനുള്ള ആവേശമുണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ്. മാത്രമല്ല, കാർഷിക മേഖലയെ പിടിച്ചുനിർത്താൻ പറ്റുന്ന രീതിയിൽ 21 വർഷങ്ങൾക്കുശേഷം വിള ഇൻഷ്വറൻസിന്റെ തുക വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ വലിയൊരു പ്രവർത്തനമാണ് മുന്നോട്ടുവച്ചത്. നഷ്ടപരിഹാരത്തുക തെങ്ങൊന്നിന് 1000 രൂപയിൽനിന്ന് രണ്ടായിരം രൂപയാക്കിയും വാഴയൊന്നിന് 50 രൂപയിൽ നിന്ന് 300 രൂപയാക്കിയും നെല്ല് ഒരു ഹെക്ടറിന് 15000 രൂപയിൽനിന്ന് 35000 രൂപയാക്കിയും ഇഞ്ചി ഹെക്ടറൊന്നിന് 40000 രൂപയിൽനിന്ന് 80000 രൂപയാക്കിയും മഞ്ഞൾ കൃഷിക്ക് 40000 രൂപയായിരുന്നത് 60000 രൂപയാക്കിയും ഉയർത്തിയിട്ടുണ്ട്. അതുപോലെ 2016-17-ൽ വിള ഇൻഷ്വറൻസായി 247.8 ലക്ഷം രൂപയും 2017-18-ൽ 305.68 ലക്ഷം രൂപയും വിതരണം ചെയ്യാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സർക്കാർ നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട തീരുമാനം, കർഷക പെൻഷൻ 500 രൂപയിൽനിന്ന് 1100 രൂപയായി വർദ്ധിപ്പിച്ചു എന്നതാണ്. സാധാരണക്കാരായ പാവപ്പെട്ട കർഷകർക്ക് ഇത് വലിയൊരാശ്വാസമാണ് നൽകിയത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പെൻഷൻ ഇനത്തിൽ ഉണ്ടായിരുന്ന 287.25 കോടി രൂപയുടെ കുടിശ്ശിക ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 700 കോടി രൂപയോളം കൊടുത്തുകഴിഞ്ഞു. മാത്രമല്ല, നെല്ല് സംഭരണം സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. മില്ലുടമകൾ വലിയ രീതിയിൽ സമരം നടത്തി നെല്ല് ഏറ്റെടുക്കാതിരിക്കാനുള്ള ശ്രമം നടത്തുമ്പോൾ 415 അരി മില്ലുകളും 13 സംസ്കരണ യൂണിറ്റുകളും ആരംഭിക്കാൻ

സർക്കാരിന് കഴിഞ്ഞതാണ് അതിൽ ഏറ്റവും പ്രധാനം. കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ല് ഇത്തരത്തിലുള്ള സംവിധാനത്തിലൂടെ സംസ്കരിച്ച് പാഠശേഖര സമിതി വഴി സ്വന്തം ബ്രാൻഡിൽ വിൽക്കാനുള്ള സാഹചര്യമാണ് ചെയ്തുകൊടുത്തത്.

കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ നടത്തിയ ഓണവിപണി ഏറ്റവും ശ്രദ്ധേയമായിരുന്നു. 1350 ഓണവിപണികളിലൂടെ വിഷരഹിതമായ പച്ചക്കറി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രത്യേകത, കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന് ഉയർന്ന വില കൊടുക്കാനും എന്നാൽ വിപണിയിൽനിന്ന് 30 ശതമാനം വില കുറച്ച് വിതരണം ചെയ്ത് വിലക്കയറ്റം പിടിച്ചുനിർത്തി സാധാരണക്കാരനെ സഹായിക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

12.00 Noon]

ഓണവിപണിക്കുവേണ്ടി 3042 മെട്രിക് ടൺ പച്ചക്കറി കേരളത്തിൽ മാത്രം ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ജൈവ കാർഷിക നയം കൂടുതൽ ഊർജ്ജിതമായി നടപ്പാക്കിയിട്ടുണ്ട്. ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ഉയർന്ന വില നൽകി കേരള ഓർഗാനിക് എന്ന ബ്രാന്റിൽ വില്പന നടത്തി, അതൊരു പ്രത്യേക ബ്രാന്റാക്കി മാറ്റാനും കഴിഞ്ഞിട്ടുണ്ട്. അതുപോലെ കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കാനും പ്രകൃതിക്കും പരിസ്ഥിതിക്കും അപകടം വരുന്ന രീതിയിലുള്ള കീടനാശിനികളുടെ ഉപയോഗം തടയാനും എല്ലാമാസവും ഇത്തരത്തിലുള്ള വില്പന ശാലകളിൽ പരിശോധന നടത്താനും തീരുമാനിച്ചിട്ടുണ്ട്.

ആറന്മുള അടക്കം തരിശായി കിടന്നതും വയൽ നികത്തിയ സ്ഥലങ്ങളിലുമടക്കം കൃഷി ഇറക്കാൻ കഴിഞ്ഞു. റാണി കായൽ, മെത്രാൻ കായൽ, ആറന്മുള വിമാനത്താവളത്തിനുവേണ്ടി ഉപയോഗിച്ച പ്രദേശം, കോഴിക്കോട് ജില്ലയിലെ ആവളപ്പാണ്ടി ഉൾപ്പെടെ നമുക്ക് കൃഷി ഇറക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓണത്തിന് 'ഒരു മുറം പച്ചക്കറി' അടക്കമുള്ള ക്യാമ്പയിനിലൂടെ കേരളത്തിലെ സാധാരണക്കാരായ വീട്ടമ്മമാർ കാർഷിക മേഖലയിലേയ്ക്ക് വരികയും സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറികൾ അവർക്ക് ഉല്പാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറിവിത്ത് ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രത്യേകമായി പറയാനുള്ളത്, സാമ്പത്തികമായ പ്രതിസന്ധികളും മറ്റ് പരിമിതികളും ഉണ്ടെങ്കിലും കർഷകർക്ക് വേണ്ട സഹായങ്ങൾ ചെയ്ത്, കർഷകർ താരതമ്യേന മെച്ചപ്പെട്ട് നിൽക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളമെന്ന് നമുക്ക് അഭിമാനത്തോടെ പറയാം.

കഴിഞ്ഞ 20 വർഷംകൊണ്ട് രാജ്യത്ത് 35 ലക്ഷം കർഷകർ ആത്മഹത്യ ചെയ്തുവെന്നാണ് അനൗദ്യോഗിക കണക്ക്. കഴിഞ്ഞ വർഷം മാത്രം 11400 കർഷകർ ആത്മഹത്യ ചെയ്തുവെന്നാണ് കണക്കുകൾ പറയുന്നത്. 2015-ൽ 12602

കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നാണ് നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോ പറയുന്നത്. യഥാർത്ഥത്തിൽ കർഷകരുടെ ആത്മഹത്യ ഇതിലും കൂടും. എന്നാൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യ ഉണ്ടായിട്ടില്ല എന്ന് വളരെ സന്തോഷ ത്തോടുകൂടി പറയാം. ഒരു കർഷകനെയും ആത്മഹത്യയിലേയ്ക്ക് വിടാത്ത നയമാണ് സർക്കാർ പിന്തുടരുന്നത്, അത് തന്നെയാണ് ഈ സർക്കാരിന്റെ ഏറ്റവും വലിയ മെച്ചവും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ആയിരക്കണക്കിന് കർഷകരാണ് സമരം ചെയ്യുന്നത്. മഹാരാഷ്ട്രയിലെ ലോംഗ് മാർച്ച് ആണെങ്കിലും രാജസ്ഥാൻ, കർണ്ണാടക സംസ്ഥാനങ്ങളിലെ കർഷകരുടെ സമരങ്ങളാണെങ്കിലും അതെല്ലാം വലിയ രാഷ്ട്രീയ മാറ്റത്തിന്, പുത്തൻ സാമ്പത്തിക നയത്തിന് എതിരായുള്ള ജനകീയ പോരാട്ടമായി ഉയർന്നുവരികയാണ്. കോൺഗ്രസ്സിന് ബി.ജെ.പി.-യിൽ നിന്ന് വ്യത്യസ്തമായ സാമ്പത്തിക കാഴ്ചപ്പാടാണ് ഉള്ളതെന്ന് കോൺഗ്രസ്സിലെ എന്റെ സുഹൃത്തുകൾ പറഞ്ഞു. എനിക്ക് ശേഷം കെ. കൃഷ്ണൻ കുട്ടിയേട്ടൻ സംസാരി ക്കുന്നുണ്ട്. അദ്ദേഹം കോൺഗ്രസ്സുകാർ കൊണ്ടുവന്ന പല കരാറുകളെക്കുറിച്ചും പറയും. അതിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാട് ഉണ്ടെങ്കിൽ തീർച്ചയായും ഇന്നലെകളിൽ കോൺഗ്രസ്സും യു.പി.എ.-യും നടപ്പിലാക്കിയ ആസിയാൻ കരാറുകൾ ഉൾപ്പെടെയുള്ളവയെ തള്ളിപ്പറഞ്ഞുകൊണ്ട് കർഷകർക്ക് അവരുടെ സ്വന്തം കാലിൽ നിൽക്കാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതുണ്ട്. ഈ സർക്കാർ ചെയ്യുന്ന നല്ല പ്രവർത്തനങ്ങളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറയാം. പട്ടാമ്പി നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട നെല്ലായ-കുലുക്കല്ലൂർ കുടിവെള്ള പദ്ധതി ഉടൻ നടപ്പിലാക്കി വരൾച്ച സമയത്ത് ആളുകൾക്ക് കുടിക്കാനുള്ള വെള്ളം ലഭ്യമാക്കാനുള്ള ശ്രമമുണ്ടാകണം. ഭൂഗർഭജലം വളരെയേറെ താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ജലവിഭവ വകുപ്പ് കിണറുകൾ റീ-ചാർജ് ചെയ്യാനും മഴവെള്ള സംഭരണികൾ അടക്കമുള്ള കാര്യങ്ങൾ വ്യാപിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. തീർച്ചയായും അതിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഒരു ജലനയം കേരളത്തിൽ പുതിയ രീതിയിൽ ഉണ്ടാക്കാനുള്ള ശ്രമമുണ്ടാകണം. കൃഷി വകുപ്പുമായി ചേർന്നു കൊണ്ട് ഇറിഗേഷൻ പ്ലാൻ ഉണ്ടാക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളം സമൃദ്ധമായ നദികൾകൊണ്ട് സമ്പന്നമാണ്. എന്നാൽ കുടിവെള്ളത്തിനായി അത് ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ നാം ദരിദ്രരാണ്. എല്ലാ ജില്ലകളിലും ഓരോ നദിയെങ്കിലും ശുദ്ധമായി സംരക്ഷിക്കാനും അതിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് റിസർവോയർ പോലെ സൂക്ഷിക്കാനും കഴിഞ്ഞാൽ ആ ജില്ലയിലെ മുഴുവൻ

ജനങ്ങൾക്കും കുടിവെള്ളം സമൃദ്ധമാകും. നമുക്ക് ധാരാളം വെള്ളമുണ്ടെങ്കിലും കുടിവെള്ളത്തിന്റെ കാര്യത്തിൽ വളരെ പാപ്പരാണെന്ന ദുഃഖകരമായ അവസ്ഥയുണ്ട്. മാത്രമല്ല, പൈപ്പുകൾ എവിടെയൊക്കെയാണെന്ന് യാതൊരു മാപ്പിംഗും ഇല്ല. പുതിയ പദ്ധതികൾ വരുമ്പോഴും പഴയ പൈപ്പ്ലൈനുകൾ റീപ്ലേസ് ചെയ്യുമ്പോഴും ദീർഘകാലം നിലനിൽക്കുന്ന ക്വാളിറ്റിയുള്ള പൈപ്പുകൾ മാത്രമേ സ്ഥാപിക്കുവെന്ന് ഉറപ്പുവരുത്തണം. ഇക്കാര്യത്തിൽ വളരെ മോശമായ സമീപനമാണ് കഴിഞ്ഞ കാലത്ത് സ്വീകരിച്ചതെന്ന് പൈപ്പ് മാറ്റുമ്പോൾ നമുക്ക് മനസ്സിലാകുന്നുണ്ട്. അതുകൊണ്ട് സംസ്ഥാനത്ത് ഒരു ജലനയം ആവശ്യമാണ്. നമ്മുടെ നാട്ടിൽ സമ്പന്നമായ ജലം പൂർണ്ണമായും കുടിവെള്ളത്തിനായി ഉപയോഗപ്പെടുത്തുന്നതിന് ഒരു ജലനയം രൂപീകരിക്കുകയും റിസർവോയർപോലെ ഉണ്ടാക്കി ജലം മലിനമാകാതെ സംരക്ഷിക്കണമെന്നുമാണ് എനിക്ക് ആദ്യമായി അപേക്ഷിക്കാനുള്ളത്. മദ്യശാലകൾ വ്യാപകമാകുന്നതും കുടിവെള്ളം ലഭിക്കാത്തതും സ്ത്രീകൾ ഭയപ്പെടാൻ കാരണമാകുന്നുണ്ട്. ഇത് രണ്ടും ഇവിടെ സംഭവിക്കുന്നുണ്ട്. കുടിവെള്ളത്തിനുവേണ്ടി രാജ്യങ്ങൾ തമ്മിൽ യുദ്ധമുണ്ടാകുമെന്ന് പറഞ്ഞു. ഇതേ അവസ്ഥ നിലനിൽക്കുകയാണെങ്കിൽ നാട്ടിൽ കലാപം ഉണ്ടാകുന്ന സ്ഥിതിയാണുള്ളത്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2016-17-ൽ ഏതാണ്ട് 672.5 കോടി രൂപ ബഡ്ജറ്റ് അലോക്കേഷൻ വന്നു; അനുവദിച്ചത് 497 കോടി രൂപയാണ്. 2017-2018-ൽ 678 കോടി രൂപ ബഡ്ജറ്റ് അലോക്കേഷൻ വന്നു; അനുവദിച്ചുകിട്ടിയത് 273 കോടി രൂപ മാത്രമാണ്. ഇത്തവണ 2018-19-ൽ സെൻട്രൽ ഗവൺമെന്റിന്റെ 200 കോടി രൂപ മാച്ചിംഗ് ഫണ്ട് ഉൾപ്പെടെ 776 കോടി രൂപ അലോക്കേഷൻ വന്നിട്ടുണ്ട്. ഇതിൽ എത്ര കിട്ടുമെന്ന് പറയാൻ കഴിയില്ല. കഴിഞ്ഞ ഗവൺമെന്റ് ആവിഷ്കരിച്ച് ടെണ്ടർ ചെയ്ത പല കുടിവെള്ള പദ്ധതികളും കേന്ദ്ര സർക്കാരിന്റെ ആവശ്യമായ ഫണ്ട് കിട്ടിയില്ലെന്ന കാരണത്താൽ നിർത്തിവയ്ക്കുകയോ മരവിപ്പിക്കുകയോ ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിൽ 33 കോടി രൂപയുടെ തലക്കാട്-വെട്ടം കുടിവെള്ള പദ്ധതി ആവിഷ്കരിച്ചു. പഞ്ചായത്ത് ഫണ്ട് കൊടുത്ത് സർവ്വേ നടത്തി, പദ്ധതി തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ച് ടെണ്ടർ ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി സത്യപ്രതിജ്ഞ ചെയ്ത് ആദ്യമായി മീറ്റിംഗ് വിളിച്ചു കൂട്ടിയപ്പോൾ ആ മീറ്റിംഗിൽ പറഞ്ഞത്, ആ പദ്ധതി ഉടൻ നടപ്പിലാക്കാമെന്നാണ്. അങ്ങ് ഇക്കാര്യം ശ്രദ്ധിക്കുമെന്ന് അറിയാം. ഇപ്പോൾ മാച്ചിംഗ് ഫണ്ടായി 200 കോടി രൂപ കേന്ദ്ര ഗവൺമെന്റ് സ്കീമിൽ ഉൾപ്പെടുത്തിയതിൽ, അന്ന് ഉപേക്ഷിക്കപ്പെട്ട പദ്ധതിക്ക് മുൻഗണന കൊടുക്കണം. ഇക്കാര്യം ഞാൻ അങ്ങയോട് അടിവരയിട്ട് പറയുകയാണ്. കഴിഞ്ഞ ഗവൺമെന്റ് 10 കോടി രൂപ അനുവദിച്ചത് റദ്ദ് ചെയ്തതാണ്. പ്രസ്തുത പദ്ധതി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സംസ്ഥാനത്തെ പല പദ്ധതികളും നീണ്ടുപോകുകയാണ്. അതിന് ഒന്നാമത്തെ കാരണം പി.ഡബ്ല്യൂ.ഡി.-യുമായുള്ള തർക്കമാണ്. ഒരു പൈപ്പ്‌ലൈൻ കൊണ്ടു പോകണമെങ്കിൽ പി.ഡബ്ല്യൂ.ഡി.-യുടെ കൺസെന്റ് വേണം. അതിന് എസ്റ്റിമേറ്റ് എടുക്കാൻ 6 മാസം വേണം, എസ്റ്റിമേറ്റ് കൊടുത്തുകഴിഞ്ഞാൽ സാംഗ്ഷൻ ആകാൻ പിന്നെയും കുറേ സമയം വേണം. അവസാനം, പൈപ്പ് കുഴിക്കാൻ പോകുമ്പോൾ ജൂൺ മാസം ആയിട്ടുണ്ടാകും. ജൂൺ മുതൽ ഒക്ടോബർ മാസംവരെ മഴക്കാലമായതു കൊണ്ട് റോഡ് കുഴിക്കുന്നതിന് നിരോധിത സമയമാണ്. പിന്നീട് ഒക്ടോബർ കഴിഞ്ഞ് വീണ്ടും റോഡ് കുഴിക്കാൻ പോകുമ്പോഴാണ് കട്ടിംഗ് പ്രശ്നങ്ങളുണ്ടാകുന്നത്. റബ്ബറൈസ്ഡ് റോഡായിരിക്കും, കുഴിക്കാൻ സമ്മതിക്കുകയില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങൾ തീർക്കാൻ ഒരു സ്ഥിരം കോ-ഓർഡിനേഷൻ ഉണ്ടാകണമെന്ന് പി.ഡബ്ല്യൂ.ഡി.-യും വാട്ടർ അതോറിറ്റിയും കൂടി ഒരു ഉത്തരവ് ഇറക്കിയിരുന്നു. പക്ഷെ ആ ഉത്തരവ് ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു വർക്ക് അറേഞ്ച് ചെയ്ത് റോഡ് റബ്ബറൈസ് ചെയ്യാൻ വേണ്ടി ടെണ്ടർ കൊടുത്തു, കോൺട്രാക്ട് എടുത്തു, അവിടെ പണിയും നടക്കണം, ആ റോഡിലൂടെ തന്നെ പൈപ്പ്‌ലൈനും പോകണം. അതിനുദാഹരണമാണ് തിരൂർ നിയോജക മണ്ഡലത്തിലെ കടുങ്ങാത്തു കുണ്ട്-വാരിയത്ത്-കുറുകത്താണി റോഡ്. അവിടെ റോഡ് റബ്ബറൈസ് ചെയ്യുകയും പൈപ്പ്‌ലൈൻ സ്ഥാപിക്കുകയും വേണം. ടെണ്ടർ എടുത്ത് പണി തുടങ്ങാൻ പോകുമ്പോഴാണ് വാട്ടർ അതോറിറ്റി പൈപ്പ് ഇടാൻ പോകുന്നത്. പക്ഷെ കെട്ടിവയ്ക്കേണ്ട പണമില്ല എന്നതിന്റെ പേരിൽ താമസിച്ചു. ആസ്തി വികസന ഫണ്ടിൽനിന്ന് പണം നൽകാമെന്ന് അറിയിച്ചെങ്കിലും പ്രസ്തുത ഫണ്ട് ഇതിനായി ഉപയോഗിക്കാൻ സാധിക്കില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. അവസാനം ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പണം അനുവദിച്ചുതന്നു. കോൺട്രാക്ടർ സൈറ്റ് ഹാൻഡ് ഓവർ ചെയ്തുകൊണ്ട് പണി തുടങ്ങണമെങ്കിൽ ഗവൺമെന്റിന്റെ പ്രത്യേക സാംഗ്ഷൻ വേണം. ഇങ്ങനെയുള്ള പ്രശ്നങ്ങൾ വരുമ്പോൾ മാസങ്ങൾ വർഷങ്ങളാകുകയും വർഷങ്ങൾ എത്രയോ കവിഞ്ഞുപോകുകയും ചെയ്യുന്നതുകൊണ്ട് ഒരു കുടിവെള്ള പദ്ധതി നടപ്പാകാൻ മൂന്ന് പതിറ്റാണ്ട് എടുക്കുകയാണ്. ഇവിടെ ശ്രീ. ടി. വി. ഇബ്രാഹിം ചീക്കോട് കുടിവെള്ള പദ്ധതിയെക്കുറിച്ച് പറഞ്ഞു. അതുപോലെ എന്റെ നാട്ടിലെ തിരുനാവായ കുടിവെള്ള പദ്ധതി 1982-ൽ ആരംഭിച്ചതാണ്. 2015-ലാണ് കമ്മീഷൻ ചെയ്തത്. എന്നാൽ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, റോഡുകൾ ഇപ്പോൾ ബി.എം. ആന്റ് ബി.സി. ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള റോഡ് വർക്ക് പകുതിയാകുമ്പോഴാണ് പി.ഡബ്ല്യൂ.ഡി. പൈപ്പ്‌ലൈൻ പുനഃസ്ഥാപിക്കാൻ ടെണ്ടർ ചെയ്തത്. ആ പ്രശ്നം എന്റെ മണ്ഡലത്തിലുമുണ്ട്. മുള്ളമ്പാറ-കോണിക്കൽ-ഇരുമ്പുഴി റോഡിന്റെ പണി അങ്ങനെ തടസ്സപ്പെട്ടു നിൽക്കുകയാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, അതാണിവിടെ സൂചിപ്പിച്ചത്. ശാശ്വതമായി ഈ പ്രശ്നം തീർക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി വേണം. അങ്ങ് പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കണം. ഒരു വർക്കിന് ഹാൻഡ് ഓവർ ചെയ്ത റോഡുകൾ പി.ഡബ്ല്യു.ഡി. തന്നെ ചെയ്യണം. കാരണം അവർക്ക് റോഡ് കുഴിക്കുമ്പോൾ പൈപ്പ്‌ലൈൻ ചെയ്യാൻ എളുപ്പമാണ്, പൈസയും കുറയും. അതേ അവസരത്തിൽ ഹാൻഡ് ഓവർ ചെയ്യാതെ കിടക്കുന്ന റോഡുകളുടെ പണി വാട്ടർ അതോറിറ്റിയും ചെയ്യണം. ഇങ്ങനെ വരുമ്പോൾ അവർക്ക് ആ പണി ചെയ്യാൻ എളുപ്പമാണ്. ഒരിക്കലും കാലതാമസമുണ്ടാകില്ല. വേറെ പ്രശ്നങ്ങളും വരില്ല. അതുകൊണ്ട് അക്കാര്യത്തിൽ അങ്ങ് പ്രത്യേകം ശ്രദ്ധിക്കുകയും വളരെ ഗൗരവത്തോടുകൂടി കാണുകയും വേണം. മാത്രമല്ല ഇറിഗേഷന് വേണ്ടിയുള്ള പദ്ധതികളും ആവിഷ്കരിക്കണം.

എനിക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഇപ്പോൾ കൃഷി മേഖലയിൽ 800 മുതൽ 900 രൂപവരെ കൂലിയുണ്ട്. കർഷകരെ സംബന്ധിച്ചിടത്തോളം യന്ത്രങ്ങൾ പരമാവധി നൽകണം. എല്ലാവർക്കും വാങ്ങാൻ കഴിയില്ല. ഡ്രിപ് ഇറിഗേഷൻ പദ്ധതിക്ക് കുറച്ച് വെള്ളം മതി, എല്ലാ സ്ഥലത്തും മാനുവലായി ചെയ്യേണ്ടതില്ല. വളരെ എളുപ്പത്തിൽ ചെയ്യാൻ കഴിയുന്നതുകൊണ്ട് അത് വ്യാപകമാക്കണം. വളം ചെയ്യുന്നതിനും അടയ്ക്ക പറിക്കുന്നതിനും യന്ത്രമുണ്ട്. പക്ഷെ എല്ലാ കർഷകർക്കും ഇവ വാങ്ങാൻ കഴിയില്ല. 800, 850 രൂപ കൂലികൊടുക്കുന്ന സ്ഥാനത്ത് യന്ത്രമുപയോഗിച്ചാൽ കർഷകർക്ക് ലാഭകരമാണ്. അതുകൊണ്ട് കൃഷി ഓഫീസുകളിൽ നിർബന്ധമായും ഇത്തരം യന്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനോ സബ്സിഡി റേറ്റിൽ നൽകുന്നതിനോ ഉള്ള നടപടി സ്വീകരിക്കണം. ഇത് പൂർണ്ണമായും നടപ്പാക്കിയ വെട്ടം പഞ്ചായത്തിൽ മുഹമ്മദ് എന്ന ഒരു മാതൃകാ കർഷകൻ ഇതൊക്കെ മനോഹരമായി നടത്തുന്നുണ്ട്. വേണ്ടത്ര തൊഴിലാളികൾ ഇല്ലെങ്കിലും ലാഭകരമായി പോകുന്നു. ഇങ്ങനെ ലാഭകരമായി നടത്താനുള്ള സൗകര്യമുള്ളതുകൊണ്ട് യന്ത്രം കൂടുതൽ നൽകുന്നതിന് ശ്രദ്ധിക്കണം. അങ്ങനെയാണെങ്കിൽ മാത്രമേ കൃഷി ലാഭകരമായി നടത്താൻ കഴിയുകയുള്ളൂ.

<u>മി. ചെയർമാൻ</u>: താങ്കൾക്ക് അനുവദിച്ച സമയം അവസാനിച്ചു. പ്ലീസ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ചീക്കോട് പദ്ധതി പൂർത്തിയാകാതെ കിടക്കുകയാണ്. എയർപോർട്ടിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്നത് ഇന്നലെ ജനങ്ങൾ തടഞ്ഞിരിക്കുകയാണ്. ജനങ്ങൾക്ക് വെള്ളം കൊടുക്കുന്നില്ല. എയർപോർട്ട് അതോറിറ്റിക്ക് വെള്ളം കൊടുക്കാൻ യാതൊരു സാങ്കേതിക തടസ്സങ്ങളുമില്ല. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ അങ്ങ് ശ്രമിക്കുമോ?

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഏതായാലും കുടിവെള്ളത്തിന്റെ പ്രശ്നവും കാർഷിക പ്രശ്നവും ഞാനിവിടെ പറഞ്ഞു. ഈ രണ്ട് കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിമാർ ജനങ്ങൾക്കനുകൂലമായ നടപടി സ്വീകരിക്കണം. കുടിവെള്ളത്തിന്റെ കാര്യം നിലനിൽപ്പിന്റെ പ്രശ്നമാണ്. കൃഷി എന്നുപറയുന്നത് അതിനെക്കാൾ പ്രശ്നമാണ്. ജൈവ കീടനാശിനികൾ പല സ്ഥലത്തും ലഭ്യമല്ല. കുറുകിയ തെങ്ങുകൾ വ്യാപകമായി സപ്ലൈ ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ഇത്തരത്തിൽ ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ കാര്യങ്ങൾ നടപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇന്നലെ നിയമസഭ ഐകകണ്ഠ്യേന നമ്മുടെ ശമ്പള വർദ്ധനവ് പാസ്സാക്കി. അതാവശ്യമാണ്, അതിൽ സന്തോഷമുണ്ട്. ഇവിടത്തെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. അതൊക്കെ ആവശ്യമാണ്. കൃഷിക്കാർക്ക് ഇതൊന്നും ബാധകമല്ലേ; അവർക്ക് ഈ വർദ്ധനവോ ക്ഷാമബത്തയോ വിലക്കയറ്റങ്ങളോ ഒന്നും ബാധകമല്ലേ? അവരുടെ വരുമാനമെന്താണ്; കൃഷിക്കാരുടെ ആവറേജ് വരുമാനമെന്തെന്ന് ഞാൻതന്നെ ഒരു ചോദ്യം ചോദിച്ചു. അതിന്റെ മറുപടി തന്നിട്ടില്ല. എന്താണ് അവരുടെ വരുമാനം; പത്ത് ഏക്കർ ഭൂമിയുള്ള ഒരു നെൽകർഷകന്റെ വരുമാനമെന്താണ്? അങ്ങുതന്നെ എഴുതിത്തന്ന കണക്കുപ്രകാരം മാസവരുമാനം 10,000 രൂപയാണ്. 10,000 രൂപകൊണ്ട് ജീവിക്കാൻ സാധിക്കുമോ? ഇപ്പോൾ നരേന്ദ്ര മോദിയുടെ 1.5 ശതമാനം വർദ്ധനവ് വന്നാൽത്തന്നെ എത്ര കിട്ടും; 15000 രൂപ കിട്ടും. 15000 രൂപകൊണ്ട് ഭാര്യയും ഭർത്താവും രണ്ട് കുഞ്ഞുങ്ങളും ജീവിക്കുമോ; അവർക്ക് മറ്റാവശ്യങ്ങളില്ലേ, കുട്ടികളെ പഠിപ്പിക്കണ്ടേ, വിദ്യാഭ്യാസം നൽകണ്ടേ, ഇതൊന്നും സാധിക്കില്ല എന്നതാണ് വസ്തുത. ഇതുകൊണ്ടാണ് കൃഷിയിൽ ആരും നിൽക്കാത്തത്. കൃഷിയിൽ ആളുകൾ നിൽക്കണമെങ്കിൽ അവർക്ക് മതിയായ വരുമാനമുണ്ടാകണം. നാളികേരത്തിന് നല്ല വിലയുണ്ട്. പക്ഷെ നാളികേരം ഇല്ലാത്ത അവസ്ഥയാണ്. ഇപ്പോൾ പുതിയ കരാർ വന്നതോടുകൂടി നാളികേരത്തിന് 8-ഉം 9-ഉം രൂപ താഴ്ന്നിരിക്കുകയാണ്. ഒരു കൃഷിക്കാരന് എങ്ങനെ പിടിച്ചുനിൽക്കാൻ സാധിക്കും? കൃഷിക്കാരെ നിലനിർത്തണമെങ്കിൽ അതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. അങ്ങ് കർഷക ക്ഷേമബോർഡ് കൊണ്ടുവരുമെന്ന് പറഞ്ഞു. ഞാൻ തന്നെ അതിന്റെ പ്രൈവറ്റ് ബിൽ അവതരിപ്പിച്ചു. അതിന് പണം എവിടെനിന്ന് കണ്ടെത്തും? റൂൾ 130 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് അങ്ങ് ഇറക്കി. അതിൽ സന്തോഷമുണ്ട്. എന്താണെന്നുവച്ചാൽ അതിൽ അവകാശലാഭം കൊണ്ടുവരുമെന്ന് പറഞ്ഞു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കൃഷിക്കാരനെയും കൃഷിയെയും കുറിച്ച് ഏറ്റവും നന്നായി പഠിച്ച് സമർപ്പിച്ച റിപ്പോർട്ട് സ്വാമിനാഥൻ കമ്മിറ്റിയുടേതാണ്. ആ റിപ്പോർട്ടിൽ കൃഷികൊണ്ടുമാത്രം ജീവിക്കുന്നവരെ പ്രത്യേകം ഡിഫൈൻ ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ട് 2008-ൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചതാണ്. ഒരു കൃഷിക്കാരന് പ്രതിമാസം ഒരു ക്ലാസ് ഫോർ ജീവനക്കാരന്റെ വരുമാനമുണ്ടെന്ന് ഉറപ്പാക്കണമെന്നുള്ളതാണ് അതിലെ പ്രധാന നിർദ്ദേശം. അത് നടപ്പാക്കേണ്ടത് കേന്ദ്രമാണ്. അതിൽ അങ്ങ് വിശ്വസിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് ശരിയാണ്. അങ്ങനെയാണെങ്കിൽ 15,000 രൂപ വേണമെന്നാണ് സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. അതിപ്പോൾ 20,000 രൂപയാക്കിയിട്ടുണ്ട്. പത്തേക്കർ ഭൂമിയുള്ള ഒരു കൃഷിക്കാരന് കിട്ടാൻ പോകുന്നത് ഇപ്പോഴത്തെ പുതിയ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1.5 ശതമാനം വച്ചാൽപ്പോലും 15000 രൂപയാണ്. ആ സ്ഥിതിയിൽ എങ്ങനെയാണ് കൃഷി നിലനിൽക്കാൻ പോകുന്നത്? ഇത് വളരെ ഗൗരവമായി കണക്കാക്കണം. ഞാൻ തന്നെ ചെയർമാനായ കമ്മിറ്റി അവകാശലാഭം വേണമെന്ന് പറഞ്ഞപ്പോൾ അത് നടപ്പാക്കാമെന്ന് പറഞ്ഞു. അതിന്റെ വഴി കണ്ടെത്തുമെന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. അതിന്റെ വഴി കണ്ടെത്തണം. ഇപ്പോൾ കൃഷിയിൽ എഫ്.ഡി.ഐ. (Foreign Direct Investment) അനുവദിച്ചു. ഏകദേശം ആയിരത്തിൽപ്പരം കോടി രൂപ മുതൽമുടക്കി അഞ്ച് കമ്പനികൾ വന്നു. പെപ്സിയും കൊക്കൊകോളയുമൊക്കെ അഗ്രികൾച്ചർ പ്രോസസിലേയ്ക്ക് വരികയാണ്. അപ്പോൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുമ്പോഴുള്ള ലാഭത്തിന്റെ ഒരു വിഹിതം നമ്മൾ വാങ്ങിയെടുക്കണമെന്നാണ് പറയുന്നത്. 50 ഗ്രാം ഉരുളക്കിഴങ്ങ് ഉൽപ്പാദിപ്പിക്കുന്നത് 25 രൂപയ്ക്കാണ്. 25 രൂപയുടെ ഉരുളക്കിഴങ്ങ് 400 രൂപയ്ക്കാണ് വിൽക്കുന്നത്. അതുപോലെതന്നെയാണ് അരിയും നെല്ലും. ഞാൻ അതൊക്കെ നേരത്തെ പറഞ്ഞതുകൊണ്ട് ഇപ്പോൾ പറയുന്നില്ല. റോയൽറ്റി കൊടുക്കണം. റോയൽറ്റി കൊടുക്കാൻ ഇപ്പോൾ കാശില്ല എന്നുപറഞ്ഞ് മാറ്റിവയ്ക്കുകയാണ്. എല്ലാ കമ്പനികളും ഇവിടെ കുപ്പിവെള്ളം വിൽക്കുന്നുണ്ടല്ലോ; അതിലെ ഒരു രൂപ എടുത്താൽ നമുക്ക് എത്ര രൂപ കിട്ടും; റോയൽറ്റി കൊടുക്കാനുള്ള പൈസയാകില്ലേ? നെൽകൃഷിക്കാരൻ ഒരു ഹെക്ടർ നെൽകൃഷി നിലനിർത്തുമ്പോൾ ഐക്യരാഷ്ട്രസഭയുടെ കണക്കുപ്രകാരം 22.5 ലക്ഷം രൂപ പരിസ്ഥിതിക്ക് ഗുണം കിട്ടുന്നുവെന്നാണ് പറയുന്നത്.

സംസ്ഥാനത്ത് മാളുകൾ കെട്ടുന്നത് വലിയ ബോർവെല്ലുകൾ കുഴിച്ചാണ്. ആ ബോർവെല്ലിന് ചാർജ് ഈടാക്കിക്കൂടേ? 3000 സ്ക്വയർ മീറ്ററിൽ കൂടുതൽ വലിപ്പമുള്ള വീടുകൾ ഇവിടെ വയ്ക്കുന്നുണ്ട്. അതിന് വേണമെങ്കിൽ നികുതി ഈടാക്കാമല്ലോ. ജി.എസ്.ടി. വന്നതുകൊണ്ട് ഇതിന് നിവൃത്തിയില്ലെന്നാണ് ഇപ്പോൾ പറയുന്നത്.

അങ്ങനെയാണെങ്കിൽ പണം കണ്ടെത്താനുള്ള വഴിയില്ലേ? 10-15 കോടി രൂപയുടെ വീട് നിർമ്മിച്ച് ഇവിടത്തെ മലയുൾപ്പെടെ ഇടിക്കുന്നില്ലേ? അതിനൊരു നിയന്ത്രണവും സൂപ്പർ ടാക്സും കൊണ്ടുവന്നുകൂടേ? ഒരു വിവാഹം 10000-20000 ആളുകളെ വിളിച്ചുകൂട്ടി നടത്തുന്നു. ഇതിനെല്ലാം ടാക്സ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം.

നമുക്ക് പറ്റിയ ചില പാളിച്ചകൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 2016-17-ൽ ആർ.കെ.വി.വൈ. പദ്ധതിയിൽ 258 കോടി രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയത്. അതിൽ 157.71 കോടി രൂപ കേന്ദ്ര സഹായമായിരുന്നു. എന്നാൽ കേന്ദ്രത്തിൽ നിന്നും ലഭിച്ചത് 92.76 കോടി രൂപയാണ്. ബാക്കി 64.95 കോടി രൂപ ചെലവാക്കാത്തതുകാരണം നമുക്ക് കിട്ടിയില്ല. അതുപോലെ ഈ വർഷം 214 കോടി രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയത്. 128.44 കോടി രൂപ കേന്ദ്ര സഹായമായിരുന്നു. ഇതിൽ ആകെ ലഭിച്ചത് 51.5 കോടി രൂപ. ബാക്കി 76.9 കോടി രൂപ ഇനിയും ലഭിക്കാനുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കാൻ കുറച്ച് ദിവസമേ ബാക്കിയുള്ളൂ. ഇത് സാധിക്കാൻ വലിയ പ്രയാസമാണെന്നാണ് എനിക്ക് തോന്നുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.കെ.എസ്.വൈ.-യും ഇതുപോലെ തന്നെയാണ്. പ്രസ്തുത പദ്ധതിയിൽ വേണ്ടരീതിയിൽ ശ്രമം നടത്താത്തതു കൊണ്ട് നമ്മൾ ഏറ്റവും പിന്നോക്കം നിൽക്കുകയാണ്. കഴിഞ്ഞ ജൂൺ മാസം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് കൊടുത്തതിനുശേഷമാണ് ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുകയും അവതരിപ്പിക്കുകയും ചെയ്തത്. എന്നാൽ ഇപ്പോൾ അവതരിപ്പിച്ചത് 30570 കോടി രൂപയുടെ പദ്ധതികളാണ്. 2020-ൽ അത് പൂർത്തിയാക്കണം. അതിന് ഇനി കുറച്ച് സമയമേ ബാക്കിയുള്ളൂ. ഒരു കൊല്ലം 15000 കോടി രൂപയെ ങ്കിലുമുണ്ടെങ്കിൽ മാത്രമേ അത് നടപ്പിലാക്കാനാകുകയുള്ളൂ. ഈ മേഖലയിലെ കൃഷിക്കാരെയും കുടിവെള്ളവും സംരക്ഷിക്കാനുതകുന്ന പദ്ധതിയാണിത്. ഇത് ശരിയായ രീതിയിൽ കേന്ദ്രത്തിൽ അവതരിപ്പിച്ച് തുക വാങ്ങിയെടുക്കുന്നതിൽ നമുക്ക് വീഴ്ച വന്നിട്ടുണ്ട്. ഇപ്പോൾ അതിന്റെ വിഹിതമായി 6808 കോടി രൂപ നീക്കിവയ്ക്കണം. അത് വളരെ ഗൗരവമായി ശ്രദ്ധിക്കണം. കൃഷിക്കാരെ ഒരുപരിധിവരെ രക്ഷിച്ചെടുക്കാൻ സാധിക്കുന്നതാണ് ആ പദ്ധതി.

അതുപോലെ വളരെ പ്രധാനപ്പെട്ടതാണ് ഗ്രീൻ ക്ലൈമറ്റ് ഫണ്ട്. ഇതിന്റെ സ്ഥിതിയെന്താണ്? എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി, അയച്ചുവെന്നാണ്. സ്ക്രീനിംഗ് കമ്മിറ്റിപോലും ഇനിയും ചേർന്നിട്ടില്ലെന്നതാണ് യഥാർത്ഥ വസ്തുത. ഒറീസ 300 കോടി രൂപ വാങ്ങി; നമുക്കും കിട്ടേണ്ടതല്ലേ?

അതുപോലെ വേൾഡ് ബാങ്കിന്റെ സ്കീമിൽ തമിഴ്നാട് വിഹിതം വാങ്ങി. നമ്മൾ അങ്ങനെയൊരു പ്രോജക്ടോ പ്രൊപ്പോസലോ കൊടുക്കാത്തതു കാരണം നമ്മുടെ നാട്ടിലെ പാവപ്പെട്ട ആളുകൾക്ക് കുടിവെള്ളത്തിനുൾപ്പെടെ കേന്ദ്രവിഹിതം കിട്ടാത്ത അവസ്ഥയാണുള്ളത്. ഇക്കാര്യം വളരെ ഗൗരവമായെടുക്കണം.

അതുപോലെ ആർ.കെ.വി.വൈ., റഫ്താർ (RAFTAAR) എന്നിവയിൽ 15722 കോടി രൂപയുടെ പദ്ധതികളുണ്ട്. സംസ്ഥാനം പദ്ധതി സമർപ്പിച്ചില്ലെങ്കിൽ അതിൽ ഒരു രൂപപോലും നമുക്ക് ലഭിക്കാത്ത അവസ്ഥ വരും. ഇപ്രാവശ്യത്തെ കേന്ദ്ര ബഡ്ജറ്റിൽ ഗ്രീൻ റെവല്യൂഷനായി 13908 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതിനുള്ള പദ്ധതികൾ നമ്മൾ ആവിഷ്കരിക്കണം. പണ്ടത്തെപ്പോലെ ഇപ്പോൾ പ്ലാനിംഗ് കമ്മീഷനില്ല, നീതി ആയോഗാണ്. പ്രോജക്ട് സമർപ്പിച്ചാൽ മാത്രമേ തുക ലഭിക്കുകയുള്ളൂ. അത് കൊടുക്കാനുള്ള യാതൊരു സംവിധാനവും ചെയ്യുന്നില്ല.

മി. ചെയർമാൻ: അങ്ങ് കേരളത്തിലെതന്നെ അറിയപ്പെടുന്ന കർഷകനാണ്. ഇന്ന് മുഴുവനും പ്രസംഗിക്കാൻ അങ്ങയുടെ കയ്യിൽ വിഷയമുണ്ട്. പക്ഷെ സമയമില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കാർഷിക രംഗത്തെ വളരെ ഗൗരവമായ കാര്യങ്ങളാണിത്. ഇറിഗേഷനുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യംകൂടി പറയാനുണ്ട്. ബഡ്ജറ്റിൽ ഇറിഗേഷനുവേണ്ടി നമ്മൾ പണം വകയിരുത്തുന്നുണ്ട്. അത് ചെലവഴിക്കാനുള്ള നടപടി സ്വീകരിക്കണ്ടേ? ബഡ്ജറ്റിൽ തുക നീക്കിവച്ചാൽ ആ വർഷംതന്നെ എ.എസ്./ടി.എസ്. കൊടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതല്ലേ? ആറേഴ് ചീഫ് എഞ്ചിനീയർമാരുണ്ട്. എന്റെ മണ്ഡലത്തിലെ കുറെ പ്രോജക്ടുകൾക്ക് ഇനിയും എ.എസ്. കൊടുത്തിട്ടില്ല. ഇത്രയും എഞ്ചിനീയർമാർ ഉണ്ടായിരുന്നിട്ടും പദ്ധതികളൊന്നും നടക്കുന്നില്ലെങ്കിൽ അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കാൻ വകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. സബ്ജക്ട് കമ്മിറ്റിയുടെ യോഗത്തിന് വിളിച്ചാൽപ്പോലും ചീഫ് എഞ്ചിനീയർമാർ വരാത്ത സ്ഥിതിയാണുള്ളത്. കാവേരിനദിയിൽ നിന്നും സംസ്ഥാനത്തിന് കിട്ടിയ വെള്ളം ഉപയോഗിക്കാനുള്ള പദ്ധതികൾ, അതിനായി പണം നീക്കിവച്ചിട്ടും ഒരു രൂപ പോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പണിയെടുക്കാത്ത ഉദ്യോഗസ്ഥരെ പണിയെടുപ്പിക്കാനുള്ള നടപടി ഇറിഗേഷൻ വകുപ്പുമന്ത്രി സ്വീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചോദിക്കുന്നതിന്റെ അർത്ഥം ഈ വകുപ്പ് വളരെ പരാജയമാണ് എന്നുതന്നെയല്ലേ. അത് പച്ചയ്ക്ക് പറഞ്ഞുകൂടേ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഉദ്യോഗസ്ഥരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ പറഞ്ഞത്. ശക്തമായ നടപടി സ്വീകരിച്ചില്ലെങ്കിൽ സംസ്ഥാനത്തെ അത് അപകടത്തിലാക്കും. ഇക്കാര്യങ്ങളിലെല്ലാം വളരെ ഗൗരവമായ നടപടി സ്വീകരിച്ച് നമുക്ക് കിട്ടേണ്ട പദ്ധതികളിൽ, പ്രത്യേകിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വളരെ ശ്രദ്ധാപൂർവ്വം നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും, കൃഷി, ജലസേചനം എന്നിവയിന്മേലുള്ള ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ 21 മാസം നിങ്ങൾ ചെയ്ത ശരികളൊന്നുമില്ലേ, ഞങ്ങൾ ചെയ്ത തെറ്റുകൾ എന്തിനാണ് പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഒരു പ്രതിപക്ഷാംഗം ചോദിക്കുന്നത് കേട്ടു. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് പറയാനുള്ളത് നിങ്ങൾ ചെയ്ത ചരിത്രപരമായ തെറ്റുകളെ തിരുത്തുകയെന്നുള്ള ഉത്തരവാദിത്വമാണ് കേരള ജനത സഖാവ് പിണറായി വിജയൻ സർക്കാരിൽ ഏൽപ്പിച്ചിരിക്കുന്നത്. ഇവിടെ അല്പം മുമ്പ് ശ്രീ. പി. ടി. തോമസ് വളരെ ആവേശത്തോടുകൂടി കോൺഗ്രസിന്റെ കാർഷിക നയങ്ങളെക്കുറിച്ച് പറഞ്ഞു. ശ്രീ. പി. ടി. തോമസ്, അങ്ങ് വിദർഭ മറന്നുപോയോ; കോൺഗ്രസിന്റെ ആഗോളവത്കരണ നയങ്ങൾ കരിനിഴൽ വീഴ്ത്തി ഇല്ലാതാക്കിയ വിദർഭയിലെ കർഷകരെ അങ്ങ് മറന്നുപോയോ; ഓരോ മിനിട്ടിലും ഒരു കർഷകൻ വീതം ആത്മഹത്യ ചെയ്ത വിദർഭയെക്കുറിച്ച് എന്തുകൊണ്ടാണ് അങ്ങ് മൗനംപാലിച്ചത്? തെറ്റുകൾ തിരുത്തുകയെന്ന വലിയ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഹരിത കേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം തുടങ്ങിയ വിവിധ പദ്ധതികളിലൂടെ സമഗ്രമായ പരിപാടിയാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. വർത്തമാന കാലത്തിന്റെ ഏറ്റവും വലിയ അപചയം മനുഷ്യമനസ്സുകളിലെയും മണ്ണിലെയും നനവ്, ആർദ്രത നഷ്ടപ്പെട്ടു എന്നുള്ളതാണ്. വിശക്കുന്നവന് മുന്നിൽ ഈശ്വരൻ അന്നമായി അവതരിക്കുമെന്ന് പറഞ്ഞ ഗാന്ധിജിയുടെ നാട്ടിൽ വിശപ്പടക്കുവാൻ മാനസിക വിഭ്രാന്തിയിൽപ്പെട്ട ഒരു ആദിവാസി സഹോദരൻ എന്തോ മോഷ്ടിച്ചുവെന്നാരോപിച്ച് തല്ലിച്ചതയ്ക്കുകയും അവിടെ നിന്നുകൊണ്ട് സെൽഫിയെടുക്കുകയും ചെയ്ത മനുഷ്യനിൽ നഷ്ടപ്പെട്ടത് മാനസികമായിട്ടുള്ള മനസ്സിന്റെ ആർദ്രതയാണ്. ഈ ഓണക്കാലത്ത് സമൃദ്ധിയായി കുലയ്ക്കുമെന്ന് നാം കരുതിയിരുന്ന വാഴകൾ ഈ വേനൽക്കാലത്ത് പഴുത്ത് ഒടിഞ്ഞുപോയത് മണ്ണിന്റെ ആർദ്രതയില്ലാതായതുകൊണ്ടാണ്. ഇങ്ങനെ ആർദ്രത നഷ്ടമാകുന്ന കാലഘട്ടത്തിൽ മനസ്സിന്റെ നന്മ നഷ്ടമാകാത്ത ഒരു വിഭാഗമാളുകളുണ്ട്. അത് ഇവിടെ അല്പംമുമ്പ് സംസാരിച്ച ശ്രീ. കെ. കൃഷ്ണൻകുട്ടിയെപ്പോലെയുള്ള

കർഷകരാണ്. മുംബൈയിൽ നമ്മൾ കണ്ടത്, ആസാദ് മൈതാനത്തേയ്ക്ക് നടന്നടുത്ത 50000-ത്തോളം കർഷകർ അഞ്ച് ദിവസം നടന്നിട്ട് ഒരു ദിവസം രാത്രിയിൽ വിശ്രമിച്ചശേഷം വേണമെങ്കിൽ മുംബൈ നഗരത്തിലേയ്ക്ക് പ്രവേശിക്കാമായിരുന്നു. അങ്ങനെ ഭട്നവിസ് സർക്കാരിനെ വേണമെങ്കിൽ മുൾമുനയിൽ നിർത്താമായിരുന്നു. പക്ഷെ മുംബൈയിൽ പരീക്ഷയെഴുതാൻ പോകുന്ന പത്താംക്ലാസിലെ വിദ്യാർത്ഥികളെ സഹായിക്കുന്നതിനും മുംബൈ നഗരത്തെ സ്തംഭിപ്പിക്കാതിരിക്കുന്നതിനുംവേണ്ടി ആ രാത്രിയിൽ ഉറക്കമിളച്ചുകൊണ്ട് തളർച്ചയും ക്ഷീണവും വകവയ്ക്കാതെ അവർ നടന്ന് ആസാദ് മൈതാനത്തേയ്ക്കെത്തുകയാണ് ചെയ്തത്. അതാണ് കർഷകരുടെ മനസ്സിലെ നന്മ. ആ നന്മയുള്ള കർഷകരെ ഇല്ലാതാക്കാനാണ്, അവരുടെ ജീവിതത്തെ തുലയ്ക്കാനാണ് വാസ്തവത്തിൽ നരേന്ദ്ര മോദി സർക്കാർ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഇപ്പോൾ കേന്ദ്രത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ 2022-ൽ രാജ്യത്തെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതൊരു തമാശയായാണ് തോന്നിയത്. കാരണം അംബാനിയെയും അദാനിയെയും അവർ നടത്തുന്ന ബിസിനസ്സിനെയും കൃഷിയായി കണക്കുകൂട്ടിയാൽ 2022 അല്ല, ഇപ്പോൾത്തന്നെ അവരുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്, ആ വരുമാനം ഇരട്ടിയാകുമെന്നല്ല, നൂറിരട്ടിയായി വർദ്ധിപ്പിക്കാൻ മോദി സർക്കാരിന് കഴിയും.

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം കൃഷിയും ജലസേചനവും സംബന്ധിച്ച് ഭരണപക്ഷത്തെ അംഗങ്ങൾ സൂചിപ്പിച്ചു. കഴിഞ്ഞ 21 മാസത്തിനുള്ളിൽ 34,000 ഏക്കർ സ്ഥലത്താണ് പുതിയതായി നെൽകൃഷിയിറക്കിയത്. കഴിഞ്ഞ വർഷം ആറന്മുളയും മെത്രാൻ കായലുമുൾപ്പെടെ നിരവധി തരിശ് പ്രദേശങ്ങളിൽ കൃഷിയിറക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്ന് വിത്തെറിഞ്ഞ് ഉദ്ഘാടനം ചെയ്ത ആറന്മുളയിലെ നെൽകൃഷി പദ്ധതിയിൽ കഴിഞ്ഞവർഷം ഞങ്ങൾ കൊയ്തെടുത്തത് 252 ഏക്കറിലെ നെല്ലാണ്. ഇത്തവണ ആ സ്ഥാനത്ത് കൃഷി ചെയ്തത് 1573 ഏക്കറിലാണ്. ഇതിൽ 887 ഏക്കറും തരിശ് കൃഷിയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നേരിട്ട് സംസ്ഥാനത്തുടനീളം എല്ലാ കാര്യങ്ങളിലും ഇടപെട്ടുകൊണ്ടുള്ള പ്രവർത്തനരീതി സ്വീകരിച്ചു. രണ്ടു വകുപ്പുകളുടെയും കൃത്യമായ ഏകോപനത്തിലൂടെയുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായാണ് തരിശായി കിടന്ന പാടങ്ങളിൽ പൊന്ന് വിളയിക്കാൻ കഴിഞ്ഞത്. സംസ്ഥാനത്ത് പച്ചക്കറിയുടെ ഉത്പാദനം 6 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 10 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തിയിട്ടുണ്ട്. വിഷാംശമില്ലാത്ത പച്ചക്കറി കേരളീയർക്ക് ഓണക്കാല ത്തുൾപ്പെടെ ഭക്ഷിക്കുവാനുള്ള അവസരം കൃഷി വകുപ്പുണ്ടാക്കിക്കൊടുത്തു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഇവിടെ ജൈവ കീടനാശിനികൾ നമുക്കില്ലെന്ന് പറഞ്ഞു. ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസ് നടപ്പാക്കുവാനാണ് ഇപ്പോൾ കൃഷി വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഏതാണ്ട് 20-21 വർഷത്തിനുശേഷമാണ് നെല്ലിനും പച്ചക്കറികൾക്കും മറ്റ് സുഗന്ധവിളകൾക്കുമുള്ള ഇൻഷ്വറൻസ് തുക നല്ല രീതിയിൽ വർദ്ധിപ്പിച്ചിരിക്കുന്നത്. ആദിവാസികൾ മഹാരാഷ്ട്രയിലും ഗുജറാത്തിലുമൊക്കെ സമരം ചെയ്യുന്നത് നമ്മൾ കണ്ടു. ആദിവാസി കർഷകനായ ശ്രീ. ചെറുവയൽ രാമനെ കേരള കാർഷിക സർവ്വകലാശാലയുടെ കൗൺസിലിൽ അംഗമാക്കിയ ചരിത്രപരമായ ഇടപെടലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കിയത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, കൃഷി ഓഫീസർമാർക്ക് ഫീൽഡിലിറങ്ങി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുന്നില്ല. ക്ലറിക്കൽ ജോലികൾ ചെയ്യുവാനാണ് അവർ നിയോഗിക്കപ്പെടുന്നത്. അവരുടെ അനുഭവവും പ്രാവീണ്യവും കർഷകർക്ക് നേരിട്ട് അനുഭവവേദ്യമാകുവാനും അത് കാർഷിക നിലങ്ങളിൽ പ്രയോജനപ്പെടുത്താനുമുള്ള സാഹചര്യമുണ്ടാകണം. ഇപ്പോൾ കർഷകരുടെ അപേക്ഷയും കരം അടയ്ക്കുന്ന രസീതുമുൾപ്പെടെ അപ്‌ലോഡ് ചെയ്യുന്നത് കൃഷി ഓഫീസർമാരാണ്. അത് കൃഷിയിടങ്ങളിൽ വച്ചുതന്നെ, ടാബ്‌ലെറ്റ് ഫോണും മറ്റും ഉപയോഗിച്ച് കരം അടച്ച രസീതും മറ്റ് രേഖകളും അപ്‌ലോഡ് ചെയ്തുകൊണ്ട് കർഷകർക്ക് സബ്സിഡി ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തത്തക്ക രീതിയിൽ അവരുടെ വർക്കിൽ റീ അറേഞ്ച്മെന്റ് നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ജൈവ ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. ഗവേഷണത്തിന് പ്രാധാന്യം കൊടുത്തിട്ടുണ്ട്. മണ്ണിന്റെ അമ്ലാംശം ഉൾപ്പെടെ പരിശോധിച്ചുകൊണ്ട് അതിനനുസൃതമായ രീതിയിൽ വളവും മറ്റ് കൃഷിയും നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇപ്പോൾ നമ്മൾ ചെയ്യുന്നത് എല്ലാ വീടുകളിലും ജൈവ പച്ചക്കറി കൃഷിയും തരിശുപാടങ്ങളിൽ കൃഷിയുമാണ്. അത് അടുത്ത ഘട്ടത്തിലേയ്ക്ക് നീങ്ങണം. മണ്ണിന്റെ രാസഘടന പരിശോധിച്ച് അതാത് പ്രദേശങ്ങളിൽ ഏറ്റവും കൂടുതലായി ഉത്പാദിപ്പിക്കാൻ കഴിയുന്ന പച്ചക്കറികൾ ഉത്പ്പാദിപ്പിച്ച് കയറ്റുമതി ചെയ്യത്തക്കരീതിയിലുള്ള സംഭരണശാലകളും ടെക്നോളജിയും ഉണ്ടാകണം. അഭ്യസ്തവിദ്യരായ യുവാക്കൾ കൂടുതലായി കൃഷിയിലേക്ക് വരുന്ന സാഹചര്യമുണ്ട്. ആ രീതിയിലുള്ള പ്രവർത്തനം കൂടി കൃഷി വകുപ്പ് നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ധാരാളം തുക സബ്സിഡിയും മറ്റുമായി കർഷകർക്ക് നൽകുന്നുണ്ട്. ഒരു കാർഷിക ആഡിറ്റ് സംസ്ഥാനത്തുണ്ടാകുന്നതിന് കൃഷിവകുപ്പ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇന്ന് ബഹുമാനപ്പെട്ട പി. ടി. തോമസ് സംസാരിച്ചപ്പോൾ നാളെ ലോക ജലദിനമാണെന്ന് പറഞ്ഞു. ലോക ജല ദിനത്തിൽ ഐക്യരാഷ്ട്ര സഭയുടെ ആഹ്വാനം, " ജല ദൗർലഭ്യത്തെ നേരിടുവാൻ പ്രകൃതിയെ സജ്ജമാക്കുക"

എന്നുള്ളതാണ്. അതുകൊണ്ടുതന്നെയാണ് ഞാൻ ഈ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നത്. വരട്ടാർ ഉൾപ്പെടെയുള്ള മരണമടഞ്ഞ പുഴകളും കുളങ്ങളും വീണ്ടെടുക്കുവാൻ ഹരിത കേരള മിഷന്റെ പ്രവർത്തനത്തിലൂടെ ഈ സർക്കാരിന് കഴിഞ്ഞു. വളരെ മാതൃകാപരമായ പ്രവർത്തനമാണ് ഈ വകുപ്പ് കാഴ്ചവച്ചിരിക്കുന്ന തെന്നുള്ളത് എടുത്തുപറയേണ്ടതാണ്. പ്രത്യേകിച്ച് കഴിഞ്ഞ വരൾച്ചാ കാലയളവിൽ തിരുവനന്തപുരം നഗരത്തിൽ വെള്ളമെത്തിക്കാൻ വകുപ്പുകാണിച്ച നേതൃപാടവത്തെ, ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ കാണിച്ച ഇച്ഛാശക്തിയെ അഭിനന്ദിക്കുന്നു. എനിക്ക് പലപ്പോഴും തോന്നുന്നത് ഒരു മാന്ത്രിക വിദ്യ അല്ലെങ്കിൽ ഒരു മാന്ത്രികന്റെ പാടവമാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് വേണ്ടതെന്ന് തോന്നിപ്പോവുകയാണ്. കാരണം അച്ചൻകോവിലാർ ഉൾപ്പെടെ കേരളത്തിലെ 44 നദികളിലും വെള്ളമില്ല. ജലമെടുക്കാൻ കഴിയാത്തവിധം പുഴകളിൽ ജലമില്ലാത്ത അവസ്ഥയുണ്ട്. ഇല്ലാത്ത ജലം ആളുകൾക്കെത്തിക്കേണ്ട വലിയൊരു മാന്ത്രികവിദ്യ ഈ വകുപ്പ് നടത്തേണ്ട തായിട്ടുണ്ട്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഒരു ഡിഗ്രി ചൂട് കൂടിയാൽ 49 ആളുകൾ മരിക്കുമെന്നതാണ് കാലിഫോർണിയയിലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്ക്. ഏഴ് ഡിഗ്രി ചൂടുകൂടാനുള്ള സാധ്യതയുണ്ടെന്നതാണ് പുതിയ റിപ്പോർട്ട്. അതിന്റെ പ്രത്യാഘാതം എത്ര വലുതായിരിക്കുമെന്ന് ചിന്തിച്ചിട്ടുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, അത് ചിന്തിക്കാൻ കഴിയാത്തതാണ്. ധ്രുവ പ്രദേശങ്ങളിലെ മഞ്ഞുരുകി കടലിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യമാണുണ്ടാകുന്നത്. അത് വളരെ ഗൗരവത്തോടെ നാം കാണേണ്ടതാണ്. സംസ്ഥാനത്ത് ഒരു ജലനയം ഉണ്ടാകണം. ജലസാക്ഷരത കേരളത്തിലുണ്ടാകണമെന്നത് കഴിഞ്ഞ ധനാഭ്യർത്ഥന ചർച്ചയിൽ ഇവിടെ പറഞ്ഞ ഒരു കാര്യമാണ്. ജലസാക്ഷരതാ യജ്ഞം സംസ്ഥാനത്ത് തുടങ്ങേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുകയാണ്. സ്കൂളുകളിലൂടെയും കോളേജുകളിലൂടെയും ആ രീതിയിലുള്ള വിദ്യാഭ്യാസം കൂടി വിദ്യാർത്ഥികൾക്ക് നൽകേണ്ടതായിട്ടുണ്ട്. നമുക്ക് ജലഗ്രാമസഭകൾ നടത്തണം, കാരണം ഒരു വ്യക്തിക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന ജലത്തിന്റെ അളവെത്രയാണ്, ഒരു കുടുംബത്തിന് ചെലവഴിക്കാൻ കഴിയുന്ന വെള്ളത്തിന്റെ അളവെത്രയാണ്, ജല ലഭ്യതയെത്രയാണ് എന്നതു സംബന്ധിച്ച ശാസ്ത്രീയമായ അവബോധം ജനങ്ങൾക്കുണ്ടാകണം. ഇവിടെ സമുദ്രത്തിന്റെ കാര്യം സൂചിപ്പിച്ചതുകൊണ്ട് ഒരു കാര്യംകൂടി പറയണമെന്ന് ആഗ്രഹിക്കുകയാണ്. ഒരു ലിറ്റർ വെള്ളം അഞ്ചുപൈസ വിലയ്ക്ക് നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ തമിഴ്നാട്ടിൽ ആവിഷ്കരിച്ചിരിക്കുകയാണ്. സമുദ്രത്തിലെ ജലം കുടിവെള്ളമാക്കി അഞ്ചുപൈസയ്ക്ക് ഒരു ലിറ്റർ വെള്ളം കൊടുക്കുകയാണ്. നമുക്ക് എന്തുകൊണ്ട് ആ രീതിയിലുള്ള മോഡേൺ ടെക്നോളജിയെപ്പറ്റി ആലോചിച്ചുകൂടാ? ബഹുമാനപ്പെട്ട

മന്ത്രിയുടെ നേതൃത്വത്തിൽ റോബോട്ടിനെയിറക്കി മാൻഹോളും ഓടകളും ശുചിയാക്കുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പുകളെ സംബന്ധിച്ച മാപ്പിംഗ് ഉണ്ടാകേണ്ടതുണ്ട്. കുടിവെള്ള വിതരണത്തിൽ ലീക്കേജാണ് വകുപ്പ് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. വളരെ ഗൗരവത്തിൽ അക്കാര്യത്തിലും ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. 'ജനിക്കുമ്പോഴും ജലം മരിക്കുമ്പോഴും ജലം ജനനമൃതികൾക്കിടയിലും ജലം'- സാറാ ജോസഫിന്റെ 'ആദി' ഓർത്തുപോവുകയാണ്. മിസിസിപ്പിയും നിളയും തെംസും പമ്പയും മനുഷ്യന്റെ ഭാവനകളെയും ചേതനകളെയും എന്നും ഉദ്ദീപിപ്പിച്ചിട്ടേയുള്ളൂ. അവ നിലനിൽക്കേണ്ടത് മനുഷ്യമനസ്സിന്റെ ആർദ്രത നിലനിർത്തേണ്ടതിന്റെ ആവശ്യമാണ്; നമ്മുടെ ആവശ്യമാണ്, തലമുറകളുടെ ആവശ്യമാണ്. അതുകൊണ്ട് ആ രീതിയിലുള്ള നയങ്ങളാവിഷ്കരിക്കുന്ന ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ പിന്തുണക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കഴിഞ്ഞ കാലങ്ങളിലെല്ലാം രണ്ടു വകുപ്പിന്റെയും ചർച്ച രണ്ടു ദിവസമാണ് നടന്നിട്ടുള്ളത്. സുപ്രധാനമായ രണ്ടു വകുപ്പിന്റെ ചർച്ചയിൽ ഒന്നിച്ച് കാര്യങ്ങൾ പറയാൻ കഴിയാതെ എം.എൽ.എ.-മാരെല്ലാം വിഷമിക്കുകയാണ്. അതുകൊണ്ട് മുൻകാല കീഴ്വഴക്കം തുടരാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആദ്യമേ അഭ്യർത്ഥിക്കുകയാണ്.

കാർഷിക മേഖലയിൽ സംഭവിച്ചിരിക്കുന്ന ഗുരുതരമായ പ്രതിസന്ധി ഫിനാൻസ് ബില്ലിന്റെ ചർച്ചയിലും മറ്റും നമ്മളെല്ലാവരും ഉന്നയിച്ചിരുന്നതാണ്. കൃഷിക്കാർ നാണ്യവിളകളുടെ വിലത്തകർച്ചമൂലം വലിയ പ്രതിസന്ധിയിലാണ്. കൃഷി വകുപ്പുമന്ത്രിയും പല എം.എൽ.എ.-മാരും അക്കാര്യം സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി കൂടിയായതോടെ പൂർണ്ണമായും പ്രതിസന്ധിയിലായിരിക്കുകയാണ്. റബ്ബറിന്റെ വിലത്തകർച്ചയിൽനിന്ന് കരകയറാൻ ഏർപ്പെടുത്തിയ വിലസ്ഥിരതാ ഫണ്ട് ഫലപ്രദമാക്കി മാറ്റുകയും അത് 200 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ സർക്കാർ പ്രത്യേക പരിഗണന കൊടുക്കണം. റബ്ബർ മേഖലയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് പ്രത്യേക യോഗം വിളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മുന്നോട്ടുവരുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വ്യക്തമായ തീരുമാനങ്ങളെടുക്കാൻ കഴിയണം. Cup lump എന്ന നിലയിൽ ചണ്ടിറബ്ബറിന്റെ ഇറക്കുമതിയെക്കുറിച്ച് ശ്രീ. പി. ജെ. ജോസഫ് ഇന്നലെ സൂചിപ്പിച്ചു. കേരളം ഇടപെടേണ്ട ഒരു പ്രധാന വിഷയം ഇതാണ്. റബ്ബറിന്റെ വിലയിടിവ് ഇതുവഴി ഇരട്ടിയാകും. 30 രൂപയ്ക്ക് ചണ്ടിറബ്ബർ കിട്ടും. പത്ത് രൂപകൂടി കൊടുത്തുകഴിഞ്ഞാൽ റബ്ബറിന്റെ സ്ഥാനത്ത് അതുപയോഗിക്കാം. ആശങ്കാജനകമായ സാഹചര്യം റബ്ബർ കർഷകർ നേരിടുകയാണ്. പ്രധാനമന്ത്രിയുടെ ഓഫീസ് ഇക്കാര്യത്തിൽ ഇടപെട്ട്

വേണ്ട സഹായം ചെയ്യുന്നതായാണ് മനസ്സിലാക്കുന്നത്. ശക്തമായ ഇടപെടലിലൂടെ ആ ഇറക്കുമതി നീക്കത്തെ തടയുവാനും അവസാനിപ്പിക്കാനും കഴിയുന്ന സാഹചര്യമുണ്ടാകണം. Cup lump-ന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനെ പിന്നോട്ട് മാറ്റിക്കാനുള്ള നടപടിയുണ്ടാകണം. നെല്ലിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിതന്നെ പ്രോത്സാഹനം കൊടുക്കുന്നുണ്ട്. നെല്ലിന്റെ സംഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശാശ്വത പരിഹാരം ഉണ്ടാകണമെങ്കിൽ നെല്ല് അരിയാക്കി മാറ്റാൻ കഴിയുന്ന നടപടി ഗവൺമെന്റ് സെക്ടറിൽ തന്നെ ആരംഭിക്കേണ്ടതുണ്ട്. അതേക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. മിൽ ഉടമകളുമായി ചർച്ച ചെയ്ത് അവൻ നിശ്ചയിക്കുന്ന വിലയിലേയ്ക്ക് കൊണ്ടുപോകുന്ന അവസ്ഥയിൽ നെൽകർഷകൻ ആശങ്കയിലാണ്. ഇതിന് ശാശ്വത പരിഹാരം ഗവൺമെന്റ് കാണണം. രണ്ടര വർഷക്കാലമായി നെൽകർഷകന് പമ്പിംഗ് സബ്സിഡി കൊടുത്തിട്ടില്ല, അത് കൊടുക്കുന്നതിനുള്ള സാഹചര്യം അടിയന്തരമായുണ്ടാക്കണം. കാർഷിക കടങ്ങൾക്ക് മാത്രമല്ല കൃഷിക്കാരനെടുത്ത എല്ലാ വായ്പകൾക്കും ജപ്തിയും തിരിച്ചടവിനുവേണ്ടിയുള്ള സമ്മർദ്ദവും നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ സഹകരണ ബാങ്കുകളിൽ നിന്നെടുത്തിട്ടുള്ള കർഷകരുടെ എല്ലാ വായ്പകൾക്കും ആറുമാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൃഷിയും ജലസേചനവും രണ്ടും ഒരുപോലെ ബന്ധപ്പെട്ടുനിൽക്കുന്ന വകുപ്പുകളാണ്. ജലസുരക്ഷയുമായി ബന്ധപ്പെട്ട് തോടുകൾ, ജലാശയങ്ങൾ എല്ലാം നവീകരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കണം.

പി.എം.കെ.എസ്.വൈ. (Pradhan Mantri Krishi Sinchai Yojana) കേരളത്തിന് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾ രേഖകൾ പരിശോധിക്കുകയുണ്ടായി. കർണ്ണാടകയും ആന്ധ്രാപ്രദേശും എത്ര കോടി രൂപ പ്രയോജനപ്പെടുത്തി! കേരളത്തിന് ലഭിച്ച തുച്ഛമായ തുകപോലും പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. അക്കാര്യത്തിൽ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കണം. വരുംവർഷങ്ങളിൽ കൂടുതൽ തുക പി.എം.കെ.എസ്.വൈ.യിൽ ഉൾപ്പെടെ നേടിയെടുക്കാൻ കഴിയണം. ഇറിഗേഷൻ വകുപ്പിൽ കഴിഞ്ഞ വർഷം 417 കോടി രൂപ നീക്കിവച്ചു. അതിൽ 130 കോടി രൂപ ലാപ്സായതായാണ് കാണാൻ കഴിയുന്നത്. ചെക്ക് ഡാമുകൾ നിർമ്മിക്കുന്ന കാര്യത്തിലും തോടുകളുണ്ടാക്കുന്ന കാര്യത്തിലും കുളങ്ങൾ നവീകരിക്കുന്ന കാര്യത്തിലുമൊക്കെ എം.എൽ.എ.-മാരടക്കം പദ്ധതികളുമായി മുന്നോട്ടുവരുമ്പോൾ ലഭിച്ച ഫണ്ടുപോലും ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ല. ചീഫ് എഞ്ചിനീയർമാർ പല യോഗങ്ങളിലും പങ്കെടുക്കാൻപോലും വൈമുഖ്യം കാണിക്കുന്നതിനെക്കുറിച്ചുള്ള ഗുരുതരമായ ആക്ഷേപം ഉന്നയിക്കപ്പെട്ടിരിക്കുകയാണ്. ഇവരുടെയൊക്കെ ജോലി എന്താണ്? ലഭിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ

കഴിയുന്നില്ല എന്നുപറയുന്നതിൽ ഒരു എക്സ്ക്യൂസുമില്ല. സർക്കാരിന്റെ ഗൗരവമായ ഇടപെടൽ ഇത്തരം കാര്യങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്. ജലസേചന പദ്ധതികളിൽ മുടങ്ങിക്കിടക്കുന്ന മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് (M.V.I.P) പുനരാരംഭിച്ച് പൂർത്തിയാക്കുന്ന നടപടികളിലേയ്ക്ക് നീങ്ങണമെന്ന് അഭ്യർത്ഥിക്കുകയാണ്, ചില സ്ഥലങ്ങളിൽ ഇപ്പോൾ വർക്ക് പുനരാരംഭിച്ചത് സ്വാഗതാർഹമാണ്. ക്ഷേത്രകുളങ്ങൾ പുനരുദ്ധരിക്കുന്ന നടപടിയുമായി കഴിഞ്ഞസർക്കാർ മുന്നോട്ടുവന്നെങ്കിലും ധനകാര്യവകുപ്പ് ഇപ്പോൾ ഉടക്കിയിരിക്കുകയാണ്. കുളങ്ങൾ നവീകരിക്കുന്നതിന് എം.എൽ.എ. അസറ്റ് ഡെവലപ്മെന്റ് ഫണ്ട് കൊടുത്താൽ അനുവദിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. ഗവൺമെന്റ് തന്നെ ഫണ്ട് മാറ്റിവച്ചുകൊണ്ട് ക്ഷേത്രകുളങ്ങൾ നവീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ അനുകൂലമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കാർഷികമേഖലയ്ക്കും കേരളത്തിന്റെ പുരോഗതിക്കും ഏറ്റവും അടിസ്ഥാനമായിട്ടുള്ള കുട്ടനാട് പാക്കേജ് രണ്ടാം ഘട്ടം നവീകരിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രോസ്പിരിറ്റി കൗൺസിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വിളിച്ചുചേർത്തിട്ടില്ല. അത് എത്രയും പെട്ടെന്ന് വിളിച്ചുചേർക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കേരളം കടുത്ത വരൾച്ചയിലേയ്ക്ക് പോകുകയാണ്. കേരള വാട്ടർ അതോറിറ്റിയുടെ ഇന്നത്തെ അവസ്ഥയെന്താണ്? വാട്ടർ അതോറിറ്റിയുടെ എം.ഡി. എപ്പോഴും കോടതിയിൽ പോയി ക്ഷമാപണം നടത്തി യാചിക്കുന്ന കാഴ്ചയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങൾ വരുന്നത്? കരാറുകാരുടെ കുടിശ്ശിക തീർക്കാത്തതിന്റെ പേരിലുള്ള പ്രശ്നങ്ങളിൽ പലപ്പോഴും പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങളിലെങ്കിലും ഒരു മുൻഗണനയുണ്ടാകണ്ടേ? കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയുന്ന നടപടിയിലേയ്ക്ക് ഗവൺമെന്റ് വരേണ്ടതായിട്ടുണ്ട്. ഇവിടെ കുടിവെള്ളം പാഴായിക്കൊണ്ടിരിക്കുന്ന, ജലമലിനീകരണമുണ്ടാകുന്ന ഇത്തരം വിഷയങ്ങളെല്ലാം പലരും സഭയിൽ ഉന്നയിക്കുകയുണ്ടായി. നല്ല നിലവാരമുള്ള പൈപ്പിട്ടിരിക്കുന്ന സ്ഥലത്തുപോലും ഇന്റർ ലിങ്ക് ചെയ്യുന്ന കാര്യത്തിലോ കണക്ട് ചെയ്യുന്ന കാര്യത്തിലോ ഉള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ല. കരാറുകാരായിട്ടുള്ള സാധാരണ തൊഴിലാളികൾക്ക് കൊടുക്കുന്ന മെയിന്റനൻസ് ഗ്രാന്റിന്റെ ദൗർലഭ്യം ഇപ്പോൾ ഏറ്റവും വലിയൊരു വിഷയമായിരിക്കുകയാണ്. ഈ വിഷയത്തിൽ ശക്തമായ ഇടപെടൽ ഗവൺമെന്റ് നടത്തേണ്ടതുണ്ട്. വർഷങ്ങളായി പണിയെടുക്കുന്ന ഇത്തരം തൊഴിലാളികൾക്ക് ആവശ്യമായ സംരക്ഷണം കൊടുക്കണം. അവർ ആരെയെങ്കിലും വച്ച് കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുകയാണ്.

അങ്ങനെയാണ് എം.എൽ.എ.-മാർ പോലും ഈ പ്രശ്നങ്ങൾ പലപ്പോഴും പരിഹരിക്കുന്നത്. ഇപ്പോൾ അവരെ പിരിച്ചുവിട്ടിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളെ നിയമിക്കുകയാണ്. 6 മാസം കൊണ്ട് എംപ്ലോയ്മെന്റുകാരൻ അത് പഠിച്ചുവരുമ്പോൾ കാലാവധി കഴിയും; ഉടൻ അടുത്ത എംപ്ലോയ്മെന്റുകാരനെ വിളിക്കുകയാണ്. ഈ രംഗത്തെങ്കിലും ഇപ്പോഴുള്ള ആളുകൾ തുടരാൻ കഴിയുന്ന സാഹചര്യമുണ്ടാക്കുന്നതാണ് നല്ലത്. 375 രൂപയ്ക്കാണ് ഇവർ ജോലി ചെയ്യുന്നത്. മിനിമം കൂലി 620 രൂപയാണ്. അവർക്ക് മെച്ചപ്പെട്ട നിലയിൽ ജോലി ചെയ്യാൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന ഒരു സ്ഥിതിവിശേഷമുണ്ടാക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു. ഉള്ള ജലം കൃത്യമായി വിതരണം ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള നടപടികൾ ഉണ്ടാകണം. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികളെല്ലാം കുടിവെള്ള കാര്യത്തിൽ ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണ്. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരാരംഭിക്കാനോ പുതിയ പദ്ധതികൾ ഏറ്റെടുക്കാനോ നമുക്ക് കഴിയുന്നില്ല. കുടിവെള്ള പ്രശ്നത്തിന്റെ കാര്യത്തിൽ കേന്ദ്രത്തിന്റെ ഫണ്ട് നിർത്തലാക്കിയിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിന് എങ്ങനെ ഇത്തരം പ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ സാധിക്കും, ഇതിനുള്ള പരിഹാരമെന്താണ്? ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് ഇക്കാര്യം ഗൗരവമായി ആലോചിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ആഗോളവത്കരണ നയങ്ങൾ നടപ്പാക്കി കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിച്ച യു.പി.എ. സർക്കാരിന്റെയും കർഷകരുടെ വരുമാനം ഇരട്ടിയാക്കി കർഷകരുടെ ആത്മഹത്യ ഇല്ലാത്ത ഒരു ഇന്ത്യ കെട്ടിപ്പടുക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന നാലുവർഷം കൊണ്ട് ആത്മഹത്യനിരക്ക് 42 ശതമാനത്തിലേയ്ക്ക് ഉയർത്തിയ ബി.ജെ.പി. സർക്കാരിന്റെ നയങ്ങൾക്ക് ബദൽ ഉയർത്തി കർഷകക്ഷേമം മുഖമുദ്രയാക്കി ആത്മഹത്യയില്ലാത്ത കേരളത്തെ കെട്ടിപ്പടുക്കുന്ന ഇടതുപക്ഷ സർക്കാരിന്റെ 2018-19-ലെ സാമ്പത്തിക വർഷത്തെ ശുദ്ധജലവിതരണവും ശുചീകരണവും, കൃഷി, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

പണ്ട് രാജസദസ്സിൽ ഒരു ദരിദ്രഗായകൻ പാടാനെത്തിയ കഥയുണ്ട്. രാജാവിന്റെ ആജ്ഞ പ്രകാരം അയാൾ ഒരു പാട്ടുപാടി. രാജാവിന് പാട്ട് വളരെ ഇഷ്ടമായി. അദ്ദേഹം പട്ടുവസ്ത്രങ്ങൾ ഗായകന് വാഗ്ദാനം ചെയ്തു. വീണ്ടും പാടാൻ പറയുകയാണ്. ദരിദ്രൻ വീണ്ടും പാടി. ബലേ ഭേഷ്. രാജാവ് സ്വർണ്ണനാണയം വാഗ്ദാനം ചെയ്തു. പാട്ട് തുടരാൻ പറഞ്ഞു. വീണ്ടും അയാൾ മനോഹരമായി പാടി. രാജാവ് രത്നമാലകൾ അയാൾക്ക് വാഗ്ദാനം ചെയ്തു. അങ്ങനെ പാട്ട് തുടർന്നു. വാഗ്ദാനം

തുടർന്നു. പാതിരാത്രിയായി. രാജസദസ്സ് പിരിഞ്ഞു. മനസ്സിൽ ലഡു പൊട്ടിയ സന്തോഷത്തോടുകൂടി ഗായകൻ വീട്ടിലെത്തി ഭാര്യയോടും മക്കളോടും തനിക്ക് കിട്ടാൻ പോകുന്ന സൗഭാഗ്യത്തെക്കുറിച്ച് സംസാരിച്ചു. ആ കുടുംബം സന്തോഷത്തിൽ ആറാടി. ഒരുപാട് നാൾ കഴിഞ്ഞു. രാജാവ് വാഗ്ദാനം ചെയ്ത ഒന്നും കിട്ടാതായപ്പോൾ ഗായകൻ രാജാവിന്റെ മുന്നിലെത്തി സങ്കടം പറഞ്ഞു. ആ സമയം രാജാവ് പറഞ്ഞത്, നിന്റെ സുന്ദരമായ ഗാനം എന്റെ കാതുകളെ ആസ്വദിപ്പിച്ചു, എന്നെ സന്തോഷിപ്പിച്ചു. അതിനുപകരം നിന്റെ കാതുകളെ ഞാൻ ആസ്വദിപ്പിച്ചു, സന്തോഷിപ്പിച്ചു. നമുക്കും നിനക്കും സന്തോഷം കിട്ടിയില്ലേ, നീ ഭാഗ്യവാനാണ്. സന്തോഷം നിറഞ്ഞ മനസ്സുമായി നിനക്കുപോകാം എന്ന രാജാവിന്റെ വാക്കുകേട്ട പാവം ഗായകൻ രാജാവിനുമുന്നിൽ ബോധം കെട്ടുവീണു. ഇതൊരു കഥയല്ല. ഇന്ത്യൻ ജനകോടികൾ ചെന്നുപെട്ടിരിക്കുന്ന ദുരവസ്ഥയുടെ ഒരു നേർചിത്രമാണ്. ഇന്ത്യൻ ജനകോടികളുടെ കാതുകൾക്ക് ആസ്വാദ്യകരമായ മുദ്രാവാക്യങ്ങൾ നൽകി അധികാരത്തിൽ വന്ന കോൺഗ്രസ് സർക്കാരും അവരുടെ ദുർഭരണത്തെ മുതലെടുത്തുകൊണ്ട് അതിനെക്കാൾ ഇമ്പമേറിയ വാഗ്ദാനങ്ങൾ നൽകി അധികാരത്തിൽ വന്ന് നാലുവർഷം പൂർത്തീകരിക്കുന്ന ശ്രീ. നരേന്ദ്ര മോദിയുടെ ബി.ജെ.പി. ഗവൺമെന്റും രാജാപാർട്ട് വളരെ മനോഹരമായി അഭിനയിച്ചുകഴിഞ്ഞു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അതുകണ്ട് ബോധം കെട്ടുകിടക്കുകയാണ് ഇന്ത്യയിലെ കൃഷിക്കാരും തൊഴിലാളികളുമടങ്ങുന്ന ഇന്ത്യൻ സമൂഹം. ദേശീയ രാഷ്ട്രീയം 1970-കളിൽ ഇന്ത്യയുടെ ഭാവി തന്നെ മാറ്റിമറിച്ച സാഹചര്യത്തിന് സമാനമായി വളരുകയാണ്. ആഭ്യന്തര അടിയന്തരാവസ്ഥ അടിച്ചേൽപ്പിച്ച് ജനാധിപത്യ അവകാശങ്ങൾ ഇല്ലാതാക്കിയ അതിശക്തയായ പ്രധാനമന്ത്രിയെന്ന പ്രതിച്ഛായയുണ്ടായിരുന്ന ഇന്ദിരാഗാന്ധിയുടെ പതനത്തിനും കോൺഗ്രസ് അധികാരത്തിൽനിന്നും പുറത്തായി ആദ്യത്തെ കോൺഗ്രസ്സിതര സർക്കാർ കേന്ദ്രത്തിൽ അധികാരത്തിലെത്തിയതും അടിസ്ഥാന ജനവിഭാഗങ്ങൾ അണിനിരന്ന വിപുലമായ ചെറുത്തുനിൽപ്പിന്റെ ഭാഗമായി നടന്നതാണ്. മേൽപ്പറഞ്ഞ രീതിയെ ഓർമ്മിപ്പിക്കുന്ന സാഹചര്യം ഇന്ത്യയിൽ ഇന്ന് വളർന്നു വരികയാണ്. തനിക്ക് എതിരാളികളില്ലെന്ന് സ്വയം മേനി നടിച്ച് അമിതാധികാര പ്രവണതകൾ പ്രകടിപ്പിക്കുന്ന കോൺഗ്രസ് നടപ്പാക്കിയ തീവ്ര വലതുപക്ഷ സാമ്പത്തികനയങ്ങൾ, അതിനേക്കാൾ ശക്തമായി കോർപ്പറേറ്റുകൾക്കുവേണ്ടി പാദസേവ ചെയ്യുന്ന വർഗ്ഗീയചേരിതിരിവുണ്ടാക്കി അക്രമങ്ങളും അരാജകത്വവും അടിച്ചേൽപ്പിക്കുന്ന പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്കെതിരെ കക്ഷി രാഷ്ട്രീയത്തിനും തെരഞ്ഞെടുപ്പ് സഖ്യങ്ങൾക്കുമപ്പുറം കർഷകരും ഗ്രാമീണ ജനവിഭാഗങ്ങളും ഉയർത്തെഴുന്നേൽക്കുന്ന കാഴ്ചയാണ് നാം ഇന്ത്യയിൽ കാണുന്നത്. ബി.ജെ.പി. സർക്കാരിന്റെ പതനത്തിന്

ആക്കംകൂട്ടുന്ന അഖിലേന്ത്യാ കിസാൻ സഭയുടെ നേതൃത്വത്തിൽ മഹാരാഷ്ട്രയിലെ കർഷകർ നടത്തിയ വിജയകരമായ ലോംഗ് മാർച്ച് വർത്തമാന കാലഘട്ടത്തിൽ ഇന്ത്യയുടെ ഭാവി നിർണ്ണയിക്കുന്ന ഒരു സൂചികയാണ്. ഈ മുന്നേറ്റങ്ങൾക്ക് പ്രചോദനം നൽകുന്നത് ആഗോളവത്കരണ നയങ്ങൾക്കും വർഗ്ഗീയതയ്ക്കും എതിരെ ഇടതുപക്ഷം ഉയർത്തുന്ന ബദൽനയങ്ങളാണ്. ആ ബദൽനയങ്ങൾ നടപ്പിലാക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ സർക്കാർ ഇന്ത്യയ്ക്ക് മാതൃകയാണ്. അതുകൊണ്ടുതന്നെ ഇന്ന് അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ആത്മാർത്ഥമായി പിന്തുണയ്ക്കേണ്ടത് നാടിനെ സ്നേഹിക്കുന്ന മതനിരപേക്ഷ മനസ്സുള്ള മലയാളികളുടെ കടമയാണ്. ആ കടമ നിർവ്വഹിക്കാൻ മടി കാണിക്കുന്ന പ്രതിപക്ഷം ആ ദരിദ്ര ഗായകനെ മോഹിപ്പിച്ച് അവസാനം ബോധം കെടുത്തിയ രാജാവിന്റെ മനസ്സുള്ളവരാണ്. അവർക്ക് കേരളം ഒരിക്കലും മാപ്പ് കൊടുക്കില്ല.

എൽ.ഡി.എഫ്. സർക്കാരിന്റെ രണ്ടുവർഷത്തെ ഭരണത്തെ വിലയിരുത്തുന്ന പ്രോഗ്രസ് റിപ്പോർട്ടിനെ കളിയാക്കി ബഹുമാന്യനായ അംഗം ശ്രീ. മഞ്ഞളാംകുഴി അലി ഇന്നലെ പ്രസംഗിച്ചത് കേൾക്കുകയുണ്ടായി. പൂജ്യം മാർക്ക് ലഭിച്ച കുട്ടിയുടെ പിതാവ് പ്രോഗ്രസ് റിപ്പോർട്ട് വലിച്ചെറിഞ്ഞ കഥയാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. അദ്ദേഹത്തിന് തെറ്റ് പറ്റിയതായിരിക്കാം. യു.ഡി.എഫ്. ഭരണത്തിൽ പാഠപുസ്തകം പോലും പരീക്ഷകൾക്കുമുമ്പെ കൊടുക്കാതെ വിദ്യാർത്ഥികളെ പൂജ്യം മാർക്കിലേയ്ക്ക് എത്തിച്ച ആ സംഭവത്തെ ഒരു കഥയാക്കി അവതരിപ്പിച്ച ആ മെയ്വഴക്കം വളരെ അപാരം തന്നെയാണ്.

ഈ സർക്കാർ അധികാരത്തിലേറി രണ്ടുവർഷം പൂർത്തീകരിക്കുമ്പോൾ കാർഷിക മേഖലയിലും ജലസേചനരംഗത്തും കുടിവെള്ള വിതരണരംഗത്തും വലിയ പുരോഗതി കൈവരിച്ചിരിക്കുകയാണ്. കർഷകരെ കുത്തുപാളയെടുപ്പിച്ച യു.ഡി.എഫ്. ഭരണത്തിൽ കാർഷികവളർച്ച കുഴിയാനയുടെ നടത്തം പോലെയായിരുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ ശക്തമായ ഇടപെടലിന്റെ ഭാഗമായി 2016-17 വർഷത്തെ വളർച്ചാനിരക്ക് തലയെടുപ്പുള്ള ഒരു കൊമ്പനാനയുടെ നടത്തം പോലെ 2.9 ശതമാനമായി വളർന്നത് കർഷകരിൽ ആത്മവിശ്വാസം വളർത്തിയിട്ടുണ്ട്. നെൽകൃഷി വിസ്തൃതി ചുരുങ്ങിവന്ന ഘട്ടത്തിലാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. ഈ ഗവൺമെന്റ് രണ്ടുവർഷം കൊണ്ട് നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടറിൽ നിന്നും 220448 ഹെക്ടറായി വർദ്ധിപ്പിച്ചു. പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും ഈ വർദ്ധനവ് കാണാൻ കഴിയില്ലേ? പ്രസംഗത്തിൽ പൂജ്യം മാർക്ക് പറഞ്ഞാലും നിങ്ങളുടെ മനസ്സിൽ നല്ല മാർക്ക് ഇടുമെന്ന് ആർക്കാണ് അറിയാൻ കഴിയാത്തത്. പച്ചക്കറി കൃഷിയുടെ വിസ്തൃതി 46500 ഹെക്ടറിൽ നിന്ന് 55000 ഹെക്ടറായി വർദ്ധിച്ചു. പച്ചക്കറിയുടെ ഉല്പാദനം 6 ലക്ഷം ടണ്ണിൽ നിന്ന്

10 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിക്കുകയുണ്ടായി. അതുപോലെ വിഷരഹിത പച്ചക്കറി കഴിഞ്ഞ ഓണം തന്നെ വിഭവ സമൃദ്ധമായ ഓണമാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഭരണ കാലഘട്ടത്തിൽ കൃഷി വകുപ്പുമന്ത്രി പത്തായ ത്തിനകത്തായിരുന്നു. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണത്തിൽ കൃഷി വകുപ്പുമന്ത്രി കൃഷിക്കാരുടെ വിളിപ്പുറത്താണെന്ന കാര്യം ആരും മറന്നുപോകണ്ട. കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ വിളകൾക്ക് നാശം സംഭവിക്കുമ്പോൾ നൽകിവരുന്ന ഇൻഷ്വറൻസ് തുക വൻതോതിൽ വർദ്ധിപ്പിച്ചത് ഈ സർക്കാരാണ്. കർഷക പെൻഷൻ 500 രൂപയിൽ നിന്ന് 1100 രൂപയായി. കുടിശ്ശിക തീർത്തു. കുട്ടനാട്, തൃശ്ശൂർ - കോൾനിലം, ഓണാട്ടുകര-പൊക്കാളി നിലം, പാലക്കാട്, കൈപ്പാട്, വയനാട് മേഖലകൾ കേന്ദ്രീകരിച്ച് നെല്ലിന്റെ പ്രത്യേക മേഖലകൾ പ്രഖ്യാപിച്ചത് നെൽ കർഷകർക്ക് വളരെ സഹായകരമായ ഒരു കാര്യമാണ്. ജോഗിയെ വെടിവച്ചുകൊന്ന യു.ഡി.എഫ്.-ന് മധുവിന്റെ മരണം വലിയ ഉത്സവമാക്കാൻ എന്താണ് അവകാശം. ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു ആദിവാസി കർഷകനെ (ശ്രീ. ചെറുവയൽ രാമൻ) കാർഷിക സർവ്വകലാശാലയുടെ ജനറൽ കൗൺസിലിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരെന്ന് നിങ്ങൾ കാണണം. ആ സർക്കാരിന് നിങ്ങൾ എത്ര മാർക്ക് കൊടുക്കും; കൊടുക്കാതിരിക്കുമോ? യു.ഡി.എഫ്. ഭരണത്തിൽ 66 കർഷകർ ആത്മഹത്യ ചെയ്തെങ്കിൽ 2017-ലെ നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം ആത്മഹത്യയുടെ എണ്ണം, ശ്രീ. മഞ്ഞളാംകുഴി അലി വിശദീകരിച്ച മണ്ടൻ കുട്ടിയുടെ മാർക്കായ പൂജ്യമാണ്. ഇപ്പോൾ കേരളത്തിലെ കൃഷിക്കാരുടെ ആത്മഹത്യ പൂജ്യത്തിലാണ് നിൽക്കുന്നത്. നാളികേരത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ കാര്യത്തിലും കേരളം വലിയ നേട്ടം കൈവരിച്ചു. തൃശ്ശൂർ, പൊന്നാനി കോൾ മേഖലയിൽ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. രണ്ടാംഘട്ടം പൂർത്തീകരണ സ്റ്റേജിൽ നിൽക്കുന്നു. 80 ശതമാനം പൂർത്തീകരിച്ച് ഈവർഷം മൂന്നാംഘട്ടത്തിലേയ്ക്ക് കടക്കാൻ പോകുകയാണ്. കേന്ദ്ര സർക്കാർ ആർ.കെ.വി.വൈ. വിഹിതം വെട്ടിച്ചുരുക്കുമ്പോഴും സംസ്ഥാന സർക്കാർ പ്രവൃത്തികൾ ഏറ്റെടുത്ത് മുന്നോട്ട് പോകുകയാണ്. കൃഷി ഭവനുകളെ കാർഷിക ക്ലിനിക്കുകളാക്കി മാറ്റുകയാണ്. 44 കേരഗ്രാമങ്ങൾ ആരംഭിക്കുകയാണ്. കാർഷിക കടാശ്വാസ പദ്ധതി 2012 വരെ നീട്ടുന്നതിനാവശ്യമായ നടപടിയെടുക്കേണ്ടതുണ്ട്. പാടശേഖരങ്ങളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് Vertical Axial Flow Pump-കൾ സ്ഥാപിക്കുമെന്ന് എന്റെ ചോദ്യത്തിന് മറുപടിയായി ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് തൃശ്ശൂർ-പൊന്നാനി ഭൂകർഷകരെ സംബന്ധിച്ചിടത്തോളം വളരെയധികം ആശ്വാസമാണ്.

തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണത്തിൽ മില്ലുടമകളുടെ ചൂഷണത്തിൽനിന്നും കൃഷിക്കാരെ രക്ഷിക്കാനാവശ്യമായ അടിയന്തര നടപടി എടുക്കേണ്ടതുണ്ട്. കാർഷിക പുരോഗതിക്ക് ജലസേചനം ഒഴിവാക്കാനാകാത്ത ഘടകമാണ്. തൃശ്ശൂർ - പൊന്നാനി കോൾ മേഖലയിൽ കനാലുകളിലെ കിലോമീറ്ററോളം നിറഞ്ഞ് കിടക്കുന്ന എക്കലിനെ നീക്കംചെയ്ത് ജലസംരക്ഷണം ശക്തമാക്കാനുള്ള നടപടിയെടുക്കേണ്ടതുണ്ട്. പീച്ചി ഡാമിൽ സംഭരിക്കാൻ കഴിയുന്നത്ര വെള്ളത്തിന്റെ അളവിനേക്കാൾ കൂടുതൽ ജലം സംഭരിക്കാനും മഴക്കാലത്ത് കടലിലേയ്ക്ക് ഒഴുകിപ്പോകുന്ന ജലം സംഭരിക്കാനും കഴിയുന്ന ഒരു പദ്ധതിയാണ് എന്റെ മണ്ഡലത്തിലെ കോലുമാട് ജലസേചന പദ്ധതി. ജലസേചനത്തിനും കുടിവെള്ളത്തിനും പ്രയോജനപ്പെടുത്തുന്ന വിധത്തിൽ അടിയന്തരമായി ആ പദ്ധതി നടപ്പാക്കേണ്ടതുണ്ട്. വായു കഴിഞ്ഞാൽ മനുഷ്യർക്കും മൃഗങ്ങൾക്കും അവശ്യം വേണ്ടത് വെള്ളമാണ്. എന്റെ മണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയും കോടികൾ ചെലവഴിച്ച് പൂർത്തീകരിക്കാതെ കിടക്കുന്ന കണ്ണോത്ത് കുടിവെള്ള പദ്ധതിയും അടിയന്തരമായി പൂർത്തീകരിക്കണം.

അതുപോലെ കടലോര മേഖലയിൽ ഓഖിയും സുനാമിയും ഉണ്ടായ സാഹചര്യത്തിൽ റോഡുകളും പൈപ്പുകളും തകർന്നുപോയതിന്റെ ഭാഗമായി ഇന്ന് കുടിവെള്ളം കിട്ടാക്കനിയായി കിടക്കുന്ന ആ ജനവിഭാഗങ്ങൾക്ക് ഗുണകരമായ വിധത്തിൽ വാടാനപ്പള്ളി കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടിയെടുക്കേണ്ടതുണ്ട്. കേരള വാട്ടർ അതോറിറ്റിയിലെ കരാർ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കി അവരെ സംരക്ഷിക്കാനാവശ്യമായ നടപടിയെടുക്കണം.

സംസ്ഥാനത്ത് കൃഷിഭൂമി കർഷകനെന്ന പ്രമേയം പാസ്സാക്കിയത് കോൺഗ്രസ്സാണ്. ആ പ്രമേയം പാസ്സാക്കിയശേഷം ഇന്ത്യയിൽ ഒരിടത്തും ഒരുതുണ്ടുഭൂമിപോലും കൃഷിക്കാർക്ക് കൊടുക്കാതെ ഭരണം നടത്തിയിരുന്ന കോൺഗ്രസ്സിലെ ശ്രീ. പി. ടി. തോമസ് കേരളത്തിന്റെ ഭൂപരിഷ്കരണത്തിന്റെ പിതൃത്വം ഏറ്റെടുക്കുന്നത് കാണുമ്പോൾ മഹാനായ വൈക്കം മുഹമ്മദ് ബഷീർ എട്ടുകാലി മമ്മൂഞ്ഞ് എന്ന കഥാപാത്രത്തെ ആവിഷ്കരിച്ചത് ശ്രീ. പി. ടി. തോമസിനെപ്പോലെയുള്ളവരെ മുൻകൂട്ടി കണ്ടുകൊണ്ടാണെന്ന് കാണാൻ കഴിയും. വേണമെങ്കിൽ ശ്രീ. പി. ടി. തോമസിന്റെ വാദം അംഗീകരിക്കാം. ആ കുട്ടിയുടെ പിതൃത്വം നിങ്ങൾക്കുതന്നെ ഇരിക്കട്ടെ. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും അടക്കി ഭരിച്ച നിങ്ങൾക്ക് അവിടെയൊന്നും ഭൂപരിഷ്കരണമെന്ന സന്താനഭാഗ്യം ഇല്ലാതെപോയത് എന്തുകൊണ്ടാണ്; ഷണ്ഡത്വം ബാധിച്ചോ? അതല്ലേ ഇപ്പോൾ കെട്ടിവച്ച കാശുപോലും കിട്ടാൻ പാടുപെടുന്ന വിധത്തിലേയ്ക്ക് കോൺഗ്രസ് ഇന്ത്യ ഒട്ടുക്കും കിടന്ന് നരകിക്കുന്ന കാഴ്ച കാണാൻ കഴിയുന്നത്.

അതുപോലെ കൂട്ടത്തോടെ കോൺഗ്രസ്സുകാർ ബി.ജെ.പി.-യിലേയ്ക്ക് കുടിയേറുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇന്ത്യയിലൊരിടത്തും ഭൂപരിഷ്കരണം നടപ്പിലാക്കാൻ കോൺഗ്രസിന് കഴിഞ്ഞിട്ടില്ല. കേരളത്തിലെ ഭൂപരിഷ്കരണത്തിന്റെ പിതൃത്വം ഏറ്റെടുക്കുന്ന നടപടി എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ അഭിനയിക്കാൻ ശ്രീ. പി. ടി. തോമസിന് അല്ലാതെ മറ്റാർക്കാണ് കഴിയുക. മറ്റാർക്കും കഴിയുമെന്ന് തോന്നുന്നില്ല. അത്ര വലിയ അഭിനയ നേതാവാണ് അദ്ദേഹമെന്ന് കാണാൻ കഴിയും.

കോൺഗ്രസ് ഭരിച്ചതും ഇപ്പോൾ ബി.ജെ.പി. ഭരിക്കുന്നതുമായ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കൃഷിഭൂമി കർഷകന്, ഭൂപരിഷ്കരണം എന്നീ മുദ്രാവാക്യം ഉയർത്തി ലോംഗ് മാർച്ച് അടക്കമുള്ള മഹാസമരം നടക്കുകയാണ്. കേരളത്തിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയ ഇടതുപക്ഷത്തിന്റെ, കമ്മ്യൂണിസ്റ്റുകാരുടെ, അഖിലേന്ത്യാ കിസാൻസഭയുടെ നേതൃത്വമാണ് ആ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്തതെന്ന കാര്യം ശ്രീ. പി. ടി. തോമസിനെപ്പോലെയുള്ളവർ മറന്നുപോകരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കേരളത്തിലെ കാർഷിക മേഖലയും ജലസേചന മേഖലയും കുടിവെള്ള മേഖലയും വളരെ ഗുണകരമായ ധാരാളം പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് കേരള ജനതയുടെ പിൻബലംപറ്റി അവരുടെ പ്രോഗ്രസ് റിപ്പോർട്ടിൽ 100 ശതമാനം മാർക്ക് വരത്തക്ക നിലയിലേയ്ക്കുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനുവേണ്ടി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ സംസ്ഥാനത്തെ മന്ത്രിമാരുടെ എണ്ണം 19 ആണ്. അതിൽ 2 മന്ത്രിമാർ മാത്രമാണ് ഇപ്പോൾ ചർച്ച കേൾക്കാനുള്ളത്. ബാക്കിയുള്ള മന്ത്രിമാരാരും ഈ സഭയിൽ ഇല്ല.

കൃഷി, ജലസേചനം എന്നീ രണ്ട് വകുപ്പുകൾക്കും കൂടി ഒരു മന്ത്രി മതി. എന്തിനാണ് മന്ത്രിമാരുടെ എണ്ണം കൂട്ടിവച്ചിരിക്കുന്നത്. ആര് വേണമെന്ന് ഞാൻ പറയുന്നില്ല. നിങ്ങൾ രണ്ടുപേരോടും എനിക്ക് ഇഷ്ടമാണ്. നിങ്ങൾ രണ്ടുപേരുംകൂടി ചർച്ചചെയ്ത് ഒരാളുടെ കയ്യിൽ ഈ രണ്ട് വകുപ്പും ഇരിക്കട്ടെ. ശ്രീ. മാത്യു ടി. തോമസ് ജലസേചന വകുപ്പിന്റെ ചാർജ്ജ് എടുത്തുവെന്ന വിവരം ഉദ്യോഗസ്ഥരെ അറിയിക്കണം. പഴയ ഭരണമാണെന്ന് വിചാരിച്ച് ഉദ്യോഗസ്ഥർ പഴയ മോഷണവുമായി ഇപ്പോഴും നടക്കുകയാണ്. അതിന്റെ കണക്കൊന്നും ഞാൻ പറയുന്നില്ല. അങ്ങ് അധികാരത്തിൽ വന്നെന്നും മന്ത്രി മാറിയെന്നും ഉദ്യോഗസ്ഥരെ അറിയിക്കാനുള്ള നടപടി വേണമെന്ന് വിനയപൂർവ്വം അറിയിക്കുന്നു.

കൃഷി വകുപ്പുമന്ത്രിയെക്കുറിച്ച് നല്ലത് പറഞ്ഞാൽ എനിക്ക് എന്തോ കിട്ടാനാണെന്ന് ഇവരെല്ലാം പറയും. അതുകൊണ്ട് നല്ലത് പറയാൻ കഴിയില്ല. പക്ഷേ അങ്ങ് നല്ലവനാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് സത്യസന്ധമായി പറയൂ, ഒരു നല്ല കൃഷി വകുപ്പുമന്ത്രിയല്ലേ അദ്ദേഹം? എന്റെ അഭിപ്രായത്തിൽ അദ്ദേഹം ഒരു നല്ല കൃഷി വകുപ്പുമന്ത്രിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ള അഴിമതിക്കാരുടെ ലിസ്റ്റ് വേണമെന്ന് കാണിച്ച് ഞാൻ ഒരു ചോദ്യം ചോദിച്ചപ്പോൾ 186 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് വിജിലൻസ് എൻക്വയറിയിലേയ്ക്ക് കൊണ്ടു വന്നിരിക്കുകയാണ് ഈ മന്ത്രി. അങ്ങേയ്ക്ക് മാത്രമേ അതിന് കഴിയുകയുള്ളൂ. അതുകൊണ്ടാണ് അങ്ങയെ ഞാൻ അഭിനന്ദിക്കുന്നത്. ഈ സംഭവം ഇതിനു മുമ്പുണ്ടായിട്ടുണ്ടോ? അവരുടെയെല്ലാം പേര് എന്റെ കയ്യിലുണ്ട്. മന്ത്രിയോട് ഒരു ചോദ്യം ചോദിച്ചതിന്റെ ഫലമായി അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ പേരും കേസ് വിവരങ്ങളും അടങ്ങിയ ലിസ്റ്റ് എന്റെ കൈവശമുണ്ട്. കൃഷി വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഈ ഉദ്യോഗസ്ഥർ ഇല്ലെങ്കിലും കൃഷിവകുപ്പ് നല്ലതുപോലെ മുന്നോട്ടുപോകുമെന്നുള്ളതിന് തെളിവാണല്ലോ ഈ വകുപ്പ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് അമിതമായി ഉദ്യോഗസ്ഥർ ആവശ്യമില്ലെന്ന വസ്തുത കണക്കാക്കി അങ്ങ് പ്രവർത്തിക്കണമെന്ന് താല്പര്യപ്പെടുന്നു.

ശ്രീമതി യു. പ്രതിഭ ഹരി: സർ, 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ശുദ്ധജലവിതരണവും ശുചീകരണവും, കൃഷി, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. പ്രശസ്ത കവി ഒ. എൻ. വി. കുറുപ്പ് സാറിനോട് മുൻവിദ്യാഭ്യാസ വകുപ്പുമന്ത്രി സഖാവ് എം. എ. ബേബി നടത്തിയിട്ടുള്ള സുദീർഘമായ ഒരു അഭിമുഖത്തിൽ 'ദിനാന്തം' എന്ന കവിതയുടെ രണ്ടുവരി ഒ. എൻ. വി. കുറുപ്പ് ഉദ്ധരിക്കുന്നുണ്ട്.

"അന്യദുഃഖങ്ങളപാരസമുദ്രങ്ങൾ

നിന്റെ ദുഃഖങ്ങൾ വെറും കടൽ ശംഖുകൾ"

ഈ ബോദ്ധ്യമാണ് കമ്മ്യൂണിസത്തിന്റെ അന്ത:സത്ത. സ്വന്തം മകൾ മരിച്ചപ്പോഴും സാമ്പത്തിക ദുരിതമനുഭവിക്കേണ്ടി വന്നപ്പോഴും കാറൽ മാക്സ് തളർന്നിട്ടില്ല. മഹാനായ മനുഷ്യസ്നേഹിയായ അദ്ദേഹം സ്വന്തം ദുഃഖത്തെ വെറും കടൽ ശംഖുകളായി കണ്ടു. നമ്മുടെ സർക്കാർ ഇപ്പോൾ കാണുന്നതു പോലെ കർഷകന്റെ ദുഃഖത്തെ അപാരസമുദ്രങ്ങളായി കാണുന്നതു കൊണ്ടാണ് ഹരിതകേരളം പദ്ധതിയിലൂടെ യു.ഡി.എഫ്.-ന്റെ കാലത്ത് ശ്മശാന ഭൂമിയാക്കി മാറ്റിയ കാർഷിക മേഖലയെ പുത്തൻ ഉണർവിന്റെയും പുത്തൻ കാർഷിക സംസ്കാരത്തിന്റെയും മേഖലയിലേയ്ക്ക് കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞത്.

1.00 P.M]

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 66 കർഷകരാണ് ആത്മഹത്യ ചെയ്തത്. ഹരിത കേരളം സൃഷ്ടിച്ച് കർഷക ക്ഷേമത്തിലൂടെയും കാർഷിക വികസന ലക്ഷ്യത്തിലൂടെയും കർഷകന്റെ ദു:ഖത്തെ ഇന്ന് അപാരസമുദ്രങ്ങളോട് ഉപമിച്ചുകൊണ്ട് അതിന് പരിഹാരം കണ്ടുകൊണ്ട് കർഷക ആത്മഹത്യയില്ലാത്ത ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ കഴിഞ്ഞിരിക്കുന്നു. ഇവിടെ നെൽകൃഷിയുടെയും പച്ചക്കറിയുടെയും ഉല്പാദനത്തിലുണ്ടായ വർദ്ധനവിനെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. നെൽകൃഷി 1,96,870 ഹെക്ടറായിരുന്നു യു.ഡി.എഫിന്റെ കാലത്തെങ്കിൽ കേവലം ഒന്നേമുക്കാൽ വർഷക്കാലം കൊണ്ട് 2,20,448 ഹെക്ടറാക്കി ഉയർത്താൻ നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. 34,000 ഏക്കർ സ്ഥലത്ത് പുതിയതായി ജനകീയ മുന്നേറ്റത്തിലൂടെ കൃഷി ചെയ്തിരിക്കുന്നു. ആ പാടശേഖരങ്ങളുടെ പേരുകളൊന്നും തന്നെ ഞാൻ ആവർത്തിക്കുന്നില്ല. ചെറുകിട കർഷകർക്ക് തങ്ങൾ ഉല്പാദിപ്പിക്കുന്ന നെല്ല് സംസ്കരിച്ച് പാടശേഖര സമിതി മുഖേന തനത് ബ്രാൻഡ് വിപണിയിലെത്തിക്കാൻ സാധിക്കുന്നു. തരിശ് നിലങ്ങളുടെ മാപ്പിംഗ് നടത്തിയിരിക്കുന്നു. എവിടെയൊക്കെ തരിശുനിലങ്ങളുണ്ടോ അവിടെയെല്ലാം കൃഷി ചെയ്യുന്നതിന് വേണ്ടിയുള്ള സഹായങ്ങൾ നൽകുന്നു. 2015-16-ൽ 46,500 ഹെക്ടറായിരുന്നു പച്ചക്കറി ഉല്പാദിപ്പിച്ചതെങ്കിൽ കേവലം കുറച്ചുമാസക്കാലംകൊണ്ട് 55,000 ഹെക്ടറിലേയ്ക്ക് ആ പച്ചക്കറി വ്യാപിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. 6 ലക്ഷം മെട്രിക് ടണ്ണായിരുന്ന പച്ചക്കറി 10 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിരിക്കുന്നു. പച്ചക്കറിയിൽ സ്വയംപര്യാപ്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ തീർച്ചയായും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്ക് സാധിക്കുമെന്ന് ഈ അവസരത്തിൽ പറയുകയാണ്. VFPCK തന്നെ പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുന്നു. ഇനി ആരെങ്കിലും ഉല്പാദിപ്പിച്ചാൽ സംഭരണമാണ് ഏറ്റവും വലിയ പ്രശ്നമെങ്കിൽ സംഭരിക്കുന്നതിനുവേണ്ട പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ നെല്ല് സംഭരണത്തിനായി 525 കോടി രൂപയാണ് നൽകിയിരിക്കുന്നത്. ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്, കുട്ടനാട്ടിലെ കർഷകർക്ക് ഒരുപാട് ദുരിതങ്ങളായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം ഈ സഭയിലുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുട്ടനാട്ടിലെ കർഷകർ സെക്രട്ടേറിയറ്റിനു മുന്നിൽ ശവമായി കിടന്നുള്ള സമരങ്ങൾപോലും നടത്തിയിട്ടുണ്ട്. കുട്ടനാട്ടിലെ കർഷകർക്ക് ഭൂപ്രകൃതിപരമായ ബുദ്ധിമുട്ടുകൾ ഇന്നുമുണ്ടെങ്കിലും അവർക്ക് കൃഷിയുടെ വസന്തകാലം കൊണ്ടുവരാൻവേണ്ടി സഖാവ് സുനിൽകുമാറിന്റെ നേതൃത്വത്തിലുള്ള ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾക്ക്

കഴിഞ്ഞിരിക്കുന്നു. നെല്ല് കൊടുത്താൽ ഇപ്പോൾ ഒരാഴ്ചയ്ക്കകം അക്കൗണ്ടിലേയ്ക്ക് പണം വരുന്നു. ഇനി അഥവാ കൃഷി നഷ്ടമായാൽപ്പോലും വലിയ വട്ടിപ്പലിശക്കാരന്റെ കയ്യിൽനിന്ന് പണം വാങ്ങി നശിച്ചുപോകേണ്ട ഗതികേട് കുട്ടനാട്ടിലടക്കമുള്ള കർഷകർക്ക് ഇല്ല. പെട്ടെന്നുതന്നെ അവർക്ക് പണം ലഭിക്കാനുള്ള സംവിധാനം കൊടുത്തിരിക്കുന്നു. എന്നോട് കുട്ടനാട്ടിലെ പല കർഷകരും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പറഞ്ഞിട്ടുണ്ട്, ഭാര്യയുടെ താലിമാലയും കുഞ്ഞുങ്ങളുടെ കമ്മലുംവരെ പണയം വച്ചും വിറ്റിട്ടുമാണ് പണ്ട് കൃഷിക്കാർ അവിടെ ജീവിച്ചിരുന്നത് എന്ന്. ഇന്ന് കർഷകരുടെ ആനുകൂല്യങ്ങൾ അതാത് സമയത്ത് ഇ-പേമെന്റായി അവരുടെ അക്കൗണ്ടിലെത്തിക്കാൻ കഴിഞ്ഞുവെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്.

കേരളമെന്ന് പറയുമ്പോൾ നാളികേര കൃഷിയില്ലാതെ മുന്നോട്ടു പോകുന്നതിനെപ്പറ്റി ചിന്തിക്കാൻപോലും കഴിയുന്നില്ല. നാളികേര വികസനത്തിന് 50 കോടി രൂപയുടെ 'കേരഗ്രാമം' പദ്ധതി നടപ്പാക്കുന്നു. 2017-18 കേരവർഷമായി പ്രഖ്യാപിച്ചിരിക്കുന്നു. കേവലം ഒരു പദ്ധതി പ്രഖ്യാപനം മാത്രമല്ല, തുടർച്ചയായ 250 ഹെക്ടർ പ്രദേശത്ത് നാളികേര കൃഷിയുടെ സംയോജിത കാർഷിക പരിപാടി നടത്തിയിരിക്കുന്നു. നാളികേരത്തെ അതാത് പ്രദേശത്ത് സംസ്കരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനുംവേണ്ടി ഇടപെട്ടിരിക്കുന്നു.

സംസ്ഥാനത്തിന്റെ ചരിത്രത്തിൽത്തന്നെ ആദ്യമായി കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിരിക്കുന്നു. 21 വർഷങ്ങൾക്കുശേഷം നെല്ലിനും പച്ചക്കറികൾക്കും സുഗന്ധവിളകൾക്കുമുള്ള ഇൻഷ്വറൻസ് തുക വലിയതോതിലാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഒരു തെങ്ങിന് 100 രൂപയായിരുന്നത് 200 രൂപയും വാഴ 50 രൂപയിൽ നിന്ന് 300 രൂപയും ആക്കിയിരിക്കുന്നു. നെല്ല് ഹെക്ടർ ഒന്നിന് 15,000-ൽ നിന്ന് 35,000 രൂപയാക്കിയും ഇഞ്ചി 40,000/- രൂപയിൽ നിന്ന് 60,000-വും കാപ്പി ചെടി ഒന്നിന് 75 രൂപ മാത്രം കൊടുത്തത് 350 രൂപയുമാക്കി ഉയർത്തിയിരിക്കുന്നു. ഇതിൽ അവരുടെ പ്രീമിയം തുകയിൽ സാരമായ മാറ്റം വരുത്താതെയും കർഷകർക്ക് അമിതഭാരം ഏല്പിക്കാതെയുമാണ് ഗവൺമെന്റ് ഇത്തരത്തിൽ ഇടപെട്ടിരിക്കുന്നത്. 2016-17-ൽ 2,478 കർഷകർക്ക് 159.87 ലക്ഷം രൂപയും 2017-18-ൽ 5075 കർഷകർക്ക് 305.68 ലക്ഷം രൂപയും നഷ്ടപരിഹാരമായി വിതരണം ചെയ്തിരിക്കുന്നു. എത്രയോ കാലമായി ആവശ്യപ്പെടുന്ന ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണവും ഈ ഗവൺമെന്റ് നടപ്പിലാക്കിയിരിക്കുന്നു.

കാർഷിക വായ്പകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ 7 ശതമാനം പലിശ നിരക്കിലാണ് കർഷകർക്ക് നൽകി വരുന്നത്. എന്നാൽ ഇതിന് കൃത്യമായി തിരിച്ചടവുണ്ടെങ്കിൽ 3 ശതമാനം പലിശയിളവ് കേന്ദ്ര സർക്കാർ നൽകുമായിരുന്നു.

സ്പെഷ്യൽ അഗ്രികൾച്ചർ സോണായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ നാലുശതമാനം പലിശ കൂടി സർക്കാർ ഏറ്റെടുത്തുകൊണ്ട് നെൽകർഷകർക്കും പച്ചക്കറി കർഷകർക്കും പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനും പ്രത്യേകമായിട്ടുള്ള പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നു. അഗ്രോ പാർക്കിലൂടെ കേരളത്തിന്റെ കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ഏകീകൃതമായിട്ടുള്ള ഒരു ബ്രാൻഡ് നെയിം കൊടുക്കാനായി സർക്കാർ പരിശ്രമിക്കുന്നു. ഈ ഗവൺമെന്റിന്റെ ലക്ഷ്യം ഭക്ഷ്യസുരക്ഷിതത്വം മാത്രമല്ല, സുരക്ഷിതമായ ഭക്ഷണം കൂടി ഉറപ്പുവരുത്താൻവേണ്ടിയുള്ള ഇടപെടലാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. കൃഷിസ്ഥലങ്ങളിൽ നിന്നും കമ്പോളങ്ങളിൽ നിന്നും പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും സാമ്പിൾ ശേഖരിച്ച് അവശിഷ്ട കീടനാശിനികളുടെ പരിശോധന നടത്താൻ പ്രത്യേക ഇടപെടൽ നടത്തുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പ്രത്യേകിച്ച് സഹായമൊന്നും കിട്ടിയിട്ടല്ല കേരളത്തിൽ ഇത്തരത്തിലുള്ള വലിയൊരു കാർഷിക മുന്നേറ്റം നടപ്പാക്കുന്നത്. ഇന്ത്യയിൽ ഒന്നാം പഞ്ചവത്സര പദ്ധതി പരിശോധിച്ചാൽ കൃഷിക്കു വേണ്ടിയുള്ളതാണ് എന്നുകാണാം. അത് 1951 മുതൽ 56 വരെയാണ് പ്രഖ്യാപിച്ചത്. ഇപ്പോൾ കേന്ദ്ര കൃഷിമന്ത്രി ആരാണെന്നുപോലും അറിയാത്ത സ്ഥിതിയിൽ രാജ്യം എത്തിയിരിക്കുന്നു. ധനമന്ത്രിയും പ്രതിരോധമന്ത്രിയും നമുക്ക് തരുന്ന ഇരുട്ടടി കൊണ്ട് ഇടയ്ക്കിടയ്ക്ക് നോട്ട് റദ്ദാക്കലും അതുപോലെ യുദ്ധവിമാനം വാങ്ങലും കരാർ ഒപ്പിടലും ഇതൊക്കെ മാത്രമായി കേന്ദ്രത്തിലെ മന്ത്രിമാരുടെ പേരുകൾ ചുരുങ്ങിപ്പോയിരിക്കുന്നു. 1969 മുതൽ 74 വരെയുള്ള നാലാം പഞ്ചവത്സര പദ്ധതി ഹരിത വിപ്ലവമായിരുന്നു ഡിക്ലയർ ചെയ്തത്. ഇന്ന് കാവി വിപ്ലവം, Saffron Revolution-ന് വേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിന് ഒരു വർഗ്ഗബോധമുണ്ട്. അത് വികസനത്തിന്റെ, ഉപജീവനത്തിന്റെ, നിലനില്പിന്റെ അടിസ്ഥാനഘടകമായാണ് കൃഷിയെ കാണുന്നത്. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ വക്താവായതുകൊണ്ടുതന്നെയാണ് കേരളത്തിൽ ഇത്രയും മാറ്റങ്ങളുണ്ടാക്കാൻ കൃഷിമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ സാധിച്ചത്.

ലോകത്തെ ആദ്യത്തെ തൊഴിൽ തന്നെ കൃഷിയാണ്. ഞങ്ങൾ ആഗ്രഹിക്കുന്നത് ഈ ലോകം ഉള്ളിടത്തോളംകാലം അവസാന മനുഷ്യനും കൃഷിയെ സ്നേഹിക്കണ മെന്നാണ്. കൃഷിയെ സ്നേഹിക്കുന്ന മനുഷ്യനുമാത്രമേ മണ്ണിനെ സ്നേഹിക്കുന്നവനാകാൻ കഴിയുകയുള്ളൂ. നിയമസഭയിൽ തന്നെ ഹരിതകേരളത്തിന്റെ ബ്രാൻഡ് അംബാസിഡർമാരായിട്ടുള്ള ആദരണീയരായ രണ്ട് എം.എൽ.എ. മാർ ഇരിപ്പുണ്ട്. ശ്രീ. കെ. ദാസൻ, അദ്ദേഹം നടത്തിയ പ്രവർത്തനം ഈ നിയമസഭയും കേരള സംസ്ഥാനവുമൊക്കെ ചർച്ച ചെയ്യേണ്ടതാണ്. ഉണങ്ങിപ്പോയ പുഞ്ചപ്പാടം ആറെട്ട്

കിലോമീറ്റർ നീളത്തിൽ, തോട്കീറി, ജനകീയ കൂട്ടായ്മയിലൂടെ കൃഷി നടത്താൻ വേണ്ടി തോട്ടിലിറങ്ങി ചെളി കോരി കൃഷിക്കാരോടൊപ്പം നിന്ന് പ്രവർത്തിച്ചിരിക്കുന്നു. ഗവൺമെന്റിന്റെ സഹായമൊന്നും വാങ്ങാതെയാണ് ഇത് ചെയ്തത്. അതുപോലെ ശ്രീ. എ. പ്രദീപ് കുമാർ, അദ്ദേഹം വിദ്യാഭ്യാസ മേഖലയിൽ നടക്കാവ് സ്കൂളിനെ മുന്നോട്ടുകൊണ്ടുവന്ന് കേരളത്തിലാകമാനം ആ മാതൃക അനുകരിക്കപ്പെടുമ്പോൾ, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒരു ജലാശയം സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടി ഭാവനാത്മകമായി ചിന്തിച്ച് ഒരു കമ്പനിക്ക് രൂപം കൊടുത്തിരിക്കുന്നു. ഇടതുപക്ഷമായതുകൊണ്ടാണ് ഇങ്ങനെ ചിന്തിക്കുന്നതും അതിനുവേണ്ടിയുള്ള പ്രവർത്തനം നടത്തുന്നതും. ഉറവകളും നീരൊഴുക്കും കണ്ടെത്തുന്നതിനുവേണ്ടി ഇറങ്ങി പ്രവർത്തിക്കുകയാണ്. സ്ഥലം ഉടമകളെ കണ്ടെത്തി അവരെക്കൂടി ഷെയർ ഹോൾഡേഴ്സാക്കി മാറ്റി. ഹരിത എം.എൽ.എ.-മാർ എന്നൊക്കെ പറഞ്ഞ് അപ്പുറത്തുണ്ടായിരുന്നല്ലോ? ഇതല്ലേ യഥാർത്ഥ ഹരിത എം.എൽ.എ.മാർ? വയലും ചേറിന്റെ മണവും കർഷകസമരവും കർഷക മുന്നേറ്റവുമൊക്കെ ഇടതുപക്ഷ പ്രസ്ഥാനത്തിന് എന്നും വളക്കൂറുണ്ടാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ഭൂമിയിൽ എന്നും ഇടതുപക്ഷം ശക്തിപ്പെട്ടിട്ടുമുണ്ട്.

ഇന്ന് കേന്ദ്ര ഗവൺമെന്റിന്റെ കൃഷിയെന്നു പറഞ്ഞാൽ എന്താണ്? 3,600 കോടിയിൽപ്പരം രൂപ ഉപയോഗിച്ച് പ്രതിമ നിർമ്മിക്കുന്നു. പൊതുമേഖലാ ബാങ്കുകളെ കൊള്ളയടിക്കുന്നതാണ് അവരുടെ കാർഷിക സംസ്കാരം. അവർ കൃഷി കൊണ്ടു നടക്കുന്നത് കോർപ്പറേറ്റ് കമ്പനികൾക്ക് രഹസ്യങ്ങൾ ചോർത്തിക്കൊടുത്തതിലൂടെയാണ്. കേന്ദ്ര സർക്കാരും കൃഷിയും തമ്മിലുള്ള ബന്ധം എന്താണെന്ന് ആലോചിക്കുമ്പോൾ സ്വാഭാവികമായും നമുക്ക് വരുന്ന ഒരു ചിന്തയാണ് 'വേലി തന്നെ വിളവു തിന്നുന്നു' അല്ലെങ്കിൽ 'വിത്തിറക്കാതെ വിളവെടുക്കുന്നു' എന്നത്. പ്രതിപക്ഷത്ത് ആരുമില്ല, പൊതുവെ നിയമസഭാ പ്രവർത്തനങ്ങളിൽ അവർക്ക് താല്പര്യം വളരെയധികം കുറഞ്ഞുപോയിരിക്കുന്നു. ഞാൻ എപ്പോഴും അത് ആവർത്തിക്കുന്നില്ല. വിതച്ചത് കൊയ്തവരാണ് അവർ. മാണിസാറിന്റെ പല ബഡ്ജറ്റും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. മാണിസാറിന്റെ ബഡ്ജറ്റിൽ എപ്പോഴും പറഞ്ഞുകൊണ്ടിരുന്നത് കൃഷി ഒരു 'വ്യവസായം' എന്ന രൂപത്തിലാണ്. ലീഗിന്റെ കാര്യം പറയുകയാണെങ്കിൽ ലീഗിന്റെ കൊടിയിൽ മാത്രമേയുള്ളൂ പച്ച. അവരുടെ മനസ്സിലുമില്ല, മണ്ഡലത്തിലുമില്ല, തലമണ്ടയിലുമില്ല. ഇവർക്ക് കൃഷിയോട് താല്പര്യമില്ല. കുട്ടനാട്ടിലെ കാർഷികമേഖല ഉണർന്ന് പ്രവർത്തിച്ച കാര്യം ഞാൻ നേരത്തെ പറഞ്ഞിരുന്നു.

ചില നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. കുട്ടനാട്ടിൽ പമ്പിംഗ് സബ്സിഡി പൂർണ്ണമായും കൊടുത്തു തീർക്കുമെന്ന് കെ. എം. മാണി സാറിന്റെ കാലത്തുതന്നെ

പറഞ്ഞിരുന്നൊരു കാര്യമാണ്. നിലമൊരുക്കുന്നതിന്റെ ഭാഗമായി പത്ത് വർഷത്തിലൊരിക്കൽ കുട്ടനാട്ടിലടക്കമുള്ള കർഷകർ ഒരു കൃഷി ഉപേക്ഷിക്കാറുണ്ട്. ഒരു കൃഷി ഉപേക്ഷിച്ചതിനുശേഷം രണ്ടാമത് വീണ്ടും കൃഷിചെയ്യുമ്പോൾ ഇവർക്ക് പമ്പിംഗ് സബ്സിഡി ആനുകൂല്യം ലഭിക്കുന്നില്ല. അതായത് രണ്ട് ക്വിന്റൽ നെല്ല് കിട്ടുന്നത് മൂന്ന് ക്വിന്റൽ ആക്കുന്നതിന്റെ പരിശ്രമത്തിന്റെ ഭാഗമായി, കൃഷിയ്ക്ക് സബ്സിഡി നൽകാതിരിക്കുന്നൊരു അവസ്ഥയുണ്ട്. ഇക്കാര്യത്തിൽ അങ്ങ് അടിയന്തരമായി ഇടപെട്ട് പുഞ്ച സ്പെഷ്യൽ ഓഫീസിൽ നിന്നും പമ്പിംഗ് സബ്സിഡി കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... കൺക്ലൂഡ് ...സമയം കഴിഞ്ഞു.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ഒരു മിനിറ്റ് കൊണ്ട് നിർത്താം. കൃഷിയുടെ ആനുകൂല്യങ്ങൾ ഇ-പേമെന്റായി ലഭിക്കുന്നതുകൊണ്ട് കൃഷിയിൽ വലിയ രൂപത്തിലുള്ള വർദ്ധനവ് വരുന്നുണ്ടെങ്കിൽപ്പോലും ഒരു ക്വിന്റൽ നെല്ല് ലോറിയിൽ കയറ്റുമ്പോൾ 193 രൂപയാണ് കർഷകർക്ക് ചെലവാകുന്നത്. ഏകദേശം 2006-ൽ തുടങ്ങിയ ഹാൻഡ്ലിംഗ് ചാർജ്ജായ 12 രൂപയാണ് ഇപ്പോഴും കൊടുക്കുന്നത്. അത് 50 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീമതി പ്രതിഭ ഹരി ഒരു മിനിറ്റിൽ കൂടുതൽ എടുത്തു. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ഒരു കാര്യം പറഞ്ഞുകൊണ്ട് നിർത്താം. ബൈബിളിൽ ഒരു വാചകമുണ്ട്: വിതയ്ക്കുന്നവൻ വിതപ്പാൻ പുറപ്പെട്ടു, വിതയ്ക്കുമ്പോൾ ചിലത് വഴിയരികിൽ വീണുപോയി, പറവകൾ വന്ന് അത് തിന്നുകളഞ്ഞു. ചിലത് മണ്ണില്ലാത്തിടത്താണ് വീണത്. മണ്ണിന് താഴ്ചയില്ലാത്തതിനാൽ അത് മുളച്ചുവന്നു. എന്നാൽ സൂര്യനുദിച്ചപ്പോൾ ചൂടുതട്ടി വേരില്ലായ്കയാൽ രാഹുൽ ബ്രിഗേഡ് പോലെ അത് ഉണങ്ങിപ്പോയി. മറ്റു ചിലത് നല്ല നിലത്ത് വീണു. ശ്രീ. കെ. ദാസനെയും ശ്രീ. എ. പ്രദീപ് കുമാറിനെയും അന്തരിച്ച കെ. കെ. ആർ.നെയും പോലെ അവർ നൂറും മുപ്പതും അറുപതും മേനിയായി വിളഞ്ഞു. ചെവിയുള്ളവർ കേൾക്കട്ടെ, ചെവിയുള്ളവരെല്ലാം ഈ ബഡ്ജറ്റും ധനാഭ്യർത്ഥനയും അംഗീകരിക്കും. ചെവിയില്ലാത്തവർ, കണ്ണില്ലാത്തവർ അത് നിരാകരിക്കും.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളം കടുത്ത ജലക്ഷാമം നേരിടാൻ പോകുകയാണെന്നാണ് ഏറ്റവും ഒടുവിലായി പുറത്തുവരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വാട്ടർ അതോറിറ്റിയെ സംബന്ധിച്ചും ജലസേചനത്തെ സംബന്ധിച്ചും കേരളത്തിൽ നിലവിലുള്ള പദ്ധതികൾപോലും നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ലെന്ന് മാത്രമല്ല, പുതിയതായി പ്രഖ്യാപിച്ച പദ്ധതികളൊന്നും അതിന്റെ പ്രാരംഭത്തിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുതയും നിലനിൽക്കുകയാണ്.

ഇന്നത്തെ ചർച്ചയ്ക്ക് തുടക്കം കുറിച്ച ബഹുമാന്യനായ കെ. വി. വിജയദാസ് കോൺഗ്രസ്സിന്റെ നയങ്ങളെക്കുറിച്ച് വിമർശനങ്ങൾ ഉന്നയിക്കുന്നത് കേൾക്കുകയുണ്ടായി. വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് അദ്ദേഹം തന്നെ നിയമസഭയിൽ ചോദിച്ച ചോദ്യം, "കിഫ്ബി വഴി പ്രഖ്യാപിച്ച പദ്ധതികൾക്ക് ഭരണാനുമതി വാങ്ങിയെടുക്കുന്നതിൽ വാട്ടർ അതോറിറ്റി ജീവനക്കാർ കാട്ടുന്ന ഗുരുതരമായ കൃത്യവിലോപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കും" എന്നാണ്. കിഫ്ബി വഴി വാട്ടർ അതോറിറ്റിക്ക് നിരവധി പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായി. പക്ഷെ എത്ര പദ്ധതികൾക്ക് കിഫ്ബിയുടെ ഭരണാനുമതി നേടിയെടുക്കാൻ കഴിഞ്ഞു? ആരോഗ്യം, വിദ്യാഭ്യാസം, പി.ഡബ്ല്യൂ.ഡി. തുടങ്ങി വിവിധ വകുപ്പുകൾ വഴി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ജലസേചനവകുപ്പിന്റെ എത്ര പദ്ധതികൾക്ക് ഭരണാനുമതി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അങ്ങ് ദയവായി പരിശോധിക്കണം. എന്റെ മണ്ഡലമായ അങ്കമാലിയിൽ 116 കോടി രൂപയുടെ ഒരു പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. അതിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി ആവശ്യമായ നടപടികളൊക്കെ സ്വീകരിച്ചു. അങ്കമാലി കുടിവെള്ളപദ്ധതിയും മലയാറ്റൂരും അയ്യംപുഴയ്ക്കുമായി ഒരു പ്രത്യേക പദ്ധതിയായി ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ട് നാളുകളായി. പക്ഷെ ഇന്നുവരെ കിഫ്ബിയുടെ ഭരണാനുമതി നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നിരവധി പദ്ധതികൾ സമാന രീതിയിൽ ഇഴഞ്ഞു നീങ്ങുകയാണെന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വാട്ടർ അതോറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കാനായി റോഡുകൾ വെട്ടിപ്പൊളിച്ച തിനുശേഷം നന്നാക്കാൻ കഴിയാത്ത അവസ്ഥയെ സംബന്ധിച്ച് നമ്മൾ ആവർത്തിച്ചു പറയുന്നൊരു കാര്യമാണ്. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അടുത്ത് ചെല്ലുമ്പോൾ വാട്ടർ അതോറിറ്റി വെട്ടിപ്പൊളിച്ച റോഡ് നന്നാക്കാൻ ഒരു രൂപ പോലും നൽകുകയില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഓരോ ജില്ലയിലും ഇത്തരത്തിൽ കോടിക്കണക്കിന് രൂപ അടയ്ക്കാനുണ്ട്. ആ തുക കാലതാമസം കൂടാതെ അടയ്ക്കുന്നതിനായി നടപടി സ്വീകരിക്കാൻ ബഹുമാന്യനായ മന്ത്രി മുൻകയ്യെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വരൾച്ച വീണ്ടും കേരളത്തെ ഉറ്റുനോക്കുകയാണ്. വരൾച്ച അതിന്റെ മൂർദ്ധന്യത്തിലെത്തിയതിന് ശേഷമാണ് ഡിപ്പാർട്ട്മെന്റ് സാധാരണ നടപടികൾ സ്വീകരിക്കുന്നത്. സംസ്ഥാനത്ത് നിരവധി ജലസേചന പദ്ധതികൾ ഉണ്ടെങ്കിലും കനാലുകൾ വൃത്തിയാക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും സമയോചിതമായ ഇടപെടൽ ഉണ്ടാകുന്നില്ല. ജലസേചനം തുടങ്ങേണ്ട സമയമാകുമ്പോഴാണ് അതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിലേയ്ക്ക് എത്തുന്നത്. ആ കാലതാമസം ഒഴിവാക്കി

വരൾച്ച മുൻകൂട്ടി കണ്ടുകൊണ്ടുതന്നെ നടപടികൾ ഉണ്ടാകണം. ഉദാഹരണത്തിന്, ചാലക്കുടി ഇറിഗേഷൻ പ്രോജക്ട്, ഇടമലയാർ പ്രോജക്ട്, പെരിയാർ വാലിയുടെ മെയിന്റനൻസ് എന്നിവ നടത്തുന്നതിനുവേണ്ടി കോടിക്കണക്കിനു രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചാൽ വളരെ തുച്ഛമായിട്ടുള്ള തുകയാണ് അനുവദിച്ചുകൊടുക്കുന്നത്. അനുവദിച്ച തുക കനാലുകൾ വൃത്തിയാക്കാൻ അപര്യാപ്തമായതുകൊണ്ട് എന്ത് ചെയ്യണമെന്നറിയാതെ ഉദ്യോഗസ്ഥർ കൈമലർത്തുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് അടുത്തവർഷം ഇത്തരം സാഹചര്യം ഉണ്ടാകാതിരിക്കാനുള്ള നടപടി ഉണ്ടാകണം. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഇവ ചെയ്യാൻ സാധിക്കില്ലെന്ന് കേന്ദ്ര സർക്കാർ ഓരോ വർഷവും ആവർത്തിച്ചാവർത്തിച്ച് പറയുന്നതുമുൻകൂട്ടി കണ്ടുകൊണ്ട് ഈ വിഷയത്തിൽ കാലോചിതമായ ഇടപെടൽ നടത്താൻ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നാണ്യവിളകൾ ഉൾപ്പെടെ കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച കർഷകരെ ഇന്ന് പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പൈനാപ്പിൾ, മരച്ചീനി, ഏത്തയ്ക്ക, ജാതി എന്നീ ഉൽപ്പന്നങ്ങൾ കഴിഞ്ഞ വർഷത്തേതിൽ നിന്നും ഗുരുതരമായ വിലത്തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രിയുടെ നടപടിമൂലം ജാതി കൃഷിയ്ക്ക് മൈക്രോ സെക്ടറിൽ കോഡ് അനുവദിച്ചുതന്നതിൽ എനിക്ക് സന്തോഷമുണ്ട്. അതുകൊണ്ട് തദ്ദേശ ഭരണസ്ഥാപനങ്ങൾവഴി ജാതികൃഷിക്കുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പഞ്ചായത്തുകൾ ശ്രമിക്കുന്നുണ്ട്. പക്ഷേ സംസ്ഥാനത്ത് ഇങ്ങനെയൊരു കൃഷി നിലവിലുണ്ടെന്ന കാര്യം കൃഷി ഓഫീസുകളിൽ ബോദ്ധ്യപ്പെടുത്തണം. കാരണം ജാതി കൃഷിയെ സപ്പോർട്ട് ചെയ്യുന്ന തരത്തിലുള്ള യാതൊരു നടപടിയും കൃഷി ഓഫീസുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നില്ല. കഴിഞ്ഞ വർഷം 1,600 രൂപയുണ്ടായിരുന്ന ജാതിപത്രിക്ക് ഈ വർഷം 700 രൂപയായും 500 രൂപയുണ്ടായിരുന്ന ജാതിയുടെ കുരുവിന് 200 രൂപയായും കുറഞ്ഞിരിക്കുകയാണ്. രാജ്യത്ത് മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വീണ്ടും ആർ.സി.ഇ.പി. (Regional Comprehensive Economic Partnership) യിലേയ്ക്ക് നമ്മൾ കടക്കുകയാണ്. ജാതിയുടെ നേരിട്ടുള്ള ഇറക്കുമതി വരാൻ പോകുന്നു. വേണമെങ്കിൽ രാഷ്ട്രീയമായി ഇതൊക്കെ യു.പി.എ.-യുടെ കാലത്ത് തുടങ്ങിവച്ച താണെന്ന് പറയാം. പക്ഷെ ആ കാലഘട്ടത്തിലൊക്കെ ഇതിന് കൃത്യമായ സേഫ് ഗാർഡ്സ് ഉണ്ടായിരുന്നു. നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഉൽപ്പന്നങ്ങളെ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിൽ സമർപ്പിക്കേണ്ട തായിട്ടുണ്ട്. അടയ്ക്ക, കുരുമുളക് എന്നീ ഉൽപ്പന്നങ്ങളെ സംബന്ധിച്ച് കർണ്ണാടകം വേണ്ട നിർദ്ദേശങ്ങൾ കൊടുത്തുവെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. സംസ്ഥാനം

ഏതൊക്കെ ഉൽപ്പന്നങ്ങളെയാണ് നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്താൻവേണ്ടി കേന്ദ്രസർക്കാരിലേയ്ക്ക് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് ബഹുമാന്യനായ മന്ത്രി വ്യക്തമാക്കണം. ജാതി കൃഷിയെ സംരക്ഷിക്കുന്നതിനുവേണ്ടി ഇതിനെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

നെൽകൃഷിയെ സംബന്ധിച്ച് ബഹുമാന്യയായ പ്രതിഭ ഹരി ഇവിടെ പരാമർശിച്ചത് കേൾക്കുകയുണ്ടായി. ഏത് കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഇവിടെ സൂചിപ്പിച്ചതെന്ന് എനിക്ക് മനസ്സിലായിട്ടില്ല. ഇവിടെ വരുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും നെൽ പാടശേഖരത്തിന്റെ വിസ്തൃതി കുറയുന്നതിന്റെ കണക്കുകളാണ് സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്. അങ്ങ് മെത്രാൻ കായലിലും സന്തോഷ് മാധവന്റെ സ്ഥലത്തുമൊക്കെ കൃഷി ഇറക്കുന്നുണ്ട്. വളരെ സന്തോഷം; മാധ്യമങ്ങളിൽ നല്ല വാർത്ത കിട്ടുന്നുമുണ്ട്. പക്ഷെ കേരളത്തിൽ മൊത്തത്തിൽ നെൽ പാടശേഖരങ്ങളുടെ അളവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചുവരികയാണെന്ന വസ്തുത അങ്ങ് മനസ്സിലാക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ വിനീതമായി സൂചിപ്പിക്കാനുള്ളത്.

കേര കർഷകരെ സംബന്ധിച്ച്, 'കേരം തിങ്ങും കേരള നാട്' എന്നാണ് നമ്മൾ പറയാറുള്ളത്. പക്ഷേ വർഷം കഴിയുന്തോറും നാളികേരത്തിന്റെ ഉല്പാദനം വളരെയധികം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 2015-16-ൽ 790000 ഹെക്ടർ പ്രദേശത്ത് കൃഷിയുണ്ടായിരുന്നത് 2016-17-ൽ 781000 ഹെക്ടറായി ചുരുങ്ങിയിരിക്കുകയാണ്. കൃഷിവകുപ്പുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ വഴി തേങ്ങ സംഭരിക്കുന്നതിന് അങ്ങ് ഒരുത്തരവ് ഇറക്കിയിട്ടുണ്ടായിരുന്നു. ആ ഉത്തരവിറക്കി അഞ്ച് മാസങ്ങൾ കഴിഞ്ഞിട്ടും ഇതുവരെ കൃഷി ഡയറക്ടർ ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ലെന്നുള്ള വസ്തുത അങ്ങ് മനസ്സിലാക്കണം. അതിൽ അടിയന്തര നടപടിയുണ്ടാകണം.

ഞാൻ രാഷ്ട്രീയമൊന്നും പറയാൻ ഉദ്ദേശിച്ചിരുന്നില്ല. പക്ഷേ എനിക്ക് മുമ്പ് സംസാരിച്ച ചില അംഗങ്ങൾ കോൺഗ്രസ്സിന്റെ കാർഷിക നയത്തെക്കുറിച്ചൊക്കെ വിമർശിക്കുന്നത് കേൾക്കുകയുണ്ടായി. ഇവിടെ ബഹുമാന്യനായ പി. ടി. തോമസ് സൂചിപ്പിക്കുകയുണ്ടായി, യു.പി.എ. സർക്കാർ 70,000 കോടി രൂപ കാർഷിക കടം എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചു. അത് 2009-ൽ നടന്ന കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം.....പ്ലീസ്......

ശ്രീ. റോജി എം. ജോൺ: സർ, കഴിഞ്ഞ വർഷം കർണ്ണാടക സംസ്ഥാനം 8000 കോടി രൂപയുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 22 ലക്ഷം കർഷകർക്ക് അതിന്റെ പ്രയോജനമുണ്ടായി. പഞ്ചാബിൽ ക്യാപ്റ്റൻ അമരീന്ദർ സിംഗ് മുഖ്യമന്ത്രി ആയതിനുശേഷം 10000 കോടി രൂപയുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളി. 10 ലക്ഷത്തിലധികം കർഷകർക്ക് അതിന്റെ പ്രയോജനമുണ്ടായി. ഇവിടെ നിങ്ങൾ കർഷകരെക്കുറിച്ചും കാർഷിക രംഗത്തെക്കുറിച്ചും ഊറ്റം കൊള്ളുമ്പോൾ കേരളത്തിൽ ഇത്തരത്തിൽ ഒരു രൂപയുടെ കാർഷിക കടമെങ്കിലും എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചതിനുശേഷം പ്രസംഗം നടത്തണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. കെ. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുകയാണ്. ഭാവനാ സമ്പന്നരായ, നല്ല കാഴ്ചപ്പാടുകളുള്ള രണ്ട് മന്ത്രിമാരാണ് കൃഷി വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും. നമ്മുടെ നാട് കാർഷിക രാജ്യമാണ്. എന്നാൽ കാർഷിക മേഖല അതിന്റെ ചരിത്രത്തിലെ ഏറ്റവും കൂടുതൽ പ്രതിസന്ധികൾ നേരിടുന്ന കാലമാണിത്. വളരെ ചുരുങ്ങിയ സമയം മാത്രമേയുള്ളൂ എന്നതുകൊണ്ട് ഞാൻ എല്ലാ വിഷയവും വളരെ പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കുകയാണ്. പാലക്കാടിന്റെ കിഴക്കൻ മേഖല നെൽകൃഷിയുടെ മേഖലയാണ്. നെൽകൃഷി ഒട്ടുംതന്നെ ആദായകരമല്ല എന്നതാണ് ഇപ്പോഴുള്ള പ്രധാനപ്പെട്ട പ്രശ്നം. നെൽകൃഷി നിലനിൽക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. ഇതുമനസ്സിലാക്കി ഈ മേഖലയിൽ കൃഷി വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നു നല്ല ഇടപെടൽ ഉണ്ടാകുന്നുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 34000 ഏക്കർ സ്ഥലത്ത് പുതിയതായി നെൽകൃഷി നടത്താൻ ഈ ഗവൺമെന്റ് മുൻകയ്യെടുത്തു. പാലക്കാട് ജില്ലയിലെ ആലത്തൂരിൽ സർക്കാരിന്റെ ഒരു മോഡേൺ റൈസ് മില്ലുണ്ട്. അത് ഫലപ്രദമാക്കണമെങ്കിൽ സഹകരണ കൺസോർഷ്യത്തെ ഏൽപ്പിക്കാൻ തയ്യാറാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഓണക്കാലത്തും ക്രിസ്തുമസ്സിനും ബക്രീദിനും കൃഷിവകുപ്പ് മുൻകയ്യെടുത്ത് 1300-ലധികം വിപണികൾ ഏറ്റെടുത്ത് നടത്താൻ തയ്യാറായി. വിഷാംശമില്ലാത്ത പച്ചക്കറികൾ വിൽപ്പന നടത്തി. ഉയർന്ന വിലയ്ക്ക് കൃഷിക്കാരിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങി മുപ്പത് ശതമാനം വരെ വില കുറച്ച് വിതരണം നടത്താൻ സാധിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതാണ് എൽ.ഡി.എഫ്.-ന്റെ മാർക്കറ്റ് ഇന്റർവെൻഷൻ. ഫലപ്രദമായി കമ്പോളത്തിൽ ഇടപെടുക എന്ന രീതിയും അതുതന്നെയാണ്. സാധാരണക്കാരനായ മനുഷ്യനെ കൊള്ളലാഭക്കാരന്റെ മുന്നിലേയ്ക്ക് വലിച്ചെറിഞ്ഞുകൊടുക്കുന്ന സമീപനമല്ല, അവരെ സംരക്ഷിക്കുന്ന സമീപനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്

സ്വീകരിക്കുന്നത്. കൃഷി വകുപ്പിനെ അഴിമതിയിൽനിന്നും വിമുക്തമാക്കി. ശ്രീ. പി. സി. ജോർജ് ഇടയ്ക്കൊക്കെ സത്യം പറയും. അതുകൊണ്ടാണ് അഴിമതിക്കാരായ ധാരാളം ഉദ്യോഗസ്ഥരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കൃഷിവകുപ്പ് പ്രത്യേകമായി മുൻകയ്യെടുത്തുവെന്ന് അദ്ദേഹം പറഞ്ഞത്.

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ നല്ല രൂപത്തിൽ നടപ്പാക്കിവരുന്നു. ഇക്കാര്യത്തിൽ ഗൗരവമായ ഒരു പ്രശ്നം, അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജൈവകൃഷി എന്ന കൺസെപ്റ്റ് മൗലികവാദപരമായ സമീപനത്തിലേയ്ക്ക് എത്തുന്നുണ്ടോയെന്ന് വളരെ ഗൗരവത്തോടുകൂടി പരിശോധിക്കണം. എന്റെ സ്ഥലത്ത് ഞാൻ ജൈവകൃഷി നടത്തുകയാണ്. എന്നാൽ കഴിഞ്ഞ കാലത്ത് അവിടെ രാസവളം ഉപയോഗിച്ചിരുന്നു. അത് പെട്ടെന്ന് എങ്ങനെയാണ് ജൈവവളത്തിലേയ്ക്ക് മാറുന്നത്. എന്നുമാത്രമല്ല, അതിന്റെ അപ്പുറത്തും ഇപ്പുറത്തുമുള്ള കൃഷിക്കാരൊക്കെ രാസവളവും കീടനാശിനിയുമൊക്കെ ഉപയോഗിക്കുകയാണെങ്കിൽ ഒരു പ്രത്യേക കൃഷിസ്ഥലം മാത്രമായി എങ്ങനെയാണ് ജൈവകൃഷി ചെയ്യാൻ സാധിക്കുന്നത്? കാർഷിക ഉല്പാദനം കുറയുന്ന അവസ്ഥയിലേയ്ക്ക് ഒരിക്കലും ഇതെത്താൻ പാടില്ല എന്ന ധാരണ ഇക്കാര്യത്തിലുണ്ടാകണം. മാത്രമല്ല, ഇതിന്റെ ഫലം പരിശോധിക്കാതെ യാന്ത്രികമായ രീതിയിൽ കാര്യങ്ങളെ സമീപിക്കുകയാണ്. ഇവിടെ അതല്ല വേണ്ടത്, കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനം നല്ലതുപോലെ വർദ്ധിപ്പിക്കാൻ സാധിക്കണം. അതിന് സഹായകമായ രൂപത്തിൽ മനുഷ്യന്റെ ജീവനും ആരോഗ്യത്തിനും ഹാനികരമല്ലാത്ത രാസവളങ്ങൾ ഉപയോഗിക്കണം. മനുഷ്യന്റെ ജീവന് അപകടകരമല്ലാത്ത കീടനാശിനിയുണ്ട്. അത് ഉപയോഗിക്കാൻ കഴിയുന്ന രൂപത്തിലേയ്ക്ക് ജൈവം എന്ന് പറയുന്നതിന് പകരം വിഷരഹിതമായ കൃഷി എന്ന രൂപത്തിലേയ്ക്ക് ഈ സംവിധാനത്തെ മാറ്റണം എന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.

കർഷക ആത്മഹത്യകൾ കുത്തനെ കുറഞ്ഞുവെന്ന് മാത്രമല്ല, കേരളത്തിൽ രണ്ട് വർഷത്തിനിടയിൽ കടക്കെണിമൂലം ഒറ്റകൃഷിക്കാരൻപോലും ആത്മഹത്യ ചെയ്തില്ല എന്നുള്ളത് തന്നെയാണ് കൃഷിവകുപ്പിന്റെ ഏറ്റവും വലിയ പ്രത്യേകത.

റബ്ബറിനെ കാർഷികവിളയായി ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ ശക്തമായി സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്. അതിൽ ശ്രീ. പി. സി. ജോർജ് പറഞ്ഞ അഭിപ്രായത്തോട് എനിക്ക് ഒട്ടും യോജിപ്പില്ല. അദ്ദേഹത്തിന് എങ്ങനെയാണ് റബ്ബർ മുറിച്ചുമാറ്റണമെന്ന് കൃഷിക്കാരോട് പറയാൻ തോന്നിയത്? ഇന്ന് എന്നോടുപറഞ്ഞു, റബ്ബറിന് പകരം കാട്ടുകടുക്ക വച്ചാൽ മതിയെന്ന്. എനിക്ക് അത് ബോദ്ധ്യമായിട്ടില്ല. റബ്ബർ കൃഷിക്കാരനെ രക്ഷിക്കാൻ ആവശ്യമായ നല്ല ഇടപെടൽ ഇക്കാര്യത്തിലുണ്ടാകണം.

ജലവിഭവ വകുപ്പ് വളരെ മാതൃകാപരമായി പ്രവർത്തിക്കുകയാണ്. എല്ലാവർക്കും കുടിവെള്ളം ഉറപ്പാക്കാൻ ഈ ഗവൺമെന്റിന് ഭരണഘടനാപരമായ ബാധ്യതയുണ്ട് എന്ന കാഴ്ചപ്പാട് അംഗീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റും ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ഫലപ്രദമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. കടുത്ത കുടിവെള്ള പ്രശ്നം നേരിടുന്ന ഷൊർണ്ണൂരിലെ ചെക്ക്ഡാമിന്റെയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. അതിന് ഞാൻ ബഹുമാന്യനായ മന്ത്രിയോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. പറമ്പിക്കുളം-ആളിയാർ കരാർ വ്യവസ്ഥകൾ പുതുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. നമുക്ക് ലഭിക്കേണ്ട വെള്ളം ലഭിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ജലസേചന വകുപ്പുമന്ത്രിയുടെയും ഇടപെടൽ ഞാൻ അംഗീകരിക്കുകയും അതിനെ അഭിനന്ദിക്കുകയും ചെയ്യുന്നു. കരാർ പുതുക്കണം, കൂടുതൽ വെള്ളം പാലക്കാട് ജില്ലയ്ക്ക് കിട്ടണം. അത് മലപ്പുറം, തൃശ്ശൂർ ജില്ലകൾക്കുകൂടി സഹായകമാകും.

ഇവിടെ രാഷ്ട്രീയമായ കാര്യങ്ങൾ പറയുമ്പോൾ ചില ആളുകൾ ഞങ്ങളോട് രാജ്യം നേരിടുന്ന സംഘ്പരിവാർ ഫാസിസത്തെ എതിർക്കാൻ കോൺഗ്രസ്സിന്റെ കൂടെ നിൽക്കണമെന്നാണ് പറയുന്നത്. എന്തിന്റെ പേരിലാണ് കോൺഗ്രസ്സിനെ ഞങ്ങൾ പിന്തുണയ്ക്കേണ്ടത്? പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മുതൽ ഇന്ദിരാഗാന്ധിവരെയുള്ള ആളുകളുടെ നയങ്ങളെയും നിലപാടുകളെയും തള്ളിപ്പറഞ്ഞ കോൺഗ്രസ്സിന്റെ കൂടെയാണോ ഞങ്ങൾ നിൽക്കേണ്ടത്, അതൊരു പ്രധാനപ്പെട്ട പ്രശ്നമല്ലേ? എ.ഐ.സി.സി.-യുടെ പ്ലീനറി സെഷൻ കഴിഞ്ഞു. അതിൽ പങ്കെടുത്ത് അവിടെ പ്രസംഗിച്ച ആളാണ് ശ്രീ. വി. ഡി. സതീശൻ. അദ്ദേഹം കോൺഗ്രസ്സ് 1990-മുതൽ നടപ്പാക്കിയ സാമ്പത്തിക നയത്തെ ഇന്നലെയും ന്യായീകരിച്ചില്ലേ? കഴിഞ്ഞ കാൽനൂറ്റാണ്ടായി കോൺഗ്രസ് കൊണ്ടുവന്ന ഈ പൊളിഞ്ഞ സാമ്പത്തിക നയമല്ലേ ഈ നാടിനെ പാപ്പരീകരിച്ചത്. ആ കോൺഗ്രസ്സിന്റെ സാമ്പത്തിക നയമല്ലേ ഇന്ന് ബി.ജെ.പി. ഗവൺമെന്റ് വർജ്ജിതവീര്യത്തോടുകൂടി നമ്മുടെ രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതുപോലെ മൃദുഹിന്ദുത്വ സമീപനം കോൺഗ്രസ് സ്വീകരിക്കുന്നു. ആ തെറ്റായ സമീപനത്തിന്റെ ഭാഗമായിട്ടാണ് കോൺഗ്രസ് കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിൽ എട്ടുനിലയിൽ പൊട്ടുന്ന അവസ്ഥയിലേയ്ക്ക് പോയത്. ശ്രീ. വി. ഡി. സതീശൻ നല്ല വിവരമുള്ള ആളാണ്. പക്ഷേ, അദ്ദേഹത്തിന്റെ പ്രസംഗം കോൺഗ്രസ്സിന്റെ പൊതുയോഗത്തിൽ പ്രസംഗിക്കാൻ കൊള്ളാം. പക്ഷേ അദ്ദേഹത്തിന്റെ കോൺഗ്രസ്സിനെപ്പറ്റിയുള്ള അമിതമായ പ്രതീക്ഷ വച്ചുപുലർത്തിക്കൊണ്ടുള്ള പ്രഖ്യാപനം കോൺഗ്രസ്സുകാരുടെ മനസമാധാനം സംരക്ഷിക്കാൻ പോലും ഉതകില്ലെന്ന് അദ്ദേഹം മനസ്സിലാക്കണം. ഇപ്പോൾ കോൺഗ്രസ്സിന്റെ

അവസ്ഥ അതാണ്. സ്വന്തംകാലിൽ നിൽക്കാൻ ശേഷിയില്ലാത്ത അവസ്ഥയാണ്. ഇത് പറയുമ്പോൾ തിരിച്ച് ഞങ്ങളോട് ചില ആളുകൾ ചോദിക്കുന്നുണ്ട്. നിങ്ങൾ എവിടെയാണ്? ഈ രാജ്യത്ത് മുഴുവൻ പടർന്നുപന്തലിച്ച പാർട്ടിയാണ് സി.പി.ഐ. (എം) എന്നൊന്നും കോൺഗ്രസ്സിനെപ്പോലെ ഞങ്ങൾ അവകാശപ്പെട്ടിട്ടില്ല. പക്ഷേ ഒരു കാര്യമുണ്ട്. ഞങ്ങൾക്ക് ഒരു നിലപാടുണ്ട്. ആ നിലപാടിൽ ഒരു തുള്ളിവെള്ളംപോലും ഞങ്ങൾ ചേർക്കാറില്ല. ഞങ്ങൾക്ക് നട്ടെല്ലുണ്ട്. ആ നട്ടെല്ല് ഒരു പ്രമാണിയുടെ മുന്നിലും ഞങ്ങൾ വളയ്ക്കാറില്ല. അതാണ് ഞങ്ങളുടെ പ്രത്യേകത. ത്രിപുരയിൽ പരാജപ്പെട്ടതിനെപ്പറ്റി ഇവിടെ പറഞ്ഞു. ത്രിപുരയിൽ പരാജയപ്പെട്ടതിന് ആരും ഉന്മാദിക്കേണ്ട കാര്യമില്ല. ഇന്ന് ശ്രീ. പി. ടി. തോമസ്, നിങ്ങൾ ജന്മത്ത് നന്നാകാൻ പോകുന്നില്ലെന്ന് പറഞ്ഞു. 90000 പേരെ കൊലപ്പെടുത്തിയതാണ് ലെനിന്റെ പ്രാധാന്യമെന്നാണ് അദ്ദേഹം പറഞ്ഞത്. ലെനിനെപ്പറ്റി നിങ്ങൾക്ക് അറിയുമോ? ലെനിനെപ്പറ്റി കോൺഗ്രസ്സുകാർ മനസ്സിലാക്കിയിട്ടുണ്ടോ? നിങ്ങളുടെ നേതാവായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജീവിതത്തിൽ ആകർഷിച്ചിട്ടുള്ള ഒരു നേതാവ് മഹാനായ ലെനിനാണെന്ന് അദ്ദേഹം എഴുതിവച്ചിട്ടുണ്ട്. ഭഗത്സിംഗ് എന്ന വിപ്ലവകാരി തൂക്കിലേറ്റുന്നതിന് അല്പം സമയംമാത്രം ബാക്കി നിൽക്കുമ്പോൾ അവസാനമായി വായിച്ചത് മഹാനായ ലെനിന്റെ പുസ്തകമാണ്. ഈ ലോകത്തെയാകെ സോഷ്യലിസത്തിന്റെ പാതയിലേയ്ക്ക് നയിച്ച, ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ നേതാവായിരുന്ന മഹാനായ ലെനിൻ, ഇന്ത്യ ഉൾപ്പെടെയുള്ള മൂന്നാം ലോകരാജ്യങ്ങളുടെ നിലനിൽപ്പിനുവേണ്ടി സഹായിച്ച മഹാനായ ലെനിൻ, ആ ലെനിനെയാണ് നിങ്ങൾ തള്ളിപ്പറയുന്നതെന്ന് മനസ്സിലാക്കണം. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾക്ക് വിവരം കുറഞ്ഞുവരികയാണ്. കോൺഗ്രസ് നന്നാകാൻ പോകുന്നില്ല.

പ്രധാനപ്പെട്ട മറ്റൊരു കാര്യം, രാജ്യത്താകെ കോൺഗ്രസ് ബി.ജെ.പി.-യായി മാറുകയാണ് എന്നതാണ്. ഇപ്പോൾ ഇവിടെ ഇരിക്കുന്ന എം.എൽ.എ.-മാരിൽ പലരുടെയും ശരീരം കോൺഗ്രസ്സിലും മനസ്സ് ആർ.എസ്.എസ്.-ലുമാണ്. എന്നാൽ അവർ ബി.ജെ.പി.-യായി മാറുന്നില്ല. അതിന് നിങ്ങൾ നന്ദി പറയേണ്ടത് വേറെയാരോടുമല്ല. ഞങ്ങളോടാണ്, ഞങ്ങളുടെ രാഷ്ട്രീയത്തോടാണ്. ഇവിടെ ബി.ജെ.പി. ക്ലച്ച് പിടിക്കാതിരിക്കുന്നത് ഞങ്ങളുടെ ശക്തമായ നിലപാട് കാരണമാണ്. അതംഗീകരിക്കാൻ നിങ്ങൾ തയ്യാറാകണം.

ഞങ്ങളുടെ മാന്യസുഹൃത്ത് മുസ്ലീംലീഗിലെ ശ്രീ. പി. കെ. ബഷീർ സംസാരിച്ചു. അദ്ദേഹത്തെ ഇപ്പോൾ കാണുന്നില്ല. അദ്ദേഹം ത്രിപുരയിൽ ഞങ്ങൾ പരാജയപ്പെട്ടപ്പോൾ അതിൽ വല്ലാതെ സന്തോഷിക്കുകയാണ്. എന്താണ് സംഗതി? 'അബുബേക്കറിന് എന്ത് അമാവാസി;' അതുപോലെ ബഷീറിന് എന്ത് രാഷ്ട്രീയ ഔചിത്യ ബോധം?

മാർക്സിസ്റ്റുകാർ ഉള്ളയിടത്ത് മതന്യൂനപക്ഷങ്ങൾക്ക് രക്ഷയില്ല എന്ന് ശ്രീ. കെ. എം. ഷാജി പറഞ്ഞു. അങ്ങനെ പറയാൻ കഴിയുമോ; ശ്രീ. കെ. എം. ഷാജിയുടെ സർട്ടിഫിക്കറ്റ് വേണ്ട. നിങ്ങളുടെ പാർട്ടിയുടെ അഖിലേന്ത്യാ പ്രസിഡന്റായ ശ്രീ. ഖാദർ മൊയ്തീന്റെ സർട്ടിഫിക്കറ്റ് ഞങ്ങൾക്കുണ്ട്. അദ്ദേഹം പറഞ്ഞു സി.പി.ഐ.(എം) ഉള്ള സ്ഥലത്തൊക്കെ മതന്യൂനപക്ഷങ്ങൾക്ക് നല്ല സംരക്ഷണം കിട്ടുന്നുണ്ടെന്ന്. ഇതാണ് തെളിവ്. അദ്ദേഹത്തിന്റെ പ്രസംഗം എല്ലാ പത്രങ്ങളിലും വന്നിട്ടുണ്ട്. സേട്ട് സാഹിബ്ബിനെ പുറത്താക്കിയതുപോലെ ഭാവിയിൽ നിങ്ങൾ അവരെ പുറത്താക്കുമോ; നന്ദികേട് കാണിക്കരുത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്..... സമയം കഴിഞ്ഞു.

<u>ശ്രീ. പി. കെ. ശശി</u>: സർ, തെരുവുവീഥികളിൽ അവകാശ സംരക്ഷണത്തിന്റെ മുദ്രാവാക്യം വിളിച്ച് പ്രകടനം നടത്താനും തൊപ്പി വച്ചും വയ്ക്കാതെയും മന്ത്രിക്കസേരകളിൽ ഇരിക്കാനും ഒരു മുസൽമാനുകൂടി അവകാശമുള്ള ഒരു മതേതര നാടിന്റെ പിറവിക്കുവേണ്ടി സ്വന്തം ജീവരക്തംകൊണ്ട് പൂക്കളം വരച്ച പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. അത്തരമൊരു രാഷ്ട്രീയമാണ് ഞങ്ങൾ ഉയർത്തിപ്പിടിക്കുന്നത്. ആ കാര്യം മറന്നുകൊണ്ട് നന്ദികെട്ട രാഷ്ട്രീയം കളിക്കരുതെന്ന് മുസ്ലീംലീഗിലെ സുഹൃത്തുക്കളോട് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് ലെനിനെ പരാമർശിച്ചുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞിരുന്നു. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട പി. കെ. ശശി പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. അങ്ങ് ജവഹർലാൽ നെഹ്റുവിനെ തള്ളിപ്പറഞ്ഞുവെന്നുള്ളതാണ് സത്യം. അതങ്ങ് മനസ്സിലാക്കണം. ജവഹർലാൽ നെഹ്റുവിനെ തള്ളിപ്പറയുന്ന കോൺഗ്രസ്സാണുള്ളത് എന്ന പ്രഖ്യാപനമാണ് ഇന്ന് രാവിലെ ബഹുമാനപ്പെട്ട പി. ടി. തോമസ് ഈ സഭയിൽ നടത്തിയത് എന്ന് ഖേദപൂർവ്വം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ചതുരാനൻ മിശ്ര കൃഷി വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ആസിയാൻ കരാർ നടപ്പിലാക്കിയതെന്ന് പറഞ്ഞത് തെറ്റാണ്. അദ്ദേഹം 1996 ജൂൺ 1 മുതൽ 1997 ഏപ്രിൽ 21 വരെയുള്ള 10 മാസമാണ് കൃഷിവകുപ്പുമന്ത്രിയായിരുന്നത്. ആസിയാൻ കരാർ നടപ്പിലാക്കുന്നത് ഡോ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റിൽ ശ്രീ. ശരദ് പവാർ കൃഷി വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് എന്ന് അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. വസ്തുതാപരമല്ലാത്ത പരാമർശം സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല എന്ന് അഭ്യർത്ഥിക്കുകയാണ്.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജലസംരക്ഷണത്തിനും മണ്ണ് സംരക്ഷണത്തിനും കൃഷിക്കും ഒരുപോലെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വികസനതന്ത്രമാണ് ഇപ്പോൾ ആവിഷ്കരിക്കുന്നത്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരുടെ ധനാഭ്യർത്ഥനകൾ ചർച്ച ചെയ്യുകയാണ്. മണ്ണിനെയും മനുഷ്യനെയും അറിഞ്ഞുകൊണ്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വികസന സംസ്കാരം കേരളത്തിലെ ഭാവിതലമുറയ്ക്കുള്ള ഒരു കരുതലായി മാറുകയാണ്. കൃഷി, ജലസേചനം എന്നീ വകുപ്പുകളുടെ പ്രവർത്തനം അതിന് ഉദാഹരണമാണ്. ഇന്ന് നമ്മുടെ രാജ്യത്തെ കർഷകർ വരുമാനക്കുറവും കടവുംകൊണ്ട് വല്ലാതെ പൊറുതിമുട്ടുകയാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പുവേളയിൽ വരുമാനം ഇരട്ടിയാക്കുമെന്ന് ശ്രീ. നരേന്ദ്ര മോദി കർഷകർക്ക് വാഗ്ദാനം നൽകിയിരുന്നു. എന്നാൽ വരുമാനം ഗണ്യമായി കുറഞ്ഞുവെന്ന് മാത്രമല്ല, ആത്മഹത്യ രാജ്യത്ത് വർദ്ധിക്കുകയുമാണ്. ദാരിദ്ര്യം നേരിട്ട് കണ്ടിട്ടുണ്ടെന്നും അടുത്തറിഞ്ഞിട്ടുണ്ടെന്നും അവകാശപ്പെടുന്ന ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി താൻ അടുത്തറിഞ്ഞ ദാരിദ്ര്യം ഇന്ത്യയിലെ മുഴുവൻ ജനങ്ങളിലും ഇന്ത്യാക്കാരിലും എത്തിക്കുക എന്ന പ്രതിജ്ഞ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോവുകയാണ്. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്ന കാർഷികമേഖലയെ അവഗണിച്ചുകൊണ്ട് ഇറക്കുമതിയിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാമെന്നാണ് ശ്രീ. നരേന്ദ്ര മോദിയും നീതി ആയോഗും പറയുന്നത് എന്നത് പ്രധാനമായ ഒരു നയമാണ്. ഇന്ത്യയിലെ 80 കോടി ജനങ്ങൾ കാർഷിക മേഖലയെയാണ് ആശ്രയിക്കുന്നത്. 1993-94 കാലയളവിൽ രാജ്യത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 26 ശതമാനം കൃഷിയിൽ നിന്നായിരുന്നെങ്കിൽ ഇന്ന് 13 ശതമാനമായി കുറഞ്ഞിട്ടുണ്ട്. രാജ്യത്ത് തൊഴിൽ ചെയ്യുന്നവരിൽ 65 ശതമാനം കാർഷിക മേഖലയിലായിരുന്നുവെങ്കിൽ ഇന്നത് 49 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. കാർഷിക മേഖലയെ അവഗണിച്ചുകൊണ്ട് വൻവ്യവസായികൾക്ക് ഇളവ് നൽകുന്ന സാമ്പത്തിക നയസമീപനമാണ് തുടരുന്നത്. 2015-16 കാലയളവിൽ കോർപ്പറേറ്റുകൾക്ക് നികുതിയിളവായി കൊടുത്തത് 68700 കോടി രൂപയാണ്. കർഷക ക്ഷേമത്തിന് 35000 കോടി രൂപയും തൊഴിലുറപ്പിന് വെറും 38,000 കോടി രൂപയുമാണ് കൊടുത്തത്. വിശപ്പിന് കൊടുക്കുന്നതിന്റെ ഇരട്ടി കോർപ്പറേറ്റുകൾക്ക് കൊടുക്കുന്ന ഒരു സാമ്പത്തിക നയസമീപനം ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് രാജ്യത്ത് പിന്തുടരുന്നതിന്റെ പശ്ചാത്തലത്തിലാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കർഷകരോടുള്ള സമീപനത്തെ നോക്കിക്കാണേണ്ടത്. മാനവശേഷി വികസന സർവ്വേയിൽ ഇന്ത്യ ഇന്ന് 135-ാമത് സ്ഥാനത്താണ് എന്നുകൂടി ഓർക്കണം. ശ്രീലങ്കയും മാലിദ്വീപുമൊക്കെ ഇന്ത്യയെക്കാൾ മുമ്പിലാണ്. ഒന്നാംസ്ഥാനം സ്വീഡനാണ് എന്നാണ് രേഖകൾ സൂചിപ്പിക്കുന്നത്. സാധാരണക്കാർക്ക് കാലിപ്പാത്രവും കോർപ്പറേറ്റുകൾക്ക് വാരിക്കോരി കൊടുക്കുകയും ചെയ്യുന്ന

നവലിബറൽ സാമ്പത്തിക സമീപനമാണ് നാം കാണുന്നത്. ഇന്ന് രാജ്യത്തെ 57 മഹാകോടീശ്വരന്മാരെ നമ്മുടെ രാജ്യത്തെ 70 ശതമാനം ജനങ്ങൾക്ക് പങ്കുവയ്ക്കേണ്ട സ്വത്തിന്റെ ഉടമകളാക്കി മാറ്റിയിരിക്കുകയാണ്. രാജ്യത്തിന്റെ 58 ശതമാനം സമ്പത്ത് ഒരു ശതമാനം വരുന്ന സമ്പന്നരുടെ കയ്യിലേക്ക് എത്തിയിരിക്കുകയാണ്. കാർഷിക മേഖല രോഗാതുരമായതോടെ ഇന്ത്യയിലെ കർഷകർ വെന്റിലേറ്ററിലാണ്. ഡോ. മൻമോഹൻ സിംഗ് തുടങ്ങിവച്ച ആഗോളവൽക്കരണ നയങ്ങളേക്കാൾ ക്രൂരമായി പിന്തുടരുന്ന ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റിന്റെ നയങ്ങളുടെ ഭാഗമായിട്ടാണ് കർഷകർ വെന്റിലേറ്ററിൽ എത്തിയിരിക്കുന്നത്. നന്മ ചെയ്യേണ്ടവർ നിഷ്ക്രിയരാകുമ്പോൾ അവിടെ തിന്മ വിളവെടുപ്പ് നടത്തുമെന്ന് നമുക്കറിയാം. ആ മഹത്‌വചനമാണ് ഇന്ന് ഇന്ത്യയിലെ കാർഷിക മേഖല ഓർമ്മിപ്പിക്കുന്നത്. എന്തായാലും മരിക്കും, എന്നാൽ പൊരുതി മരിക്കാം എന്നുതീരുമാനിച്ച് കൃഷിക്കാർ പ്രക്ഷോഭത്തിന് ഇറങ്ങിയിരിക്കുന്നതാണ് ജനാധിപത്യ ഇന്ത്യയുടെ ഏക പ്രതീക്ഷ. മാർച്ച് 6-ന് നാസിക്കിൽ നിന്നാരംഭിച്ച് 12-ന് മുംബൈയിൽ സമാപിച്ച ലക്ഷക്കണക്കിന് കർഷകർ പങ്കെടുത്ത ലോംഗ് മാർച്ച് ഇന്ന് രാജ്യമാകെ കത്തിപ്പടരുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കർഷകരോട് സ്വീകരിക്കുന്ന നിലപാടുകൾ ഇതിനൊരു ബദലാണ്. അതാണ് പ്രതിപക്ഷം കാണേണ്ടത്. രാജ്യത്തെ ദുരിതമനുഭവിക്കുന്ന കർഷകർക്ക് ഒരു ബദൽ സമീപനം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ കൃഷിയിൽനിന്നും ലഭിക്കുന്ന വിഹിതത്തിന്റെ പങ്ക് 6 ദശാബ്ദത്തിനുള്ളിൽ ഗണ്യമായി കുറഞ്ഞുവെന്നത് വസ്തുതയാണ്. 1950-കളിലുണ്ടായിരുന്ന 75 ശതമാനം എന്ന പങ്ക് 12 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 1990-ൽ നമുക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ 30 ശതമാനംവരെ ഉത്പാദിപ്പിച്ചിരുന്നുവെങ്കിൽ ഇപ്പോൾ അത് 15 ശതമാനത്തിൽ താഴെയാണ്. കേരളത്തിൽ പ്രതിവർഷം ആവശ്യമുള്ള അരി 40 ലക്ഷം ടൺ ആണെങ്കിൽ ഉല്പാദനം 6 ലക്ഷം ടൺ മാത്രമാണ്. ഈ സാഹചര്യത്തിൽ ഊർജ്ജസ്വലനായ കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കാർഷികമേഖലയ്ക്ക് വളവും വെള്ളവും നൽകി ആ മേഖലയിൽ നൂറ് മേനി വിളവെടുപ്പിന് സജ്ജമാക്കാൻ ഭഗീരഥപ്രയത്നം നടത്തുന്നുവെന്നുള്ളത് നമ്മൾ കാണാതെ പോകരുത്. 1970-71 കാലയളവിൽ 8.75 ലക്ഷം ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്ന കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 1.96 ലക്ഷം ഹെക്ടർ മാത്രമായിരുന്നു. രണ്ട് വർഷംകൊണ്ട് അത് 2.20 ലക്ഷം ഹെക്ടറായി വർദ്ധിപ്പിച്ചു. നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിച്ചു. 2015-16 കാലയളവിൽ 46,500 ഹെക്ടർ പച്ചക്കറി കൃഷി ഉണ്ടായിരുന്നത് 55,000 ഹെക്ടറായി വർദ്ധിപ്പിച്ചു. 6 ലക്ഷം മെട്രിക് ടണ്ണിൽനിന്ന് 10 ലക്ഷം മെട്രിക് ടണ്ണായി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ വളരെ ക്രിയാത്മകമായ ഇടപെടലിലൂടെ ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഓണക്കാലത്ത് വിപണിയിൽ നടന്ന ഇടപെടലിനെ സംബന്ധിച്ച് പറയുമ്പോൾ ഏത് ഗവൺമെന്റാണ് ഇത്തരത്തിൽ ഇടപെടുന്നത്; 10 ശതമാനം വിലകൂട്ടി വാങ്ങി 30 ശതമാനം വിലകുറച്ച് വില്ക്കുകയാണ്; സത്യത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയിലൂടെ മഹാബലിയെ കർഷകർ നേരിട്ട് കണ്ടു. ഇതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സമീപനം. അങ്ങനെ സർവ്വതല സ്പർശിയായിട്ടുള്ള ഒരു വികസന തന്ത്രമാണ് കേരളത്തിലെ കൃഷിവകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. പെരുന്തച്ചന്റെ കുളം പോലെയാണ് അത്. കാണുന്നവരുടെ മനോഭാവമാണ് പ്രശ്നം. ചതുരത്തിൽ നോക്കിയാൽ ചതുരത്തിൽ, നീളത്തിൽ നോക്കിയാൽ നീളത്തിൽ. ദേശീയ രാഷ്ട്രീയത്തിൽ ഇന്ന് കർഷകർ നേരിടുന്ന അവസ്ഥകൂടി മനസ്സിലാക്കി പെരുന്തച്ചന്റെ കുളം പോലെ കൃഷിവകുപ്പിന്റെ പ്രവർത്തനം കാണണം. ഡോ. മൻമോഹൻ സിംഗ് തുടങ്ങിവച്ച സാമ്പത്തിക നയസമീപനങ്ങളാണ് ഇന്ത്യയിലെ കർഷകരെ ദുരിതത്തിലാക്കിയതെന്ന കാര്യം വിസ്മരിച്ചുകൊണ്ട് നിങ്ങൾ സംസാരിക്കരുത്.

കേരളത്തിലെ റബ്ബർ കൃഷിയുടെ തകർച്ചയുടെ പശ്ചാത്തലത്തിൽ കേന്ദ്രം ഒരു പ്രത്യേക പാക്കേജ് അനുവദിക്കുന്നുണ്ട്. മുൻകാലങ്ങളിൽ അങ്ങനെയുള്ള പാക്കേജ് അനുവദിച്ചിട്ടുണ്ട്. വയനാട് പാക്കേജ്, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് തുടങ്ങിയവയൊക്കെ അങ്ങനെ അനുവദിച്ച പദ്ധതികളാണ്. പക്ഷെ, ശ്രീ. നരേന്ദ്ര മോദിക്ക് കേരളത്തോടുള്ളത് അന്ധനായ ധൃതരാഷ്ട്രരുടെ മനോഭാവമാണ്. ധൃതരാഷ്ട്രരുടെ പുത്രവാത്സല്യം പോലെയാണ് കോർപ്പറേറ്റുകളോട് ശ്രീ. നരേന്ദ്ര മോദിക്കുള്ള അമിതമായ സ്നേഹം. കേരള സർക്കാർ സൗഹാർദ്ദപരമായി സമീപിക്കുമ്പോൾപ്പോലും ഇരുമ്പുഉലക്കയെപ്പോലും തവിടുപൊടിയാക്കുന്ന വൈരാഗ്യമാണ് ശ്രീ. നരേന്ദ്ര മോദി കേരളത്തോട് വച്ചുപുലർത്തുന്നത്. ഇതിനെതിരെ യോജിച്ചൊരു പോരാട്ടത്തിനാണ് നമ്മൾ തയ്യാറാകേണ്ടത്. അല്ലാതെ മാറി നിന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ആശ്വാസകരമായ നിലപാടുകളെ തള്ളിപ്പറയുന്ന നിലപാടല്ല യു.ഡി.എഫ്. സ്വീകരിക്കേണ്ടത്. ഈ ഗവൺമെന്റ് കർഷക സംരക്ഷണ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോഴാണ് കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നത്. കേരളത്തിൽ കർഷകരുടെ ആത്മഹത്യ ഇല്ലാതാക്കിയത് അങ്ങനെയാണ്. അവരുടെ പെൻഷൻ 22 മാസം കുടിശ്ശികയാക്കി പോയ ഒരു ഗവൺമെന്റായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. അത് മുഴുവൻ ഈ സർക്കാർ കൊടുത്തുതീർത്തു. മാത്രമല്ല, 600 രൂപയായിരുന്ന കർഷക പെൻഷൻ 1,100 രൂപയായി വർദ്ധിപ്പിച്ചു. 5 മാസത്തെ പെൻഷൻ മാത്രമാണ് ഇനി

കൊടുക്കാനുള്ളത്. വിള ഇൻഷ്വറൻസിനെക്കുറിച്ച് പറഞ്ഞു. 21 വർഷത്തിനുശേഷം ചരിത്രത്തിലാദ്യമായാണ് വിവിധ വിളകൾക്കുള്ള ഇൻഷ്വറൻസ് 10 ഇരട്ടിവരെ ഈ ഗവൺമെന്റ് ഉയർത്തിയത്. കർഷകർക്ക് ആത്മവിശ്വാസം നൽകുന്ന തരത്തിൽ, ഈ മേഖലയിൽ കർഷകരെ പിടിച്ചുനിർത്താൻ, ഉപേക്ഷിച്ചുപോകലല്ല, നിങ്ങളെ പരിരക്ഷിക്കാൻ ഒരു ഗവൺമെന്റുണ്ട്, സർക്കാർ ഒപ്പമുണ്ട് എന്ന് പ്രഖ്യാപിച്ചു കൊണ്ടുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കർഷക ക്ഷേമബോർഡിന്റെ രൂപീകരണത്തിനായുള്ള നിയമനിർമ്മാണത്തിന്റെ വേഗത വർദ്ധിപ്പിക്കണം.

സംസ്ഥാനത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്, കേരളത്തിലെ ജനങ്ങൾ മഴ വരുമ്പോൾ കുടം കമഴ്ത്തി വച്ചും വേനൽ വരുമ്പോൾ കുടം നിവർത്തിവച്ചും ജലം തേടുന്ന സംസ്കാരമാണെങ്കിൽ കുടിവെള്ള വിതരണം മാത്രമല്ല, ജല സംരക്ഷണ പ്രവർത്തനങ്ങളിലും ജലവിഭവ വകുപ്പ് സ്വീകരിക്കുന്ന നിലപാടുകൾ കേരളം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഭഗവദ്ഗീതയിലെ 'അന്നാദ് ഭവന്തി ഭൂതാനി' എന്ന് തുടങ്ങുന്ന മൂന്നാം അദ്ധ്യായത്തിലെ 14, 15 ശ്ലോകങ്ങൾ വളരെ പ്രസക്തമാണ്. സർവ്വവ്യാപിയായ ബ്രഹ്മം ധർമ്മത്തിൽ പ്രതിഷ്ഠിതമാണെന്നും അക്ഷരത്തിൽനിന്നും ഈശ്വരനും ഈശ്വരനിൽനിന്നും ബ്രഹ്മവും ബ്രഹ്മത്തിൽനിന്നും കർമ്മവും കർമ്മത്തിൽനിന്നും യജ്ഞവും യജ്ഞത്തിൽനിന്നും മഴമേഘവും മഴയിൽനിന്നും അന്നവും അന്നത്തിൽ നിന്നും ജീവജാലങ്ങളും ഉണ്ടാകുന്നുവെന്നാണ് ഈ ശ്ലോകത്തിൽ പ്രതിപാദിക്കുന്നത്. അന്നം പ്രകൃതിദത്തമാണെങ്കിലും കൃഷി എന്ന കർമ്മം അനുഷ്ഠിക്കുമ്പോഴേ അത് ഉപയുക്തമാകൂ എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ഈ മഹായജ്ഞം ഏറ്റെടുത്തിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനും കൃഷി വകുപ്പിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിനും കേരളത്തിലെ ജലസേചന വകുപ്പിന് നേതൃത്വം കൊടുക്കുന്ന ശ്രീ. മാത്യു ടി. തോമസിനും അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഓരോ സംഭവങ്ങളെയും ഓരോരുത്തർ നോക്കിക്കാണുന്നത് പ്രത്യേക രീതിയിലാണ് എന്ന് അർത്ഥം വരുന്ന രീതിയിൽ ഒന്ന് രണ്ട് സ്നേഹിതർ സംസാരിക്കുകയുണ്ടായി. അത് സത്യമാണ്. കാർഷിക മേഖലയിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് പറഞ്ഞപ്പോഴും ജൈവകൃഷി ഒരു സ്ഥലത്ത് നടത്തുകയാണെങ്കിൽ അടുത്ത വളപ്പിലോ അടുത്ത കൃഷി സ്ഥലത്തോ അല്ലെങ്കിൽ ഇവിടെത്തന്നെ മുമ്പ് രാസപദാർത്ഥങ്ങൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അത് ഇവിടെയൊക്കെ ബാധിക്കും; അതുകൊണ്ട് പൂർണ്ണ ജൈവമാകില്ലായെന്ന് പറയുന്നത് ഒരു വലിയ ഫിലോസഫിയാണ്. അത് കാർഷിക മേഖലയിൽ മാത്രമല്ല രാഷ്ട്രീയ മേഖലയിലും സ്വീകാര്യമായിട്ടുള്ള

ഒന്നാണ്. ഒരു രാജ്യത്ത് മാത്രം കമ്മ്യൂണിസ്റ്റുകൾക്ക് അധികാരത്തിൽവന്ന് കമ്മ്യൂണിസം സ്ഥാപിക്കാൻ സാധിക്കുകയില്ലായെന്ന് തത്വചിന്തകന്മാർ പറഞ്ഞിട്ടുണ്ട്. അതുപോലെ ഓരോ വിഷയത്തെയും ഓരോരുത്തർ സമീപിക്കുന്നതുപോലെ ഇരിക്കും. ഒരു റോസാപ്പൂ ഒരു സ്ഥലത്ത് വീണുകിടക്കുന്നത് കണ്ടാൽ, അത് കാണുന്നത് ഒരു ശാസ്ത്രജ്ഞനാണെങ്കിൽ ആ റോസാപ്പൂവിന് ചുവപ്പ് നിറം കൊടുത്തതും അതിന് സുഗന്ധം കൊടുത്തതും ഏത് രാസപദാർത്ഥമാണ്; അത് ഏത് വിഭാഗത്തിൽപ്പെട്ട ചെടികളിൽ ഉൾപ്പെടുന്നു എന്ന് പരിശോധിച്ചുവെന്നു വരും. നേരെമറിച്ച് അതൊരു പഞ്ചായത്ത് പ്രസിഡന്റാണ് കാണുന്നതെങ്കിൽ, ഇതുപോലുള്ള പൂക്കൾ എല്ലാ വാർഡുകളിലും അയൽക്കൂട്ടത്തിന്റെയും കുടുംബശ്രീയുടെയും സഹായത്തോടുകൂടി നട്ടുവളർത്തിയാൽ എത്ര ഗ്രാമീണ സ്ത്രീകൾക്ക് തൊഴിലുണ്ടാക്കാമെന്നാണ് ആലോചിക്കുന്നത്. നേരെമറിച്ച് അത് ഒരു പുരോഹിതൻ കണ്ടാൽ, ദൈവം എത്ര സർഗ്ഗധനനാണ്, എത്ര വലിയ കലാകാരനാണ്, ഈ പൂവിനെ എത്ര മനോഹരമായി സൃഷ്ടിച്ചിരിക്കുന്നുവെന്ന് വിചാരിക്കും, മുസ്ലീങ്ങളാണെങ്കിൽ അൽഹംദുലില്ല എന്നും ക്രിസ്ത്യാനികളാണെങ്കിൽ ഹല്ലേലൂയ്യാ എന്നും ദൈവത്തെ വാഴ്ത്തും. അത് കുമാരനാശാൻ കാണുമ്പോഴോ;

"ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര-അസംശയ-മിന്നു നിന്റെ-
യാഭ്രതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ?
ലാളിച്ചു പെറ്റ ലതയമ്പൊടു ശൈശവത്തിൽ,
പാലിച്ചു പല്ലവപുടങ്ങളിൽ വച്ചു നിന്നെ;
ആ ലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ
പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ" -

എന്ന് പാടും. അപ്പോൾ പഞ്ചായത്ത് പ്രസിഡന്റും ശാസ്ത്രജ്ഞനും പുരോഹിതനും വേറെയാണ്. എല്ലാവരും മനുഷ്യരല്ലേ; Difference of opinion സ്വാഭാവികമായും ഉണ്ടാകുന്നതാണ്. ഇപ്പോൾ രാജ്യത്തെ പ്രശ്നങ്ങളും അതുപോലെതന്നെയാണ്.

കാർഷിക മേഖലയിലും ഓരോ വിഷയത്തെ അങ്ങനെ സമീപിക്കാൻ സാധിക്കും. കേരളം ഒരു ചെറിയ സംസ്ഥാനമാണ്. ഇന്ത്യയുടെ ആകെ വലിപ്പത്തിന്റെ 1.2 ശതമാനം മാത്രമേ കേരളത്തിനുള്ളൂ. ജനസംഖ്യയിൽ 3 ശതമാനമുണ്ട്. 38,863 ചതുരശ്ര കിലോമീറ്റർ ആണ് വിസ്തൃതി. 580 കിലോമീറ്റർ തീരദേശമുണ്ട്. ശരാശരി കേരളത്തിന്റെ വീതി 30 കിലോമീറ്റർ മാത്രമാണ്. ജലസേചിതമായ ഭൂമി വളരെ കുറവാണ്. വാട്ടർ റിസോഴ്സസെന്നു പറഞ്ഞാൽ നമുക്ക് abundance ആണ്, അതേസമയം scarcity ഉണ്ടെന്നുള്ളത് ഉറപ്പായുള്ള കാര്യമാണ്. ഓരോ വർഷവും 3500 m.m. മഴ ശരാശരി പെയ്യുന്നുണ്ട്. 44 നദികളും 27 ജലാശയങ്ങളുമുണ്ട്. മേജർ നദി ഉണ്ടെന്ന് പറയാൻ കഴിയില്ല. ഉള്ളതിൽ ഏറ്റവും വലിയ 4 നദികളിലെ ജലസ്രോതസ്സ് പരിശോധിച്ചാൽ ഇന്ത്യയിലെ കൃഷ്ണാനദിയുടെ പകുതി വരില്ല. ബാക്കി വരുന്ന 40 പുഴകളിലെ വെള്ളം കൂടിച്ചേർത്താൽ ഗോദാവരിയിലെ വെള്ളത്തിന്റെ 1/3 വരും. അത്രയ്ക്കുള്ള വെള്ളം മാത്രമേ ഇവിടെയുള്ളൂ. ഇന്ത്യയിലെ മഹാനദികളുമായി താരതമ്യപ്പെടുത്താൻ കേരളത്തിലെ ഈ 44 നദികളുണ്ടെങ്കിലും സാധ്യമല്ല. പുഴകൾ അധികവും ഉത്ഭവിക്കുന്നത് പശ്ചിമഘട്ടത്തിൽ നിന്നാണെന്ന് നമുക്കറിയാം. ആ പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യങ്ങളെ സംരക്ഷിക്കുവാനോ പശ്ചിമഘട്ട സംരക്ഷണത്തിനോ നാം വേണ്ടത്ര പ്രതിബദ്ധരല്ലായെന്ന് രാഷ്ട്രീയ ത്തിന് അതീതമായി നമ്മളെല്ലാവരും ചിന്തിച്ച ഒരു സ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്. അതിന് പല മുടന്തൻ ന്യായങ്ങളും പറഞ്ഞ് ആ സംരക്ഷണത്തിൽനിന്ന് നമ്മൾ തെന്നിമാറി. വേമ്പനാട് കായൽ ഉൾപ്പെടെ 27 ജലാശയങ്ങൾ കേരളത്തിലുണ്ട്. വേമ്പനാട് കായൽ 250 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള ഏറ്റവും വലിയ കായലാണ്. ശാസ്താംകോട്ട കായലും അഷ്ടമുടി കായലുമുണ്ട്. ശാസ്താംകോട്ട കായലും പൂക്കോട് തടാകവുമാണ് ശുദ്ധജല തടാകങ്ങൾ. മറ്റുള്ളത് രണ്ടും അങ്ങനെയല്ല. ഈ ജലാശയങ്ങളിലെ ജലത്തിന്റെ അളവും വലിപ്പവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വെള്ളം മലിനമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പുഴകളിൽ ഉത്തരേന്ത്യൻ പുഴകളിലുള്ളതുപോലെ വേനൽക്കാലത്ത് വെള്ളം ഉണ്ടാകുകയില്ല. കാരണം, പശ്ചിമഘട്ടത്തിന്റെ മേൽമഞ്ഞ് ഇല്ല. ഉത്തരേന്ത്യൻ നദികൾ ഉത്ഭവിക്കുന്ന ഗിരിശൃംഗങ്ങളിൽ മഞ്ഞുള്ളതുകൊണ്ട് വേനൽക്കാലത്ത് ഉരുകി വെള്ളമായി വരും. ഇവിടെ അങ്ങനെ വരാൻ യാതൊരു സാധ്യതയുമില്ല. 18,681 കുളങ്ങളും 30 ലക്ഷത്തിലേറെ കിണറുകളുമുണ്ട്, 7 ലഗൂൺസുണ്ട്. നദികൾ നോക്കിയാൽ 33 നദികൾക്ക് 100 കിലോമീറ്റർ നീളം മാത്രമേയുള്ളൂ. 1643 കിലോമീറ്റർകൊണ്ട് ഈ 33 നദികളുടെ അളവ് തീരുകയാണ്. മലിനവസ്തുക്കൾ നിക്ഷേപിച്ചും മണൽ ഊറ്റിയും മറ്റ് തരത്തിലും നമ്മൾ തടാകങ്ങളും പുഴകളുമൊക്കെ നാശമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനൊന്നും ശരിയായ ഒരു പരിഹാരമുണ്ടാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. കോൺഗ്രസ്, കമ്മ്യൂണിസ്റ്റ്, മുസ്ലീംലീഗ് വ്യത്യാസമില്ലാതെ നമ്മൾ എല്ലാവരും അക്കാര്യത്തിൽ പരാജയപ്പെട്ടിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോഴും

അതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ല. ഈ നദികൾ കേരളത്തിൽ ഇപ്പോഴും അവശേഷിക്കുന്നത് ദൈവകൃപകൊണ്ട് മാത്രമാണ്. അല്ലെങ്കിലും ഇതൊന്നും നിലനിർത്താൻ നമുക്ക് സാധിക്കാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. We are not serious about that. കാർഷികവൃത്തി നന്നായി നടക്കാനും പുതിയ തലമുറയെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കുവാനും ചില നടപടികൾ ആവശ്യമാണ്. നമുക്ക് കാർഷിക ബിരുദങ്ങളും ഡോക്ടറേറ്റുമൊക്കെ കിട്ടാനുള്ള സംവിധാനങ്ങളുണ്ട്, കാർഷിക സർവ്വകലാശാലയുണ്ട്, വിജ്ഞാനവ്യാപനത്തിനുള്ള പദ്ധതികളുണ്ട്. അതൊക്കെ ശരിയാണ്. പക്ഷെ കൃഷിക്കാരായ ആളുകളെ ചെറുപ്പക്കാരുടെ കൂട്ടത്തിൽനിന്ന് വളർത്തിയെടുക്കാൻ ഹൈസ്കൂൾ തലത്തിലും ഹയർ സെക്കണ്ടറിതലത്തിലുമൊക്കെയുള്ള കുട്ടികൾക്ക് കാർഷികവൃത്തി പരിചയപ്പെടുത്തുന്ന പരിശീലന ക്ലാസ്സുകളും മറ്റും നടത്തി കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കണമെന്നാണ് എന്റെ സജഷൻ. അതിന് വലിയ ബിരുദങ്ങളുടെ ആവശ്യമില്ല. അങ്ങനെ കൃഷി ചെയ്ത് കാണിച്ചുതരുന്ന, ആ പഠനത്തിൽ വിജയിക്കുന്ന കുട്ടികൾക്ക് വേണമെങ്കിൽ ചെറിയ ഗ്രേസ് മാർക്ക് കൊടുക്കുന്നതിന് കുഴപ്പമില്ല. അത് ആലോചിക്കേണ്ട വിഷയമാണ്. കുച്ചിപ്പുടി, മോഹിനിയാട്ടം, ഭരതനാട്യം തുടങ്ങിയവയ്ക്ക് കൊടുക്കുന്നതുപോലെതന്നെ കൃഷിക്കും നൽകണം. കുചിപ്പുടിയൊക്കെ നടത്തണമെങ്കിൽ വല്ലതും കഴിക്കണം. അതിന് നെല്ല് ഇല്ലാതെ കുച്ചുപ്പുടി നടക്കില്ലല്ലോ; അതുകൊണ്ട് അടിസ്ഥാനപരമായുള്ള പൈതൃകമെന്ന് പറയുന്നത് കൃഷിയാണ്. അതിലേയ്ക്ക് നമ്മുടെ ചെറുപ്പക്കാരെ ആകർഷിക്കണം. ഭാഗ്യവശാൽ കുറച്ച് പുതിയ ചെറുപ്പക്കാർ, ബിരുദധാരികളും എഞ്ചിനീയർമാർവരെയുള്ളവർ കൃഷിയിലേയ്ക്ക് വരുന്നുണ്ട്. അത് നല്ല കാര്യമാണ്. ആകാശവാണിയും ചാനലുകളും മാധ്യമങ്ങളുമൊക്കെ കാർഷികവൃത്തി പ്രചരിപ്പിക്കുന്നതിനുവേണ്ടി ധാരാളം ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അത് വളരെ അഭിനന്ദനാർഹമാണ്. ആകാശവാണിയിലെ വയലും വീടുമൊക്കെ ഒരാൾക്കും വിസ്മരിക്കാനാകാത്തതാണ്. പക്ഷെ, ആ ആകാശവാണിയുടെ കോഴിക്കോടുപോലുള്ള നിലയങ്ങളിൽനിന്ന് വാർത്താപ്രക്ഷേപണം നിർത്തലാക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ഇപ്പോൾ ന്യൂസ് റിപ്പോർട്ടറും എഡിറ്ററും ഇല്ല. അങ്ങനെയുള്ള വിജ്ഞാപന വ്യാപന രംഗത്ത് നമ്മൾ വളരെ സജീവമായ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ വലിയ പ്രോജക്ടുകൾ prolonged ആയതുകൊണ്ട് വളരെ വർഷങ്ങൾ കൊണ്ടുമാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ജല സ്രോതസ്സ് കാണാതെ കെട്ടിടങ്ങൾ പണിയുകയും പൈപ്പ് കൊണ്ടിടുകയും ചെയ്യും. അങ്ങനെയൊക്കെയുള്ള പല പ്രശ്നങ്ങളുണ്ട്. അത് കണ്ടാൽ വാട്ടർ അതോറിറ്റിക്ക് മുഴുവൻ പേർക്കും ജലം കൊടുക്കാൻ സാധിക്കുന്ന ഒരു സാഹചര്യമില്ലെന്ന് മനസ്സിലാക്കാൻ നമുക്കൊരു പ്രയാസവുമില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ നല്ലൊരു കൃഷി വകുപ്പുമന്ത്രിയാണ്. നിശ്ചയദാർഢ്യമുള്ള സി.പി.ഐ.-യിലെ ഒരു മാർക്സിസ്റ്റുകാരനായിട്ടാണ് ഞാൻ അദ്ദേഹത്തെ കണ്ടിരുന്നത്. അങ്ങനെയൊരു ചട്ടുലത വല്ലാതെ കാണിച്ചിരുന്നൊരു സുഹൃത്താണ്. അദ്ദേഹം കാർഷിക രംഗത്ത് വളരെ സജീവമായ പല പരിശ്രമങ്ങളും നടത്തുന്നുണ്ട്, ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ അതനുസരിച്ച് നമ്മളെല്ലാവരും കൂടിച്ചേർന്ന് കാർഷികവൃത്തി നന്നാക്കി എടുക്കാനുള്ള പരിശ്രമം നടത്തിയില്ലെങ്കിൽ വലിയ പ്രശ്നങ്ങളാണ് അഭിമുഖീകരിക്കാൻ പോകുന്നത്.

ഇന്ത്യപോലുള്ളൊരു രാജ്യത്ത് ഡോ. മൻമോഹൻ സിംഗിന്റെ ഭരണത്തെ ക്കുറിച്ചും കോൺഗ്രസ്സിനെക്കുറിച്ചുമൊക്കെ പറയുമ്പോൾ 1994 ഏപ്രിൽ മാസം 15-ന്, മൊറോക്കോയിൽ വച്ച് രൂപംകൊടുത്ത ഗാട്ട് എഗ്രിമെന്റ്, ഡെങ്കൽ നിർദ്ദേശങ്ങൾ, അതിൽ 116 രാഷ്ട്രങ്ങളാണ് ഒപ്പുവച്ചത്. അതിലുള്ള trade related intellectual property right എന്നുപറയുന്ന ബൗദ്ധിക സ്വത്തവകാശം, സൂക്ഷ്മ ജീവികൾക്ക് പേറ്റന്റ് റൈറ്റ് കൊടുത്ത അമേരിക്കൻ സുപ്രീംകോടതി വിധി, അവിടെ സമീപിച്ച നമ്മുടെ ഇന്ത്യൻ വംശജനായ ശാസ്ത്രജ്ഞൻ, അത്തരം സാഹചര്യങ്ങൾകൊണ്ട് കൃഷിയും ഇന്ന് ആഗോളവൽക്കരണത്തിന്റെ ഭാഗമാണ്. പതിനായിരക്കണക്കിന് ഹെക്ടർ സ്ഥലം കയ്യിലെടുത്ത് അതിൽ പ്രത്യേക ഉൽപ്പന്നം ഉണ്ടാക്കി അത് വിറ്റ് ലാഭമുണ്ടാക്കുന്ന വ്യവസായികൾ ചണ്ടിയാക്കി തുപ്പിക്കളഞ്ഞിട്ടാണ് മണ്ണിനെ ഉപേക്ഷിച്ചു പോകുന്നത്. അന്തകവിത്തൊക്കെ ഉപയോഗിക്കുന്ന കാലമാണ്. മോൺസാന്റോയിൽ നിന്ന് വരുന്ന കീടനാശിനികളും വിത്തുകളും ഉപയോഗിക്കുന്ന കാലമാണ്. പൈതൃക കൃഷിയെ സംരക്ഷിക്കാൻ നമുക്ക് ബാധ്യതയില്ലേ? കാർഷികവൃത്തിയൊക്കെ സജീവമായി വരുമ്പോൾ, നമ്മുടെ കുട്ടികൾക്കൊക്കെ തൊഴിലുണ്ടാകുമ്പോൾ ഈ പറയുന്ന തർക്കങ്ങളൊക്കെ അവസാനിക്കും. വർഗ്ഗീയതയും ഫാസിസവുമൊന്നും ശക്തിപ്പെടുത്താൻ നല്ലൊരു മണ്ണായിട്ട് കുട്ടികൾക്ക് നിൽക്കാൻ സാധിക്കില്ല. ഇന്ത്യ അത്രയും മഹത്തായൊരു പാരമ്പര്യമുള്ള രാജ്യമാണ്. നമ്മുടെ രാജ്യത്ത് ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ ഒരു തർക്കവുമില്ല. രാഷ്ട്രീയാടിസ്ഥാനത്തിലുള്ള തർക്കങ്ങൾ മാത്രമേയുള്ളൂ. ധാരാളം ആളുകൾ മതത്തിൽ വിശ്വസിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ.

"സ്വർഗ്ഗവാതിൽപ്പക്ഷി ചോദിച്ചു

ഭൂമിയിൽ സത്യത്തിനെത്ര വയസ്സായി

അബ്ധിത്തിരമാലകൾ തൻ വാചാലതയ്ക്കുതി

നുത്തരമില്ലായിരുന്നു

ഉത്തുംഗവിന്ധ്യ ഹിമാചലങ്ങൾക്കുതി

ന്നത്തരമില്ലായിരുന്നു." - എന്ന് പറഞ്ഞിട്ട് പിന്നെ ആരാണ് അതിന് ഉത്തരം പറഞ്ഞത്.

" ആര്യവംശത്തെ ഹരിശ്രീ പഠിപ്പിച്ച

യാജ്ഞവൽക്യൻ മുനി പാടി" - എന്നു പറഞ്ഞു.

അപ്പോൾ ആര്യവംശത്തെപ്പോലും ഹരിശ്രീ പഠിപ്പിക്കാൻ സാധിക്കുന്ന യാജ്ഞവൽക്യന് എത്ര വിവരമുണ്ടാകും. അങ്ങനെയൊക്കെ പറയപ്പെടാവുന്ന കേനം, കഠം, മുണ്ടകം, മാണ്ഡൂക്യോം, ഛാന്ദോഗ്യം, ബൃഹദാരണ്യകം തുടങ്ങിയ ഉപനിഷത്തുകളൊക്കെ പഠിച്ച ഒരു മഹാമനീഷിയായിട്ടുള്ള ആളായിരുന്നു പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. He became the Prime Minister of India. പക്ഷേ ആ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് മതത്തിൽ വിശ്വാസമോ ക്ഷേത്രാരാധനയോ ഒന്നും ഉണ്ടായിരുന്നില്ല. Government has no religion. That is secularism. അതുകൊണ്ട് വിശ്വാസികളായിട്ടുള്ളവർ നെഹ്റുവിനെ തെരഞ്ഞെടുത്തു. അതിനു ശേഷം ലാൽ ബഹദൂർ ശാസ്ത്രി, ഗുൽസാരിലാൽ നന്ദ, ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി, മൻമോഹൻ സിംഗ് വരെയുള്ളവർ വന്നു. അതൊക്കെ സെക്കുലർ ആയിട്ടുള്ള ആളുകളായിരുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... സമയം കഴിഞ്ഞു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഇതിലിപ്പോൾ ആർക്കാണ് 100 ശതമാനം മതേതരത്വമുള്ളത് എന്നുനോക്കി തർക്കിക്കാതെ 50 ശതമാനത്തിന് മുകളിൽ മതേതരത്വമുള്ള എല്ലാവരേയും കൂട്ടിച്ചേർത്ത് നമുക്കൊരു മുന്നണി ഉണ്ടാകേണ്ടത് ആവശ്യമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ, പ്ലീസ്... പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ശ്രീ. കാനം രാജേന്ദ്രൻ ഇപ്പോൾ വല്ലതും മിണ്ടുന്നുണ്ടോ; അദ്ദേഹമൊക്കെ സേഫായില്ലേ. കുറച്ചു കഴിയുമ്പോൾ എല്ലാവരും സെറ്റിലാകും, വിഷയങ്ങളൊക്കെ സെറ്റിലായിവരും. അങ്ങനെ മഹത്തായ പാരമ്പര്യമുള്ള രാജ്യത്ത് ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ തർക്കമില്ല. രാഷ്ട്രീയക്കാർ തമ്മിലുള്ള അടി മാത്രമാണ് ഇവിടെ നടക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ, പ്ലീസ്... പ്ലീസ്... ഒരു മിനിട്ടായി.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, പ്ലീസ്... പ്ലീസ് എന്ന് പറയുന്നത് എന്നോടാണോ, ഇന്ത്യൻ ജനതയോടാണോ എന്നെനിക്കറിയില്ല. ഈ പ്ലീസ് നാലെണ്ണം നിർത്തിയിരുന്നുവെങ്കിൽ എനിക്ക് രണ്ടുവാക്കുകൂടി പറയാമായിരുന്നു. ഈ ഒരു മിനിട്ടിനുള്ളിൽ ലോകത്ത് എന്തെല്ലാം നടന്നിട്ടുണ്ടാകും. പണ്ട് വിപ്ലവം നടന്നു, ഒക്ടോബർ മാസത്തിലെ ഒക്ടോബർ വിപ്ലവം നവംബർ 7-നാണ് നടത്തിയത്. എന്താണ് 7-ാം തീയതി വിപ്ലവം നടത്താൻ കാരണമെന്ന് ലെനിനോട് ചോദിച്ചപ്പോൾ ലെനിൻ പറഞ്ഞു, 6-ാം തീയതി പക്വമായിട്ടില്ലായിരുന്നു, 8-ാം തീയതിക്ക് ലേറ്റാകുമായിരുന്നു എന്ന്. He was so apt. അതുകൊണ്ട് ഈ വിഷയം പറയുമ്പോഴും അത് കൃത്യമായി പറയേണ്ടതുണ്ട്. നിർത്തുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, കൃഷി, ജലസേചനം എന്നീ രണ്ട് വകുപ്പുകളുടെയും ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ രണ്ട് വകുപ്പുകളുടെയും ധനാഭ്യർത്ഥന ഒരേ ദിവസമായത് യാദൃശ്ചികമാണെങ്കിലും അല്ലെങ്കിലും അത് ഉചിതമായി എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ചർച്ച ആരംഭിച്ച ബഹുമാന്യനായ കെ. വി. വിജയദാസ് സൂചിപ്പിച്ചതുപോലെ രണ്ട് വകുപ്പുകളും ഒന്നിപ്പിക്കണം എന്ന അഭിപ്രായമില്ലെങ്കിലും ഈ രണ്ട് വകുപ്പുകൾ തമ്മിൽ ഒരു സംയോജനമുണ്ടാകണം, പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണം. യഥാർത്ഥത്തിൽ ജലവിഭവ വകുപ്പിന്റെ മുമ്പിലുള്ള ചുമതലകളിൽ വളരെ പ്രധാനപ്പെട്ടത് കുടിവെള്ളത്തിന്റേതാണ്, ഒപ്പം ജലസേചനത്തിന്റേത് കൂടിയാണ്. മൈനർ ആൻഡ് മേജർ ഇറിഗേഷൻ പ്രോജക്ടുകൾ കൃഷിയുമായി ബന്ധപ്പെട്ട് നടപ്പാക്കപ്പെടുന്നതുകൊണ്ട് കൃഷി വകുപ്പുമായി കൃത്യമായി ഒരു കോ-ഓർഡിനേഷൻ ഉണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് പഞ്ചായത്ത്, നഗരം, ഗ്രാമവികസനം എന്നീ മൂന്ന് വകുപ്പുകൾക്കും മൂന്ന് മന്ത്രിമാരായിരുന്നു. പക്ഷേ അവരത് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയിലൂടെ ഏകോപിപ്പിച്ചു. ഇവിടെ അത്തരത്തിലൊന്നും പ്രയാസമില്ല. വ്യത്യസ്ത വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാർക്ക് ഈ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഒരു ഏകോപനമുണ്ടാക്കാൻ സാധിക്കും. അതിന് സാധ്യമാകണമെന്നാണ് ആദ്യമായി സൂചിപ്പിക്കാനുള്ളത്.

ഏതെങ്കിലും ഒരു വകുപ്പ് ജലസംരക്ഷണ ചുമതല ഏറ്റെടുക്കുന്നതായി നമുക്ക് കാണാൻ സാധിക്കില്ല. മണ്ണ്, ജല സംരക്ഷണം, ഇറിഗേഷൻ എന്നീ വിവിധ വകുപ്പുകളുണ്ട്. പക്ഷേ ജലസംരക്ഷണ നയത്തിനും പ്രവർത്തനങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകാനും അത് പ്രാവർത്തികമാക്കാനും ഇന്ന് ഒരു വകുപ്പിനും പ്രത്യേകിച്ച് ചുമതലയില്ല. കിണർ/കുഴൽക്കിണർ റീചാർജ്, മഴക്കുഴി നിർമ്മാണം, തോടുകളുടെ സൈഡ് കെട്ടുക, തടയണ നിർമ്മിക്കുക, കുളങ്ങൾ rejuvenate ചെയ്യുക എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങളുണ്ട്. ഇതെല്ലാം ചെയ്യാൻ

ബാധ്യസ്ഥമായ ഏത് വകുപ്പാണ് നമുക്കുള്ളത്? പഞ്ചായത്ത്/നഗരങ്ങൾ, ഗ്രാമ വികസനം, വനം, കൃഷി, ജലസേചനം, റവന്യൂ തുടങ്ങി എല്ലാ വകുപ്പുകളിലും ഇത് ചെയ്യാൻ സാധിക്കില്ലേ? ഈ വകുപ്പുകൾക്കെല്ലാം ചെയ്യാനുള്ള അധികാരവും അവകാശവുമുള്ള ഈ മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു പ്രവർത്തനരീതി അവലംബിക്കാൻ നമുക്ക് സാധിക്കണം.

കഴിഞ്ഞ മേയ് മാസം 25-ാം തീയതി സഭാസമ്മേളനം കഴിഞ്ഞ് 26-ാം തീയതി എന്റെ നാട്ടിലെത്തുമ്പോൾ ഒരു തുള്ളി വെള്ളമില്ല. കുടിവെള്ളം ടാങ്കർ ലോറികളിൽ വിതരണം ചെയ്യുകയാണ്. അതിനുതന്നെ സാധ്യമാകുന്ന വിധത്തിൽ സ്രോതസ്സുകളില്ല, വലിയ പ്രയാസം അനുഭവപ്പെടുന്നു. ഒരു ഫ്രീലാൻസ് ജേർണലിസ്റ്റ് പറഞ്ഞതനുസരിച്ച് മഹാരാഷ്ട്രയിലെ സത്താറ ജില്ലയിൽ പോയി. ഒരു ദിവസത്തെ യാത്രയായിരുന്നു. എന്നോടൊപ്പം എന്റെ പഞ്ചായത്തിലെ പ്രസിഡന്റുമാരും ബ്ലോക്ക് പ്രസിഡന്റുമാരുമൊക്കെ ഉണ്ടായിരുന്നു. അവിടെ Jalgaon, Jakhangaon എന്നീ രണ്ട് ഗ്രാമങ്ങളിൽ പോയി. മുന്നൂറിൽതാഴെ കുടുംബങ്ങൾ മാത്രം താമസിക്കുന്ന ആ ഗ്രാമം, ഒരു പഞ്ചായത്താണ്. പഞ്ചായത്തിന് പ്രസിഡന്റുണ്ട്, സർപഞ്ച്. വൈസ് പ്രസിഡന്റും സെക്രട്ടറിയുമുണ്ട്. എല്ലാവർക്കുംകൂടി ഒരു മുറിയാണുള്ളത്. അതിനുള്ളിലാണ് എല്ലാ പ്രവർത്തനങ്ങളും നടക്കുന്നത്. പക്ഷേ അവിടെ ചെന്ന് കണ്ട ഞങ്ങളെ അത്ഭുതപ്പെടുത്തിയ ഒരു കാര്യം, ഈ 297 കുടുംബങ്ങൾക്ക് ഉപജീവനം നടത്താൻ ഏക ആശ്രയമായ ഒരൊറ്റ കിണർ, അത് കുളം പോലെയാണെന്ന് വിശേഷിപ്പിക്കാം, വളരെ വലുതാണ്. എട്ട് മാസം ഒരു തുള്ളി വെള്ളമില്ലാത്ത അവസ്ഥയിൽനിന്നും ഞങ്ങൾ പോയി കാണുമ്പോൾ മൂന്നിൽ രണ്ട് ഭാഗം നിറഞ്ഞ് ജല സമൃദ്ധമായിട്ടുണ്ട്. ആ പ്രദേശം മുഴുവൻ മരുഭൂമിക്ക് തുല്യമാണ്. ആ പ്രദേശത്ത് ലഭിക്കുന്ന വാർഷിക ജലപാതത്തിന്റെ അളവ് 330 മില്ലീ മീറ്ററാണ്. കേരളത്തിൽ അത് 3800 മില്ലീ മീറ്ററാണ്. അതിന്റെ പത്തിൽ ഒരംശം ജലം ലഭിക്കാത്ത, മഴവെള്ളം ലഭിക്കാത്ത ഒരു പ്രദേശം. Paani Foundation-ന്റെ നേതൃത്വത്തിൽ നടന്ന മൂന്ന് വർഷക്കാലത്തെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് രണ്ട് ഗ്രാമങ്ങളിലെ കിണർ പൂർണ്ണമായും നിറഞ്ഞ് കിടക്കുന്ന അവസ്ഥ. മുഴുവൻ വീട്ടുകാർക്കും ഒരു കിണർ. മുഴുവൻ കൃഷിക്കും ആവശ്യമായ എല്ലാ ജലസേചന സൗകര്യങ്ങൾ അതിൽനിന്നുണ്ട്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

രാജസ്ഥാനിൽ ആൽവാർ ജില്ലയിൽ ഭീകംപുര എന്നൊരു പ്രദേശം. ഒരുഡിഗ്രി ചൂട് വർദ്ധിച്ചാൽ അതിന്റെ ആഘാതം എത്ര വലുതായിരിക്കുമെന്ന് ബഹുമാന്യനായ മെമ്പർ ശ്രീ. കെ. കൃഷ്ണൻകുട്ടി പറയുകയുണ്ടായി. 18 വർഷം ഡോ. രാജേന്ദ്ര സിംഗ് നിരന്തരം നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി ഭീകംപുര എന്ന പ്രദേശത്ത് മൂന്ന് ഡിഗ്രി സെന്റീ ഗ്രേഡ് ചൂട് കുറഞ്ഞു. ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടു.

അദ്ദേഹത്തിന് മാഗ്സസെ അവാർഡ് ലഭിച്ചു. ഒരുപക്ഷേ ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന കേരളത്തിൽ, ഈ ചർച്ചയൊക്കെ നടത്തുമ്പോൾ ജൂൺ മാസം ഒന്നാം തീയതി അല്ലെങ്കിൽ മൂന്നാം തീയതി അല്ലെങ്കിൽ അഞ്ചാം തീയതി മഴയുണ്ടാകുമെന്ന് നമുക്കൊക്കെ ബോധ്യമാണ്, അതിൽ സംശയമില്ല. അതിനപ്പുറം പോകുന്നില്ല. പിന്നത്തെ അവസ്ഥയെന്താണ്? ആ മഴവെള്ള പാച്ചിലിൽ, അതിന്റെ കുത്തൊഴുക്കിൽ എല്ലാ വരൾച്ചാചിന്തകളും അവസാനിച്ചു. ജൂൺമാസം മുതൽ ഏതാണ്ട് ഡിസംബർമാസം വരെ ജലലഭ്യത സുലഭമായിട്ടുണ്ട്. പിന്നെ ആരാണ് വളർച്ചയെക്കുറിച്ച് ചിന്തിക്കുക? എങ്ങനെയാണ് ജലസംരക്ഷണ പ്രവർത്തനം നടക്കുന്നതെന്ന് അവിടെ പോയി കാണണം. അതുകൊണ്ട് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് ഒരു വകുപ്പ് ഉണ്ടാകണം. ജലസംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണം. അത് കൃഷിയുടെ അടിസ്ഥാന ആവശ്യമാണ്.

2.00 PM]

ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയുടെ കാർഷിക മേഖലയിലെ ഇടപെടലുകളെ ഞാൻ അങ്ങേയറ്റം പ്രശംസിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ഒരുപാട് അംഗങ്ങൾ പരാമർശിച്ചിട്ടുണ്ട്. ഒരു കൃഷിക്കാരന്റെ കാർഷികോൽപ്പന്നത്തിന് മതിയായ വില ലഭിക്കണമെങ്കിൽ അത് മൂല്യവർദ്ധിതമാകണം. ബഹുമാനപ്പെട്ട മന്ത്രി അതിന് ഫലപ്രദമായി ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ് എന്നതാണ് അതിനെല്ലാം അപ്പുറത്ത് ഞാൻ കാണുന്ന കാര്യം. തീർച്ചയായും ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. മണ്ണുജല സംരക്ഷണം ഏറ്റവും മാതൃകാപരമായി എന്റെ നിയോജകമണ്ഡലത്തിൽ ഞാൻ നടത്തുകയാണ്. 2020 നവംബർ മാസം 1-ാം തീയതി ആകുമ്പോൾ ടാങ്കർ ലോറികളിൽ ഒരുതുള്ളി വെള്ളം വിതരണം ചെയ്യേണ്ടി വരാത്ത ഒരു നിയോജകമണ്ഡലമായി തളിപ്പറമ്പിനെ മാറ്റുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. പക്ഷെ എന്റെ നിയോജകമണ്ഡലത്തിലെ കീഴാറ്റൂർ ഇന്ന് ദേശീയ ശ്രദ്ധ പിടിച്ചുപറ്റുന്ന ഒരു സ്ഥലമായി മാറിയിരിക്കുകയാണ്. വളരെ വിഷമത്തോടുകൂടി ഞാൻ ചോദിക്കുകയാണ്, കേരളത്തിലെ ബൈപ്പാസുകളെല്ലാം തണ്ണീർത്തടങ്ങളും വയലുകളും നികത്താതെയാണോ വരുന്നത്? ബഹുമാന്യരായ പ്രതിപക്ഷ അംഗങ്ങൾ, പ്രത്യേകിച്ച് പ്രതിപക്ഷ നേതാവ് പറയണം, ഏതൊക്കെ ബൈപ്പാസ് ആണ് അങ്ങനെ വന്നത്? ചങ്ങനാശ്ശേരി-ആലപ്പുഴ ബൈപ്പാസ് വേണ്ടേ? അത് തണ്ണീർത്തടങ്ങളും വയലും നികത്താതെയാണോ വന്നത്? തിരുവല്ല-ചങ്ങനാശ്ശേരി-കോട്ടയം ബൈപ്പാസ്, എങ്ങനെയാണ് വന്നത്? മണ്ണിട്ട് നികത്തിയല്ലേ; വയലും തണ്ണീർത്തടങ്ങളും നികത്തിയല്ലേ? ആലപ്പുഴ ബൈപ്പാസ്, കൊല്ലം ബൈപ്പാസ് ഇനി വേണ്ടേ? ഞാൻ പറയുന്നത് ഓരോ ജില്ലയിലും ബൈപ്പാസ് വരുന്നുണ്ട്; തണ്ണീർത്തടങ്ങളും വയലുകളും മണ്ണിട്ട് നികത്താതെയാണോ ഇതെല്ലാം വരുന്നത്.

എന്റെ ജില്ലയിൽ കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്, പയ്യന്നൂർ എന്നീ നാല് ബൈപ്പാസുണ്ട്. നാല് ബൈപ്പാസിനുംകൂടി ആവശ്യമായി വരുന്നത് 40.9 കിലോമീറ്ററാണ്. ഇതിൽ 208 ഹെക്ടർ സ്ഥലം നഷ്ടപ്പെടുന്നു, 208 ഹെക്ടറിൽ 87 ഹെക്ടർ വെറ്റ് ലാൻഡാണ്. അതിൽ 900 മീറ്റർ ദൂരം വരുന്ന 5 ഹെക്ടർ ഭൂമിയുടെ പേരിൽ നടക്കുന്ന സമരത്തെച്ചൊല്ലി, കേരളത്തെയും ഇന്ത്യയെയും മുഴുവനും അവിടേക്ക് കേന്ദ്രീകരിപ്പിക്കുമ്പോൾ, കേരളത്തിൽ ഇനി ബൈപ്പാസ് വേണ്ട എന്നാണോ അല്ലെങ്കിൽ എന്റെ ജില്ലയ്ക്കകത്തെ 4 ബൈപ്പാസ് വേണ്ടെന്നാണോ നിങ്ങളുടെ അഭിപ്രായം? പ്രിയപ്പെട്ട സതീശൻ, അവിടെ സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തിയിട്ടുണ്ടോ? എൻവയോൺമെന്റൽ സ്റ്റഡി നടത്തിയിട്ടുണ്ടോ, നിരവധി പരിശോധനകൾ നടത്തിയിട്ടുണ്ടോ എന്ന് ഇന്നലെ അങ്ങ് ചോദിച്ചല്ലോ? 2007-ൽ ഐ.സി.ടി. കമ്പനി സോഷ്യൽ ഇംപാക്ട് സ്റ്റഡിയും എൻവയോൺമെന്റൽ സ്റ്റഡിയും റിഹാബിലിറ്റേഷൻ സ്റ്റഡിയും നടത്തിയിട്ടുണ്ട്. CRZ ക്ലിയറൻസും വാങ്ങിയിട്ടുണ്ട്. 2010-ൽ ഇതു സംബന്ധിച്ച് ഹിയറിംഗും നടത്തിയിട്ടുണ്ട്. അതിനുശേഷം കാലവിളംബം വന്നതിനെത്തുടർന്ന്, 2014-ൽ വീണ്ടും സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തിയിട്ടുണ്ട്. അതിനുശേഷം ഈ പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ടി എയ്കോം കമ്പനിയാണ് നിയോഗിക്കപ്പെട്ടത്. കമ്പനി അലൈൻമെന്റ് നിരവധിതവണ മാറിമാറി നിർദ്ദേശം വച്ചപ്പോൾ അതിലെവിടെ വേണമെങ്കിലും അംഗീകരിച്ചോട്ടെ, ഞങ്ങൾക്ക് ആക്ഷേപമില്ല, ഇനിയും ആ കമ്പനിക്ക് വേറെ ഏതെങ്കിലും സ്ഥലം കണ്ടെത്തി പുതിയ ഒരു സ്ഥലത്തേക്ക് മാറ്റണമെങ്കിൽ മാറ്റിക്കോട്ടെ, നിങ്ങൾ എന്തിനാണ് ഒരു നാടിനെ പ്രയാസപ്പെടുത്തുന്നത്? ഇന്നലെ പ്രിയപ്പെട്ട സണ്ണി ജോസഫും കെ. സി. ജോസഫും അടിയന്തരപ്രമേയം അവതരിപ്പിക്കാത്തതിൽ നന്ദിയുണ്ട്. കാരണം, ഒരു ദിവസം എത്രതവണ നിങ്ങൾ ആ തളിപ്പറമ്പിൽക്കൂടി കടന്നുപോകുന്നു. നിങ്ങൾ അനുഭവിക്കുന്ന വിഷമം എത്ര വലുതാണ്. കഴിഞ്ഞ നിയമസഭാ കാലയളവിൽ നടത്തിയ പ്രവർത്തനം, പ്രിയപ്പെട്ട രമേശ് ചെന്നിത്തല അന്ന് മന്ത്രിയായിരുന്നു, അദ്ദേഹത്തിന്റെ കൂടി സഹായം കിട്ടി. ആ പ്രവൃത്തി ഉദ്ഘാടനം ചെയ്തത് ശ്രീ. കെ. സി. ജോസഫ് ആണ്. അങ്ങയോട് ഞാൻ ചോദിക്കുന്നു, നാല് വർഷമായി തളിപ്പറമ്പ് ടൗണിൽ ഗതാഗതക്കുരുക്ക് പരമാവധി കുറയ്ക്കാൻവേണ്ടി നടത്തിയ പ്രവർത്തനം, അങ്ങ് അംഗീകരിക്കുകയില്ലേ? അതിന്റെ ബാക്കിയായി വരുന്ന ഈ പ്രവർത്തനത്തെ അങ്ങേയ്ക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ലേ? തീർച്ചയായും നിങ്ങൾക്ക് മനസ്സിലാകും, ദയവു ചെയ്ത് ഇത്തരത്തിലുള്ള ഒരു പ്രവർത്തനത്തിൽ നിങ്ങൾ എന്ത് ആക്ഷേപം പറഞ്ഞാലും, ഒരു തുറന്ന ചർച്ചയ്ക്ക് തയ്യാറാണ്. ഇതൊരു രാഷ്ട്രീയ പ്രശ്നമായി നിങ്ങൾ ഏറ്റെടുത്ത് സി.പി.ഐ.(എം)-ൽ നിന്ന് 11 പേരെ പുറത്താക്കി വികസന കാര്യത്തിൽ കോൺഗ്രസ്സ് എന്നോ, ബി.ജെ.പി.-എന്നോ, ലീഗെന്നോ, വ്യത്യാസമില്ലാതെ ഞങ്ങളുടെ പാർട്ടിക്കുമാത്രം സ്വാധീനമുള്ള ഒരു പ്രദേശത്തുകൂടി റോഡ് പോകുമ്പോൾ ആ

പ്രദേശവാസികൾ എതിർത്തപ്പോൾ, അവരെ ഒന്നരക്കൊല്ലംകൊണ്ട് ബോധ്യപ്പെടുത്താൻ ശ്രമിച്ച്, നാനൂറോളം ആളുകളുണ്ടായിരുന്ന സമരമുഖത്ത് 40 ആളുകളായി ചുരുക്കി, 60 പേർ ഭൂവുടമകളായിരുന്നിടത്ത് 56 ആളുകളുടേയും അംഗീകാരം വാങ്ങി, അവശേഷിക്കുന്ന 4 ഭൂവുടമകളും 45 ആളുകളും ചേർന്ന് നടത്തുന്ന സമരം, അതിൽ 11 പേരെ ഞങ്ങളുടെ പാർട്ടി പുറത്താക്കി. അവർക്ക് കുടപിടിച്ച്, ചൂട്ട് പിടിച്ച് നിങ്ങൾ ഇതുചെയ്യുമ്പോൾ കാലവും ചരിത്രവും നിങ്ങൾ കുറ്റക്കാരാണെന്ന് പറയുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, യഥാർത്ഥത്തിൽ ശ്രീ. ജി. എസ്. ജയലാൽ നമ്മുടെ കൃഷി വകുപ്പുമന്ത്രിയെ ഒരു മഹാബലിയായി ചിത്രീകരിച്ചപ്പോൾ ഞാൻ ആലോചിച്ചു, ഇനി വാമനൻ എവിടെയാണ് ഇരിക്കുന്നതെന്ന്. ഇപ്പോൾ കീഴാറ്റൂർ പ്രശ്നം വന്നപ്പോൾ മനസ്സിലായി, മഹാബലി അങ്ങും, വാമനൻ ദേ തൊട്ടു പിറകിലുമുണ്ട്. അങ്ങയെ ചവിട്ടി താഴ്ത്താനാണ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. എ.ഐ.വൈ.എഫ്. അല്ലേ അവിടെ സമരം നടത്തുന്നത്, അങ്ങ് അതിന്റെ സ്റ്റേറ്റ് ജനറൽ സെക്രട്ടറി അല്ലായിരുന്നോ? സി.പി.ഐ.-യുടേയും ശ്രീ. കാനം രാജേന്ദ്രന്റേയും നിലപാടുകൾ വ്യത്യസ്തമല്ലേ? ആ നിലപാടിനെ നേരെ എതിർത്തുകൊണ്ടാണ് ഇത് പറയുന്നത്. എല്ലാ സ്ഥലത്തും നിങ്ങൾ ഈ നിലപാട് സ്വീകരിക്കുമോ? എന്റെ നിയോജകമണ്ഡലത്തിൽ നാട്ടുകാരെല്ലാവരുംകൂടി പൂർണ്ണമായി സംഭാവന ചെയ്ത ഒരു സ്ഥലം, കോട്ടയം ഡെവലപ്മെന്റ് കോറിഡോർ, അവിടെ ഞങ്ങൾ റോഡ് വെട്ടി, അതങ്ങ് ഇവിടെ പറയുന്നതുപോലുള്ള വെറ്റ് ലാൻഡല്ല, കേരളത്തിൽ നിലവിലുള്ള നിയമമനുസരിച്ച് വെറ്റ് ലാൻഡ് നികത്താൻ ആർക്കും അധികാരമില്ല. അത് വേസ്റ്റ് ലാൻഡാണ്. ആ വേസ്റ്റ് ലാൻഡിൽ അവരുടെ സംഭാവനയോടുകൂടി ഒരു റോഡ് വെട്ടിയപ്പോൾ, അവിടെ ആദ്യം കൊടി കുത്തിയത്, അങ്ങയുടെ പാർട്ടിയാണെന്ന യാഥാർത്ഥ്യം മറക്കരുത്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, പോയിന്റ് ഓഫ് ഓർഡർ. സഭയിൽ വസ്തുതാവിരുദ്ധമായി കാര്യങ്ങൾ പറയുന്നത് ക്രമപ്രകാരമല്ല. അദ്ദേഹം ഇവിടെ പറഞ്ഞത് കേരളത്തിൽ വെറ്റ് ലാൻഡ് നികത്താൻ ആർക്കും അധികാരമില്ലെന്നാണ്. തികച്ചും അടിസ്ഥാനരഹിതമായ ഒരു പ്രസ്താവനയാണ്. കേരളത്തിലെ തണ്ണീർത്തട വയൽ നികത്തൽ നിരോധന നിയമത്തിലെ ക്ലാസ് പ്രകാരം, പൊതുആവശ്യങ്ങൾക്കുവേണ്ടി സർക്കാർ അനുമതിയോടുകൂടി തണ്ണീർത്തടങ്ങളും വയലുകളും നികത്താമെന്നുള്ളത് വസ്തുതയാണ്. അദ്ദേഹം വസ്തുതാ വിരുദ്ധമായ പ്രസ്താവനയാണ് നടത്തിയത്, അത് തിരുത്തണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, .......(ബഹളം)......എനിക്ക് സമയം നഷ്ടപ്പെടുത്താൻ കഴിയില്ല. ഈ ബഹളത്തിന്റെ പേരിൽ എന്റെ സമയം പോകരുത്; ഇവിടെ വെറ്റ് ലാൻഡ് ഏതാണ്, തണ്ണീർത്തടമേതാണ്, വേസ്റ്റ് ലാന്റ് ഏതാണെന്ന് മനസ്സിലാക്കാത്തതിന്റെ ബുദ്ധിമുട്ടാണ്. അങ്ങ് ഡിക്ഷണറി നോക്കിയാൽ മനസ്സിലാകും. ഇവിടെ കൃഷിയെക്കുറിച്ച് പറഞ്ഞല്ലോ, ഈ വർഷം പബ്ലിഷ് ചെയ്തിട്ടുള്ള ഇക്കണോമിക് സർവ്വേയിൽ നമ്മുടെ കൃഷി ഉൽപ്പന്നങ്ങൾ മൊത്തം 2016-17-ൽ 7 ശതമാനത്തിൽ നിന്ന് 2.5 ആയി ചുരുങ്ങിയെന്നാണ് പറയുന്നത്. അതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. നമ്മുടെ നെല്ലുൽപ്പാദനത്തിന്റെ ഏരിയ 2015-16-ൽ 1.96 ലക്ഷം ഹെക്ടർ ആയിരുന്നുവെങ്കിൽ, 2016-17-ൽ 1.71 ലക്ഷം ഹെക്ടറായി ചുരുങ്ങിയിരിക്കുകയാണ്. ഞങ്ങൾ പറഞ്ഞതല്ല, അങ്ങയുടെ ഗവൺമെന്റ് ഇറക്കിയ ഇക്കണോമിക് സർവ്വേയിലുള്ളതാണ്. പ്രൊഡക്ഷൻ പ്ലാനിംഗ് ബോർഡിന്റേതാണ്, പ്ലാനിംഗ് ബോർഡിൽ ഇവരുടെ ആളുകളല്ലേ ഇരിക്കുന്നത്. അവിടെ എന്റെ ഒരു സുഹൃത്തും ഉണ്ട്. ഉൽപ്പാദനം, 2015-16-ൽ താഴോട്ട് പോയിട്ടുണ്ട്. ഇവിടെ 2015-16-ൽ നാളീകേര ഉൽപ്പാദനം 5873 ബില്യൺ ആയിരുന്നുവെങ്കിൽ അത് 2016-17-ൽ 5379 ആയി. അതുകൊണ്ട് അങ്ങ് ദയവായി കണക്കുകൾ ഒന്നുകൂടി പരിശോധിക്കൂ. അങ്ങ് ഗംഭീരമായി ചെയ്യുന്നതെന്ന് പറയുന്നതിനോട് ഞാൻ എതിർക്കുന്നില്ല, പക്ഷെ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത കാര്യമാണ്.

ശുദ്ധജല വിതരണത്തിന്റെ കാര്യത്തിൽ, ഞാനിപ്പോൾ ഉച്ചയ്ക്ക് ജലഭവന്റെ മുന്നിൽ പോയിരുന്നു. അവരെല്ലാംകൂടി ജാഥയായി ബഹുമാനപ്പെട്ട തോമസ് ഐസക്കിന്റെ വീട്ടിലേക്ക് പോകുകയാണ്. അവർക്ക് ജീവിക്കാൻ നിവൃത്തിയില്ല, ഒരു രക്ഷയുമില്ല. അത് വേറൊരു കെ.എസ്.ആർ.ടി.സി. ആക്കി മാറ്റുകയാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക 18 മാസം കഴിഞ്ഞിട്ടും കൊടുത്തിട്ടില്ല. അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ മറുപടി പറയുമ്പോൾ പറയണം. ജീവനക്കാർ ശമ്പളത്തിൽ നിന്ന് അടയ്ക്കുന്ന ജനറൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള ലോണുകൾ പോലും യഥാസമയം കൊടുക്കുന്നില്ല. പെൻഷൻകാരുടെ ആനുകൂല്യം തടഞ്ഞു വച്ചിരിക്കുകയാണ്. ഡി.സി.ആർ.ജി. നാലുമാസമായി മുടങ്ങികിടക്കുകയാണ്. കമ്മ്യൂട്ടേഷൻ 27 മാസമായി മുടങ്ങിക്കിടക്കുകയാണ്. പെൻഷൻ റിവിഷൻ കുടിശ്ശിക 150 കോടി രൂപ നൽകാനുണ്ട്. ഇത് കെ.എസ്.ആർ.ടി.സി.-യാകാൻ ഇനിയെന്തെങ്കിലും ചെയ്യേണ്ടതുണ്ടോ? വാട്ടർ അതോറിറ്റിയുടെ ധനകാര്യ വിഭാഗത്തിന് ഒരു അക്കൗണ്ട്സ് മെമ്പറില്ല. ഫിനാൻസ് മാനേജരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. വാട്ടർ കണക്ഷൻ കൊടുക്കുന്നില്ല. ഈ രൂപത്തിൽ വാട്ടർ അതോറിറ്റിയും താഴേയ്ക്ക് പോകുകയാണ്. പിന്നെ എങ്ങനെ ജനങ്ങൾ വെള്ളം കുടിക്കും. തകൃതിയായി നടക്കുന്ന ഒന്ന് സ്ഥലംമാറ്റം മാത്രമാണ്. അത് നല്ല സ്പീഡിൽ നടക്കുന്നുണ്ട്, മറ്റൊന്നും നടക്കുന്നില്ല എന്നാണ് റെക്കോർഡുകൾ സൂചിപ്പിക്കുന്നത്.

ജലസമ്പത്ത് വർദ്ധിപ്പിക്കണമെങ്കിൽ പുഴയിൽ വെള്ളം നിൽക്കണം. ശ്രീ. കെ. കൃഷ്ണൻ കുട്ടി ഭംഗ്യന്തരേണ ഒരു കാര്യം പറഞ്ഞല്ലോ, ഞാൻ ചോദിച്ചതിന് മറുപടി പറയാൻ കഴിയില്ലെന്ന് എനിക്കറിയാം. കാവേരി നദീജലത്തിൽ നമുക്ക് കിട്ടിയ വെള്ളം നാം ഉപയോഗിച്ചില്ല; ആരാണ് അത് ഉപയോഗിച്ചത്; എവിടെയാണ് ഉപയോഗിച്ചത്? കേരളം ഉപയോഗിക്കാത്ത കാവേരിയിലെ അലോട്ടഡ് വെള്ളംകൂടി നൽകണമെന്ന് പറഞ്ഞ് തമിഴ്നാട് അഫിഡവിറ്റ് നൽകിയിരിക്കുകയാണ്. ബാണാസുര സാഗർ അണക്കെട്ടിൽ നമ്മൾ ഒരു റിസർവോയർ ഓപ്പൺ ചെയ്തിട്ടുണ്ട്. അവിടെ നിന്നും നാല് കനാൽ വെട്ടാൻപോലും കഴിഞ്ഞിട്ടില്ല. ഭാരതപ്പുഴയിലെ 747.8 കോടി ക്യൂബിക് മീറ്റർ വെള്ളം അറബിക്കടലിലേയ്ക്ക് ഒഴുകിപ്പോകുകയാണ്. എന്നിട്ട് ഭാരതപ്പുഴയെ നോക്കി നമ്മൾ നെഞ്ചത്തടിച്ച് കരഞ്ഞിട്ട് കാര്യമുണ്ടോ? ഈ രൂപത്തിൽ നമുക്ക് കിട്ടാനുള്ള ശുദ്ധജലം മുഴുവനും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ജലാശയ മലിനീകരണത്തിന്റെ കാര്യത്തിൽ, അങ്ങ് പറയാൻ ശ്രമിച്ചതും പറയാതിരുന്നതുമായ ഒരു കാര്യമുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതിനാൽ കേന്ദ്രത്തിൽനിന്നും കിട്ടാനുള്ള തുക നമുക്ക് കിട്ടിയിട്ടില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതിനുള്ള കാരണം ഫിനാൻസിൽ നിന്നും ലഭിക്കേണ്ട തുക നൽകിയിട്ടില്ല എന്നതാണ്. അത് ലഭിക്കാത്തതുകൊണ്ട് ആ നടപടി സ്വീകരിക്കാൻ സാധിച്ചില്ല, അങ്ങേയ്ക്ക് ആ പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ആർ.കെ.വി.വൈ. തകർന്നുപോയി. കാരണം ധനകാര്യ വകുപ്പിൽനിന്ന് പണം കിട്ടിയില്ല. അതിനുത്തരവാദി ധനകാര്യ വകുപ്പാണ്. അങ്ങേയ്ക്ക് കുറ്റപ്പെടുത്താൻ പറ്റാത്തതുകൊണ്ട് കൂട്ടുത്തരവാദിത്വം എന്നുപറഞ്ഞ് ഉരുണ്ടുകളിക്കാം, പക്ഷേ കേരളത്തിലെ ജനങ്ങളെ ഉരുട്ടിയിടാതെ അങ്ങ് പരിശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ജലാശയങ്ങളുടെ മലിനീകരണം അതിരൂക്ഷമാകുകയാണ്. അതിനുവേണ്ടി ചില പദ്ധതികൾ ഗവൺമെന്റ് കൊണ്ടുവരുന്നുവെന്ന് ഇവിടെ പറഞ്ഞതല്ലാതെ ഒരു പദ്ധതിയുമില്ല, അവർക്ക് ഒരു കാശുമില്ല. രണ്ട് ലക്ഷം രൂപവരെ പിഴ ഒടുക്കുന്നതിനുള്ള പുതിയ നിയമം കൊണ്ടുവന്നു. എത്ര പേർക്കെതിരെ കേസ്സെടുത്തു? ജലാശയങ്ങൾ മലിനപ്പെടുത്തുന്നതിനെതിരെ നടപടിയെടുക്കുന്നതിനുവേണ്ടി ഓർഡിനൻസ് കൊണ്ടുവന്ന് അതീവ ധൃതിയിൽ ഒരു നിയമനിർമ്മാണം നടത്തി. ഇതു സംബന്ധിച്ച് ഈ ഗവൺമെന്റ് ഗൗരവതരമായ ഒരു കേസ്സും എടുത്തിട്ടുള്ളതായി തോന്നുന്നില്ല. ജലദൗർലഭ്യം നേരിടുന്നതിനുവേണ്ടി ടാസ്ക് ഫോഴ്സ് രൂപീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു. ഏത് ടാസ്ക് ഫോഴ്സാണ് രൂപീകരിച്ചത്? എന്താണ് ചെയ്തത്? മഴവെള്ള സംഭരണം ലക്ഷ്യമാക്കി മൂന്ന് കർമ്മസേനകൾ രൂപീകരിക്കുമെന്നാണ് പറയുന്നത്. ഏത് കർമ്മസേനയാണ്? കർമ്മം ചെയ്യാത്ത ചില സേനകളെ

അപ്പുറത്ത് കാണുന്നുണ്ട്, അതല്ലാതെ ഒരു കർമ്മസേനയും ഇവിടെ കാണുന്നില്ല. തടയണകൾ, റെഗുലേറ്ററുകൾ എന്നിവ അടിയന്തരമായി അറ്റകുറ്റപ്പണി ചെയ്യുമെന്ന് പറഞ്ഞിരുന്നു, എന്ത് അറ്റകുറ്റപ്പണിയാണ് നടത്തിയത്? കേരളം കണ്ട അതി രൂക്ഷമായ വരൾച്ചയെ നാം നേരിട്ടുകൊണ്ടിരിക്കുകയാണ്. വറ്റിവരണ്ട വയലുകളുടെ ചിത്രം എല്ലാ മീഡിയകളിലും വരുന്നുണ്ട്. ഇത്തരം അവസ്ഥകൾ മുൻകൂട്ടിക്കണ്ട് നടപടി സ്വീകരിക്കേണ്ടതല്ലേ? കനാലുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും മഴവെള്ളം സംഭരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്നു പറഞ്ഞു, ഈ വേനൽക്കാലത്ത് എന്ത് മഴവെള്ളമാണ് സംഭരിക്കുക? ഒരുതുള്ളി മഴവെള്ളവും സംഭരിക്കാൻ കഴിയുന്നില്ല, എല്ലാവരും വണ്ടി പോയതിനു ശേഷം കൈനീട്ടുകയാണ്. അല്ലെങ്കിൽ കോടതി അടച്ചിട്ട് ലാ പോയിന്റ് പറയുകയാണ്. അല്ലാതെ കൃത്യമായി കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റിന് കഴിയുന്നില്ല.

കുപ്പിവെള്ളത്തിന്റെ കാര്യം സഭയിൽ പലരും പറഞ്ഞു. കുപ്പിവെള്ളത്തെപ്പോലും വിശ്വസിക്കാൻ കഴിയുന്നില്ല. അതിൽ മലിനീകരണമുണ്ടാകുന്നു എന്നാണ് പറയുന്നത്. കേരളത്തിൽ മൂന്നിൽ രണ്ട് കുപ്പിവെള്ള യൂണിറ്റുകൾക്കും ലൈസൻസില്ല. അങ്ങ് അക്കാര്യം പരിശോധിക്കണം. ഫുഡ്സേഫ്റ്റി ആക്ട് അനുസരിച്ച് ആ ഉദ്യോഗസ്ഥരാണ് പരിശോധിക്കേണ്ടതെന്ന് അങ്ങ് പറയും. ആര് നോക്കിയാലെന്താണ്? ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടി എടുക്കേണ്ടതല്ലേ? കേന്ദ്ര ഭക്ഷ്യസുരക്ഷാ ഗുണനിലവാര അതോറിറ്റിയുടെ പരിശോധനയിൽ കേരളത്തിലെ കുപ്പിവെള്ളത്തിൽ പതിനായിരത്തിലേറെ പ്ലാസ്റ്റിക് തരികൾ ഉണ്ടെന്ന ഞെട്ടിപ്പിക്കുന്ന വാർത്തയാണ് പുറത്തുവന്നിട്ടുള്ളത്. അടപ്പുകളിൽ നിന്നാണ് ഇത് വീഴുന്നതെന്നാണ് പറയുന്നത്. നമ്മുടെ നാട്ടിലെ പാവങ്ങൾ ഈ വെള്ളം കുടിച്ച് മരിച്ചുകൊണ്ടിരിക്കുകയാണ്. അവരെ മരണത്തിലേക്ക് തള്ളിവിടാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കണം. ഇതൊക്കെ അർബുദത്തിന് ഇടയാക്കും. കേരളത്തിൽ 30 ശതമാനം ക്യാൻസർ രോഗികളുണ്ടെന്നാണ് ശാസ്ത്രീയമായി പറയുന്നത്. കുപ്പിവെള്ളം ഉപയോഗിക്കുന്ന കേരളത്തിൽ അർബുദത്തിന്റെ തോത് അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം ഈ ഗവൺമെന്റ് ആലോചിക്കണം. പ്രമുഖ കമ്പനികളുടെ സാദൃശ്യമുള്ള ലേബലുകൾ ഒട്ടിച്ച വെള്ളവും കച്ചവടം നടത്തുകയാണ്. ഇത് ഉത്തരവാദിത്വമുള്ള ആരെങ്കിലും ശ്രദ്ധിക്കേണ്ടതല്ലേ?

ഭൂഗർഭജലം സംബന്ധിച്ച് ഫീസടച്ചാൽ എത്രവേണമെങ്കിലും വെള്ളം ഊറ്റാം എന്നുള്ള നിയമത്തിലാണ് നമ്മൾ നിൽക്കുന്നത്. 2002-ലെ കേരള ഗ്രൗണ്ട് വാട്ടർ കൺട്രോൾ ആന്റ് റെഗുലേഷൻ നിയമത്തിലെ 7-ാം വകുപ്പിൽ മാറ്റം വരുത്തിയതു കൊണ്ട് ആർക്കുവേണമെങ്കിലും വെള്ളം ഊറ്റാം. ശ്രീ. കെ. കൃഷ്ണൻകുട്ടി, അങ്ങ് ഇതിനോട് യോജിക്കുന്നുണ്ടോ? അങ്ങ് രണ്ട് കുപ്പിവെള്ള ഫാക്ടറികൾക്കെതിരെ, കൊക്കൊകോളയ്ക്ക് എതിരെ സമരം ചെയ്തിട്ടുള്ള ആളാണ്. അങ്ങയുടെ ഗവൺമെന്റാണ്

ഇതിൽ മാറ്റം വരുത്തിയിട്ടുള്ളത്. അങ്ങ് എഴുന്നേറ്റ് നിന്ന് ഇത് നടക്കില്ലെന്ന് പറയേണ്ടതല്ലേ? ഞങ്ങളും ആ കൂട്ടത്തിൽ നിൽക്കാമല്ലോ. ഇതനുസരിച്ച് ഭൂഗർഭ ജലവകുപ്പിന് വിവിധ പ്രദേശങ്ങളിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ അളവിനനുസൃതമായി ഭൂഗർഭജലം ഊറ്റുന്നതിന് കമ്പനികൾക്ക് അങ്ങ് പ്രത്യേക അനുമതി കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് ഞാനിത് വലിയ അലിഗേഷനായി പറയുന്നില്ല, എനിക്ക് അങ്ങയെ നന്നായി അറിയാം. അങ്ങയുടെ വകുപ്പിൽ നിന്നാണ് ഇതിന് അനുമതി കൊടുത്തിരിക്കുന്നത്. കമ്പനിയുടമ രേഖാമൂലം അറിയിച്ച് ഫീസ് അടച്ചാൽ എത്ര വേണമെങ്കിലും വെള്ളം ഊറ്റിയെടുക്കാം എന്നാണ്. ഈ വരൾച്ചയ്ക്ക് പരിഹാരമായി ക്ലൗഡ് സീഡ്സ് മാനത്ത് വിതറും എന്നുപറഞ്ഞിരുന്നു. ഞങ്ങൾ മാനം നോക്കിയിരിക്കുകയാണ്. ഒരു ക്ലൗഡ് സീഡും കണ്ടില്ല. വരൾച്ചയെ നേരിടുന്നതിനു വേണ്ടി ആധുനിക നടപടിയെടുക്കുമെന്ന് പറഞ്ഞിരുന്നു. ഒരു നടപടിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ആ ക്ലൗഡ് സീഡ്സും അതിന്റെ വഴിക്ക് പോയിരിക്കുകയാണ്.

വ്യാപകമായ കൃഷിനാശം കേരളത്തിൽ സംഭവിച്ചിരിക്കുകയാണ്. അങ്ങ് മെത്രാൻ കായലിലും പല സ്ഥലങ്ങളിലും പോയി യാത്രയൊക്കെ ഗംഭീരമാക്കുന്നു. അതോടൊപ്പംതന്നെ ഈ നാട്ടിലെ പണം ചെലവഴിക്കുമ്പോൾ നമുക്ക് കിട്ടുന്ന റിട്ടേൺ എത്ര എന്നതിനെക്കുറിച്ച് ഒരു നിമിഷമെങ്കിലും ആലോചിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......രണ്ട് മിനിട്ട് അധികമായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആറ് ജില്ലകളിലെ വരൾച്ചയുടെ കണക്കെടുത്തു നോക്കിയാൽ 19641.7 ഹെക്ടർ സ്ഥലം കൃഷി ചെയ്യാൻ സാധിക്കാത്ത നിലയിലാണ്. 151 കോടി രൂപയുടെ നഷ്ടം കേരളത്തിൽ കാർഷികരംഗത്ത് ഉണ്ടാകാൻ പോകുകയാണ്. അതുകൊണ്ട് വരൾച്ചയെ നേരിടുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് നടപടിയെടുക്കണം.

മന്ത്രിമാരെക്കുറിച്ച് ആളുകൾ പുകഴ്ത്തി പറയുമ്പോൾ അതുകേട്ട് നിങ്ങൾ മുകളിലോട്ട് പോയാൽ നീലാകാശത്തിലെത്തും. പക്ഷേ, കേരളത്തിലെ ജനങ്ങൾക്ക് തുള്ളിവെള്ളം കൊടുക്കാത്ത ഒരു സർക്കാരാണ് നിങ്ങളെന്ന് ചരിത്രത്തിൽ നിങ്ങളുടെ പേര് എഴുതിവയ്ക്കും. എനിക്കതിൽ ദു:ഖമുണ്ട്. ആ ദു:ഖത്തോടെ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, അങ്ങ് വളരെ ശക്തമായി നിയന്ത്രിക്കുന്ന ആളാണെന്ന് തെളിയിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. കാരണം അങ്ങിവിടെ തൊട്ടടുത്തിരുന്നപ്പോൾ എത്രയോ ശാന്തനായിരുന്നു, ആ കസേരയിൽ എത്തിയപ്പോൾ കലിതുള്ളിത്തുടങ്ങി. അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ധനാഭ്യർത്ഥന ചർച്ചയിൽ ഇരുഭാഗത്തുനിന്നും വന്ന നിർദ്ദേശങ്ങൾക്കും വിമർശനങ്ങൾക്കും ഞാൻ നന്ദി പറയുകയാണ്. വിമർശനം ശരിയായ രീതിയിൽ ചിന്തിപ്പിക്കാൻ പര്യാപ്തമാക്കും.

പ്രധാനമായും ബജറ്റ് തുക ചെലവഴിക്കുന്നില്ല, പ്ലാൻ ഫണ്ട് ലാപ്സാകുന്നു എന്ന ആക്ഷേപമാണ് നിലവിലുള്ളത്. ജലവിഭവ വകുപ്പിന്റെ പദ്ധതി വിഹിതം ചെലവാക്കുന്നില്ലെന്ന ആക്ഷേപം, പ്രതിപക്ഷത്തെ ഒരു കക്ഷിയുടെ നേതാവ് എന്നുള്ള നിലയിൽ അവിടെ നിന്ന് ഞാനും ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രതിപക്ഷത്തുള്ളവർ ഉന്നയിച്ച കാര്യം എനിക്ക് മനസ്സിലാകും. അതിന് പ്രത്യേക കാരണവുമുണ്ട്. 2011-12-ൽ പ്ലാൻ വിഹിതത്തിന്റെ 45 ശതമാനമാണ് ചെലവാക്കിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ ആദ്യവർഷം ചെലവാക്കിയത് 45 ശതമാനം ആയിരുന്നുവെങ്കിൽ, ഈ ഗവൺമെന്റിന്റെ ആദ്യവർഷം ചെലവാക്കിയത് 69 ശതമാനമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടയ്ക്ക് വർദ്ധനവുണ്ടായി 56-57-ശതമാനത്തിൽ എത്തിയെങ്കിലും തിരികെ 49-ൽ എത്തി. 2016-17 സാമ്പത്തിക വർഷം 69 ശതമാനം പദ്ധതിവിഹിതം ജലവിഭവ വകുപ്പ് ചെലവാക്കിയിട്ടുണ്ട്. ഈ വർഷം ഇതുവരെ 67 ശതമാനമാണ് കണക്കു കൂട്ടിയിരിക്കുന്നത്. ഇനിയുള്ള ദിവസങ്ങളിൽ മെച്ചപ്പെട്ട് വന്നേക്കാമെന്നാണ് പ്രതീക്ഷ. ഇതൊരു നല്ല കണക്കാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, കഴിഞ്ഞ വർഷത്തെ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തെ ഓരോ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചമാണെന്ന് സൂചിപ്പിക്കുകയാണ്. എന്താണിത് കുറഞ്ഞു നിൽക്കുന്നത്? കഴിഞ്ഞവർഷം 69 ശതമാനമായിപ്പോയതിന്റെ കാരണം ചില ഹെഡ്ഡുകൾ നമുക്ക് ചെലവാക്കാൻ കഴിയുന്നതല്ല എന്നതാണ്. മുല്ലപ്പെരിയാറിൽ ഡാം പണിയാൻ 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പണിയാത്തത് ഉദ്യോഗസ്ഥരുടെയോ മന്ത്രിയുടെയോ കുഴപ്പം കൊണ്ടല്ല. അങ്ങനെ ചില ഹെഡ്ഡിൽ ചെലവഴിക്കാൻ കഴിയാതെ വന്നതുകൊണ്ടാണ് 69 ശതമാനമായത്. അതിന്റെ പ്ലാൻ ഫണ്ട് ഇറിഗേഷൻ വകുപ്പിന്റെ ഫണ്ടിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അന്തർ സംസ്ഥാന നദീജല വിഷയങ്ങൾ മുഖ്യമന്ത്രിയാണ് കൈകാര്യം ചെയ്യുന്നത്. പക്ഷെ, ചെലവു ചെയ്യുന്നത് ഇറിഗേഷൻ ഫണ്ടിലാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒന്നാംവർഷം ചെലവാക്കിയ 45 ശതമാനമാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 69 ശതമാനമായി ഉയർന്നതെന്ന് സൂചിപ്പിക്കാനാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് പ്ലാൻ ഫണ്ട് ചെലവാക്കുന്നതിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം വീഴ്ചയുണ്ടായി എന്നുപറയുന്നതിന് യാതൊരടിസ്ഥാനവുമില്ല.

വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ജലനിധി, ഭൂഗർഭ ജലസേചനവകുപ്പ് എന്നീ 4 ഘടകങ്ങളാണ് ജലവിഭവ വകുപ്പിൽ പ്രവർത്തിക്കുന്നത്. ജലനിധിയെ സംബന്ധിച്ച് ഒരു പരാമർശവും ഉണ്ടായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. വാട്ടർ അതോറിറ്റി 1080 ശുദ്ധജല പദ്ധതികളിലൂടെ ഇരുപത്തിരണ്ടര ലക്ഷം കണക്ഷനും രണ്ടുലക്ഷത്തിലധികം പൊതു ടാപ്പുകളും വഴി 54.27 ശതമാനം ജനങ്ങൾക്കാണ് ജലം വിതരണം ചെയ്യുന്നത്. പ്രതിദിനം 2644 ദശലക്ഷം ലിറ്റർ ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതോടുകൂടി സംസ്ഥാനത്ത് 941 പഞ്ചായത്തുകളിൽ 712 പഞ്ചായ

ത്തുകളിലും 87 മുനിസിപ്പാലിറ്റിയിൽ 78 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ശുദ്ധീകരണശാലകൾ വഴിയുള്ള ശുദ്ധീകരിച്ച വെള്ളം വിതരണം ചെയ്യാൻ കഴിയും. ഏകദേശം 6080 കോടി രൂപയുടെ പദ്ധതികളാണ് വിവിധ ഘട്ടങ്ങളിലായി ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ വർഷം ഉണ്ടായ തിരിച്ചടി, കേന്ദ്ര സഹായത്തോടുകൂടിയുള്ള, ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ പ്രധാന സ്രോതസ്സായ എൻ.ആർ.ഡി.ഡബ്ല്യു.പി. (National Rural Drinking Water Programme)-യുടെ കേന്ദ്ര വിഹിതം 2015-16 മുതൽ ഗണ്യമായി കുറഞ്ഞു. 2016-17 സാമ്പത്തിക വർഷാരംഭത്തിൽ കേന്ദ്ര സഹായത്തോടുകൂടിയ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട 2075.40 കോടി രൂപയുടെ ചെറുതും വലുതുമായ 188 പദ്ധതികൾ നിലവിലുണ്ടായിരുന്നു. ഈ പദ്ധതിക്ക് കേന്ദ്ര വിഹിതത്തിലുണ്ടായ കുറവ് പദ്ധതി നിർവ്വഹണത്തെയും സാരമായി ബാധിക്കുകയുണ്ടായി. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം, 25 ശതമാനത്തിൽ കുറവ് ഭൗതിക പുരോഗതിയുള്ള പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാവുകയില്ല എന്നറിയിച്ചു. ചിലതൊക്കെ zero ആയിരുന്നു. അതുകൊണ്ട് 55 പദ്ധതികൾ തല്ക്കാലം മറ്റ് സ്കീമിലേയ്ക്ക് മാറ്റാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേന്ദ്ര സഹായം നിർത്തലാക്കിയതുകൊണ്ട് തുടങ്ങിയ ചില ശുദ്ധജല വിതരണ പദ്ധതികളുടെ സ്ഥിതിയെന്താണ്? പലയിടത്തും പ്രവർത്തനങ്ങൾ നടക്കുന്നില്ല. അതുമുന്നോട്ടു കൊണ്ടു പോകാനുള്ള എന്തെങ്കിലും പദ്ധതികൾ ഉണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, നേരത്തെ 25 ശതമാനം എത്താതിരുന്നതിന് ചില കാരണങ്ങളുണ്ട്. ചിലയിടത്തു ഭൂമി ലഭിക്കാത്തതും സാങ്കേതികമായി ജലസ്രോതസ്സ് ഇല്ലാത്തതും മറ്റുമാണ്. ആ പദ്ധതികൾ അത്തരത്തിൽ ഏറ്റെടുക്കാനാവില്ല. എന്നാൽ ഫീസിബിളായ പദ്ധതികൾ സ്റ്റേറ്റ് പ്ലാൻ, നബാർഡ്, കിഫ്ബി എന്നിവയിൽനിന്നും മാറ്റി നമ്മുടെ ബജറ്റിലെ മറ്റ് ഹെഡ്ഡുകളിലേക്കും ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. അത് ഉപേക്ഷിക്കാൻ ഉദ്ദേശിച്ചിട്ടില്ല. അത് ഏറ്റെടുക്കുകതന്നെ ചെയ്യും. കിട്ടിയ പണം ചെലവഴിച്ചോ എന്നുള്ളതാണ് പ്രധാന വിഷയം.

രാജ്യത്ത് ഏറ്റവും ഭംഗിയായി ചെലവഴിച്ച സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്നുള്ളതുകൊണ്ട് 25 കോടി രൂപയുടെ ബോണസ് വാട്ടർ അതോറിറ്റിക്ക് എൻ.ആർ.ഡി.ഡബ്ല്യു.പി. വഴി കിട്ടിയെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് വിഹിതം കുറഞ്ഞുവെന്നു പറയുമ്പോൾ കിട്ടിയ പണം ശരിയായ രീതിയിൽ ചെലവഴിച്ചിട്ടുണ്ട്. 67 ശതമാനത്തിൽ എത്തിനിൽക്കുകയാണ്; ബാക്കി ചെയ്തു

പ്രവൃത്തിയുടെ ബില്ലും റെഡിയായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പണികൾ ചെയ്യാതിരിക്കുന്നതല്ല, ഇതുവരെ ബോണസ് ഉൾപ്പെടെ 95.16 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചു. 2017-2018-ൽ ഇതുവരെ 50 പ്രവൃത്തികൾ പൂർത്തിയാക്കി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. കഴിഞ്ഞവർഷം സംസ്ഥാനത്തിന് ആകെ 27 പദ്ധതികളാണ് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞത്. പക്ഷെ ഈ മാർച്ചിനുമുമ്പ് അല്ലെങ്കിൽ ഈ വേനൽക്കാലത്തിനുള്ളിൽ 71 പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന സ്ഥിതിയിലാണ് നിൽക്കുന്നത്. നബാർഡ് ധനസഹായത്തോടുകൂടി 38 ഗ്രാമീണ ശുദ്ധജല പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. അതിൽ 85.55 കോടി രൂപയ്ക്ക് 3 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതുകൊണ്ട് 9 പഞ്ചായത്തുകളിൽകൂടി വെള്ളമെത്തിക്കാൻ കഴിഞ്ഞു.

ഇവിടെ പ്രധാനമായും ഉയർന്നുവന്ന ചോദ്യം കിഫ്ബിയിൽ ഏറ്റെടുത്ത പദ്ധതികളെ സംബന്ധിച്ചാണ്. കിഫ്ബിയിൽ ഏറ്റെടുത്ത പദ്ധതികളുടെ കൃത്യമായ മറുപടി പറയുകയാണ്. 9-3-2018-ൽ ബഹുമാന്യനായ കെ. മുരളീധരന്റെ 2405-ാം നമ്പർ ചോദ്യത്തിന് മറുപടിയായി ഈ സഭയിൽത്തന്നെ വച്ചിട്ടുണ്ട്. 2016-17-ൽ 1257 കോടി രൂപയുടെ 23 പദ്ധതികൾക്കാണ് അനുമതി കിട്ടിയത്. അതിൽ 22 പദ്ധതികളും കരാർ വിളിച്ച് അതിലെ മേജർ പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. ഈ മാർച്ച് മാസം അല്ലെങ്കിൽ ഏപ്രിൽ ആദ്യ ആഴ്ചതന്നെ കണ്ണൂർ ജില്ലയിലെ ആദ്യത്തെ പദ്ധതി കമ്മീഷൻ ചെയ്യാനുള്ള സ്ഥിതിയിൽ എത്തിയിട്ടുണ്ട്. അതുകൊണ്ട് കിഫ്ബിയുടെ വർക്കുകളിൽ പുറകിലാണെന്ന വിമർശനം ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് 433 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം കിട്ടുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. നഗര ജലവിതരണ പദ്ധതികളുണ്ട്, അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ജൻറം പദ്ധതിക്ക് പകരം വന്നിരിക്കുന്ന 'അമൃത്' (Atal Mission for Rejuvenation and Urban Transformation) പദ്ധതി മൂന്ന് സ്റ്റേറ്റ് ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ്. അവിടെയും അനുവദിച്ച പ്രവൃത്തിയുടെ 25 ശതമാനം തുകയ്ക്കുള്ള പദ്ധതികൾ കരാർ നൽകിയിരിക്കണമെന്ന നിബന്ധന ഉണ്ടായിരുന്നു. കേരളത്തിന് ഈ നിബന്ധന പാലിച്ച് മൂന്നാം ആക്ഷൻ പ്ലാൻ അംഗീകാരം നേടാനായി. മറ്റ് പല സംസ്ഥാനങ്ങൾക്കും അമൃത് പദ്ധതിയുടെ മൂന്നാം ആക്ഷൻ പ്ലാനിൽ കയറാൻ സാധിക്കാത്തപ്പോൾ നമ്മൾ ഒന്നാം ആക്ഷൻ പ്ലാനും രണ്ടാം ആക്ഷൻ പ്ലാനും കൃത്യമായി നടത്തി എന്നുള്ളതുകൊണ്ട് ആ പദ്ധതിയിലേക്ക് കയറാൻ സാധിച്ചു എന്നത് ഒരു നേട്ടമാണ്.

അരുവിക്കരയിൽ 75 എം.എൽ.ഡി. ശേഷിയുള്ള പുതിയ ജലശുദ്ധീകരണശാലയും മെഡിക്കൽ കോളേജ് പരിസരത്ത് 5 എം.എൽ.ഡി. ശേഷിയുള്ള മലിനജല ശുദ്ധീകരണശാലയും ഉൾപ്പെട്ടുവരുന്നുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ മുഴുവൻസമയവും വെള്ളം കിട്ടുന്നതിനുള്ള 2500 കോടി രൂപയുടെ 24x7 എന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രാവർത്തികമാക്കിയാൽ ജലം എല്ലാസമയത്തും വിതരണം ചെയ്യാൻ കഴിയുന്നതാണ്.

കേരള വാട്ടർ അതോറിറ്റി കഴിഞ്ഞ വർഷം കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച് ഞാൻ വിശദമായി പറയുന്നില്ല. കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ വരൾച്ചയെ നേരിടാൻ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞു. കഴിഞ്ഞ വർഷത്തെ ബജറ്റ് ചർച്ചയിൽ അതുസംബന്ധിച്ച് പറഞ്ഞിരുന്നു. പ്രത്യേകിച്ച് തിരുവനന്തപുരത്തെ നെയ്യാർ റിസർവോയറിനടുത്തുള്ള കാപ്പുകാട്ടിൽനിന്ന് കരമന നദിയിലേയ്ക്ക് വെള്ളം പമ്പ് ചെയ്ത് തലസ്ഥാനനഗരത്തിൽ ഉണ്ടാകുമായിരുന്ന ഒരു ഭീകര അന്തരീക്ഷം ഒഴിവാക്കുന്നതിന് ഫലപ്രദമായി ഇടപെട്ടു. ആലപ്പുഴ മുനിസിപ്പാലിറ്റിക്കും അമ്പലപ്പുഴ താലൂക്കിലെ 8 പഞ്ചായത്തുകൾക്കുംവേണ്ടി 62 ദശലക്ഷം ലിറ്റർ ശേഷിയുള്ള പദ്ധതി കമ്മീഷൻ ചെയ്തു. വെസ്റ്റ് കൊച്ചിയിൽ 15 ദശലക്ഷം ലിറ്റർ വെള്ളം കൊണ്ടു വന്ന് ശുദ്ധജലക്ഷാമം ഗണ്യമായി പരിഹരിക്കാൻ കഴിഞ്ഞു. ശബരിമലയിൽ കുപ്പിവെള്ളം നിരോധിച്ചതിനെത്തുടർന്ന് രണ്ട് വർഷവും ആർ.ഒ. (Reverse Osmosis) പ്ലാന്റുകൾ സ്ഥാപിച്ചു. കഴിഞ്ഞ വർഷം ശബരിമലയിൽ ചൂടുവെള്ളംകൂടി കൊടുക്കാൻ കഴിയുന്നതരത്തിൽ ഇടപെടാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 310574 പുതിയ വാട്ടർ കണക്ഷനുകൾ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ വിവിധ തസ്തികകളിലായി പി.എസ്.സി. വഴി 115 അസിസ്റ്റന്റ് എഞ്ചിനീയർമാർ, 131 ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -I ഉൾപ്പെടെ 1651 നിയമന ഉത്തരവുകൾ നൽകി. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിഞ്ഞു. കഴിഞ്ഞ വർഷത്തെ പ്രധാന നേട്ടങ്ങളിലൊന്ന് കേരള വാട്ടർ അതോറിറ്റി സ്റ്റാർട്ടപ് മിഷനുമായി ചേർന്ന് ഇന്നൊവേഷൻ സോൺ ആരംഭിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഉദ്ഘാടനം ചെയ്തത്. സ്റ്റാർട്ടപ് മിഷനുമായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. അതിന്റെ ആദ്യ സംരംഭമെന്ന നിലയിൽ മാൻഹോളിലെ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് മനുഷ്യപ്രയത്നത്തിനുപകരം യന്ത്രമനുഷ്യനെ ഉപയോഗപ്പെടുത്താനുള്ള ഒരു പദ്ധതി ഏറ്റെടുത്തു. 9 ചെറുപ്പക്കാരുടെ സംരംഭമായ ജൻറോബോട്ടിക്സ് എന്ന സ്റ്റാർട്ടപ് വികസിപ്പിച്ചെടുത്ത യന്ത്രമനുഷ്യനായ 'Bandicoot',

മലയാളത്തിൽ 'പെരുച്ചാഴി' എന്നുപറയാം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ലോഞ്ച് ചെയ്തു. അതിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. വളരെ പ്രാകൃതമായ രീതിയിലാണ് മാൻഹോളിലെ മാലിന്യം നീക്കംചെയ്തു കൊണ്ടിരുന്നത്. മാലിന്യനിർമ്മാർജ്ജനത്തിന് മനുഷ്യപ്രയത്നം ഒഴിവാക്കി ആധുനിക രീതിയിൽ ചെയ്യുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. ഇത് ലോകശ്രദ്ധതന്നെ നേടിയെടുത്തിട്ടുള്ളതാണ്.

സമീപകാലത്തെ വരൾച്ച നേരിടാൻവേണ്ടി വാട്ടർ അതോറിറ്റി മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. സ്രോതസ്സുകളിൽ ജലം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും നടത്തുന്നത്. കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ ഒന്നൊന്നായി സ്വീകരിക്കുന്നുണ്ട്. അതിന് വരവ് ചെലവുകളുടെ അന്തരം കുറച്ച് സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് മീറ്റർ റീഡിംഗ്, ബില്ലിംഗ്, കളക്ഷൻ എന്നിവ 100 ശതമാനത്തിലെത്തിക്കാൻ ശ്രമിക്കുന്നുണ്ട്. ഉപഭോക്തൃ സേവനങ്ങളുടെ നടപടിക്രമം ലളിതമാക്കാൻ ശ്രമിക്കുന്നുണ്ട്. ആസ്തികളുടെ അറ്റകുറ്റപ്പണികൾ മുൻകൂട്ടിക്കണ്ട് പ്രവർത്തിക്കാനും നടപടി സ്വീകരിക്കുന്നുണ്ട്. അരുവിക്കര ഡാമിൽ ചെളിനീക്കാനും നടപടി സ്വീകരിക്കുന്നുണ്ട്. ജല അതോറിറ്റിയുടെ വരവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നുണ്ട്, അതിപ്പോൾ പ്രതിവർഷം 360 കോടി രൂപയാണ്.

വാട്ടർ അതോറിറ്റി കെ.എസ്.ആർ.ടി.സി.-യെപ്പോലെ ആകരുതെന്ന് പ്രതിപക്ഷത്തെ പലരും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി. പോലെ ആകാതിരിക്കാൻ എന്ത് ചെയ്യണമെന്നാണ്? വെള്ളക്കരം വർദ്ധിപ്പിക്കണമെന്ന് നേരിട്ട് പറഞ്ഞില്ല എന്നത് ശരിയാണ്. ഒരു കാരണവശാലും സാധാരണക്കാർ കുടിക്കുന്ന വെള്ളത്തിന് കരം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. എന്നാൽ വരവും ചെലവും തമ്മിലുള്ള അന്തരം എങ്ങനെ കുറച്ചുകൊണ്ടുവരാൻ സാധിക്കുമെന്നത് സംബന്ധിച്ച് സൂക്ഷ്മമായ പരിശോധനകൾ നടത്തേണ്ടതുണ്ട്. കെ.എസ്.ഇ.ബി.-ക്ക് കുടിശ്ശിക കൊടുക്കാനുള്ള കാര്യങ്ങളിലും നടപടി സ്വീകരിക്കേണ്ടതുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വാട്ടർ അതോറിറ്റി ഈ വർഷം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

പ്രതിവർഷം 2 ലക്ഷം പുതിയ കണക്ഷനുകൾ നൽകണം. വരുമാനം ലഭിക്കാത്ത ജലത്തിന്റെ അളവ് ഒരു വർഷം അഞ്ച് ശതമാനംവച്ച് കുറയ്ക്കണം. ശുദ്ധീകരണ ശാലകളില്ലാത്ത മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ശുദ്ധീകരണശാലയോടുകൂടിയുള്ള പുതിയ പദ്ധതികളുണ്ടാകണം. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഇപ്പോഴുള്ള 54 ശതമാനം കുടിവെള്ള കവറേജ് 10 ശതമാനം വർദ്ധിപ്പിക്കണം. തിരുവനന്തപുരം,

കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനവും കോർപ്പറേഷനിലും പ്രധാന പട്ടണങ്ങളിലും സ്വീവറേജ് പദ്ധതികളേർപ്പെടുത്താനും നടപടികൾ ഉണ്ടാകണം. കുടിവെള്ള വിതരണത്തോടൊപ്പം ഇതും ഗൗരവമായി ഏറ്റെടുക്കേണ്ട വിഷയമാണെന്ന് അംഗങ്ങൾ പലരും ചൂണ്ടിക്കാണിച്ചു. ഇത്തവണത്തെ ബജറ്റിൽ 50 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്. പുതിയ സ്വീവറേജ് പദ്ധതികൾ മാലിന്യ സംസ്കരണവുമായി ചേർത്ത് നടപ്പാക്കേണ്ടതുണ്ട്.

ഹരിത കേരളം പദ്ധതി ജലവിഭവ വകുപ്പിന്റെ മാത്രം പദ്ധതിയല്ല, നാട് ഏറ്റെടുക്കേണ്ട വലിയൊരു മുന്നേറ്റമാണ്. ജലസേചന വകുപ്പ് പ്രധാനമായും ഹരിത കേരളം പദ്ധതിയെ സഹായിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന നീർത്തട പ്ലാനുകളുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ജലസേചന വകുപ്പ് ആവശ്യമായ സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. 3315 പുതിയ കുളങ്ങൾ നിർമ്മിക്കുകയും 5493 കുളങ്ങൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. 1481 കിലോമീറ്റർ കനാൽ നവീകരണവും ഏകദേശം 7023 കിലോമീറ്റർ തോടുകളുടെ പുനരുജ്ജീവനവും നടന്നു. റഗുലേറ്റർ പണിയണമെന്ന ആശയത്തെ സംബന്ധിച്ച് ഇവിടെ വിമർശനമുണ്ടായി. റഗുലേറ്റർ പണി ആരംഭിച്ചിട്ടില്ല. കാരണം, നദികളെത്തന്നെ സംഭരണികളാക്കി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ തെരഞ്ഞെടുത്ത നദികളിൽ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ടെണ്ടർ സ്റ്റേജിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. ചന്ദ്രഗിരിപ്പുഴ, ചിറ്റാരി പുഴ, കുപ്പം പുഴ, അഞ്ചരക്കണ്ടി പുഴ, പൂനൂർ പുഴ, കുറ്റ്യാടി പുഴ, ചാലിയാർ പുഴ, കടലുണ്ടിപ്പുഴ, ഭാരതപ്പുഴ, തൂതപ്പുഴ, ചിറ്റൂർ പുഴ, മൂവാറ്റുപുഴയാർ, മീനച്ചിലാർ, പമ്പയാർ, മണിമലയാർ അച്ചൻകോവിലാർ, നെയ്യാർ, വാമനപുരം നദി എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. ഏപ്രിൽ മാസത്തോടുകൂടി 8 സ്ഥലങ്ങളിൽ നിർമ്മാണം ആരംഭിക്കാൻ സാധിക്കത്തക്കവിധം ടെണ്ടറിലേയ്ക്ക് നീങ്ങാനാണ് ഉദ്ദേശിക്കുന്നത്. ഡാമുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളി നീക്കംചെയ്യാൻവേണ്ടി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റീവ് പ്രൊസീഡ്യുവർ തയ്യാറായിട്ടുണ്ട്. അതിന്റെ പൈലറ്റ് പ്രോജക്ടുകളായി മംഗലം, ചുള്ളിയാർ ഡാമുകളിൽ സാമ്പിൾ കളക്ഷൻ നടന്നുകൊണ്ടിരിക്കുകയാണ്. സാമ്പിൾ കളക്ഷൻ പൂർത്തിയായാൽ അതിന്റെ പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങാൻ കഴിയും. നദികളുടെ പുനരുജ്ജീവനം ഹരിതകേരളം മിഷന്റെ ഭാഗമായി ജനങ്ങൾ ഏറ്റെടുത്തതാണ്. അത് വകുപ്പിന്റെ മാത്രം നേട്ടമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ജനങ്ങളുടെ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകുകയുണ്ടായി. ഏറ്റവും പ്രധാനമായി അന്തരിച്ച കെ. കെ. രാമചന്ദ്രൻ നായരുടെ നേതൃത്വത്തിൽ ശ്രീമതി വീണാ ജോർജ്ജിന്റെയൊക്കെ പങ്കാളിത്തത്തോടുകൂടി നടന്ന വരട്ടാർ പുനരുജ്ജീവനം സ്ഥായിയാക്കി എടുക്കാനുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്കാവശ്യമായ ഭരണാനുമതി

നൽകി, അതിന്റെ മുന്നോടിയായുള്ള പാരിസ്ഥിതികാഘാത പഠനം കിറ്റ്കോ എന്ന ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. അതേ മാതൃകയിൽ കോലറയാർ, കാനാപ്പുഴയാർ, പള്ളിക്കലാർ, പൂന്തുരാർ, കുട്ടൻപേരൂരാർ തുടങ്ങിയ നിരവധി നദികളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ജനകീയമായി ഏറ്റെടുത്ത് നടത്തിവരികയാണ്.

നിയമനിർമ്മാണത്തെ സംബന്ധിച്ച് എത്ര കേസ്സെടുത്തുവെന്ന് ചോദ്യം ഉന്നയിച്ചു. കേസുകളെടുത്തിട്ടുണ്ട്, എത്രയെണ്ണം എന്നുപറയാൻ ഇപ്പോൾ എന്റെ കൈവശം കണക്കുകൾ ഇല്ല. കുറ്റയാളുകളെ ശിക്ഷിക്കുക എന്നതല്ല നിയമനിർമ്മാണത്തിന്റെ ലക്ഷ്യം, ജലാശയങ്ങളും ജലസംഭരണികളും മലിനമാകാതെ സൂക്ഷിക്കുക എന്ന ബോധ്യം ജനങ്ങളിലുണ്ടാക്കാനാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. അത് ഫലം കണ്ടിട്ടുണ്ട് എന്നുതന്നെയാണ് എന്റെ വിശ്വാസം.

ജലനിധിയുമായി ബന്ധപ്പെടുത്തി രണ്ടാംഘട്ട പദ്ധതിയിലെ 312 പുതിയ ശുദ്ധജല പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകി. 601 കുടിവെള്ള പദ്ധതികളുടെ പണി പൂർത്തിയാക്കി ഗുണഭോക്തൃ സമിതികളെ തുടർനടത്തിപ്പിനായി ഏൽപ്പിച്ചിട്ടുണ്ട്. അതുവഴി 87033 കുടുംബങ്ങളിൽ 3.78 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടായി. പൂർത്തിയാക്കിയ പദ്ധതികളിൽ 8 എണ്ണം ബഹുജന കുടിവെള്ള പദ്ധതികളും ഒരെണ്ണം മൾട്ടി പഞ്ചായത്ത് പദ്ധതിയുമാണ്. 2424 ശുചിത്വ യൂണിറ്റുകൾ, ഒ.ഡി.എഫ്. പ്രവർത്തനങ്ങളുടെ ഭാഗമായി 36376 ഗാർഹിക ശുചിത്വ കക്കൂസുകൾ നിർമ്മിച്ചു. 193000 ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം പദ്ധതി പ്രവർത്തനങ്ങൾക്ക് 455 കോടി രൂപയാണ് ചെലവഴിച്ചത്. 47500-ഓളം ജനങ്ങൾക്ക് പദ്ധതി സംബന്ധമായ പരിശീലനം നൽകി.

മഴവെള്ളക്കൊയ്ത്തിനുവേണ്ടിയുള്ള നിരവധി പദ്ധതികൾ ജലനിധി ഏറ്റെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി 2015-16-ൽ ജലസൗഹാർദ്ദ വിദ്യാലയം എന്ന പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്. 840 സർക്കാർ വിദ്യാലയങ്ങൾക്ക് 10000 ലിറ്റർ സംഭരണശേഷിയുള്ള സംഭരണികൾ നിർമ്മിച്ചുകൊടുത്തു. അതിനുവേണ്ടി നാലേകാൽ കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മഴവെള്ള സംഭരണം, ഭൂതല പരിപോഷണം തുടങ്ങിയ പദ്ധതികളുടെ ഭാഗമായി 1575 വ്യക്തിഗത കുടുംബങ്ങളിലായി ഏകദേശം 7875 വ്യക്തികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നൽകുകയുണ്ടായി. അടുത്ത സാമ്പത്തിക വർഷം 2000 കുടുംബങ്ങൾക്ക് 10000 സംഭരണശേഷിയുള്ള മഴവെള്ള യൂണിറ്റുകൾ നിർമ്മിച്ച് കൊടുക്കുന്ന ജോലികളുടെ ടെണ്ടർ നടപടി സ്വീകരിച്ചുവരികയാണ്. ഫേസ് III-യിലേയ്ക്ക് കടക്കുകയാണ്. ഫേസ് III-ക്ക് 1007 കോടി രൂപയ്ക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ

അപ്രൂവൽ കിട്ടിക്കഴിഞ്ഞു; ലോക ബാങ്കിന്റെ അനുമതിക്കായി കാത്തിരിക്കുകയാണ്. ഏതാണ്ട് 100 പഞ്ചായത്തുകളിൽ ജലനിധി പദ്ധതി വ്യാപിപ്പിക്കാൻ മൂന്നാംഘട്ട പ്രവർത്തനങ്ങളിലൂടെ കഴിയും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

ചർച്ചയിൽ ഉയർന്നുവന്ന ചില വിഷയങ്ങൾക്കുകൂടി മറുപടി പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കാം. ശമ്പള കുടിശ്ശിക കൊടുക്കാൻ കഴിയുന്നില്ലെന്നുള്ള പ്രശ്നമാണ് വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് ഉന്നയിച്ചത്. 2014-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശമ്പള പരിഷ്കരണം നടക്കേണ്ടിയിരുന്നതാണ്. അന്നത് ചെയ്തില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യ മാസങ്ങളിൽത്തന്നെ അതിനുള്ള നടപടി സ്വീകരിച്ച്, 2014-ൽ നടക്കേണ്ടിയിരുന്ന ശമ്പള പരിഷ്കരണം 2016-ൽത്തന്നെ നടപ്പിലാക്കി. ശമ്പള പരിഷ്കരണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കാത്തതുമൂലമുള്ള കുടിശ്ശികയാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അടക്കം ചൂണ്ടിക്കാണിച്ചത്. അതിന്റെ 50 ശതമാനം കൊടുത്തു, ബാക്കി 50 ശതമാനം കൊടുക്കാനുണ്ട്. അതിന് ധനകാര്യ വകുപ്പുമന്ത്രിയുടെ വീട്ടിലേയ്ക്ക് മാർച്ച് നടത്തേണ്ട ആവശ്യമില്ലായിരുന്നു. 50 കോടി രൂപയിൽ ആദ്യ ഗഡുവായ 25 കോടി രൂപ ചെലവാക്കി. പ്രധാനപ്പെട്ട നഗരങ്ങളിലേയ്ക്ക് പോകുന്ന പൈപ്പ്ലൈനുകളുടെ മുകളിലൂടെ വലിയ വാഹനങ്ങൾ പോകുന്നതിന് ഒരു നിയന്ത്രണം ഉണ്ടാകുന്നത് നല്ലതാണ്. പ്രായോഗികമായി ചെറിയ വാഹനങ്ങൾക്ക് അനുമതി കൊടുക്കുന്നത് സംബന്ധിച്ച് ആലോചിക്കാം. പൈപ്പ്ലൈൻ മാപ്പിംഗിനു വേണ്ടി കരാറിൽ ഏർപ്പെട്ട് നടപടിയുമായി മുന്നോട്ടുപോകുകയാണ്. പൈപ്പ്ലൈൻ മാപ്പിംഗ് തയ്യാറാക്കുന്നതിന് 14 ജില്ലകളിലും കോൺട്രാക്ട് അവാർഡ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ജലനയത്തെ സംബന്ധിച്ച് 2008-ൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അവതരിപ്പിച്ച് അംഗീകരിച്ച ഒരു ജലനയമുണ്ട്. എന്നാൽ സാഹചര്യങ്ങളിൽവന്ന മാറ്റം അനുസരിച്ച് അതിൽ ഭേദഗതി വരുത്താൻവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ച് പരിശോധിക്കുന്നുണ്ട്. ശ്രീമതി വീണാ ജോർജ്ജ് 5 പൈസയ്ക്ക് ഒരു ലിറ്റർ വെള്ളം എന്ന ആശയം മുന്നോട്ടുവച്ചു. ഇപ്പോൾ വെള്ളം കൊടുക്കുന്നത് 1000 ലിറ്ററിന് 4 രൂപയ്ക്കാണ്. ഒരു ലിറ്ററിന് ഏതാണ്ട് 0.04 പൈസയാണ് വില വരുന്നത്. അത് എത്രമാത്രം പ്രായോഗികമായി ചെയ്യാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. അക്കൗണ്ട്സ് മാനേജർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നതായി വിമർശനം വന്നു. ആ തസ്തിക കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും വർഷങ്ങളായി ഒഴിഞ്ഞുകിടക്കുകയാണ്. അത് നികത്തുന്നത് സംബന്ധിച്ച് ഗൗരവമായിത്തന്നെ ആലോചിക്കുന്നതാണ്. ഫിനാൻസ് മാനേജർ തസ്തിക നികത്തുന്നതിനുള്ള നടപടി പി.എസ്.സി.-യാണ് സ്വീകരിക്കേണ്ടത്. വേക്കൻസി റിപ്പോർട്ട്ചെയ്ത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജലസ്രോതസ്സുകളിൽ

ജലദൗർലഭ്യമാണ് നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. സ്രോതസ്സുകളിൽ ജലദൗർലഭ്യം ഉണ്ടാകാതെ സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം പൊതുസമൂഹം ഏറ്റെടുക്കണം. അതിന് ചില മണ്ഡലങ്ങളിലെ മാതൃകകൾ ചൂണ്ടിക്കാണിച്ചു. ജനപ്രതിനിധികളടക്കം പൊതുസമൂഹം ജലസുരക്ഷയ്ക്കായുള്ള വലിയ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന തരത്തിലേയ്ക്ക്, ശ്രീമതി വീണാ ജോർജ്ജിന്റെ വാക്കുകൾ കടമെടുത്താൽ ജല സാക്ഷരതയുടെ നാടായി കേരളം മാറണം. നാളെ നടക്കുന്ന ലോക ജലദിനം അത്തരത്തിൽ ആചരിക്കപ്പെടാനിടയാകട്ടെയെന്ന് നമുക്ക് കരുതാം.

ശ്രീ. പി. ടി. തോമസ്: സർ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നമ്മുടെ നാട്ടിൽ ഏറ്റവും അനിവാര്യമാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. കേരളത്തിലെ ശുദ്ധജലം മലിനമാകുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാര്യം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഇല്ലാത്തതാണ്. അതിനു വേണ്ടിയുള്ള എന്തെങ്കിലും നടപടിക്രമം ആരംഭിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, തിരുവനന്തപുരത്തും ഭാഗികമായി എറണാകുളത്തുമാണ് അതിനുള്ള സംവിധാനമുള്ളത്. 2018-19-ലെ ബജറ്റിൽ 50 കോടി രൂപ ഇതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. ഏത് തരത്തിൽ ഫലപ്രദമായി അത് ഉപയോഗിക്കാൻ കഴിയുമെന്നുള്ളത് പരിശോധിച്ചുവരികയാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കേരളത്തിൽ പെൺകുട്ടികളുടെ ആദ്യത്തെ ടോയ്ലെറ്റ് കോംപ്ലക്സ് മന്ത്രിയാണ് ഉദ്ഘാടനം ചെയ്തത്. ജലനിധിയുമായി ബന്ധപ്പെട്ട് നടുവണ്ണൂർ പഞ്ചായത്തിൽ 32 കുടിവെള്ള പദ്ധതികളും കോട്ടൂർ പഞ്ചായത്തിൽ 40-ൽ 37 കുടിവെള്ള പദ്ധതികളും ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, കെ.എസ്.ഇ.ബി.-ക്ക് കൊടുക്കാനുള്ള കുടിശ്ശിക സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചു. വാട്ടർ അതോറിറ്റിയുടെയോ ഇറിഗേഷന്റെയോ സ്കീമുകളായാലും പണമടയ്ക്കാത്തതുകൊണ്ട് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ വന്ന് കറന്റ് കണക്ഷൻ കട്ട് ചെയ്യുകയാണ്. ഇത് ഗവൺമെന്റിന്റെ ഒരു വകുപ്പിൽ നിന്ന് മറ്റൊരു വകുപ്പിലേയ്ക്ക് കൊടുക്കാനുള്ള പൈസയാണ്. തുക അടയ്ക്കാനുള്ള കാലതാമസംമൂലം കറന്റ് കണക്ഷൻ വിച്ഛേദിക്കുന്നു. ഇതിന്റെ ദുരിതം അനുഭവിക്കുന്നത് ജനങ്ങളാണ്. കെ.എസ്.ഇ.ബി.-യും വാട്ടർ അതോറിറ്റിയും ഗവൺമെന്റിന്റെ രണ്ട് വകുപ്പുകളാണ്. ഈ രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് ഇക്കാര്യത്തിൽ കൃത്യമായ നിർദ്ദേശം കൊടുക്കാൻ നടപടി ഉണ്ടാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കൊച്ചിയിലെ ചില പ്രദേശങ്ങളും തൃക്കാക്കര, ഏലൂർ, ചേരാനെല്ലൂർ പ്രദേശങ്ങളും 24x7 പദ്ധതിയിൽ ഉൾപ്പെടുത്തി കളമശ്ശേരിയിൽ ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങാൻ തീരുമാനിച്ചിരുന്നു. അതിന്

പ്ലാൻ ഫണ്ടിൽനിന്ന് തുകയും വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി. ജെ. ജോസഫ് വളരെ താല്പര്യം കാണിച്ച കാര്യമാണ്. അവിടെ സ്ഥലത്തിന്റെ പ്രശ്നം മാത്രമാണുള്ളത്. 2 വർഷമായിട്ടും ആ പദ്ധതി മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല. അതുസംബന്ധിച്ച് അങ്ങയുടെ ഭാഗത്തുനിന്നും താല്പര്യം ഉണ്ടാകുമോ?

ശ്രീ. സി. മമ്മൂട്ടി: സർ, കേന്ദ്ര ഗവൺമെന്റ് ഫണ്ടുപയോഗിച്ച് കഴിഞ്ഞ തവണ ഗവൺമെന്റ് ടെണ്ടർ ചെയ്ത് പണി ആരംഭിക്കുന്ന ഘട്ടത്തിൽ പണം നിന്നു പോയതുകൊണ്ട് നിർത്തിവച്ച പദ്ധതിക്ക് മാച്ചിംഗ് ഗ്രാന്റ് കൊടുത്ത സാഹചര്യത്തിൽ അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ശ്രീ. പുരുഷൻ കടലുണ്ടി സൂചിപ്പിച്ചതു പോലുള്ള നിരവധി പദ്ധതികൾ ആ മണ്ഡലത്തിലുണ്ടായിരുന്നു. അതിന്റെ വിശദാംശങ്ങൾ ലിസ്റ്റ് ചെയ്തില്ലെന്നേയുള്ളൂ. ഞാൻ തന്നെ പോയി ഉദ്ഘാടനം ചെയ്തതാണ്. കെ.എസ്.ഇ.ബി.-യുടെ കുടിശ്ശിക വളരെ കൂടുതലാണ്. കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക പ്രതിസന്ധിക്ക് ഒരു കാരണം വാട്ടർ അതോറിറ്റി പണമടയ്ക്കാത്തതാണ്. സ്വാഭാവികമായും ഉദ്യോഗസ്ഥർ ചില നടപടികളെടുത്തിരുന്നു. ഊർജ്ജ വകുപ്പുമന്ത്രിയും ഞാനുമായി ചർച്ച ചെയ്ത്, കെ.എസ്.ഇ.ബി.-യിൽ പണം അടയ്ക്കാത്തതിന്റെ പേരിൽ കണക്ഷനുകൾ ഡിസ്കണക്ട് ചെയ്യില്ലെന്ന നിലപാട് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. കുടിശ്ശിക കൊടുക്കുന്ന കാര്യം എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്നത് ചീഫ് സെക്രട്ടറിയും ഫിനാൻസ് സെക്രട്ടറിയും പവർ സെക്രട്ടറിയും വാട്ടർ റിസോഴ്സസ് സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറിയും ചേർന്ന് ചർച്ച ചെയ്തിട്ടുണ്ട്. അത് പരിഹരിക്കാനുള്ള നപടികളിലേയ്ക്ക് നീങ്ങുകയാണ്. കളമശ്ശേരിയിലെ 24x7-ന്റെ പ്രശ്നം വന്നത് അവിടെ സ്ഥലമില്ലാത്തതു കൊണ്ടാണെന്നറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആ പദ്ധതിയുടെ ഉദ്ഘാടനവും നടത്തിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്ഥലം കാണാതെയാണ് ഉദ്ഘാടന ചടങ്ങ് നടത്തിയത്. സ്ഥലത്തിനുവേണ്ടി അന്വേഷണം നടക്കുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ NRDWP (National Rural Drinking Water Programme)-യിൽ മാറ്റിവച്ച പദ്ധതികളിൽ ഫീസിബിളായ പദ്ധതികൾ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്ത രണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഭരണകക്ഷി മെമ്പർമാരും പ്രതിപക്ഷാംഗങ്ങളും വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത്.

കൃഷിക്കാരോടും കാർഷിക മേഖലയോടും കാണിക്കുന്ന പ്രത്യേക കമ്മിറ്റ്മെന്റ് എല്ലാവരും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളെല്ലാം വളരെ വ്യക്തവും സത്യവുമാണ്, വസ്തുതാവിരുദ്ധമായ കാര്യങ്ങളല്ല സൂചിപ്പിച്ചത്. സാമ്പത്തിക അവലോകന റിപ്പോർട്ട് നമ്മുടെ ഡിപ്പാർട്ട്മെന്റുതന്നെ കൊടുക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. സാമ്പത്തിക അവലോകന റിപ്പോർട്ടിലെ കണക്കും ഗവൺമെന്റ് മുന്നോട്ടുവച്ച കണക്കും തമ്മിലുള്ള വ്യത്യാസം അദ്ദേഹം സൂചിപ്പിച്ചു. ഇത് രണ്ടും ശരിയാണ്. സർക്കാർ മുന്നോട്ടുവച്ച 2015-16-ലെ കണക്ക് ശരിയാണ്, അത് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നുണ്ട്. കൃഷിഭൂമിയിൽ വലിയ കുറവാണ് വന്നിരിക്കുന്നത്. 1.71 ലക്ഷം ഹെക്ടറായി കുറഞ്ഞിരിക്കുന്നു. 2016-17-ൽ നെൽക്കൃഷി വിസ്തൃതിയിലും നെല്ലുൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും കാര്യമായ കുറവ് വന്നിട്ടുള്ളതിന്റെ പ്രധാനപ്പെട്ട കാരണം സംസ്ഥാനത്ത് അനുഭവപ്പെട്ട കടുത്ത വരൾച്ചയാണെന്ന് റിപ്പോർട്ടിന്റെ മൂന്നാമത്തെ പാരഗ്രാഫിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. കണക്കുകൾ പ്രകാരം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 36927.62 ഹെക്ടർ വിളനാശം സംഭവിച്ചതുൾപ്പെടെ 50917.62 ഹെക്ടർ നെൽക്കൃഷിയെ വരൾച്ച ബാധിച്ചിരിക്കുന്നുവെന്നാണ്. അതുകൊണ്ടാണ് ഈ കുറവ് രേഖപ്പെടുത്തിയിരിക്കുന്നത്. അത് സത്യമാണ്. പക്ഷെ, അങ്ങ് വളർച്ചാ നിരക്കിനെപ്പറ്റി പറഞ്ഞത്, എന്തുകൊണ്ടാണ് സംഭവിച്ചതെന്ന് അറിയില്ല, അങ്ങ് നോക്കിയതിന്റെ തകരാറുകൊണ്ടാണോ എന്നറിയില്ല. വളർച്ചാ നിരക്ക് അങ്ങ് പറഞ്ഞ കണക്കുതന്നെ തെറ്റാണ്, -5.09 ആണ് വളർച്ചാ നിരക്ക് കാണിച്ചിട്ടുള്ളത്. അതിനുപകരം അങ്ങിവിടെ ചൂണ്ടിക്കാണിച്ചത് 7 ശതമാനം വളർച്ചാനിരക്ക് ഉണ്ടായിരുന്നത് 2 ശതമാനമായി കുറഞ്ഞുവെന്നാണ്. സത്യത്തിൽ അതല്ല. കഴിഞ്ഞ കുറേക്കാലങ്ങളായിട്ടുണ്ടായിരുന്ന മൈനസ് ഗ്രോത്തിൽനിന്നും മാറി 2.5-ലേയ്ക്ക് വന്നിരിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പ്രൊഡക്ഷൻ ഡിക്ലൈൻ 2015-16 -ൽ 5.49 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 2016-17-ൽ 4.37 ലക്ഷം മെട്രിക് ടൺ ആയി കുറഞ്ഞുവെന്നാണ് ഇക്കണോമിക് സർവേയ്ക്കകത്തുള്ളത്. അങ്ങ് പരിശോധിച്ചാൽ മതി.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഇക്കണോമിക് സർവ്വേ ആർക്കും മറച്ചുവയ്ക്കാൻ കഴിയുന്നതല്ലല്ലോ. കഴിഞ്ഞവർഷം ഉണ്ടായിട്ടുള്ള വരൾച്ച എല്ലാവർക്കു മറിയാവുന്നതാണ്. പാലക്കാട് ജില്ലയിൽ ഉൾപ്പെടെ ഉണ്ടായ ഗുരുതരമായ വരൾച്ചമൂലം ഉല്പ്പാദനക്ഷമതയിലുണ്ടായ വീഴ്ചയെത്തുടർന്നാണ് പ്രൊഡക്ടിവിറ്റിയും പ്രൊഡക്ഷനും കുറഞ്ഞിരിക്കുന്നത്. 50000 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യാതിരുന്നാൽ സ്വാഭാവികമായും പ്രൊഡക്ഷൻ കുറയും. കൃത്യമായി സാമ്പത്തിക അവലോകന റിപ്പോർട്ടിൽ വിരിപ്പ്,

മുണ്ടകൻ എന്നിവയിലുണ്ടായിരിക്കുന്ന മാറ്റത്തെപ്പറ്റി പറയുന്നുണ്ട്. 2018-ൽ ഇതുവരെയുള്ള കണക്കുപ്രകാരം രണ്ട് ലക്ഷത്തി ഇരുപതിനായിരത്തിലധികം ഹെക്ടറിലേയ്ക്ക് നെൽക്കൃഷി ഈ വർഷം വർദ്ധിച്ചിരിക്കുന്നുവെന്നാണ്. 2009-നുശേഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തുമാത്രമാണ് രണ്ട് ലക്ഷത്തിനു മുകളിലേയ്ക്ക് നെൽവയലിന്റെ വിസ്തൃതി വർദ്ധിച്ചത്. അതിനുശേഷം ആദ്യമായി ഈ ഗവൺമെന്റിന്റെ കാലത്താണ് 2,20,000 ഹെക്ടറിലേയ്ക്ക് നെൽക്കൃഷി വർദ്ധിച്ചിരിക്കുന്നതെന്ന കാര്യം അങ്ങ് ഒരിക്കലും മനസ്സിലാക്കാതെ പോകരുത്, ഇതൊരു വസ്തുതയാണ്.

ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം ആർ.കെ.വി.വൈ. പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. കേന്ദ്ര ഗവൺമെന്റിന്റെ ബജറ്റ് അലോക്കേഷനിൽ 2015 മുതൽ വന്നുകൊണ്ടിരിക്കുന്ന മാറ്റമെടുത്ത് പരിശോധിച്ചാൽ 483 കോടി രൂപയുണ്ടായിരുന്നത് ഇന്ന് 282.5 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇതുവരെയുള്ള അതിന്റെ എക്സ്പെൻഡിച്ചർ 53.47 ശതമാനമാണ്. കഴിഞ്ഞ വർഷം ഈ സമയത്തുണ്ടായിരുന്നതിനേക്കാൾ എക്സ്പെൻഡിച്ചർ 3 ശതമാനം കൂടുതലാണ്. 2015-16-ൽ ഉണ്ടായിരുന്ന കേന്ദ്ര ഗവൺമെന്റ് അലോക്കേഷൻ 483.55 കോടി രൂപയിൽനിന്നും 282 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇത് ഈ ഗവൺമെന്റ് മാത്രമല്ല, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും നേരിട്ട പ്രശ്നമാണ്. ആർ.കെ.വി.വൈ.-യുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് പല മാറ്റങ്ങളും കൊണ്ടുവന്നിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആർ.കെ.വി.വൈ. പദ്ധതിയുടെ പേര് ഇപ്പോൾ റെമ്യൂണറേറ്റീവ് അപ്രോച്ചസ് ഫോർ അഗ്രിക്കൾച്ചർ ആന്റ് അലൈഡ് സെക്ടേഴ്സ് റിജുവനേഷൻ (RAFTAAR) എന്ന് മാറ്റിയിട്ടുണ്ട്. ഇത് ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന മാറ്റമാണ്. അതുമാത്രമല്ല, ഉൽപ്പാദന മേഖലയിൽ 20 ശതമാനത്തിലധികം നൽകാൻ പാടില്ലെന്ന് അതിൽ കൃത്യമായ മാനദണ്ഡം വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഗവൺമെന്റ് ഇതുവരെയായി 144 കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചുകഴിഞ്ഞു. അഗ്രിക്കൾച്ചറൽ സെക്ടറുമായി ബന്ധപ്പെട്ട 122 കോടി രൂപയുടെയും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട 13 കോടി രൂപയുടെയും ഫിഷറീസുമായി ബന്ധപ്പെട്ട 9 കോടി രൂപയുടെയും പദ്ധതികളാണ് അവർ പറയുന്ന നോംസ് പ്രകാരം സമർപ്പിച്ചിരിക്കുന്നത്. ഈ മാറ്റം കൃത്യമായി മനസ്സിലാക്കിയിട്ടുണ്ട്. 2014-15-ൽ ആർ.കെ.വി.വൈ. പദ്ധതി വഴി ലഭിച്ചിരുന്ന 300 കോടി രൂപ ഘട്ടംഘട്ടമായി കുറഞ്ഞ് 51 കോടി രൂപയിൽ എത്തിയിരിക്കുകയാണ്. ഇത് കേരളത്തിൽ മാത്രമുണ്ടായിട്ടുള്ള പ്രതിഭാസമല്ല. പഞ്ചാബിൽ 2013-14-ൽ 458 കോടി രൂപയുണ്ടായിരുന്നത് ഇപ്പോൾ 131 കോടി രൂപയായും ഗുജറാത്തിൽ 516 കോടി

രൂപയുണ്ടായിരുന്നത് 149 കോടി രൂപയായും കുറഞ്ഞിരിക്കുകയാണ്. തമിഴ്നാട് പോലുള്ള ചില സംസ്ഥാനങ്ങളിൽ മാത്രമാണ് അതേരീതി നിലനിന്നുപോരുന്നത്. അതിന് കാരണം ആർ.കെ.വി.വൈ. പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കുന്നതിൽ തമിഴ്നാട് പോലുള്ള സ്റ്റേറ്റുകളിൽ അവരുടെ സ്റ്റേറ്റ് വിഹിതം നേരത്തെതന്നെ അഡ്വാൻസ് ചെയ്യുന്നതിനുള്ള പ്രത്യേകമായ ക്രമീകരണം ഏർപ്പെടുത്തിയതുകൊണ്ടാണ്. അങ്ങനെയുള്ള സ്റ്റേറ്റുകൾക്ക് മാത്രമാണ് ഈ രീതിയിലുള്ള എക്സ്പെൻഡിച്ചർ നേരത്തെ കൊടുക്കാൻ കഴിയുന്നത്. എക്സ്പെൻഡിച്ചർ കൊടുക്കുന്നതിനുള്ള കാലതാമസം സംസ്ഥാനത്ത് ഉണ്ടാകുന്നുണ്ട്. അത് പരിഹരിക്കാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. കാരണം, കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം തന്നെ അവർ പറയുന്ന സമയക്രമമനുസരിച്ച് കൊടുക്കേണ്ടതാണ്. പക്ഷേ എസ്.എൽ.എസ്.സി. (State-Level Sanctioning Committee) യോഗം കൂടുന്നത് പലപ്പോഴും ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഏപ്രിൽ മാസം 9-ാം തീയതിതന്നെ ഈ വർഷത്തെ മീറ്റിംഗ് കൂടുന്നതിനുള്ള തീരുമാനം എടുത്തിരിക്കുകയാണ്. മാത്രമല്ല, ധനകാര്യ വകുപ്പ് ഇതുമായി ബന്ധപ്പെട്ട ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് വന്നുകൊണ്ടിരിക്കുന്ന വീഴ്ച പരിഹരിക്കുന്നതിനായി കൃത്യമായി റിവ്യൂ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. ഒരു ഡിപ്പാർട്ട്മെന്റ് മാത്രമല്ല, 23 ഏജൻസികളാണ് ആർ.കെ.വി.വൈ. നടപ്പാക്കുന്നത്. അതാണ് പ്രശ്നമായി വന്നിട്ടുള്ളത്. എ.പി.സി. (അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ)-യുടെ മേൽനോട്ടത്തിലാണ് ഇതിന്റെ എല്ലാ കാര്യങ്ങളും ചെയ്യുന്നതെങ്കിലും 23 ഏജൻസികൾ നടപ്പാക്കുന്ന പദ്ധതിയുടെ എക്സ്പെൻഡിച്ചർ ഒരുമിച്ച് കൊടുക്കുക എന്നത് അസാദ്ധ്യമാണ്. 60 ശതമാനം എക്സ്പെൻഡിച്ചർ കേന്ദ്രത്തിന് കൊടുത്താലാണ് അടുത്ത തുക സംസ്ഥാനത്തിന് അനുവദിക്കുന്നത്. കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെ.എൽ.ഡി.സി.എൽ.) ഫണ്ടുകൾക്കുവേണ്ടി ആർ.കെ.വി.വൈ.-യിൽ കൊടുത്താൽ നമുക്കാകെ വേനൽക്കാലത്തെ മൂന്നുമാസം മാത്രമാണ് വർക്കിന് കിട്ടുന്നത്. ബാക്കിയുള്ള സമയം പറ്റുകയില്ല. അങ്ങനെ 2010 മുതൽ ആരംഭിച്ച വർക്കുകൾപോലും ചെയ്യാൻ പറ്റാത്ത സാഹചര്യം ഇപ്പോഴുണ്ട്. അതുകൊണ്ടാണ് ആർ.കെ.വി.വൈ.യെ ഗവൺമെന്റ് ഗൗരവത്തോടുകൂടി കാണുന്നത്. RAFTAAR എന്ന പുതിയ പേരിൽ വന്ന ഈ പദ്ധതിയിൽ പ്രൊഡക്ഷൻ മേഖലയിൽ തുക അനുവദിക്കുന്നില്ല. പകരം പ്രീ-ഹാർവെസ്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ മേഖലയിൽ തരുന്നു. പോസ്റ്റ് ഹാർവെസ്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ മേഖലയിൽ മാർക്കറ്റിംഗ്, മൂല്യവർദ്ധിത മേഖല തുടങ്ങിയവയ്ക്കാണ് ഇപ്പോൾ പുതുതായി ആർ.കെ.വി.വൈ. പദ്ധതികൾക്ക് പ്രാധാന്യം കൊടുക്കാൻ പോകുന്നത്. പ്രശ്നം വന്നിരിക്കുന്നത് പ്രൊഡക്ഷൻ മേഖലയിലേക്ക് ഇത് മാറിയിരിക്കുന്നു എന്നതാണ്. നിലവിൽ നെൽക്കൃഷിക്കാർക്ക്

ഒരു ഹെക്ടറിന് കൊടുത്തു കൊണ്ടിരിക്കുന്ന 6,000 രൂപയിൽ ഇതുവരെ കൊടുത്തു കൊണ്ടിരുന്നത് ആർ.കെ.വി.വൈ.-യിലുള്ള 4,500 രൂപയും ചേർത്തുകൊണ്ടാണ് എന്നതാണ് ഈ സഭ അറിയേണ്ട ഒരു കാര്യം. ഈ പുതിയ സംവിധാനം വന്നതിനു ശേഷം ഇത്രയും തുക ഉൽപ്പാദന മേഖലയിൽ കൊടുക്കാൻ പാടില്ല എന്ന് കർശന നിർദ്ദേശം വന്നപ്പോൾ നെൽകർഷകർക്ക് കിട്ടിക്കൊണ്ടിരുന്ന നിലവിലുള്ള ആനുകൂല്യത്തിൽ ഒരു ഹെക്ടറിൽനിന്നും 4,500 രൂപ കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചിരിക്കുകയാണ്. കർഷകന്റെ വരുമാനം ഇരട്ടിയാക്കണമെന്ന് നരേന്ദ്ര മോദി ഗവൺമെന്റ് പറയുകയും നേരെമറിച്ച് ഇവിടെ വരുമ്പോൾ കർഷകന്റെ ആനുകൂല്യം വെട്ടിക്കുറയ്ക്കുകയും ചെയ്യുകയാണ്. ഉത്പാദന മേഖലയിൽ കൊടുക്കാൻ പാടില്ലെന്ന് കേന്ദ്രം പറയുമ്പോൾ എങ്ങനെയാണ് കൃഷിക്കാരെ സഹായിക്കാൻ കഴിയുന്നത്? പ്രധാനമായും കൃഷിക്കാർ ഉത്പാദനമേഖലയുമായി ബന്ധപ്പെട്ട് കഴിയുന്നവരാണ്. ഇത് പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ വെട്ടിക്കുറവിനെ തുടർന്ന് അത്രയും തുക സംസ്ഥാന ഗവൺമെന്റ് ഈ ബജറ്റിൽ അധീഷണലായി വയ്ക്കേണ്ടി വന്നത് വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. അത് പ്രതിപക്ഷംകൂടി മനസ്സിലാക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റ് കമ്മിറ്റിയിൽ സ്റ്റേറ്റിന്റെ വിഹിതം സംബന്ധിച്ച് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ വിഹിതം 40:60 ആക്കി മാറ്റി. ആർ.കെ.വി.വൈ.യിൽ 100 ശതമാനം ഉണ്ടായിരുന്നതാണ്. പിന്നീട് വിഹിതം 40:60 ആക്കി മാറ്റി. അതുപോലെ 15:85 ഉണ്ടായിരുന്ന പദ്ധതികളെല്ലാം 40:60-ലേയ്ക്ക് മാറിയിരിക്കുകയാണ്. തന്മൂലം ബജറ്റിൽ വീണ്ടും സംസ്ഥാന ഗവൺമെന്റിനുമേൽ അധിക ഭാരം വന്നിരിക്കുകയാണ്. മാത്രമല്ല, പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജനയെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ സബ്മിറ്റ് ചെയ്യേണ്ടിയിരുന്ന ആ പദ്ധതി സബ്മിറ്റ് ചെയ്യപ്പെട്ടില്ല. ബഹുമാനപ്പെട്ട അംഗം അത് പറയാത്തതുകൊണ്ട് ഞാൻ പറയുകയാണ്.

3.00 PM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സ്റ്റേറ്റ്/സെൻട്രൽ ഷെയർ കുറഞ്ഞതിന് കാരണമായി കേന്ദ്രം പറയുന്നത് പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡനുസരിച്ച് സംസ്ഥാനങ്ങൾക്ക് 10 ശതമാനം വിഹിതം വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണെന്നാണ്. ഒരു കൈകൊണ്ട് നൽകിയത് മറ്റൊരു കൈകൊണ്ട് എടുക്കുകയാണെന്നതാണ് അതിന്റെ യാഥാർത്ഥ്യം. പക്ഷെ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യം, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പണം മുൻകൂട്ടി ബജറ്റ് അലോക്കേഷനായിവച്ച് ഫലപ്രദമായി

ചെലവഴിച്ചാൽ കൂടുതൽ പണം കിട്ടും എന്നതാണ്. എല്ലാ സ്റ്റേറ്റുകളും ചെയ്യുന്നത് അങ്ങനെ തന്നെയാണ്. യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് കൃത്യമായി കൊടുത്തില്ലെങ്കിൽ ഫണ്ട് അനുവദിക്കുകയില്ല. കേന്ദ്ര വിഹിതം കിട്ടണമെങ്കിൽ സംസ്ഥാന വിഹിതം കൃത്യമായി ചെലവഴിക്കുകയും അതിന്റെ അലോട്ട്മെന്റ് കൊടുക്കുകയും വേണം. ധനകാര്യ വകുപ്പാണ് ഈ കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി കാണിക്കേണ്ടത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് ധനകാര്യ വകുപ്പിന്റെ മാത്രം പ്രശ്നമല്ല. കേരളത്തിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ച് ഒരു സർക്കാരിന്റെ കാലത്തും അങ്ങനെ ചെയ്തിട്ടില്ല. തമിഴ്നാട്ടിൽ അവരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ട തായതുകൊണ്ട് അങ്ങനെ ചെയ്യുന്നുണ്ട്. ഇതുവരെ നടക്കാത്ത ഒരു കാര്യം നടപ്പിലാ ക്കണമെന്ന് ആവശ്യപ്പെടുന്നുവെങ്കിൽ അതിനാവശ്യമായ സാമ്പത്തികസ്ഥിതിയുണ്ടാകണം. കേന്ദ്രാവിഷ്കൃത പദ്ധതിക്ക് അഡ്വാൻസായി പണം കൊടുക്കാൻ കപ്പാസിറ്റിയുള്ള സ്റ്റേറ്റുകൾ നേരത്തേ എക്സ്പെൻഡിച്ചർ കാണിച്ച് ഫണ്ട് വാങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. പതിനാലാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശമാണ് ഇവിടെ പ്രശ്നമായി വന്നിരിക്കുന്നത്. 66 കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ടായിരുന്നതിൽ ഇപ്പോൾ 28 എണ്ണമായി വെട്ടിക്കുറ ച്ചിരിക്കുകയാണ്. പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സബ്മിറ്റ് ചെയ്യേണ്ടതായിരുന്നു. അത് കൃത്യസമയത്ത് സബ്മിറ്റ് ചെയ്തില്ലെന്ന് മാത്രമല്ല, അതിനനുവദിച്ച പണം എക്സ്പെൻഡിച്ചറാക്കാൻ സാധിച്ചിട്ടുമില്ല. ഞാൻ ആരെയും കുറ്റപ്പെടുത്തുകയല്ല. അത് വിപുലമായ ഒരു ക്യാമ്പെയിനാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് ഡിപ്പാർട്ട്മെന്റുകളും സംയുക്തമായി പല തവണ ജില്ലകളിലും സ്റ്റേറ്റിലും മീറ്റിംഗും വീഡിയോ കോൺഫറൻസിംഗും നടത്തുകയും ഉദ്യോഗസ്ഥരെ വിളിച്ച് ചർച്ചകൾ നടത്തുകയും ചെയ്തതിനുശേഷം മുപ്പതിനായിര ത്തിലധികം കോടി രൂപയുടെ സ്റ്റേറ്റ് ഇറിഗേഷൻ പ്ലാൻ സമർപ്പിക്കുകയുണ്ടായി. Per drop, more crop എന്ന സ്കീമിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്നത്. 2021 വരെയുള്ള എല്ലാ പദ്ധതികളും പൂർണ്ണമായും ഈ സ്കീമുമായി ബന്ധപ്പെട്ട് മാത്രമേ വരാൻ കഴിയുകയുള്ളൂ എന്നതാണ് അവരുടെ നിർദ്ദേശം. അതുകൊണ്ട് ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനും സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനും പ്രോപ്പറായ രീതിയിൽ അവർ പറയുന്ന മെഷേഴ്സ് അനുസരിച്ചുതന്നെ സബ്മിറ്റ് ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ നമുക്ക് കിട്ടിയിരിക്കുന്നത് 25 കോടി രൂപ മാത്രമാണ്. വലിയ തോതിലുള്ള തുകകൾ മറ്റ് സ്റ്റേറ്റുകൾക്ക് കിട്ടിയെന്ന് ഇവിടെ പറഞ്ഞത് ശരിയല്ല. കേരളത്തിനുവേണ്ടി 30000 കോടി രൂപയുടെ പദ്ധതി സബ്മിറ്റ് ചെയ്തിട്ടുണ്ടെങ്കിലും 6000 കോടി രൂപയാണ് കേന്ദ്ര ബഡ്ജറ്റിൽ ആകെ മാറ്റിവച്ചിരിക്കുന്നത്. മാത്രമല്ല, പല സ്റ്റേറ്റുകളും വാങ്ങിയിരിക്കുന്നത് മാക്സിമം 55 ശതമാനം മാത്രമാണ്. കേന്ദ്ര-സംസ്ഥാന വിഹിതം ചേർത്ത് 55 ശതമാനം മാത്രമേ

വരാൻ പാടുള്ളൂ. ഹിൽ ഏരിയായിലാണ് 55 ശതമാനം. മറ്റ് സ്ഥലങ്ങളിൽ 50 ശതമാനമാണ്. ബാക്കി 50 ശതമാനം ഗുണഭോക്തൃ വിഹിതമാണ്. ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ എങ്ങനെയാണ് ഗുണഭോക്തൃ വിഹിതവുമായി ബന്ധപ്പെട്ട ഒരു സ്കീം സമർപ്പിക്കാൻ കഴിയുന്നത്? ഒരു കുളം സംരക്ഷിക്കാൻ ഇതുവരെ കിട്ടിക്കൊണ്ടിരുന്ന തുകയിൽനിന്നും വ്യത്യസ്തമായി മാക്സിമം 15,000 രൂപയാണ് നിഷ്കർഷിച്ചിരിക്കുന്നത്. ആർ.കെ.വി.വൈ. വഴി കിട്ടിക്കൊണ്ടിരുന്ന ഫണ്ടിന് വ്യത്യസ്തമായി കൃഷി സിഞ്ചായ് യോജനയിലൂടെ 15,000 രൂപയ്ക്ക് മണ്ണ് സംരക്ഷണ ഡിപ്പാർട്ട്മെന്റോ അല്ലെങ്കിൽ ഗ്രാമീണ പദ്ധതിയോ ഉപയോഗപ്പെടുത്തി കേരളത്തിലെ ഒരു കുളം കെട്ടി സംരക്ഷിക്കാൻ എങ്ങനെയാണ് കഴിയുന്നത്? വളരെ സങ്കീർണ്ണമായ കണ്ടീഷനുകൾ കേന്ദ്രസർക്കാർ വച്ചിരിക്കുകയാണ്. പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന എന്ന വലിയൊരു പദ്ധതിയെപ്പറ്റി നമ്മൾ സ്വപ്നം കാണുന്നുണ്ടെങ്കിലും ആ പദ്ധതിയുടെ കണ്ടീഷനുകളിൽ പലതും നമുക്ക് വളരെ പ്രയാസമുണ്ടാക്കുന്നതാണ്. എങ്കിൽപ്പോലും സംസ്ഥാന കൃഷി വകുപ്പും മണ്ണ് സംരക്ഷണ വകുപ്പും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനും ഇറിഗേഷൻ വകുപ്പുമെല്ലാം പദ്ധതി സമർപ്പിച്ചു. കൃഷി വകുപ്പിന് മാത്രം അവർ തരുന്ന തുകയ്ക്കനുസരിച്ച് പദ്ധതി സമർപ്പിച്ചാൽ മതി. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനാണെങ്കിൽ പദ്ധതി സമർപ്പിച്ചശേഷം അത് വീണ്ടും ഡൽഹിയിലേയ്ക്ക് അയച്ച് അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ പണം അനുവദിക്കുകയുള്ളൂ. അത്തരം സങ്കീർണ്ണമായ കാര്യങ്ങൾ അതിൽ വരുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾകൊണ്ടല്ല ഇക്കാര്യങ്ങൾ സംഭവിക്കുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ അഡ്മിനിസ്ട്രേഷൻ ലെവലിലുള്ള വീഴ്ച പരിഹരിക്കാൻവേണ്ട സത്വരനടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഷം ഏപ്രിൽ മാസം 9-ാം തീയതി എസ്.എൽ.എസ്.സി. മീറ്റിംഗുകൾ കൂടുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ സാംഗ്ഷൻ ചെയ്തുകഴിഞ്ഞാൽ പെട്ടെന്ന് എക്സ്പെൻഡിച്ചർ വരുത്തി കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാംതന്നെ കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ പല അംഗങ്ങളും പല വിഷയങ്ങളെപ്പറ്റിയും സൂചിപ്പിച്ചതിൽ പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തദ്ദേശ ഭരണ വകുപ്പ് 14-2-2018-ന് ഒരു ഉത്തരവിറക്കിയിട്ടുണ്ട്. അതുപ്രകാരം 17,000 രൂപ വച്ച് ഒരു ഹെക്ടറിന് ഒരു ക്രോപ്പിന് കൊടുക്കും. അത് രണ്ട് വകുപ്പുകളുംകൂടി ചർച്ച ചെയ്ത് ഈ ഉത്തരവ് നടപ്പിലാക്കാൻ കൃഷി വകുപ്പുതന്നെ മുൻകൈ എടുക്കണം. എന്നാലേ ഇത് കൊടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇക്കാര്യം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും ഞങ്ങൾ എൽ.എസ്.ജി.ഡി.-യുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ അടിസ്ഥാനത്തിലാണ് പുതിയ മാറ്റമുണ്ടാക്കിയിരിക്കുന്നത്.

അവിടെ ഒരൊറ്റ പ്രശ്നം മാത്രമേയുള്ളൂ. ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ തമ്മിൽ കൺവർജൻസിന്റെ വിഷയമുണ്ട്. അത് എല്ലാവരും കൂടിയിരുന്ന് തീരുമാനിച്ചാൽ തീരുന്ന വിഷയമാണ്. അല്ലാതെ യാതൊരു പ്രശ്നവുമുണ്ടാകില്ല. അങ്ങ് പറഞ്ഞ കാര്യം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടതാണ്. കർഷകർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നില്ലെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. അതൊക്കെ സത്യമാണ്. കർഷകരുടെ വരുമാനം വളരെ കുറവാണെന്നും അവർക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നുമെല്ലാം പറയുന്നതും ശരിയാണ്. പക്ഷെ, ഈ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾകൂടി പറയണം. കേരളത്തിലെ കർഷകർ ആത്മഹത്യ ചെയ്യാതിരിക്കുന്നത് വെറുതെ യാന്ത്രികമായി സംഭവിക്കുന്നതല്ല. അതിന്റെ പ്രധാനപ്പെട്ട കാരണം ഇവിടത്തെ കർഷകരെ സപ്പോർട്ട് ചെയ്യുന്ന ഒരു ഗവൺമെന്റ് ഉണ്ടെന്നുള്ള തോന്നൽ കൃഷിക്കാർക്കുള്ളതുകൊണ്ടാണ്. മുൻഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് കാർഷിക കടാശ്വാസ കമ്മീഷൻ നിലവിൽവന്നത്. അത് ഇന്ത്യയ്ക്കുതന്നെ മാതൃകയായ ഒരു പരിപാടിയാണ്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും കാർഷിക കടാശ്വാസ കമ്മീഷനുണ്ടായിരുന്നില്ല. കേരളത്തിലെ ഒരു കൃഷിക്കാർക്കും പെൻഷൻ കൊടുത്തിരുന്നില്ല. ഇന്ത്യയിലാദ്യമായി കർഷകർക്ക് പെൻഷൻ കൊടുത്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ഇന്ന് ആ പെൻഷൻ 1,100 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കർഷക കടാശ്വാസ കമ്മീഷൻ പാസ്സാക്കുമ്പോൾ കേരളത്തിന്റെയും സംസ്ഥാനങ്ങളുടെയും പരിമിതിയായി അന്ന് കണ്ടത്, സർവ്വീസ് സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട പണമിടപാട് സംവിധാനത്തിൽ മാത്രമേ സംസ്ഥാനത്തിന് ഇടപെടാൻ പറ്റുമായിരുന്നുള്ളൂ എന്നതാണ്. അന്ന് ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റാണ് കേന്ദ്രം ഭരിക്കുന്നത്. ഈ സഭയിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇതിനൊരു മാതൃനിയമം കേന്ദ്രത്തിലുണ്ടാക്കുകയാണെങ്കിൽ ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ കർഷകർ നേരിടുന്ന, റിസർവ് ബാങ്കിന്റെ കീഴിലുള്ള എല്ലാ പണമിടപാട് സംവിധാനത്തിലും ഇടപെടാമെന്നും ഒരു പങ്ക് വിഹിതം കേന്ദ്രവും മറു പങ്ക് വിഹിതം സംസ്ഥാനവും വഹിക്കാമെന്നും ഈ സഭ അംഗീകരിച്ച് കേന്ദ്രത്തെ അറിയിച്ചത് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കഴിഞ്ഞ ദിവസം ഇവിടെ ശ്രീ. കെ. സി. ജോസഫ് എല്ലാ ബാങ്കുകളെയും ഉൾപ്പെടുത്തണമെന്ന് സൂചിപ്പിച്ചതാണ്. സർഫാസി ആക്ട് കൊണ്ടുവന്നതാരാണ്? സർഫാസി ആക്ട് കൊണ്ടുവന്നതുകൊണ്ട് കേന്ദ്ര ആക്ടിൽ നമുക്ക് ഇടപെടാൻ കഴിയില്ല. സംസ്ഥാനത്തെ കാർഷിക കടാശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അടാക്ക് ചെയ്യപ്പെടുന്നത് സഹകരണ ബാങ്കുകൾ മാത്രമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സഹകരണ ബാങ്കുകളിൽ നിന്നുമെടുക്കുന്ന ക്രെഡിറ്റ് ക്രോപ്പിന് മാത്രമേയുള്ളൂ. കർഷകർക്ക് ഇതുകൊണ്ട് പ്രത്യേകിച്ച് ആനുകൂല്യങ്ങൾ കിട്ടുന്നില്ല. മറ്റ് ബാങ്കുകളിൽനിന്നും യാതൊരു ആനുകൂല്യവും വാങ്ങിക്കൊടുക്കാൻ കടാശ്വാസ കമ്മീഷന് അധികാരവുമില്ല.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കർഷകർക്ക് ഗുണമില്ലെന്ന് പറയരുത്. ഒരു വർഷം 20 കോടി രൂപ വച്ച് കർഷകർക്ക് കിട്ടിക്കൊണ്ടിരിക്കുകയും അതിന്റെ കടാശ്വാസം അവർ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. 2007 വരെ മറ്റ് ജില്ലകളിലും 2011 വരെ വയനാട് ജില്ലയ്ക്കും പ്രത്യേകമായി കടാശ്വാസ പരിഗണന കിട്ടിക്കൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് അപേക്ഷകൾ ഇപ്പോഴും പരിഗണിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ കർഷകർക്ക് ഇതുകൊണ്ട് ഗുണമില്ലെന്ന് പറയുന്നത് ശരിയല്ല. ഇവിടെ കർഷകർ ആത്മഹത്യ ചെയ്യാതിരിക്കുന്നതിന് കാരണം ഇങ്ങനെയുള്ള ചില കാര്യങ്ങളാണ്. സംസ്ഥാനത്ത് കടാശ്വാസ കമ്മീഷൻ വന്നു, കർഷകർക്ക് പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചു. മറ്റ് പല സ്റ്റേറ്റുകളിലും പിന്നീടാണ് നാമമാത്രമായ പെൻഷൻ കൊണ്ടുവന്നത്. സംസ്ഥാനത്ത് 356000 പേർക്കാണ് ഇപ്പോൾ പെൻഷൻ കൊടുത്തുകൊണ്ടിരിക്കുന്നത്. മാത്രമല്ല, നെൽകർഷകരുമായി ബന്ധപ്പെട്ട സുസ്ഥിര കൃഷിക്കുവേണ്ടി ഹെക്ടറിന് 6,000 രൂപയും പ്രത്യേക നെല്ലിനങ്ങൾക്ക് ഹെക്ടറിന് 10000 രൂപയും കൊടുക്കുന്നു. കരനെൽകൃഷി ചെയ്യുന്നവർക്ക് 13,600 രൂപയും തരിശുനിലത്തിൽ കൃഷി ചെയ്യുന്നവർക്ക് 30,000 രൂപയും ഒരുപ്പൂ കൃഷി ഇരിപ്പൂവാക്കുമ്പോൾ 10,000 രൂപയും കൊടുക്കുന്നു. പ്രൊഡക്ഷൻ ബോണസ് 1,000 രൂപ, പമ്പിംഗ് സബ്സിഡി, വൈദ്യുതി പൂർണ്ണമായും സൗജന്യമായും കൊടുക്കുന്നു. കേന്ദ്ര ഗവൺമെന്റ് വിഹിതമായി കൊടുക്കുന്ന നെല്ലിന്റെ സംഭരണ വിലയായ 15.50 രൂപയോടൊപ്പം സംസ്ഥാന വിഹിതമായി 7.50 രൂപ കൂട്ടിച്ചേർത്ത് 23.00 രൂപ കൊടുക്കുകയാണ്.

അതിനുപുറമെ ബ്ലോക്ക് കൺവെർജൻസ് സ്കീം പ്രകാരം 12 കോടി രൂപ വകയിരുത്തി കാർഷിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ഇൻഫ്രാസ്ട്രക്ചർ പ്രവർത്തനങ്ങളിലും ഇടപെടാനുള്ള അവസരം നൽകുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയും കൃഷി വകുപ്പുമായി ബന്ധപ്പെട്ടും സൗജന്യമായി വിത്ത് നൽകുന്നു. അതിനുപുറമേ 100 ശതമാനം സബ്സിഡിയോടെയും വിത്ത് നൽകുകയാണ്. ഒരു സീസണിൽ കൃഷിക്കുവേണ്ടി 17,500 രൂപവരെ കൊടുക്കാൻ കഴിയുന്ന തീരുമാനവും എടുത്തിരിക്കുകയാണ്. കുമ്മായം കൊടുക്കുന്നതിന് നേരത്തെ 2,800 രൂപ ഉണ്ടായിരുന്നത് 5,400 രൂപയായി വർദ്ധിപ്പിച്ചു. ഇത്രയും കാര്യങ്ങൾ ചെയ്തുവെന്ന് മാത്രമല്ല 2500 ഹെക്ടർ സ്ഥലത്ത് വിത്തുൽപ്പാദിപ്പിക്കുന്ന കർഷകർക്കുവേണ്ടി ഫൗണ്ടേഷൻ വിത്ത് സൗജന്യമായി കൊടുക്കുകയും ചെയ്യുന്നു. ഒരു കിലോഗ്രാം

വിത്ത് സംസ്കരിച്ചുവന്നാൽ 32 രൂപയ്ക്ക് കൃഷി വകുപ്പ് സംഭരിക്കുകയാണ്. സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോണുമായി ബന്ധപ്പെട്ട് കുട്ടനാട് മേഖല, തൃശ്ശൂർ കോൾ മേഖല, പൊക്കാളി മേഖല എന്നിവിടങ്ങളുമായും വയനാട്, പാലക്കാട് എന്നീ ജില്ലകളുമായും ബന്ധപ്പെട്ട് 10 കോടി രൂപയുടെ പ്രോജക്ട് നടപ്പാക്കുകയാണ്. ഈ പദ്ധതികളെല്ലാം നെൽകൃഷിയുമായി ബന്ധപ്പെട്ട് നൽകുന്ന ആനുകൂല്യങ്ങളാണ്.

ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ട ഒരു കാര്യം, കേന്ദ്ര ഗവൺമെന്റാണ് അവരുടെ ആനുകൂല്യം വർദ്ധിപ്പിക്കണം, വരുമാനം ഇരട്ടിയാക്കണമെന്ന് പറഞ്ഞത്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം വരുമാനം ഇരട്ടിയാക്കേണ്ട ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റിനാണ്. അങ്ങനെ ഒരു കാര്യവും കേന്ദ്ര ഗവൺമെന്റ് ചെയ്തിട്ടില്ല. എന്നാൽ സംസ്ഥാന ഗവൺമെന്റ് ഇതുപോലെയുള്ള ആനുകൂല്യങ്ങൾ കൊടുക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ നഷ്ടപരിഹാരം കൊടുക്കുന്ന സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നത് കേരളമാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പറയുകയുണ്ടായി. ഒരു ഹെക്ടർ നെൽവയൽ നഷ്ടപ്പെട്ടുകഴിഞ്ഞാൽ കേന്ദ്ര സർക്കാരിന്റെ പ്രധാൻമന്ത്രി ഫസൽ ബീമാ യോജന വഴി ഇൻഷ്വർ ചെയ്തുകഴിഞ്ഞാൽ 13,500 രൂപ കിട്ടും. 13,500 രൂപമുതൽ 60,000 രൂപ വരെയാണ് പാലക്കാട് ജില്ലയിലെ കണക്ക്. അത് ഇൻഷ്വറൻസിന്റെ റേഷ്യോ അനുസരിച്ച് മാറിവരും. ഏതായാലും മിനിമം 13,500 രൂപ കിട്ടും. 35,000 രൂപ സംസ്ഥാന ഗവൺമെന്റ് വിഹിതമാണ്. കർഷകന് നഷ്ടം സംഭവിച്ചാൽ അവന്റെ ചെലവിന് ആനുപാതികമായി നഷ്ടപരിഹാരം കിട്ടുന്ന ഏകസംസ്ഥാനം കേരളമാണ്. അതുകൊണ്ടാണ് ഇവിടെ കർഷക ആത്മഹത്യ നടക്കാത്തത്.

ഈ വർഷം നെല്ലിന്റെ സംഭരണ വിലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തെങ്കിലും തർക്കമുണ്ടായോ? ചില സ്ഥലങ്ങളിൽ മില്ലുകാരുടെ സമ്മർദ്ദത്തിന്റെ പ്രശ്നമുണ്ടായി. അത് പരിഹരിച്ചു കൊണ്ടിരിക്കുകയാണ്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ അടുത്തവർഷം പാലക്കാട് ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നേതൃത്വത്തിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് നെല്ല് സംഭരണം നടത്താൻ പോവുകയാണ്. ഇവിടെ സ്വകാര്യ മില്ലുകൾക്ക് പുറമേ സർക്കാർ മില്ലും വേണം. പക്ഷേ വലിയ പ്രശ്നങ്ങളുണ്ട്. സർക്കാരിന് പെട്ടെന്ന് ഒരു മിൽ സ്ഥാപിക്കാൻ കഴിയില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കുട്ടനാട് മേഖലയിൽ നെല്ല് ഏറ്റെടുക്കുന്നതിൽ കിഴിവ് കൊടുക്കാതിരിക്കുന്നതിനെക്കുറിച്ചുള്ള തർക്കം വളരെ രൂക്ഷമാണ്. ഈ മഴക്കാലത്ത് ഇനിയും നെല്ല് സംഭരിക്കാതിരുന്നാൽ കർഷകർ കണ്ണീർപ്പുഴയിലാകും. അതുകൊണ്ട് അങ്ങ് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. അതത് ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുന്നതിന് നടപടിയെടുക്കണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ജില്ലാ കളക്ടർമാരുടെ നാല് യോഗങ്ങൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഏത് പഞ്ചായത്തിലാണ് പ്രശ്നമുള്ളതെന്ന് ചൂണ്ടിക്കാണിച്ചാൽ അപ്പോൾത്തന്നെ പരിഹാരമുണ്ടാക്കാം. നെല്ലിന്റെ കുറവ് വരുത്തുന്നതുമായി ബന്ധപ്പെട്ട് പ്രശ്നമുണ്ടായ സ്ഥലത്ത് കൃഷി ഡിപ്പാർട്ട്മെന്റിനുകീഴിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഓയിൽ പാമിനെക്കൊണ്ട് നെല്ല് സംഭരിപ്പിച്ചു. പാലക്കാട് ജില്ലയിലുള്ള വെയർഹൗസിംഗ് കോർപ്പറേഷന്റെ മിൽ ഇപ്പോൾ പ്രവർത്തന ക്ഷമമാക്കിയിരിക്കുകയാണ്. ആ മിൽ സഹകരണമേഖലയെ ഏൽപ്പിക്കുന്നതിനുള്ള തീരുമാനമെടുക്കണമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ സർക്കാർ തീരുമാനിച്ചി രിക്കുന്നത് മിൽ ഓയിൽ പാം ഏറ്റെടുക്കുന്നതിനാണ്. ഓയിൽ പാമിന്റെ മില്ലിന് സമാനമായ കപ്പാസിറ്റിയുള്ള ഒരു പുതിയ മിൽ വരുന്ന വർഷം മുതൽ പാലക്കാട് ജില്ലയിലെ ആലത്തൂരിൽ സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആരംഭിക്കാൻ പോവുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കോട്ടയം ജില്ലയിലെ കുറിച്ചി പഞ്ചായത്തിൽ നടപ്പാക്കിയാൽ മതി.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അത് പ്രത്യേകം നോക്കാം.

<u>മി. സ്പീക്കർ</u>: ധനാഭ്യർത്ഥനയിന്മേൽ മൂന്ന് മണിക്കൂർ ചർച്ച നടന്നു. ആ ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങൾക്കാണ് മന്ത്രി മറുപടി പറയുന്നത്. ചർച്ചാവേളയിൽ ഉന്നയിക്കാത്ത കാര്യങ്ങൾ ഇപ്പോൾ എഴുന്നേറ്റ് ഉന്നയിക്കുന്നതെന്താണ് ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഞാൻ ചർച്ചയിലൂടെ പറഞ്ഞ കാര്യങ്ങൾക്കുമാത്രമേ മറുപടി പറയുന്നുള്ളൂ.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, തൃശ്ശൂർ ജില്ലയിലെ കർഷകരും മില്ലുടമകളും തമ്മിൽ നിലനിൽക്കുന്ന പ്രശ്നത്തിന് അടിയന്തരമായി പരിഹാരമുണ്ടാക്കുന്നതിന് നടപടിയെടുക്കണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, തൃശ്ശൂർ ജില്ലയിലെ പ്രശ്നം ഹാൻഡ്‌ലിംഗ് ചാർജ്ജുമായി ബന്ധപ്പെട്ടതാണ്. അതുമായി ബന്ധപ്പെട്ട് ശ്രീമതി പ്രതിഭ ഹരി പറഞ്ഞ ഒരു കാര്യമുണ്ടായിരുന്നു. ഹാൻഡ്‌ലിംഗ് ചാർജ് 12 രൂപ എന്നത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് തീരുമാന മെടുത്തിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നെല്ലിന്റെ വിലയിൽ ചെറിയ വർദ്ധനവ് വരുത്തി. അതേസമയം ഹാൻഡ്‌ലിംഗ് ചാർജ് രണ്ട് രൂപ കുറച്ചിരിക്കുകയാണ്. ഒരു കൈകൊണ്ട് പണം തരുമ്പോൾ മറുകൈകൊണ്ട് ഇരട്ടി പണം തിരിച്ചെടു ക്കുകയാണ്. എങ്കിലും സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് ഹാൻഡ്‌ലിംഗ് ചാർജ്

വർദ്ധിപ്പിക്കുന്നതിനുള്ള ചർച്ച നടത്തുകയാണ്. തൃശ്ശൂർ ജില്ലയിലെ മില്ലുകാരും കർഷകരും തമ്മിലുള്ള പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് നോക്കി പരിഹരിക്കാവുന്നതേയുള്ളൂ.

ഈ ഗവൺമെന്റ് വികസനത്തിനുവേണ്ടി ചെയ്യുന്ന എല്ലാ കാര്യങ്ങളും ഞാൻ പറയുന്നില്ല. വികസനം എന്നതിന്റെ കാഴ്ചപ്പാടിൽ വന്ന മാറ്റമാണ് നാല് മിഷനുകൾ. വികസനം എന്നാൽ വൻകിട വികസനത്തെക്കാൾ ഉപരിയായി അടിസ്ഥാനപരമായി ഒരു മനുഷ്യനെന്ന നിലയിൽ ജീവിക്കാൻവേണ്ട കാര്യങ്ങളാണ് ഏറ്റവും പ്രധാനപ്പെട്ടത്. ആദ്യം വേണ്ടത് കിടക്കാൻ കിടപ്പാടം വേണമെന്നതാണ്. അതിനുവേണ്ടിയാണ് ലൈഫ് മിഷൻ കൊണ്ടുവന്നിരിക്കുന്നത്. അതുപോലെ വിദ്യാഭ്യാസം, മാനവവിഭവശേഷി, ആരോഗ്യ രംഗത്ത് ആർദ്രം മിഷൻ, അതോടൊപ്പം വളരെ പ്രധാനപ്പെട്ട ഒന്നാണ് ഹരിത കേരളം മിഷൻ. അതിന്റെ നേതൃത്വത്തിലാണ് 34000 ഹെക്ടറിലേയ്ക്ക് കൃഷി വന്നിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: പ്ലീസ്.. കൺക്ലൂഡ്....

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഹരിത കേരള മിഷന്റെ ലക്ഷ്യം ജലസംരക്ഷണം, മാലിന്യ സംസ്കരണം, ജൈവകൃഷിയിലൂടെയുള്ള കാർഷിക മുന്നേറ്റം ഇവയാണ്. ശ്രീ. പി. കെ. ശശിയുൾപ്പെടെ മറ്റ് പല അംഗങ്ങളും സൂചിപ്പിച്ചത് ജൈവകൃഷി യാന്ത്രികമായി നടപ്പാക്കാമോ എന്നാണ്. ഒരിക്കലും ജൈവകൃഷി യാന്ത്രികമായി നടപ്പാക്കാനോ സ്വപ്നലോകത്തിലെ ബാലഭാസ്കരനെപ്പോലെ ഏതെങ്കിലും രീതിയിൽ കൊണ്ടുപോകാനോ അല്ല ഉദ്ദേശിക്കുന്നത്. ശാസ്ത്രീയമായി തന്നെയാണ് ജൈവകൃഷി പുനഃസംഘടിപ്പിക്കാൻ തീരുമാനിക്കുന്നത്. മണ്ണിൽ യൂറിയ കലരുമ്പോൾ ഉഷ്ണമേഖലാ പ്രദേശമായ രാജ്യങ്ങളിലെല്ലാംതന്നെ നൈട്രസ് ഓക്സൈഡ് എന്ന മാരകമായ വാതകം പുറത്തുവന്ന് ഗുരുതരമായ കാലവസ്ഥാ വ്യതിയാനത്തിന് വഴിവയ്ക്കുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്ന കാര്യമാണ്. ആഗോളതാപനം വർദ്ധിക്കുന്നതിന്റെ പ്രധാന കാരണമിതാണ്. അതുകൊണ്ടാണ് ജൈവവളങ്ങൾ ഉപയോഗിച്ച് ജൈവ കൃഷിയിലേക്ക് വരുന്നതിന് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണമെന്ന് ഐക്യരാഷ്ട്രസഭ പറയുന്നത്. അമിതമായ തോതിൽ രാസവളങ്ങളും രാസകീടനാശിനികളും ഉപയോഗിക്കുന്നുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ജൈവ കാർഷിക നയമുണ്ടാക്കിയത്. അതിൽ നല്ലമുറ കൃഷി പരിപാലന രീതിയാണ് ആദ്യ ഘട്ടം. 'ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസ്' എന്നുപറഞ്ഞാൽ ഞങ്ങൾ പൂർണ്ണമായും പ്രകൃതി ദിശയിലേക്ക് പോവുകയെന്നല്ല. നല്ലമുറ കൃഷി പരിപാലന രീതിയിലൂടെ മണ്ണിന്റെ സൂക്ഷ്മമൂലകങ്ങളുടെ ഘടന മനസ്സിലാക്കി ശാസ്ത്രീയമായ പരിപാലന ത്തിലൂടെ മണ്ണിന്റെ ആരോഗ്യം തിരിച്ചെടുക്കുക, വിളകൾക്കാവശ്യമായി വരുന്ന

മൂലകങ്ങൾ രാസരീതിയിലോ ജൈവ രീതിയിലോ ശാസ്ത്രീയമായി കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക, അവർക്ക് കൃത്യമായി സോയിൽ ഹെൽത്ത് കാർഡും കൃഷിക്കാർക്ക് അതിനനുസരിച്ചുള്ള പരിശീലനവും നൽകുക, ആ രീതിയിലൂടെ വിത്ത് മുതൽ പരിപാലനം വരെ ഇടപെടുന്ന സുസ്ഥിരമായ സംവിധാനമാണ് ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. അതിന്റെ ഭാഗമായുള്ള പഠനം നടത്തിയപ്പോൾ 1250 മെട്രിക് ടൺ കീടനാശിനിയാണ് അനാവശ്യമായി കേരളത്തിൽ ഉപയോഗിക്കുന്നതെന്ന് കണ്ടെത്തി. അതിൽ നിരോധിത കീടനാശിനിയും അപകടകരമല്ലാത്തവയുമുണ്ട്. 1250 മെട്രിക് ടൺ കീടനാശിനിയെന്നത് 875 മെട്രിക് ടണ്ണായി കുറയ്ക്കാൻ കഴിഞ്ഞു. അടുത്ത പ്രാവശ്യം ഘട്ടംഘട്ടമായി ആവശ്യത്തിനുമാത്രം കൃഷി ഓഫീസർമാർ നിശ്ചയിക്കുന്ന മാനദണ്ഡമനുസരിച്ചും അവരുടെ നിർദ്ദേശമനുസരിച്ചും ആയിരിക്കണം പരിപാലനമെന്ന നിലയിൽ വരികയാണ്. നിലവിൽ കീടനാശിനികൾ റീട്ടെയിൽ ഷോപ്പിൽ ആരുപോയാലും എപ്പോഴും കിട്ടും. അതിനുമാറ്റം വരുത്തുന്നതിന് കൃഷി വകുപ്പ് എല്ലാ ആഴ്ചയും സ്റ്റോക്കും ആർക്കാണ് നൽകിയതെന്നുള്ള കാര്യവും പരിശോധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

നാളികേര കൃഷിയെപ്പറ്റി ശ്രീ. റോജി എം. ജോൺ പറഞ്ഞ കാര്യം ശരിയാണ്. കേരളത്തിൽ നാളികേരത്തിന്റെ ഉല്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഛത്തീസ്ഗഡിനാണ് ഒന്നാം സ്ഥാനം. ഒരു ഹെക്ടറിൽ 14000 നാളികേരമാണ് അവിടെ ഉല്പാദിപ്പിക്കുന്നത്. അതുകഴിഞ്ഞ് ആന്ധ്രാപ്രദേശ്, കർണ്ണാടക, ആറാമത്തെ സ്ഥാനത്താണ് കേരളം നിൽക്കുന്നത്. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ കണക്കുപ്രകാരം കേരളത്തിൽ ഒരു ഹെക്ടറിൽ കിട്ടുന്നത് 9000 നാളികേരമാണ്. എന്നാൽ സംസ്ഥാനത്തിന്റെ കണക്കുപ്രകാരം 7900 നാളികേരമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. പക്ഷേ ഇപ്പോഴും ഇന്ത്യയിൽ ഏറ്റവുമധികം നാളികേരം ഉല്പാദിപ്പിക്കുന്നതിൽ ഒന്നാംസ്ഥാനം കേരളത്തിനാണ്. കാരണം, കൂടുതൽ വിസ്തൃതിയിൽ ഉല്പാദിപ്പിക്കുന്നു. അതിനാൽ ഇതിനെ വളരെ ഗൗരവമായി കണ്ടുകൊണ്ട് നാളികേരത്തെ ഏറ്റവും പ്രധാന വിളയാക്കിയെടുത്ത് കേരളത്തിലെ നാളികേര വികസനത്തിനു വേണ്ടി പത്തുവർഷത്തെ ഒരു സ്കീമാണ് ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നത്. 2018-ലെ സ്റ്റാറ്റസ് അനുസരിച്ച് ഏകദേശം 8 ലക്ഷം ഹെക്ടറിലാണ് നമ്മുടെ നാളികേരത്തിന്റെ വിസ്തൃതി. അത് 9.5 ലക്ഷം ഹെക്ടറിലേക്ക് എത്തിക്കുക യെന്നുള്ളതാണ്. 10 കൊല്ലംകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയെന്നതാണ് ലക്ഷ്യം. ആ രീതിയിലുള്ള ഒരു 'കോക്കനട്ട് മിഷൻ' കൃഷിവകുപ്പുമന്ത്രി ചെയർമാനായി രൂപീകരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുമായി ബന്ധപ്പെട്ട് നടത്താനാണ് ഉദ്ദേശിക്കുന്നത്. വ്യവസായ വകുപ്പുമായി ചേർന്ന് നാളികേര അധിഷ്ഠിതമായ മൂല്യവർദ്ധിത വ്യവസായത്തെ സംബന്ധിച്ച് ഒരു അന്താരാഷ്ട്ര സിംബോസിയം നടത്തുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതും ഇതിന്റെ ഭാഗമായി നടത്താൻ തീരുമാനിക്കുകയാണ്.

79 പഞ്ചായത്തുകളിൽ ഈ വർഷം 'കേരഗ്രാമം' പദ്ധതി നടപ്പാക്കുകയാണ്. കഴിഞ്ഞവർഷം 44 പഞ്ചായത്തുകളിലായിരുന്നു കേരഗ്രാമം പദ്ധതി നടപ്പാക്കിയിരുന്നത്. ഒരു കേരഗ്രാമത്തിൽ പഞ്ചായത്തിന്റെ വിഹിതമടക്കം 97 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കാൻ പോകുന്നത്. ഓരോ കേരഗ്രാമത്തിലും 20 ലക്ഷം രൂപ ചെലവഴിച്ച് പ്രവർത്തിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ചെറുകിട യൂണിറ്റുകൾ അവിടത്തെ കർഷകർക്കുതന്നെ കൊണ്ടുവരാൻ സാധിക്കും. നമ്മുടെ കാർഷികോല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള മൂല്യവർദ്ധിത മേഖലയിലേയ്ക്ക് പോയിട്ടില്ലെന്നുള്ളതാണ് കാർഷിക മേഖലയിലെ പ്രധാന പ്രശ്നം. റബ്ബറിന്റെ കാര്യത്തിൽ 2 ശതമാനവും നാളികേരത്തിന്റെ കാര്യത്തിൽ 4 ശതമാനവും മൂല്യവർദ്ധിത മേഖലയിലേയ്ക്ക് പോയിട്ടില്ല. പച്ചക്കറി, ചക്ക തുടങ്ങി മറ്റൊരു മേഖലയിലും നമ്മുടെ ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല. അത് പരിഹരിക്കുന്നതിനു വേണ്ടിയാണ് കേരള ഗവൺമെന്റ് ആരംഭിച്ച 'വൈഗ' എന്ന പുതിയ സംരംഭം. മൂല്യവർദ്ധിത മേഖലയിലേയ്ക്ക് കർഷകരെക്കൂടി സംരംഭകരാക്കുക എന്നുള്ളതാണ് ലക്ഷ്യം.

25 ഗ്രാം ഉരുളക്കിഴങ്ങ് വാങ്ങിക്കഴിഞ്ഞാൽ അത് 20 രൂപയാക്കി മാറ്റുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടി ഇവിടെ പറയുകയുണ്ടായി. ഉരുളക്കിഴങ്ങ് ഉല്പാദിപ്പിക്കുന്ന കൃഷിക്കാരനും അത് മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്ന വൻകിട കമ്പനിയും തമ്മിൽ യാതൊരു ബന്ധവുമില്ല. 'കല്ല് ദേവിയായാൽ ആശാരി പുറത്താകു'മെന്ന് പറയുന്നതു പോലെ ഉരുളക്കിഴങ്ങ് ചിപ്സായിക്കഴിഞ്ഞാൽ കർഷകന് ലാഭമുണ്ടാകുന്നില്ല. അതുകൊണ്ട് കർഷകനെത്തന്നെ സംരംഭകരാക്കി മാറ്റാൻ കഴിയുന്ന ഒരു പോളിസി ഗവൺമെന്റ് നടപ്പാക്കുകയാണ്. അതിന്റെ ഭാഗമായാണ് 'അഗ്രോ പാർക്കുകൾ' ആരംഭിക്കാനുദ്ദേശിക്കുന്നത്. ആദ്യത്തെ അഗ്രോ പാർക്ക് തൃശ്ശൂരിൽ ആരംഭിക്കാൻ പോകുകയാണ്. കിഫ്ബിയുടെ അംഗീകാരം കിട്ടിക്കഴിഞ്ഞു.

നമ്മുടെ കാർഷികോല്പന്നങ്ങൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുവേണ്ടി, 500 ഹെക്ടറിൽ ബനാനയും അതിനനുസൃതമായി പൈനാപ്പിളും എക്സ്പോർട്ട് ഓറിയന്റഡായ രീതിയിൽ കൾട്ടിവേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ 10 കോടി രൂപ ചെലവിൽ എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കാൻ പോകുകയാണ്.

കേരളത്തിലെ പ്രധാനപ്പെട്ട ഒരു ഫ്രൂട്ടാണ് ചക്ക. കേരളത്തിൽ ഏകദേശം 30 കോടി മുതൽ 60 കോടി വരെ ചക്ക ഉല്പാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്ക്. കേരളത്തിൽ ഒരിടത്തുപോലും പ്ലാവ് തോട്ടമായി കൃഷി ചെയ്യുന്നില്ല, മാത്രമല്ല

ഓരോരോ വീടുകളിൽ ഉല്പാദിപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്. അതിന് വെള്ളമൊഴിക്കുന്നില്ല, വളമിടുന്നില്ല, മരുന്നടിക്കുന്നില്ല. എന്നാൽ നൂറുശതമാനം നാച്വറലായ, ഓർഗാനിക്കായ, ന്യൂട്രീഷ്യസായ ഒരു ഫ്രൂട്ട് ചക്കയല്ലാതെ മറ്റൊന്നില്ല എന്നതാണ് അതിന്റെ പ്രധാനപ്പെട്ട പ്രത്യേകത. കേരളത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ടു കൊണ്ടുള്ള മൂല്യവർദ്ധിത സാധ്യതകൾ ഉപയോഗപ്പെടുത്തിക്കഴിഞ്ഞാൽ 30000 കോടി രൂപയുടെ വരുമാനമുണ്ടാക്കാൻ കഴിയും. ഏറ്റവുമധികം സംരംഭകർക്ക് വരാൻ കഴിയുന്ന ഒരു മേഖല എന്നുള്ള നിലയിൽ ചക്കയുടെ സാധ്യതകൂടി പരിഗണിച്ചുകൊണ്ട് ജാക്ക്ഫ്രൂട്ടിനെ കേരളത്തിന്റെ ഔദ്യോഗിക ഫ്രൂട്ടായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്.

ഇന്ത്യയിൽ കയറ്റുമതിയുമായി ബന്ധപ്പെട്ട് ഷിപ്പ്മെന്റ് പ്രോട്ടോകോൾ ഇപ്പോൾ വന്നിരിക്കുകയാണ്. ഫ്ലൈറ്റ് വഴി മാത്രമേ സാധനങ്ങൾ കൊണ്ടു പോകാൻ കഴിയുമായിരുന്നുള്ളൂ. നേരത്തെ ഒരു കിലോയ്ക്ക് 60 രൂപ ഫ്ലൈറ്റ് ചാർജ്ജുണ്ടായിരുന്നത് ഈ പ്രോട്ടോകോൾ വന്നപ്പോൾ 6 രൂപയായി കുറഞ്ഞിരി ക്കുകയാണ്. പുതിയൊരു മാറ്റമാണ്. അതിന്റെയടിസ്ഥാനത്തിൽ ബനാനയും പൈനാപ്പിളും കപ്പൽവഴി കയറ്റുമതി ചെയ്യാനുള്ള സാധ്യത വന്നപ്പോഴാണ് എസ്.എച്ച്.എം.-ന്റെ നേതൃത്വത്തിൽ APEDA (Agricultural and Processed Food Products Export Development Authority)-യുമായി ചേർന്ന് തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ഈ സംരംഭത്തിലേയ്ക്ക് പോകുന്നത്. അങ്ങനെ ഓരോ വിഭവങ്ങളെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള കയറ്റുമതി സാധ്യതകളാണ് വരാൻ പോകുന്നത്.

കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആത്മ പ്ലസ്, ലീഡ്സ് തുടങ്ങിയ പദ്ധതികളെല്ലാം സംയോജിപ്പിച്ചുകൊണ്ട് കേരള അഗ്രിക്കൾച്ചറൽ ഇന്നോവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് (KAIEP) നടപ്പാക്കാൻ പോകുകയാണ്. ഇവിടെ ശ്രീ. കെ.എൻ.എ. ഖാദർ സൂചിപ്പിച്ചതുപോലെ എക്സ്റ്റൻഷൻ പ്രോജക്ടിലേയ്ക്ക് വരുന്നതിന്റെ ഭാഗമായാണ് ഈ പ്രോജക്ട് നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മാത്രമല്ല, ചെറുകിട കാർഷിക യന്ത്രോപകരണങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി 5 കോടി രൂപ ചെലവിൽ പ്രത്യേക പദ്ധതി നടപ്പാക്കാൻ പോകുകയാണ്. ആർ.സി.ഇ.പി. (Regional Comprehensive Economic Partnership) കരാറിനെ പറ്റിയും ആസിയാൻ കരാറിനെപ്പറ്റിയും ഇവിടെ ചർച്ച ചെയ്തു. കേരളത്തിലെ കാർഷിക വിഭവങ്ങളിൽ മേജർ പ്രോഡക്ട്സ് ആയ നാണ്യവിളകളും സുഗന്ധവിളകളുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ അടിസ്ഥാനത്തിലാണ്. തന്മൂലം റബ്ബർ ഇറക്കുമതി, കുരുമുളക്, തേയില, കാപ്പി എന്നിവയുടെയെല്ലാം കാര്യത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ നമ്മളെ ബാധിക്കുകയാണ്. പക്ഷെ സംസ്ഥാന ഗവൺമെന്റുകൾക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. കാരണം,

അതൊക്കെ കേന്ദ്ര ഗവൺമെന്റിന്റെ ബന്ധപ്പെട്ട ബോർഡുകൾ നിയന്ത്രിക്കുന്ന കാര്യങ്ങളാണ്. ആ സാഹചര്യത്തിൽ സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡിന്റെയും W.T.O. സെല്ലിന്റെയും നേതൃത്വത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാ ആളുകളുടെയും വിപുലമായൊരു കൺവെൻഷൻ ഇന്റർനാഷണൽ ട്രേഡ് ആന്റ് അഗ്രികൾച്ചർ ട്രേഡ് പോളിസീസ് എന്ന വിഷയത്തിൽ സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിളിച്ചുചേർക്കാൻ തീരുമാനിക്കുകയാണ്. മാത്രമല്ല, റബ്ബറുമായി ബന്ധപ്പെട്ട ഒരുപാട് പ്രശ്നങ്ങളുണ്ടായിട്ടുണ്ടെങ്കിലും, സംസ്ഥാന ഗവൺമെന്റ് പല ഇടപെടൽ നടത്തിയിട്ടുണ്ടെങ്കിലും സംസ്ഥാന ഗവൺമെന്റിനെക്കൂടി ചേർത്തു കൊണ്ട് പ്രശ്നപരിഹാരത്തിന് കേന്ദ്ര ഗവൺമെന്റ് ഒരിക്കലും തയ്യാറായിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം കേന്ദ്ര വാണിജ്യവകുപ്പുമന്ത്രിക്കും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി. കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ ഈ നിയമസഭയുടെ തീരുമാനപ്രകാരം അവിടെപ്പോയി മന്ത്രിയെ കണ്ടതിനെ തുടർന്ന് ഒരു ജോയിന്റ് ടാസ്ക്ഫോഴ്സ് രൂപീകരിച്ചു. ബഹുമാനപ്പെട്ട കേരള ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി ജോയിന്റ് ചെയർമാനുമായുള്ള ജോയിന്റ് ടാസ്ക്ഫോഴ്സിന്റെ ആദ്യത്തെ മീറ്റിംഗ് 23-ാം തീയതി കേരളത്തിൽ ചേരുകയാണ്. അതിന് മുന്നോടിയായി 22-ാം തീയതി ഈ മേഖലയുമായി ബന്ധപ്പെട്ട കേരള നിയമസഭയിലെ എല്ലാ എം.എൽ.എ.-മാരുടെയും ഒരു യോഗം വിളിക്കുകയാണ്. ആ യോഗത്തിൽ വച്ച് റബ്ബറുമായി ബന്ധപ്പെട്ട് ഇവിടെ ചർച്ച ചെയ്യപ്പെട്ട എല്ലാ കാര്യങ്ങളും നിർദ്ദേശമായി വയ്ക്കണം. രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് കൊടുക്കണമെന്നാണ് ജോയിന്റ് ടാസ്ക്ഫോഴ്സ് ആവശ്യപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ എല്ലാ പ്രശ്നങ്ങളും ആകുലതകളും ഉൾപ്പെടുത്തി ആ റിപ്പോർട്ട് സമർപ്പിക്കത്തക്കവിധത്തിൽ നമ്മുടെ എം.എൽ.എ.-മാർ അതിൽ പങ്കാളികളാകണമെന്ന് പ്രത്യേകമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, RCEP കരാറുമായി ബന്ധപ്പെട്ട് കോൺഫറൻസ് കൂടുന്നതിനെക്കുറിച്ച് അങ്ങ് ഇവിടെ പറയുകയുണ്ടായി. അക്കാര്യത്തിൽ വളരെ സന്തോഷം. സംസ്ഥാനങ്ങൾ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഉല്പന്നങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിലേയ്ക്ക് പ്രോപ്പർ ചാനലിൽ കൊടുക്കേണ്ടതായിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയതനുസരിച്ച് അടയ്ക്കയുടേയും കുരുമുളകിന്റെയും കാര്യത്തിൽ കർണ്ണാടകം കൊടുത്തിട്ടുള്ളതുപോലെ കേരളവും ഏതൊക്കെ ഉല്പന്നങ്ങൾ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ കൃത്യമായി പ്രോപ്പർ ചാനലിൽ കൊടുത്തിട്ടുണ്ട്? നിവേദനം കൊടുത്തതുകൊണ്ടായില്ല, പ്രോപ്പർ ചാനലിൽ ഏതൊക്കെ വിളകൾക്കുവേണ്ടി കൊടുത്തിട്ടുണ്ടെന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, RCEP കരാറുമായി ബന്ധപ്പെട്ട രാജ്യങ്ങളുടെ ഒരു മീറ്റിംഗാണ് ഹൈദ്രാബാദിൽ നടന്നിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റുകൾക്ക് അതിന്റെ വിശദാംശങ്ങളൊന്നും നൽകിയിട്ടില്ല. എങ്കിലും നമ്മൾ മനസ്സിലാക്കിയതനുസരിച്ച് റബ്ബർ, കാഷ്യൂ, പാലുല്പന്നങ്ങൾ, മത്സ്യഉല്പന്നങ്ങൾ ഉൾപ്പെടെയുള്ളവയാണ് ഇതിൽ വന്നിരിക്കുന്നതെന്നുള്ളതുകൊണ്ട് ആ ഉല്പന്നങ്ങളെ ബന്ധപ്പെടുത്തി കേരളത്തിന്റെ അഭിപ്രായംകൂടി ചേർത്തതിനുശേഷം മാത്രമേ ഇതിൽ തീരുമാനമെടുക്കാൻ പാടുള്ളൂ എന്നുപറഞ്ഞ് ഒരു കത്ത് അയയ്ക്കുകയും അദ്ദേഹത്തെ നേരിട്ട് കാണുകയും ചെയ്തു. സംസ്ഥാനത്തിന്റെ അഭിപ്രായംകൂടി തേടുന്നതായിരിക്കുമെന്ന് അദ്ദേഹത്തിന്റെ മറുപടിയും വന്നിട്ടുണ്ട്. അതിന്റെകൂടി അടിസ്ഥാനത്തിലാണ് ഇപ്പോൾ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുന്നത്. ആർ.സി.ഇ.പി.(Regional Comprehensive Economic Partnership) കരാറിനകത്ത് ചൈനയടക്കമുള്ള രാജ്യങ്ങൾ വരികയാണ്. കേരളത്തിന്റെ സമാനമായ കാലാവസ്ഥയുള്ള വിവിധ രാജ്യങ്ങൾ ഉൾപ്പെടുന്ന ഒരു കരാറാണ് വരാൻ പോകുന്നത്. ആ കരാർ വന്നുകഴിഞ്ഞാൽ ചുങ്കമില്ലാതെതന്നെ ഈ ഉല്പന്നങ്ങൾ ഇവിടെ ഡമ്പ് ചെയ്യുന്നതുമൂലം കേരളത്തിന്റെ സുഗന്ധവിളകൾക്കും നാണ്യവിളകൾക്കും ഗുരുതരമായ ഭവിഷ്യത്തുണ്ടാകാൻ പോകുകയാണ്. ആ വിഷയമാണ് ഇവിടെ ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചിരിക്കുന്നത്.

നെൽകൃഷിയുടെ കാര്യത്തിൽ മൂന്ന് ലക്ഷം ഹെക്ടറിലേയ്ക്ക് നെൽകൃഷി വ്യാപിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നെൽകൃഷിയുടെ കാര്യത്തിൽ പൂർണ്ണമായും സ്വയംപര്യാപ്തതയിലേയ്ക്ക് വരാൻ കഴിയില്ല. കാരണം, നമുക്ക് 40 ലക്ഷം മെട്രിക് ടൺ അരി ആവശ്യമാണ്. അതിൽ കേരളത്തിന്റെ ഉല്പാദനം അഞ്ചര ലക്ഷം മെട്രിക് ടൺ മാത്രമാണ്. അഞ്ചര ലക്ഷം മെട്രിക് ടൺ മാത്രം ഉല്പാദിപ്പിക്കുന്ന കേരളം മൂന്ന് ലക്ഷം ഹെക്ടറിൽ കൃഷി ചെയ്താലും നമ്മുടെ ഉല്പാദനം കൂടിവന്നാൽ 10 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് മാത്രമേ വരികയുള്ളൂ. പക്ഷേ ഗവൺമെന്റ് അതല്ല ഉദ്ദേശിക്കുന്നത്. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ ഭവിഷ്യത്ത് ജലദൗർലഭ്യമാണ്. വാസ്തവത്തിൽ സംസ്ഥാനത്തെ നെൽവയലുകൾ നഷ്ടപ്പെട്ടു പോയത് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ പല എം.എൽ.എ.-മാരും അതിനെക്കുറിച്ച് പറയുകയുണ്ടായി. നിങ്ങളുടെയെല്ലാം മണ്ഡലങ്ങളിൽ നെൽവയലുകൾ തിരിച്ചുവന്നപ്പോഴുണ്ടായ അനുഭവം എന്താണ്? ആ നെൽവയലുകളോടൊപ്പം തോടുകളും കുളങ്ങളും തിരിച്ചുവന്നു. പാലക്കാട് ജില്ലയിൽ മാത്രം 132000 കുളങ്ങളുണ്ടായിരുന്ന സ്ഥലത്ത് ഇപ്പോൾ നിലനിൽക്കുന്നത് 36000 കുളങ്ങൾ മാത്രമാണ്. അങ്ങനെ നഷ്ടപ്പെട്ടുപോയ കുളങ്ങളും തോടുകളും തിരിച്ചുകൊണ്ടുവരണമെങ്കിൽ ഈ നെൽവയലുകൾ

കൂടി തിരിച്ചുവരേണ്ടതുണ്ട്. നെൽകൃഷി തിരിച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായിട്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 34000 ഏക്കർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞത്. ഇവിടെ നെൽകൃഷി ചെയ്യുന്നത് നെല്ല് ഉല്പാദിപ്പിക്കാൻ വേണ്ടി മാത്രമല്ല, വെള്ളം ഉല്പാദിപ്പിക്കാൻ വേണ്ടിയുള്ള കൃഷിയാണെന്ന് നമ്മൾ മനസ്സിലാക്കണം. ഇതൊരു ജലസാക്ഷരതയുടെയും കൂടി പ്രശ്നമാണ്. നമ്മൾ ഭക്ഷണം കഴിക്കുന്നുണ്ടെങ്കിൽ കൃഷി ചെയ്യാനും കൃഷിക്കാരെ പിന്തുണയ്ക്കാനും ബാധ്യസ്ഥരാവണം. കർഷകരെ പിന്തുണയ്ക്കുക എന്നുള്ളത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. കൃഷിയെ ഒരു സോഷ്യൽ റെസ്പോൺസിബിലിറ്റിയാക്കി മാറ്റുക എന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ ലക്ഷ്യം. അതുകൊണ്ടാണ് എല്ലാവരും കൃഷിക്കാരാകണമെന്നും എല്ലാ സ്ഥലത്തും കൃഷി ചെയ്യണമെന്നും ഗവൺമെന്റ് നിഷ്കർഷിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്...കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഒരുപാട് കാര്യങ്ങൾ ഇനിയും പറയാനുണ്ട്, അതെല്ലാം മേശപ്പുറത്ത് വയ്ക്കുന്നതായിരിക്കും നല്ലത്. ശ്രീ. പി. ടി. തോമസ് ഇവിടെ സൂചിപ്പിച്ച കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. എല്ലാക്കാലത്തും ആസിയാൻ കരാറിനെക്കുറിച്ച് അദ്ദേഹം പറയുമ്പോൾ ചതുരാനൻ മിശ്രയാണ് അന്നത്തെ കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെന്ന് പറയും. ഇത് മൂന്നാമത്തെ തവണയാണ് പറയുന്നത്. ഇനി ദയവായി അങ്ങ് ചതുരാനൻ മിശ്രയെക്കുറിച്ച് പറയരുത്. 1996-98 കാലത്താണ് ചതുരാനൻ മിശ്ര മന്ത്രിയായിരുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ അന്ന് പാർലമെന്റിലുണ്ടായിരുന്ന ആളാണ്. ശ്രീ. പി. ടി. തോമസിന് തെറ്റിപ്പോയതാണ്. ഡങ്കൽ (Dunkel) പ്രൊപ്പോസൽ ഗാട്ട് കരാറാകുന്ന കാലത്ത് അത് ആദ്യമായി ലോകസഭയിൽ അവതരിപ്പിച്ചത് അന്നത്തെ കൃഷി വകുപ്പുമന്ത്രിയായിരുന്ന ചതുരാനൻ മിശ്ര ആയിരുന്നു. അദ്ദേഹമാണ് ആദ്യമായി അതിന്റെ ഡ്രാഫ്റ്റ് പാർലമെന്റിൽ അവതരിപ്പിക്കുന്നത്. ആസിയൻ കരാറല്ല, ഡങ്കൽ പ്രൊപ്പോസലാണ്. അത് പിന്നീട് ഗാട്ട് കരാറായി.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ചതുരാനൻ മിശ്ര ആയതുകൊണ്ടാണ് അത് പാർലമെന്റിൽ അവതരിപ്പിച്ചത്. നിങ്ങൾ പാർലമെന്റിൽപ്പോലും അവതരിപ്പിക്കാനല്ല റിപ്പോർട്ട് നടപ്പിലാക്കിയത് എന്നുള്ളതാണ് പ്രശ്നം. ശ്രീ. ശരത് പവാർ ആയിരുന്നു ആസിയാൻ കരാർ കാലത്തെ കേന്ദ്രകൃഷി വകുപ്പുമന്ത്രി, ശ്രീ. കമൽനാഥ് മിശ്രയാണ് അന്നത്തെ വാണിജ്യ വകുപ്പുമന്ത്രി. പ്രാഥമിക കരാറുണ്ടാക്കിയത് 2008 ഒക്ടോബർ മാസം 8-ാം തീയതിയും അന്തിമ കരാറുണ്ടാക്കിയത്

2009 ആഗസ്റ്റ് മാസം 13-ാം തീയതിയും സ്വതന്ത്ര വ്യാപാര കരാർ നിലവിൽ വന്നത് 2010 ജനുവരി 1-ാം തീയതിയും ആണെന്നുള്ളതാണ് വസ്തുത. ആസിയാൻ കരാറുമായി ബന്ധപ്പെട്ട് പറയുമ്പോൾ ദയവായി അങ്ങ് ചതുരാനൻ മിശ്രയെയും ഇടതുപക്ഷത്തേയും ക്രൂശിക്കരുത്. .......(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ...... കൺക്ലൂഡ് ചെയ്യൂ....

ശ്രീ. പി. ടി. തോമസ്: സർ, 1991 മുതൽ 2000 വരെയുള്ള കാലഘട്ടം ഉദാരവൽക്കരണ, ആഗോളവൽക്കരണ കാലഘട്ടത്തിന്റെ സുവർണ്ണ കാലമായിരുന്നു. 1996 മുതൽ 1998 വരെയാണ് മധുബാനിയിൽനിന്ന് ജയിച്ച ചതുരാനൻ മിശ്ര കൃഷി വകുപ്പുമന്ത്രി ആയിരുന്നത്. ആസിയാൻ കരാറെന്ന് ഞാൻ പറഞ്ഞത് തെറ്റാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഡങ്കൽ (Dunkel) കരാറുകളുടെ എഗ്രിമെന്റുണ്ടാക്കിയത് അദ്ദേഹത്തിന്റെ കാലത്താണെന്നാണ് ഞാൻ ഉദ്ദേശിച്ചത്.

മി. സ്പീക്കർ: മിനിസ്റ്റർ കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ വർഷം മുതൽ കൃഷി വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കാൻ പോകുകയാണ്. സോഷ്യൽ ഓഡിറ്റിംഗിന്റെ ഭാഗമായി ജൂലൈ മാസത്തിൽ എല്ലാ പഞ്ചായത്തുകളിലെ വാർഡുകളിലും 10 ലക്ഷം കർഷകരെ പങ്കെടുപ്പിച്ചു കൊണ്ട് 2 മാസം നീണ്ടുനിൽക്കുന്ന കർഷകസഭകൾ സംഘടിപ്പിക്കുകയാണ്. ഈ വരുന്ന തിരുവാതിര ഞാറ്റുവേലയുടെ 14 ദിവസവും എല്ലാ പഞ്ചായത്തുകളിലും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഞാറ്റുവേല ചന്തകൾ നടത്തും. കൃഷിക്കാർക്ക് ആവശ്യമായ എല്ലാ നടീൽ വസ്തുക്കളും മറ്റ് ഉല്പാദനോപാധികളും ലഭ്യമാക്കാൻ കഴിയുന്നതും കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങൾ പരസ്പരം കൈമാറാൻ കഴിയുന്നതുമായ ചന്തകൾ കൊണ്ടുവരാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. ശ്രീ. പി. ടി. തോമസ് മഹാനായ ലെനിനെക്കുറിച്ച് ഇവിടെ പറഞ്ഞത്, അദ്ദേഹം അമ്പതിനായിരത്തിലധികം ആളുകളെ കൊന്ന ആളാണെന്നാണ്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് പറയുകയാണ്. 'Vladimir Ilyich Ulyanov Lenin' എന്ന വി. ഐ. ലെനിനെക്കുറിച്ച് അങ്ങയുടെ നേതാക്കന്മാർ എഴുതിയ പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് വായിച്ചിട്ടുണ്ടാകും.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ജവഹർലാൽ നെഹ്റുവിനെ കുറിച്ച് പലതും വായിച്ചിട്ടുണ്ടാവില്ല. പക്ഷേ ശ്രീ. പി. ടി. തോമസ് വായിച്ചിട്ടുണ്ടായിരിക്കും. അദ്ദേഹം വായിക്കുന്ന ആളാണ്. ലെനിന്റെ പ്രതിമ ബി.ജെ.പി.-ക്കാർ മറിച്ചിട്ടപ്പോൾ

അങ്ങ് അപലപിക്കുകയല്ലേ ചെയ്തത്? ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ പറഞ്ഞതുപോലെ അങ്ങ് തലതിരിച്ചാണോ വായിച്ചതെന്ന് എനിക്കറിയില്ല. എന്തായാലും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് വായിച്ചിട്ടുണ്ടെങ്കിൽ അങ്ങ് ഒരിക്കലും ഇത് പറയാൻ പാടില്ല. ലെനിന്റെ പ്രതിമ മറിച്ചിട്ടതിനെക്കുറിച്ച് നിങ്ങൾ ആഹ്ലാദിച്ചുകൊണ്ട് പറഞ്ഞത് 'red terror' ആയിരുന്നു എന്നാണ്. എന്നു പറഞ്ഞാൽ ആളുകളെ കൊന്ന ആളാണ് എന്നാണ്. ഇവിടത്തെ കൊച്ചു കുട്ടികളുടെ പാഠപുസ്തകങ്ങളിൽ 'ലെനിനെ അറിയുക' എന്ന പുസ്തകം പഠിപ്പിച്ചത് കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്താണെന്ന് നിങ്ങൾ മനസ്സിലാക്കണം. എന്തുകൊണ്ടാണ് പഠിപ്പിച്ചത്? ബി.ജെ.പി.-ക്കാർക്ക് ലെനിന്റെ പ്രതിമ മറിക്കാനും നിങ്ങൾക്ക് അതിൽ ആഹ്ലാദിക്കാനും കഴിയും. പക്ഷേ ലെനിന്റെ പ്രത്യയശാസ്ത്രത്തെ തോൽപ്പിക്കാൻ നിങ്ങൾ വിചാരിച്ചാൽ കഴിയില്ല. ആ പ്രത്യയശാസ്ത്രമാണ് ചെങ്കൊടി പ്രസ്ഥാനം. ഞങ്ങൾ വിളിക്കുന്ന ഒരു മുദ്രാവാക്യമുണ്ട്.

"മാർക്സ് കണ്ട ചെങ്കൊടി

ലെനിൻ പിടിച്ച ചെങ്കൊടി

താഴുകില്ല താഴ്ത്തുകില്ല

ലോകമുള്ള നാൾവരെ

ജീവനുള്ള നാൾവരെ"

അത് കമ്മ്യൂണിസ്റ്റുകാർ വിളിക്കും. ഫാസിസ്റ്റുകൾക്ക് എതിരായി അവസാനത്തെ കമ്മ്യൂണിസ്റ്റുകാരുള്ളതുവരെ ഞങ്ങൾ പോരാടും. അതാണ് ഞങ്ങളുടെ വിശ്വാസം. അതുകൊണ്ട് ഏതെങ്കിലും ബി.ജെ.പി.-ക്കാരൻ ത്രിപുരയിലെ ലെനിന്റെ പ്രതിമ മറിച്ചാൽ തീരുന്നതല്ല കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് നിങ്ങൾ മനസ്സിലാക്കണം. അങ്ങയെപ്പോലുള്ള ആളുകൾ കോൺഗ്രസ്സിൽ നിൽക്കുമ്പോൾ ലെനിന്റെ പ്രതിമ മറിക്കുന്നതിൽ ആഹ്ലാദിക്കുന്നത് ദു:ഖകരമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ഇനി അതിന്മേൽ ചർച്ചയില്ല.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി രാഷ്ട്രീയമാണ് പറഞ്ഞത്. അത് ശരിയല്ല.

മി. സ്പീക്കർ: ഇവിടെ ചർച്ചയ്ക്ക് അവസരം കിട്ടുമ്പോൾ എല്ലാവരും രാഷ്ട്രീയ പ്രസംഗം നടത്താറുണ്ട്. ഇനി അവസരം കിട്ടുമ്പോൾ നിങ്ങൾക്കും പറയാം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: ഇല്ല. ദയവായി ക്ഷമിക്കുക. (......ബഹളം....) ഇത് ശരിയല്ല. രാഷ്ട്രീയ ചർച്ചകൾ എല്ലാവരും നടത്താറുണ്ട്. (......ബഹളം....)

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോയിന്റ് ഓഫ് ഓർഡറിന് അവസരം തരണം.

<u>മി. സ്പീക്കർ</u>: സ്വന്തം നിലപാട് വിശദീകരിക്കാൻ പോയിന്റ് ഓഫ് ഓർഡറില്ല. (......ബഹളം....) ദയവായി ക്ഷമിക്കുക. അടുത്ത ദിവസത്തെ ചർച്ചയിൽ നിങ്ങൾക്ക് പറയാം. രാഷ്ട്രീയ കാര്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പറയുന്നത് ശരിയല്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോയിന്റ് ഓഫ് ഓർഡറിന് അവസരം തരണം. (......ബഹളം....)

<u>മി. സ്പീക്കർ</u>: സ്വന്തം നിലപാട് വിശദമാക്കാൻ പോയിന്റ് ഓഫ് ഓർഡർ ഉപയോഗിക്കാൻ കഴിയില്ല. (......ബഹളം....)

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഒരംഗത്തിന് പോയിന്റ് ഓഫ് ഓർഡറിന് അവകാശമുണ്ട്. (......ബഹളം....)

<u>മി. സ്പീക്കർ</u>: ഇതിന് പോയിന്റ് ഓഫ് ഓർഡർ ഉപയോഗിക്കാൻ കഴിയില്ല. കൃത്യമായി ചട്ടങ്ങളുണ്ട്. (......ബഹളം....) അടുത്ത നടപടിഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. (......ബഹളം....) അങ്ങയുടെ നിലപാട് വിശദീകരിക്കാൻ പോയിന്റ് ഓഫ് ഓർഡർ പറയുന്നത് ശരിയല്ല. (......ബഹളം....) ശ്രീ. പി. ടി. തോമസ്, ദയവായി ഇരിക്കൂ. (......ബഹളം....) ഈ സഭയിൽ എല്ലാവരും രാഷ്ട്രീയ ചർച്ച നടത്താറില്ലേ? രാഷ്ട്രീയമായ ആരോപണവും കുറ്റവും ഉന്നയിക്കാറില്ലേ? പ്ലീസ്.....പ്ലീസ്.... (......ബഹളം....)

<u>ശ്രീ. പി. ടി. തോമസ്</u>: സർ, മന്ത്രിയുടെ മറുപടിയിൽ അദ്ദേഹം രാഷ്ട്രീയമാണ് പറഞ്ഞത്. (......ബഹളം....)

<u>മി. സ്പീക്കർ</u>: ഡിമാന്റ് ചർച്ചയിൽ എല്ലാവരും ഡിമാന്റിന്റെ കാര്യങ്ങളാണോ പറഞ്ഞത്. (......ബഹളം....) ഇതൊന്നും ശരിയല്ല. എല്ലാവരും ഇരിക്കൂ. (......ബഹളം....) ശ്രീ. എ. എൻ. ഷംസീർ, ഇരിക്കൂ. (......ബഹളം....) ഡിമാന്റ് ചർച്ചയിൽ ഡിമാന്റിന്റെ കാര്യങ്ങളൊന്നുമല്ല എല്ലാവരും പറയുന്നത്. അത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നിങ്ങളെല്ലാവരും കിട്ടിയ അവസരത്തിൽ നന്നായി രാഷ്ട്രീയം പറയാറുണ്ട്. (......ബഹളം....) .......പ്ലീസ്... അടുത്ത നടപടി ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. (......ബഹളം....)

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡറിന് അവസരം തരണം. (......ബഹളം....)

മി. സ്പീക്കർ: ഇല്ല. ഒരു വിട്ടുവീഴ്ചയുമില്ല. (......ബഹളം....) ഒരു പ്രൊസീഡ്യുവറുമില്ല. (......ബഹളം....)

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഇല്ല. ദയവായി ഇരിക്കൂ. (......ബഹളം....) എന്ത് പോയിന്റാണ് അങ്ങേയ്ക്കുള്ളത്. എന്താണ് അങ്ങയുടെ പോയിന്റ്. (......ബഹളം....)

ശ്രീ. പി. ടി. തോമസ്: സർ, ചട്ടം 286 അനുസരിച്ചുള്ള പോയിന്റ് ഓഫ് ഓർഡറാണ്.

മി. സ്പീക്കർ: സഭയുടെ ക്രമവുമായി ബന്ധപ്പെട്ട കാര്യമാണോ അങ്ങേയ്ക്ക് പറയാനുള്ളത്? അങ്ങ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് എപ്പോഴും അങ്ങനെയല്ല. അതുകൊണ്ടാണ് ചോദിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ ഞാൻ എന്റെ പ്രസംഗത്തിൽ .....

മി. സ്പീക്കർ: അങ്ങയുടെ നിലപാട് വിശദീകരിക്കാൻ കഴിയില്ല. (......ബഹളം....)

ശ്രീ. പി. ടി. തോമസ്: സർ, നിലപാടല്ല. വളരെ പ്രധാനപ്പെട്ട കാര്യമാണ്. (......ബഹളം....)

മി. സ്പീക്കർ: ഇത് ശരിയല്ല. അങ്ങയുടെ പ്രസംഗം പറയാനുള്ള സമയമല്ല ഇത്. എല്ലാ സമയത്തും അങ്ങ് ഈ നിലപാടാണ് സ്വീകരിക്കുന്നത്. (......ബഹളം....) അങ്ങയുടെ പ്രസംഗത്തിന്റെ വിശദാംശത്തിനുള്ള ചട്ടം വായിക്കൂ. അങ്ങ് പാർലമെന്റേറിയൻ അല്ലേ? അങ്ങ് ചട്ടം വായിക്കൂ. (......ബഹളം....) അങ്ങയുടെ പ്രസംഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഇവിടെ പറയേണ്ടതില്ല. (......ബഹളം....) അതിൽ എന്ത് ക്രമപ്രശ്നമാണുള്ളത്. (......ബഹളം....) ദയവായി ഇരിക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ ഒരു മെമ്പറിന്റെ അവകാശമാണ്.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ അവകാശമാണ്. പക്ഷേ അത് ചട്ടത്തിനുള്ളിൽ നിന്നുകൊണ്ട് പറയണം. എന്താണ് അങ്ങേയ്ക്ക് പറയാനുള്ളത്. പോയിന്റ് ഓഫ് ഓർഡർ ആയിരിക്കണം.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, Donald Rayfield -ന്റെ 'Stalin and His Hangmen' എന്ന പുസ്തകത്തിൽ 50,000 ആളുകളെ ഞാൻ കൊന്നു എന്ന് വളരെ വ്യക്തമായി ലെനിൻ പറഞ്ഞിട്ടുണ്ട്. ഇത് നിങ്ങൾ വായിച്ചു പഠിക്കു.

<u>മി. സ്പീക്കർ:</u> ഇതാണോ പോയിന്റ് ഓഫ് ഓർഡർ? അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്? ശ്രീ. പി. ടി. തോമസ് പോയിന്റ് ഓഫ് ഓർഡറിന് അവസരം ചോദിച്ചാൽ എനിക്ക് തരാൻ പറ്റില്ല. അങ്ങ് ആറാമത്തെ തവണയാണ് ഇത് ആവർത്തിക്കുന്നത്. ദയവായി ഇരിക്കണം.

സർവ്വശ്രീ പി. ടി. തോമസ്, അനൂപ് ജേക്കബ്, എം. ഉമ്മർ, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, എൻ. ഷംസുദ്ദീൻ, അബ്ദുൽ ഹമീദ്. പി., വി. കെ. ഇബ്രാഹിം കുഞ്ഞ്, പി. ഉബൈദുള്ള, അനിൽ അക്കര, മഞ്ഞളാംകുഴി അലി, ടി. വി. ഇബ്രാഹിം, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ <u>ശുദ്ധജലവിതരണവും ശുചീകരണവും</u> എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

<u>ശുദ്ധജല</u> വിതരണവും <u>ശുചീകരണവും</u> എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u> :

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
70. ശ്രീ. കെ. സുരേഷ് കുറുപ്പ്
71. ശ്രീ. എം. സ്വരാജ്
72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
73. ശ്രീ. പി. തിലോത്തമൻ
74. ശ്രീ. തോമസ് ചാണ്ടി
75. ഡോ. ടി. എം. തോമസ് ഐസക്

76. ശ്രീമതി വീണാ ജോർജ്ജ്
77. ശ്രീ. കെ. വി. വിജയദാസ്
78. ശ്രീ. ഇ. കെ. വിജയൻ
79. ശ്രീ. പിണറായി വിജയൻ
80. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. കെ. സി. ജോസഫ്
13. ശ്രീ. കെ. എൻ. എ. ഖാദർ
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. മോൻസ് ജോസഫ്
16. ശ്രീ. കെ. മുരളീധരൻ
17. ഡോ. എം. കെ. മുനീർ
18. ശ്രീ. സി. മമ്മൂട്ടി

19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. സണ്ണി ജോസഫ്
26. ശ്രീ. പി. ടി. തോമസ്
27. ശ്രീ. പി. ഉബൈദുള്ള
28. ശ്രീ. എം. ഉമ്മർ
29. ശ്രീ. എം. വിൻസെന്റ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, അനൂപ് ജേക്കബ്, അടൂർ പ്രകാശ്, കെ. മുരളീധരൻ, അബ്ദുൽ ഹമീദ്. പി., തിരുവഞ്ചൂർ രാധാകൃഷ്ണൻ മോൻസ് ജോസഫ്, കെ. സി. ജോസഫ്, മഞ്ഞളാംകുഴി അലി, ടി. വി. ഇബ്രാഹിം, എം. ഉമ്മർ, വി. ടി. ബൽറാം, എൻ. ഷംസുദ്ദീൻ, എ. പി. അനിൽ കുമാർ, പി. ഉബൈദുള്ള, സി. മമ്മൂട്ടി, വി.കെ. ഇബ്രാഹിം കുഞ്ഞ്, പി. കെ ബഷീർ, റോജി എം. ജോൺ, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്

41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
70. ശ്രീ. കെ. സുരേഷ് കുറുപ്പ്
71. ശ്രീ. എം. സ്വരാജ്
72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
73. ശ്രീ. പി. തിലോത്തമൻ
74. ശ്രീ. തോമസ് ചാണ്ടി
75. ഡോ. ടി. എം. തോമസ് ഐസക്
76. ശ്രീമതി വീണാ ജോർജ്ജ്
77. ശ്രീ. കെ. വി. വിജയദാസ്
78. ശ്രീ. ഇ. കെ. വിജയൻ
79. ശ്രീ. പിണറായി വിജയൻ
80. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്

9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. കെ. സി. ജോസഫ്
13. ശ്രീ. കെ. എൻ. എ. ഖാദർ
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. മോൻസ് ജോസഫ്
16. ശ്രീ. കെ. മുരളീധരൻ
17. ഡോ. എം. കെ. മുനീർ
18. ശ്രീ. സി. മമ്മൂട്ടി
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. സണ്ണി ജോസഫ്
26. ശ്രീ. പി. ടി. തോമസ്
27. ശ്രീ. പി. ഉബൈദുള്ള
28. ശ്രീ. എം. ഉമ്മർ
29. ശ്രീ. എം. വിൻസെന്റ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, പി. ഉബൈദുള്ള, അബ്ദുൽ ഹമീദ്. പി., വി. കെ. ഇബ്രാഹിം കുഞ്ഞ്, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ

9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി

33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
70. ശ്രീ. കെ. സുരേഷ് കുറുപ്പ്
71. ശ്രീ. എം. സ്വരാജ്
72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
73. ശ്രീ. പി. തിലോത്തമൻ
74. ശ്രീ. തോമസ് ചാണ്ടി
75. ഡോ. ടി. എം. തോമസ് ഐസക്
76. ശ്രീമതി വീണാ ജോർജ്ജ്
77. ശ്രീ. കെ. വി. വിജയദാസ്
78. ശ്രീ. ഇ. കെ. വിജയൻ
79. ശ്രീ. പിണറായി വിജയൻ
80. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. കെ. സി. ജോസഫ്
13. ശ്രീ. കെ. എൻ. എ. ഖാദർ
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. മോൻസ് ജോസഫ്
16. ശ്രീ. കെ. മുരളീധരൻ
17. ഡോ. എം. കെ. മുനീർ
18. ശ്രീ. സി. മമ്മൂട്ടി
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. എൻ. ഷംസുദ്ദീൻ

25. ശ്രീ. സണ്ണി ജോസഫ്

26. ശ്രീ. പി. ടി. തോമസ്

27. ശ്രീ. പി. ഉബൈദുള്ള

28. ശ്രീ. എം. ഉമ്മർ

29. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.45-ന് പിരിഞ്ഞു.